FOUNDATIONS OF A FREE SOCIETY

EAMONN BUTLER

Foreword - Ali Salman

# ഒരു സ്വതന്ത്ര സമൂഹത്തിന്റെ
# അടിത്തറ

ഈമോൺ ബട്‌ലർ

അവതാരിക – അലി സൽമാൻ



ഒരു സ്വതന്ത്ര സമൂഹത്തിന്റെ അടിത്തറ

Foundations of Free Society

First published in Great Britain in 2013 by

**The Institute of Economic Affairs**
2 Lord North Street
Westminster
London sw1p 3lb
in association with Profile Books Ltd

The mission of the Institute of Economic Affairs is to improve public understanding of the fundamental institutions of a free society, with particular reference to the role of markets in solving economic and social problems.

Copyright © The Institute of Economic Affairs 2013

The moral right of the author has been asserted.
All rights reserved. Without limiting the rights under copyright reserved above, no part of this publication may be reproduced, stored or introduced into a retrieval system, or transmitted, in any form or by any means (electronic, mechanical, photocopying, recording or otherwise), without the prior written permission of both the copyright owner and the publisher of this book.

A CIP catalogue record for this book is available from the British Library.

ISBN 978 0 255 36687 8
eISBN 978 0 255 36691 5

Translated to Malayalam by Centre for Public Policy Research
'Anitha', 1st floor,S.A. Road, Elamkulam
Kochi, Kerala, India- 682 020
Ph : +91 484 6469117 / 4043895
cppr@cppr.in
www.cppr.in
Follow us:
www.facebook.com/cpprindia
www.twitter.com/CPPRIndia
www.linkedin.com/company/centre-for-public-policy-research
Download Mobile App at Google Play Store CPPR India

This book translation is made possible with the support grant from
Atlas Network,
Washington D C, USA

## ഉള്ളടക്കം

*ഗ്രന്ഥകാരൻ*
*അലി സൽമാന്റെ അവതാരിക*
*കൃതജ്ഞത*
*സംക്ഷേപം*

**1. ആമുഖം** **13**
ഈ പുസ്തകത്തിന്റെ ഉദ്ദേശ്യം
എന്താണീ പുസ്തകത്തിന്റെ ഘടന?

**2. സ്വാതന്ത്ര്യത്തിന്റെ ധാർമ്മികവും സാമ്പത്തികവും ആയ ഗുണഫലങ്ങൾ** **16**
ഒരു സ്വതന്ത്ര സമൂഹം 16
സ്വാതന്ത്ര്യത്തിനായുള്ള ധാർമ്മികവാദം 20
സ്വാതന്ത്ര്യത്തിനായുള്ള സാമ്പത്തികവാദം 28

**3. ഒരു സ്വതന്ത്ര സമൂഹത്തിന്റെ സ്ഥാപനങ്ങൾ** **40**
സ്റ്റേറ്റില്ലാത്ത സമൂഹം 40
സർക്കാർ എന്തുകൊണ്ട് നിയന്ത്രണവിധേയമായിരിക്കണം 43
സർക്കാരിനെ നിയന്ത്രിക്കാനുള്ള മാർഗ്ഗങ്ങൾ 56
നിയമ ക്രമീകരണം 62

**4. സമത്വവും അസമത്വവും** 67
ഒരു സ്വതന്ത്രസമൂഹത്തിലെ സമത്വം
വിവിധതരം സമത്വങ്ങൾ 68
അന്തരഫലങ്ങളിലെ സമത്വം 76
സമത്വവും നീതിയും 82
സമത്വവാദത്തിന്റെ കൂടുതൽ അപകടങ്ങൾ 87

| | | |
|---|---|---|
| **5.** | **സ്വതന്ത്ര സംരംഭവും വാണിജ്യവും** | **91** |
| | സ്വതന്ത്ര വിപണി സമ്പദ്‌വ്യവസ്ഥ | 91 |
| | എങ്ങനെ ധനികരാവാം | 95 |
| | വിപണി പ്രവർത്തിക്കുന്നതെങ്ങനെ | 101 |
| | അന്താരാഷ്ട്ര വ്യാപാരം | 107 |
| **6.** | **സ്വത്തും നീതിയും** | **111** |
| | സ്വകാര്യ സ്വത്ത് | 111 |
| | നിയമവാഴ്ച | 117 |
| | മനുഷ്യാവകാശം | 129 |
| **7.** | **ആത്മപ്രചോദിതമായ സമൂഹം** | **133** |
| | കല്പനകൾ ഇല്ലാതെയുള്ള ക്രമം | 133 |
| | സഹിഷ്ണുത | 137 |
| | നിസ്വാർത്ഥതാ സിദ്ധാന്തത്തിന്റെ പ്രശ്നങ്ങൾ | 149 |
| **8.** | **സ്വകാര്യവൽക്കരണവും ആഗോളവൽക്കരണവും** | **156** |
| | കുടിയേറ്റവും സാങ്കേതിക വിദ്യയും | 156 |
| | ഒരു സ്വതന്ത്രസമൂഹ സൃഷ്ടി | 157 |
| | സ്വത്തവകാശം പ്രവൃത്തിയിൽ | 159 |
| | സർക്കാർ ഇല്ലാത്ത മനുഷ്യസേവനങ്ങൾ | 169 |
| | ആഗോളവൽക്കരണവും വാണിജ്യവും | 177 |
| | സമാധാനത്തിന്റെ പ്രാധാന്യം | 182 |
| **9.** | **വാദഗതി ചുരുക്കത്തിൽ** | **184** |
| | സ്വാതന്ത്ര്യത്തിനായുള്ള വാദം | 184 |
| | നിയന്ത്രിത സർക്കാർ | 185 |
| | അസാമാന്യ സമത്വം | 185 |
| | ഒരു സ്വതന്ത്ര സമ്പദ്‌വ്യവസ്ഥ | 186 |
| | നീതിയും നിയമവാഴ്ചയും | 187 |
| | ആത്മപ്രചോദിതമായ സമൂഹം | 188 |
| | സ്വാതന്ത്ര്യത്തിന്റെ ലോകം | 188 |
| | *വിശേഷ ഗ്രന്ഥസൂചി* | |
| | **ഐ.ഇ.എ– യെ കുറിച്ച്** | |

# ഗ്രന്ഥകാരൻ

ഈമോൺ ബട്‌ലർ (Eamonn Butler) ആഡം സ്മിത്ത് ഇൻസ്റ്റിറ്റ്യൂട്ടി (Adam Smith Institute) ന്റെ ഡയറക്ടറും, പ്രസിദ്ധനായ നയരൂപീകരണ വിദഗ്ദ്ധനുമാണ്. അദ്ദേഹത്തിന് സാമ്പത്തിക ശാസ്ത്രം, തത്വശാസ്ത്രം, മനഃശാസ്ത്രം എന്നിവയിൽ ബിരുദവും, 1978 – ൽ യൂണിവേഴ്സിറ്റി ഓഫ് സെന്റ് ആൻഡ്രൂസിൽ (University of St.Andrews) നിന്ന് Phdയും ഉണ്ട്.

യു.കെ. (U.K) യിലേക്ക് മടങ്ങിവന്ന് Adam Smith Institute സ്ഥാപിക്കാൻ സഹായിക്കുന്ന തിന് മുമ്പ് എഴുപതുകളിൽ അദ്ദേഹം അമേരിക്കയിലെ ജനപ്രതിനിധിസഭയ്ക്ക് വേണ്ടി പ്രവർത്തിക്കുകയും മിഷിഗണിലെ ഹിൽസ് ഡേൽ കോളേജിൽ തത്വശാസ്ത്രം പഠിപ്പിക്കുകയും ചെയ്തിരുന്നു. 2012 – ൽ അദ്ദേഹത്തെ എഡിൻബറ ബിസിനസ്സ് സ്കൂൾ ഡിലിറ്റ് ബിരുദം നൽകി ആദരിച്ചു. ഇപ്പോൾ അദ്ദേഹം മൗണ്ട് പലേറിൽ സൊസൈറ്റി (Mount Pelerin Society) യുടെ സെക്രട്ടറിയായി പ്രവർത്തിച്ച് വരുന്നു. ഈമോൺ (Eemonn), മിൽട്ടൻ ഫ്രീഡ്മാൻ (Milton Frdeman), എഫ്.എ. ഹായക്ക് (F.A. Hayak), ലുഡ്‌വിഗ് വോൺ മിസസ് (Ludvig Von Mises) എന്നീ അഗ്രഗണ്യരായ സാമ്പത്തികശാസ്ത്രജ്ഞന്മാരെപറ്റിയുള്ള പുസ്തകങ്ങളുടെ ഗ്രന്ഥകർത്താവും ഓസ്ട്രിയൻ സ്കൂൾ ഓഫ് ഇക്കണോമിക്സിലെ പ്രധാന ഗ്രന്ഥകർത്താവുമാണ്. IEAയ്ക്ക് വേണ്ടി അദ്ദേഹം ആഡം സ്മിത്തിനെ പറ്റിയും, ലുഡ്‌വിഗ് വോൺ മിസസിനെ പറ്റിയും പൊതുതാൽപര്യത്തെ പറ്റിയും അടിസ്ഥാനഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്.

കൂലിയുടേയും വിലനിയന്ത്രണത്തിന്റെയും ചരിത്രം എന്ന പുസ്തകത്തിന്റെയും ബുദ്ധിമാന്ദ്യത്തെ കുറിച്ചുള്ള പുസ്തകങ്ങളുടെ ഒരു പരമ്പരയുടെ സഹഗ്രന്ഥകർത്താവാണ്. അദ്ദേഹത്തിന്റെ സമീപകാലത്തെ പ്രശസ്തമായ പുസ്തകങ്ങളായ The Best book on the market, The Rotten State of Britain, The Alternative Manifesto എന്നിവ വളരെയധികം ജനശ്രദ്ധ ആകർഷിച്ചവയാണ്. കൂടാതെ അദ്ദേഹം അച്ചടി പ്രക്ഷേപണ മാധ്യമങ്ങളിൽ നിറസാന്നിധ്യമാണ്.

# അവതാരിക

സാമ്പത്തിക രാഷ്ട്രീയ പ്രതിസന്ധികളാൽ പലപ്പോഴും സ്വാതന്ത്ര്യം ആക്രമിക്കപ്പെടാറുണ്ട്. ഭീകരമായ മാന്ദ്യത്തിനിടയിൽ എല്ലാ പ്രധാന സമ്പദ്ഘടനകളും തീരുവകൾ കൂട്ടി വാണിജ്യത്തെ പരിമിതപ്പെടുത്തി. അശ്രദ്ധ മായ ഈ പ്രവൃത്തി സാമ്പത്തിക ബുദ്ധിമുട്ടുകളെ കൂട്ടുകയും ഭൗമ രാഷ്ട്രീയ സംഘർഷങ്ങളെ വർദ്ധിപ്പിക്കുകയും ചെയ്തു. ഉൽപതിഷ്ണുക്കളായ സ്ഥിതി സമത്വവാദി ഭരണകൂടങ്ങളുടെ ആവിർഭാവം ഭൂമിയുടെ പകുതിയോളം വരുന്ന പ്രദേശങ്ങ ളിലും പൗര,രാഷ്ട്രീയ, സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ അടിച്ചമർത്തലിലേയ്ക്ക് നയിച്ചു.

സമീപകാലത്തായി, 9/11 ദുരന്തവും അമേരിക്കൻ പ്രതികരണവും അധിക സുരക്ഷയ്ക്കായി സ്വാതന്ത്ര്യത്തെബലികഴിക്കുന്ന തരത്തിലുള്ള നയങ്ങൾക്ക് തുടക്കംവച്ചു. അതുപോലെതന്നെ 2008-ൽ അമേരിക്കൻ മണ്ണിൽതന്നെ രൂപംകൊണ്ട ആഗോള സാമ്പത്തിക പ്രതിസന്ധിയെതുടർന്ന് വർദ്ധിതമായ നിയന്ത്രണങ്ങളും, ക്രമീകരണങ്ങളും സുരക്ഷാനടപടികളും വന്നു. സ്വതന്ത്ര കമ്പോളത്തിന്റെ ക്രിയാത്മക വിനാശം എന്ന സിദ്ധാന്തം ആശ്രയിക്കുന്നതിന് പകരം അറ്റ്ലാന്റിക്കിന്റെ ഇരുവശമുള്ള സർക്കാറുകൾ തകർന്നുകൊണ്ടിരി ക്കുന്ന വ്യവസായങ്ങളെ രക്ഷിക്കാൻ നികുതിദായകന്റെ സമ്പത്തിന്റെ വലിയൊരു പങ്കും ഉപയോഗിച്ചു.

സ്വാതന്ത്ര്യത്തിന് ഭീഷണികൾ പെരുകുന്നു. കാൽനൂറ്റാണ്ട് മുമ്പ്, സോവിയറ്റ് യൂണിയൻ ഗ്ലാസ്നോസ്റ്റ് സ്വീകരിച്ചതും ബർലിൻ മതിലിന്റെ വീഴ്ചയും ലോകം ആഘോഷിച്ചു. എന്നാൽ യൂറോപ്പിലെ പുത്തൻ ദേശീയതയുടേയും മധ്യപൂർവ്വ ദേശങ്ങളിലെ രാഷ്ട്രീയമായ ഉല്പതിഷ്ണുത്വത്തിന്റെ രൂപത്തിലും പുതിയ വെല്ലുവിളികൾ ഉയർന്നുവന്നിരിക്കുന്നു. ശ്രദ്ധിച്ചില്ലെങ്കിൽ രണ്ട് പ്രവണതകളും സ്വാതന്ത്ര്യത്തെ കുറയ്ക്കും. യൂറോപ്പിൽ താരതമ്യേന അധികം രാഷ്ട്രീയ സ്വാതന്ത്ര്യം - പ്രവർത്തനസജ്ജമായ ജനാധിപത്യം നിലനിൽക്കുന്നു - എങ്കിലും ദേശീയതയിലേക്കും, വംശീയ യാഥാസ്ഥിതികതത്വത്തിലേക്ക്പോലും ഉള്ള

തിരിച്ചുപോക്ക് സംഭവിക്കുന്നു. കമ്പോളവും ജനാധിപത്യവും നല്ല രീതിയിൽ ഇല്ലാത്ത മധ്യപൂർവ്വദേശങ്ങളിൽ മതപരമായ ഉല്പതിഷ്ണുത്വം അത്ഭുതകരമല്ല.

ഇത്തരം പ്രശ്നങ്ങൾ ഉണ്ടെങ്കിലും 21-ാം നൂറ്റാണ്ടിലെ വ്യക്തികൾ മുൻ നൂറ്റാണ്ടിലെ അവരുടെ പൂർവ്വികരേക്കാൾ പലതലങ്ങളിലും കൂടുതൽ സ്വതന്ത്രരാണ്. വിവരസാങ്കേതികവിദ്യയിലെ വിപ്ലവം എല്ലാതരത്തിലുള്ള അതിരുകളേയും കുറച്ചുകൊണ്ടുവന്നിരിക്കുന്നു. ഉദാഹരണത്തിന് ചൈനയിൽ പ്രധാനപ്പെട്ട എഴുത്തു കാരനും സാമൂഹ്യ വിമർശകനുമായ ലീ ചെങ്ങ് പെങ്ങിന്റെ (Li Cheng Peng) സിഹ വെയിബോ ബ്ലോഗ് (Siha Weibo blog) ന് ആറ് ദശലക്ഷം ആരാധകരുണ്ട്. കൂടാതെ അറബ് വസന്തം സമയത്ത് സാമൂഹ്യമാധ്യമങ്ങൾ വിശാലമായ രാഷ്ട്രീയ സാമൂഹ്യ പുരോഗതി കൈവരിക്കാൻ സഹായിച്ചു. വിവരം ശക്തിയാണെങ്കിൽ വിവരസാങ്കേതികവിദ്യ വ്യക്തിയെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഭൂമിശാസ്ത്രപരമായ അതിർത്തികൾ നിലനിൽക്കുന്നു ണ്ടെങ്കിലും അവ തീർത്തും അപ്രസക്തങ്ങളായികൊണ്ടിരിക്കുന്നു.

ഈ പശ്ചാത്തലത്തിൽ ഈമോൺ ബട്‌ലറുടെ ഏക വിഷയ പ്രബന്ധം തീർത്തും സമയോചിതമാണ്. സ്വാതന്ത്ര്യത്തെ പറ്റിയുള്ള നൂതന അടിസ്ഥാനഗ്രന്ഥങ്ങളുടെ കൂട്ടത്തിലേയ്ക്ക് സ്വതന്ത്രസമൂഹത്തിന്റെ അടിത്തറകൾ ഒരു സ്വാഗതാർഹമായ കൂട്ടിചേർക്കൽ ആണ്. സങ്കീർണ്ണവും വളരെ അധികം സ്വാധീന ശക്തിയുള്ള തുമായ ആശയങ്ങൾ ലളിതമായ ഭാഷയിലൂടെ അവതരിപ്പിക്കുന്നതിലാണ് ബട്‌ലറുടെ അപൂർവ്വമായ സിദ്ധി. അദ്ദേഹത്തിന്റെ ആശയങ്ങളെ ഉദാഹരിക്കു ന്നതും സൈദ്ധാന്തികമായ വാദമുഖങ്ങളെ പിന്തുണയ്ക്കുന്നതുമായ യഥാർത്ഥ ലോകത്തിലെ ഉദാഹരണങ്ങൾകൊണ്ട് തന്റെ വിമർശകരുടെയും എതിരാളിക ളുടെയും വാദങ്ങളെ അദ്ദേഹം വിജയകരമായി തളർത്തുന്നു.

ഈ Occasional Paper അതുകൊണ്ടുതന്നെ സ്വതന്ത്രസമൂഹത്തിന്റെ തത്വങ്ങളെ മനസ്സിലാക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ഒരു മികച്ച ആമുഖ പഠന മാണ്. ഇത് ഈ തത്വങ്ങൾ കേട്ടുകേൾവി പോലു മില്ലാത്ത രാജ്യങ്ങളിൽ സ്വാതന്ത്ര്യം പ്രോൽസാഹിപ്പിക്കാൻ ശ്രമിക്കുന്നവർക്കും, പാരമ്പര്യ സ്വാതന്ത്ര്യങ്ങൾ ഹനിക്കപ്പെടുന്ന രാജ്യങ്ങളിൽ സ്വാതന്ത്ര്യം സംരക്ഷിക്കുന്ന വർക്കുമാണ് പ്രത്യേകിച്ചും പ്രയോജനപ്പെടുക.

അലി സൽമാൻ
ഫൗർ ആന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ
പോളിസി റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാർക്കറ്റ് ഇക്കണോമി ഇസ്ലാമാബാദ്,
പാക്കിസ്ഥാൻ
സെപ്തംബർ 2013

എല്ലാം IEA യുടെ പ്രസിദ്ധീകരണങ്ങൾ ആണെങ്കിലും, ഈ ഏക വിഷയ പുസ്ത കത്തിൽ പറഞ്ഞിരിക്കുന്ന ആശയങ്ങൾ എഴുത്തുകാരന്റെ മാത്രമാണ്. ഇൻസ്റ്റി റ്റ്യൂട്ടിന്റെയോ (സംഘടിതമായ ആശയങ്ങളോ കാഴ്ചപ്പാടുകളോ ഇല്ലാത്ത) മാനേജിങ് ട്രസ്റ്റികളുടെയോ അക്കാഡമിക് അഡ്വൈസറി കൗൺസിൽ അംഗങ്ങളുടെയോ സീനിയർ സ്റ്റാഫുകളുടെയോ അല്ല. ലെക്ച്ചേഴ്സിന്റെ പ്രസിദ്ധീകരണങ്ങൾ പോലെയുള്ള ചിലതൊഴിച്ച്, എല്ലാ ഏക വിഷയ പുസ്ത കങ്ങളും, ഈ രംഗത്ത് പ്രഗത്ഭരായ സർവ്വകലാശാല അധ്യാപകരോ ഗവേഷക രോ, ചുരുങ്ങിയത് രണ്ടുപേർ സൂഷ്മമായി അവലോകനം ചെയ്യുന്നു.

## കൃതജ്ഞത

പ്രിൻസിപ്പിൾ ഓഫ് എ ഫ്രീ സൊസൈറ്റി എന്ന തന്റെ പുസ്തകത്തിൽ നിന്നും ധാരാളം ആശയങ്ങൾ പകർത്തുവാൻ എഴുത്തുകാരനെ അനുവദിച്ച നൈജൽ ആഷ്ഫോർഡിന് (Nigel Ashford) പ്രത്യേക നന്ദി. എച്ച്. ബി. ആക്ടന്റെ ദ് മോറൽസ് ഓഫ് മാർക്കറ്റ്സ് (H.B. Acton - The Morale of Markets), ജെ. എസ്. മില്ലിന്റെ (J.S. Mill) ഓൺ ലിബർട്ടി (On Liberty), മാഡ്സൻ പിരീസിന്റെ (Madson Pirie) ഫ്രീഡം 101 (Freedom 101), റിച്ചാർഡ് വെല്ലിംഗ്സിന്റെ (Richard Wellings) ഗൈഡ് റ്റു ലിബർട്ടി (A beginess guide to Liberty), ഏൺസ്റ്റ് ബെന്നിന്റെ (Earnest Benn) വൈ ഫ്രീഡം വർക്സ് (Why freedom works), ടോം പാമറിന്റെ (Tom Palmer) ദ് മൊറാലിറ്റി ഓഫ് കാപ്പിറ്റലിസം (The Morality of Capitalism) എന്നീ പുസ്തകങ്ങളും വളരെയധികം സഹായകമായിരുന്നു.

# സംക്ഷേപം

1. സ്വാതന്ത്ര്യം അഭിവൃദ്ധിയെ സൃഷ്ടിക്കുന്നു. അത് നൂതനാവിഷ്കാരം, നവീകരണം, മാനവപാടവം എന്നിവയെ സ്വതന്ത്രമാക്കി, മുമ്പില്ലാതിരുന്ന സമ്പത്തിനെ സൃഷ്ടിക്കുന്നു. സ്വാതന്ത്ര്യത്തെ സ്വീകരിച്ച സമൂഹങ്ങൾ ധനികരായി മാറി. അല്ലാത്തവർ ദരിദ്രരായും തുടർന്നു.

2. സ്വാതന്ത്ര്യം കുറവുള്ള രാജ്യങ്ങളിലെ പ്രമാണികൾ ചെയ്യുന്നപോലെ മറ്റുള്ളവരെ ചൂഷണം ചെയ്തല്ല സ്വതന്ത്രസമൂഹത്തിലെ ജനങ്ങൾ ധനികരാകുന്നത്. മറ്റുള്ളവരെ കൂടുതൽ ദരിദ്രരാക്കി അവർക്ക് കൂടുതൽ ധനികരാവാൻ കഴിയില്ല. മറ്റുള്ളവർക്ക് വേണ്ടതെല്ലാം നൽകിയും മറ്റുള്ള വരുടെ ജീവിതം മെച്ചപ്പെടുത്തിയും മാത്രമേ അവർക്ക് ധനികരാവാൻ കഴിയൂ.

3. ഒരു സ്വതന്ത്രസമൂഹത്തിലെ ദരിദ്രരാണ് സാമ്പത്തികമായ ചലനാത്മ കതയുടെ മുഖ്യ ഗുണഭോക്താക്കൾ. പരതന്ത്രസമൂഹങ്ങളേക്കാൾ സ്വതന്ത്രസമൂഹങ്ങ ളാണ് സാമ്പത്തികമായി കൂടുതൽ സമത്വമുള്ളത്. ഭൂരിഭാഗം സ്വതന്ത്രസമൂഹ ങ്ങളിലെ ദരിദ്രർ, കുറച്ച് കൊല്ലം മുമ്പുവരെ അവർക്ക് സ്വപ്നം കാണാൻ പോലും സാധിക്കാത്തതും, പരതന്ത്ര സമൂഹത്തിലെ ഭരണവർഗ്ഗപ്രമാണികൾക്ക് മാത്രം ലഭിച്ചിരുന്നതും ആയ ആർഭാടങ്ങൾ ആസ്വദിക്കുന്നു.

4. ആഗോളവാണിജ്യം സംരഭകർക്ക് പുതിയ കമ്പോളങ്ങൾ കൊടുക്കുന്ന തോടൊപ്പം കഴിഞ്ഞ ഇരുപത് വർഷത്തിനുള്ളിൽ നൂറ് കോടിയിലധികം ജനങ്ങളെ കടുത്ത ദാരിദ്ര്യത്തിൽനിന്ന് രക്ഷപ്പെടുത്തിയിട്ടുണ്ട്. സ്വാതന്ത്ര്യം മനുഷ്യചരിത്രത്തിൽ ഏറ്റവും ഹിതകരവും ഉല്പാദനക്ഷമവുമായ ശക്തികളിൽ ഒന്നാണ്.

5. സമ്പത്തും വരുമാനവും സമത്വവൽക്കരിക്കാനുള്ള സർക്കാരുകളുടെ ശ്രമങ്ങൾ വിപരീതഫലമുണ്ടാ ക്കുന്നവയാണ്. അവ കഠിനപ്രയത്നത്തി നും പരിശ്രമത്തിനും ഉള്ള പ്രചോദനങ്ങളെ നശിപ്പിക്കുകയും മുഴുവൻ സമൂഹത്തിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന മൂലധന നിർമ്മാണത്തെ

നിരുൽസാഹപ്പെടുത്തുകയും ചെയ്യുന്നു.

6. ഒരു സ്വതന്ത്രസമൂഹം ആത്മപ്രചോദിതമായ സമൂഹമാണ്. സമാധാനപര മായ സഹകരണം പ്രോത്സാഹിപ്പിക്കുന്ന നിയമങ്ങൾ പാലിച്ചുകൊണ്ടുള്ള വ്യക്തിഗത പ്രവർത്തനങ്ങളിലൂടെയാണ് അത് രൂപപ്പെട്ട് വരുന്നത്. രാഷ്ട്രീയ അധികാരികളാൽ അടിച്ചേല്പിക്കപ്പെട്ടവയല്ല.

7. സർക്കാരിന് വളരെ പരിമിതമായ പങ്കേ ഉള്ളൂ. ഒരു സ്വതന്ത്രസമൂഹത്തിന് നീതിയും ന്യായവും നിലനിർത്തുകയും ഉറപ്പാക്കുകയും ചെയ്യുന്നതുവഴി പൗരന്മാർക്ക് അപകടം വരുന്നത് തടയാനാണ് അത് നിലകൊള്ളുന്നത്. അത് ഭൗതികമായ സമത്വം അടിച്ചേല്പിക്കുന്നുമില്ല, ചില ആളുകൾ അഹിതകരമാകുന്നതും, നിന്ദ്യമായതും ആയി കരുതുന്നതിനാൽ പ്രവൃത്തികളെ നിരോധിക്കുന്നുമില്ല. നേതാക്കൾക്ക് അവരുടെ സ്വന്തം ഹിതത്തിനായി ജനങ്ങളെ കൊള്ളയടിക്കാനോ, സുഹൃത്തുക്കൾക്ക് അനർഹമായ സേവനങ്ങൾ കൊടുക്കാനോ, ശത്രുക്കൾക്കെതിരെ അവരുടെ അധികാരം ദുരുപയോഗിക്കാനോ കഴിയില്ല.

8. സ്വതന്ത്രസമൂഹത്തിലെ സർക്കാർ നിയമവ്യവസ്ഥയാൽ പരിമിതപ്പെട്ട താണ്. അവരുടെ നിയമങ്ങൾ എല്ലാവർക്കും ഒരുപോലെ ബാധകമാണ്. എല്ലാ കാര്യങ്ങളിലും കൃത്യമായ നിയമനടപടി വേണം. നീതിപൂർവ്വകമായ വിചാരണ യുണ്ടാവണം. വിചാരണയില്ലാതെ ദീർഘമായ തടവുണ്ടാകരുത്. കുറ്റം തെളി യുന്നവരെ കുറ്റം ആരോപിക്കപ്പെട്ടവരെ നിരപരാധിയായി പരിഗണിക്കണം. ഒരേ കുറ്റത്തിന് ഒന്നിലേറെ തവണ വിചാരണ ചെയ്ത് ബുദ്ധിമുട്ടിക്കരുത്.

9. മറ്റുള്ളവരുടെ ജീവിതരീതികളോടും ആശയങ്ങളോടും സഹിഷ്ണുത കാണിക്കുന്നതുവഴി സമൂഹ ത്തിന് നന്മ ഉണ്ടാവുന്നു. സത്യം പലപ്പോഴും പ്രകടമല്ല. അത് ആശയ സംവാദങ്ങളിലൂടെ ഉയർന്ന് വരുന്നു. നമുക്ക് സെൻസർമാർ തെറ്റായ ആശയങ്ങളെ മാത്രമേ ഒതുക്കുകയുള്ളു എന്ന് വിശ്വസിക്കാനാവില്ല. അവർ ചിലപ്പോൾ ഭാവിയിൽ സമൂഹത്തിന് വലിയ സംഭാവനകൾ നല്കാവുന്ന ആശയ ങ്ങളെയും പ്രവർത്തനരീതികളേയും ഒതുക്കിയെന്ന്വരാം.

10. വാർത്താവിനിമയ സാങ്കേതികവിദ്യ ഏകാധിപത്യ സർക്കാരുകൾക്ക് അവരുടെ പ്രവൃത്തികളെ ലോകത്തിൽനിന്ന് മൂടിവയ്ക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു. തൽഫലമായി കൂടുതൽ കൂടുതൽ രാജ്യങ്ങൾ വാണിജ്യവും സഞ്ചാരവും പ്രോൽസാഹിപ്പിക്കുകയും പുതിയ ആശയങ്ങൾ പ്രചരിക്കു കയും ചെയ്യുന്നു. കൂടുതൽ ജനങ്ങൾ സാമ്പത്തിക സാമൂഹ്യ സ്വാതന്ത്ര്യത്തിന്റെ മേന്മകൾ മനസ്സിലാക്കുകയും അത് അവകാശപ്പെടുകയും ചെയ്യുന്നു.

# 1. ആമുഖം

## ഈ പുസ്തകത്തിന്റെ ഉദ്ദേശ്യം

ഈ പുസ്തകം ഒരു സ്വതന്ത്രസമൂഹത്തെ നിർവചിക്കുന്ന അടിസ്ഥാന തത്വങ്ങളെപറ്റി സൂചിപ്പിക്കുന്നു. സ്വതന്ത്രരാണെന്ന് സ്വയം ചിന്തിക്കുന്ന രാജ്യങ്ങളിൽപോലും ശുദ്ധമായ വ്യക്തി, രാഷ്ട്രീയ സാമ്പത്തിക സ്വാതന്ത്ര്യം വളരെ അപൂർവ്വമായതിനാലാണ് ഇത് ആവശ്യമാകുന്നത്. തീർച്ചയായും വളരെ സ്വതന്ത്രമായ രാജ്യവും തീരെ സ്വതന്ത്രമല്ലാത്ത രാജ്യവും തമ്മിൽ വളരെ വ്യത്യാസമുണ്ടെങ്കിലും എല്ലാ രാജ്യങ്ങളിലും കൂടുതലോ കുറഞ്ഞതോ ആയ അളവിൽ ജനങ്ങളുടെ രാഷ്ട്രീയ സാമ്പത്തിക ജീവിതങ്ങൾ ഉദ്യോഗസ്ഥരാലോ രാഷ്ട്രീയക്കാരാലോ പരിമിതപ്പെടുത്തുകയോ നിയന്ത്രിക്കപ്പെടുകയോ ചെയ്യപ്പെടുന്നു. ഇത്തരം നിയന്ത്രണങ്ങളും പരിമിതികളും വളരെക്കാലമായി നിലവിലുള്ളതും നമ്മുടെ ദൈനംദിന ജീവിതത്തെ പരിമിതപ്പെടുത്തുകയും ചെയ്യുന്നതിനാൽ അത് നമ്മുടെ സംസ്കാരത്തിന്റെ ഒരു ഭാഗംതന്നെ ആയി തീർന്നു. ജനങ്ങൾ അവയെ ജീവിതത്തിന്റെ സ്വാഭാവികവും ഒഴിച്ചുകൂടാൻ പറ്റാത്തതുമായ ഒരു ഭാഗമായി കരുതുന്നു.

ഇതിന്റെ പരിണിതഫലമെന്തെന്നാൽ സ്വതന്ത്രസമൂഹത്തിൽ ജീവിക്കുന്നു എന്ന് വിശ്വസിക്കുന്ന ലോക ജനസംഖ്യയുടെ സിംഹഭാഗത്തിനും യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ അർത്ഥംപോലും ചിന്തിക്കാനാവുന്നില്ല- ഒരു സ്വതന്ത്രസമൂഹം എങ്ങനെയാണ്, എങ്ങനെ പ്രവർത്തിക്കുന്നു എന്ന് മനസ്സിലാക്കുന്നവർ അതിലും വിരളം.

എന്നിരുന്നാലും മിക്ക ജനങ്ങളും സ്വാതന്ത്ര്യം ആഗ്രഹിക്കുന്നു. അവർക്ക് എണ്ണമെത്താത്ത പെർമിറ്റുകൾ ലഭിക്കാതെതന്നെ വാണിജ്യത്തിൽ ഏർപ്പെടാൻ കഴിയണം. അവർക്ക് അവരുടെ വീടുകൾ, കൃഷിയിടങ്ങൾ, പണിശാലകൾ എന്നിവയുടെ കാലാവധി സുരക്ഷിതമാകണം, രാഷ്ട്രീയക്കാർ അവ

ദൂരെയെറിഞ്ഞ് നശിപ്പിക്കാതെ അവരുടെ കുടുംബങ്ങൾക്ക് എന്താണ് ഏറ്റവും നല്ലത് എന്ന് ഉദ്യോഗസ്ഥർ ആജ്ഞാപിക്കുന്നതിനേക്കാൾ അവർക്ക് തീരുമാനിക്കണം. അവരെ ശല്യം ചെയ്യാതിരിക്കാൻ പോലീസിനും, ഉദ്യോഗസ്ഥർക്കും കൈക്കൂലി കൊടുക്കാതെതന്നെ അവർക്ക് തങ്ങളുടെ ജീവിതവുമായി മുന്നോട്ട് പോകണം.

സാമൂഹ്യ സാമ്പത്തിക സ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ നിർവ്വചിക്കേണ്ടതിന്റെ ആവശ്യകത ഇതാണ്. സ്വാതന്ത്ര്യം എന്താണെന്നും അതെങ്ങനെ പ്രവർത്തിക്കുന്നു എന്നുമുള്ളതിന്റെ കൃത്യമായ വീക്ഷണത്തെ അടിസ്ഥാനമാക്കിയാണ് ജനങ്ങൾക്ക് ഒരു സ്വതന്ത്രസമൂഹത്തെ പടുത്തുയർത്താൻ സാധിക്കുന്നത്.

## ഈ പുസ്തകം എങ്ങനെ രൂപപ്പെട്ടിരിക്കുന്നു

**അദ്ധ്യായം 2.** ഒരു സ്വതന്ത്രസമൂഹത്തിന്റെ സാമ്പത്തികനേട്ടങ്ങൾ മാത്രമല്ല സ്വാതന്ത്ര്യത്തിന്റെ ധാർമ്മിക വാദവുംകൂടി വിശദീകരിക്കുന്നു. ഒരു സ്വതന്ത്രസമൂഹവും സ്വതന്ത്രസമ്പദ്ഘടനയും വളരെ ആഴത്തിലൂന്നിയ മൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്? (മറ്റുള്ള ധാർമ്മികവ്യവസ്ഥകളെ വെല്ലുവിളിക്കുന്നതിനു പകരം അവയെ പിന്തുണയ്ക്കുന്നതും, ശക്തിപ്പെടുത്തുന്നതും വർദ്ധിപ്പിക്കുന്നതുമായ മൂല്യങ്ങളെ) സ്വാതന്ത്ര്യം എല്ലാവർക്കുമുള്ളതാണ്.

**അദ്ധ്യായം 3.** ശക്തരായ ഭരണാധികാരികൾ എന്തെല്ലാം ചെയ്യണം എന്ന് പറയാതെതന്നെ ഒരു സ്വതന്ത്ര സമൂഹം എപ്രകാരം ജനങ്ങളുടെ ആവശ്യങ്ങളെ സുഗമമായി നിവർത്തിച്ചുകൊടുക്കുന്നു എന്ന് വിശദീകരിക്കുന്നു. നിശ്ചയമായും അത് എന്തുകൊണ്ട് സർക്കാറിന്റെ പങ്കും അധികാരങ്ങളും പരിമിതമാകണമെന്നും ഒരു സ്വതന്ത്രസമൂഹം എങ്ങനെ കാണപ്പെടുന്നു എന്നും എങ്ങനെ പ്രവർത്തിക്കും എന്നും വിശദീകരിക്കുന്നു.

**അദ്ധ്യായം 4.** സ്വാതന്ത്ര്യവും സമത്വവും തമ്മിലുള്ള വ്യക്തമായ സമ്മർദ്ദത്തെ ചർച്ച ചെയ്യുന്നു. കൂടുതൽ സ്വാതന്ത്ര്യം വാസ്തവത്തിൽ പ്രധാന കാര്യങ്ങളിലെല്ലാം കൂടുതൽ സമത്വം പ്രദാനം ചെയ്യുന്നു. എന്നാൽ പരിണിതഫലത്തിന്റെ സമത്വം സമൂഹത്തിന്മേൽ അടിച്ചേല്പിക്കാനുള്ള ശ്രമങ്ങൾ ദൂരവ്യാപകമായ നാശം ഉണ്ടാക്കുകയും സ്വാതന്ത്ര്യത്തിന്റെ തത്വങ്ങളെ അട്ടിമറിക്കുകയും ചെയ്യുന്നു.

**അദ്ധ്യായം 5.** കമ്പോളങ്ങൾ സ്റ്റേറ്റിന്റെ നിയന്ത്രണത്തിൽനിന്ന് മാറിയാൽ എങ്ങനെ അഭിവൃദ്ധി സൃഷ്ടിക്കുകയും പരത്തുകയും ചെയ്യുന്നു എന്ന്

വിശദീകരിക്കുന്നതിലൂടെ ഒരു സ്വതന്ത്രസമൂഹത്തിന്റെ സാമ്പത്തിക ചട്ടക്കൂട് പ്രതിപാദിക്കുന്നു. ഈ പ്രക്രിയ സുഗമമായി നടത്താൻ നമ്മൾ പാലിക്കേണ്ട നിയമങ്ങളെയും മാനവസഹകരണം പ്രോത്സാഹിപ്പിക്കുന്നതിൽ സ്വതന്ത്രവ്യാപാരത്തിന്റെ നിർണ്ണായകപങ്കിനെയും വിശദീകരിക്കുന്നു.

**അദ്ധ്യായം 6.** സ്വത്തിന്റേയും നീതിയുടേയും തത്ത്വങ്ങളെ പരിശോധിക്കുന്ന ഈ അദ്ധ്യായം ബലപ്രയോഗവും ചൂഷണവും ഏറ്റവും ലഘൂകരിക്കണമെങ്കിൽ ഒരു സ്വതന്ത്രസമൂഹത്തിലെ നിയമങ്ങൾ പൊതുവായി സാധാരണ ജനങ്ങളെപ്പോലെതന്നെ അധികാരസ്ഥാനത്തിരിക്കുന്നവർക്കും ഒരുപോലെ ബാധകമായിരിക്കണമെന്ന് വിശദീകരിക്കുന്നു. പ്രാഥമിക മാനുഷിക അവകാശങ്ങളെ ഒരു സ്വതന്ത്രസമൂഹം എങ്ങനെ ബഹുമാനിക്കുന്നു എന്നും വിശദീകരിക്കുന്നു.

**അദ്ധ്യായം 7.** അധികാരികളുടെ ആജ്ഞകളില്ലാതെ ഒരു സ്വതന്ത്രസമൂഹം എങ്ങനെ പ്രവർത്തിക്കുന്നു എന്ന് കൂടുതൽ വിശദീകരിക്കുന്നു. നന്നായി പ്രവർത്തിക്കുന്നതും എന്നാൽ സ്വതന്ത്രവും ആയ സമൂഹം സ്ഥാപിക്കാൻ ഉതകുന്ന ധാർമ്മികവും പെരുമാറ്റപരമായതും ആയ നിയമങ്ങളെപറ്റി പ്രതിപാദിക്കുന്നു. ഇത് സഹിഷ്ണുതയുടെ ആവശ്യകതയെ ഊന്നുകയും, നിസ്വാർത്ഥതയിൽ അധിഷ്ഠിതമായ സമൂഹത്തിന്റെ പ്രശ്നങ്ങളെ വിശദീകരിക്കുകയും ചെയ്യുന്നു.

**അദ്ധ്യായം 8.** ഒന്നുമില്ലാത്ത അവസ്ഥയിൽനിന്ന് എങ്ങനെ ഒരു സ്വതന്ത്രസമൂഹം കെട്ടിപ്പടുക്കാം എന്ന് പരിശോധിക്കുന്നു. ഇത് ദൈനംദിനജീവിതത്തിൽ മെച്ചപ്പെട്ട പ്രോൽസാഹനത്തിന്റെ പ്രാധാന്യത്തേയും, മുകളിൽനിന്ന് തീരുമാനങ്ങൾ അടിച്ചേല്പിക്കുന്നതിലെ മൂഢതയും കാണിക്കുന്നു. സർക്കാരില്ലാതെതന്നെ അത്യാവശ്യസേവനങ്ങൾപോലും പ്രദാനം ചെയ്യുന്നതെങ്ങനെ എന്ന് കാണിക്കുന്നു. കൂടാതെ ഇത് സ്വതന്ത്ര വ്യാപാരത്തിന്റേയും സമാധാനത്തിന്റേയും പ്രാധാന്യം ഊന്നിപ്പറയുന്നു.

# 2. സ്വാതന്ത്ര്യത്തിന്റെ ധാർമ്മിക സാമ്പത്തിക നന്മകൾ

## സ്വതന്ത്രസമൂഹം

### *സ്വാതന്ത്ര്യം കൊണ്ടർത്ഥമാക്കുന്നത് എന്ത്?*

സ്വാതന്ത്ര്യം എന്നത് തടവിലാക്കപ്പെടാത്തത്, അടിച്ചമർത്തപ്പെടാത്തത് എന്നതിനേക്കാൾ അർത്ഥവത്താണ്. ഇതുകൊണ്ട് അർത്ഥമാക്കുന്നത് അധികാരികൾ ഉൾപ്പെടെയുള്ള മറ്റുള്ളവർ അടിച്ചേല്പിക്കുന്ന ദുസ്സഹമായ നിങ്ങളുടെ ഇഷ്ടപ്രകാരം നിയന്ത്രണങ്ങളില്ലാതെ പ്രവർത്തിക്കാനും, സംസാരിക്കാനും, ചിന്തിക്കാനുമുള്ള അവകാശം ഉണ്ടാവുക എന്നാണ്. ഇത്, നിങ്ങളുടെ സ്വകാര്യ, കുടുംബ സാമൂഹ്യജീവിതത്തിൽ മാത്രമല്ല നിങ്ങളുടെ രാഷ്ട്രീയനിലപാടുകളിലും മറ്റുള്ളവരുമായുള്ള സാമ്പത്തിക ഇടപാടുകളിലും ബാധകമാണ്.

ഈ മൂല്യങ്ങളെ ഉയർത്തിപിടിക്കാൻ ശ്രമിക്കുന്നതാണ് ഒരു സ്വതന്ത്രസമൂഹം. ചരിത്രത്തിലും ഇന്നും സ്വാതന്ത്ര്യം സമ്പത്ത് ഉണ്ടാക്കുന്നതിലും അത് പൗരന്മാരുടെ ഇടയിൽ പടർത്തുന്നതിലും വളരെ വിജയകരമാണെന്ന് തെളിയിച്ചിട്ടുണ്ട്. മനുഷ്യവർഗ്ഗത്തിന്റെ ഏറ്റവും ക്രിയാത്മകവും സൃഷ്ടി പരവുമായ ശക്തികളിലൊന്നാണെന്ന് തെളിയിച്ചിട്ടുണ്ട്. ഇത് ലോക മെമ്പാടുമുള്ള ജനങ്ങളുടെ പ്രത്യേകിച്ച് ഏറ്റവും ദരിദ്രരായവരുടെ ജീവിതങ്ങളെ മെച്ചപ്പെടുത്തിയിട്ടുണ്ട്.

സ്വാതന്ത്ര്യംകൊണ്ട് അർത്ഥമാക്കുന്നത് നിങ്ങളുടെ ഹിതമനുസരിച്ച് പ്രവർത്തിക്കുന്നതിൽ നിന്ന് നിങ്ങളെ വഴിമുടക്കാൻ ഒരു തടസ്സവും നിയന്ത്രണ വും ഉണ്ടാകില്ല എന്നാണ്. അതായത് മറ്റുള്ളവരാൽ സമ്മർദ്ദം ചെലുത്തപ്പെട്ടോ, നിർദ്ദേശിക്കപ്പെട്ടോ, ഭീഷണിപ്പെടുത്തിയോ, ഭയന്നിട്ടോ, നിർബന്ധിക്കപ്പെട്ടോ, അടിച്ചേല്പിക്കപ്പെട്ടോ, കൈകടത്തപ്പെട്ടോ കൃത്രിമം കാണിക്കപ്പെട്ടോ അല്ല എന്ന്. ഇതിന്റെ അർത്ഥം ആക്രമിക്കപ്പെടാതെയും ചതിക്കപ്പെടാതെയും,

കവർച്ചപ്പെടാതെയും അപായപ്പെടുത്താതെയും നിങ്ങളുടെ ജീവിതം മുന്നോട്ട് നയിക്കാൻ സാധിക്കുക എന്നാണ്. ഇതെന്തുകൊണ്ടെന്നാൽ ഒരു സ്വതന്ത്രസമൂഹത്തിൽ സ്വാതന്ത്ര്യം എല്ലാവർക്കും ഒരുപോലെ ബാധകമാണ്. നമ്മിലാർക്കും മറ്റൊരാൾക്ക് അർഹമായ സ്വാതന്ത്ര്യം നിഷേധിക്കുന്ന വിധത്തിൽ അവരുടെ കാര്യങ്ങളിൽ കൈകടത്തുകയോ, അവരെ തടസ്സപ്പെടുത്തുകയോ, അപായപ്പെടുത്തുകയോ ചെയ്യാൻ അവകാശമില്ല.

സ്വാതന്ത്ര്യം മറ്റൊരാളെ അപായപ്പെടുത്താത്ത അവസ്ഥവരെയേ നിലനിൽക്കുന്നുള്ളൂ. നിങ്ങളുടെ മുഷ്ടി ചുഴറ്റാനുള്ള സ്വാതന്ത്ര്യം എന്റെ മൂക്ക് തുടങ്ങുന്നിടത്ത് അവസാനിക്കുന്നു. മറ്റൊരാളെ ഭീഷണി പ്പെടുത്തിപ്പെടുത്തു മ്പോഴോ, നിർബന്ധിക്കുമ്പോഴോ കവർച്ചചെയ്യുമ്പോഴോ, കൊലപ്പെടുത്തു മ്പോഴോ നിങ്ങൾ സ്വാതന്ത്ര്യം വിനിയോഗിക്കുകയല്ല ചെയ്യുന്നത് മറിച്ച് പീഡിപ്പിക്കപ്പെടാതിരിക്കാനുള്ള അവരുടെ സ്വാതന്ത്ര്യത്തെ ഹനിക്കുകയാണ്. ഇത് അപകടരഹിത തത്വം എന്ന് അറിയപ്പെടുന്നു. മറ്റുള്ളവർക്ക് അപകടം വരുത്തുന്നില്ല എങ്കിൽ നിങ്ങൾക്ക് വേണ്ടതെല്ലാം നിങ്ങൾക്ക് ചെയ്യാം.

അതുപോലെതന്നെ ഒരാളുടെ ആക്രമണത്തെ പ്രതിരോധിക്കുന്നതുവഴി നിങ്ങൾ അവരുടെ സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്നില്ല. സ്വാതന്ത്ര്യവും അപകടരഹിത തത്വവും നിങ്ങളെയോ നിങ്ങൾക്ക് വേണ്ടപ്പെട്ടവരെയോ അപായപ്പെടുത്തു ന്നതിൽ നിന്ന് മറ്റുള്ളവരെ തടയാൻ നിങ്ങൾക്ക് കഴിയുന്നു. മറ്റുള്ള പൗരന്മാരെ സംരക്ഷിക്കുക എന്നത് പോലീസിന്റേയും മറ്റു നിയമപാലകരുടേയും കർത്തവ്യം ആയി പലപ്പോഴും കണക്കാക്കുന്നു. എങ്കിലും അപരിചിതരുൾ പ്പെടെ ആരെയെങ്കിലും അപായപ്പെടുത്തുന്നത് തടയാൻ നിങ്ങൾ നടത്തുന്ന ഇടപെടലുകൾ നീതീകരിക്കാവുന്നതാണ്.

എങ്ങനെയായാലും അപകടരഹിതതത്വം മറ്റുള്ളവർക്ക് സംഭവിക്കുന്ന അപകടത്തിന് മാത്രമേ ബാധകമാവുള്ളൂ. നിങ്ങളുടെ ശരീരത്തെയും സ്വത്തിനെയും എന്തും ചെയ്യുവാൻ നിങ്ങൾക്ക് അനുവാദമുണ്ട്. എന്നാൽ ഈ പ്രക്രിയയിൽ നിങ്ങൾ മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ലംഘിക്കരുത്. ഉദാഹരണത്തിന് മറ്റാരേയും അപായപ്പെടുത്താത്തവിധത്തിൽ നിങ്ങൾക്ക് നിങ്ങളുടെ സ്വത്ത് മുഴുവൻ ദാനം ചെയ്യാം, അപകടകരമായ കാര്യങ്ങൾ ചെയ്ത് നിങ്ങൾക്ക് അപായസാധ്യത ഉണ്ടാകാം, നിങ്ങളുടെ ശരീരത്തെ മുറിപ്പെടുത്താം. മറ്റുള്ളവർ നിങ്ങളെ ഈ സ്വയം അപകടപ്പെടുത്തുന്നതിൽനിന്ന് പിന്തിരിപ്പി ക്കാൻ ശ്രമിക്കുമെങ്കിലും അതാണ് നിങ്ങളുടെ മനപൂർവ്വമായ ഇഷ്ടമെങ്കിൽ അവർക്ക് നിങ്ങളെ ശാരീരികമായി തടയാൻ കഴിയില്ല.

### *സ്വാതന്ത്ര്യവും സർക്കാരിന്റെ പങ്കും*

മറ്റുള്ളവരുടെ നന്മക്ക് വേണ്ടിയാണെങ്കിൽപോലും മറ്റുള്ളവരുടെ കാര്യങ്ങളിൽ ഇടപെടാനുള്ള സ്വാതന്ത്ര്യം ഇല്ല എന്നത് വളരെ കഠിനമായി തോന്നാം. പക്ഷെ നമ്മിലാർക്കും മറ്റുള്ളവരുടെ നന്മ എന്തിലാണ് എന്ന് വ്യക്തമായി അറിയാൻ സാധിക്കില്ല. ഓരോ വ്യക്തിയും സ്വയം ആണ് അവരുടെ നന്മയുടെ വിധികർത്താവ്. മറ്റാരേക്കാളും അവർക്ക് അവരുടെ മൂല്യങ്ങൾ, സാഹചര്യങ്ങൾ, ആവശ്യങ്ങൾ, ഭയങ്ങൾ, പ്രതീക്ഷകൾ, ലക്ഷ്യങ്ങൾ, അഭിലാഷങ്ങൾ എന്നിവയെ പറ്റി കൂടുതൽ വ്യക്തമായ ധാരണ ഉണ്ടായിരിക്കും. അവരാണ് അവരുടെ പ്രവൃത്തികളുടേയും ലക്ഷ്യങ്ങളുടേയും ഏറ്റവും നല്ല വിധികർത്താക്കൾ.

മറ്റുള്ളവരെപറ്റി വിധി കല്പിക്കുന്നതിൽ പുറമേ നിന്നുള്ളവർ പക്ഷപാത മനോഭാവമുള്ളവരാകാം. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തിൽ കൈകടത്താൻ ജനങ്ങളെ നമ്മൾ അനുവദിച്ചാൽ അവർ ബോധപൂർവ്വമായോ അബോധപൂർവ്വമായോ മറ്റുള്ളവരുടെതിനേക്കാൾ സ്വന്തം നന്മക്കുതകുംവിധം പ്രവർത്തിക്കാം. ഇതു കൊണ്ടാണ് മറ്റുള്ളവരെ നിയന്ത്രിക്കുന്ന കർത്തവ്യം പോലീസിനും നീതിന്യായവ്യവസ്ഥയ്ക്കും നല്കിയിരിക്കുന്നത്. അവർ - ഒരു സ്വതന്ത്ര സമൂഹത്തിലെങ്കിലും - കൂടുതൽ നിഷ്പക്ഷമതികളായിരിക്കും.

നമ്മൾ ആരായിരുന്നാലും നമ്മൾ സ്വതന്ത്രരായിരിക്കുമ്പോൾ ആണ് നമ്മുടെ വ്യക്തിഗതലക്ഷ്യങ്ങൾ ഏറ്റവും ഭംഗിയായി നിർവ്വഹിക്കപ്പെടുന്നത്. മറ്റുള്ളവരുടെ കടന്നുകയറ്റത്തിൽനിന്ന് നമ്മുടെ സ്വാതന്ത്ര്യത്തെ സംരക്ഷിക്കുകയും സംരക്ഷണം ഇല്ലാത്ത രംഗത്തേക്ക് അത് വ്യാപിപ്പിക്കുകയും, പൂർണ്ണമല്ലാത്ത രംഗത്ത് അത് പൂർത്തീകരിക്കുകയുമാണ് സർക്കാരിന്റെ പങ്ക്. ജനങ്ങൾ ഒരു സർക്കാരോ, അവർക്ക് മേലുള്ള ഒരു അധികാരത്തേയോ സൃഷ്ടിക്കാനായി ഒന്നിക്കുമ്പോൾ അവരുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്താനല്ല മറിച്ച് അതിനെ സംരക്ഷിക്കാനും വ്യാപിപ്പിക്കാനുമാണ് അവരുടെ ഉദ്ദേശ്യം.

വളരെ സാധാരണമായി സർക്കാരുകൾ ഇപ്രകാരം അല്ല സൃഷ്ടിക്കപ്പെടുന്നത് എങ്കിലും അധികാരം മറ്റുള്ളവർക്ക് വ്യാപിപ്പിക്കാതെ സ്വന്തം നേട്ടങ്ങൾക്കായി ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന ഒരുകൂട്ടം ജനങ്ങളാൽ പൊതുജനത്തിന്മേൽ അവർ അടിച്ചേല്പിക്കപ്പെടുകയാണ്. ഇത്തരം കടന്നാക്രമണം മിക്കവാറും ന്യൂനപക്ഷത്തെ ചൂഷണം ചെയ്ത് നേട്ടമുണ്ടാക്കുന്ന ഭൂരിപക്ഷത്തിന്റെ പൂർണ്ണസമ്മതത്തോടെയാണ് നടക്കുന്നത്. എന്നാൽ സ്വാതന്ത്ര്യം എണ്ണത്തെ അടിസ്ഥാനപ്പെടുത്തിയല്ല. അത് മുഴുവൻ ജനതയ്ക്കും ഒരുപോലെ ബാധകമാകുമ്പോൾ മാത്രമേ അർത്ഥവത്താകുന്നുള്ളു.

പൊതുതാൽപര്യം ഉള്ളിൽ ഉള്ള സർക്കാരുകൾപോലും, അപായരഹിത തത്വത്തെ മനസ്സിലാക്കാത്തതിനാലോ, അവരുടെ ഇടപെടലുകൾ ഉണ്ടാക്കുന്ന അപകടത്തെ കാണാഞ്ഞിട്ടോ സ്വാതന്ത്ര്യത്തെ കുറയ്ക്കുന്നു. ഉദാഹരണത്തിന് സർക്കാർ നിയന്ത്രണം, പൊതുജനവിരോധം സൃഷ്ടിക്കും എന്ന പേരിൽ ചില ചിന്തകളോ, വാക്കുകളോ ചിത്രങ്ങളോ സംസാരിക്കുന്നതിൽനിന്നോ പ്രക്ഷേപണം ചെയ്യുന്നതിൽനിന്നോ വിലക്കാം. എന്നാൽ ഈ പ്രവൃത്തിയിലൂടെ അവർ പ്രഗൽഭമതികളായ എഴുത്തുകാരേയും, കലാകാരന്മാരേയും ചലച്ചിത്രകാരന്മാരേയും, പത്രപ്രവർത്തകരേയും മറ്റും അവരുടെ ചിന്തിക്കാനും, പ്രകടിപ്പിക്കാനുമുള്ള സ്വാതന്ത്ര്യത്തെ നിയന്ത്രിക്കുക വഴിയും അവരുടെ ഔദ്യോഗികജീവിതം തകിടം മറിക്കുക വഴിയും അവരുടെ അധ്വാനത്തിന്റെയും ബുദ്ധിശക്തിയുടേയും സൃഷ്ടിപരതയുടേയും നേട്ടങ്ങൾ നിഷേധിക്കുക വഴിയും അപായപ്പെടുത്തുന്നു. കൂടാതെ ഒരിക്കൽ സ്റ്റേറ്റിന്റെ നിയന്ത്രണം അംഗീകരിക്കപ്പെട്ടുകഴിഞ്ഞാൽ സർക്കാരിനെതിരെയുള്ള എല്ലാ വിമർശനങ്ങളെയും നിരോധിക്കുന്നതിലേക്കും, അവർ ഭീഷണിയായി കരുതുന്ന ഏതൊരു ചിന്തയെയും അടിച്ചമർത്തുന്നതിലേക്ക് അത് വ്യാപിപ്പിക്കാൻ അധികാരവർഗ്ഗത്തിന് വളരെ എളുപ്പമാകുന്നു.

സാധാരണമായ ഒരു കളവ് നികുതിദായകരെ സ്വന്തം സ്വത്ത് അനുഭവിക്കുന്നതിൽനിന്ന് വിലക്കുന്നതു പോലെതന്നെയാണ് സർക്കാർ ചുമത്തുന്ന കരവും എന്നത് അവഗണിച്ച് ഗുണകാംക്ഷിയായ സർക്കാർ വരുമാനം സന്തുലിതമാക്കാനായി കരം ചുമത്താം. സാധാരണ കളവ് പോലെ ഇത്തരം പിടിച്ചെടുക്കലിന്റെ ഭീഷണി ജനങ്ങളെ സമ്പാദിക്കുന്നതിൽനിന്നും നിക്ഷേപിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുകയും അത് മുഴുവൻ ജനതയുടേയും അഭിവൃദ്ധിയ്ക്കും, സുരക്ഷയ്ക്കും വിനാശകരമാണ്.

അത്തരം സർക്കാരുകൾ പൊതുതാൽപര്യത്തിനായാണ് പ്രവർത്തിക്കുന്നത് എന്ന് വാദിക്കുമായിരിക്കാം എന്നാൽ പൊതുതാൽപര്യം എന്താണെന്ന് ആര് തീരുമാനിക്കും? വ്യത്യസ്ത ജനങ്ങൾക്ക് വ്യത്യസ്തവും പരസ്പരം മൽസരിക്കുന്നതുമായ താൽപര്യങ്ങൾ ഉണ്ട്. അത്തരം മൽസരിക്കുന്ന താൽപര്യങ്ങളെ സന്തുലിതമാക്കുക എന്നത് അസാധ്യമായ കാര്യമാണ്. എന്നാൽ ഔദ്യോഗിക അധികാരങ്ങൾ ഉപയോഗിച്ച് വിദൂരസ്ഥരായ അധികാരികൾ അവർക്ക്വേണ്ടി ചെയ്യുന്നതിനേക്കാൾ സ്വന്തം താല്പര്യങ്ങൾ അറിയുവാനും അതിനായി പ്രവർത്തിക്കാനും കൂടുതൽ കെല്പുള്ളവർ വ്യക്തികളാണ്.

ബലപ്രയോഗം ഒരു വിപത്താണ്. അക്രമികളെ നിയന്ത്രിക്കുക എന്നത് പോലുള്ള

ബലപ്രയോഗം ആവശ്യമായ വിപത്താണെങ്കിൽപോലും നാം ബലപ്രയോഗം ഏറ്റവും കുറയ്ക്കാൻ ശ്രമിക്കണം. സ്വാതന്ത്ര്യ ത്തിന്റെ വക്താക്കളായ പലരും എല്ലാ മനുഷ്യർക്കും ജീവിക്കാനുള്ള, സ്വത്ത് കൈവശം വയ്ക്കാനുള്ള എന്നിവപോലുള്ള സ്വാഭാവിക സ്വാതന്ത്ര്യം ഉണ്ടെന്ന് വാദിക്കുന്നു. ഇവ സർക്കാരിന്റെ നമ്മുടെ മേലുള്ള അധികാരത്തിന് പരിധികൾ നിശ്ചയിക്കുന്നു. നാം മറ്റൊരാളെ നമ്മെ കവർച്ച ചെയ്യാനോ നിയന്ത്രിക്കാനോ സമ്മതിക്കാറില്ല, പിന്നെന്തിന് സർക്കാരിനെ അത് ചെയ്യാൻ സമ്മതിക്കണം?

മനുഷ്യചരിത്രത്തിന്റെ ഭൂരിഭാഗത്തിലും ജനങ്ങൾ സ്വതന്ത്രരായിട്ടില്ല. സർക്കാരുകൾ വ്യക്തികളുടെ സ്വമേധയാ ഉള്ള തീരുമാനത്തിന്റെ ഫലമായി ഉണ്ടാക്കിയതല്ല മറിച്ച് ബലം പ്രയോഗിക്കാൻ തയ്യാറുള്ളവരാൽ അടിച്ചേല്പിക്കപ്പെട്ടതാണ്. എന്നാൽ ഏതെങ്കിലും അധികാരത്തിനാൽ മനപ്പൂർവ്വം നിർദ്ദേശിക്കപ്പെട്ട ജീവിതം നയിക്കുന്ന ഒരു വ്യക്തിയും ഒരു പൂർണ്ണവ്യക്തിയല്ല. ജനങ്ങൾ സ്വന്തം ഇഷ്ടപ്രകാരം തിരഞ്ഞെടുപ്പ് നടത്തുമ്പോഴേ അവർ ധാർമ്മകമായി പൂർണ്ണമാവുന്നുള്ളൂ. അവർക്ക് വേണ്ടി മറ്റുള്ളവരാണ് തെരഞ്ഞെടു ക്കുന്നതെങ്കിൽ അവർക്ക് ധാർമ്മികമൂല്യം തീരെ കുറവാണ്. അപ്പോൾ അവർ പൂർണ്ണമനുഷ്യനല്ല മറിച്ച് തീരെ നിസ്സാരനാണ്.

## സ്വാതന്ത്ര്യത്തിനായുള്ള ധാർമ്മികവാദം

സ്വന്തം കുടുംബത്തിനും, വേണ്ടപ്പെട്ടവർക്കും, തനിക്കും വേണ്ടി സ്വന്തം കഴിവുകളും പ്രാഗൽഭ്യവും അവർക്ക് ശരി എന്ന് തോന്നുന്നവിധത്തിൽ ഉപയോഗിക്കുന്നതുവഴി പൂർണ്ണമനുഷ്യരാവാൻ ജനങ്ങളെ സ്വാതന്ത്ര്യം പ്രാപ്തരാക്കുന്നു. ഒരു സ്വതന്ത്രസമൂഹമെന്ന് ഒറ്റപ്പെട്ട, സ്വാർത്ഥരായ ഒരുകൂട്ടം വ്യക്തികളല്ല മറിച്ച് പൂർണ്ണസാമൂഹ്യമനുഷ്യരുടെ ഒരു കൂട്ടായ്മയാണ്. മനുഷ്യവർഗ്ഗത്തെ മുഴുവനായും സഹായിക്കാനുള്ള ഇതിന്റെ കഴിവ് സ്വതന്ത്രസമൂഹത്തിന്റെ ധാർമ്മികവശം അടിയുറപ്പിക്കുന്നു.

## സ്വാതന്ത്ര്യത്തിന്റെ ആദ്ധ്യാത്മികവും സാംസ്കാരികവും ആയ വേരുകൾ

നോബേൽ ജേതാവായ സാമ്പത്തികവിദഗ്ദ്ധൻ അമർത്യ സെൻ (Amertya Sen) പറഞ്ഞതുപോലെ സ്വാതന്ത്ര്യം ഒരു വിശ്വവിശാലമായ ആശയമാണ് [1]. അതിന് ഏഷ്യ മുതൽ പടിഞ്ഞാറ് വരെയും ഇസ്ലാം മുതൽ ബുദ്ധമതം വരെയും എല്ലാ സംസ്കാരത്തിലും മതത്തിലും ശക്തമായ വേരുകൾ ഉണ്ട്. ഇന്ത്യയിലെ അശോക ചക്രവർത്തി ഇരുപതിൽപരം നൂറ്റാണ്ടുകൾക്കുമുമ്പ് സ്വാതന്ത്ര്യത്തിനും രാഷ്ട്രീയ സഹിഷ്ണുതയ്ക്കും വേണ്ടി ആഹ്വാനം ചെയ്തു. യൂറോപ്പിലെ

മത വിമതരെ മതദ്രോഹ വിചാരണ വേട്ടയാടുമ്പോഴും പതിനാറാം നൂറ്റാണ്ടിലെ മുഗൾചക്രവർത്തിയായ അക്ബർ സഹിഷ്ണുതയെപറ്റി മഹത്തായ അനുമാനങ്ങൾ നടത്തിയിരുന്നു. ഇസ്ലാം മതം അതിന്റെ ഏറ്റവും പഴയ ഉൽപത്തി മുതൽ തന്നെ സാമ്പത്തികസ്വാതന്ത്ര്യത്തിനും സംരംഭത്തിനും അനുകൂലമായിരുന്നു. അവ പടിഞ്ഞാറൻ രാജ്യങ്ങളിൽ പ്രചാരം നേടുന്നതിന് മുമ്പുതന്നെ പലപ്പോഴും ടർക്കിഷ് ചക്രവർത്തിമാർ യൂറോപ്യൻ ഏകാധിപതികളേക്കാൾ സഹിഷ്ണുതയുള്ളവരായിരുന്നു.

സ്വാതന്ത്ര്യം മറ്റൊരർത്ഥത്തിൽ ലോകത്തിലെ എല്ലാ മതങ്ങളും മഹനീയ സംസ്കാരങ്ങളുമായും യോജിപ്പുള്ളതാണ്. അത് പ്രത്യേകിച്ച് ഒരു പടിഞ്ഞാറൻ ആശയമോ, ഭൗതികമായതോ, ശക്തമായ സാമൂഹ്യമൂല്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു സമൂഹത്തിനെതിരായതോ അല്ല. പൊതുവായ മാനദണ്ഡങ്ങളെയും - അക്രമത്തെയും ചതിയേയും ചൂഷണത്തേയും അധികാര ദുർവിനിയോഗത്തേയും നിരോധിക്കുന്ന നിയമങ്ങളേയും - ജനങ്ങൾക്ക് പരസ്പരം സഹകരിക്കാനും സഹവർത്തിക്കാനും സാധിക്കുന്ന ഒരു പൊരുത്ത മുള്ള സാമൂഹ്യക്രമത്തെ സൃഷ്ടിക്കാൻ സഹായിക്കുന്ന നിയമങ്ങളേയും സ്വമേധയാ അംഗീകരിക്കാത്ത ജനങ്ങളെ ഒരു സ്വതന്ത്രസമൂഹം തീർച്ചയായും ആശ്രയിക്കുന്നു. ഈ വിശാലമായ ചട്ടക്കൂടിൽ സ്വാതന്ത്ര്യം ജനങ്ങളെ സ്വന്തം മൂല്യങ്ങളെ നിശ്ചയിക്കാനും സ്വന്തം സംസ്ക്കാരത്തെ നിലനിർത്താനും, സ്വന്തം മതാചാരങ്ങൾ അനുഷ്ഠിക്കാനും അനുവദിക്കുന്നു. ഒരു അധികാരത്തിന്റെ ചിട്ടകളും, മൂല്യങ്ങളും, സംസ്ക്കാരവും അംഗീകരിക്കാൻ അവർ നിർബന്ധിതരല്ല.

## വിശ്വാസത്തിന്റെയും സഹകരണത്തിന്റെയും സംസ്ക്കാരം

ഒരു സ്വതന്ത്രസമൂഹം പ്രവർത്തിക്കുന്നത് കരുത്തിന്റെയും അധികാര ത്തിന്റെയും അടിസ്ഥാനത്തിലല്ല മറിച്ച് വിശ്വാസത്തിന്റെയും സഹകരണത്തിന്റെയും അടിസ്ഥാനത്തിലാണ്. ഒരു സ്വതന്ത്രസമൂഹത്തിൽ സമ്പത്ത് വരുന്നത് സ്വമേധയാ ഉള്ള കൈമാറ്റത്തിലൂടെയാണ്. ജനങ്ങൾ ഉപകാരപ്രദമായ വസ്തുക്കൾ ഉല്പാദിപ്പിച്ച് അത് മറ്റുള്ളവരുമായി വിപണനം ചെയ്യുന്നതിലൂടെ യാണ്. തങ്ങൾക്കോ, കുടുംബത്തിനോ, ചങ്ങാതികൾക്കോ, നേട്ടങ്ങളും കുത്ത കാവകാശവും നേടുന്നതിനോ, കരം ഈടാക്കുന്നതിനോ അക്രമികാരികളായ

1. അമർത്യ സെൻ യൂണിവേഴ്സൽ ട്രൂത്ത്; ഹ്യൂമെൻ റൈറ്റ്സ് ആന്റ് വെസ്റ്റേണൈസിങ് ഇല്ല്യൂഷൻ ഹാർവാർഡ് ഇന്റർനാഷണൽ റിവ്യു; 20(3), 1998, പിപി 40 - 43

1 Amartya Sen, Universal truths: human rights and the Westernizing illusion, Harvard International Review, 20(3), 1998, pp. 40 43.

പ്രമാണികൾ ഉപയോഗിക്കുന്ന പിടിച്ചുപറി തന്ത്രത്തിലൂടെയല്ല അത് വരുന്നത്. ഇപ്രകാരമാവാം മനുഷ്യചരിത്രത്തിലുടനീളം മിക്ക രാജ്യങ്ങളിലും ഭൂരിഭാഗം സമ്പത്തും കെട്ടിപ്പടുത്തിട്ടുണ്ടാവുക. ചൂഷണത്തിലൂടെയും ബലപ്രയോഗത്തിലൂടെയും മറിച്ച് ഒരു സ്വതന്ത്രസമൂഹം സ്വമേധയാ ഉള്ള സഹകരണത്തേയും കൈമാറ്റത്തേയും ആശ്രയിക്കുന്നു.

സന്നദ്ധ സഹകരണവും കൈമാറ്റവും സഫലമാകാൻ വിശ്വാസം കൂടിയേ തീരൂ. ആരും ആർത്തി മൂത്ത ചതിയന്മാരെന്ന് വിചാരിക്കുന്നവരുമായി വ്യാപാരം ചെയ്യില്ല- അവർക്ക് വേറെ ഉപാധിയില്ലെങ്കിലല്ലാതെ, നിർബന്ധിതരാകാതെ (ഉദാഹരണത്തിന് സർക്കാരും കൂട്ടരും ഉല്പാദനം നിയന്ത്രിക്കുമ്പോൾ). ഒരു സ്വതന്ത്ര സമൂഹത്തിൽ ജനങ്ങൾക്ക് അവരുടെ കച്ചവടം എവിടെ കൊണ്ടുപോകാനും സ്വാതന്ത്ര്യമുണ്ട്. അതിനാൽ ഉല്പാദകർ അവരുടെ നിലവിലെയും ഭാവി ഇടപാടുകാരേയും അവർ സത്യസന്ധരാണെന്ന് വിശ്വസിപ്പിക്കണം. അവർ അവരുടെ വാഗ്ദാനങ്ങൾ നിറവേറ്റണം അല്ലെങ്കിൽ അവർക്ക് അവരുടെ സൽപേര് നഷ്ടമാകുകയും കച്ചവടം അവസാനിക്കുകയും ചെയ്യും. മിക്കവർക്കും സൽപേരിന്റെയും ജീവിതോപാധിയുടേയും ഗണ്യമായ നഷ്ടം ഗൗരവമുള്ള ആശങ്കയാണ്.

ഒരു സ്വതന്ത്രസമൂഹം ബലപ്രയോഗം നടത്തുന്ന പ്രമാണിമാരാൽ നിർദ്ദേശിക്കപ്പെടുന്നതല്ല. ഇത് സാധാരണ ജനങ്ങളുടെ സ്വമേധയാ ഉള്ള പരസ്പരവ്യവഹാരത്തിലൂടെ സ്വാഭാവികമായും യാദൃശ്ചികമായും പ്രവർത്തിക്കുന്നു - വിശ്വാസ്യതയുടേയും സത്യസന്ധതയുടേയും സംസ്ക്കാരത്താൽ താങ്ങിനിർത്തപ്പെടുന്നു. ഈ നൈസർഗ്ഗികമായ സഹകരണത്തെ നയിക്കുന്ന നിയമങ്ങളും വ്യവസ്ഥകളും അത്രമാത്രം സ്വാഭാവിക മായതിനാൽ ജനങ്ങൾക്ക് അതേപറ്റി ചിന്തിക്കേണ്ടതായേ വരുന്നില്ല. ജനങ്ങളോട് അധ്വാനിക്കാനും സത്യ സന്ധരാവാനും കാര്യപ്രാപ്തിയുള്ളവരാവാനും പരസ്പരം സഹകരിക്കാനും ഒരു അധികാരിയും പറയേണ്ടതില്ല. ജനങ്ങൾക്ക് അത് നിത്യവും സ്വാഭാവികമായി ചെയ്യുന്നു.

ഒരു സ്വതന്ത്രസമൂഹത്തിൽ വിശ്വാസത്തിന്റേയും സഹകരണത്തിന്റേയും ആവശ്യകത വ്യക്തികളും കൂട്ടങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ പ്രാധാന്യം കരുത്ത് നയിക്കുന്ന സമൂഹത്തിലേതിനേക്കാൾ വളരെ കൂടുന്നു. ആത്മീയമൂല്യങ്ങളുടേയും കുടുംബങ്ങളുടേയും സുഹൃത്തുക്കളുടേയും സമൂഹത്തിന്റേയും പാരമ്പര്യത്തിന്റേയും പരിസരവാസികളുടേയും സമാനതൽപരരുടേയും കൂട്ടായ്മ വളരെ പ്രാധാന്യമുള്ളതാകുന്നു.

അസ്വതന്ത്രസമൂഹങ്ങളിലെ പല സർക്കാരുകളും ഇത്തരം സംഘടനകളെ അവരുടെ അധികാര ത്തിന് ഭീഷണിയായി കരുതുകയും അവയെ ദുർബലപ്പെടുത്താനോ, നിലംപരിശാക്കാനോ, നിരോധിക്കാനോ ശ്രമിച്ചിരുന്നു. സാധാരണയായി അവർ അവരെ ഒളിവിലേക്ക് നയിക്കുന്നതിൽ മാത്രമേ വിജയിച്ചിരുന്നുള്ളു. സ്വേഛാനുസാരമായ ഇത്തരം സംഘടനകൾക്ക് ജനങ്ങളിൽ ഉള്ള പ്രാധാന്യം സർക്കാർ അധികാരികളോടു ജനങ്ങൾക്ക് ഉള്ള മമതയേക്കാൾ എത്രയോ വലുതാണ്.

### *സ്വതാൽപര്യവും നിയമങ്ങളും*

ഒരു സ്വതന്ത്രസമൂഹത്തിന് മുകളിൽ നിന്നുള്ള ഉത്തരവുകൾ ആവശ്യമില്ല. മറ്റുള്ളവരുടെ ഉദ്ദേശ ങ്ങൾക്കും പ്രവർത്തികൾക്കും അനുസൃതമായി സ്വന്തം ഉദ്ദേശങ്ങളും പ്രവർത്തികളും സാധാരണ മനുഷ്യർ ക്രമീകരിക്കുന്നതിലൂടെയാണ് ഇത് പ്രവർത്തിക്കുന്നത്. അവരെ ഇതിന് പ്രാപ്തരാക്കുന്നത് വളരെ നിസ്സാരമായ പൊതുവായ നിയമങ്ങളും മൂല്യങ്ങളുമാണ് - അഹിംസ, സത്യസന്ധത മുതലായവ - ഇവ വ്യത്യസ്ത ആൾക്കാരുമായുള്ള ഏറ്റുമുട്ടൽ തടയുന്നു.

ഇത്തരം അടിസ്ഥാന നിയമങ്ങളും പൊതുമൂല്യങ്ങളും വ്യക്തികളെ സമാധാനമായി ജീവിക്കാൻ വളരെയധികം സഹായിക്കുന്നു. അവരുടെ പൊതുതാൽപര്യത്തെ സഹായിക്കുന്ന കാര്യങ്ങളിൽ സഹകരിക്കാനും ജനങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്നു. ഉദാഹരണത്തിന് ഒരു സ്വതന്ത്രസമൂഹം ജനങ്ങളെ പരസ്പരം കച്ചവടം ചെയ്യുന്നതിനും പരസ്പരം നേട്ടമുണ്ടാകുന്ന തരത്തിൽ കച്ചവടം ഉറപ്പിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം നൽകുന്നു. അവർക്ക് നേട്ടമുള്ളത് ഏതാണെന്നോ, അവരുടെ വ്യത്യസ്തതാല്പര്യങ്ങൾ എങ്ങനെ സന്തുലിതപ്പെടുത്തണമെന്നോ, അവരുടെ താൽപര്യങ്ങൾ സംരക്ഷിക്കാൻ എന്തുചെയ്യണമെന്നോ, അവരുടെ പരിപാടി പിന്തുടരാൻ നിർബന്ധിക്കാനോ ഒരു അധികാരത്തിനും കഴിയില്ല. ഒരു സ്വതന്ത്രസമൂഹത്തിൽ ജനങ്ങൾ സ്വയം നിശ്ചയിക്കും അവരുടെ താൽപര്യങ്ങൾ എന്താണെന്നും, മറ്റുള്ളവരുമായി സഹകരിച്ച് ആ താൽപര്യങ്ങൾ എങ്ങനെ മുന്നോട്ട് നയിക്കണമെന്നും. മറ്റുള്ളവർക്ക് നഷ്ടമൊന്നും വരാത്തിടത്തോളം ഏതു തരത്തിലുള്ള കച്ചവടത്തിലേർപ്പെടാനും അവർക്ക് സ്വാതന്ത്ര്യം ഉണ്ട്.

ചില വിമർശകർക്ക് ഒരു സമൂഹം അതിന്റെ പൊതുവായ ലക്ഷ്യങ്ങൾ തീർച്ചപ്പെടുത്താതെയും അതിനായി പ്രവർത്തിക്കാൻ അവരുടെ പൗരന്മാരെ സമ്മതിപ്പിക്കുകയും ചെയ്യാതെ എങ്ങനെയാണ് പ്രവർത്തിക്കുകയും അഭിവൃദ്ധിപ്പെടുകയും ചെയ്യുന്നതെങ്ങനെയെന്ന് ബോധ്യപ്പെടുന്നില്ല. ഒരു

സ്വതന്ത്രസമൂഹം അചഞ്ചലവും നിഷ്ഫലവും വ്യക്തിതാൽപര്യങ്ങളുടെ കഠോരമായ ഏറ്റുമുട്ടലും ആവുമെന്ന് അവർ ഭയക്കുന്നു - പൊതു താൽപര്യം നിറവേറിക്കാണാനായി ഇത് അടിച്ചമർത്തേണ്ടതുണ്ട്.

ഇത് ഒരു അബദ്ധമാണ്. ഒരു സ്വതന്ത്രസമൂഹം ജനങ്ങളെ സ്വാർത്ഥതാൽപര്യക്കാരായി തന്നെ കണക്കാ ക്കുന്നു. സ്വന്തം താൽപര്യം വേഗത്തിൽ അടിച്ചമർത്താൻ സാധിക്കാത്തത്ര ശക്തമായ പ്രചോദനം ആണെന്നും ഇത് വിശ്വസിക്കുന്നു. ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും നിർവചിക്കുന്ന തരത്തിലുള്ള പൊതുതാല്പര്യം ജനങ്ങൾ സ്വന്തം താല്പര്യത്തേക്കാൾ പ്രാധാന്യം കുറഞ്ഞതും അത്യാവശ്യം കുറഞ്ഞതുമായി കണക്കാക്കുന്നു. എത്രതന്നെ ധർമ്മിഷ്ഠമായ സമൂഹത്തിലാണ് നമ്മൾ ജീവിക്കുന്നതെങ്കിലും ജനങ്ങൾ അവരുടെ പ്രാഥമികാവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവ അവഗണിച്ചാൽ അവർക്ക് അധികകാലം നിലനിൽക്കാൻ പറ്റില്ല എന്നതുകൊണ്ട് സ്വന്തം താൽപര്യങ്ങൾ യഥാർത്ഥത്തിൽ ഉപകാരപ്രദവും പ്രാധാന പ്പെട്ടതുമാണെന്ന് നാം ഓർമ്മിക്കണം.

ഒരു സ്വതന്ത്രസമൂഹം സ്വന്തം താല്പര്യങ്ങളെ ഉപയോഗപ്രദമായരീതിയിൽ നയിക്കുന്നു. ഒരു ആദർശ രാഷ്ട്രം സൃഷ്ടിക്കാമെന്ന വ്യർത്ഥമോഹത്തിനായി അതിനെ അടിച്ചമർത്തുന്നില്ല. സ്വന്തം അഭിലാഷങ്ങളെ മറ്റുള്ളവരുടെ മേൽ അടിച്ചേല്പിക്കരുത് എന്ന് മാത്രമാണ് നിയമം അനുശാസിക്കുന്നത്. മറ്റുള്ളവർക്കും അപ്രകാരം പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം മാനിക്കുന്നിടത്തോളംകാലം ജനങ്ങൾക്ക് സ്വന്തം താല്പര്യങ്ങൾക്കായി ഒറ്റയ്ക്കോ കൂട്ടായോ പ്രയത്നിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട്. അവർക്ക് മറ്റുള്ളവരെ സ്വന്തം ലക്ഷ്യങ്ങൾ അംഗീകരിക്കാനോ അതിനായി ശ്രമിക്കാനോ നിർബന്ധിക്കാനാവില്ല.

സ്വതന്ത്രസമൂഹം മൽസരിക്കുന്ന താല്പര്യങ്ങളുടെ ഒരു സ്ഥായിയായ യുദ്ധമാകുമെന്ന വിമർശകരുടെ ഭയം താരതമ്യേന സ്വതന്ത്രമായസമൂഹം അഭിവൃദ്ധിപ്പെടുന്നു എന്നതുകൊണ്ട് അസ്ഥാനത്താകുന്നു. കൂടാതെ മിക്കവാറും നിയന്ത്രിത സമൂഹത്തേക്കാൾ കൂടുതൽ അഭിവൃദ്ധിപ്പെടുന്നു. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ ബഹുമാനിക്കുന്നു എന്ന നിസ്സാരമായ നിയമം ഉപയോഗിച്ച് അവർ സ്വന്തം താൽപര്യത്തെ ഉപയോഗപ്രദമായ സഹകരണത്തിലേയ്ക്കും കൂട്ടായ്മകളിലേക്കും നയിക്കുന്നു.

ഒരു സ്വതന്ത്രസമൂഹത്തിൽ വ്യക്തികൾ സ്വന്തം താല്പര്യങ്ങൾ നേടുന്നതിനെപറ്റി മാത്രമാണ് ചിന്തിക്കുന്നത് എന്ന ഭയവും തെറ്റായതാണ്. മനുഷ്യർ സമൂഹജീവികളാണ്. അവർക്ക് കുടുംബത്തോടും

സുഹൃത്തുക്കളോടും അയൽപക്കക്കാരോടും ഒരു സ്വാഭാവിക ആഭിമുഖ്യം ഉണ്ട്, അവരുടെ താൽപര്യങ്ങൾ അവർ പ്രവൃത്തികളിൽ കണക്കിലെടുക്കുന്നു. അവർ സുഹൃത്തുക്കളുടെ ബഹുമാനത്തിനും സൽപേരിനും നല്ല അയൽവാസി എന്ന പേരിനും ആഗ്രഹിക്കുന്നു. അതുകൊണ്ട് അവർ സ്വന്തം താൽപര്യങ്ങളെ മറ്റുള്ളവരുമായി നല്ല ബന്ധം പുലർത്തുന്നതിനായി മയപ്പെടുത്തുന്നു. അവരുടെ പരിഗണന ഫലവത്താണ് എന്തെന്നാൽ മറ്റുള്ളവർ തിരിച്ചും അവരെ സഹായിക്കാനുള്ള സാധ്യത ഏറെയാണ്.

നമുക്ക് ഇത് കൂടുതൽ സ്വതന്ത്രസമൂഹങ്ങളിൽ പ്രാവർത്തികമാക്കുന്നത് കാണാം. സ്വകാര്യ മാനവസേവ വഴി മറ്റുള്ളവർക്ക്, തികച്ചും അപരിചിതരായവർക്ക്പോലും കൊടുക്കുക എന്നത് സ്വതന്ത്ര സമൂഹത്തിൽ അസ്വതന്ത്രസമൂഹത്തിലേതിനെക്കാളേറെ കാണാൻ സാധിക്കും. അത് അവിടെ ധനികർ കൂടുതൽ ഉള്ളതിനാലല്ല മറിച്ച് സ്വതന്ത്രസമൂഹം അടിച്ചേല്പിക്കപ്പെടുന്നതിനേക്കാൾ സ്വമേധയാ ഉള്ള സാമൂഹിക ഉത്തരവാദിത്വങ്ങൾക്കാണ് കൂടുതൽ ഊന്നൽ കൊടുക്കുന്നത്.

## അംഗീകരിക്കപ്പെട്ട നിയമങ്ങളിലൂടെ സഹകരണം

മറ്റുള്ളവരുമായി വിജയകരമായി സഹകരിക്കണമെങ്കിൽ നാം ഓരോരുത്തരും നമ്മുടെ പ്രവർത്തികൾ പ്രവാച്യമായതും വിശ്വസനീയമായതും ആക്കണം. ജനങ്ങൾ സ്ഥിരമായി അവരുടെ മനസ്സ് മാറ്റുകയും, ആകസ്മികമായി പെരുമാറുകയും വാഗ്ദാനലംഘനം നടത്തുകയും ചെയ്താൽ സഹകരണം അസാധ്യമാവും. മറ്റുള്ളവരെ ശല്യം ചെയ്യാത്തവിധത്തിൽ വ്യക്തിജീവിതത്തിൽ അവർ തിരഞ്ഞെടുക്കുന്ന വിധത്തിൽ പെരുമാറാൻ സ്വതന്ത്രസമൂഹം ജനങ്ങളെ അനുവദിക്കുന്നു. എന്നാൽ അത് സാമൂഹിക സഹകരണത്തിന് അത്യന്താപേക്ഷിതമായ ഒരുതരം സ്ഥിരത പ്രോൽസാഹിപ്പിക്കുന്നു.

ഉദാഹരണത്തിന് ഒരു സ്വതന്ത്രസമൂഹത്തിന് സ്വത്തിന്റെ ഉടമസ്ഥത, നിയന്ത്രണം, കൈമാറ്റം എന്നിവ സംബന്ധിച്ച് നിയമപരമായ പ്രമാണങ്ങൾ ഉണ്ട്. മറ്റുള്ള ജനങ്ങളാലോ അധികാരികളാലോ കവർച്ച ചെയ്യപ്പെടുകയോ ചൂഷണം ചെയ്യപ്പെടുകയോ ചെയ്യും എന്ന ഭയമില്ലാതെ അവരുടെ ഭാവി ജീവിതത്തെ മെച്ചപ്പെടുത്തുന്നതും ഉൽപാദനം കൂടുതൽ എളുപ്പവും ചിലവ് കുറഞ്ഞതും ആക്കുന്ന മൂലധന സാമഗ്രഹികളായ വീട്, പണിശാല, ഉപകരണങ്ങൾ എന്നിവയിൽ നിക്ഷേപിക്കുന്നതിനും സ്വത്ത് സമാഹരിക്കുന്നതിനും ജനങ്ങളെ അനുവദിക്കുന്നു. ഈ നിയമങ്ങൾ (സ്വത്തവകാശങ്ങൾ) സർക്കാർ ഉണ്ടാക്കിയതല്ല എന്നാൽ നൂറ്റാണ്ടുകളിലൂടെ ഉടലെടുത്തു വന്നതാണ്.

അവയുടെ അതിർവരമ്പുകൾ എണ്ണമറ്റ പ്രാവശ്യം എണ്ണമറ്റ കോടതികളിൽ പരിശോധിക്കപ്പെട്ടിട്ടുള്ളതും അതുവഴി സഹകരണം കൂടുതൽ എളുപ്പവും ഫലവത്തും ആക്കുകയും ജനങ്ങളെ അവരുടെ മറ്റുള്ളവരുമായുള്ള ഇടപാടുകളിൽ കൂടുതൽ സുരക്ഷിതരാക്കുന്ന ഒരു നിയമ നിർവ്വഹണ വ്യവസ്ഥ ഉടലെടുക്കുകയും ചെയ്തു. കൂടുതൽ സ്വതന്ത്രസമൂഹങ്ങൾ മറ്റു പല നിയമങ്ങളും മാനദണ്ഡങ്ങളും പൊരുത്തമുള്ള സഹകരണത്തിന് അത്യാവശ്യമായി അംഗീകരിച്ചിട്ടുണ്ട്. ധാർമ്മിക നിയമങ്ങൾ സാമൂഹ്യ പാരസ്പര്യം എല്ലാവർക്കും എളുപ്പമാക്കാനുതകുന്ന പരിധികൾ നിശ്ചയിക്കുന്നു. കൂടാതെ സാമൂഹ്യ പെരുമാറ്റച്ചട്ടങ്ങളുണ്ട് – പെരുമാറ്റം, മര്യാദ, നല്ല വ്യാപാരശീലങ്ങൾ എന്നിവയുടെ-ഇവ ദീർഘകാലമായ മനുഷ്യസമ്പർക്കങ്ങളിലൂടെ ഉടലെടുക്കുന്നതാണ്. ഇത്തരം ഫലവത്തായ മാനദണ്ഡങ്ങൾ സ്വതന്ത്ര സമൂഹത്തിൽ സർവ്വസാധാരണമെങ്കിലും അത്രതന്നെ സ്വതന്ത്രമല്ലാത്ത സമൂഹത്തിൽ പ്രത്യുല്പാദിപ്പിക്കാൻ സർക്കാരുകൾക്ക് ബുദ്ധിമുട്ടാണ്.

ഒരു സ്വതന്ത്രസമൂഹത്തിലെ പൗരന്മാർക്ക് ചില അടിസ്ഥാന പൗരാവകാശങ്ങളും ഉണ്ട്. അവയുടെ യഥാർത്ഥരൂപം വ്യത്യസ്തമായിരിക്കുമെങ്കിലും ഈ അംഗീകൃത മാനദണ്ഡങ്ങളിൽ അടിമത്തത്തിൽനിന്നുമുള്ള സ്വാതന്ത്ര്യം, കുറ്റത്തിന് അനുപാതമല്ലാത്ത ശിക്ഷയിൽ നിന്നും പീഡനത്തിൽ നിന്നുമുമ സ്വാതന്ത്ര്യം എന്നിവ ഉൾപ്പെടുന്നു. മനസാക്ഷിയുടേയും വിശ്വാസത്തിന്റേയും സ്വാതന്ത്ര്യം, മതത്തെയോ രാഷ്ട്രീയത്തെയോ സംബന്ധിച്ച സ്വന്തം ആശയരൂപീകരണത്തിനുള്ള സ്വാതന്ത്ര്യം, സ്വന്തം മതവിശ്വാസത്തിനുള്ള സ്വാതന്ത്ര്യം, ഭീഷണിയും, ഭയപ്പെടുത്തലും ഇല്ലാതെ രാഷ്ട്രീയത്തിൽ ഭാഗഭാക്കാകുവാനുള്ള സ്വാതന്ത്ര്യം എന്നിവ ഉൾപ്പെടുന്നു. അവയിൽ അഭിപ്രായസ്വാതന്ത്ര്യവും ഉൾപ്പെടുന്നു – സ്വന്തം ആശയങ്ങൾ പ്രകടിപ്പിക്കാനും, റേഡിയോ, ടെലിവിഷൻ, പത്രങ്ങൾ, ഇന്റർനെറ്റ് എന്നീ മാധ്യമങ്ങളുടെ വാർത്ത പ്രസിദ്ധപ്പെടുത്താനും അവർക്ക് ഉചിതമെന്ന് തോന്നുന്ന വിധത്തിൽ അഭിപ്രായം പറയാനുമുള്ള സ്വാതന്ത്ര്യം. നിങ്ങളുടെ ആഗ്രഹമനുസരിച്ച് ആരുമായും സമ്മേളിക്കാനും സഹകരിക്കാനുമുള്ള സ്വാതന്ത്ര്യം, മറ്റുള്ളവരാൽ പ്രത്യേകിച്ച് അധികാരികളാൽ നിരീക്ഷിക്കപ്പെടുകയോ പിന്തുടരുകയോ ചെയ്യപ്പെടാതിരിക്കുക എന്ന സ്വകാര്യതയും അവയിൽ ഉൾപ്പെടുന്നു. ചുരുക്കത്തിൽ സ്വതന്ത്രസമൂഹം അതിലെ പൗരന്മാരെ മറ്റുള്ളവർക്ക് അപകടമില്ലാത്ത വിധത്തിലുള്ള ജനങ്ങളുടെ ആശയങ്ങൾ, വിശ്വാസങ്ങൾ, ജീവിതരീതികൾ, പ്രവൃത്തികൾ എന്നിവയോട് സഹിഷ്ണുത കാണിക്കുവാനും അതിൽ കൈകടത്താതിരിക്കുന്നതിനും പ്രതീക്ഷിക്കും.

### *നീതിയും നിയമവ്യവസ്ഥയും*

ഒരു സ്വതന്ത്രസമൂഹത്തിന് നീതിവ്യവസ്ഥയുണ്ട്. മറ്റുള്ളവരെ ഉപദ്രവിക്കുന്നതിന് എതിരെ ശിക്ഷയുണ്ട് ശാരീരിക ഉപദ്രവം മാത്രമല്ല വഞ്ചന മുതലായ മറ്റുള്ളവ യും കൂടാതെ ഏറ്റവും പ്രധാനമായി ഒരു സ്വതന്ത്ര സമൂഹം നിയമവ്യവസ്ഥയെ ഉയർത്തിപിടിക്കുന്നു. രാഷ്ട്രീയ സംഘടനകളുടെ ഏറ്റവും പ്രധാന പ്രശ്നം നേതാക്കളെ എങ്ങനെ തിരഞ്ഞെടുക്കുമെന്നല്ല അത് എളുപ്പമാണ് മറിച്ച് അവരെ എങ്ങനെ നിയന്ത്രിക്കും എന്നാണ്. ഒരു സ്വതന്ത്രസമൂഹത്തിൽ സർക്കാരിന്റെ പങ്കും അധികാരവും കർശനമായി പരിമിതമാണ്. പൗരന്മാരെ കൈയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനും കുറ്റങ്ങളെ ശിക്ഷിക്കുന്നതിനും വേണ്ടി അവർക്ക് കൊടുത്തിരിക്കുന്ന അധികാരം സ്വേച്ഛയാ, അത് കൈയാളുന്നവരുടെ ഹിതമനുസരിച്ച് ഉപയോഗിക്കുന്നില്ല എന്ന് ഇത് ഉറപ്പുവരുത്തുന്നു. ഔദ്യോഗിക അധികാരത്തെ നിയന്ത്രിക്കാൻ സ്വതന്ത്രസമൂഹങ്ങൾ തിരഞ്ഞെടുപ്പ് നിയമം, ഭരണഘടന, അധികാര വിഭജനം മുതലായ പല തന്ത്രങ്ങളും വികസിപ്പിച്ചിട്ടുണ്ട്. എന്നാൽ പൗരന്മാരെ ഭരണകർത്താക്കളുടെ ചൂഷണത്തിൽനിന്ന് സംരക്ഷിക്കാനുള്ള പ്രധാനമാർഗ്ഗം നിയമം എല്ലാവർക്കും ഒരുപോലെ ബാധകമാക്കുകയാണ്. ഇതാണ് നിയമവ്യവസ്ഥ എന്നറിയപ്പെടുന്നത്. ഈ തത്വത്തിൻകീഴിൽ സർക്കാരിന് ഉദാഹരണത്തിന് ഒരു പ്രത്യേക ഗോത്രത്തിന് കൂടുതൽ ഉപകാരങ്ങളും ആനുകൂല്യങ്ങളും അനുഭവിച്ചു നൽകാനോ പ്രത്യേക സംഘങ്ങൾക്ക് നികുതി ചുമത്താനോ കഴിയില്ല. മാത്രമല്ല നിയമങ്ങൾ ജനങ്ങൾക്ക് എന്നപോലെതന്നെ സർക്കാരിനും ബാധകമായിരിക്കും.

നിയമനിർവ്വഹണത്തിലും ഇതേ നിയമം ബാധകമാണ്. നീതിന്യായ അധികാരം സ്വേച്ഛയല്ലാതെ പക്ഷപാതരഹിതമായാണ് ഉപയോഗിക്കുന്നത് എന്ന് ഉറപ്പാക്കാൻ നിയമം എല്ലാവർക്കും ഒരുപോലെ ബാധക മാകുന്നു. പൗരന്മാർ തുല്യമായ പരിചരണത്തിനും നീതിയുടെ ന്യായമായ നടപടികൾക്കും അർഹരാണ്. ഇതിൽ സ്വേച്ഛയാ ഉള്ള അറസ്റ്റ് ഒഴിവാക്കൽ വിചാരണയില്ലാതെ തടവിലിടാതിരിക്കുക, തെളിവിന്റെ നിയമ പ്രകാരം നടത്തപ്പെടുന്ന ന്യായമായ വിചാരണ, നിയമിത ഉദ്യോഗസ്ഥർ അല്ലാതെ സാധാരണ ജനങ്ങളിൽ നിന്നുള്ള വിധികർത്താക്കളുടെ സമിതി നടത്തുന്ന വിധിപ്രഖ്യാപനം, ഒരേ കുറ്റത്തിന് വീണ്ടും വീണ്ടും വിചാരണ നേരിടാതിരിക്കൽ എന്നിവ ഉൾപ്പെടുന്നു. രാഷ്ട്രീയക്കാരുടേയും ഉദ്യോഗസ്ഥരുടേയും ന്യായാധിപന്മാരുടേയും മേലുള്ള ഇത്തരം നിയന്ത്രണങ്ങളുടെ ഫലം അധികാരികളാലുള്ള അധികാര ദുർവിനിയോഗം ഒഴിവാക്കുക, പ്രത്യേകാനുകൂല്യങ്ങൾ കുറയ്ക്കുക,

ബലപ്രയോഗത്താലുണ്ടാകുന്ന തിന്മയെ കുറയ്ക്കുക എന്നതാണ്. എന്തൊക്കെയായാലും ഒരു സ്വതന്ത്രസമൂഹത്തിലെ സർക്കാരിന്റെ പങ്ക് വ്യക്തികളുടെ സ്വാതന്ത്ര്യം കൂട്ടാനും സംരക്ഷിക്കാനുമാണ് അല്ലാതെ കുറയ്ക്കാനല്ല.

## സ്വാതന്ത്ര്യത്തിന്റെ സാമ്പത്തികവാദം

### *ജീവിതനിലവാരത്തിലെ കൂറ്റൻ ഉയർച്ച*

1750 വരെ മനുഷ്യജീവിതം വളരെയൊന്നും മാറിയില്ല. മിക്കവാറും എല്ലാവരും പുറമേ മണ്ണിൽ, ദുരിതമാർന്ന, അനിശ്ചിതമായ, കാലാവസ്ഥ നിയന്ത്രിതമായ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്നു ഈ കാർഷിക രീതികൾ മിക്കവാറും പുരാതന ഈജിപ്ഷ്യൻ ഭരണകർത്താക്കളുടെ കാലത്തിലേതിന് സമാനമായിരുന്നു. മിക്ക ജനങ്ങൾക്കും ഒരു ജോടി അധിക വസ്ത്രം പോലുള്ള ആർഭാടങ്ങൾക്കു പോലും വേണ്ട പൈസ ഉണ്ടായിരുന്നില്ല. മാസം മിക്കവർക്കും താങ്ങുമായിരുന്നില്ല. സമ്പന്നതയിലേക്ക് പിറന്ന് വീണവർ മാത്രമായിരുന്നു പ്രത്യക്ഷ ധനികർ. കൂടാതെ സാധാരണമായ സമ്പത്ത് ഉണ്ടാവുന്നത് കർഷകസമൂഹത്തെ തങ്ങളുടെ നേട്ടങ്ങൾക്കായി കഷ്ടപ്പെടുത്താനുള്ള അധികാരത്തിൽ നിന്നോ അധികാരവർഗ്ഗത്തിന്റെ സുഹൃത്തോ കൈയാളോ ആവുന്നതിലൂടെയാണ്.

ഇത് മിക്കവാറും ജനങ്ങൾക്കും ദുരിതപൂർണ്ണമായ ജീവിതമായിരുന്നു. സാമ്പത്തികജ്ഞനായ ഡെറിഡർ മെക്ലോസ്കിയുടെ കണക്ക് പ്രകാരം 1800ൽ ഒരാളുടെ ശരാശരി പ്രതിദിന വരുമാനം $1 നും $5 നും ഇടയിലായിരുന്നു. ഇത് ഇന്ന് മിക്ക ലോക തലസ്ഥാനങ്ങളിലും ഒരു കപ്പ് കാപ്പിക്ക് തികയില്ല [2]. ഇന്ന് ശരാശരി പ്രതിദിന വരുമാനം $50 ആണ്. ഇത് പുരോഗതിയിലെ കുത്തനെയുള്ള കയറ്റമാണ്.

എന്നാൽ അത് ഒരു ശരാശരി മാത്രമാണ്. അത് മറ്റുള്ളവയല്ലെങ്കിലും ചില രാജ്യങ്ങൾ നേടിയ അഭിവൃദ്ധിയെ മൂടി വയ്ക്കലാണ്. ലോകത്തിലെ ഏറ്റവും സ്വാതന്ത്ര്യം കുറഞ്ഞ രാജ്യങ്ങളിലൊന്നായ താജിക്കിസ്ഥാനിലെ ശരാശരി പ്രതിദിന വരുമാനം ഇന്നും $7 ആണ്. എന്നാൽ ഏറ്റവും സ്വതന്ത്രമായ

2. ഡെയ്ർഡ്രെ മക്ക്ലോസി. ലിബെർട്ടി ആന്റ് ഡിഗ്നിറ്റി എക്സ്പ്ലൈൻ മോഡേൺ വേൾഡ്, ഡോം ജി പാർമർ (എഡി.), ദ് മൊറാലിറ്റി ഓഫ് കാപ്പിറ്റലിസം, സ്റ്റുഡന്റ്സ് ഫോർ ലിബെർട്ടി ആന്റ് അറ്റ്ലസ് ഫൗണ്ടേഷൻ, എർലിങ്റ്റൺ, വി എ 2011.

2 Deirdre N. McCloskey, Liberty and dignity explain the modern world , in Tom G. Palmer (ed.), The Morality of Capitalism, Students for Liberty and Atlas Foundation, Arlington, VA, 2011.

യുണൈറ്റഡ് സ്റ്റേറ്റ്സിലേത് 100 ആണ്. സ്വാതന്ത്ര്യത്തിന്റെ സദ്ഫലങ്ങൾകൊണ്ട് അമേരിക്കക്കാർ ഇന്ന് താജിക്കിസ്ഥാൻകാരേക്കാളും 14 മടങ്ങും 1800ലെ അവരുടെ തന്നെ പൂർവ്വികന്മാരേക്കാൾ 20 - 100 മടങ്ങും ധനികരാണ്. ദ ഇക്കണോമിക് ഫ്രീഡം ഓഫ് ദ വേൾഡ് റിപ്പോർട്ട് ഏറ്റവും സ്വതന്ത്രരാജ്യങ്ങളായി വിലയിരുത്തിയ സ്വിറ്റ്സർലാന്റ്, ആസ്ത്രേലിയ, കാനഡ, യുണൈറ്റഡ് കിങ്ഡം എന്നിവയുടെ ശരാശരി പ്രതിദിന വരുമാനം $90 - ന് മുകളിൽ ആണ്. സ്വാതന്ത്ര്യവും അഭിവൃദ്ധിയും ഒരുമിച്ച് നീങ്ങുന്നു. [3]

സ്വാതന്ത്ര്യം കുറഞ്ഞ ദരിദ്രരാജ്യങ്ങളിൽനിന്ന് ജനങ്ങൾ കൂടുതൽ സ്വതന്ത്ര ധനിക രാജ്യങ്ങളിലേക്ക് കുടിയേറുന്നതി ലത്ഭുതമില്ല. സ്വാതന്ത്ര്യം കുറഞ്ഞ 20 രാജ്യങ്ങൾ പ്രതിവർഷം ആയിരത്തിൽ 1:12 എന്ന അനുപാതത്തിൽ ആളുകൾ രാജ്യത്തേക്ക് വരുന്നതിനേക്കാൾ രാജ്യം വിട്ടുപോകുന്നത് കാണുന്നു. കടകവിരുദ്ധമായി 20 സ്വതന്ത്രരാജ്യങ്ങൾ 1000ൽ 3:81 എന്ന അനുപാതത്തിൽ പ്രതിവർഷം ജനങ്ങൾ രാജ്യത്ത് പ്രവേശിക്കുന്നതായി കാണുന്നു [4]. കൂടാതെ ഈ 20 ൽ ഏറ്റവും സാമ്പത്തിക സ്വാതന്ത്യമുള്ളവ ഏറ്റവും കൂടിയ കുടിയേറ്റം കാണുന്നു. സ്വാതന്ത്ര്യ നിരക്കിൽ താഴെയുള്ള രാജ്യങ്ങൾ കുടിയേറ്റക്കാരെ നഷ്ടപ്പെടുമ്പോൾ മേലെയുള്ള രാജ്യങ്ങൾ അവരെ നേടുന്നു.

മറ്റൊരർത്ഥത്തിൽ ജനങ്ങൾ അവരുടെ പാദങ്ങളാൽ സ്വാതന്ത്ര്യത്തെ തിരഞ്ഞെടുക്കുന്നു. സ്വതന്ത്ര രാജ്യങ്ങളിലെ കുടിയേറ്റ ഭീഷണി തടയാനുള്ള ശ്രമങ്ങളെയും അസ്വതന്ത്ര രാജ്യങ്ങളിലെ വിദേശഗമന ഭീഷണി തടയാനുള്ള ശ്രമങ്ങളെയും അതിജീവിച്ചാണ് അവർ ഇപ്രകാരം ചെയ്യുന്നത്.

### *സ്വാതന്ത്ര്യവും മാനവസേവയും*

അവരുടെതന്നെ ദരിദ്രരെ ചൂഷണം ചെയ്തല്ല സ്വതന്ത്രരാജ്യങ്ങൾ ധനികരാകുന്നത്. റഷ്യൻ ധാർമ്മിക തത്ത്വ ശാസ്ത്രജ്ഞൻ ലിയോണിഡ് നികോനോസ് നിരീക്ഷിച്ചതുപോലെ ഏറ്റവും ദരിദ്രമായ 10% ജനങ്ങൾക്കായി ചിലവഴിക്കുന്നത് ദേശീയ വരുമാനത്തിന്റെ പങ്ക് സ്വതന്ത്രരാജ്യങ്ങളിലും അസ്വതന്ത്ര

3. ഫ്രേസർ ഇൻസ്റ്റിറ്റ്യൂട്ട്, ഇക്കണോമിക് ഫ്രീഡം ഓഫ് ദ് വേൾഡ് 2012 വാർഷിക റിപ്പോർട്ട്, ഫ്രേസർ ഇൻസ്റ്റിറ്റ്യൂട്ട്, വാൻക്വവർ, ബിസി, 2012

4. ഗബ്രിയേൽ ഓപ്പൺഷാ, ഫ്രീ മാർക്കറ്റ് ആന്റ് സോഷ്യൽ വെൽഫെയർ, മൈസസ് ഡെയ്ലി, 4 ഒക്ടോബർ 2005

3 Fraser Institute, Economic Freedom of the World 2012 Annual Report, Fraser Institute, Vancouver, BC, 2012.

4 Gabriel Openshaw, Free markets and social welfare, Mises Daily, 4 October 2005, http://www.mises.org/daily/1915#_edn2.

രാജ്യങ്ങളിലും ഒരുപോലെയാണ്. (യഥാക്രമം 2.58% വും 2.47%) എന്നാൽ ഒരു സമ്പന്ന രാജ്യത്തിൽ ദരിദ്രനായി (പ്രതിദിനവരുമാനം $23) ജീവിക്കുന്നതാണ് ഒരു ദരിദ്രരാജ്യത്തിൽ ദരിദ്രനായി (പ്രതിദിന വരുമാനം $2.50) ജീവിക്കുന്നതിനേക്കാൾ നല്ലത്. [5]

സ്വതന്ത്രസമ്പന്നരാഷ്ട്രങ്ങളിൽ സമ്പത്ത് എത്തിപ്പിടിക്കാവുന്നതാണ്. ഏറ്റവും ദരിദ്രരെ ധനികരാവുന്ന തിൽനിന്നും സ്ഥിരമായി ഒഴിവാക്കപ്പെടുന്നില്ല. അസ്വതന്ത്ര രാജ്യങ്ങളിലെ ശരിയായ കുടുംബങ്ങൾ, ജാതി, വർഗ്ഗം, മതം, രാഷ്ട്രീയപാർട്ടികൾ എന്നിവയിലോ ഉൾപ്പെടാത്തവരെപോലെയല്ലാതെ കൂടുതൽ സ്വതന്ത്രമായ രാജ്യങ്ങളിൽ കൂടുതൽ സാമൂഹ്യചലനാത്മകതയുണ്ട്. ലോകത്തിന്റെ ഏറ്റവും സമ്പന്നനായ മൈക്രോസോഫ്റ്റ് സ്ഥാപകനായ ബിൽ ഗേറ്റ്സ് അദ്ദേഹത്തിന്റെ സോഫ്റ്റ് വെയർ ബിസിനസ് തുടങ്ങിയത് ഒരു ഗ്യാരേജിലാണ് എന്നത് പ്രസിദ്ധമാണ്.

ബിൽ ഗേറ്റ്സ് (Bill Gates) തന്റെ സമ്പത്തെല്ലാം നല്ല ഉദ്ദേശ്യങ്ങൽക്കായി ദാനം ചെയ്യാൻ ഉദ്ദേശിക്കുന്നു. അത് പൂർണ്ണമായും മാതൃകയാണ്. സ്വകാര്യ മാനവസേവയും സമ്പന്നരാഷ്ട്രങ്ങളിൽ വളരെ കൂടുതൽ ആണ്.' ബാർക്ലേയ്സ് വെൽക്ക് നടത്തിയ ഒരു പഠനത്തിൽ അമേരിക്കയിലെ സമ്പന്നരിൽ 2/5 ഭാഗവും അവരുടെ ചിലവിന്റെ മുൻഗണന കാരുണ്യപ്രവർത്തനങ്ങൾക്കുള്ള സംഭാവനയാണ് എന്നുപറയുന്നതായി കണ്ടെത്തി. [6]

സ്വാതന്ത്ര്യത്തിൽ വളരെ മുൻപന്തിയിലുള്ള ആസ്ത്രേലിയ, അയർലണ്ട്, കാനഡ, ന്യൂസിലാന്റ്, യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നീ അഞ്ച് രാജ്യങ്ങളിലെ ജനങ്ങൾ ആണ് ജനസേവനത്തിനായി സമയവും പണവും ചിലവഴിക്കാൻ സാധ്യതയുള്ള തെന്നാണ് യു കെ യിലെ 'ചാരിറ്റീസ് എയ്ഡ് ഫൗണ്ടേഷൻ കണ്ടെത്തിയത്.' [7]

ഇത്തരം രാജ്യങ്ങൾക്കെല്ലാം തന്നെ ഇപ്രകാരം സമ്പത്തു നല്കുന്നതിന് മറ്റുള്ള ദരിദ്ര അസ്വതന്ത്ര രാജ്യങ്ങളേക്കാൾ കൂടുതൽ കെൽപുണ്ട്.

---

5. ലിയോനിഡ് നിക്കോനോവ്, ദ് മോറൽ ലോജിക് ഓഫ് ഇക്വാലിറ്റി അന്റ് ഇൻക്വാലിറ്റി ഇൻ മാർന്നറ്റ് സൊസൈറ്റി, ഇൻ, ടോം ജി പാൾമർ(ഇഡി.), ദ് മൊറാലിറ്റി ഓഫ് കാപ്പിറ്റലിസം, സ്റ്റുഡന്റ്സ് ഫോർ ലിബെർട്ടി ആന്റ് അറ്റ്ലസ് ഫൗണ്ടേഷൻ, എർലിങ്റ്റൺ, വി എ 2011.
6. ബാർക്ലേയ്സ് വെൽത്ത്, ഗ്ലോബർ ഗിവിങ്; ദ് കൾച്ചർ ഓഫ് ഫിലാൻത്രോപ്പി, ലൻ, 2010
7. ചാരിറ്റീസ് എയ്ഡ് ഫൗണ്ടേഷൻ, വേൾഡ് ഗിവിങ് ഇൻഡെക്സ് 2012, ചാരിറ്റീസ് ഫൗണ്ടേഷൻ, വെസ്റ്റ് മാളിങ്, 2012

5. Leonid Nikonov, The moral logic of equality and inequality in market society, in Tom G. Palmer (ed.), The Morality of Capitalism, Students for Liberty and Atlas Foundation, Arlington, VA, 2011.
6. Barclays Wealth, Global Giving: The Culture of Philanthropy, London, 2010.
7. Charities Aid Foundation, World Giving Index 2012, Charities Aid Foundation, West Malling, 2012.

### *സ്വാതന്ത്ര്യം വിവേചനത്തെ തകിടം മറിക്കുന്നു*

അസ്വതന്ത്രരാഷ്ട്രങ്ങളിൽ വിവേചനം സർവ്വസാധാരണമാണ്. നിങ്ങൾ ശരിയായ വർഗ്ഗം, ജാതി, മതം, ലിംഗം, കുടുംബം എന്നിവയിൽ നിന്നല്ലെങ്കിൽ ഒരു നല്ല ജോലി കിട്ടാനും നല്ല സേവനങ്ങൾ കിട്ടാനും ബുദ്ധിമുട്ടാണ്. സ്വതന്ത്രസമൂഹത്തിലെ ഉല്പാദകർക്ക് ആരുമായി വ്യാപാരം ചെയ്യണം ആരെ ജോലിക്കെടുക്കണം എന്ന് തീരുമാനിക്കുമ്പോൾ വിവേചനം നടത്തുക സാധ്യമല്ല. [8]

ഉദ്യോഗദായകർക്ക് ഉദാഹരണത്തിന് കുടിയേറ്റക്കാരെ ഇഷ്ടമല്ലായിരിക്കാം പ്രത്യേകിച്ച് അവർ വേറെ സംസ്കാരത്തിൽനിന്നും, ഗോത്രത്തിൽനിന്നും മതത്തിൽനിന്നുമാണെങ്കിൽ. എന്നാൽ കുടിയേറ്റ സംഘങ്ങൾക്ക് പലപ്പോഴും ഒരേ ജോലിക്ക് കുറഞ്ഞ കൂലി അംഗീകരിച്ചുകൊണ്ട് പ്രതികരിക്കാം പലപ്പോഴും പ്രതികരി ക്കുന്നു. സ്വദേശികളെ മാത്രം എടുത്ത് വിവേചനം കാണിക്കുന്ന തൊഴിലുടമകൾക്ക് മൽസരത്തിൽ പ്രതികൂലമായി സ്വയം അനുഭവപ്പെടും. കുടിയേറ്റക്കാരെ ജോലിക്ക് വയ്ക്കുന്ന പ്രതിയോഗികളേക്കാൾ അവരുടെ കൂലി ചിലവ് കൂടുതൽ ആയിരിക്കും. അവരുടെ ലാഭം കുറയുകയോ അല്ലെങ്കിൽ വ്യാപാരം നഷ്ടമാകത്തക്കരീതിയിൽ വലിയ വില ഈടാക്കുകയോ വേണ്ടിവരും. അത് കച്ചവടത്തിന് നല്ലതല്ല. തൊഴിലുടമകളുടെ വാണിജ്യതാല്പര്യങ്ങൾക്ക് വിവേചനം നല്ലതല്ല.

**ചോദ്യം : സ്വതന്ത്രസമൂഹങ്ങൾ വെറും മൂഢമായ ഭൗതികതയല്ലെ?**

അല്ല. സാമ്പത്തികസ്വാതന്ത്ര്യം ജനങ്ങൾക്ക് അവസരങ്ങളും നിവൃത്തികളും നൽകുന്നു. അവരുടെ അടിസ്ഥാന ആവശ്യങ്ങൾ ആയ ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവ മെച്ചപ്പെട്ട രീതിയിൽ നൽകുന്നു. സ്വതന്ത്രവ്യാപാരത്തിന്റേയും വിപണിയുടേയും ഉദയത്തിന് മുമ്പ് സ്വപ്നം പോലും കണ്ടിട്ടില്ലാത്ത അവസരങ്ങൾ ഇത് അവർക്ക് നൽകുന്നു. ജനങ്ങളെ കഠിനവും അപമാനകരവുമായ ഒരു ജീവിതത്തിലേയ്ക്ക് തള്ളിവിടുന്നതിന് പകരം ഇത് ജനങ്ങളെ ഉല്ലസിപ്പിക്കുന്നു എന്ന് അവർ കരുതുന്ന സഞ്ചാരം, സംഗീതം, കല, സംസ്കാരം മറ്റ് സാമൂഹ്യപ്രവൃത്തികൾ എന്നിവ ആസ്വദിക്കാൻ അനുവദിക്കുന്നു. ഇത് അവരെ മെച്ചപ്പെട്ട വിദ്യാഭ്യാസവും ശരിയായ ആരോഗ്യപരിപാലനവും താങ്ങാൻ പ്രാപ്തരാക്കുന്നു.

8. ഇതിനെക്കുറിച്ച് നല്ലൊരു വിവരണത്തിനായി, വായിയ്ക്കുക, മിൾട്ടൺ ഫ്രീഡ്മാന്റെയും റോസ് ഫ്രീഡ്മാന്റെയും കാപ്പിറ്റൽ ആന്റ് ഫ്രീഡം, യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോ പ്രസ്സ്, ചിക്കാഗോ 11, 1962

8 For a good outline of this point, see Milton Friedman and Rose Friedman, Capitalism and Freedom, University of Chicago Press, Chicago, IL, 1962.

നമ്മുടെ ഭൗതികസൗകര്യം മാത്രമല്ല നാം സാംസ്കാരികവും സാമൂഹികവും ആയി വിലമതിക്കുന്നു എന്ന് നാം യഥാർത്ഥത്തിൽ വിലമതിക്കുന്നവയിലേക്ക് എത്താനുള്ള ഒരു ഉപകരണമാണ് സമ്പത്ത്. അതുകൊണ്ട് തന്നെയാണ് കൂടുതൽ സമ്പന്നരാഷ്ട്രങ്ങളിൽ കൂടുതൽ കായികസ്റ്റേഡിയങ്ങളും, കച്ചേരി ഹാളുകളും, തിയ്യറ്ററുകളും, യൂണിവേഴ്സിറ്റികളും, ലൈബ്രറികളും, മ്യൂസിയങ്ങളും ഉള്ളത്.

സ്വദേശ തൊഴിലാളി വർഗ്ഗത്തിന്റെ ഇടയിൽനിന്നും സ്വതന്ത്രസമൂഹം വിവേചനത്തെ തൂത്തെറിയുന്നു. ഉദാഹരണത്തിന്, സ്ത്രീകൾ ജോലി ചെയ്യുന്നതിനെതിരെ സാംസ്കാരിക വിവേചനം ഉണ്ടാവാം. ഇത് അവർക്ക് ജോലി കിട്ടാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു. സ്ത്രീകൾക്കെതിരെ വിവേചനം നടത്തുന്ന തൊഴിലുടമകൾക്ക് അത് ചെയ്യാത്ത പ്രതിയോഗികളേക്കാൾ വളരെ ചെറിയ നൈപുണ്യസഞ്ചയമേ തിരഞ്ഞെടുപ്പിനായി ഉണ്ടാകൂ. മറ്റൊരു രസകരമായ ഉദാഹരണം ഇന്ത്യയിലെ ജാതിവിവേചനമാണ്. ഉയർന്ന സാങ്കേതിക വ്യവസായങ്ങളുടെ വളർച്ച ഹൈദരാബാദ് പോലുള്ള കേന്ദ്രങ്ങളിൽ താഴ്ന്ന ജാതീയരായ ഇന്ത്യൻ തൊഴിലാളികളുടെ ജോലിസാധ്യത വളരെയധികം വർദ്ധിപ്പിച്ചു. ഈ മൽസരബുദ്ധിയുള്ള വ്യവസായത്തിൽ തൊഴിലുടമകൾക്ക് ജനങ്ങളെ അവരുടെ ബുദ്ധിശക്തിക്കായി വേണം. അവർക്ക് ജാതിയോ മറ്റേതെങ്കിലും സാംസ്കാരിക ഘടകത്തിന്റെ പേരിലോ വിവേചനം നടത്താൻ കഴിയില്ല. വിവേചന നിരോധന നിയമങ്ങൾക്ക് ദശാബ്ദങ്ങളായി നേടാൻ കഴിയാത്തത് വെറും ചില കൊല്ലങ്ങൾകൊണ്ട് സ്വയതൽപരരായ സ്വതന്ത്ര വ്യവസായികൾ നേടിയെടുക്കുന്നു.

### *സ്വതന്ത്രജനങ്ങളുടെ സൃഷ്ടിപരത*

കൂടുതൽ സ്വതന്ത്ര സമ്പദ് വ്യവസ്ഥകൾ എന്തുകൊണ്ട് കൂടുതൽ ധനികരാകുന്നു എന്നതിന് കാരണം അവർ ലഭ്യമായ എല്ലാ പാടവങ്ങളേയും ഉപയോഗപ്പെടുത്തുന്നു എന്നതാണ്. വിവേചനം അവരെ തകിടം മറിക്കാൻ അധികമില്ലാത്തിടത്തോളം സ്വതന്ത്രസമൂഹത്തിലെ പൗരന്മാർ അവരുടെ മനസ്സും കഴിവുകളും തൊഴിലിൽ അർപ്പിക്കാൻ സ്വതന്ത്രരാണ്. അവർ മറ്റുള്ളവരുടെ ജീവിതം മെച്ചപ്പെടുത്തുന്ന ഉല്പന്നങ്ങൾ വികസിപ്പിക്കുകയും മെച്ചപ്പെടുത്തുകയും വിതരണം ചെയ്യുകയും ചെയ്താൽ അവർ ആ ഉല്പന്നങ്ങൾ വാങ്ങിച്ച് അവരെ കൃതാർത്ഥരാക്കുന്നു. അതിനാൽ സ്വതന്ത്രസമൂഹങ്ങൾ കൂടുതൽ നൂതനമായതും സൃഷ്ടിപരവും ആയതിനാൽ വേഗത്തിൽ പുരോഗമിക്കുന്നതുമാണ്.

സാമ്പത്തികസ്വാതന്ത്ര്യം ജനങ്ങളുടെ സ്വന്തം താൽപര്യങ്ങളെ സമൂഹനന്മയുടെ ദിശയിലേക്ക് തിരിച്ചു വിടുന്നു. മറ്റുള്ളവർക്ക് വേണ്ടതും അവർ വിലകൊടുക്കാൻ തയ്യാറുള്ളതുമായ സാധനങ്ങൾ ഉല്പാദിപ്പിക്കു ന്നതുവഴി നിങ്ങൾ ധനം സമ്പാദിക്കുന്നു. അവർ വീണ്ടും കൂടുതൽ വാങ്ങാനായി നിങ്ങളിലേക്ക് തിരിച്ചു വരുവാനും അവരുടെ സുഹൃത്തുക്കളോട് നിങ്ങളെത്ര സമർത്ഥനാണെന്ന് പറയുവാനും നിങ്ങൾ ആഗ്രഹിക്കുന്നു. അത് ഉല്പാദകരുടെ ശ്രദ്ധ അവരിൽനിന്നും മാറി ഉപഭോക്താക്കളിലേക്ക് കേന്ദ്രീകരിക്കുന്നു. സ്വതന്ത്രസമൂഹങ്ങളിലെ വളരെ പ്രസിദ്ധരായ മിക്ക കച്ചവടക്കാരും അവരുടെ ഉപഭോക്താക്കളിൽനിന്ന് കൂടുതൽ ലാഭം പിഴിഞ്ഞെടുത്തല്ല മറിച്ച് അവരുടെ ആവശ്യങ്ങളും ആഗ്രഹങ്ങളും നിറവേറ്റികൊടുത്താണ് വിജയം കൈവരിച്ചതെന്ന് പറയുന്നു.

'നായ നായയെ തിന്നുന്നു' എന്ന കാർട്ടൂണിൽ നിന്ന് വളരെ വ്യത്യസ്തമാണ് സ്വതന്ത്രസമൂഹത്തിലെ യാഥാർത്ഥ്യം. സ്വതന്ത്ര ജനങ്ങൾ തമ്മിലുള്ള സ്വമേധയാ ഉള്ള വ്യാപാര വിനിമയത്തിനെ അടിസ്ഥാനപ്പെടുത്തി ഉള്ള ഒരു വലിയ സഹകരണ സംവിധാനമാണ് ഒരു യഥാർത്ഥ സ്വതന്ത്ര സമ്പദ്ഘടന മറിച്ച് ബലപ്രയോഗത്തിലല്ല.

### *മൂലധനത്തിന്റെ സൃഷ്ടി*

നവീകരണവും, ഉപഭോക്തൃ സേവനവും പ്രോൽസാഹിപ്പിക്കുന്നത് കൂടാതെ സ്വതന്ത്രസമ്പദ് ഘടനകൾ ഉല്പാദനക്ഷമതയുള്ള മൂലധനം കെട്ടിപ്പടുക്കുന്നതി ലൂടെ സമ്പന്നമാകുന്നു. വല ഉപയോഗിച്ച് മീൻ പിടിക്കുന്നതാണ് കൈയ്യുപ യോഗിക്കുന്നതിലും എളുപ്പം. എന്നാൽ ഇതർത്ഥമാക്കുന്നത് വലയുണ്ടാക്കുന്ന സമയം മീൻ പിടിക്കാത്തതിനാൽ കുറവ് മീനുകളേ പിടിക്കുന്നുള്ളൂ എന്നാണ്. ഇന്നത്തെ ഉപഭോഗം കുറച്ച് നിങ്ങൾക്ക് മൂലധനം സമാഹരിച്ച് ഭാവി ഉല്പാദനം കൂടുതൽ കാര്യക്ഷമമാക്കാം.

ഇതാണ് മുതലാളിത്തത്തിന്റെ അടിസ്ഥാനം. ജനങ്ങൾ അവരുടെ ജീവിതം കൂടുതൽ എളുപ്പമാക്കുന്നതും തൊഴിൽ കൂടുതൽ ഉല്പാദനക്ഷമതയുള്ളതും ആക്കുന്ന വീടുകൾ, വ്യവസായശാലകൾ, യന്ത്ര ഉപകരണങ്ങൾ എന്നീ മൂലധനം സമാഹരി ക്കുന്നു. (ഇതിനാൽ തൊഴിലിന്റെ ഉല്പാദനക്ഷമത വളരെ ഏറുന്നു. കൈകലപ്പ കൊണ്ടുഴുന്നതും ട്രാക്റ്റർ ഉപയോഗിച്ച് കൃഷി ചെയ്യുന്നതും തമ്മിലുള്ള അദ്ധ്വാനത്തിലെ വ്യത്യാസം ചിന്തിച്ചുനോക്കു) കൂടാതെ ഈ പ്രക്രിയ ഉത്തരോത്തരം വർദ്ധിക്കുന്നതാണ്. ഓരോ കൂട്ടിചേർക്കലും സാങ്കേതിക വിദ്യയുടെ അഭിവൃദ്ധിയും ഉല്പാദനം കൂടുകയും അദ്ധ്വാനം കുറയുകയും ചെയ്യുന്നു.

ജനങ്ങൾക്ക് തട്ടിയെടുക്കപ്പെടും എന്ന ഭയമില്ലാതെ വീട്, പണിശാല, യന്ത്രോപകരണങ്ങൾ മറ്റു മൂലധനസാമഗ്രികൾ എന്നിവ സ്വന്തമാക്കുന്നതിനുള്ള കഴിവ് നൽകുന്നു എന്നതുകൊണ്ടുമാത്രമാണ് ഒരു സ്വതന്ത്രസമൂഹത്തിന് ഉല്പാദനക്ഷമതയുള്ള മൂലധനം സമാഹരിക്കാനും ഉല്പാദനക്ഷമതയും അഭിവൃദ്ധിയും വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കുവാനും കഴിയുന്നത്. ഇത് ജനങ്ങളെ തട്ടിപ്പറിയിൽനിന്ന് സംരക്ഷി ക്കുന്നു. കൂടാതെ ഇതിന് സദാചാരവും നിയമപരവും ആയ ചട്ടങ്ങൾ സ്വത്തുടമസ്ഥാവകാശത്തെ സംബന്ധിച്ചുണ്ട് അത് കളവിന്റെ സാധ്യത കുറയ്ക്കുന്നു.

ഈ നിയമവും സംസ്കാരവും വഴിയുള്ള സ്വത്തവകാശസംരക്ഷണം ഒരു സ്വതന്ത്രസമൂഹത്തിലും സമ്പദ് വ്യവസ്ഥയിലും വളരെ പ്രധാനമാണ്. കൊള്ളക്കാരാൽ കൊള്ളയടിക്കപ്പെടും അവരുടെ കൊയ്ത്ത് എന്ന് വിശ്വാസം ഉണ്ടെങ്കിൽ ഒരു കൃഷിക്കാരനും വിത്തുവിതച്ച്, പറിച്ച് നട്ട്, കൃഷിചെയ്ത് വിള കളെ സംരക്ഷിക്കില്ല. അതുപോലെതന്നെ അവരുടെ വരുമാനത്തിന്റെ സിംഹഭാഗവും നികുതിയായി എടുക്കുമെങ്കിൽ മിക്ക ജനങ്ങൾ ആവശ്യത്തിൽകൂടുതൽ പണി ചെയ്യാൻ തയ്യാറാകില്ല. വിലക്കയറ്റം എന്ന കള്ളനികുതിയിലൂടെ ചതിക്കപ്പെടാനാണെങ്കിൽ കുടുംബങ്ങൾ സമ്പാദിക്കില്ല. പ്രതിഫലമില്ലാതെ അവരുടെ ആസ്തികൾ ദേശസാൽക്കരിക്കുമെന്നുണ്ടെങ്കിൽ സംരംഭകർ അവരുടെ സംരംഭങ്ങളിൽ നിക്ഷേപിക്കാൻ തൽപരരാവില്ല. വേണ്ടപ്പെട്ട പ്രമാണികൾക്ക് വേണ്ടി വിപണിയെ വിഷമിപ്പിക്കുന്ന ആനുകൂല്യങ്ങൾ മറ്റുള്ളവർ പുതിയ സംരംഭ ങ്ങൾ വളർത്താനുള്ള സാധ്യത കുറയ്ക്കുന്നു.

കള്ളന്മാരാലും സർക്കാരിനാലും ഉള്ള ഈ ചൂഷണം എത്രത്തോളം കൂടു തലാണോ അത്രയും കൂടുതലായിരിക്കും ജോലി, സമ്പാദ്യം, പുരോഗതി എന്നിവയോടുള്ള വിമുഖതയും. പതിനാലാം നൂറ്റാണ്ടിലെ ഇസ്ലാമിക പണ്ഡിതനും നീതിജ്ഞനുമായ ഇബൻ ഖാൽദൂൻ ഈ വിഷയം വളരെ നന്നായി മനസ്സിലാക്കി. അദ്ദേഹം എഴുതി

ജനങ്ങളുടെ സ്വത്തിന്മേലുള്ള ആക്രമണം സ്വത്ത് നേടാനും സമ്പാദിക്കാനും ഉള്ള പ്രേരണയില്ലാതാക്കുമെന്ന് അറിയണം. ജനങ്ങൾ പിന്നെ സ്വത്തുസമ്പാദനത്തിന്റെ ആത്യന്തികമായ ഉദ്ദേശ്യവും വിധിയും അത് അവരിൽനിന്ന് എടുത്തുമാറ്റപ്പെടുക എന്നതാണ് എന്ന അഭിപ്രായക്കാരാകുന്നു. സ്വത്ത് സമ്പാദിക്കാനുള്ള പ്രേരണയില്ലാതായാൽ സമ്പാദിക്കാനുള്ള ഒരു ശ്രമവും പിന്നെ നടക്കില്ല - സ്വത്തവകാശത്തിന്മേലുള്ള കടന്നുകയറ്റം

എത്രത്തോളമാണെന്നുള്ളത് നിശ്ചയിക്കും ജനങ്ങളുടെ സ്വത്ത് സമ്പാദനത്തിനുള്ള ശ്രമങ്ങളിലെ ഉദാസീനത.[9]

### *സ്വത്തും പുരോഗതിയും*

എന്നാൽ സ്വത്തവകാശത്തിലെ സുരക്ഷിതത്വം നിങ്ങളുടേയും കുടുംബത്തിന്റേയും ഭാവിയിലേക്ക് ഒരു അവകാശവാദം തരുന്നു. ഉദാഹരണത്തിന് നിങ്ങൾക്ക് സ്വന്തമായി ഒരു വീടുണ്ടെങ്കിൽ - മിക്ക രാജ്യങ്ങളിലും മിക്ക ജനങ്ങൾക്കും കഴിയില്ലാത്തത് - നിങ്ങൾക്ക് നിങ്ങളുടെ ജീവിതം നടത്തിക്കൊണ്ടുപോകാൻ സുരക്ഷിതമായ ഒരു സ്ഥലമുണ്ട്. സമ്പന്നപ്രമാണിമാരുടെ നിരന്തര ദയാവായ്പിന് കാത്തുനില്ക്കാതെ നിങ്ങളുടേതായ മൂലധനം സമാഹരിക്കുന്നതിനോ വ്യവസായം തുടങ്ങുന്നതിനോ വേണ്ടി വായ്പയെടുക്കാനുള്ള ഒരു ആസ്തി നിങ്ങൾക്കുണ്ട്. ഇത് നിങ്ങൾക്ക് ജോലി ഉപേക്ഷിച്ച് പുതിയത് നേടുക, പുതിയ കച്ചവടത്തിന് സാമ്പത്തിക സഹായം നൽകുക തുടങ്ങിയ പുതിയ പരീക്ഷണങ്ങൾ നടത്താൻ വേണ്ട സാമ്പത്തിക ഭദ്രത നൽകുന്നു.

സുരക്ഷിത സ്വത്തവകാശം വൈദഗ്ദ്ധ്യത്തേയും വാണിജ്യത്തേയും വർദ്ധിപ്പിക്കുന്നു. ഇത് മനുഷ്യരുടെ ഉല്പാദനക്ഷമത കൂട്ടുകയും അതുവഴി മനുഷ്യസമ്പത്ത് വർദ്ധിക്കുകയും ചെയ്യുന്നു. സ്വന്തം ഭക്ഷണം സ്വയം ഉല്പാദിപ്പിക്കുക, ഇന്ധനത്തി നുള്ള വിറക് ശേഖരിക്കുക, സ്വയം വസ്ത്രം നിർമ്മിക്കുക, ഗൃഹനിർമ്മാണം സ്വയം ചെയ്യുക, അക്രമങ്ങളിൽ നിന്ന് സ്വയരക്ഷ തേടുക എന്നിവയെല്ലാം സ്വയം ചെയ്താൽ നമ്മുടെ ജീവിതം വളരെ പരിതാപകരമാകും. നമ്മിലാർക്കും ഇവയെല്ലാം ചെയ്യുന്നതിനുള്ള കാര്യപ്രാപ്തി ഉണ്ടാവണമെന്നില്ല. കൂടാതെ നമുക്ക് ഇവയെല്ലാം കാര്യക്ഷമമായും എളുപ്പത്തിലും ചെയ്യാനുള്ള ഉപകരണങ്ങൾ വേണ്ടിവരും. ജനങ്ങളുടെ സ്വത്തവകാശം സംരക്ഷിക്കപ്പെട്ടാൽ ഇവയെല്ലാം നമ്മൾ സ്വയം ചെയ്യേണ്ടതായി വരില്ല. ജനങ്ങൾക്ക് പ്രത്യേക ഉപകരണങ്ങൾ വികസിപ്പിച്ചെടുത്ത് ഒരു പ്രവൃത്തി കാര്യക്ഷമമായി ചെയ്ത് ആ ഉല്പന്നങ്ങളിൽ ബാക്കിയുള്ളവ നമുക്ക് വിൽക്കാം. കൃഷിക്കാരന് കലപ്പയിലും ട്രാക്ടറിലും, ഗൃഹ നിർമ്മാതാവിന് ഏണിയിലും മൺവെട്ടിയിലും, വസ്ത്രനിർമ്മാതാവിന് തറിയിലും, തയ്യൽയന്ത്രങ്ങളിലും നിക്ഷേപിക്കാം. ചുറ്റുപാടുമുള്ള സ്വയം പര്യാപ്തമായ പരിശീലനം സിദ്ധിക്കാത്തവർ പ്രതീക്ഷിക്കാവുന്നതിലും എത്രയോ മികച്ച രീതിയിൽ

9. ഇബ്ൻ ഖൽദും. മുഖാദ്ദിമാഹ്, ആൻ ഇൻട്രൊഡക്ഷൻ റ്റു ഹിസ്റ്ററി, 1377

9. Ibn Khaldun, Muqaddimah: An Introduction to History, 1377.

അവരുടെ തൊഴിലിൽ കാര്യപ്രാപ്തിയും നിർവ്വഹണാധികാരവും നേടാൻ അവർക്ക് കഴിയും. ഈ തൊഴിൽ വിഭജനത്തിന്റെ ഫലമായി നാമെല്ലാവരും കൂടുതൽ ഗുണമേന്മയുള്ള ഉല്പന്നങ്ങളും, കുറഞ്ഞ ചിലവും കൂടുതൽ സമ്പുഷ്ടമായ ജീവിതവും ആസ്വദിക്കുന്നു.

എന്നാൽ വീണ്ടും ഇതെല്ലാം സാധ്യമാവണമെങ്കിൽ ജനങ്ങൾ മൂലധന സമാഹരണത്തിനും വ്യാപാരം നടത്തുന്നതിനും സുരക്ഷിതവും അവർ ചതിക്കപ്പെടില്ല, കവർച്ച ചെയ്യപ്പെടില്ല എന്ന വിശ്വാസമുള്ളവരും ആയിരിക്കണം. ഇതരമാർഗ്ഗം ഭയാനകമാണ്. ഇബൻ ഖാൽദുൻ തുടർന്നപോലെ; ജനങ്ങൾ ജീവിതവൃത്തിക്കായി കച്ചവടം നടത്താതിരിക്കുമ്പോൾ, ലാഭകരമായ എല്ലാ പ്രവൃത്തികളും നിർത്തുമ്പോൾ, സഭ്യതയുടെ വ്യാപാരം ഇടിയുന്നു എല്ലാം അപചയിക്കുന്നു. ജനങ്ങൾ നിലനിൽപിനായി എല്ലായിടവും ചിതറുന്നു. അവരുടെ പ്രസ്തുത സർക്കാരിന്റെ അധികാര പരിധിക്ക് പുറത്തുള്ള സ്ഥലങ്ങളിലേക്ക് പോലും. ഇത് ഇന്ന് കാണുന്ന അസ്വതന്ത്രരാജ്യങ്ങളിൽനിന്ന് സ്വതന്ത്രരാജ്യ ങ്ങളിലേക്കുള്ള കുടിയേറ്റത്തിലൂടെ വളരെ വ്യക്തമാണ്.

### *ആരുടേയും ചിലവിലല്ലാതെ സമ്പത്തിന്റെ സൃഷ്ടി*

ചില ആൾക്കാർ വിചാരിക്കുന്നു ഒരുവന്റെ സമ്പത്ത് മറ്റൊരുവന്റെ ചിലവിലേ ഉണ്ടാവൂ എന്ന്. ഇത് അങ്ങനെയല്ല. ഒരു സ്വതന്ത്രസമ്പദ് വ്യവസ്ഥ യഥാർത്ഥത്തിൽ സ്വത്ത് സൃഷ്ടിക്കുകയും ഇപ്പോഴുള്ള വസ്തുവിന്റെ മൂല്യം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

മൂല്യം വസ്തുക്കളുടെ ഭൗതികഗുണമല്ല. അത് വസ്തുക്കളെ പറ്റിയുള്ള ജനങ്ങളുടെ ചിന്തയാണ്. വില്പനക്കാർ ഇടപാടുകാരുടെ ധനത്തിന് വസ്തുക്കളേക്കാൾ മൂല്യം കല്പിക്കുന്നതുകൊണ്ട് വസ്തുക്കൾ വില്ക്കുന്നു. ഇടപാടുകാർ വാങ്ങിക്കുന്ന വസ്തുക്കൾക്ക് ധനത്തേക്കാൾ മൂല്യം കല്പിക്കുന്നതുകൊണ്ട് കാശ് ചിലവാക്കുന്നു. അവർ കളിച്ചുമടുത്ത വസ്തുക്കൾ അവർക്ക് വേണ്ടവയുമായി കൈമാറ്റം ചെയ്യു മ്പോൾ അവർക്ക് നേട്ടം ഉണ്ടാകുന്നു എന്ന ധാരണയിൽ സ്കൂൾ കുട്ടികൾപോലും കളിപ്പാട്ടങ്ങൾ മാറുന്നു. അവരുടെ കൈമാറ്റം മൂല്യം സൃഷ്ടിച്ചിട്ടുണ്ട്. ഇത്തരം കച്ചവടംകൊണ്ട് ആർക്കും ദോഷം വരുന്നില്ല. തീർച്ചയായും അവർക്ക് നഷ്ടപ്പെടുന്നു എന്ന് തോന്നിയാൽ ഇരുകൂട്ടരും ആ കച്ചവടത്തിന് സമ്മതിക്കില്ല.

അതുപോലെതന്നെ ഒരാൾ ഒന്നുമില്ലാത്തിടത്ത് വിത്തുപാകുകയും വിളകൾ വളർത്തുകയും മറ്റൊരാൾ ആ ഉല്പന്നത്തിന് വില കൊടുക്കാൻ തയ്യാറാകുകയും

ചെയ്യുമ്പോൾ അവർ നിഷ്ഫലമായ ഒന്നിന് പുതിയ മൂല്യം സൃഷ്ടിക്കുകയാണ്. ഒരാളേയും കവർച്ച ചെയ്യാതെതന്നെ സമ്പത്ത് സൃഷ്ടിക്കപ്പെടണം.

കൂടാതെ ഒരു സംരംഭകന്റെ ഷൂസോ, കാറോ, വസ്ത്രങ്ങളോ, ജനങ്ങൾ വാങ്ങിക്കാൻ തയ്യാറുള്ള മറ്റേതെങ്കിലും പുതിയ കണ്ടുപിടുത്തമോ നിർമ്മിക്കാൻ ഉള്ള വ്യവസായശാല നിർമ്മിക്കുകയും അതിലൂടെ ധനസമ്പാദനം നടത്തുകയും ചെയ്താൽ ആരാണ് കവർച്ച ചെയ്യപ്പെടുന്നത്? അവർ വളരെയധികം സമ്പത്ത് സമാഹരിച്ചി രിക്കാം പക്ഷെ അവർ ആരിൽനിന്നും ഒന്നും മോഷ്ടിച്ചിട്ടില്ല. മറിച്ച് മുൻപ് ഒന്നുമില്ലാതിരുന്നിടത്ത് മൂല്യം സൃഷ്ടിച്ച്, വിതരണം ചെയ്തിട്ടുണ്ട്.[10]

### *ഒരു സ്വതന്ത്രസമൂഹം മൈത്രീ മുതലാളിത്തമല്ല*

മുതലാളിത്തത്തിൽ സമ്പന്നവാണിജ്യതാൽപര്യം പാവങ്ങളെ ചൂഷണം ചെയ്യുന്നുവെന്നും രാഷ്ട്രീയക്കാർ തങ്ങളുടെ കച്ചവടസുഹൃത്തുക്കൾക്ക് കുത്തകാവകാശം, ആനുകൂല്യങ്ങൾ, സഹായധനം, സബ്സിഡി എന്നിവ നൽകി പൊതുജനങ്ങളിൽനിന്ന് സമ്പത്ത് തട്ടിയെടുക്കുന്നുവെന്നും വാദിക്കുന്നു.

പക്ഷെ യഥാർത്ഥ സ്വതന്ത്രസമൂഹം ചൂഷണവും മൈത്രിമുതലാളിത്തവും അസാധ്യമാക്കുന്നു. കച്ചവടം അവരുടെ നിലനിൽപിനായി ഇടപാടുകാരെ ആശ്രയിക്കുന്നു. അവർ നല്ല സേവനം പ്രദാനം ചെയ്തില്ലെങ്കിൽ ഇടപാടുകാർ അവരെ ത്യജിച്ച് മറ്റു ദാതാക്കളെ കണ്ടെത്തും. കൂടാതെ ഒരു സ്വതന്ത്ര സമൂഹത്തിൽ സർക്കാറുകൾക്ക് കുത്തകാവകാശം സൃഷ്ടിക്കാനോ, പ്രത്യേക കമ്പനികളെ സംരക്ഷിക്കാനോ പുതിയ കച്ചവടം വളർത്തുന്നതിൽനിന്ന് ജനങ്ങളെ തടയാനോ ഉള്ള അധികാരമില്ലാത്തതിനാൽ പ്രബലമായ ദാതാക്കൾ ഉണ്ടായിരിക്കും. ഒരു യഥാർത്ഥ സ്വതന്ത്രസമൂഹം മൽസരം സൃഷ്ടിക്കുന്നു. അത് ഉപഭോക്താക്കളെ ഉല്പാദകരുടെ മേൽ അധികാരമുളളവരാക്കുന്നു. ജനങ്ങൾക്ക് വേണ്ട മൂല്യാനുസൃതമായ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാത്ത ഉല്പാദകർ കച്ചവടരംഗത്ത് നിന്ന് പുറത്താകും. വലിയ മൂലധനനിക്ഷേപം ആവശ്യമുള്ള കാർ നിർമ്മാണം പോലുള്ള രംഗങ്ങളിലെ ചില സ്ഥാപനങ്ങൾ വലിയതോതിൽ വളർച്ച പ്രാപിക്കും. എന്നാൽ അവർക്ക് അപ്പോഴും അവരേക്കാൾ ഭേദപ്പെട്ട രീതിയിൽ പ്രവർത്തിക്കാനാവുമെന്ന് ചിന്തിക്കുന്ന വൻ നിക്ഷേപകരിൽ നിന്ന് യഥാർത്ഥവും പ്രബലവുമായ മൽസരം നേരിടേണ്ടി വരും.

10. യു കെ വ്യവസായി ആയിരുന്ന സർ ഏണസ്റ്റ് ബെന്നിന്റെ വൈ ഫ്രീഡം വർക്സ് എന്ന പുസ്തകത്തിൽ ഈ ആശയം നന്നായി രെമാർശിച്ചിട്ടു ഏണസ്റ്റ് ബെൻ ലിമിറ്റഡ്, ലൻ, 1964

10. This point is well made by UK businessman Sir Ernest Benn in Why Freedom Works, Sir Ernest Benn Ltd, London, 1964.

അധികാരികൾ മൽസരം അടിച്ചമർത്തുകയും പുതിയ മൽസരാർത്ഥികൾ വരുന്നതിൽ നിന്നും നിരുൽസാഹപ്പെടുത്തുകയും തടസ്സപ്പെടുത്തുകയും ചെയ്യുമ്പോഴാണ് പ്രശ്നങ്ങൾ തുടങ്ങുന്നത്.

തീർച്ചയായും സത്യസന്ധമായ സുതാര്യമായ മൽസരം നിലനിർത്താൻ ബുദ്ധിമുട്ടാണ്. ഇന്ന് ലോകത്തിലെ മിക്ക സ്വതന്ത്രസമൂഹങ്ങളിലും രാഷ്ട്രീയക്കാർ നിയമവും നിയന്ത്രണവും അടിച്ചേല്പിക്കുന്നു - പലപ്പോഴും ബോധപൂർവ്വമല്ലാതെ - ഇത് മൽസരം കുറയ്ക്കുകയും ഉപഭോക്താവിന് ഉല്പാദകരുടെ മേലുള്ള അധികാരം കുറയ്ക്കുകയും ചെയ്യുന്നു. ഉല്പാദകർ മിക്കവാറും ഇതു നടപ്പിൽ വരുത്താൻ ഗൂഢാലോചന ചെയ്യാറുണ്ട്. ഉദാഹരണത്തിന് വ്യവസ്ഥാപിത സ്ഥാപനങ്ങൾ, ഉല്പന്നങ്ങളുടെ ഗുണനിലവാരത്തെയും ഉല്പാദന മാനദണ്ഡങ്ങളെയും സംബന്ധിക്കുന്ന എന്ത് എങ്ങനെ ഉല്പാദിപ്പിക്കണമെന്ന് വ്യക്തമാക്കുന്ന നിയമങ്ങൾ കൊണ്ടുവരാൻ രാഷ്ട്രീയക്കാരിൽ സമ്മർദ്ദം ചെലുത്തും. ഇത്തരം നിയമങ്ങൾ പൊതു ജനത്തെ മോശം ഉല്പന്നങ്ങളിൽ നിന്ന് രക്ഷിക്കാൻ ആവശ്യമാണെന്ന് അവർ വാദിച്ചേക്കാം.

എന്നാൽ ശരിയായ ഫലം ചട്ടങ്ങളിൽ പറയാത്ത പുതിയ ഉല്പന്നങ്ങൾ പുതിയ രീതിയിൽ ഉണ്ടാക്കുന്ന പുതിയതും ചെറുതുമായ വിതരണക്കാരിൽ നിന്ന് അവരുടെ കച്ചവടത്തെ രക്ഷിക്കുക എന്നാണ്. അല്ലെങ്കിൽ വീണ്ടും സ്വദേശി വ്യവസായങ്ങളെ സംരക്ഷിക്കണം എന്ന വാദത്തിൽ വിദേശമൽസരത്താൽ ഭീഷണി നേരിടുന്നതോ പാപ്പരത്തം നേരിടുന്നതോ ആയ വ്യവസായങ്ങളെ രക്ഷിക്കാനായി പൊതുസമ്പത്ത് ഉപയോഗിക്കാൻ രാഷ്ട്രീയക്കാർ ഇടപെടാം. അവർ സ്വദേശി വ്യവസായത്തെ രക്ഷിക്കാനായി വിദേശ ഇറക്കുമതി നിരോധിച്ചേക്കാം. ഇത് ആ വ്യവസായങ്ങളിൽ ജോലിചെയ്യുന്നവർക്ക് താൽക്കാലിക ആശ്വാസം നൽകിയേക്കാം. എന്നാൽ ഇത് നികുതിദായകരുടെയും വിലനിലവാരം കുറഞ്ഞ വസ്തുക്കൾക്ക് അവർ കൊടുക്കേണ്ടുന്നതിനേക്കാൾ കൂടുതൽ കൊടുക്കേണ്ടിവരുന്നതും കുറഞ്ഞ തിരഞ്ഞെടുപ്പ് ഉപാധികളും ഉള്ള പൊതുജനത്തിന്റെ ചിലവിലാണ്.

ഒരു സമൂഹം എത്രത്തോളം സ്വാതന്ത്ര്യത്തിൽനിന്ന് അകന്നുപോവുന്നുവോ, പകരം സാമ്പത്തിക സ്വാതന്ത്ര്യം അധികാരികൾക്ക് കൊടുക്കുന്നുവോ അത്രയും അധികം സാധ്യതയുണ്ട് ഉല്പാദകരും രാഷ്ട്രീയക്കാരും സ്വന്തം നേട്ടത്തിനായി ജനങ്ങളെ ചൂഷണം ചെയ്യാൻ. അത്തരം മൈത്രീ മുതലാളിത്തത്തിന്റെ അവശിഷ്ടങ്ങൾ എല്ലായിടത്തും കാണാം. എന്നാൽ പ്രശ്നം അസ്വതന്ത്ര സമ്പദ്ഘടനകളിൽ കൂടുതൽ മോശമാണ്. അധികാരം നേടുന്നവർ അത് അവരെ

തന്നെയോ അവരുടെ കുടുംബക്കാരേയും കൂട്ടുകാരേയും പരിപോഷിപ്പിക്കാനായി ഉപയോഗിക്കും എന്ന് ഒരു മുൻധാരണ പലപ്പോഴും ഉണ്ട്. അപ്രകാരം ചെയ്തില്ലെങ്കിൽ അത് അവരുടെ ദൗർബല്യമായി പോലും കണക്കാക്കാറുണ്ട്.

എന്നാൽ ഒരു യഥാർത്ഥ സ്വതന്ത്രസമൂഹത്തിൽ അധികാരികൾക്ക് നിയമനിർമ്മാണ അധികാരവും പൊതുസമ്പത്തും ഉപയോഗിച്ച് ഇഷ്ടജനങ്ങൾക്ക് പ്രത്യേക സാമ്പത്തിക നേട്ടങ്ങൾ അനുവദിക്കാൻ അനുവാദമില്ല. അധികാരം എപ്രകാരം വിനിയോഗിക്കണമെന്നതിനും പൊതുസമ്പത്ത് എപ്രകാരം ചിലവഴിക്കണമെന്ന തിനും കർക്കശമായ നിയമങ്ങൾ ഉണ്ട്. ഉല്പാദകർക്ക് രാഷ്ട്രീയക്കാരെ സംരക്ഷണവും, സഹായധനവും കിട്ടുന്നതിനായി സ്വാധീനിക്കാൻ കഴിയില്ല, അത്തരം സഹായങ്ങൾ അനുവദിക്കാനുള്ള അധികാരം ഇല്ല എന്നതിനാൽ.

മൽസരബുദ്ധിയുള്ള മുതലാളിത്തമല്ല, സ്വാതന്ത്രത്തിന്റെ അഭാവമാണ് സ്ഥാപനങ്ങൾക്കും രാഷ്ട്രീയ കാർക്കും സാധാരണ ജനങ്ങളെ ചൂഷണം ചെയ്യാനുള്ള അധികാരം നൽകുന്നത്.

### *സ്വാതന്ത്ര്യത്തിന്റെ വിജയം*

സാമ്പത്തിക സ്വാതന്ത്രവും വ്യാപാരവും അപൂർവ്വമായേ പൂർണ്ണ സ്വതന്ത്രമാകൂ, കഴിഞ്ഞ 30 വർഷങ്ങ ളിലേറെയായി അവർ ഇരുനൂറ് കോടി ജനങ്ങളെ കടുത്ത ദാരിദ്രത്തിൽ നിന്ന് കരകയറ്റി. അരനൂറ്റാണ്ടിന്റെ ശ്രമത്തിന് ശേഷവും റഷ്യ, ചൈന, തെക്ക് കിഴക്കൻ ഏഷ്യ എന്നിവിടങ്ങളിലെ ശക്തവും കേന്ദ്രീകൃതവുമായ സർക്കാരുകൾക്ക് സാധിക്കാത്തതാണിത്. എന്നാൽ മതിലുകളും വ്യാപാര തടസ്സങ്ങളും നീങ്ങുന്നതോടെ കൂടുതൽ കൂടുതൽ രാജ്യങ്ങൾ ആഗോള വ്യാപാര വ്യവസ്ഥയിൽ ചേരുകയും സമ്പത്ത് പരക്കുകയും ചെയ്തു. ഇത് പ്രത്യേകിച്ചും അന്താരാഷ്ട്രതലത്തിൽ സ്വതന്ത്ര വ്യാപാരം സ്വീകരിച്ചിട്ടുള്ള ദരിദ്ര രാഷ്ട്രങ്ങളിലെ ദരിദ്രജനങ്ങളിലേക്കാണ് ഇത് പരന്നിരിക്കുന്നത്. സ്വാതന്ത്ര്യത്തിനേക്കാൾ ആപൽക്കരമല്ലാത്തതും ഉല്പാദനക്ഷമതയുള്ളതുമായ ഒരു തത്വം ഭൂമിയിൽ ഉണ്ടാകുമോ?

# 3. ഒരു സ്വതന്ത്രസമൂഹത്തിന്റെ നിയമസ്ഥാപനങ്ങൾ

## സ്റ്റേറ്റില്ലാത്ത സമൂഹം

### *സ്വാതന്ത്ര്യവും സംസ്കാരവും*

ഒരു സ്വതന്ത്രസമൂഹത്തിൽ ജനങ്ങളുടെ ജീവിതത്തിന്റെ ഭീമമായ ഭാഗവും ജീവിക്കുന്നത് സർക്കാരുകളുടെ പരിപൂർണ്ണമായ അഭാവത്തിലാണ്. സർക്കാർ ഉറങ്ങുമ്പോൾ സമ്പദ്ഘടന വളരുന്നു. ഇത് വെറുമൊരു പഴയ ഭാരതീയ തമാശയല്ല. അതിനേക്കാൾ അർത്ഥവത്താണ്. വാസ്തവത്തിൽ ജനങ്ങളുടെ പ്രാധാന പ്രവർത്തനങ്ങളിൽ സർക്കാരിന് ഒരു പങ്കുമില്ല.

സ്വതന്ത്രസമൂഹത്തിലെ ജനങ്ങൾ ഒറ്റപ്പെട്ട വ്യക്തികളല്ല, മറിച്ച് അവർ സമൂഹജീവികളാണ്. അവർ മറ്റുള്ളവരുമായുള്ള ചങ്ങാത്തം നേടുന്നു. മറ്റുള്ളവ രുമായി യോജിച്ചു പോവാൻ ശ്രമിക്കുന്നു. മറ്റുള്ളവരുമായി പലവിധത്തിലും സഹകരിക്കുന്നു. അവർ മതപരമായ സംഘടനകളുടെ സജീവപ്രവർത്തകരാ യിരിക്കാം. ക്ലബുകളിലും സൊസൈറ്റികളിലും അവർ സംഗീതം, വായന, പാചകം, മീൻപിടുത്തം, കളിക്കൽ, കളികൾ കാണൽ, ശേഖരണം എന്നിങ്ങനെ എന്തുമാകട്ടെ ഒരോ കാര്യങ്ങൾ ആസ്വദിക്കുന്നവരായും ഇടപഴകുന്നു. അവർ യുവാക്കളോ വൃദ്ധരോ സ്കൂൾ ചങ്ങാതികളോ പുതിയ രക്ഷാകർത്താക്കളോ അല്ലെങ്കിൽ ഒരേ ബലഹീനതയുള്ള ആളുകളോ ആയ സമാന മനസ്കരുമായി സഹകരിക്കുകയും സംഘങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. ആവശ്യക്കാർക്കും ഭവനരഹിതരുമായവർക്കും വേണ്ടി അവർ സൂപ്പ് കിച്ചണുകളും ഹോസ്റ്റലുകളും നടത്തിയേക്കാം. ഇതിനെയാണ് സംസ്കാരമുള്ള സമൂഹം എന്നു വിളിക്കുന്നത്.

കൂടുതൽ സ്വതന്ത്രമായ സമൂഹത്തിൽ പ്രവർത്തനങ്ങളിലും ചലനങ്ങളിലും ജനങ്ങൾ കൂടുതൽ സ്വാതന്ത്ര്യം ആസ്വദിക്കുന്നതോടൊപ്പം അവരുടെ പൗരന്മാർ ബഹുഭൂരിപക്ഷംപേരും സാധാരണ മൂല്യങ്ങളെ, സംസ്കാരങ്ങളെ, പാരമ്പര്യങ്ങളെ ബഹുമാനിക്കുകയും പങ്കുവയ്ക്കുകയും ചെയ്യുന്നു.

സ്വതന്ത്രരായ വ്യക്തികൾ ചിലപ്പോൾ പഴയ രീതികളെ വെല്ലുവിളിച്ചേക്കുമെങ്കിലും അങ്ങനെയാണ്, കൂടുതൽ മേന്മയുള്ള തരത്തിൽ പ്രവർത്തിക്കുന്നതെങ്ങനെയെന്ന് കണ്ടുപിടിക്കുന്നതും അഭിവൃദ്ധിപ്പെടുന്നതും. എന്നാൽ സ്വാതന്ത്ര്യം സംസ്കാരത്തിന്റെ എതിരാളിയല്ല. ഒരു പ്രത്യേക സംസ്കാരം പങ്കുവയ്ക്കാത്ത കുടിയേറ്റക്കാർ പോലും നിശ്ചയമായും - കുടിയേറിയ രാജ്യത്തിന്റെ സംസ്കാരത്തെ ബഹുമാനിക്കണം. എങ്കിൽ മാത്രമേ അവർ അവിടെ സ്വീകരിക്കപ്പെടുന്നുള്ളു. അവർക്കവിടെ ഒരു ജോലി സുരക്ഷിതമാക്കണമെങ്കിൽ അവിടത്തെ ഭാഷ പഠിക്കേണ്ടത് അത്യാവശ്യമാണ്. അവർ കുടിയേറുന്ന രാജ്യത്തെ പാരമ്പര്യങ്ങളും ധാർമിക തത്ത്വങ്ങളും തുടക്കത്തിൽ മനസ്സിലാക്കുവാനും ഉൾക്കൊള്ളുവാനും കഴിഞ്ഞെന്ന് വരില്ല. എങ്കിലും തെറ്റിദ്ധരിക്കപ്പെടാതിരിക്കുവാനും പുരോഗതി കൈവരിക്കുവാനും എത്രയും വേഗം അവർ അതിന് തയ്യാറാവണം. അവരോട് ഇക്കാരണത്താൽ സജീവമായി വിവേചനം കാട്ടുമെന്നല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഒരു സ്വതന്ത്രസമൂഹത്തിൽ എല്ലാവരേയും തുല്യരായിട്ടാണ് കണക്കാക്കപ്പെടുന്നത്. എന്നാൽ സ്വദേശികളോ മറ്റാരെങ്കിലുമോ അവർക്ക് യോജിക്കാത്ത അവരുടെ രീതികളെ ബഹുമാനിക്കാത്ത അല്ലെങ്കിൽ ശരിയായ രീതിയിൽ ആശയവിനിമയം നടത്താൻ കഴിയാത്തവരുടെ സൗഹൃദം കാംക്ഷിക്കാറില്ല.

മനുഷ്യർ കൂട്ടായ്മ കാംക്ഷിക്കുന്നു. ഇത് അവസരങ്ങൾ ലഭ്യമാക്കുന്നതിനാവാം അല്ലെങ്കിൽ അവരുടെ സ്വന്തം താൽപര്യങ്ങൾ പരിപോഷിപ്പിക്കുന്നതിനാകാം അതുകൊണ്ട് നിങ്ങൾ വെറുമൊരു കാഴ്ച്ചക്കാരനായി വർത്തിക്കുകയാണെങ്കിൽ വലിയ നഷ്ടം സംഭവിക്കും. ഒരു സ്വതന്ത്രസമൂഹത്തിലെ ജനങ്ങൾ മറ്റുള്ളവരുടെ എല്ലാ മൂല്യങ്ങളും പങ്കുവയ്ക്കണമെന്നില്ല. എന്നാൽ ലളിതമായ മാനുഷികതത്ത്വത്തിൽ അവർ അവയെ സഹിഷ്ണുതയോടെ കാണുവാൻ ശ്രമിക്കും. ഒരു സ്വതന്ത്രസമൂഹത്തിലെ ചിന്തിക്കുവാനും സംസാരിക്കുവാനും പ്രവർത്തിക്കുവാനു മുള്ള ജനങ്ങളുടെ സ്വാതന്ത്ര്യം അത്യാവശ്യമായും അവിടെ നിലനിൽക്കുന്ന സംസ്കാരത്തേയും ധാർമികതയേയും ആചാരങ്ങളേയും മാനിക്കും.

### *സർക്കാരിന്റെ ആവശ്യം ആർക്ക്?*

പൊതുതാൽപര്യങ്ങൾ, സഹപ്രവർത്തനം, കടപ്പാടുകൾ, വിശ്വാസം, ആശ്രയത്വം എന്നീ അനൗപചാരിക ശൃംഖലകൾ നമ്മുടെ ജീവിത നിലവാരത്തെ ഉയർത്തുന്നു. എന്നാൽ ഇതെല്ലാം പ്രാവർത്തികമാക്കാൻ സർക്കാരിന്റെ ആവശ്യമില്ല. യാതൊരു അധികാരസ്ഥാപനങ്ങളുടേയും ഇടപെടലുകൾ ഇല്ലാതെ നമ്മൾ

പരസ്പരം സഹകരിക്കുന്നു. വ്യത്യസ്ത ഗ്രൂപ്പുകളിൽ അംഗങ്ങളായി യോജിച്ചു പ്രവർത്തിക്കുന്നതിലൂടെ പുരോഗതി നേടുന്നു. സർക്കാരിന്റെ പ്രവർത്തനമാണ് എന്ന് തർക്കരഹിതമായി അംഗീകരിച്ചിട്ടുള്ള നിയമരംഗത്ത് പോലും നമ്മൾ നമ്മുടെ കാര്യങ്ങൾ നമ്മൾക്കുള്ളിൽ തന്നെ തീരുമാനിക്കുന്നു. ഒരു സ്വതന്ത്ര സമൂഹത്തിലെ കരാറുകൾ സ്റ്റേറ്റ് രൂപകല്പന ചെയ്യുകയോ അടിച്ചേൽപ്പിക്കുകയോ ചെയ്യുന്നില്ല. മറിച്ച് ബന്ധപ്പെട്ട കക്ഷികളാണ് നിബന്ധനകളും മറ്റും തയ്യാറാക്കുന്നത് മാത്രമല്ല ഇതവർ സ്വമേധയാ സ്വീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. ഇങ്ങനെ ഉടമ്പടികളിൽ ഏർപ്പെടുന്നവർ അവർക്കിടയിൽ ഉണ്ടാകുന്ന തർക്കങ്ങളും പ്രശ്നങ്ങൾ നിലവിലുള്ള നിയമസംവിധാനങ്ങളിലല്ലാതെ സ്വതന്ത്ര മദ്ധ്യസ്ഥതയിൽ തീർക്കാൻ പരസ്പരം സമ്മതിക്കുന്നു. വളരെ കാലതാമസം എടുക്കുന്നതും ചിലവേറിയതും നീതിബോധം കുറഞ്ഞതുമായ സർക്കാരിന്റെ കോടതികളെക്കാൾ സ്വകാര്യ ബദൽ സംവിധാനത്തെയാണ് അവർ ഇഷ്ടപ്പെടുന്നത്.

ജനങ്ങൾ സമാന സ്വഭാവക്കാരാണെങ്കിൽ അന്യപചാരികവും സഹകരണവുമുള്ള സാമൂഹിക ബന്ധങ്ങൾ സൃഷ്ടിച്ചെടുക്കാൻ ഇത് സഹായിക്കുന്നു. ഭൂരിപക്ഷം ജനങ്ങളും ഒരേ ഗോത്രത്തിലോ മതത്തിലോ ഉൾപ്പെട്ടവരാണെങ്കിൽ അവർ ഒരേ മൂല്യങ്ങൾ പരസ്പരം പങ്കുവയ്ക്കുകയും പരസ്പര വിശ്വാസത്തോടെ ഉടമ്പടികളിൽ ഏർപ്പെടുകയും ചെയ്യും. സാമ്രാജ്യത്ത്വഭരണകൂടങ്ങളും പരമ്പരാഗതമായ അതിർത്തികളെ പുനർനിർണയിക്കുകയും വ്യത്യസ്തങ്ങളായ വംശീയ സംഘങ്ങളെ ഒരുമിച്ചു കൊണ്ടുവരുകയും ചെയ്ത യുദ്ധാനന്തര അന്താരാഷ്ട്ര സമ്മേളനങ്ങളും അതിനെ സഹായിച്ചില്ല. സമീപകാലത്ത് പല രാജ്യങ്ങളും കീറിമുറിക്കപ്പെട്ടു. സിറിയ, ലിബിയ, ലബനൻ, ഇറാഖ് പോലുള്ള രാജ്യങ്ങൾ ഒരു നൂറ്റാണ്ടിനു മുമ്പ് നിലനിന്നിരുന്നില്ല. അവ രാഷ്ട്രീയക്കാരാൽ നിർമ്മിക്കപ്പെട്ടവയാണ് ജനങ്ങളുടെയല്ല. ആഫ്രിക്കയിലും ഇന്ത്യൻ ഉപഭൂഖണ്ഡങ്ങളിലേയും വ്യത്യസ്തങ്ങളായ ഗോത്രക്കാരെ അല്ലെങ്കിൽ വംശങ്ങളെ ഒരേ കോളനി ഭരണത്തിൻ കീഴിൽ ഒരുമിച്ചു കൊണ്ടുവന്ന് ബ്രിട്ടീഷുകാരും അതേ അബദ്ധം കാണിച്ചു.

സ്വന്തം പൗരന്മാരുടെ ജീവനും സ്വത്തിനും പോലും സംരക്ഷണം നൽകാൻ കഴിയാത്ത സർക്കാരുകൾ ഉള്ള ധാരാളം ദുർബല രാഷ്ട്രങ്ങൾ ഉണ്ടായതിൽ അതിശയപ്പെടാനില്ല. ഒരു സ്വതന്ത്ര സമൂഹവും സമ്പത്ത് വ്യവസ്ഥയും വളർന്ന് വരേണ്ടത് ഈ ശക്തമായ കാരണത്താലാണ്. ഒരു പ്രാവശ്യം തകർന്നാൽ എളുപ്പത്തിൽ പുനർസൃഷ്ടിക്കാവുന്നതല്ല സഹകരണ സംസ്കാരം. നമ്മുടെ സഹകരണം അടിസ്ഥാനപ്പെടുത്താൻ വേണ്ട പരസ്പര ബഹുമാനത്തിന്റേയും

വിശ്വാസത്തിന്റേയും കെട്ടുറപ്പുകളില്ല. വിവിധ സംഘങ്ങൾക്ക് പൂർണ്ണമായി സഹകരിക്കുന്നില്ലെങ്കിലും അവരുടെ സഹവർത്തിത്വത്തിന് ഉതകുന്ന ഉടമ്പടികൾ ഉണ്ടാക്കാം എന്നാണ് പരമാവധി പ്രതീക്ഷിക്കുന്നത്. എന്നാൽ പൊതുവായ ആനുകൂല്യങ്ങൾ ലഭ്യമാവുന്ന തരത്തിൽ ഒരു സ്വതന്ത്രസമൂഹ ത്തിന്റെ ഘടകങ്ങൾ സ്ഥാപിക്കാൻ കഴിയുകയാണെങ്കിൽ പരസ്പര ക്ഷേമം ലക്ഷ്യമാക്കിക്കൊണ്ട് ആളുകൾക്കിടയിൽ സഹവർത്തിത്വവും സഹകരണ വും ഉണ്ടാക്കിയെടുക്കൽ വളരെ എളുപ്പമായിരിക്കും.

## എന്തുകൊണ്ട് സർക്കാർ നിയന്ത്രണവിധേയമായിരിക്കണം?

### *സർക്കാർ എന്തുചെയ്യണം?*

നമ്മുടെ ജീവിതത്തിലെ എല്ലാകാര്യങ്ങളും സർക്കാർ നിയന്ത്രിക്കണമെന്ന് വിശ്വസിക്കുന്ന ജനങ്ങൾ ഇന്ന് ഇല്ല. നമ്മൾ എല്ലാവരും വിശ്വസിക്കുന്നത് സർക്കാരിന്റെ പങ്ക് ഏതെങ്കിലും തരത്തിൽ നിയന്ത്രണവിധേയമായിരിക്കണം എന്നാണ്. പൊതുവായ തീരുമാനങ്ങൾ എടുക്കാനും കൂട്ടായ പ്രവർത്തികൾ ചെയ്യാനും നമുക്ക് ഒരു സർക്കാർ ആവശ്യമാണ് എന്ന് ഭൂരിഭാഗം ജനങ്ങളും അംഗീകരിക്കുന്നു. എന്നാൽ നമുക്ക് സ്വയം നന്നായി ചെയ്യാൻ കഴിയുന്ന കാര്യങ്ങളിൽ സർക്കാർ ഇടപെടാനും പാടില്ല. അധികാരം ദുർവിനിയോഗം ചെയ്യാതിരിക്കാൻ നമ്മുടെ നേതാക്കന്മാരുടെ മേൽ ഒരു നിയന്ത്രണം ഉണ്ടായിരിക്കണമെന്ന് ചിന്താശക്തിയുള്ള ജനം അഭിപ്രായപ്പെടുന്നു.

സർക്കാരിന്റെ വലിപ്പം അത്ര ഗൗരവമേറിയ പ്രശ്നമല്ല. എന്നാൽ അവർ എന്ത്, എങ്ങനെ തീരുമാനിക്കുന്നു, എങ്ങനെ പ്രാവർത്തികമാക്കുന്നു എന്നതാണ് പ്രശ്നം. ഒരു സ്വതന്ത്ര സമൂഹവും അതിന്റെ സമ്പദ് വ്യവസ്ഥയും വിശ്വാസത്തിൽ അധിഷ്ഠിതമായതിനാൽ അവരുടെ സർക്കാർ വഞ്ചകന്മാരിൽ നിന്നും കള്ളന്മാരിൽ നിന്നും അവരെ സംരക്ഷിക്കുമെന്നും സ്വതന്ത്രസമൂഹത്തിലെ പൗരന്മാർ സ്വാഭാവികമായും പ്രതീക്ഷിക്കുന്നു. എന്നാൽ ഒരു ബസ് ടിക്കറ്റ് എടുക്കാത്തതിന്റെ പേരിൽ ജനങ്ങൾക്ക് ജീവപര്യന്തം തടവോ അല്ലെങ്കിൽ ഇന്റർനെറ്റ് ഷെയറിങ്ങ് സൈറ്റുകളിൽനിന്ന് നിയമവിരുദ്ധമായി സംഗീതം ഡൗൺലോഡ് ചെയ്യുന്നതിന്റെ പേരിൽ എല്ലാ വീടുകളിലും രഹസ്യ ക്യാമറകൾ സ്ഥാപിക്കണമെന്നോ നമ്മൾ ആഗ്രഹിക്കുന്നില്ല. പ്രശ്നങ്ങൾക്കനുസൃതമായി രിക്കണം സർക്കാരിന്റെ നടപടികൾ.

സർക്കാർ നിയന്ത്രണവിധേയമായിരിക്കണം എന്നു പറയുന്നതിന്റെ മറ്റൊരു കാരണം ഒരു പ്രത്യേക വസ്തു വ്യാപാരം ചെയ്യണോ വേണ്ടയോ എന്നത് ഒരു

വ്യക്തിയുടെ സ്വമേധയാ ഉള്ള തീരുമാനമാണ്. എന്നാൽ സർക്കാരിന്റെ തീരുമാനങ്ങൾ – അതായത് ഒരു പ്രത്യേക വസ്തുവിന്റെ വിൽപന വിലക്കുന്നത് നടപ്പാക്കാൻ അധികാരം ഉപയോഗിക്കേണ്ടതായി വരും. ചില വേളകളിൽ ഇത് അത്യാവശ്യമാണെങ്കിലും അധികാരത്തിന്റെ ദുരുപയോഗം – വിനാശകരമായ ഒന്നാണ്.

നമ്മൾ രാഷ്ട്രീയപരമായി ഒരു തീരുമാനം എടുക്കുമ്പോൾ നമ്മൾ അതിൽ നിന്നുണ്ടാകുന്ന നേട്ടത്തെയും അധികാരത്തിന്റെ ബലപ്രയോഗത്തിലൂടെ യുണ്ടാകുന്ന വിനാശകരമായ അനന്തരഫലങ്ങളെയും തുലനം ചെയ്യണം. ഹാനികരമായ കോട്ടങ്ങളെക്കുറിച്ച് ചിന്തിക്കാതെ നേട്ടത്തെ മാത്രം കൈക്കലാക്കുവാനായി നമ്മൾ ധൃതിപ്പെടരുത്.

അഭിവൃദ്ധി നേടുവാൻ സാമ്പത്തികവും സാമൂഹികവുമായ ജീവിതത്തിൽ സ്വാതന്ത്ര്യം അത്യാവശ്യമാണ്. ചെറുകിട നേട്ടകോട്ടങ്ങളിലൂടെയും ക്രമേണയുള്ള പ്രക്രിയകളിലൂടെയുമാണ് അവ പുരോഗമിക്കുന്നത്. എണ്ണമറ്റ കണ്ടുപിടുത്ത ക്കാർ വ്യത്യസ്തങ്ങളായ പല പുതിയ ആശയങ്ങളും പ്രാവർത്തികമാക്കാൻ ശ്രമിക്കുന്നുണ്ട്. ഉദാഹരണത്തിന്, പുതിയ ഉല്പന്നങ്ങൾ അല്ലെങ്കിൽ ഒരു പുതിയ പഠനരീതി. പ്രാവർത്തികമാക്കാൻ കഴിയാത്ത ആശയങ്ങളെ ഉടനെ തന്നെ ഉപേക്ഷിക്കുന്നു. എന്നാൽ ജനങ്ങളുടെ ജീവിതത്തെ മെച്ചപ്പെടുത്താൻ ഉപകരിക്കുന്ന ആശയങ്ങളെ മറ്റുള്ളവർ പകർത്തുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നു. പക്ഷേ, സർക്കാർ നിയന്ത്രണത്തിലുള്ള സാമൂഹികവും സാമ്പത്തിക വുമായ സ്ഥാപനങ്ങൾ പുതു കണ്ടുപിടുത്തക്കാരുടെ സാധ്യതകളെ നിഷേധി ക്കുന്നു. നിർവിഘ്നമായതും എന്നാൽ ക്രമേണയുള്ളതുമായ നേട്ടകോട്ടപ്രക്രി യയെ ഇത് സാവധാനത്തിലാക്കുന്നു.

അതിനു പുറമെ, സർക്കാർ ഇടപെടുമ്പോൾ അത് സാധാരണയായി വലിയ തോതിലുള്ളതായിരിക്കും. അവർ പ്രശ്നങ്ങളിൽ തീരുമാനം എടുക്കുന്നത് മുഴുവൻ ജനങ്ങൾക്കും വേണ്ടിയായിരിക്കും, ഉദാഹരണത്തിന്, എന്തൊക്കെ ഉല്പന്നങ്ങൾ നിർമ്മിയ്ക്കപ്പെടണം അല്ലെങ്കിൽ എന്ത് പഠനരീതി സ്വീകരിക്കണം എന്നൊക്കെ. ഇത് നവീകരണത്തെയും പുരോഗതിയെയും വളരെ മന്ദഗതിയി ലാക്കുന്നു. സർക്കാർ ഇത്തരം തെറ്റു ചെയ്യുമ്പോൾ, തീർച്ചയായും അതൊരു വലിയ ദുരന്തത്തിലേയ്ക്കാവും കൊണ്ടെത്തിയ്ക്കുക.

### *എന്തുകൊണ്ട് ഒരു സർക്കാർ ഉണ്ടായിരിക്കണം*

ചില കാര്യങ്ങൾ ചെയ്യുന്നതിനായി സർക്കാർ ഉണ്ടായിരിക്കണമെന്നതിന് തക്കതായ കാരണങ്ങൾ ഉണ്ട്. നമ്മൾ എങ്ങനെ പെരുമാറണം, റോഡിന്റെ ഏതു

വശത്തുകൂടെ വണ്ടി ഓടിക്കണം എന്നു തീരുമാനിക്കൽ അല്ലെങ്കിൽ നമ്മുടെ കരാറുകളെ നമ്മൾ മാനിക്കുന്നു എന്നു ഉറപ്പുവരുത്തൽ തുടങ്ങിയ കാര്യങ്ങളിൽ തീരുമാനങ്ങൾ എടുക്കുവാനും നിയമങ്ങൾ നടപ്പിലാക്കുവാനും നമുക്കൊരു അധികാരകേന്ദ്രം ആവശ്യമായി വരാം.

ഇതുകൂടാതെ, എല്ലാവർക്കും അഭികാമ്യമായതും പ്രാവർത്തികമാക്കാനോ വേണ്ടവിധത്തിൽ പ്രാവർത്തികമാക്കാനോ ബുദ്ധിമുട്ടുള്ള ചില പദ്ധതികൾ ഉണ്ടായേക്കാം. ഇവയാണ് പൊതുകാര്യങ്ങൾ എന്നറിയപ്പെടുന്നത്. പ്രതിരോധവും പോലീസും നല്ല ഉദാഹരണങ്ങളാവാം. മെച്ചപ്പെട്ട സുരക്ഷ എല്ലാവർക്കും ലഭിക്കുമ്പോൾ പിന്നെ എന്തിനുവേണ്ടിയാണ് ആരെങ്കിലും സേവിക്കാൻ സ്വയം സന്നദ്ധനാകുന്നത്? മറ്റൊരു ഉദാഹരണം അനേകം വികസ്വര രാജ്യങ്ങളിലെ നഗരങ്ങളിലെ അന്തരീക്ഷത്തെ ശ്വാസം മുട്ടിക്കുന്ന വായു മലിനീകരണം. ചൂടാകുന്നതിന് പുക സൃഷ്ടിയ്ക്കാത്ത ഇന്ധനങ്ങൾ ഉപയോഗിക്കുന്നതും, രാസത്വരകമായ യന്ത്രങ്ങൾ ഘടിപ്പിക്കുന്നതും, ഫാക്ടറികളിലെ ചിമ്മിനികളിൽ മാലിന്യങ്ങൾ തടയുന്ന അരിപ്പകൾ സ്ഥാപിക്കുന്നതും ഈ പ്രശ്നം കുറയ്ക്കുന്നതിനും ജീവിതം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സഹായകമായിരിക്കും. പക്ഷെ അവരുടെ ത്യാഗത്തിന്റെ ഫലം മറ്റുള്ളവരും പങ്കിട്ട് ശുദ്ധവായു ആസ്വദിക്കും എന്നതിനാൽ ഇത്തരം കാര്യങ്ങൾ സ്വന്തം ചിലവിൽ പ്രാവർത്തികമാക്കാൻ സ്വമേധയാ ആരും തയ്യാറാവില്ല. അതുകൊണ്ട് ഇത്തരം പ്രശ്നങ്ങൾ നമ്മൾ രാഷ്ട്രീയപരമായി തീരുമാനിക്കേണ്ടതും അവരുടെ മലിനീകരണം കുറയ്ക്കാൻ നിർബന്ധിക്കുകയും പോലീസിനും സുരക്ഷയ്ക്കും പണം കണ്ടെത്തുന്നതിനായി എല്ലാവരിൽ നിന്നും നികുതി പിരിക്കുകയും ചെയ്യേണ്ടതാണ്. അപ്പോൾ വിപണിക്കു നൽകാൻ കഴിയാത്ത, ഗുണപ്രദമായ കാര്യങ്ങൾ നമ്മൾ നേടുന്നു.

സ്വാതന്ത്ര്യവാദികൾ എന്നു നമ്മൾ വ്യാപകമായി വിളിയ്ക്കാവുന്ന ചില സ്വാതന്ത്ര്യ വക്താക്കൾ നമുക്കൊരു സർക്കാരിന്റെ ആവശ്യമേ ഇല്ലായെന്ന് വാദിക്കും. അവർ പറയുന്നത്, സഹകരണത്തിനും എല്ലാവർക്കും ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിൽ ഒരു സ്വതന്ത്രസമൂഹം അങ്ങേയറ്റം മികച്ചതാണെന്നാണ്. ആനുകൂല്യങ്ങളുടെ ദുരുപയോഗം നിരുത്സാഹപ്പെടുത്താൻ സമർത്ഥമായ വഴികൾ കണ്ടെത്തുകയും ആനുകൂല്യങ്ങൾ പണം മുടക്കുന്നവർക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതും ഉദാഹരണമാണ്. കരാറുകൾ നടപ്പിൽ വരുത്തുന്നതിനും അല്ലെങ്കിൽ ആക്രമണങ്ങളിൽ നിന്നും സ്വത്തുക്കൾ മോഷ്ടിക്കപ്പെടുന്നതിൽ നിന്നും നമ്മുടെ ജീവിതത്തെ രക്ഷിക്കുന്നതിനും നമുക്ക് സർക്കാരിന്റെ ആവശ്യകത ഉണ്ടെന്ന്

അവർ വിശ്വസിക്കുന്നുപോലും ഇല്ല. അവർക്കുതന്നെ വേണ്ട രീതിയിൽ വ്യക്തികൾക്കോ കൂട്ടായ്മകൾക്കോ അതു നല്ലതുപോലെ ചെയ്യാൻ കഴിയുമെന്ന് അവർ ചിന്തിക്കുന്നു.

സ്വതന്ത്ര സമൂഹത്തിന്റെ തന്നെ മറ്റു വക്താക്കൾ ശാസ്ത്രീയമായ നവീകരണ വാദികൾനമ്മളെ സംരക്ഷിക്കുവാനും ഉടമ്പടികൾ നടപ്പിലാക്കുവാനും പൊതുകാര്യങ്ങൾ ലഭ്യമാക്കുവാനും കുറഞ്ഞ പക്ഷം ചില രാഷ്ട്രീയപരമായ തീരുമാനങ്ങൾ എടുക്കലും ചില സർക്കാർ അധികാരങ്ങളും അത്യാവശ്യമാണെന്നും എന്നാൽ ഇത്തരം പ്രവർത്തനങ്ങളിലേക്ക് മാത്രമായി അത് പരിമിതപ്പെടുത്തണമെന്നും വാദിക്കുന്നു. എന്നാലും സ്വതന്ത്ര്യവാദികൾക്ക് ഇപ്പോഴും, നിങ്ങൾ സർക്കാരിന് ഒരിഞ്ച് വിട്ടു കൊടുത്താൽ അവർ ഒരു മൈൽ എടുക്കും എന്നൊരു ഭയം ഉണ്ട്. ഇന്ന് മിക്കവാറും ലോകത്തിലെ എല്ലാ സർക്കാരുകളും അവരുടെ പങ്ക് കണ്ടെത്തിയിട്ടുണ്ട്- പൊതുജനങ്ങളുടെ ചിലവിൽ ഇത്തരം അത് പ്രാഥമിക പ്രവർത്തനങ്ങൾക്കുപരിയായി മുന്നോട്ടു പോകുന്നു.

## വ്യക്തിപരവും സാമ്പത്തികവുമായ സ്വാതന്ത്ര്യത്തെ പറ്റിയുള്ള കാഴ്ചപ്പാടുകൾ

സർക്കാരിന്റെ അധികാരം അല്ലെങ്കിൽ കർത്തവ്യം എത്രത്തോളം വ്യാപിപ്പിയ്ക്കണമെന്ന് തീരുമാനിക്കുന്നത് ഒരു ലളിതമായ ഇടത് വലത് കാര്യമല്ല. തീരുമാനങ്ങൾ എടുക്കുന്നത് വ്യക്തികളോ അല്ലെങ്കിൽ കൂട്ടമായോ എന്ന കാര്യത്തിൽ മാത്രമല്ല ജനങ്ങൾ വിയോജിക്കുന്നത്, എന്നാൽ നമ്മുടെ വ്യക്തിപരമായതും സാമ്പത്തികമായതും ആയ തീരുമാനങ്ങളെ അത് സ്വാധീനിക്കണമോ എന്നതിലും കൂടിയാണ്.

**ചോദ്യം: പ്രതിരോധം പോലുള്ള കാര്യങ്ങൾ നിശ്ചയമായും സർക്കാർ തന്നെ ലഭ്യമാക്കേണ്ടതുണ്ടോ?**

ഇല്ല. യുദ്ധം ചെയ്യണമോ വേണ്ടയോ എന്നതുപോലുള്ള ചില കാര്യങ്ങളിൽ നമുക്കൊരു കൂട്ടായ തീരുമാനം എടുക്കേണ്ടത് തീർച്ചയായും അത്യാവശ്യമാണ്, എന്നാൽ വളരെ കുറച്ച് കാര്യങ്ങൾ മാത്രമേ ഉള്ളൂ സ്വകാര്യമായി ലഭ്യമാക്കാൻ കഴിയാത്തത്. വാഹനങ്ങൾ, കപ്പലുകൾ, വിമാനങ്ങൾ, മറ്റുപകരണങ്ങൾ എന്നിവ നിർമ്മിക്കുന്നതും പട്ടാള ക്യാമ്പുകൾ പണിയുന്നതും അവ പരിപാലിക്കുന്നതും, ആഹാരവും സൈന്യ വിന്യാസ കാര്യങ്ങൾ ലഭ്യമാക്കുന്നതും പോലുള്ള അവരുടെ പ്രതിരോധകാര്യങ്ങളിൽ

പല രാജ്യങ്ങളും സ്വകാര്യ കമ്പനികളുമായി ധാരണയിൽ എത്താറുണ്ട്.

തപാൽ സംവിധാനം, ടെലിഫോൺ സംവിധാനങ്ങൾ, റെയിൽവേയുടെ പ്രവർത്തനം, വെള്ളം, ഗ്യാസും കറന്റും, റോഡുകളും ആശുപത്രികളും ജയിലുകളും നിർമ്മിക്കൽ എന്തിന് സ്റ്റീൽ ഉല്പാദനവും കാർ നിർമ്മാണവും പോലും സർക്കാരുകൾക്ക് മാത്രമേ ലഭ്യമാക്കുവാനും ചെയ്യുവാനും കഴിയൂ എന്നുള്ള നമ്മുടെ ചിന്തക്ക് അത്ര പഴക്കമില്ല. ഇപ്പോൾ സ്വകാര്യ സ്ഥാപനങ്ങൾ ഇതെല്ലാം ചെയ്യുന്നുണ്ട്. മാത്രവുമല്ല, മത്സരാധിക്യം നിലനിൽക്കുന്നതിനാൽ അവർക്ക് ഗുണമേന്മ കൂടിയ ഉല്പന്നങ്ങൾ ലഭ്യമാക്കേണ്ടി വരുന്നു.

***നാലു വ്യത്യസ്ത കാഴ്ചപ്പാടുകൾ നമ്മൾ തിരിച്ചറിയേണ്ടത്:***

- ആദ്യത്തെ കൂട്ടരെ വ്യക്തിവാദികൾ എന്നു വിളിക്കാം. അവർ മുറുകെ പിടിച്ചിരിക്കുന്ന വിശ്വാസം വ്യക്തികൾക്ക് അവരുടെ സ്വകാര്യമായതും സാമ്പത്തികവുമായ കാര്യങ്ങളിൽ തീരുമാനങ്ങൾ എടുക്കുവാനുള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കണമെന്നാണ്.
- ഇതിനു നേരെ വിപരീതക്കാർ, അവർ വാദിക്കുന്നത് സ്വകാര്യമായും സാമ്പത്തികപരവുമായ കാര്യങ്ങളിൽ ഒരു കൂട്ടായ നിയന്ത്രണം വേണമെന്നാണ്.
- മൂന്നാമത്തെ കൂട്ടർ സാമ്പത്തിക കാര്യങ്ങളിൽ വ്യക്തിപരമായ തീരുമാനങ്ങളും എന്നാൽ ജനങ്ങളുടെ സ്വകാര്യ കാര്യങ്ങളിൽ അധികാരികളുടെ കൂട്ടായ തീരുമാനങ്ങൾ വേണമെന്നും വാദിക്കുന്നവരാണ്. അവരെ നമുക്ക് യാഥാസ്ഥിതികർ (വ്യത്യസ്തങ്ങളായ സംസ്കാരങ്ങളിൽ ഇതിന്റെ അർത്ഥം വ്യത്യസ്തമായിരിക്കുമെങ്കിലും) എന്നു വിളിക്കാം. സാമ്പത്തിക സ്വാതന്ത്ര്യവും എന്നാൽ സാമൂഹിക നിയന്ത്രണവും കൂട്ടിക്കലർന്ന ഈ അവസ്ഥ മിക്കവാറും ഏഷ്യൻ രാജ്യങ്ങളിലെ ഒരു പൊതു ലക്ഷണമാണ്.
- അവസാനത്തെ കൂട്ടർ, സാമ്പത്തികമായ ജീവിതത്തിൽ ഒരു കൂട്ടായ നിയന്ത്രണവും അതേസമയം വ്യക്തികൾക്ക് അവരുടെ സ്വകാര്യ ജീവിതത്തിൽ സ്വാതന്ത്ര്യം വേണമെന്നും വാദിക്കുന്നവരാണ്.

അവസാനകൂട്ടർക്ക് പ്രത്യേകിച്ചും ഒരു നല്ല പേരിടുന്നത് ഇത്തിരി വിഷമം പിടിച്ച കാര്യമാണ്. യുണൈറ്റഡ് സ്റ്റേറ്റിൽ ഇവർ വിളിക്കപ്പെടുന്നത് ലിബറൽസ് എന്നാണ്, എന്നാൽ ഇത് ആ വാക്കിന്റെ അർത്ഥത്തെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള

ഉപയോഗമാണ്. മിക്കവാറും മറ്റു രാജ്യങ്ങളിലും ലിബറൽ എന്ന വാക്കു കൊണ്ടർത്ഥമാക്കുന്നത് ക്ലാസിക്കൽ ലിബറൽസ് എന്നാണ് - സർക്കാരിന്റെ ചില നിയമ ചട്ടക്കൂടുകൾ അത്യാവശ്യമാണ് എന്നാൽ മിക്കവാറും എല്ലാ സ്വകാര്യവും സാമ്പത്തികവു മായ തീരുമാനങ്ങൾ കൈക്കൊള്ളുവാനുള്ള അധികാരം വ്യക്തികളിൽ അധിഷ്ഠിതമായിരിക്കണം എന്നതാണ് ആശയം. ഫലത്തിൽ, ഈ ആശയം, സ്വകാര്യ സ്വാതന്ത്ര്യത്തിൽ വിശ്വസിക്കുകയും എന്നാൽ സാമ്പത്തിക ജീവിതത്തിൽ കൂടുതൽ നിയന്ത്രണം സർക്കാരിനു വേണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നതാണ്. പ്രത്യക്ഷത്തിൽ, അമേരിക്കൻ രാഷ്ട്രീയക്കാരും ബുദ്ധിജീവികളും ഈ ആശയത്തെ മോഷ്ടിച്ചെടുത്തിരിക്കുകയാണ്.

യഥാർത്ഥത്തിൽ സാമൂഹ്യവും സാമ്പത്തികവും ആയ പ്രശ്നങ്ങളുടെ നിറമാർന്ന കാഴ്ചപ്പാടിന്റെ കൃത്യതയില്ലാത്ത വിശദീകരണങ്ങളാണ് ഈ ഒറ്റവാക്കിലുള്ള വിശദീകരണങ്ങൾ. ഇവിടെ ഓരോ കൂട്ടർ ക്കിടയിൽപോലും വൈവിധ്യങ്ങളാർന്ന കാഴ്ചപ്പാടുകളും ആശയങ്ങളും ഉണ്ട്. (ഉദാഹരണത്തിന്, വ്യക്തിത്വ വാദികളുടെ കാഴ്ചപ്പാടുകൾ അല്ലെങ്കിൽ ആശയങ്ങൾ, പൂർണ്ണമായും സ്വാതന്ത്ര്യം വേണമെന്ന് വാദിക്കുന്ന സ്വാതന്ത്ര്യവാദികളിൽ നിന്നും, നിയന്ത്രണവിധേയമായ അധികാരം സർക്കാരുകൾക്കാവാമെന്ന് വാദിക്കുന്ന ശാസ്ത്രീയ സ്വതന്ത്രവാദികളിലേക്ക് വരെ സഞ്ചരിക്കുന്നു. അതേ സമയം അധികാരവാദികളുടെ കാഴ്ചപ്പാട്, പൂർണ്ണമായ നിയന്ത്രണത്തിനുവേണ്ടി വാദിക്കുന്ന സമഗ്രാധിപത്യവാദികളിൽ നിന്നും സ്വകാര്യ തീരുമാനങ്ങൾ എടുക്കുന്നതിൽ നിയന്ത്രണം വേണമെന്ന് ചിന്തിക്കുന്ന സ്ഥിതിഗണിതപരമായി വാദിക്കുന്നവരിലേക്ക് നീളുന്നു).

എന്നിരുന്നാലും സമൂഹത്തെക്കുറിച്ച് വ്യത്യസ്തങ്ങളായ കാഴ്ചപ്പാടുകൾ ഉള്ള ജനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്ന രാഷ്ട്രീയ വീക്ഷണങ്ങളെ ലളിതമായ ഇടത് - വലത് ശ്രേണിയിലൂടെ കൃത്യമായി വിശദീകരിക്കാൻ കഴിയില്ല എന്ന ബോധമുണ്ടെങ്കിൽ അത് ഉപയോഗപ്രദമായിരിക്കും. സാമ്പത്തികവും സ്വകാര്യവും എന്നീ രണ്ടു വ്യത്യസ്ത ഘടകങ്ങൾക്കും ഉടനീളം എത്രമാത്രം സ്വാതന്ത്ര്യം വേണമെന്നാണ് ജനങ്ങൾ ആഗ്രഹിക്കുന്നത് എന്ന് മനസ്സിലാക്കിയാൽ അത് കൂടുതൽ പ്രയോജനകരമായിരിക്കും.

### *വ്യക്തിഗത തെരഞ്ഞെടുക്കൽ എന്തുകൊണ്ട്*

സാമ്പത്തികവും വ്യക്തിപരവുമായ രണ്ടു ജീവിതത്തിലും സ്വാതന്ത്ര്യം തെരഞ്ഞെടുക്കുന്നതിന് ശക്തമായ കാരണങ്ങൾ ഉണ്ട്. ഒരു തുടക്കത്തിനായി, വിദൂരസ്ഥമായ സർക്കാരിന് അറിയാവുന്നതിനേക്കാൾ നന്നായി ജനങ്ങൾക്ക്

അവരുടെ സ്വന്തം ആവശ്യങ്ങൾ അറിയാം. സ്വന്തം പ്രതീക്ഷകൾ, ഭയാശങ്കകൾ, സ്വപ്നങ്ങൾ, അഭിലാഷങ്ങൾ, ആവശ്യങ്ങൾ, ആഗ്രഹങ്ങൾ, ലക്ഷ്യം എന്നിവയെക്കുറിച്ചെല്ലാം അവർ ബോധവാന്മാരാണ്. അവർ അവരുടെ സ്വന്തം ചുറ്റുപാടുകളെക്കുറിച്ചും അവർക്കു വിലപ്പെട്ടവരും സഹായം തേടുന്നവരുമായ സുഹൃത്തുക്കളുടെയും കുടുംബാംഗങ്ങളുടെയും മറ്റു സമൂദായംഗങ്ങളുടെയും ചുറ്റുപാടുകളെക്കുറിച്ചും ബോധവാന്മാരാണ്. തുറന്നുകിടക്കുന്ന അവസരങ്ങളെക്കുറിച്ചും വ്യത്യസ്തങ്ങളായ പ്രവർത്തികൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചും അവർക്ക് നന്നായി അറിയാം. അതുകൊണ്ടു തന്നെ അവരുടെ സ്വന്തം ജീവിതത്തെക്കുറിച്ചും ഭാവിയെക്കുറിച്ചും തീരുമാനങ്ങൾ എടുക്കുവാനുള്ള മികച്ച സ്ഥിതിയിലാണ് അവർ.

അവിടെ ഒരു ധാർമ്മികമായ വശം കൂടിയുണ്ട്. ആർക്കു വേണ്ടിയാണോ തീരുമാനങ്ങൾ എടുക്കുമ്പോൾ ആ ജനങ്ങൾ പൂർണ്ണമായും മനുഷ്യ ജീവികളായിരിക്കില്ല, മറിച്ച് വെറും അടിമകളായിരിയ്ക്കും. മാത്രവുമല്ല എന്തു സംഭവിച്ചാലും അതിൽ ഒരു ഉത്തരവാദിത്വമില്ലാത്തതിനാൽ അവർ അവരുടെ വിജയത്തിൽ നിന്നോ തെറ്റുകളിൽ നിന്നോ ഒരിയ്ക്കലും ഒന്നും പഠിയ്ക്കുന്നില്ല. അധികാരികളുടെ തെറ്റായ നയങ്ങളുടെ ദൂഷ്യവശങ്ങൾ അവർ അനുഭവിയ്ക്കേണ്ടി വരുമെന്ന് മാത്രമല്ല അതു വീണ്ടും സംഭവിയ്ക്കാതിരിയ്ക്കാൻ അവർക്കൊന്നും ചെയ്യാനും കഴിയില്ല. അതുകൊണ്ട് ശ്രമിക്കാനും താൽപര്യമില്ല. എന്നാൽ ഏത് വ്യക്തികൾ, അവരുടെ വിജയത്തിന്റെ പ്രയോജനങ്ങൾ ആസ്വദിയ്ക്കുന്നുവോ അല്ലെങ്കിൽ അവരുടെ തെറ്റിന്റെ ഫലങ്ങൾ അനുഭവിയ്ക്കുന്നുവോ, അവർ വിജയിക്കുന്നത് ആവർത്തിയ്ക്കുവാനും അല്ലാത്തതിനെ ഒഴിവാക്കുവാനും ശക്തമായ പ്രചോദനം നേടിയിരിയ്ക്കും.

### *നാനാത്വം പുരോഗതി വർദ്ധിപ്പിയ്ക്കുന്നു*

നാനാത്വത്തിലും നേട്ടങ്ങൾ അനേകമുണ്ട്. സ്വന്തം തീരുമാനങ്ങൾ എടുക്കാൻ സ്വാതന്ത്ര്യമുള്ള ആളുകൾ വിഭിന്നങ്ങളായ രീതികളിലൂടെ പ്രവർത്തിയ്ക്കും. അവരുടെ സ്വന്തം ചുറ്റുപാടുകൾക്ക് അനുകൂലമാണെന്ന് അവർക്കു തോന്നുന്ന ഒരു പ്രവൃത്തി തെരഞ്ഞെടുക്കുവാൻ അവർക്കു കഴിയും. ഇംഗ്ലീഷ് തത്വചിന്തകനായ ജോൺ സ്റ്റുവർട്ട് മിൽ (John Stuart Mill) 1859 ലെ അദ്ദേഹത്തിന്റെ പ്രബന്ധമായ ഓൺ ലിബർട്ടിയിൽ (On Liberty) ഉദ്ധരിച്ചിരിയ്ക്കുന്നതു പോലെ - എക്സ്പിരിമെന്റ്സ് ഇൻ ലിവിങ് - (Experiments in Living) വ്യത്യസ്തങ്ങളായ ജീവിതരീതികൾ അവർക്കു ശ്രമിച്ചുനോക്കാം. അതിൽ ചിലത് വിജയകരമായിരിക്കും, ചിലത് അല്ലായിരിക്കും. പക്ഷേ നമുക്ക് അവരിൽ നിന്നും

എല്ലാം പഠിക്കാൻ കഴിയും, അങ്ങനെ, എന്താണ് വിജയകരമായി പ്രാവർത്തികമാകുന്നത് അതിനെ കൂടുതൽ ചെയ്തും അല്ലാത്തതിനെകുറച്ചുകൊണ്ടും നമ്മുടെ സ്വന്തം പുരോഗതിയെ ത്വരിതപ്പെടുത്താം.

ഇതിനു വിപരീതമായി, അധികാരവാദികളുടെ ഒരു സമൂഹത്തിൽ, കൂട്ടമായി ചേർന്നെടുക്കുന്ന തീരുമാനങ്ങളായതിനാൽ അവിടെ കാര്യങ്ങൾ ചെയ്യുവാൻ ഒരൊറ്റ രീതിയോ അല്ലെങ്കിൽ മാർഗ്ഗമോ ഉണ്ടായിരിയ്ക്കുകയുള്ളൂ. ഏതെങ്കിലുമൊരു അബദ്ധമുണ്ടായാൽ അതെല്ലാപേർക്കും മഹാവിപത്തായി തീരുന്നു. എന്നാൽ ഔദ്യോഗിക സമീപനം വിജയകരമാകുകയാണെങ്കിൽ പോലും, അതിനേക്കാൾ വളരെ മികച്ച രിതിയിൽ നേട്ടമുണ്ടായേക്കാവുന്ന മറ്റു കാര്യങ്ങൾ ഒന്നു ശ്രമിച്ചു നോക്കാൻ നമ്മൾക്ക് അനുവാദമുണ്ടായിരിക്കുകയില്ല. തീരുമാനമെടുക്കലുകൾ വളരെ സാവധാനത്തിലും കർശനവുമായിരിക്കും. ഇങ്ങനെയുള്ള ഒരു ലോകത്ത് നമ്മുടെ പുരോഗതി വളരെ സാവധാനത്തിലും മിക്കപ്പോഴും വേദനാജനകവുമായിരിക്കും.

ഒരു സ്വതന്ത്ര സമ്പദ്‌വ്യവസ്ഥയിൽ, ഉല്പാദകർക്ക് അവരുടെ ഉപഭോക്താക്കളിൽ നിന്നുള്ള പ്രതികരണങ്ങൾ തുടർച്ചയായി ലഭിച്ചുകൊണ്ടിരിയ്ക്കും. എല്ലാ ദിവസത്തിന്റെയും ഓരോ നിമിഷവും ഉപഭോക്താക്കൾമറ്റുള്ളവരിൽ നിന്നും മുൻഗണനയുള്ള ഉല്പന്നങ്ങൾ തെരഞ്ഞെടുക്കുന്നു. വാങ്ങുന്ന ഓരോ ഉല്പന്നങ്ങളുടെയും വില, വിശ്വാസ്യത, വലുപ്പം, ആകൃതി, കളർ മറ്റു ഗുണനിലവാരങ്ങൾ എന്നിവയെല്ലാം അവർ നിരന്തരം വീക്ഷിയ്ക്കുന്നു. അത്തരം നാനാത്വങ്ങളായ ഇഷ്ടങ്ങളും മുൻഗണനകളും ഞൊടിയിടകൊണ്ട് ഉല്പാദകരിൽ എത്തുന്നു. അങ്ങനെ എന്ത് വിൽക്കപ്പെടും എന്ത് വിൽക്കപ്പെടില്ലായെന്ന് അവർ മനസ്സിലാക്കുന്നു. അവരുടെ എതിരാളികളും ഇതു തന്നെയാണ് ചെയ്യുന്നതെന്ന് മനസ്സിൽ ഉള്ളതുകൊണ്ട് വിതരണക്കാർ ഉടനെത്തന്നെ ജനങ്ങൾക്കാവശ്യമുള്ളത് കൂടുതൽ ഉല്പാദിപ്പിക്കുകയും അല്ലാത്തതിന്റെ ഉല്പാദനം കുറയ്ക്കുകയും ചെയ്യുവാനുള്ള നടപടികൾ എടുക്കുന്നു. മാത്രവുമല്ല, ഉപഭോക്താക്കൾക്ക് കൂടുതൽ ഇഷ്ടമാകുമെന്ന പ്രതീക്ഷയിൽ പുതിയതും വ്യത്യസ്തങ്ങളുമായ ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാനുള്ള പരീക്ഷണങ്ങൾ ചെയ്യുവാൻ അവർ പ്രേരിതരാവുകയും ചെയ്യും.

വീണ്ടും, ഇതിനു വിപരീതമാണ് എന്ത് ഉല്പാദിപ്പിക്കണമെന്ന് അധികാരികൾ തീരുമാനങ്ങളെടുക്കുന്ന ഒരു സമ്പദ് വ്യവസ്ഥയിൽ. അവർ മുഴുവൻ സമ്പദ് വ്യവസ്ഥയും നിയന്ത്രിക്കുന്നതോ അല്ലെങ്കിൽ അതിന്റെ ഒരു ഭാഗം മാത്രമോ എന്നത് ഒരു വിഷയമല്ല, പതിവുപോലെ എന്ത്, എത്ര, എങ്ങനെ ഉല്പാദിപ്പിക്ക

ണമെന്നതിനെ കുറിച്ചുള്ള തീരുമാനമെടുക്കൽ ഇപ്പോഴും വളരെ സാവധാന ത്തിലും വിലക്ഷണവുമായ ഒരു പ്രവൃത്തിയാകുന്നു എന്നതാണ് പ്രശ്നം. പരമാവധി, ഉപഭോക്താക്കൾക്ക് അവരുടെ തെരഞ്ഞെടുക്കുന്നതിനുള്ള അവ കാശം പ്രകടിപ്പിക്കാൻ കഴിയുന്നത് ഇടയ്ക്കിടെയുള്ള ചില വർഷങ്ങളിൽ മാത്ര മാണ്, ഇലക്ഷൻ സമയത്ത്. പക്ഷേ അവർ അപ്പോഴും ഒരു പ്രത്യേക ഉല്പന്ന ത്തിനോ ഗുണമേന്മയ്ക്കോ വോട്ടു ചെയ്യുന്നില്ല. അങ്ങനെ ഒരു യഥാർത്ഥ അവ സരം അവർക്കു ലഭിയ്ക്കുകയാണെങ്കിൽ കൂടി, പ്രതിരോധം, പഠനം, ആരോ ഗ്യ പരിപാലനം, ജലസേചനം, കൃഷി, ഗ്രാമീണ ഗതാഗതം എന്നിവയിലെല്ലാം ഉൾപ്പെ ടുന്ന നയങ്ങൾക്ക് മൊത്തമായിട്ടാവും അവർ വോട്ടു ചെയ്യുക. വിപണി സമ്പദ് വ്യവസ്ഥയിൽ വിതരണക്കാർക്ക് ഉപഭോക്താക്കൾ നൽകുന്ന സ്ഥിരമായതും പ്രയോജനകരവുമായ പ്രതികരണങ്ങൾ പോലെന്ന്അധികാരികൾക്ക് ഉണ്ടാ വില്ല. അവിടെ നവീകരണത്തിനു വേണ്ടി അധികാരികളുടെമേൽ ഒരു സമ്മർദ്ദ വുമില്ല, ഉപഭോക്താക്കൾക്ക് അവർക്ക് വേണ്ടത് ലഭിയ്ക്കുന്നുമില്ല.

## ഇടപെടലുകളുടെ നിരാശാജനകമായ ഫലങ്ങൾ

ഇന്ന് രാജ്യത്തെ മൊത്തം ഉല്പാദനത്തെയും നിയന്ത്രിയ്ക്കുന്നതോ അല്ലെങ്കിൽ നിയന്ത്രിക്കാൻ ശ്രമിയ്ക്കുന്നതോ ആയ രാജ്യങ്ങളില്ല. കൂടുതൽ സാധാരണമായി കാണുന്നത് സർക്കാർ ചില പ്രത്യേക മേഖലകളെ നിയന്ത്രിക്കുന്നതാണ്. പ്രത്യേകിച്ചും അവശ്യമേഖലകളായി കണക്കാക്കുന്ന ആരോഗ്യപരിപാലനം, വിദ്യാഭ്യാസം, കൃഷി , പോലീസ് വിഭാഗം എന്നിവ അല്ലെങ്കിൽ സബ്സിഡി കളിലൂടെയും വില നിയന്ത്രണത്തിലൂടെയും ബിസിനസുകളുടെ മേൽ നിയന്ത്രണങ്ങൾ കൊണ്ടുവന്നും ഉല്പാദനത്തെ കൂട്ടുവാൻ ശ്രമിയ്ക്കുകയോ ചെയ്യുന്നതും.

ഏതാനും ചില മേഖലകൾ സർക്കാരുകളുടെ നിയന്ത്രണത്തിൽ നടത്തിയ്ക്കു ന്നുണ്ടെ ങ്കിലും മന്ദഗതിയിലും വിലക്ഷണവുമായി തീരുമാനങ്ങൾ എടുക്കു ന്നതിന്റെ പ്രശ്നങ്ങൾ അപ്പോഴും നിലനിൽക്കുന്നു, പ്രത്യേകിച്ചും ഏറ്റവും ഗുരുതരമായ പ്രാധാന്യമുള്ള മേഖലകളിൽ. ഉദാഹരണത്തിന്, ഭക്ഷ്യവസ്തുക്ക ളുടെ ഉല്പാദനം സർക്കാർ മാത്രം ഏറ്റെടുത്ത് നടത്തുകയാണെങ്കിൽ, ജനങ്ങൾക്ക് ആവശ്യമുള്ള അത്രയും അളവ് ഉല്പാദിപ്പിയ്ക്കുന്നതിൽ സർക്കാർ പരാജയപ്പെടുകയാണെങ്കിൽ അത് രാജ്യവ്യാപകമായ ക്ഷാമമാണ്.

അതുപോലെത്തന്നെ, ഉൽപാദനം നിയന്ത്രിക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾ സംജാതമാക്കുന്നത് വിതരണവും ആവശ്യവും തമ്മിലുള്ള പൊരുത്തക്കേടുകൾ ആണ്. ഉദാഹരണമായി, രാഷ്ട്രീയക്കാർ വില നിയന്ത്രണത്തിലൂടെ ആരോ

ഗ്യപരിപാലനം അല്ലെങ്കിൽ പലിശ നിരക്ക് എന്നിവ പോലുള്ള ചില അവശ്യസാധനങ്ങൾക്കോ അല്ലെങ്കിൽ സേവനങ്ങൾക്കോ വില കുറയ്ക്കാൻ ശ്രമിക്കും. അപ്പോൾ ഉല്പാദകർക്ക് അവർ വിതരണം ചെയ്യുന്ന സാധനങ്ങളിൽ നിന്നോ സേവനങ്ങളിൽ നിന്നോ വളരെ കുറഞ്ഞ വരുമാനം മാത്രമേ ലഭിക്കുകയുള്ളൂ. ഇത് അവരുടെ ഉല്പാദക ശ്രമവുമായി നിരക്കുന്നതല്ല. അതുകൊണ്ട് അവർ ആ സാധനങ്ങളുടെ ഉല്പാദനം കുറയ്ക്കുകയോ ആ മേഖലയെ മുഴുവനായും അവഗണിക്കുകയോ ചെയ്യും.

ക്ഷാമമായിരിയ്ക്കും ഇതിന്റെ അനന്തരഫലം. നിയമം കൃത്രിമമായി വിലക്കുറവുകൾ അടിച്ചേൽപ്പിക്കുമ്പോൾ, ഉല്പാദകർ ഉല്പാദനം കുറയ്ക്കും, എന്നാൽ ഉപഭോക്താക്കൾ അത് കൂടുതൽ വാങ്ങുവാൻ ആഗ്രഹിക്കും. ഔദ്യോഗികമായി ഭക്ഷ്യവസ്തുക്കൾക്ക് വില വളരെ കുറവായിരിക്കാം, പക്ഷേ അവിടെ അലമാരിയിൽ ഒന്നും ഉണ്ടാവില്ല, വളരെ താഴ്ന്ന പലിശ നിരക്കുകൾ ആയിരിയ്ക്കാം പക്ഷേ വായ്പകൾ ലഭിയ്ക്കുക അസാധ്യമായിരിക്കും, ആരോഗ്യപരിപാലനം സൗജന്യമായിരിക്കാം പക്ഷേ അതു ലഭിക്കണമെങ്കിൽ നിങ്ങൾക്ക് നീണ്ട ക്യൂവിൽ കാത്തു നിൽക്കേണ്ടി വരും.

സർക്കാർ ചില പ്രത്യേക സാധനങ്ങൾക്കോ അല്ലെങ്കിൽ സേവനങ്ങൾക്കോ സബ്സിഡി കൊടുത്ത് അവയുടെ ഉല്പാദനം പ്രോത്സാഹിപ്പിയ്ക്കുമ്പോഴും അവിടെ ഇതേ പ്രശ്നങ്ങൾ ഉടലെടുക്കുന്നു. ഉദാഹരണത്തിന്, യൂറോപ്യൻ യൂണിയൻ, അവരുടെ കൃഷി മേഖലയെ സംരക്ഷിക്കുന്നതിനായി ദീർഘകാല സബ്സിഡികൾ അനുവദിച്ചിരുന്നു. ശക്തമായതും തുടർച്ചയായും ഭക്ഷ്യവസ്തുക്കളുടെ വിതരണം ഉറപ്പുവരുത്തുകയായിരുന്നു ഉദ്ദേശ്യം. എന്നാൽ സത്യത്തിൽ കാര്യക്ഷമതയില്ലാത്ത യൂറോപ്യൻ കൃഷിക്കാരെ അന്താരാഷ്ട്ര എതിരാളികളിൽ നിന്നും സംരക്ഷിയ്ക്കുകയായിരുന്നു ലക്ഷ്യം (രാഷ്ട്രീയപരമായി സ്വാധീനശക്തിയുള്ള ഈ കൂട്ടരുടെ പിന്തുണ ലഭിയ്ക്കാൻ കൂടി വേണ്ടിയായിരുന്നു ഈ പ്രവൃത്തി). സബ്സിഡികൾ ഒരു മലയോളം ആവശ്യമില്ലാത്ത വെണ്ണയുടെയും ഒരു തടാകത്തോളം വിൽക്കപ്പെടാത്ത വീഞ്ഞുകളുടെയും അധിക ഉല്പാദനത്തിന് വഴിയൊരുക്കി.

പക്ഷേ ഇതിനെയൊക്കെക്കാളും അധികം വെളിപ്പെടാത്ത മറ്റു അനന്തരഫലങ്ങൾ കൂടി അവിടെയുണ്ട്. യൂറോപ്പിലെ കൃഷി മേഖലയിൽ നൽകിയ സബ്സിഡിയിൽ ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കിയവർ അവിടത്തെ വലിയ ഭൂവുടമകളായിരുന്നു, അല്ലാതെ പാവപ്പെട്ട കർഷകരല്ല. കർഷകർ അവർ ഒരിക്കലും ഉല്പാദിപ്പിച്ചിട്ടില്ലാത്ത ഭക്ഷ്യവസ്തുക്കൾക്കു വേണ്ടി സബ്സിഡി അവകാശപ്പെടാൻ തുടങ്ങിയതോടെ അഴിമതിയും വ്യാപകമായി. ലോകമെമ്പാടും നിന്നും

ഇത്തരം സമാനമായ എണ്ണമറ്റ കഥകൾ കേൾക്കാം, തീർച്ചയായും ചരിത്രത്തിൽ നിന്നുപോലും. പ്രമുഖ സ്കോട്ടിഷ് സാമ്പത്തിക ശാസ്ത്രജ്ഞനായ ആദം സ്മിത്ത് (Adam Smith) 1776 ലെ അദ്ദേഹത്തിന്റെ ദ് വെൽത്ത് ഓഫ് നേഷൻ (The Wealth of Nation) എന്ന പുസ്തകത്തിൽ, അവരുടെ മത്സ്യബന്ധനത്തേക്കാൾ അവയുടെ സബ്സിഡികൾ കൂടുതൽ നേടിയെടുക്കുന്നതിനായി മത്തി ബോട്ടുകൾ സജ്ജമാക്കി വെയ്ക്കാറുണ്ട് എന്ന് കുറ്റപ്പെടുത്തുന്നുണ്ട്.[2]

ഏതെങ്കിലും തരത്തിലുള്ള ഒരു ഉല്പാദനത്തിന് സബ്സിഡി നൽകുമ്പോൾ വിഭവങ്ങൾ ആ മേഖലയിൽ മാത്രം ആകർഷിക്കപ്പെടുകയും മികച്ച രിതിയിൽ വിനിയോഗിയ്ക്കാൻ കഴിയുന്ന മററുള്ളിടത്തേയക്ക് സമയം, പരിശ്രമം, മൂലധനം എന്നിവ ഒന്നും കിട്ടാതെ വരികയും ചെയ്യുന്നു. ഉദാഹരണത്തിന്, സർക്കാരുകൾ അടുത്തകാലത്തായി ചെയ്തുവരുന്നത്, വ്യക്തികളിൽ നിന്നും വ്യവസായികളിൽ നിന്നും പണം എടുത്ത് കൂടുതൽ ചിലവുകൾ വരുന്ന കാറ്റ്, സോളാർ പവർ പദ്ധതികൾക്ക് സബ്സിഡി നൽകുകയാണ്. പക്ഷേ ഈ പണം വളരെയധികം ചിലവു കുറഞ്ഞ പല പദ്ധതികൾക്കും നിക്ഷേപിയ്ക്കുവാൻ കഴിയുമായിരുന്നു. അത് നമ്മുടെ സാമ്പത്തിക വളർച്ചയെ മന്ദഗതിയിലാക്കുകയും പൊതുജനങ്ങളുടെ ദീർഘകാല അഭിവൃദ്ധിയെ ഇല്ലാതാക്കുകയും ചെയ്യുന്നു.

## കുറച്ചു പേരുടെ തീരുമാനങ്ങൾ

അധികാരികളേക്കാൾ വ്യക്തികൾക്ക് തീരുമാനമെടുക്കാനുള്ള മുൻഗണന നൽകണമെന്ന് പറയുന്നതിന്റെ മറ്റൊരു കാരണം അധികാര ശക്തിയുള്ള കുറച്ചു പേരുടേതിനേക്കാൾ അനേകം തെരഞ്ഞെടുപ്പുകൾ നടത്തുന്നത് അനേകം വ്യക്തികളാണ് എന്നതാണ്. തീർച്ചയായും, എല്ലാവർക്കും വേണ്ടി അധികാരികൾ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കണമെങ്കിൽ അവർക്ക് അധികാരശക്തിയുടെ ആവശ്യകത അനിവാര്യമാണ്. പക്ഷേ ഈ അധികാരികളും മനുഷ്യ ജീവികളാണ്. അവരുടെ അധികാരശക്തി, അവരുടെ സ്വന്തം താല്പര്യങ്ങളെയും, അതുപോലെ അവരുടെ കുടംബത്തിന്റെയോ അല്ലെങ്കിൽ സുഹൃത്തുക്കളുടെയോ അല്ലെങ്കിൽ അയൽക്കാരുടെയോ അല്ലെങ്കിൽ വർഗ്ഗത്തിന്റെയോ അല്ലെങ്കിൽ രാഷ്ട്രീയ പാർട്ടികളുടെയോ താല്പര്യങ്ങളെയും നേടിയെടുക്കാനായി ഉപയോഗിയ്ക്കേണ്ടി വരുന്ന പ്രലോഭനത്തെ ചെറുക്കാൻ അധികം പേർക്കും കഴിയില്ല. ഉടമ്പടികളും കുത്തകവകാശങ്ങളും അവരുടെ സഹകാരികൾക്ക് നൽകപ്പെടുന്നു. പൊതു ആവശ്യങ്ങൾക്ക് ചിലവഴിയ്ക്കേണ്ട തുകയുടെ

2. ആദം സ്മിത്ത്, ദ് വെൽത്ത് ഓഫ് നേഷൻ, 1776ഷ പുസ്തകം 4, അധ്യായം 5

2. Adam Smith, The Wealth of Nations, 1776, Book IV, ch. V.

അനുചിതമായ പങ്ക് രാഷ്ട്രീയക്കാരുടെസ്വന്തം പ്രദേശങ്ങളിലേക്ക് പോകുന്നു. പോലീസിലെയും നീതിന്യായ വകുപ്പുകളും പോലുള്ള സർക്കാർ ജോലികളിൽ യോഗ്യത ഉള്ളവരെ പുറന്തള്ളി അവർക്കു വേണ്ടപ്പെട്ടവർ നേടുന്നു.

എന്നാൽ രാഷ്ട്രീയപരമായി വളരെ കുറച്ചു തിരുമാനങ്ങളും വ്യക്തികൾ തന്നെ കൂടുതൽ തീരുമാനങ്ങളും എടുക്കുകയാണെങ്കിൽ അവിടെ ഇത്തരത്തിലുള്ള അഴിമതിയുടെ സാധ്യത വളരെ കുറവായിരിയ്ക്കും. സമ്മർദ്ദത്തിലൂടെ ലാഭം നേടാൻ ശ്രമിയ്ക്കാതെ സമ്മർദ്ദതന്ത്രം പരമാവധി കുറക്കുക എന്ന സർക്കാരിന്റെ പ്രഥമ കർത്തവ്യത്തിലേക്ക് ശ്രദ്ധ പതിപ്പിക്കാൻ കഴിയും.

ചിലപ്പോഴൊക്കെ ഈ കൊള്ളലാഭമെടുക്കൽ വളരെ നിഗൂഢമായി കാണാറുണ്ട്. ആധുനിക സാമ്പത്തികശാസ്ത്രത്തിന്റെ പിതാവായ ആദം സ്മിത്ത് എഴുതി; ജനങ്ങളുടെ പോക്കറ്റുകളിൽ നിന്നും പണം വലിച്ചെടുക്കുന്നതു പോലെ പെട്ടെന്ന് സർക്കാരിനു പഠിച്ചെടുക്കാൻ പറ്റിയ മറ്റൊരു കലയും ഇല്ല.[3]. ഉദാഹരണത്തിന്, സർക്കാരുകൾക്ക് കടമെടുത്ത് ഓരോ പദ്ധതികളിൽ ചിലവാക്കാൻ കഴിയുകയും അത് അവർക്ക് തെരഞ്ഞെടുപ്പുകളിൽ വിജയം നൽകുകയും അവരുടെ അനുയായികളെ സമ്പന്നരും ആക്കുന്നു, അതേ സമയം ഇതിന്റെ ബാധ്യതകൾ അടിച്ചേൽപ്പിയ്ക്കുന്നത് സാധാരണക്കാരായ മറ്റുള്ളവരിലേയ്ക്കും. അടുത്ത തലമുറയിലേയ്ക്ക് പോലും ഈ ബാധ്യത അടിച്ചേൽപ്പിയ്ക്കുവാൻ അവർക്കു കഴിയും. ഒരുപക്ഷേ അവർ പിടിച്ചു നിൽക്കാൻ കഴിയാത്തത്ര കടക്കെണിയിൽ പെടുകയാണെങ്കിൽ വെറുതെ പണം അച്ചടിച്ച് വിനിമയമൂല്യം കുറഞ്ഞ കറൻസിയായിട്ട് കൊടുക്കാനുള്ളവർക്ക് കൊടുത്തു തിർക്കാൻ അവർക്കു കഴിയും. പക്ഷേ ഇത്തരം കള്ളത്തരങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ സമ്പത്തുണ്ടാക്കുവാനുള്ള ജനങ്ങളുടെ തൃഷ്ണയെ നിരുത്സാഹപ്പെടുത്തും. പുതിയ വ്യവസായങ്ങൾ ആരംഭിയ്ക്കുന്നതിൽ നിന്നും ഉല്പാദനക്ഷമതയുള്ള മൂലധനങ്ങൾ സ്വരൂപിക്കുന്നതിൽ നിന്നും അവർ പിന്നോട്ടു മാറും. ഇത് ആ മുഴുവൻ സമൂഹത്തെയും വിനാശകരമായി ബാധിക്കും.

ഒരു യഥാർത്ഥ സ്വതന്ത്ര സമൂഹത്തിലെ സർക്കാറിനെ, അത്രയ്ക്ക് ഗുരുതരമായ അവസ്ഥയിലല്ലാതെ കടമെടുക്കുവാൻ അനുവദിയ്ക്കുകയില്ല, അതുപോലും പരിമിതമായിരിക്കും. ഇത്തരം സർക്കാരുകൾക്ക് കറൻസിയുടെമേൽ കുത്തകവകാശമോ പണത്തിന് ആവശ്യമുള്ളപ്പോൾ അച്ചടിച്ചെടുക്കുവാനുള്ള അധികാരമോ ഉണ്ടായിരിക്കില്ല. ഒരു സ്വതന്ത്ര സമൂഹത്തിലെ നികുതികൾ വളരെ കുറവും വിശാലമായ അടിസ്ഥാനത്തിൽ ചുമത്തുന്നതു

3. ഐബിഡ്, പുസ്തകം 5, അധ്യായം 2, ഭാഗം 2, ആർട്ടിക്കിൾ 1&2 അനുബന്ധം

3. Ibid., Book V, ch. II, Part II, Appendix to Articles I & II.

മായിരിക്കും. രാഷ്ട്രീയ എതിരാളികളിൽ നിന്നും സമ്പന്നരെന്ന ന്യൂനപക്ഷങ്ങളിൽ നിന്നും അധികം നികുതി ഈടാക്കാറില്ല. നികുതികൾ ലളിതവും വ്യക്തവും അടയ്ക്കാൻ എളുപ്പവും മുൻകൂട്ടി അറിയാവുന്നവയുമായിരിക്കും. നികുതി ദായകരിൽ നിന്നും കിട്ടുന്ന തുക കുത്തനെ കൂട്ടുന്നതിൽ താല്പര്യമുള്ള പൊതു - സ്വകാര്യ ഏജൻസികൾക്ക് അവരെ ചൂഷണം ചെയ്യാൻ കഴിയില്ല.

### *പൈതൃകവാദികളുടെ വാദമുഖം*

പൊതുജനങ്ങൾ കുട്ടികളെപ്പോലെയാണ്, അവർ സ്വയം തീരുമാനങ്ങൾ എടുക്കുവാൻ അശക്തരാണ് , അതുകൊണ്ടു മാത്രമാണ് എല്ലാ തീരുമാനങ്ങളും അവർക്കെടുക്കേണ്ടി വരുന്നത് എന്നാണ് ഭരിക്കുന്ന പ്രമാണിവർഗ്ഗങ്ങൾക്കിടയിൽ പൊതുവേയുള്ള കാഴ്ചപ്പാട്. ഇത് സ്വയം ഖണ്ഡിയ്ക്കുന്നതാണ്; ഇത് അവർക്ക് അധികാരം നൽകിയ ജനങ്ങളുടെ കഴിവിനെ തരംതാഴ്ത്തുന്നതാണ്. മാത്രവുമല്ല, ഒരു ശരിയായ സർക്കാരിനെ തെരഞ്ഞെടുക്കുവാൻ വേണ്ടത്ര കൂട്ടായ സാമഥത്ഥ്യം ജനങ്ങൾക്കുണ്ട്, എന്നാൽ അവരുടെ സ്വന്തം ജീവിതം നല്ല രിതിയിൽ കൊണ്ടുപോകുവാൻ വേണ്ടത്ര വ്യക്തിപരമായ സാമർത്ഥ്യം ഇല്ലായെന്നു സമർത്ഥിയ്ക്കുന്നതിൽ ഒരു യുക്തിയുമില്ല.

ഒരൽപ്പം മെച്ചപ്പെട്ട രീതിയിൽ ജനങ്ങൾ പ്രവർത്തിക്കുയാണെങ്കിൽ അതൊരു മുഴുവൻ സമൂഹത്തിന്റെയും ക്ഷേമത്തിന് ഉതകുമെന്നതിന് ഒരുപാട് ഉദാഹരണങ്ങൾ ഉണ്ട്. പക്ഷേ ഇതിൽ കൂടുതലും നിയമത്തിന്റെ ഇടപെടലുകൾ ആവശ്യമില്ലാത്ത ധാർമ്മികമായ പ്രശ്നങ്ങളാണ്. മറ്റുള്ളവർക്കു സഹായകകരമാകുന്ന ധാർമ്മിമായ കാര്യങ്ങൾ ചെയ്യുവാൻ ആളുകളെ നമ്മൾ പ്രേരിപ്പിക്കുമ്പോൾ, ഒരു സ്വതന്ത്ര സമൂഹത്തിലെ സർക്കാരിന് അവരെ അങ്ങനെ ആക്കുവാൻ കഴിയില്ല. മറ്റുള്ളവർക്ക് ഉപദ്രവമാവുന്ന രീതിയിലുള്ള പ്രവർത്തനങ്ങളെ തടയുക എന്നതു മാത്രമാണ് ഇവിടെ സർക്കാരിനെ ചുമതലപ്പെടുത്തിയിരിയ്ക്കുന്നത്, മറ്റുള്ളവർക്ക് പ്രയോജനകരമാം വിധം പ്രവർത്തിക്കാൻ ജനങ്ങളെ നിർബന്ധിക്കുവാൻ അല്ല. പ്രതിരോധം പോലുള്ള പൊതു പദ്ധതികളിൽ ജനങ്ങളെക്കൊണ്ട് സംഭാവന ചെയ്യിക്കാൻ ഒരു പൊതു - കാര്യവാദം നിലനിൽക്കുന്നുണ്ട്, പക്ഷേ അത്തരം കേസുകൾ വളരെ വിരളമാണ്.

ചോദ്യം : തീർച്ചയായും നമുക്കെല്ലാപേർക്കും സർക്കാരിനോട് ഉത്തരവാദിത്വം ഉണ്ടോ ?

ഇല്ല. ഒരു സ്വതന്ത്ര സമൂഹത്തിൽ സർക്കാരിന് നമ്മളോടാണ് ഉത്തരവാദിത്വം ഉള്ളത്. പല സ്ഥലങ്ങളിലും സ്വാധീന ശക്തിപ്രയോഗത്തിലൂടെയാണ്

സർക്കാരുകൾ രൂപികരിയ്ക്കപ്പെടുന്നതും അധികാരത്തിൽ തുടരുന്നതും. ഇതൊന്നും നിയമാനുസൃതമായ സർക്കാരുകളല്ല. ഒരു സ്വതന്ത്ര സമൂഹത്തിലെ സർക്കാർ , അവർക്കു നിയുക്തമായിട്ടുള്ള കാര്യങ്ങളിൽ കൂട്ടായോ (പ്രതിരോധം പോലുള്ളവ) അല്ലെങ്കിൽ പക്ഷാപാതരഹിതമായോ തീരുമാനങ്ങൾ എടുക്കുവാനോ അല്ലെങ്കിൽ പ്രാവർത്തികമാക്കുവാനോ ജനങ്ങളാൽ രൂപികരിക്കപ്പെടുന്ന ഒരു ഏജൻസിയാണ്. അവരുടെ കർത്തവ്യം പൗരന്മാരെ സേവിയ്ക്കുക എന്നതല്ലാതെ മറ്റൊന്നല്ല.

സർക്കാരിനാൽ നൽകപ്പെടുന്ന സേവനങ്ങൾ എങ്ങനെ ലഭ്യമാക്കുന്നു എന്നതുപോലുള്ള പ്രശ്നങ്ങളിൽ മിക്കവാറും അതിശയകരമായ നിർവികാരതയാണ് ജനങ്ങൾ പ്രകടിപ്പിയ്ക്കുന്നത് എന്ന കാര്യം ഒരു സത്യമാണ്. പക്ഷേ സാധാരണയായി അതെന്തു കൊണ്ടന്നാൽ പരാതിപ്പെടുന്നതു കൊണ്ട് അവരുടെ സമയം വെറുതെ നഷ്ടമാവുമെന്നും ഒരു മാറ്റങ്ങളും ഉണ്ടാകാൻ പോകുന്നില്ലായെന്നും അവർക്കു വ്യക്തമായി അറിയാവുന്നതു കൊണ്ടാണ്. ജനങ്ങൾ ഇടപെടുന്നതുകൊണ്ട് സത്യത്തിൽ എന്തെങ്കിലും പുരോഗതി ഉണ്ടാവുമെന്നു കണ്ടാൽ കൂടുതൽ ആളുകൾ അതിനു തയ്യാറാവും.

## സർക്കാരിനെ നിയന്ത്രിയ്ക്കുവാനുള്ള മാർഗ്ഗങ്ങൾ

### *ജനാധിപത്യം*

വിരളമായ കേസുകളിൽ കൂട്ടായ തീരുമാനം ഒഴിവാക്കപ്പെടാൻ കഴിയാത്തതിനാൽ, അതിന്റെ ഫലം മൊത്തം ജനസമൂഹത്തെയും ബാധിക്കുമെന്നുള്ളതു കൊണ്ട്, ഒരു സ്വതന്ത്ര സമൂഹം എല്ലാ ജനങ്ങളുടെയും അഭിപ്രായം തേടുന്നു. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ, അവിടെ ചില തരത്തിലുള്ള ജനാധിപത്യം നിലവിലുണ്ട്.

എല്ലാ തീരുമാനങ്ങളും മുഴുവൻ ജനങ്ങളാൽ എടുക്കണമെന്നില്ല, അത് അങ്ങേയറ്റം ക്ലേശകരമായതും സമയം അധികമെടുക്കുന്നതുമാണ്. സാധാരണ നിലയിൽ എല്ലാ ജനങ്ങളും അവർക്കുവേണ്ടി തീരുമാനങ്ങളെടുക്കാൻ ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നു. ഈ ജനപ്രതിനിധികൾ വെറും പ്രതിനിധികളല്ല, അവർക്കു വോട്ടുകൊടുത്തവരുടെ ആശയങ്ങൾ ദാസ്യമനോഭാവത്തോടെ പ്രതിഫലിപ്പിക്കേണ്ടവരല്ല, അവർ അവരുടേതായ തീർപ്പ്  ഈ പ്രക്രിയയിൽ കൊണ്ടുവരുന്നു.

ജനാധിപത്യത്തിന് ജനപ്രീണിത രാഷ്ട്രീയവുമായി ഒരു സാമ്യവുമില്ല. ചിലപ്പോഴെങ്കിലും പൊതുജനങ്ങളിൽ ഭൂരിപക്ഷവും വിശ്വസിക്കുന്നത് മതപരവും അല്ലെ

ങ്കിൽ വംശീയപരവുമായ ന്യൂനപക്ഷങ്ങൾ ബലികഴിക്കപ്പെടേണ്ടവരാണെന്നാണ്, എന്നാൽ ഒരു സ്വതന്ത്ര സമൂഹത്തിലെ സർക്കാരിന് ഇങ്ങനെ ചെയ്യാൻ കഴിയില്ല. ഇത് നിലനിൽക്കുന്നത് മറ്റുള്ളവർക്ക് ഹാനികരമായത് തടയുന്നതിനാണ്. ഒരു പഴയ ചൊല്ല് ജനാധിപത്യത്തെ വിശദീകരിയ്ക്കുന്നത്, രണ്ടു ചെന്നായ്ക്കളും ഒരു ചെമ്മരിയാടും അത്താഴത്തിനുവേണ്ടി എന്താണ് വേണ്ടതെന്ന് തീരുമാനിക്കുന്നു എന്നാണ്. പക്ഷേ ഒരു സ്വതന്ത്ര സമൂഹത്തിൽ ഭൂരിഭാഗത്തിന്റെ അധികാരങ്ങൾ ന്യൂനപക്ഷങ്ങളെ സംരക്ഷിയ്ക്കുന്നതിനു വേണ്ടി നിയന്ത്രണവിധേയമാക്കുന്നു.

ഏറ്റവും വലിയ പ്രശ്നം സർക്കാരുകളെ എങ്ങനെ തെരഞ്ഞെടുക്കാമെന്നല്ല, പക്ഷേ അവരെ എങ്ങനെ നിയന്ത്രിക്കണമെന്നതാണ്. അവർ വെറും മനുഷ്യരാണ്, അവർക്കു കിട്ടിയിരിക്കുന്ന അധികാരത്തിന് അവരെ അഴിമതിക്കാരാക്കുന്നു. സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടണമെങ്കിൽ, നേതാക്കളെ പദവിയിൽ നിന്നും നീക്കുവാനുള്ള എന്തെങ്കിലും ചില വ്യവസ്ഥകൾ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. ഒരു സ്വതന്ത്ര സമൂഹത്തിലെ ഇലക്ഷൻ നേതാക്കളെ തെരഞ്ഞെടുക്കുവാൻ വേണ്ടി മാത്രമല്ല, അവരെ ഒഴിവാക്കുവാനും കൂടിയുള്ളതാണ്.

ചില അധികാരികൾ വാദിക്കുന്നത് വ്യത്യസ്ത സർക്കാരുകൾ, ഒരുപക്ഷേ അടിസ്ഥാനപരമായി വ്യത്യസ്ത നയങ്ങൾ ഉള്ളവർ, വോട്ടെടുപ്പിലൂടെ മാറി മാറി വരുമ്പോൾ അത് അസ്ഥിരത സൃഷ്ടിക്കുന്നു എന്നാണ്. പക്ഷേ ഒരു സ്വതന്ത്ര സമൂഹത്തിൽ സർക്കാരുകളുടെ അധികാരം നിയന്ത്രിതമായിരിയ്ക്കുന്നതിനാൽ ഏതു തരത്തിലുള്ള അസ്ഥിരതയുടെ വ്യാപ്തിയും കുറയുന്നു. നിയമവിരുദ്ധ സർക്കാരുകളേക്കാൾ നിയമാനുസൃത സർക്കാരുകളിൽ വിനാശകരമായ അസ്ഥിരതയുടെ സാധ്യതകൾ കൂടുകയല്ല കുറയുകയാണ് ചെയ്യുന്നത്. സായുധ സേനകളുടെ ബലത്തിൽ നിയമാനുസൃതമല്ലാത്ത ഒരു സർക്കാരിന് ദീർഘകാലം അധികാരത്തിൽ തുടരാം, എന്നാൽ ഇതിനുള്ള യഥാർത്ഥ ബദൽ മാർഗ്ഗങ്ങൾ കാലാകാലങ്ങളിൽ സമാധാനപരമായ ഇലക്ഷൻ അല്ലെങ്കിൽ വല്ലപ്പോഴുമുള്ള രക്തരൂക്ഷിതമായ വിപ്ലവങ്ങൾഎന്നിവയാണ്. സ്വതന്ത്ര സമൂഹങ്ങളിൽ ഇലക്ഷനു മുൻഗണനയുണ്ട്, ഇത് ബലപ്രയോഗവും അക്രമവും നിയന്ത്രിക്കുന്നു, സമൂഹത്തിൽ മാറ്റങ്ങളും പുരോഗതിയും വേഗത്തിലാക്കുന്നു.

ഇലക്ഷനുകൾ നിയമാനുസൃതമായി സ്വീകരിയ്ക്കപ്പെടണമെങ്കിൽ അതിന് ഏതാനും നിബന്ധനകൾ അനിവാര്യമാണ്. ഉദാഹരണത്തിന്, അവിടെ പാർട്ടികളിൽ യഥാർത്ഥ തിരഞ്ഞെടുപ്പ് ഉണ്ടാവണം. ഒരേ ഒരു സ്ഥാർനാർത്ഥിയേ അവിടെ വോട്ടു തേടി ഉള്ളൂവെങ്കിൽ, ഇതൊരു സ്വതന്ത്ര തിരഞ്ഞെടുപ്പല്ല,

ഒരു സ്വതന്ത്ര സമൂഹത്തിൽ അവിടെ വ്യത്യസ്തങ്ങളായ കാഴ്ചപ്പാടുകൾ ഉണ്ടാവും. ഇത് സൂചിപ്പിയ്ക്കുന്നതെന്തെന്നാൽ പല സ്ഥാനാർത്ഥികൾക്കും അവരവരുടെ ആശയങ്ങൾ പ്രകടിപ്പിയ്ക്കുവാനും പ്രസിദ്ധീകരിക്കാനും കഴിയണം, മാത്രവുമല്ല മറ്റു സ്ഥാനാർത്ഥികളെയും പാർട്ടികളെയും യാതൊരു തടസ്സവും കൂടാതെ വിമർശിയ്ക്കുവാനും കഴിയണം. ജനങ്ങൾക്ക് അവർക്കിഷ്ടപ്പെട്ട സ്ഥാനാർത്ഥികൾക്ക് യാതൊരു തരത്തിലുമുള്ള പ്രതികാരഭയവും ഇല്ലാതെ വോട്ടു രേഖപ്പെടുത്തുവാനും കഴിയണം; അതുകൊണ്ടുതന്നെ വോട്ടു ചെയ്യുന്ന രീതി രഹസ്യമായിരിയ്ക്കണം. എന്നാൽ ചില രാജ്യങ്ങളിൽ ഇലക്ഷൻപ്രചാരണങ്ങൾക്ക് പണം ചിലവഴിയ്ക്കുന്നതിന് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്സമ്പന്നരായ സ്ഥാനാർത്ഥികളും പാർട്ടികളും കൂടുതൽ നേട്ടങ്ങൾ ഉണ്ടാക്കുന്നില്ലായെന്ന് ഉറപ്പു വരുത്തുന്നതിനു വേണ്ടിയാണിത്. അടുത്ത ഇലക്ഷൻ എപ്പോൾ നടത്തണമെന്നു തിരുമാനിക്കാൻ ഭരണത്തിലിരിക്കുന്ന സർക്കാരിനെ അനുവദിക്കാതെ പല രാജ്യങ്ങളും ഇലക്ഷനുകൾക്കിടയിൽ ഒരു നിശ്ചിത കാലാവധി ഏർപ്പെടുത്തിയിട്ടുണ്ട്.

### *പൊതു തീരുമാനങ്ങളെടുക്കൽ*

മിക്കവാറും എല്ലാ സ്വതന്ത്രമല്ലാത്ത രാജ്യങ്ങളിലെയും സർക്കാരുകൾ അധികാരത്തിൽ വരുന്നത് സ്വാധീന ശക്തികളുടെ പിൻബലത്താലാണ്. ചിലർ അതിൽ പലരും പിന്നീട് നിയമസാധുതയുടെ വെളിച്ചത്തിൽ അധികാരം വിട്ടുകൊടുക്കുമെങ്കിലും, ചിലർ ശക്തിയിലൂടെ പിടച്ചുനിൽക്കും.എന്നാൽ ചിലർ അവർക്ക് നിയമസാധുത നൽകാൻ പല വഴികളും കണ്ടുവച്ചിട്ടുണ്ട്. ഉദാഹരണത്തിന് സംസ്കാരിക പൈതൃകത്തിന്റെയും മതത്തിന്റെയും പരിപൂർണ്ണമായ രക്ഷാകർതൃത്വം ഏറ്റെടുത്തുകൊണ്ട്. ഇതിനു വിപരീതമായി ഒരു സ്വതന്ത്ര സമൂഹത്തിൽ സർക്കാർ നിലനിൽക്കുന്നത് വളരെ നിയന്ത്രിത ലക്ഷ്യത്തോടെയും ജനങ്ങളുടെ സമ്മതത്താലുമാണ്.

എന്നിരുന്നാലും സർക്കാരുകൾ പലപ്പോഴും അവരുടെ കർത്തവ്യമായ ഹാനികരമായത് തടയുന്നതിൽ നിന്നും, വ്യക്തികൾക്ക് ചെയ്യുവാൻ കഴിയാത്തത് കൂട്ടായ്മയോടെ ചെയ്യുന്നതിൽ നിന്നും വ്യതിചലിച്ചു പോകാറുണ്ട്. ഉദാഹരണത്തിന്, അവർ പലപ്പോഴും പൊതു കാര്യങ്ങൾ വിതരണം ചെയ്യുന്നതിൽ കുത്തകയായ രീതി അവലംബിക്കാറുണ്ട്. എന്ത് അല്ലെങ്കിൽ ഏത് പൊതു കാര്യം വിതരണം ചെയ്യണമെന്ന് കൂട്ടായ തീരുമാനമാണ് എടുക്കേണ്ടതെങ്കിലും അപ്പോഴും അത്തരം സാധനങ്ങൾ മൊത്തമായോ ഭാഗികമായോ സ്വകാര്യ ഏജൻസികൾക്ക് വിതരണം ചെയ്യാൻ കഴിയുന്നുണ്ട്. ഉദാഹരണത്തിന്, ധർമ്മസ്ഥാപനങ്ങൾക്ക്

പാവപ്പെട്ടവർക്കും രോഗികൾക്കും പരിചരണം നൽകാൻ കഴിയും. മറ്റുള്ളവർക്ക്, ഹാനികരമായത് തടയുക എന്ന വ്യവസ്ഥയിൽ, അന്തരീക്ഷ മലിനികരണം പോലുള്ളവ എത്രമാത്രം ഹാനികരമാണ് എന്ന് കണക്കാക്കുക വളരെ പ്രയാസമുള്ളതാണ്, മാത്രവുമല്ല ഇതിൽ സർക്കാരിന്റെ ഇടപെടൽ സത്യമായും പൂർണ്ണമായും നീതീകരിക്കാവുന്നതല്ല.

ചില തീരുമാനങ്ങൾ എടുക്കേണ്ടത് കൂട്ടായ്മയിലൂടെ ആണെങ്കിൽ, എന്ത് നിയമപ്രകാരം ആയിരിയ്ക്കണം ആ തിരുമാനങ്ങൾ ഉണ്ടാകേണ്ടത്?

മാതൃകാപരമായി ഏകകണ്ഠമായിരിക്കണം; എല്ലാവരും ആ തീരുമാനമെടുക്കലിൽ പങ്കെടുക്കണം, എല്ലാവരും അംഗീകരിക്കാത്ത ഒരു പ്രവൃത്തിയും നടപ്പാക്കുന്നില്ല. എന്നാൽ അഭിപ്രായ ഐക്യം നേടിയെടുക്കുന്നത് വളരെ പ്രയാസകരമാണ്. തുടക്കത്തിൽ, ഓരോ വ്യക്തിയ്ക്കും ഓരോ പ്രമേയങ്ങളും പഠിയ്ക്കുവാനും വോട്ടു ചെയ്യുവാനും സമയം ആവശ്യമായതിനാൽ ഇത് വളരെ കാലതാമസം എടുക്കുന്ന ഒരു പ്രക്രിയയാവും. അതുകൊണ്ടാണ് നമ്മൾ പകരമായി ജനപ്രതിനിധികളെ തെരഞ്ഞെടുക്കുന്നത്. ഏതെങ്കിലുമൊരു ഉടമ്പടിയിൽ എത്തുന്നത് വളരെ വൈഷമ്യം പിടിച്ച ഒരു കാര്യമാണ്, എന്തെന്നാൽ ഏതെങ്കിലുമൊരു വ്യക്തിക്കും ആ മൊത്തം പദ്ധതിയും റദ്ദാക്കുവാൻ കഴിയും. ആയതുകൊണ്ട്, കൂട്ടായ തിരുമാനങ്ങൾ ജനകീയ തെരഞ്ഞെടുപ്പുകളിലൂടെയോ ഹിതപരിശോധനയിലൂടെയോ അല്ലെങ്കിൽ നിയമസഭയിലെ വോട്ടെടുപ്പിലൂടെയോ എടുക്കുകയാണെങ്കിൽ അത് പൊതുവേ ഭൂരിപക്ഷാഭിപ്രായം ആയിരിയ്ക്കും. ഇതൊരു ചെറിയ (50 ശതമാനം+1) ഭൂരിപക്ഷമോ അല്ലെങ്കിൽ യോഗ്യമായ (2/3) ഭൂരിപക്ഷമോ ആകാം. അത് തീരുമാനങ്ങൾ എടുക്കുന്നതിലെ ബുദ്ധിമുട്ടുകൾ കുറക്കുന്നു, അതേസമയം ചെറിയൊരു പ്രമാണി വർഗ്ഗങ്ങളുടേതല്ലാതെ ഭൂരിപക്ഷത്താൽ തിരുമാനങ്ങൾ എടുക്കപ്പെടുന്നു എന്ന ഉറപ്പും നൽകുന്നു. [4]

### *വോട്ടർമാരുടെ സ്വന്തം താല്പര്യം*

ഒരു റോമൻ ചക്രവർത്തിയുടെ കഥയുണ്ട്, പാട്ടു മത്സരത്തിലെ ഫൈനൽ വിജയിയെ പ്രഖ്യാപിക്കാൻ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അദ്ദേഹം ഒരാളുടെ പാട്ടു കേട്ടിട്ട് മറ്റേ ആൾക്ക് സമ്മാനം നൽകി. ഇതിനർത്ഥം രണ്ടാമത്തേതും

4. ഇതിന്റെയും ഇനി വരുന്ന ആശയത്തിന്റെയും വിശദമായ സംഗ്രഹത്തിനായി വായിയ്ക്കുക ഈറോൺ, ബട്ലറുടെ പബ്ലിക് ചോയ്സ്ഡ ഒരു പ്രഥമ ഗ്രന്ഥം, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക്സ് അഫയേഴ്സ്, ലൻ 2012

4. For a more detailed summary of this and the following points, see Eamonn Butler, Public Choice a Primer, Institute of Economic Affairs, London, 2012.

മോശമാകാൻ സാധ്യതയില്ല എന്നാണ്. ഇന്ന്, ഒരു സ്വതന്ത്ര സമൂഹത്തിലും ഒരു സ്വതന്ത്ര സമ്പദ് വ്യവസ്ഥയിലും ഉല്പാദിപ്പിക്കുന്നതിൽ എപ്പോഴൊക്കെ നമ്മൾ അസംതൃപ്തരാണോ, സർക്കാരിന്റെ പ്രവർത്തനങ്ങൾ അവ നിശ്ചയമായും മെച്ചപ്പെടുത്തണം എന്ന് ചിന്തിക്കുവാനുള്ള പ്രവണത ഇന്ന് ജനങ്ങളിൽ കാണുന്നുണ്ട്. ഉദാഹരണത്തിന്, പ്രതിരോധം അല്ലെങ്കിൽ ക്ഷേമം പോലുള്ള മേഖലകളിലെ പൊതു സാധനങ്ങൾ ആവശ്യത്തിന് വിതരണം ചെയ്യുന്നതിൽ വിപണി വീഴ്ച വരുത്തിയാൽ അതിനു ബദലായി സർക്കാർ അവ തീർച്ചയായും ലഭ്യമാക്കിയിരിക്കണം. അല്ലെങ്കിൽ ഒരു ഫാക്ടറി അന്തരീക്ഷ മലിനീകരണത്തിന് കാരണമാവുകയാണെങ്കിൽ അതു നിർത്തലാക്കേണ്ട നടപടികൾ സർക്കാർ കൈകൊണ്ടിരിക്കണം. പക്ഷേ ഇത് ആരും ആവശ്യത്തിന് പിന്തുടരുന്നില്ല.

പലപ്പോഴും വിപണികൾ നമ്മുടെ ആവശ്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുന്നതിൽ പരാജയപ്പെടുന്നു. എന്നാൽ നമ്മൾ വിപണി പരാജയപ്പെടുന്നു എന്നു പറയുമ്പോൾ നമ്മൾ അവിടെ ഓർക്കേണ്ട കാര്യം സർക്കാരും പരാജയപ്പെടാം എന്നാണ്. താരതമ്യേന സ്വതന്ത്ര സമൂഹങ്ങളിൽ പോലും സർക്കാരുകൾ വസ്തുനിഷ്ഠമായതോ, പരിമിതമായോ, പക്ഷപാതരഹിതമായതോ, ജനങ്ങളാൽ ഉർജ്ജിതമായ ശക്തികളോ അല്ല. അടി മുതൽ മുടി വരെ സർക്കാരിൽ സ്വന്തം താല്പര്യങ്ങൾ നിലനിൽക്കുന്നുണ്ട്.

ജനങ്ങൾ തിരഞ്ഞെടുപ്പിനെ കാണുന്നത് പൊതു താല്പര്യങ്ങൾ മനസ്സിലാക്കാനും അവ നടപ്പിലാക്കുന്നതിനുമുള്ള ഒരു തിരിച്ചറിവായിട്ടാണ്. പക്ഷേ ഒരു സ്വതന്ത്ര സമൂഹത്തിൽ അവിടെ വ്യത്യസ്ത താല്പര്യങ്ങൾ ഉണ്ട്, അവ തമ്മിൽ ഏറ്റുമുട്ടും. കുറഞ്ഞ നികുതികൾ മതിയെന്ന് ആഗ്രഹിക്കുന്ന വോട്ടർമാർ പൊതു ചിലവുകൾ അധികം വേണമെന്നു ആഗ്രഹിയ്ക്കുന്ന മറ്റുള്ളവരുമായി സംഘർഷത്തിലെത്തും. പുതിയ ഒരു ദേശീയ പാത വരുന്നതിൽ ഗുണമുള്ളവർ വീടുകൾ നഷ്ടപ്പെടുമെന്നു വ്യാകുലപ്പെടുന്നവരെ എതിർക്കും. ഇലക്ഷനുകൾ പൊതു താല്പര്യങ്ങളെ സ്ഥാപിക്കുന്നില്ല. അവ പരസ്പരം മത്സരിക്കുന്ന താല്പര്യങ്ങളെ സന്തുലിതമാക്കുന്നതേ ഉള്ളൂ. ഈ സംഘർഷത്തിന്റെ അടിസ്ഥാനത്തിൽ ഒരു കൂട്ടായ തീരുമാനം എടുക്കപ്പെടുന്നു.

### *രാഷ്ട്രീയക്കാരുടെ സ്വന്തം താല്പര്യങ്ങൾ*

വോട്ടർമാർക്ക് അവരുടെ സ്വന്തം താല്പര്യങ്ങൾ ഉള്ളതുപോലെ രാഷ്ട്രീക്കാർക്കും അവരുടേതായ താല്പര്യങ്ങൾ ഉണ്ട്. പലരും അധികാരത്തെ കാണുന്നത് സമ്പന്നരാകുന്നതിനും അല്ലെങ്കിൽ അവരുടെ ശത്രുക്കളെ ഇല്ലായ്മ ചെയ്യുന്നതിനുമുള്ള ഒരു മാർഗ്ഗമായിട്ടാണ്. അവരുടെ ഔദ്യോഗിക പദവി ഇത്തരം ചൂഷ

ണങ്ങൾക്ക് ഉപയോഗപ്പെടുത്തിയില്ലെങ്കിൽ അവർ ദുർബലരാണെന്നു പോലും അവർ കരുതിപോകും. കൂടുതൽ സ്വാതന്ത്ര്യമുള്ള സമൂഹങ്ങളിൽ പോലും അഴിമതി ഒരു വലിയ പ്രശ്നം തന്നെയാണ്.

ഒരു പക്ഷേ, രാഷ്ട്രീയക്കാർ ശരിക്കും ജനങ്ങളെ സേവിക്കണമെന്ന് ആഗ്രഹിക്കുന്നുണ്ടെങ്കിൽ പോലും അതിന് ആദ്യമവർക്ക് അധികാരത്തിൽ കയറിപ്പറ്റണം. അവർ തെരഞ്ഞെടുക്കപ്പെടണമെങ്കിൽ അതിനാവശ്യമായ വോട്ടുകൾ അവർക്കു നേടണം. പക്ഷേ ഇതുകൊണ്ട്, വിശാലമായ പൊതിജനാഭിപ്രായം അവർ പ്രതിഫലിപ്പിക്കുമെന്ന് അർത്ഥമാകുന്നില്ല. കാരണം അവർ ജയിയ്ക്കാൻ വേണ്ട കൂടുതൽ വോട്ടുകളും നേടിയിരിക്കുന്നത് ചെറുതും പ്രാതിനിധ്യവുമില്ലാത്ത ന്യൂനപക്ഷങ്ങളിൽ നിന്നാവാം. അവരുടെ സ്വന്തം വ്യവസായങ്ങൾക്ക് സബ്സിഡി ലഭ്യമാക്കുന്നതു പോലെയുള്ള സാധകമായ നയങ്ങൾ നടപ്പിൽ വരുത്തുക എന്ന വ്യക്തമായ ലക്ഷ്യം അവർക്ക് നേടിയേടുക്കാൻ ശക്തമായ സ്വന്തം താല്പര്യങ്ങളുള്ള ചെറിയ ഗ്രൂപ്പുകൾ രാഷ്ട്രീയപ്രക്രിയയിൽ പ്രബലസ്ഥാനം വഹിക്കുന്നു. ചെറു സംഘവും ഉയർന്ന പ്രേരണാശക്തിയും ആയതിനാൽ അവർക്ക് എളുപ്പത്തിൽ സംഘടിതരാകുവാനും പ്രചാരണ പ്രവർത്തനങ്ങൾക്കും സ്വാധീനം ചെലുത്തുവാനും കൂടുതൽ പരിശ്രമിക്കുവാൻ കഴിയും. എന്നാൽ ഉപഭോക്താക്കൾ അല്ലെങ്കിൽ നികുതിദായകർ പോലുള്ള പ്രത്യേക ആശയങ്ങളൊന്നും അധികമില്ലാതെ കൂടുതൽ വിശാലമായ ഗ്രൂപ്പുകൾക്ക് സംഘടിതരാകുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണ്. മാത്രവുമല്ല അവർ കൂടുതൽ ഉത്സാഹഭരിതരും ആയിരിക്കില്ല, കാരണം ആ വ്യവസായ സബ്സിഡി പോലുള്ള നയങ്ങളുടെ ചിലവിന്റെ ബാധ്യത അവരുടെ ഇടയിലും ചെറിയ തോതിലാണെങ്കിൽ പോലും വ്യാപിച്ചു കിടക്കുന്നു.

### *ഏകീകരണവും ലോഗ്റോളിങും*

നൂനപക്ഷകാഴ്ച്ചപ്പാടിന്റെ ആധിപത്യം താല്പരകക്ഷികൾ അവരുടെ വോട്ടിംഗ് ശക്തി ഒന്നിച്ചു ചേർക്കുവാനായി ഒരു ധാരണ ഉണ്ടാക്കുമ്പോൾ വർദ്ധിക്കുന്നു. പല ഗ്രൂപ്പുകളുടെ ഒരു കൂട്ടായ്മ,ഒരു സ്ഥാനാർത്ഥിയെ ബഹിഷ്ക്കരിക്കുമെന്ന് ഭീഷണിപ്പെടുത്തുമ്പോൾ ആ സ്ഥാനാർത്ഥിക്കുമേൽ സ്വാധീനം ചെലുത്താൻ അവർക്ക് മററാരേക്കാൾ കൂടുതൽ സാധിക്കും.

പ്രത്യേക താല്പര്യങ്ങൾക്കുവേണ്ടി സമാനമായ ദൂഷിച്ച പ്രവർത്തികൾ നിയമസഭയിലും സംഭവിക്കുന്നു. അവരുടെ സ്വന്തം ജില്ലകളിൽ പൊതു ഖജനാവിൽ നിന്നും പണം ചിലവഴിച്ച് പദ്ധതികൾ കൊണ്ടു വരുന്നതിനായി അത്യാഗ്രഹപ്പെടുന്ന രാഷ്ട്രീയക്കാർ ഇതേ മനോഭാവമുള്ള മറ്റു ജില്ലക്കാരുമായി വോട്ടു വിൽക്കു

വാനുള്ള ധാരണകളിലെത്താം. ലോഗ്റോളിങ് എന്നറിയപ്പെടുന്ന, നീ എന്റെ വ്യവസ്ഥകൾക്കു വോട്ടു ചെയ്യൂ; ഞാൻ നിനക്കു വോട്ടു തരാം എന്നുള്ള ഈ ഏർപ്പാടിന്റെ അനന്തരഫലം ഇങ്ങനെയുള്ള പ്രമേയങ്ങൾ വിജയിക്കുകയും മറ്റുള്ളവർ ആഗ്രഹിക്കുന്നതിലും അപ്പുറം ആ സർക്കാർ വളരുകയും ചെയ്യും.

ഈ നിയമങ്ങൾ പ്രാബല്യത്തിൽ വരുമ്പോൾ കൂടുതൽ സ്വന്തം താല്പര്യങ്ങൾ ഉടലെടുക്കുകയും ചെയ്യും. അവരെ സേവിക്കാൻ നിയോഗിയ്ക്കപ്പെട്ട ഉദ്യോഗസ്ഥർക്കും അവരുടേതായ താല്പര്യങ്ങൾ ഉണ്ടാവും. അവരുടെ നിലയും ശമ്പളവുമെല്ലാം അവിടത്തെ വലിയ ഉദ്യോഗസ്ഥവൃന്ദത്തെ ആശ്രയിച്ചാവും. അറിഞ്ഞുകൊണ്ടോ അറിയാതെയോ വലിയ ഉദ്യോഗസ്ഥവൃന്ദത്തെ സമർത്ഥിക്കുന്നതിനായി അവർ ഉദ്യോഗസ്ഥ നടപടികളെ കൂടുതൽ സങ്കീർണ്ണമാക്കിയേക്കാം. ഈ നടപടിക്രമമാണ് സാമ്രാജ്യം കെട്ടിപ്പടുക്കൽ (എംപയർ ബിൽഡിങ്) എന്നറിയപ്പെടുന്നത്. വീണ്ടും, അവർ സാധാരണ പൊതുജനങ്ങളിൽ നിന്നുള്ളതിനേക്കാൾ സ്വയം തത്പരരായ ന്യൂനപക്ഷങ്ങളിൽ നിന്നുമായിരിക്കും സ്വാധീനിക്കാനുളള ശ്രമങ്ങൾ കൂടുതൽ നേരിടേണ്ടിവരുന്നത്. അതുകൊണ്ട് പ്രത്യേക താല്പര്യങ്ങൾക്ക് അവർ വഴങ്ങും, അതിനവർ ഒരുപക്ഷേ കൈകക്കൂലിയും വാങ്ങുന്നുണ്ടാവും.

## നിയമക്രമീകരണം

ചുരുക്കിപ്പറഞ്ഞാൽ, സർക്കാരുകളെ തെരഞ്ഞെടുക്കുമ്പോഴും, നിയമങ്ങൾ കൊണ്ടുവരുമ്പോഴും അത് നടപ്പിലാക്കുമ്പോഴും വ്യത്യസ്തങ്ങളായ അല്ലെങ്കിൽ ചിതറികിടക്കുന്ന ആശയങ്ങളുള്ള ഭൂരിപക്ഷത്തേ ക്കാൾ ന്യൂനപക്ഷങ്ങളുടെ ഏകോപിച്ചുകൊണ്ടുള്ള ആശയങ്ങൾക്കാവും മുൻഗണന. രാഷ്ട്രീയപരമായി എടുക്കുന്ന തീരുമാനങ്ങളിൽ പൊതുജനത്തിന്റെ വിശാലമായ ആശയങ്ങളുടെ പ്രതിഫലനം വളരെയധികം കുറവായിരിക്കും. സർക്കാർ മേഖലക്ക്, കൂടുതൽ ജനങ്ങൾ ആഗ്രഹിക്കുന്നതിനും, വിവേകപൂർവ്വമായതിനും ഒരു സ്വതന്ത്രസമൂഹത്തെ നിലനിർത്തിക്കൊണ്ടുപോകാൻ ആവശ്യമായതിനും അപ്പുറത്തേക്ക്, തീർച്ചയായും.

സ്വാതന്ത്ര്യം അങ്ങേയറ്റം ഇല്ലാതാവുന്നതുവരെ വളരുവാൻ അന്തർലീനമായ ഒരു പ്രവണതയുണ്ട്. കൂടുതൽ സ്വാതന്ത്ര്യമുള്ള സമൂഹങ്ങൾ ഈ പ്രശ്നങ്ങൾ നിയന്ത്രിക്കുവാനുള്ള നിയമങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇലക്ഷനുകൾ ഇതിന്റെ കാതലായ ഒരു ഭാഗമാണ്. പക്ഷേ അവിടെ ഒരു ദുർബലമായ നിയന്ത്രണമാണ് രാഷ്ട്രീയക്കാരുടെയും ഉദ്യോഗസ്ഥന്മാരുടെയും മേൽ ഉള്ളതുമാണ്. അവർ അപൂർവ്വമായേ വരുന്നുള്ളൂ, മാത്രവുമല്ല പലപ്പോഴും ഇതിൽ

മുന്നിട്ടുനിൽക്കുന്നത് വലിയ പാർട്ടികളാവും. ഇത് മാറ്റങ്ങൾ മന്ദഗതിയിലാക്കുന്നു. ശക്തമായ നിയന്ത്രണങ്ങൾ ആവശ്യമായിരിക്കുന്നു.

*ഭരണഘടനാ ഉടമ്പടി*

രാഷ്ട്രീയ നടപടികളെ നിയന്ത്രിയ്ക്കുവാനുള്ള ഒരു പൊതുവായ മാർഗ്ഗം എല്ലാവരാലും അംഗീകരിക്കപ്പെട്ട അല്ലെങ്കിൽ ബഹുഭൂരിപക്ഷത്താൽ അംഗീകരിക്കപ്പെട്ട ഒരു ഭരണഘടന തെരഞ്ഞെടുക്കുകയാണ്. ഇലക്ഷനുകൾ നടത്തുന്നതും രാഷ്ട്രീയപരമായ തീരുമാനങ്ങൾ എടുക്കുന്നതും ഈ ഭരണഘടന അനുശാസിക്കുന്ന നിയമങ്ങളിലൂടെ മാത്രമേ ആകാവൂ. നിയമങ്ങൾ എന്തൊക്കെയാണെന്ന് എല്ലാവരും അംഗീകരിക്കുകയാണെങ്കിൽ, സർക്കാരുകൾക്ക് അവരുടെ സ്വന്തം നേട്ടങ്ങൾക്കായി നിയമങ്ങൾ രൂപകല്പന ചെയ്ത് അടിച്ചേൽപ്പിക്കുന്നത് അസാധ്യമായിരിക്കും; ഉദാഹരണത്തിന്, എതിർസ്ഥാനാർത്ഥിയെ നിരോധിക്കുക, എതിരാളിയുടെ വോട്ടർമാരിൽ അനാവശ്യനികുതി ചുമത്തുക പോലുള്ളവ.

അധികാരങ്ങൾ വിഭജിച്ചു നൽകുന്നതിലൂടെയും രാഷ്ട്രീയ നടപടികളെ കൂടുതൽ നിയന്ത്രി യ്ക്കാൻ കഴിയും. ഒരൊറ്റ വ്യക്തിയോ ഒരൊറ്റ സംഘമോ എല്ലാ നിയമ നിർമ്മാണാധികാരവും കൈയാളുന്നതിനുപകരം അധികാരം വ്യത്യസ്ത സ്ഥാപനങ്ങൾക്കായി വിഭജിച്ചു നൽകുന്നതാണ് ഈ ആശയം. ഈ ഓരോ സ്ഥാപനത്തിനും മറ്റുള്ളവർക്കു ചെയ്യാൻ കഴിയുന്നതൊക്കെ തടയുവാനോ, പരിഷ്കരിക്കുവാനോ അല്ലെങ്കിൽ നിയന്ത്രിക്കുവാനോ കഴിയും. അക്കാരണം കൊണ്ടുതന്നെ ഇതിനെ ചിലപ്പോഴൊക്ക ചെക്ക് ആന്റ് ബാലൻസസ് (പരിശോധിക്കുകയും സമതുലിതമാക്കുകയും ചെയ്യുന്ന) വ്യവസ്ഥയെന്ന് വിളിക്കാറുണ്ട്.

പോളിറ്റ് ബ്യൂറോയോ അല്ലെങ്കിൽ നിയമസഭാസമിതിയോ പോലുള്ള ഒരൊറ്റ സംഘത്തിനാണ് ഈ എല്ലാ അധികാരവുമെങ്കിൽ രാഷ്ട്രീയ ഭൂരിപക്ഷവും വിഭാഗീയ ഗ്രൂപ്പുകളുടെ താല്പര്യങ്ങളും അവരുടെ സ്വന്തം നേട്ടങ്ങൾക്കായി തീർച്ചയായും ഈ അധികാരങ്ങൾ ദുരുപയോഗം ചെയ്യും. എന്നാൽ ഊരണഘടന ഈ അധികാരങ്ങളെ സർക്കാരിന്റെ രണ്ടു സഭകളും വ്യത്യസ്ത രീതികളിലാണ് തെരഞ്ഞെടുക്കപ്പെടുന്ന തെങ്കിൽ സമാനമായ ഗ്രൂപ്പുകൾക്ക് രണ്ടിടത്തും സ്വാധീനം ചെലുത്തുന്നത് കൂടുതൽ വിഷമകരമായിരിക്കും. ഈ രണ്ടു സഭകൾക്കും അവർ ഓരോരുത്തരും എടുക്കുന്ന തീരുമാനങ്ങൾ തടയുവാനോ പരിഷ്കരിക്കുവാനോ കഴിയുമെങ്കിൽ അത് വിലപേശലുകൾക്ക് വഴിയൊരുക്കും, ന്യൂനപക്ഷങ്ങളെ ചൂഷണം ചെയ്യുന്നത് കൂടുതൽ ബുദ്ധിമുട്ടുള്ളതാവും.

സർക്കാർ ചില പ്രത്യേക സാധനങ്ങൾക്കോ അല്ലെങ്കിൽ സേവനങ്ങൾക്കോ സബ്സിഡി കൊടുത്ത് അവയുടെ ഉല്പാദനം പ്രോത്സാഹിപ്പിക്കുമ്പോഴും അവിടെ ഇതേ പ്രശ്നങ്ങൾ ഉടലെടുക്കുന്നു. ഉദാഹരണത്തിന്, യൂറോപ്യൻ യൂണിയൻ, അവരുടെ കൃഷിമേഖലയെ സംരക്ഷിക്കുന്നതിനായി ദീർഘകാല സബ്സിഡികൾ അനുവദിച്ചിരുന്നു. ശക്തമായതും തുടർച്ചയായതുമായ ഭക്ഷ്യവസ്തുക്കളുടെ വിതരണം ഉറപ്പുവരുത്തു കയായിരുന്നു ഉദ്ദേശ്യം. എന്നാൽ സത്യത്തിൽ കാര്യക്ഷമതയില്ലാത്ത യൂറോപ്യൻ കൃഷിക്കാരെ അന്താരാഷ്ട്ര മത്സരങ്ങളിൽ നിന്നും സംരക്ഷിക്കുകയായിരുന്നു ലക്ഷ്യം. (രാഷ്ട്രീയപരമായി സ്വാധീനശക്തിയുള്ള ഈ കൂട്ടരുടെ പിന്തുണ ലഭിക്കാൻകൂടി വേണ്ടിയായിരുന്നു ഈ പ്രവൃത്തി.) സബ്സിഡികൾ ഒരു മലയോളം ആവശ്യ മില്ലാത്ത വെണ്ണയുടെയും ഒരു തടാകത്തോളം വിൽക്കപ്പെടാത്ത വൈനുകളുടെയും അധിക ഉല്പാദനത്തിന് വഴിയൊരുക്കി.

പക്ഷേ ഇതിനെയൊക്കെക്കാളും അധികം വെളിപ്പെടാത്ത മറ്റു അനന്തരഫലങ്ങൾ കൂടി അവിടെ യുണ്ട്. യൂറോപ്പിലെ കൃഷിമേഖലയിൽ നൽകിയ സബ്സിഡികൾ ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കിയവർ അവിടത്തെ വലിയ ഭൂവുടമകളായിരുന്നു, അല്ലാതെ പാവപ്പെട്ട കർഷകരല്ല. കർഷകർ അവർ ഒരിക്കലും ഉൽപ്പാദിപ്പിച്ചിട്ടില്ലാത്ത ഭക്ഷ്യവസ്തുക്കൾക്കുവേണ്ടി സബ്സിഡി അവകാശപ്പെടാൻ തുടങ്ങിയതോടെ അഴിമതിയും സർവ്വവ്യാപകമായി. ലോകമെമ്പാടുനിന്നും ഇത്തരം സമാനമായ എണ്ണമറ്റ കഥകൾ കേൾക്കാം, തീർച്ചയായും ചരിത്രത്തിൽ നിന്നുപോലും. പ്രമുഖ സ്കോട്ടിഷ് സാമ്പത്തിക ശാസ്ത്രജ്ഞനായ ആദം സ്മിത്ത് 1776 - ലെ അദ്ദേഹത്തിന്റെ ദ് വെൽത്ത് ഓഫ് നേഷൻസ് എന്ന പുസ്തകത്തിൽ, അവരുടെ മത്സ്യ ബന്ധനത്തേക്കാൾ സബ്സിഡികൾ കൂടുതൽ നേടിയെടുക്കുന്നതിനായി ബോട്ടുകൾ സജ്ജമാക്കി വെയ്ക്കാറുണ്ട് എന്ന കുറ്റപ്പെടുത്തുന്നുണ്ട്.

ഏതെങ്കിലും തരത്തിലുള്ള ഒരു ഉല്പാദനത്തിന് സബ്സിഡി നൽകുമ്പോൾ വിഭവങ്ങൾ ആ മേഖലയിൽ മാത്രം ആകർഷിക്കപ്പെടുകയും സമയം, പരിശ്രമം, മൂലധനം എന്നിവ കൂടുതൽ മെച്ചമായ രീതിയിൽ ഉപയോഗിക്കാവുന്ന മേഖലകൾക്ക് കിട്ടാതെയും വരുകയും ചെയ്യുന്നു. ഉദാഹരണത്തിന്, സർക്കാരുകൾ സമീപകാലത്ത് വ്യക്തികളിൽ നിന്നും വ്യവസായികളിൽ നിന്നും പണം എടുത്ത് കൂടുതൽ ചിലവുകൾ വരുന്ന കാറ്റ്, സൗരോർജ്ജ പദ്ധതികൾക്ക് സബ്സിഡി നൽകുകയാണ്. പക്ഷേ ഈ പണം വളരെയധികം ചിലവുകുറഞ്ഞ പല പദ്ധതികൾക്കും നിക്ഷേപിക്കുവാൻ കഴിയുമായിരുന്നു. അത് നമ്മുടെ

സാമ്പത്തിക വളർച്ചയെ മന്ദഗതിയിലാക്കുകയും പൊതുജനങ്ങളുടെ ദീർഘകാല അഭിവൃദ്ധിയെ ഇല്ലാതാക്കുകയും ചെയ്യുന്നു.

ചെക്ക് ആന്റ് ബാലൻസസ് വ്യവസ്ഥയുടെ ഒരു നീണ്ടവിരാമം എന്ന നിലയിൽ, കൂടുതൽ സ്വതന്ത്രമായ സമൂഹങ്ങളിലെ പല ഭരണഘടനകളും മൊത്തം ജനവിഭാഗത്തിന്റെ പ്രതിനിധി എന്ന നിലയിൽ ഒരു പ്രസിഡന്റിനെ നിയമിക്കുന്നു. അദ്ദേഹത്തിന് (അങ്ങനെ പ്രതീക്ഷിക്കുന്നു) ന്യൂനപക്ഷങ്ങളെ വ്രണപ്പെടുത്തുന്ന രാഷ്ട്രീയകലഹങ്ങളെയും നിയമരൂപീകരണത്തെയും തടയാനും റദ്ദാക്കാനും കഴിയും.

ചൂഷണത്തിനെതിരെയുള്ള മറ്റൊരു നീണ്ടവിരാമമാണ് സ്വതന്ത്രമായ നീതിന്യായവകുപ്പ്. ഒരു സ്വതന്ത്രസമൂഹത്തിന് ഇത് അനിവാര്യമാണ്. ന്യായാധിപന്മാർ രാഷ്ട്രീയപരമായി ഒരു ബന്ധവും ഇല്ലാത്ത വരായിരിക്കണം. ഭരണഘടനാവിരുദ്ധമായ നിയമങ്ങളെയും ന്യൂനപക്ഷങ്ങൾക്കെതിരെയുള്ള ചൂഷണങ്ങളെയും തടയാൻ കഴിവുള്ളവരായിരിക്കണം. രാഷ്ട്രീയക്കാരുടെ പ്രതികാരനടപടികളെ ഭയക്കാതെ ഇതെല്ലാം ചെയ്യുവാൻ അവർക്ക് കഴിയണം.

ചില സമയങ്ങലിൽ സർക്കാരിന്റെ പ്രവർത്തനങ്ങൾ പരിമിതപ്പെടുത്തുന്നതിനായി മറ്റു ചില നിയന്ത്ര ണങ്ങളും ഭരണഘടന നടപ്പിലാക്കാറുണ്ട്. അതിനൊരു ഉദാഹരണം സന്തുലിതമായ ഒരു ബഡ്ജറ്റ്. ഒരു നിശ്ചിത കാലയളവുവരെ ബഡ്ജറ്റ് സന്തുലിതമായിരിക്കണമെന്നും (3 മുതൽ 5 വർഷം വരെ) വാർഷിക കടമെടുക്കലിലും മൊത്തം പൊതുകടത്തിലും ബഡ്ജറ്റിൽ ഒരു നിയന്ത്രണം കൊണ്ടുവരണമെന്നും നിർദ്ദേശിക്കുന്നു. സർക്കാരിന്റെ കൂടുതൽ വളരുവാനുള്ള സഹജമായ പ്രവണതയെ കുറയ്ക്കുവാനായി ദേശീയ വരുമാനത്തിന്റെ എത്ര അളവ് സർക്കാരുകൾക്ക് ചെലവിടാം എന്നുള്ളതിനും ചില നിയന്ത്രണങ്ങൾ ചില സർക്കാരുകൾ വച്ചിട്ടുണ്ട്. ഇതുകൂടാതെ രാഷ്ട്രീയക്കാർക്ക് വർഷങ്ങളോളം അധികാരത്തിൽ തുടരാൻ കഴിയാത്ത വിധത്തിൽ കാലാവധി പരിധിയും സർക്കാർ ഏജൻസികൾ അവരുടെ ഉപയുക്തത അധികകാലം ദീർഘിപ്പിക്കാതിരിക്കാൻ സൺസെറ്റ് ക്ലോസസ് (കർശന നിബന്ധനകൾ) അവിടെ ഉണ്ടായിരിക്കും.

### *യോഗ്യമായ ഭൂരിപക്ഷം*

ന്യൂനപക്ഷങ്ങളെ സംരക്ഷിക്കുന്നതിനുള്ള മറ്റൊരു മാർഗ്ഗം യോഗ്യരായ ഭൂരിപക്ഷത്തിന്റെ സമ്മതിദാനത്തിലൂടെയാണ്. ഉദാഹരണത്തിന് നിയമസഭയിൽ ഒരൊറ്റ വോട്ടുകൊണ്ട് ഭരണഘടനയിലെ നിയമങ്ങൾ മാറ്റുവാനോ

പരിഷ്കരിക്കുവാനോ ഭരണത്തിലിരിക്കുന്ന അധികാരികൾക്കു കഴിയുമെങ്കിൽ സ്വാതന്ത്ര്യ ത്തിന്റെ സ്ഥിതി വളരെ അപകടകരമായ അവസ്ഥയിൽ എത്തിച്ചേരും. അതുകൊണ്ട് ഒരു സ്വതന്ത്രസമൂഹ ത്തിൽ, മൂന്നിൽ രണ്ടു ഭൂരിപക്ഷം വോട്ടുകൾ രണ്ടു സഭകളിലും കൂടി അതോടൊപ്പം ജനഹിത പരിശോധനയിലോ, വ്യക്തിഗത മായ മേഖലയിലോ അല്ലെങ്കിൽ സംസ്ഥാനങ്ങളിലോ വ്യക്തമായ ഭൂരിപക്ഷം എന്നിങ്ങനെ യുള്ള ഉയർന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു.

പല ദുഷ്യവശങ്ങളിലൂടെ ന്യൂനപക്ഷങ്ങളെ എളുപ്പത്തിൽ ചൂഷണം ചെയ്യുന്നതുപോലുള്ള പ്രശ്ന ങ്ങളിൽ തീരുമാനങ്ങൾ എടുക്കുന്നതിന് വളരെ ഉയർന്ന ഭൂരിപക്ഷം അനിവാര്യമാണ്. ഉദാഹരണത്തിന്, പ്രത്യേക ഗ്രൂപ്പുകളുടെ മേൽ അധിക ബാധ്യതകൾ ഉണ്ടാക്കിവെയ്ക്കുന്ന നികുതികൾ രൂപകല്പന ചെയ്യാൻ വളരെ എളുപ്പമാണ്. അതുകൊണ്ട് സ്വതന്ത്രസമൂഹത്തിനുവേണ്ടി വാദിക്കുന്ന ചില വക്താക്കൾ ആവശ്യപ്പെടുന്നത് നികുതി നിയമങ്ങൾ തീരുമാനിക്കുന്നത് - നികുതി നിരക്കുകൾ അല്ല മറിച്ച് ആര് എന്ത് നികുതി അടക്കണം - ഏകകണ്ഠമായ അഭിപ്രായത്തിലൂടെ ആവണം, എങ്കിൽ ന്യൂനപക്ഷങ്ങൾ സംരക്ഷിക്കപ്പെടും, ഭൂരിപക്ഷം എത്ര കൂടുതലാണെങ്കിലും.

### *തടവിലാക്കപ്പെട്ട പൊതുജനം*

ഒരു കമ്പോള സമ്പദ് വ്യവസ്ഥയിൽ ഒരു വ്യാപാരി അല്ലെങ്കിൽ കച്ചവടക്കാരൻ നിങ്ങളെ ചതിക്കുക യാണെന്ന് തോന്നുന്നു എങ്കിലോ അല്ലെങ്കിൽ നിങ്ങളുടെ പണത്തിന് മൂല്യമല്ലാത്ത സാധനങ്ങളോ സേവന ങ്ങളോ നൽകുകയാണെങ്കിലോ നിങ്ങൾക്ക് വേറെ എവിടെ വേണമെങ്കിലും പോയി ഇടപാടുകൾ നടത്താൻ നിങ്ങൾ സ്വതന്ത്രരാണ്. എന്നാൽ സർക്കാരാണ് നിങ്ങളോട് ചതിയോ അല്ലെങ്കിൽ ചൂഷണമോ ചെയ്യുന്ന തെങ്കിൽ നിങ്ങൾക്ക് പോകാൻ വേറെ ഒരിടവും ഉണ്ടാകില്ല. ഒരുപക്ഷേ നിങ്ങൾക്ക് വേണമെങ്കിൽ ആ രാജ്യം വിട്ടുപോകാം. പക്ഷേ ഭാഷയുടെ പ്രശ്നവും മറ്റു കടമ്പകളും ഉള്ളതിനാൽ അധികം പേർക്കും ആ വഴി തെരഞ്ഞെടുക്കുവാൻ കഴിയില്ല. ഇതാണ് ബലപ്രയോഗത്തിനുള്ള ഒരു ചേരുവ. അതുകൊണ്ട് ജനങ്ങളുടെ സ്വാതന്ത്ര്യം നിലനിർത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും, സർക്കാരുടെ കർത്തവ്യം പ്രവർത്തനങ്ങളും അതിന്റെ എല്ലാ ഭാഗവും ശ്രദ്ധയോടുകൂടി വ്യക്തമാക്കുകയും കർശനമായ നിയന്ത്രണത്തിൻ കീഴിൽ കൊണ്ടുവരേണ്ടതും അതിപ്രധാനമായ കാര്യമാണ്.

# 4. സമത്വവും അസമത്വവും

## സ്വതന്ത്ര സമൂഹത്തിലെ സമത്വം

അനേകം ആളുകളും സങ്കൽപ്പിക്കുന്നത് സ്വതന്ത്ര സമൂഹങ്ങൾ വളരെയധികം അസമത്വമുള്ളതായിരിക്കുമെന്നാണ്. എല്ലാത്തിനുമുപരി അവ ജനങ്ങളെ ധനം സമ്പാദിച്ചു കൂട്ടാൻ അനുവദിക്കുന്നു. അവരുടെ വാദം അനുസരിച്ച് ഇത് വലിയ സാമ്പത്തിക അസമത്വം സൃഷ്ടിക്കണം.

പക്ഷേ ഈ വാദങ്ങൾ തെറ്റാണ്. സ്വതന്ത്ര സമൂഹത്തിലേയും അസ്വത്രസമൂഹത്തിലേയും വരുമാനത്തിന്റെ അന്തരം മിക്കവാറും തുല്യമാണ് എന്ന് നമ്മൾ കണ്ട് കഴിഞ്ഞു. എന്തെങ്കിലുമുണ്ടെങ്കിൽ, തന്നെ സ്വതന്ത്ര സമൂഹത്തിലേത് തുല്യത്തിനേക്കാൾ കുറച്ച് കൂടുതലാണ്.

അതിനു പുറമേ സ്വതന്ത്രമല്ലാത്ത സമൂഹങ്ങളിൽ, മറ്റു സ്വാതന്ത്ര്യ സമൂഹങ്ങളിൽ ഇല്ലാത്ത, സാമ്പത്തികേതരമായ അസമത്വങ്ങൾ നിലനിൽക്കുന്നുണ്ട്. ഒരു സ്വതന്ത്ര സമൂഹത്തിലെ എല്ലാ പൗരന്മാർക്കും കൂടുതൽ നല്ല ജോലിയിലേയ്ക്ക് മാറുന്നതിലൂടെയും അവർക്ക് ലാഭം നൽകുന്ന മറ്റ് വാണിജ്യപ്രവൃത്തികളിൽ ഏർപ്പെട്ടും അവരുടെ സമ്പത്ത് വർദ്ധിപ്പിയ്ക്കാൻ ശ്രമിക്കാം. സ്വതന്ത്രമല്ലാത്ത സമൂഹങ്ങളിൽ ഇത് എപ്പോഴും സാധ്യമല്ല. സർക്കാർ ജോലികൾ ഭരണപാർട്ടിയെ അനുകൂലിക്കുന്നവർക്കോ ഭരണാധികാരികളുടെ സുഹൃത്തുക്കൾക്കോ സഹയാത്രികർക്കോ മാത്രമേ ലഭിക്കുകയുള്ളൂ. ചില പ്രത്യേക ജോലികൾ ചെയ്യുന്നതിൽ നിന്നും സ്ത്രീകളെയും വംശീയമായ ന്യൂനപക്ഷങ്ങളെയും അല്ലെങ്കിൽ മറ്റു ഗ്രൂപ്പുകളെയും നിയമമോ അല്ലെങ്കിൽ മുൻവിധിയോ വിലക്കിയേക്കാം. ചില പ്രത്യേക വർഗ്ഗത്തിലേയും ജാതിയിലേയും ജനങ്ങളെ ഏറ്റവും താഴ്ന്ന തരത്തിലുള്ള ജോലികളിലേക്ക് മാത്രമായി പരിമിതപ്പെടുത്തിയേക്കാം. കച്ചവടങ്ങൾ സ്ഥാപിയ്ക്കുന്നതിനും ഉടമയാകുന്നതിനും കുടിയേറ്റക്കാരെ വിലക്കിയേക്കാം, ചുരുക്കി പറഞ്ഞാൽ ഒരു ബാങ്ക് അക്കൗണ്ട് പോലും അവർക്ക്

അനുവദനീയമായിരിയ്ക്കില്ല.

ജോലി കിട്ടുന്നവരുടെ ഇടയിൽ പോലും അസമത്വം നിലനിൽക്കും. ഉദാഹരണത്തിന്, സോവിയറ്റ് മോസ്കോയിൽ, റെഡ് സ്ക്വയറിലെ ജിയുഎം ഡിപ്പാർട്ട്മെന്റ് സ്റ്റോർ മൂല്യം കൂടുതലുള്ള പണവുമായി വരുന്ന വിനോദ സഞ്ചാരികൾക്കും മുതിർന്ന പാർട്ടി നേതാക്കൾക്കും മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. രണ്ടാമതു പറഞ്ഞ വ്യക്തികൾക്കു മാത്രമേ സിൽ ലിമോസിൻ (വില കൂടിയ ആഡംബര കാർ) ഓടിക്കുവാനോ - അവർക്കു തടസ്സം കൂടാതെ കടന്നുപോകുവാനായി ഗതാഗതം നിർത്തിക്കൊടുക്കും - അല്ലെങ്കിൽ വുഡ്ലാന്റ് ഹെൽത്ത് സ്പായിൽ ഒരു മാസം നീണ്ട അവധി ഒക്കെ ആഘോഷിയ്ക്കുവാനോ ആഗ്രഹിക്കാൻ കഴിയൂ. അപ്പാർട്ട്മെന്റുകളും വീക്കെൻഡ് ഡാഷാകളും അനുവദിക്കുന്നത് അധികാരികളാണ്. അവർ അവരുടെ സുഹൃത്തുക്കൾക്ക് നല്ല വീടുകൾ അനുവദിച്ചു കൊടുക്കുന്നു.

ഇതെല്ലാം അർക്കും രക്ഷപ്പെടാനാവാത്ത അസമത്വങ്ങളാണ്. ഇതെല്ലാം അനുഭവിയ്ക്കുന്നവർക്ക് വോട്ടു ചെയ്യുവാനുള്ള അവകാശമോ അല്ലെങ്കിൽ നിയമത്തിൽ മാറ്റങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് ഒരു സമരം സംഘടിപ്പിക്കുവാനുള്ള അവകാശമോ പോലും ഉണ്ടായിരിയ്ക്കുകയില്ല. നേരെ മറിച്ച് ഒരു സ്വതന്ത്ര സമൂഹത്തിലെ എല്ലാ പൗരന്മാർക്കും കുറഞ്ഞപക്ഷം നല്ലൊരു ജോലി നേടുന്നതിനോ അല്ലെങ്കിൽ ഒരു ബിസിനസ് സ്ഥാപിയ്ക്കുന്നതിനോ സമ്പത്തും വരുമാനവും ആർജ്ജിയ്ക്കുന്നതിനോ ആഗ്രഹിക്കുകയും ശ്രമിക്കുകയും ചെയ്യാം. ചിലപ്പോൾ എല്ലാവരും വിജയിച്ചുവെന്നു വരില്ല, എന്നാലും അവരെ ആരും തടയുന്നില്ല.

## വിവിധതരം സമത്വങ്ങൾ

ഒരു സ്വതന്ത്ര സമൂഹത്തിൽ സമത്വം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് തുല്യമായ സമ്പത്തോ, വരുമാനമോ, ജിവിത നിലവാരമോ നലകുന്നു എന്നല്ല. എല്ലാ ജനങ്ങളെയും തുല്യരായി കാണുന്നു അല്ലെങ്കിൽ പരിചരിക്കുന്നു എന്നു ഉറപ്പു വരുത്തുക എന്നതാണ്.

ഇതുതന്നെ പ്രധാനമായ നാലു നാലുതരത്തിൽ കാണുന്നു. [1] ഒരു സ്വതന്ത്ര സമൂഹത്തിലെ പൗരന് ധാർമ്മികമായ സമത്വം ഉണ്ട്. അർക്ക് ഓരോരുത്തർക്കും

1. ഈ ആശയത്തിന്റെ നല്ലൊരു വിശദീകരണം നിഗൽ ആഷ്ഫോർഡിന്റെ പ്രിൻസിപ്പിൾസ് ഓഫ് എ ഫ്രീ സൊസൈറ്റി എന്ന പുസ്തകത്തിൽ കാണാം, ജാൾ ജാൾമാഴ്സൺ ഫൗണ്ടേഷൻ, സ്റ്റോക്ഹോം, 2003

1. A good outline of these points can be found in Nigel Ashford s Principles for a Free Society, Jarl Hjalmarson Foundation, Stockholm, 2003.

അവരുടേതായ തെരഞ്ഞെടുക്കലിനും മറ്റുള്ളവരാൽ പരിഗണിക്കപ്പെടാനും തുല്യമായ അവകാശമുണ്ട്. നിയമത്തിനു മുന്നിൽ സമത്വമുണ്ട്: ജനങ്ങളുടെ വർഗ്ഗമോ, മതമോ, ലിംഗവ്യത്യാസമോ, സമ്പത്ത്, കുടുംബ ബന്ധങ്ങൾ ഇതൊന്നും പരിഗണനയിൽ എടുക്കാതെ നിയമം അവരെ തുല്യമായി സംരക്ഷിയ്ക്കുകയും പരിഗണിക്കുകയും ചെയ്യുന്നു. അവർക്ക് രാഷ്ട്രീയമായ സമത്വം ഉണ്ട്: അവർക്കെല്ലാം വോട്ടു ചെയ്യുവാനും രാഷ്ട്രീയപരമായ ഔദ്യോഗിക പദവികൾക്കായി മത്സരിക്കുവാനും കഴിയും. കൂടാതെ അവർക്ക് അവസരങ്ങളിൽ സമത്വമുണ്ട്: ജോലി ചെയ്യുവാനും, പഠിക്കുവാനും അല്ലെങ്കിൽ അവരുടെ വ്യക്തിപരമായ മുന്നേറ്റങ്ങൾക്കുതകുന്ന മറ്റെന്തു കാര്യത്തിനും സ്വേച്ഛാധിപത്യപരമായ ഒരു പ്രതിബന്ധങ്ങളും ഇല്ല.

### *ധാർമ്മിക സമത്വം*

ഒരു സ്വതന്ത്ര സമൂഹത്തിൽ ജനങ്ങൾ കരുതലിനും ബഹുമാനത്തിനും ഒരുപോലെ അർഹരാണെന്ന് കരുതപ്പെടുന്നു. എല്ലാവർക്കും മറ്റുള്ളവർക്ക് ഹാനികരമാകാത്ത തരത്തിൽ അവരുടെ സ്വന്തം ജീവിതത്തെ സംബന്ധിച്ച തെരഞ്ഞെടുപ്പുകൾ നടത്തുവാനുള്ള തുല്യമായ അവകാശം ഉണ്ട്.

ഈ അഭിപ്രായം മനുഷ്യനെന്ന തനതായ സ്വഭാവത്തെ നാമെല്ലാം പങ്കിടുന്ന പൊതു സ്വഭാവത്തെ അടിസ്ഥാനപ്പെടുത്തിയാണ്. നമ്മുടെ വംശീയമായതും മതപരവും അല്ലെങ്കിൽ ലിംഗപരമായും ഉള്ള വ്യത്യാസങ്ങളെ പരിഗണിക്കാതെ നമ്മളെല്ലാവരും നമ്മുടെ സ്വന്തം തെരഞ്ഞെടുക്കലുകൾ നടപ്പിലാക്കുവാനും മറ്റുള്ളവർ നമ്മുടെ പ്രവർത്തിക്കുവാനുള്ള അവകാശത്തെ അംഗീകരിയ്ക്കണമെന്നും നമ്മൾ ആഗ്രഹിയ്ക്കുന്നു. ഒരു സ്വതന്ത്ര സമൂഹത്തിലെ നിയമം നിങ്ങളോട് എങ്ങനെ ചെയ്യണമോ അങ്ങനെ ചെയ്യൂ എന്നതാണ്.

അവരുടെ പ്രവർത്തികളിൽ നിന്നും ജനങ്ങൾ എല്ലാവരും ധാർമ്മികമായി തുല്യരാണെന്ന് അർത്ഥമില്ല. മറ്റുള്ളവരെ ആക്രമിക്കുകയും അല്ലെങ്കിൽ കൊള്ളയടിക്കുകയും ചെയ്യുന്നവർ ധാർമ്മികമായി പ്രവർത്തിക്കുന്നവരല്ല. ചിലർ സാമൂഹികവും ലിംഗപരവുമായ ആചാരങ്ങളെ വളച്ചൊടിക്കും.പക്ഷേ അവരുടെ ജീവിതം മൂല്യമുള്ളതായി തുടരുന്നു. അവരുടെ നിയമവിരുദ്ധമായതും അല്ലെങ്കിൽ അധാർമ്മികപരവുമായ കുറ്റങ്ങൾക്ക് ആനുപാതികമായ ശിക്ഷയ്ക്കും അല്ലെങ്കിൽ പരിഹാസങ്ങൾക്കും അവർ വിധേയരാവുന്നു. പക്ഷേ ഇത് അവരെ മനപൂർവമായതോ അമിതമായോ ഉള്ള ക്രൂരതകൾക്കോ അപമാനത്തിനോ വിധേയരാക്കുന്നില്ല.

### *നിയമത്തിന്റെ മുന്നിലുള്ള സമത്വം*

ഒരു സ്വതന്ത്ര സമൂഹത്തിലെ നിയമം യാതൊരു പക്ഷാഭേദവുമില്ലാതെ ജനങ്ങളെ സംരക്ഷിയ്ക്കുകയും ശിക്ഷിയ്ക്കുകയും ചെയ്യുന്നു. കുററവുമായി യാതൊരു ബന്ധവുമില്ലാത്ത അവരുടെ സമ്പത്ത്, ബന്ധങ്ങൾ, ജാതി, ലിംഗം, മതം അല്ലെങ്കിൽ വംശീയത തുടങ്ങിയ വ്യക്തിപരമായ സവിശേഷതകൾ പരിഗണിച്ച്, കുറ്റക്കാരോട് വ്യത്യസ്തമായ രീതികളിൽ പോലീസോ, കോടതിയോ അല്ലെങ്കിൽ ജയിലിലോ പെരുമാറുകയില്ല. അധികാരികൾക്ക് അവരെ ഇഷ്ടമില്ലാ എന്ന കാരണത്താൽ പൗരന്മാരെ അന്യായമായി തടങ്കലിൽ വയ്ക്കുവാനോ പീഡനത്തിനു വിധേയനാക്കുവാനോ കഴിയില്ല. അവർ മറ്റുള്ളവരാൽ ഉപദ്രവിയ്ക്കപ്പെട്ടാലോ അല്ലെങ്കിൽ കൊള്ളയടിയ്ക്കപ്പെട്ടലോ എല്ലാവർക്കും തുല്യമായ നീതിക്ക് അവകാശമുണ്ട്, അവിടെ അവർ ആരാണെന്നുള്ളതോ അല്ലെങ്കിൽ കുറ്റം ആരോപിക്കുന്നവർ എത്ര പ്രബലരാണോ എന്നതൊന്നും ഒരു വിഷയമല്ല.

ലോകത്തിലെ കോടതി കെട്ടിടങ്ങളുടെ മുകളിൽ കാണുന്ന സാധാരണയായി നീതിയുടെ പ്രതിരൂപമായി, ഒരു കൈയിൽ ത്രാസും മറ്റേ കൈയിൽ ഒരു വാളും പിടിച്ചിരിയ്ക്കുന്ന ശില്പത്തെയാണ് നമ്മൾ കാണുന്നത്.പക്ഷേ ഏറ്റവും പ്രധാനമായൊരു പ്രത്യേകത ആ ശില്പം കണ്ണുകൾ മൂടിക്കെട്ടിയ നിലയിലാണ്. ഒരു സ്വതന്ത്ര സമൂഹത്തിൽ, ഓരോ കേസിലും തക്കതായ വസ്തുതകളെ ഒഴിച്ച് മറ്റെല്ലാത്തിനോടും അന്ധമായ നിലപാടായിരിയ്ക്കും അനുവർത്തിയ്ക്കുക.

### *രാഷ്ട്രീയ സമത്വം*

സമത്വത്തിന്റെ മറ്റൊരു രൂപം മനുഷ്യൻ എന്ന സ്വഭാവവിശേഷത്തിൽ നിന്നും ഉത്ഭവിക്കുന്ന ജനങ്ങൾക്കുള്ള രാഷ്ട്രീയ സമത്വമാണ്. എല്ലാവരുടെയും താല്പര്യങ്ങളും അഭിപ്രായങ്ങളും പരിഗണനാർഹമായി കരുതുന്നു.

അതുകൊണ്ട് ഒരു സ്വതന്ത്ര സമൂഹത്തിലെ എല്ലാവർക്കും തിരഞ്ഞെടുപ്പിലും അല്ലെങ്കിൽ ജനഹിതപരിശോധനയിലോ വോട്ടു രേഖപ്പെടുത്തുവാനുള്ള അവകാശം ഉണ്ട്. ആർക്കും ഒന്നിൽ കൂടുതൽ വോട്ടും ഉണ്ടാകില്ല. സ്ഥാനാർത്ഥികളും തെരഞ്ഞെടുത്ത രാഷ്ട്രിയക്കാരും എല്ലാവരുടെയും താല്പര്യങ്ങളെ മാനിക്കുന്നുവെന്ന് ഇത് ഉറപ്പാക്കുന്നു.

വളരെ പരിമിതമായ അപവാദങ്ങളുണ്ട്. കുട്ടികൾക്ക് അവരും മറ്റുള്ളവരും എങ്ങനെ ഭരിക്കപ്പെടണമെന്നൊക്കെ ഉള്ള വിഷയങ്ങളിൽ വ്യക്തമായ അഭിപ്രായം പ്രകടിപ്പിക്കാൻ വേണ്ടത്ര കാര്യപ്രാപ്തി ഇല്ലായെന്ന് വിശ്വസിയ്ക്കുന്നതു

കൊണ്ട് അവരെ വോട്ടു രേഖപ്പെടുത്താൻ അനുവദിക്കാറില്ല. അതുപോലെ കടുത്ത മാനസിക വൈകല്യങ്ങൾ ഉള്ള ആളുകളെയും വോട്ടു ചെയ്യുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. പക്ഷേ, ഇക്കാരണങ്ങൾ ചൂണ്ടിക്കാട്ടി അധികാരത്തിൽ ഇരിയ്ക്കുന്നവർ അവരുടെ എതിരാളികളെ വോട്ടു ചെയ്യുന്നതിൽ നിന്നും ഒഴിവാക്കുന്നത് തടയുന്നതിനു വേണ്ടി, അത്തരത്തിലുള്ള വൈകല്യങ്ങൾ ഉള്ളവരെ തീർച്ചയായും സ്വതന്ത്രമായി പരിശോധിച്ച് വിലയിരുത്തണം.

ശിക്ഷിക്കപ്പെട്ട കുററവാളികളെ വോട്ടു ചെയ്യുവാൻ അനുവദിക്കണമോ വേണ്ടയോ എന്ന കാര്യത്തിൽ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളുണ്ട്. ചില രാജ്യങ്ങളിൽ, ജയിലിൽ കഴിയുന്ന ആളുകൾക്ക് വോട്ടവകാശം നഷ്ടപ്പെടാറുണ്ട്. നിയമം ലംഘിക്കുന്നവർക്ക് അത് നടപ്പിലാക്കുവാനുള്ള പ്രക്രിയകളിൽ പങ്കെടുക്കാൻ അവകാശമില്ല എന്നതാണ് ചൂണ്ടിക്കാട്ടുന്ന കാരണം. മറ്റു ചില രാജ്യങ്ങളിൽ ഏററവും ഗുരുതരമായ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് ജയിലിൽ കഴിയുന്നവർക്ക് മാത്രമേ വോട്ടവകാശം നിഷേധിക്കുന്നുള്ളൂ. വേറെ ചില രാജ്യങ്ങളിൽ നമുക്ക് പൊതുവായ മനുഷ്യത്വപരമായ സവിശേഷതകൾ പരിഗണിച്ച് കുററവാളികളും വോട്ടവകാശത്തിന് പൂർണ്ണമായും യോഗ്യരാണ്.

രാഷ്ട്രീയ സമത്വത്തിന്റെ അടിസ്ഥാന തത്വങ്ങൾ ലക്ഷ്യമാക്കുന്നത് സ്ത്രീകളും പുരുഷന്മാരെ പോലെ വോട്ടവകാശത്തിന് അർഹരാക്കുകയാണ് – എങ്കിലും, ആനുപാതികമായി സ്വതന്ത്രമായ സമൂഹങ്ങളിൽ പോലും ഈ അവകാശം അംഗീകരിക്കാൻ തുടങ്ങിയിട്ട് ഒരു നൂറ്റാണ്ടിലേറെ ആയിട്ടേയുള്ളൂ. 1893 ൽ ന്യൂസിലാൻഡാണ് ആദ്യമായി പ്രായപൂർത്തിയായ സ്ത്രീകൾക്ക് വോട്ടവകാശം നൽകിയത്. 1962 വരെ ആദിവാസികളായ സ്ത്രികളെ വോട്ടു രേഖപ്പെടുത്തുന്നതിൽ നിന്നും വിലക്കിയിരുന്നു എങ്കിലും 1902 ൽ ഓസ്ട്രേലിയയും അതു നടപ്പിലാക്കി. ഒന്നാം ലോകമഹായുദ്ധം കഴിഞ്ഞയുടൻ തന്നെ മിക്കവാറും യൂറോപ്യൻ രാജ്യങ്ങൾ സ്ത്രീകളെ വോട്ടു ചെയ്യാൻ അനുവദിച്ചു തുടങ്ങി. എങ്കിലും ഫ്രാൻസിലും സ്വിറ്റ്സർലാൻഡിലും ഈ അവകാശം 1944 ലും 1971 ലും ആണ് പ്രാബല്യത്തിൽ വന്നത്.

വോട്ടവകാശത്തിൽ നിന്നുള്ള ഏതെങ്കിലും വിധത്തിലുള്ള ഒഴിവാക്കലുകൾ കർശനമായും നിയന്ത്രിയ്ക്കേണ്ടതാണ്. അസ്വതന്ത്ര രാജ്യങ്ങളിൽ അധികാരികൾക്ക്, എതിരാളികളെ ജയിലലടച്ചും അല്ലെങ്കിൽ മാനസിക വൈകല്യങ്ങൾ ഉണ്ടെന്ന് വരുത്തിത്തീർത്തും അതുമല്ലെങ്കിൽ മറ്റു പല കാരണങ്ങൾ പറഞ്ഞും അവർക്ക് വോട്ടു നിഷേധിക്കുവാൻ വളരെ എളുപ്പമാണ്. ഇത് അധികാര ദുർവിനിയോഗമാണ്.

പ്രായോഗികമാകുന്നിടത്തോളം, ഓരോ വ്യക്തിയുടെയും വോട്ട് തുല്യമായി കണക്കാക്കണം. ഉദാഹരണത്തിന്, ഓരോപ്രതിനിധികളെ തെരഞ്ഞെടുക്കുന്ന ഓരോ നിയോജക ജില്ലകളിലും കർശനമായും ഏകദേശംതുല്യ വോട്ടർമാർ ഉണ്ടായിരിക്കണം. വലിയ ജില്ലകൾ ആയാൽ ഓരോ വോട്ടർമാർക്കും ആ തെരഞ്ഞെടുപ്പു ഫലത്തിൽ വളരെ ചെറിയ പങ്കേ ഉള്ളൂ. വ്യത്യസ്ത വിസ്താരങ്ങളിൽ ജില്ലകൾ സൃഷ്ടിക്കുന്നതിന്റെ ഒരേ ഒരു കാരണം ഭൂമിശാസ്ത്രപരമായ യാഥാർത്ഥ്യങ്ങൾ ആയിരിക്കണം. നിയോജക മണ്ഡലങ്ങളുടെ അതിരുകൾ നിശ്ചയിക്കുന്നത് ഒരു സ്വതന്ത്ര സമിതി ആയിരിക്കണം, അങ്ങനെയാവുമ്പോൾ ഭരണവർഗക്കാർക്ക് അതിലൂടെ നേട്ടങ്ങൾ കൊയ്യാൻ സാധിക്കുകയില്ല.

വോട്ടു ചെയ്യുവാനുള്ള അവകാശത്തോടൊപ്പം തന്നെ എല്ലാവർക്കും ഔദ്യോഗിക പദവിയിലേയ്ക്ക് മത്സരിയ്ക്കുവാനും തുടരുവാനുമുള്ള തുല്യ അവകാശവും ഉണ്ട്. നിയമസഭയിൽ ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ട ഇനത്തിലോ, വർഗ്ഗത്തിലോ അല്ലെങ്കിൽ മതത്തിലോ ഉൾപ്പെട്ട ആളുകൾക്കുവേണ്ടി സ്ഥാനങ്ങൾ പരിമിതപ്പെടുത്തിയിട്ടില്ല. തെരഞ്ഞെടുപ്പ് സംവിധാനം ഈ സമത്വത്തെ നിശ്ചയമായും സംരക്ഷിക്കണം. ഉദാഹരണത്തിന്, പ്രത്യേകിച്ചും ഭരണത്തിലിരിക്കുന്ന രാഷ്ട്രീയ അധികാരികളിൽ നിന്നും , യാതൊരു ഭീഷണിയുടെയും അല്ലെങ്കിൽ ആശങ്കപ്പെടുത്തലിന്റെയും ഭയമില്ലാതെ, ആർക്കുവേണമെങ്കിലും തെരഞ്ഞെടുപ്പിൽ മത്സരിയ്ക്കുവാനുള്ള സംരക്ഷണം ഉറപ്പ്വരുത്തണം. തെരഞ്ഞെടുപ്പ് ആശയങ്ങളുടെ ഒരു മത്സരമാണ്. ആശയങ്ങളുടെയും അഭിപ്രായങ്ങളുടേയും സ്വാതന്ത്ര്യം അടിച്ചമർത്തപ്പെട്ടാൽ ഒരു സ്വതന്ത്ര തെരഞ്ഞെടുപ്പ് സാധ്യമല്ല. ചില അസ്വതന്ത്ര രാജ്യങ്ങളിൽ സർക്കാരിനെ വിമർശിക്കുന്നതും ചോദ്യം ചെയ്യുന്നതും ഒരു ക്രിമിനൽ കുറ്റമാണ്; എന്നാൽ കൂടുതൽ സ്വാതന്ത്ര്യമുള്ള സമൂഹങ്ങളിൽങ്ങളിൽ ഇത്തരം വിമർശനങ്ങൾ ദൈനംദിന രാഷ്ട്രീയ വാഗ്വാദങ്ങളുടെ തികച്ചും സാധാരണമായ ഒരു ഭാഗമാണ്.

### *അവസരങ്ങളിലുള്ള സമത്വം*

അവസരങ്ങളിലുള്ള സമത്വം കൊണ്ടുദ്ദേശിക്കുന്നത് വ്യക്തികൾക്ക് അവരുടെ വിദ്യാഭ്യാസം, ജോലി ജീവിതത്തിലെ മറ്റു കാര്യങ്ങൾ എന്നിവയിലെ അവരുടെ അഭിലാഷങ്ങൾ പ്രാവർത്തികമാക്കാൻ യാതൊരുവിധ സ്വേഛാപരമായ തടസ്സങ്ങളും അവർക്ക് നേരിടേണ്ടി വരരുത്. ഉദാഹരണത്തിന്, ഏതെങ്കിലും സ്ക്കൂളിൽ പ്രവേശനം ലഭിക്കുന്നതിനോ അല്ലെങ്കിൽ ഒരു സ്പോർട്സ് ടീമിൽ ഇടം ലഭിയ്ക്കുന്നതിനോ അവരുടെ വർഗ്ഗമോ ജാതിയോ ഒരു തടസ്സമാകരുത്. അവരുടെ രാഷ്ട്രീയമോ ലിംഗമോ ഒരു ജോലി നേടാൻ അവർക്ക് തടസ്സമാ

കരുത്. വ്യത്യസ്ത പരിത:സ്ഥിതികളിൽ നിന്നുമുള്ള ആരെയെങ്കിലും വിവാഹം കഴിയ്ക്കാൻ അവരുടെ ദാരിദ്ര്യമോ സാമൂഹിക നിലയോ തടസ്സമാകരുത്.

എങ്ങനെയായാലും, വേണ്ടത്ര യോഗ്യത ഇല്ലാത്ത ഒരാളെ സ്ക്കൂളുകളോ തൊഴിലുടമകളോ അല്ലെങ്കിൽ മറ്റാരെങ്കിലുമോ നിർബന്ധമായി എടുക്കണം എന്ന് ഇതുകൊണ്ടർത്ഥമാക്കുന്നില്ല. ഒരു സ്ക്കൂൾ ചിലപ്പോൾ നിശ്ചിത യോഗ്യതയുള്ള പരീക്ഷയിൽ ജയിച്ചവർക്കു മാത്രമായി പ്രവേശനം പരിമിതപ്പെടുത്തിയിരിക്കാം, ഒരു തൊഴിലുടമ പ്രമാണങ്ങളും അനുഭവജ്ഞാനവും ആവശ്യപ്പെട്ടേയ്ക്കാം, ഒരു സ്വതന്ത്രയായ സ്ത്രീ, ഒരാൾ അവളെ അയാളുടെ ഹൃദയത്തിൽ കൊണ്ടു നടന്നതുകൊണ്ടു മാത്രം അയാളെ വിവാഹം കഴിക്കണമെന്നില്ല. അവസരങ്ങളിലുള്ള സമത്വം കൊണ്ടുദ്ദേശിക്കുന്നത് ആരുടെയും പ്രവർത്തനങ്ങളിൽ സ്വേച്ഛാപരമായ തടസ്സങ്ങൾ ഉണ്ടാക്കുവാനും അവർക്കു ചെയ്യാൻ ഇഷ്ടപ്പെടാത്ത കാര്യങ്ങൾ ബലപ്രയോഗത്തിലൂടെ അവരെക്കൊണ്ട് ചെയ്യിയ്ക്കാനും പാടില്ലെന്നതുമാണ്. ഉദാഹരണത്തിന്, മുറപ്രകാരമുള്ള വിവാഹങ്ങൾ ചില സംസ്കാരങ്ങളിൽ സാധാരണമാണ്. ഒരു സ്വതന്ത്ര സമൂഹത്തിൽ, ഇരു കൂട്ടർക്കും സമ്മതമാണെങ്കിൽ അത് തികച്ചും സ്വീകാര്യമാണ്. പക്ഷേ അവരുടെ ആഗ്രഹങ്ങൾക്കെതിരായി ജനങ്ങൾക്ക് അവരെ നിർബന്ധിച്ചു വിവാഹം കഴിപ്പിക്കാൻ കഴിയില്ല, ഒരു പക്ഷേ അവരുടെ മാതാപിതാക്കൾ ആവശ്യപ്പെടുന്നുണ്ടെങ്കിൽ പോലും. ഒരു സ്വതന്ത്ര സമൂഹത്തിൽ, വിവാഹപ്രായമായ ഒരാൾക്ക് അയാൾക്കിഷ്ടപ്പെട്ട ഒരാളെ തെരഞ്ഞെടുക്കുവാൻ വേണ്ടത്ര പ്രായം ഉണ്ടെന്ന് കണക്കാക്കുന്നു. മറ്റു ഉടമ്പടികൾ പോലെത്തന്നെ, വിവാഹം കഴിയ്ക്കുന്ന രണ്ടുപേരിൽ ആരെയെങ്കിലും ബലമായിട്ടാണ് അതിലേയ്ക്ക് കൊണ്ടുവന്നിട്ടുള്ളതെങ്കിൽ ആ വിവാഹം അസാധുവാണ്.

അവരുടെ ജീവിതം തെരഞ്ഞെടുക്കുന്നതിൽ ജനങ്ങൾക്ക് സാമൂഹികമായ തടസ്സങ്ങൾ ഒന്നും ഇല്ലെങ്കിലും,അവിടെ തീർച്ചയായും പ്രകൃതിദത്തമായ അസമത്വങ്ങളുണ്ട്. ബധിരനായി ജനിക്കുന്ന ഒരാൾക്ക് ഒരു സംഗീതസംവിധായകനോ അല്ലെങ്കിൽ ഒരു സംഗീത സംഘപ്രമാണിയോ ആകാൻ കഴിയില്ല (ബീഥോവന് (Beethoven) പിന്നീടുള്ള ജീവിതത്തിൽ കഴിഞ്ഞെങ്കിലും). കൈ കാലുകളില്ലാത്ത ഒരാൾക്ക് പർവ്വതനിരകളിൽ കയറാൻ ആഗ്രഹിക്കാൻ കഴിയില്ല. കുട്ടികൾക്ക് അവരുടെ ജീവിതത്തിൽ വ്യത്യസ്തമായ അവസരങ്ങൾ കിട്ടുന്നത് അവരുടെ കുടുംബത്തിലെ ചുറ്റുപാടുകൾ അനുസരിച്ചായിരിക്കും. ഒരു കുട്ടിയുടെ മാതാപിതാക്കൾ അവന് പുസ്തകങ്ങൾ വാങ്ങി നൽകി അവനെ പഠിത്തകാര്യങ്ങളിൽ സഹായിച്ചേയ്ക്കാം, അതേസമയം മറ്റൊരു കുട്ടിയുടെ മാതാപിതാക്കൾ അവനെ അവഗണിച്ചേക്കാം.

**ചോദ്യം : പാവപ്പെട്ട ജനങ്ങൾ ലിമോസിൻ വാങ്ങാൻ സ്വതന്ത്രരല്ല; അങ്ങനെയാണോ?**

അതെ; അവർ സ്വതന്ത്രരാണ്. ഒരു സ്വതന്ത്ര സമൂഹത്തിൽ, ആഡംബര സാധനങ്ങൾ വാങ്ങാൻ എല്ലാവരും സ്വതന്ത്രരാണ്, വളരെ കുറച്ചുപേർക്കു മാത്രമേ അതു താങ്ങാൻ കഴിയുമെങ്കിലും.ഇതൊരു പ്രാപ്തിയുടെ അല്ലെങ്കിൽ കഴിവിന്റെ ചോദ്യമാണ്, അല്ലാതെ സ്വാതന്ത്ര്യത്തിന്റെയല്ല. പാവപ്പെട്ട ആളുകൾക്ക് വലിയൊരു കാർ വാങ്ങുവാനുള്ള പ്രാപ്തി ഉണ്ടായിരിയ്ക്കുകയില്ല. പക്ഷേ ഒരാളും അല്ലെങ്കിൽ അധികാരികളും അവരെ തടയില്ല. കഠിനാദ്ധ്വാനം ചെയത് പണം സമ്പാദിച്ചോ, അത് മിച്ചംപിടിച്ചോ അല്ലെങ്കിൽ വായ്പയെടുത്തോ ആർക്കും ആഡംബര ജീവിതം ആസ്വദിയ്ക്കാം.

ഓർത്തിരിയ്ക്കേണ്ട ഒരു കാര്യം, ലോകത്തിലെ ഏററവും സമ്പന്നവും കൂടുതൽ സ്വതന്ത്രവുമായ സമൂഹങ്ങളിലെ ദരിദ്രരായ കുടുംബങ്ങൾക്കു പോലും, കുറച്ചു ദശകങ്ങൾക്കു മുമ്പ് ആഡംബരമായി കരുതിയിരുന്ന ഗാർഹികാവശ്യത്തിനുളള താപോർജ്ജം, വെളിച്ചം, വിദ്യുത്ച്ഛക്തി, തുടർച്ചയായവെള്ളം എന്നിവ ലഭ്യമാകുന്നുണ്ട്. നേരെമറിച്ച്, സ്വതന്ത്രമല്ലാത്ത സമൂഹങ്ങളിൽ, ഒരു വലിയ വീടോ അല്ലെങ്കിൽ കൂടുതൽ ഫലഭൂയിഷ്ടമായ കൃഷി ഭൂമിയോ, അധികാരികൾ ദാനമായി നൽകിയില്ലെങ്കിൽ, ജനങ്ങൾക്ക് സ്വപ്നം കാണുവാൻ കൂടി കഴിയില്ല.

കുട്ടികളുടെ ജീവിതത്തിന്റെ തുടക്കം വ്യത്യസ്തമാണെങ്കിൽ കൂടിയും, അവർ പ്രായപൂർത്തിയാകുമ്പോഴും ജോലികളിൽ പ്രവേശിക്കുമ്പോഴും അവരെല്ലാവരും ഒരേ അവസ്ഥയിൽ അല്ലെങ്കിൽ ഒരേ കഴിവുള്ളവരായി മാറുന്നുവെന്ന് ഉറപ്പുവരുത്തുവാൻ സ്ക്കൂളുകൾ ശ്രമിയ്ക്കണമെന്നാണ് പടിഞ്ഞാറൻ രാജ്യങ്ങളിലെ ചില ആളുകൾ വാദിയ്ക്കുന്നത്. അതിനനുസൃതമായി, സ്ക്കൂളുകൾ കുറവുകൾ പരിഹരിയ്ക്കുന്ന വിദ്യാഭ്യാസത്തിലേയ്ക്ക് കൂടുതൽ വിഭവങ്ങൾ കേന്ദ്രീകരിയ്ക്കുകയും കൂടുതൽ സമർത്ഥരായ കുട്ടികളുടെ കഴിവിനെ കൂടുതൽ പരിപോഷിപ്പിച്ച് എടുക്കുന്നതിനു പകരം അവരുടെ കഴിവിനെ താഴേയ്ക്ക് കൊണ്ടുവരികയും ചെയ്യുന്നു. പക്ഷേ സത്യത്തിൽ, പ്രകൃതിദത്തപരമായ വ്യത്യാസങ്ങളെ പരിഹാരം കാണുവാൻ നമ്മുക്ക് കഴിയില്ല - മാത്രമല്ല, സാമൂഹികമായ വ്യത്യാസങ്ങളെ പരിഹരിയ്ക്കുവാനുള്ള ഒരേ ഒരു മാർഗ്ഗം കുട്ടികളെ അവർ പിറന്നു വീഴുമ്പോൾ തന്നെ അവരുടെ മാതാപിതാക്കളിൽ നിന്നും എടുത്തുകൊണ്ടു പോയി അവരെ ഒരേ രീതിയിൽ വളർത്തിയെടുക്കുക എന്നതാ

ണ്. ഇതൊരു ഭയാനകവും അസുഖകരവുമായ ഒരു ആശയമായിരിയ്ക്കും.

*മാതൃകാപരമായ വിവേചനം*

മാതൃകാപരമായ വിവേചന നടപടിക്രമങ്ങളിലൂടെ പ്രകൃതിദത്തമായ വ്യത്യാസങ്ങളെ പരിഹരിയ്ക്കുവാനും മുൻവിധികളെ ഇല്ലായ്മ ചെയ്യുവാനും ചില രാജ്യങ്ങൾ ശ്രമിച്ചിട്ടുണ്ട്. ചില അവസരങ്ങൾ അവർക്കു എത്തിപ്പിടിയ്ക്കാൻ കഴിയാത്തതാണെന്ന് സങ്കൽപ്പിയ്ക്കുന്ന ന്യൂനപക്ഷങ്ങളിലേയ്ക്ക് ലളിതമായി ചെന്നെത്തുവാനും, ഉദാഹരണത്തിന്, ഉയർന്ന നിലവാരമുള്ള സർവ്വകലാശാലകളിൽ അപേക്ഷിയ്ക്കുന്നത് സങ്കല്പിയ്ക്കുവാൻ പോലും കഴിയാത്ത ദരിദ്രരായ സമർത്ഥരായകുട്ടികൾക്ക്, അവരെ അതിനു ശ്രമിയ്ക്കുവാനായി പ്രോത്സാഹനം നൽകുവാനും ഉള്ള നടപടികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. അവർ ഇത്തരം ഗ്രൂപ്പുകൾക്കു ലഭ്യമാകുന്ന അവസരങ്ങൾ വർദ്ധിപ്പിയ്ക്കുന്നിടത്തോളം ഇത്തരം എത്തിപ്പെടലുകളും പ്രോത്സാഹനവും ആക്ഷേപങ്ങൾക്ക് അതീതമാണ്.

പക്ഷേ മാതൃകാപരമായ വിവേചനം ന്യൂനപക്ഷ ഗ്രൂപ്പുകൾക്ക് മുൻഗണന നൽകുന്ന രൂപത്തിലും ആവാം, സ്ക്കൂളുകളിലോ തൊഴിലിടങ്ങളിലോ വലിയൊരു ഭാഗം ന്യൂനപക്ഷ ഉദ്യോഗാർത്ഥികളെ എടുക്കുവാൻ നിർബന്ധിയ്ക്കുന്നതരത്തിൽ അവർക്ക് ഒരു സംവരണം ഏർപ്പെടുത്തുന്നു. ഒരളവുവരെ ഇത് പ്രാവർത്തികമാകാം; 1960 മുതൽ ഇങ്ങോട്ട് മാതൃകാപരമായ വിവേചനം യുണൈറ്റഡ് സ്റ്റേറ്റ്സിലെ കറുത്ത വർഗ്ഗക്കാർക്ക് സ്ക്കൂളുകളിലും തൊഴിൽ സ്ഥാപനങ്ങളിലും അവരുടെ കഴിവുകൾ തെളിയിയ്ക്കാൻ അവസരങ്ങൾ നൽകുകയും, അത് വെള്ളക്കാരുടെ കറുത്ത വർഗ്ഗക്കാർക്കെതിരെയുള്ള മുൻവിധികളെ കുറയ്ക്കുവാനും സഹായിച്ചിട്ടുണ്ട്. പക്ഷേ മാതൃകാപരമായ വിവേചനം ഒരു സ്വതന്ത്ര സമൂഹത്തിന് യോജ്യമായ ഒന്നല്ല. ഇത് മുൻവിധികളെ ഇല്ലായ്മ ചെയ്യുകയും അതിലൂടെ സ്വാതന്ത്ര്യത്തെ പ്രോത്സാഹിപ്പിയ്ക്കുകയും ചെയ്യുന്നുവെങ്കിലും അതേ സമയം അവരെ എല്ലാവരെയും തുല്യമായി കാണുന്നതിനു പകരം ചില പ്രത്യേക സംഘങ്ങളെ മാത്രം പ്രീതിപ്പെടുത്തുന്നു.

കഴിഞ്ഞ കാലങ്ങളിൽ ന്യൂനപക്ഷങ്ങൾക്കെതിരെ ഉണ്ടായ ദോഷകരമായ അല്ലെങ്കിൽ മാതൃകാപരമല്ലാത്ത വിവേചനത്തിന്റെ കാരണങ്ങൾ കാട്ടി ചില ആളുകൾ മുൻഗണനയുടെയും സംവരണങ്ങളുടെയും ആവശ്യത്തിനായി വാദിയ്ക്കുന്നു. പക്ഷേ കഴിഞ്ഞതൊക്കെ കഴിഞ്ഞു; ഇന്ന് കുറച്ചു ആളുകൾക്കുമാത്രമായി മാതൃകാപരമായ വിവേചനങ്ങൾ സാധ്യമാകുമ്പോൾ, മുൻപ് അതേ ന്യൂനപക്ഷത്തിൽപ്പെട്ട ആളുകൾക്ക് എതിരെ ചെയ്ത അന്യായങ്ങൾക്ക് പരിഹാരമാവില്ല. ഇത്തരം ആശയങ്ങൾ, അതേ സ്ക്കൂളുകളിലോ അല്ലെങ്കിൽ തൊഴിൽ

സ്ഥാപനങ്ങളിലോ പ്രവേശനം ലഭിക്കാൻ ഉയർന്ന നിലവാരത്തിലേക്ക് എത്തിച്ചേരേണ്ട ഭൂരിപക്ഷത്തോടുള്ള അനീതിയായി കാണാൻ കഴിയും. ന്യൂനപക്ഷക്കാർ ഒരു പുതിയ പ്രത്യേക പദിവയുള്ളവരായി കാണപ്പെട്ടേയ്ക്കാം, ഇത് ആ ആശയത്തിനെതിരെയും അതിന്റെ ആനുകൂല്യങ്ങൾ നേടുന്ന ന്യൂനപക്ഷങ്ങൾക്കെതിരെയുമുള്ള വിദ്വേഷത്തിലേയ്ക്കും അക്രമത്തിലേയ്ക്കു പോലും കൊണ്ടെത്തിച്ചേക്കാം.

### *പ്രതികൂലമായ വിവേചനം*

തീർച്ചയായും, എല്ലായ്പ്പോഴും വിവേചനം ന്യൂനപക്ഷങ്ങളെ സഹായിയ്ക്കുവാൻ മാത്രം ഉദ്ദേശിച്ചുകൊണ്ടുള്ളതല്ല. കൂടുതൽ സന്ദർഭങ്ങളിലും, വിവേചനം എന്നത് ന്യൂനപക്ഷങ്ങൾക്കു ലഭിക്കാത്ത അവകാശം, വിശേഷാധികാരങ്ങൾ, മുൻഗണന തുടങ്ങിയവ ഭൂരിപക്ഷങ്ങൾക്കു വേണ്ടി അവർ തന്നെ സമ്മതിദാനത്തിലൂടെ നേടിയെടുക്കുന്ന ഒരു അവസ്ഥണ്. മലേഷ്യയും ദക്ഷിണാഫ്രിക്കയും ഇതിനു വ്യക്തമായ ഉദാഹരണങ്ങളാണ്, പക്ഷേ ലോകം മുഴുവൻ കൂടുതലായി കാണപ്പെടുന്ന കാര്യങ്ങൾ, ന്യൂനപക്ഷ ജനങ്ങൾക്കെതിരെയുള്ള വർഗ്ഗപരമായും മതപരമായും ഭാഷാപരമായും ലിംഗപരമായ മുൻഗണനയുടെയും അല്ലെങ്കിൽ രാഷ്ട്രീയപരമായ കാഴ്ചപ്പാടുകളുടെയും അടിസ്ഥാനത്തിൽ ഉള്ള നിയമപരമായ വിവേചനങ്ങളാണ്.

കൂടാതെ, ഇത്തരം വിവേചനങ്ങൾക്ക് ഒരു സ്വതന്ത്ര സമൂഹത്തിൽ ഒരു സ്ഥാനവുമില്ല; അവിടെ നിയമത്തിനു മുന്നിൽ എല്ലാ ജനവിഭാഗങ്ങളും തുല്യരാണ്, ഒരു വിഭാഗത്തിനും അവരുടെ സ്വന്തം പ്രത്യേക ആനുകൂല്യങ്ങൾക്കായി സമ്മതിദാനം നടത്താൻ കഴിയില്ല. മിക്കപ്പോഴും ഇത്തരം വിവേചനങ്ങൾ ന്യൂനനക്ഷജനങ്ങളോടുള്ള അതിക്രമങ്ങളായി മാറാറുണ്ട്. ഭൂരിപക്ഷക്കാർ ആസ്വദിയ്ക്കുന്ന എല്ലാ അവകാശങ്ങളും നിഷേധിക്കുന്നതിന്റെ ഫലമായി ന്യൂനപക്ഷക്കാർക്ക് അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുള്ള സാധ്യതകൾ ഇല്ലാതാക്കുന്നു. അവർ അധഃസ്ഥിത ശ്രേണിയിലുള്ളവരായി കാണപ്പെടുന്നു, തികച്ചും അപരിഷ്കൃതരായി പോലും. അങ്ങനെ അവരുടെ മനുഷ്യത്വം അപഹരിയ്ക്കപ്പെട്ടാൽ, അവർ അനുഭവിയ്ക്കുന്ന അവഗണനകൾക്കും പീഡനങ്ങൾക്കും ഒരു പരിധിയും ഇല്ലാതായിത്തീരുന്നു.

### അനന്തരഫലങ്ങളിലെ സമത്വം

സമത്വത്തെക്കുറിച്ച് ആളുകൾ സംസാരിയ്ക്കുമ്പോൾ, ധാർമ്മിക തത്വങ്ങളിൽ അധിഷ്ഠിതമായ തുല്യമായ പരിചരണങ്ങളെക്കുറിച്ചോ തുല്യ നീതിയെക്കുറി

ച്ചോ, രാഷ്ട്രീയ സമത്വത്തെക്കുറിച്ചോ അവസരങ്ങളിലുള്ള സമത്വത്തെക്കുറിച്ചോ ആരും സൂചിപ്പിയ്ക്കുന്നില്ല. അവർ അർത്ഥമാക്കുന്നത് സമ്പത്ത്, വരുമാനം ജീവിതനിലവാരം തുടങ്ങിയ ഭൗതികമായ കാര്യങ്ങളിലുള്ള സമത്വം മാത്രമാണ്. ഇത്തരം ഫലങ്ങളുടെ സമത്വത്തിനായി പണക്കാരിൽ നിന്നും പാവപ്പെട്ടവരി ലേയ്ക്ക് തുല്യമായി പുനർവിതരണം ചെയ്യണമെന്നാണ് ചിലർ വാദിയ്ക്കുന്നത്.

### *വരുമാനത്തിലെ അസമത്വത്തിന്റെ സ്ഥിതിവിവര കണക്ക്*

അനന്തരഫലങ്ങളിലെ സമത്വത്തെക്കുറിച്ച് വാദിയ്ക്കുന്നവർ, പ്രമുഖ ഇറ്റാലി യൻ സ്ഥിതിവിവരശാസ്ത്ര വിദഗ്ധനും സാമൂഹ്യശാസ്ത്രജ്ഞനുമായ കൊറ ാഡോ ഗിനിയുടെ പേരിൽ അറിയപ്പെടുന്ന ഗിനി കോഎഫിഷ്യന്റ് (ഗിനി ഗുണ കം) എന്ന സ്ഥിതിവിവരണം ചൂണ്ടിക്കാട്ടുന്നു. വരുമാനങ്ങൾ പോലുള്ള മാന ദണ്ഡങ്ങൾ വച്ചുള്ള അസമത്വത്തിന്റെ ഒരു സൂചികയാണിത്. ഒരു ഗിനി കോഎ ഫിഷ്യന്റിൽ 0 അർത്ഥമാക്കുന്നത് അവിടെ സമത്വം പൂർണ്ണമായും ഉണ്ടെന്നും, ഒരു കോ എഫിഷ്യന്റ് 1 അർത്ഥമാക്കുന്നത് പൂർണ്ണമായ അസമത്വവുമാണ് (എല്ലാ വരുമാനവും ഒരാളുടെ കൈവശം ഉണ്ടായിരിയ്ക്കുമ്പോൾ). ലോക ബാങ്കും യു എസ് സെൻട്രൽ ഇന്റലിജന്റ് ഏജൻസിയും പോലുള്ള പല സ്ഥാപനങ്ങളും വ്യത്യസ്ത രാജ്യങ്ങളിലെ ഗിനി കോഎഫിഷ്യന്റ് കണക്കാക്കാൻ ശ്രമിയ്ക്കുകയും അതിലൂടെ അവരുടെ അസമത്വത്തിന്റെ അവസ്ഥകളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു. ഇത്തരം പദവികൾ സൂചിപ്പിയ്ക്കുന്നത് കൂടുതൽ വികസിത രാജ്യങ്ങളിലെയും കോ എഫിഷ്യന്റ്സ് 0.25 മുതൽ 0.5 വരെയാണ് – അതിനർത്ഥം ഉയർന്ന തലത്തിലുള്ള സമത്വം ഉണ്ടെന്നാണ്. ആഫ്രിക്കൻ രാജ്യങ്ങളിലാണ് ഏറ്റവും ഉയർന്ന അളവിൽ അസമത്വം നിലനിൽക്കുന്നത്, അതിൽ ഏറ്റവും മുന്നിട്ടു നിൽക്കുന്നത് കോ എഫിഷ്യന്റ് 0.7 ഓടുകൂടി സൗത്താഫ്രിയ്ക്കയാണ്.

ഇത്തരം അനുമാനങ്ങളിൽ നമ്മൾ സന്ദേഹമുള്ളവരായിരിയ്ക്കണം, ഉയർന്ന കോ എഫിഷ്യന്റ് ഉള്ള രാജ്യങ്ങളിൽ വരുമാനം സമത്വം നിർബന്ധപൂർവ്വം സമത്വവൽക്കരിയ്ക്കണം എന്ന സൂചന ഉള്ളതുകൊണ്ട് കൂടുതലും. ആദ്യമാ യി, പരിമിതമായ രാജ്യങ്ങളിൽ മാത്രമേ വരുമാനത്തെ കുറിച്ചുള്ള വിശ്വസനീ യമായ കണക്കുകൾ ഉണ്ടാവുകയുള്ളൂ, ഇത് ഗിനി കോഎഫിഷ്യന്റിന്റെ കണ ക്കുകൾ അവിശ്വസനീയമാക്കുന്നു ( അതുകൊണ്ടു തന്നെയായിരിയ്ക്കാം പല സ്ഥാപനങ്ങളുടെയും അനുമാനങ്ങൾ വ്യത്യസ്തങ്ങളാവുന്നത്). രണ്ടാമതായി, വരുമാനത്തിലുള്ള വലിയ വ്യത്യാസങ്ങൾ, യഥാർത്ഥത്തിൽ ശരിയായ ദിശയിലുള്ള സാമൂഹിക പ്രവണതകളെ പ്രതിഫലിപ്പിച്ചേക്കാം. അവ പുതിയ സാങ്കേതികവിദ്യകളിലൂടെ വേഗത്തിലുള്ള വളർച്ചയെയോ അല്ലെങ്കിൽ

ഗ്രാമപ്രദേശങ്ങളിൽ ഇതുവരെയും എത്തിപ്പെടാത്ത അഭിവൃദ്ധി നഗരങ്ങളിൽ വർദ്ധിയ്ക്കുകയാണെന്നോ സൂചിപ്പിച്ചേക്കാം. ഉപജീവനത്തിനായി കഷ്ടപ്പെടുന്ന കർഷകരുടേതിനൊപ്പം നഗരങ്ങളിലെ ഐടി ജീവനക്കാരുടെ വരുമാനം കുറച്ചുകൊണ്ട് ഇത്തരം ഉയർന്നുവരുന്ന അഭിവൃദ്ധിയെ നിരുത്സാഹപ്പെടുത്തുന്നത് ഒട്ടും നല്ലതല്ല. മറിച്ച് എല്ലാ തടസ്സങ്ങളും നീക്കി (സ്വതന്ത്ര സഞ്ചാരത്തിനുള്ള നിയന്ത്രണങ്ങൾ പോലുള്ളവ) പാവപ്പെട്ടവർക്കും വികസനത്തിന്റെ പ്രയോജനങ്ങൾ ലഭ്യമാകുന്ന തരത്തിലാവണം.

ഈ സ്ഥിതിവിവര കണക്കിന്റെ മറ്റൊരു പ്രശ്നം, ജനങ്ങൾ അടയ്ക്കുന്ന നികുതിയെയും സർക്കാരിൽ നിന്നും അവർക്ക് കിട്ടുന്ന ആനുകൂല്യങ്ങളെയും (ക്ഷേമനിധി, പെൻഷൻ, സൗജന്യ ആരോഗ്യപരിപാലനം അങ്ങനെയുള്ളവ) അവഗണിച്ചുകൊണ്ട് വെറും വരുമാനത്തെയാണ് അവർ താരതമ്യം ചെയ്യുന്നത്. യുണൈറ്റഡ് കിങ്ഡത്തിലെ ചെറിയൊരു വ്യത്യാസമായ തരത്തിലുള്ള മാനദണ്ഡം നോക്കാം, ഏറ്റവും ഉയർന്ന തലത്തിലുള്ള 10 ശതമാനം വരുമാനക്കാരുടെ വരുമാനം ഏറ്റവും താഴേതട്ടിലുള്ള 10 ശതമാനക്കാരേക്കാൾ 30 ഇരട്ടി കൂടുതലായിരിയ്ക്കും.ഇത് വലിയ അസമത്വത്തെ സൂചിപ്പിക്കുന്നു.എങ്കിലും, നികുതികൾ അടച്ചതിനു ശേഷവും പല തരത്തിലുള്ള സർക്കാർ ആനുകൂല്യങ്ങൾ ലഭിച്ചതിനു ശേഷവും ഇതിന്റെ സൂചിക മിതമാണ്. ആളുകൾ ഇപ്പോഴും പുനർവിതരണം ന്യായീകരിക്കുവാനായി ആദ്യത്തെ കണക്കുകളാണ് ചൂണ്ടിക്കാണിക്കുന്നത്, എന്നാൽ ഇത് സ്ഥിതിവിവര കണക്കുകളെ ദുരുപയോഗിക്കലാണ്.

### *സമത്വം വരുമാനത്തിന്റെയോ സമ്പത്തിന്റെയോ?*

സമൂഹത്തിലെ പങ്കാളിത്തത്തിന് ജനങ്ങൾക്ക് തുല്യമായ പ്രതിഫലം കിട്ടണമെന്ന ആശയത്തെ വിളിയ്ക്കുന്നത് സമത്വവാദം (ഇഗാലിറ്റേറിയനിസം) എന്നാണ്. പക്ഷേ ഈ വാക്കിന് ഒരു ശരിയായ അർത്ഥം നൽകുന്നത് വളരെ ശ്രമകരമായ ഒന്നാണ്, അതിന്റെ കാരണം ഭാഗികമായും അതിന്റെ തന്നെ വൈരുദ്ധ്യങ്ങൾ കൊണ്ടു തന്നെയാണ്. വരുമാനത്തിലെ സമത്വമാണോ സ്വത്തിലുള്ള സമത്വമാണോ വേണ്ടതെന്ന് വ്യക്തമായ ഒരു കാഴ്ചപ്പാടോ അഭിപ്രായമോ പ്രകടിപ്പിയ്ക്കുവാൻ സമത്വവാദികൾക്ക് കഴിയില്ല. വരുമാനം തുല്യമാവണമെന്നാണ് അവർ പറയുന്നതെങ്കിൽ, സ്വത്തിൽ വലിയൊരു അന്തരം ഏറെക്കുറെ ഇപ്പോഴും തീർച്ചയായും നിലനിൽക്കുന്നുണ്ടെന്നുള്ള വസ്തുത അവർക്ക് അംഗീകരിക്കേണ്ടി വരും. ഒരാൾ അയാളുടെ വരുമാനം മിച്ചം പിടിച്ചും വിവേക ബുദ്ധിയോടെ നിക്ഷേപിച്ചും കൂടുതൽ മൂലധനമോ സമ്പത്തോ വാരി കൂട്ടിയെന്നു വരാം, വേറൊരാൾ അതേ തുല്യമായ വരുമാനം ചൂതുകളിയിലൂടെയോ അല്ലെങ്കിൽ അപ്പോ

ഴുള്ള സംതൃപ്തിക്കു വേണ്ടി ചിലവഴിച്ചോ നശിപ്പിച്ചേക്കാം. ഏറെ താമസിയാതെ അവരുടെ സമ്പത്ത് വളരെ വ്യത്യാസപ്പെട്ടിരിക്കാം.

മാത്രവുമല്ല, എല്ലാ ജോലികൾക്കും തുല്യ വേതനമാണ് നൽകുന്നതെങ്കിൽ എളുപ്പമായതും സുഖകരവുമായ ജോലികൾക്ക് വലിയ തോതിലുള്ള ആവശ്യം ഉണ്ടാവുകയും കഠിനമായതും അസുഖകരവുമായ ജോലികൾ ചെയ്യുവാൻ താലപര്യമുള്ളവരുടെ വൻതോതിലുള്ള ദൗർല്ലഭ്യം ഉണ്ടാവുകയും ചെയ്യും. അവരുടെ അലസനായ സഹപ്രവർത്തകന് അവരുടെ അതേ വേതനം ലഭിയ്ക്കുമ്പോൾ ഒരാൾ എങ്ങനെ കഠിനമായ ജോലികൾ ചെയ്യുവാൻ സന്നദ്ധനാവും?

ഭൗതികമായ വരുമാനത്തേക്കാൾ കൂടുതൽ പ്രാധാന്യം ഒരു ജോലിക്കുണ്ട് സാമ്പത്തിക വിദഗ്ദർ മാനസിക വരുമാനം (സൈക്കോളജിക്കൽ ഇൻകം) എന്നു വിളിക്കുന്ന കാര്യങ്ങളും ഇവിടെ ഉണ്ട് - ഉദാഹരണത്തിന്, അവരുമായി യോജിച്ചുപ്രവർത്തിക്കുന്ന സഹപ്രവർത്തകർ ഉണ്ടായിരിക്കുക അല്ലെങ്കിൽ ഒരു രാജ്യത്തിന്റെ ഹൃദ്യമായ ഭാഗത്ത് ജോലി ചെയ്യുവാൻ കഴിയുക അല്ലെങ്കിൽ അനുയോജ്യമായതും എല്ലാ സൗകര്യങ്ങളുമുള്ള നഗരത്തിന്റെ ഒരു ഭാഗത്ത് ജോലി ചെയ്യുവാൻ അവസരം ലഭിയ്ക്കുക എന്നിവയെല്ലാം. എതൊക്കെ ഇഷ്ടപ്പെടുന്നവർക്ക് ഇത്തരം ഗുണങ്ങൾ അവ ആസ്വദിക്കുന്നവർക്ക് വളരെ വിലമതിച്ചതാണ്, എന്നാൽ ഇത്തരം കാര്യങ്ങൾ ഒരിക്കലും തുല്യമാക്കാൻ കഴിയില്ല.

മറുവശത്ത്, സമ്പത്തിലുള്ള സമത്വമാണ് വേണ്ടതെന്ന് സമത്വവാദികൾ ആവശ്യപ്പെടുന്നുവെങ്കിൽ, ആളുകളുടെ വൈദഗ്ധ്യവും പ്രതിഭയും അനുസരിച്ചും തൊഴിലുടമയ്ക്ക് അവരിലുള്ള ആവശ്യത്തിന്റെ അടിസ്ഥാനത്തിലും അവരുടെ വരുമാനത്തിൽ വലിയൊരു അന്തരം അപ്പോഴും ഉണ്ടാകും. ചില ആളുകൾ അവരുടെ വരുമാനത്തിൽ മിച്ചം പിടിച്ച് സമ്പത്ത് കൂട്ടുമ്പോൾ ചിലർ അതു ചിലവഴിച്ചു കുറയ്ക്കുന്നു, അവരുടെ സമ്പത്ത് നശിയ്ക്കുന്നു. അപ്പോൾ പിന്നെ എന്തു ചെയ്യും? 1950 കളിൽ വളരെയധികം ജനപ്രീതി നേടിയ ഹാവ് എ ഗോ (Have A Go) എന്ന യു കെ റേഡിയോ ക്വിസ് ഷോയുടെ അവതാരകനായിരുന്ന വിൽഫ്രെഡ് പിക്കിൾസ് (Wilfred Pickles)മത്സരാർത്ഥികളോട് അവരെക്കുറിച്ചും അവരുടെ അഭിലാഷങ്ങളെക്കുറിച്ചും ചോദിച്ചുകാണ്ട്തുടങ്ങും. ഒരാൾ പറഞ്ഞു. എന്റെ ആഗ്രഹം ഈ ലോകത്തിലെ എല്ലാ സമ്പത്തും നേടി അത് എല്ലാവർക്കും തുല്യമായി പകുത്തു നൽകണമെന്നതാണ്. അവിടെ കൂടിയിരുന്ന എല്ലാവരും അയാളുടെ ഉദാരചിത്തമായ വാക്കുകൾ കേട്ട് ഹർഷാരവത്തോടെ അയാളെ അഭിനന്ദിച്ചു. ഞാൻ എന്റെ പങ്കു മുഴുവൻ ചിലവഴിച്ചു കഴിയുമ്പോൾ നമ്മൾ വീണ്ടും അങ്ങനെ ചെയ്യും. നിർഭാഗ്യവശാൽ ആ മത്സരാർത്ഥിയുടെ

തുടർന്നുള്ള ഈ വാക്കുകൾ എല്ലാം നശിപ്പിച്ചു. മാറിക്കൊണ്ടിരിയ്ക്കുന്ന ഈ ലോകത്ത് സ്വത്ത് തുല്യമായി പങ്കിടുന്നത് വളരെ ശ്രമകരമാണ്.

അതുകൊണ്ടു തന്നെ തുല്യമായ ഫലങ്ങൾ, വരുമാനത്തിലോ സ്വത്തിലോ, അസ്വാഭാവികവും നിലനിൽക്കാത്തതുമാണ്. ഏതെങ്കിലും ഒന്നിനെ തുല്യമാക്കുവാൻ, തുല്യമായി നിലനിർത്തുവാൻ സ്വാതന്ത്ര്യത്തിനും സമ്പത്തിനും മേൽ വലിയതോതിലുള്ള കൈയേറ്റം ആവശ്യമായി വരും. ചിലരിൽ നിന്നും ബലമായി സ്വത്തുക്കൾ പിടിച്ചെടുത്ത് മറ്റുള്ളവർക്ക് നൽകേണ്ടി വരുന്നു. തുല്യത ഒരു പരിധി വരെയെങ്കിലും നിലനിർത്താൻ ഈ പ്രവൃത്തി ആവർത്തിച്ചു കൊണ്ടേയിരിക്കണം.

ചില സ്വത്തുക്കൾ വിഭജിക്കുവാനോ പുനർവിതരണം ചെയ്യുവാനോ അസാധ്യമാണ്. സങ്കീർണ്ണമായതും, പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതും ലാഭകരവുമായ ഒരു വ്യവസായശാല, വേണമെങ്കിൽ ഇടിച്ചു നിരത്തി ഇഷ്ടികയോ യന്ത്രങ്ങൾ പൊളിച്ചെടുക്കുകയോ ഒക്കെ ചെയ്യാം, പക്ഷേ അതുകൊണ്ട് ഒന്നും ഉണ്ടാകുന്നില്ലായെന്നു മാത്രവുമല്ല പണം തുല്യമായി പുനർവിതരണം ചെയ്യുന്നതിന് അതു വില്ക്കുവാനും കഴിയില്ല - തുല്യമായ സ്വത്ത് ഉള്ള ഒരു ലോകത്ത് ഒരു വ്യക്തിയ്ക്കും അതു വാങ്ങുവാനുള്ള വിഭവങ്ങളും ഉണ്ടാവില്ല.

ഇത്തരം പുനർവിതരണ നയങ്ങൾ നിർബന്ധപൂർവവും ഫലപ്രദമല്ലാത്തതും ആയിരിയ്ക്കും. അവ ആളുകൾക്ക് അവരുടെ സ്വന്തം അദ്ധ്വാനത്തിനുള്ള പ്രതിഫലം നിരാകരിക്കുന്നു എന്നുമാത്രമല്ല അവരുടെ ജോലി ചെയ്യാനും സമ്പാദിക്കാനുള്ള പ്രചോദനം നശിപ്പിക്കുകയും ചെയ്യുന്നു. പുനർവിതരണം ചെയ്യുന്നതിനു പകരം അവർ സ്വത്തുക്കൾ നശിപ്പിക്കും. ഇത് നടപ്പിലാക്കുന്നതിന് രാഷ്ട്രീയമായ വലിയൊരു ശക്തിയും ആവശ്യമായി വരുന്നു, ഒരു സ്വതന്ത്ര സമൂഹത്തിന് ഇത്തരമൊരു ശക്തി തികച്ചും യോജിച്ചതല്ല.

### *പുനർവിതരണത്തിന്റെ പ്രക്രിയ*

മറ്റൊരു പ്രശ്നം പുനർവിതരണ നടപടികളുടെ ഭാഗമാകേണ്ടത് ആരാണ് എന്ന തീരുമാനം എടുക്കുന്നതിലാണ്. സാധാരണയായി, സമ്പന്നരാജ്യങ്ങളിലെ സമത്വവാദികൾ അവരുടെ നിർദ്ദേശങ്ങൾ അവരുടെ സ്വന്തം രാജ്യത്തെ ജനങ്ങളിലോ അല്ലെങ്കിൽ സമാനമായ രാജ്യങ്ങളുടെ ഒരു കൂട്ടത്തിലോ മാത്രം പരിമിതപ്പെടുത്തുന്നു. അതെന്തുകൊണ്ടെന്നാൽ, വരുമാനമോ അല്ലെങ്കിൽ സ്വത്തോ മറ്റു രാജ്യങ്ങളുമായി പങ്കുവെയ്ക്കുക എന്നതുകൊണ്ട് സൂചിപ്പിയ്ക്കുന്നത് (ഇത് പ്രായോഗികമാണെങ്കിൽ പോലും) സമ്പന്നരാജ്യങ്ങളിലെ ജനങ്ങളുടെ

ജീവിതനിലവാരത്തിൽ ഒരു വലിയ താഴ്ച ഉണ്ടാകുമെന്നാണ്. ഇത് സമാധാന പരമായി അംഗീകരിക്കാവുന്ന ഒരു നയമല്ല.

അതേ സമയം ദരിദ്രരാജ്യങ്ങളിലെ സമത്വവാദികൾക്ക് സമത്വത്തെക്കുറിച്ച് പൊതുവായും ഒരു ആഗോള കാഴചപ്പാടാവും ഉണ്ടായിരിക്കുക. അവർ പറയുന്നത്, സമ്പന്നരാജ്യങ്ങളിലെ സ്വത്തുക്കൾ മറ്റു രാജ്യങ്ങളുമായി പങ്കുവെക്കുമ്പോൾ, അവരുടെ ദരിദ്രരായ ജനസമൂഹത്തിൽ വളരെ വലിയ മാറ്റങ്ങൾ സൃഷ്ടിയ്ക്കും എന്നാണ്. എന്നാൽ സമ്പന്നരാജ്യങ്ങൾ ഇത് അംഗീകരിക്കാത്താടത്തോളം കാലം ഇതു അസാധ്യമായ ഒരു സ്വപ്നമാണ്.

മാത്രവുമല്ല, സത്യത്തിൽ ഇത്തരം പുനർവിതരണങ്ങൾ ദരിദ്രരെ എക്കാലത്തേയ്ക്കും സമ്പന്നരായി നിലനിർത്തുന്നില്ല. സ്വത്ത് എന്നുപറയുന്നത് ഒരു (സീറോ- സം ഗെയിം) കളിയല്ല. ഒരാളെ ദരിദ്രനാക്കി കൊണ്ടേ മറ്റൊരാൾക്ക് സമ്പന്നനാകാൻ കഴിയൂ എന്നതുപോലെയുള്ള ഒരു സ്ഥിരമായ ഉറവിടമൊന്നും സമ്പത്തിനില്ല. നവീകരണത്തിലൂടെയും, പുതു സംരംഭങ്ങളിലൂടെയും, വ്യാപാരങ്ങളിലൂടെയും മൂലധന സമാഹരണങ്ങളിലൂടെയും ഒക്കെയാണ് സമ്പത്ത് സൃഷ്ടിയ്ക്കപ്പെടുന്നത്. ഒരാളുടെ കൈവമുള്ള ഉല്പാദനപരമായ മൂലധനത്തെ നശിപ്പിച്ചുകൊണ്ട് അതില്ലാത്ത മറ്റൊരാൾക്ക് നേട്ടമൊന്നും ഉണ്ടാകുന്നില്ല. ദരിദ്രരാജ്യങ്ങളിലെ ജനങ്ങളെ അവരുടെ സ്വന്തം മൂലധനങ്ങൾ സ്വരൂപിയ്ക്കുന്നതിൽ നിന്നും അവരെ തടയുന്ന യുദ്ധം, മോഷണം പോലുള്ള തടസ്സങ്ങൾ നീക്കുക എന്നതാണ് ഒരു മികച്ച ആശയം.

എന്തൊക്കെയാണ് പുനർവിതരണം ചെയ്യേണ്ടത്, ആരിൽ നിന്നും ആരിലേക്ക് എന്നിങ്ങനെയുള്ള ചോദ്യങ്ങൾ വ്യക്തമാക്കുന്നത് ഒരു പുനർവിതരണ നയം അല്ലെങ്കിൽ നിയമം എങ്ങനെയായിരിക്കണം എന്ന കാര്യത്തിൽ ഒരു തീരുമാനം ഒരിയ്ക്കലും ഉണ്ടാകാൻ ഇടയില്ല എന്നുതന്നെയാണ്. പുനർവിതരണ നടപടികൾ പ്രായോഗികമാകണമെങ്കിൽ എല്ലാവരാലും അംഗീകരിക്കപ്പെടുന്ന ഒരു വ്യക്തമായ പദ്ധതി ഉണ്ടാവണം. ഒരു തീരുമാനം ഇല്ലാത്തിടത്തോളം കാലം, ഇതു നടപ്പിലാക്കുന്നതിനുള്ള ഒരേയൊരു വഴി ബലപ്രയോഗം മാത്രമാണ്.

ഭൗതികമായ സമത്വത്തിനു വേണ്ടി ബലപ്രയോഗത്തിലൂടെയുള്ള കീഴടങ്ങൽ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ അദ്ധ്വാനിയ്ക്കുന്നവരുടെ പരിശ്രമത്തെ ഇല്ലാതാക്കുന്നു. നവീകരണങ്ങളിലൂടെയോ, പുതു സംരംഭങ്ങളിലൂടെയോ അല്ലെങ്കിൽ കഠിനാദ്ധ്വാനത്തിലൂടെയോ നിങ്ങൾ നേടിയെടുക്കുന്ന നിങ്ങളുടെ ഭൗതികമായ ആനുകൂല്യങ്ങൾ നിങ്ങളിൽ നിന്നും തട്ടിയെടുക്കപ്പെടുകയാണെങ്കിൽ ആ നേട്ടങ്ങൾക്കുവേണ്ടി എന്തിനു ഒരുവൻ കഠിനാദ്ധ്വാനം ചെയ്യണം? ഇതി

നേക്കാളും അഗാധമായ നഷ്ടവും മനുഷ്യത്വത്തിന് ഇവിടെ സംഭവിയ്ക്കുന്നു. സംരംഭങ്ങൾ സൃഷ്ടിപരമാണ്. ജനങ്ങൾ മികച്ച സാധനങ്ങളും സേവനങ്ങളും ഉല്പാദിപ്പിക്കുവാനും എല്ലാവരുടെയും ജീവിതനിലവാരം ഉയർത്തുന്നതിനു ഉപകരിക്കുന്ന പുതിയ ഉല്പന്നങ്ങളും സാങ്കേതികവിദ്യകളും വിപണിയിൽ എത്തിയ്ക്കുന്നതിനും കഠിനമായി പ്രയത്നിക്കുന്നു. അത്തരം സംരംഭങ്ങളേയും സൃഷ്ടികളേയും അടിച്ചമർത്തുന്നതിലൂടെ ലോകജനതയുടെ ഭൗതികമായ ജീവിതനിലവാരം തുടർച്ചയായി ഉയർത്തിക്കൊണ്ടു വരുന്ന പ്രവർത്തനങ്ങൾക്കു നേരെ വാതിൽ കൊട്ടിയടക്കുകയാണ് സമത്വവാദികൾ ചെയ്യുന്നത്.

## സമത്വവും നീതിയും

### *നീതിയുടെ രണ്ടർത്ഥങ്ങൾ*

സ്വത്തിന്റെയോ അല്ലെങ്കിൽ വരുമാനത്തിന്റെയോ പുനർവിതരണത്തെ അനുകൂലിക്കുന്ന കുറെ ആളുകൾ വാദിക്കുന്നത്, കുറച്ചാളുകൾ മറ്റുള്ളവരേക്കാൾ സമ്പന്നരായിരിക്കുന്നത് - അതിലും ചിലർ ഏറ്റവും താഴെയുള്ള ദരിദ്രനേക്കാൾ അങ്ങേയറ്റം സമ്പന്നനായിരിയ്ക്കുന്ന അവസ്ഥ - അന്യായം ആയ ഒന്നെന്നാണ്. ഈ സാമൂഹികമായ അനീതി, ആളുകളുടെ സമ്പത്ത് അവർക്ക് സമൂഹത്തോടുള്ള മൂല്യത്തെ ആവശ്യമായും പ്രതിഫലിപ്പിക്കുന്നില്ല എന്ന സത്യത്തിൽ കൂടിച്ചേർന്നുനിൽക്കുന്നു.

ഈ വാദപ്രതിവാദങ്ങൾ ജസ്റ്റിസ് (നീതി) എന്ന വാക്കിന്റെ അർത്ഥത്തെ അപഹരിക്കുന്നു. എന്തായാലും നാമെല്ലാം നല്ലതായും അഭിലഷണീയമായും കരുതുന്നതും മനുഷ്യരെന്നനിലക്ക് നമുക്ക് ലഭിക്കേണ്ടതുമായി അംഗീകരിക്കുന്നത് അതിന് പൂർണ്ണമായും വ്യത്യസ്തമായ സമത്വത്തിന്റേയും ആയ ഒരു അർത്ഥം നൽകുന്നു.

നീതി എന്ന വാക്കിന്റെ യഥാർത്ഥമായ അർത്ഥം നമ്മൾ പരസ്പരം എന്ത് പെരുമാറ്റം പ്രതീക്ഷിയ്ക്കുന്നു എന്നതാണ്. ഒരുവൻ ഒരു ഉടമ്പടി ലംഘിക്കുകയോ അല്ലെങ്കിൽ മോഷ്ടിക്കുകയോ ചെയ്താൽ നമ്മൾ പറയും അത് അനീതിയാണെന്ന്, കാരണം അത്തരം പെരുമാറ്റങ്ങൾ നിരുപദ്രവ തത്വപ്രകാരവും നിയമപരമായും ധാർമ്മികപരവുമായ ചട്ടങ്ങളാൽ വിലക്കപ്പെട്ടവയാണ്. മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ നീതിയുടെ അർത്ഥം, പരസ്പരനീതി (കമ്മ്യൂട്ടേറ്റീവ് ജസ്റ്റീസ്) എന്നു വിളിക്കപ്പെടുന്നത് മനുഷ്യവർഗ്ഗം എങ്ങനെ പെരുമാറുന്നു എന്നതിനെ അടിസ്ഥാനമാക്കിയാണ്. ജനങ്ങൾ മനപൂർവ്വമായി ഇങ്ങനെ പ്രവർത്തിക്കുമ്പോൾ മാത്രമാണ് ഇത് ബാധകമാകുന്നത്. ഏതെങ്കിലും ഒരാൾക്ക് പകർച്ച

ഷനി പിടിപെടുകയോ അല്ലെങ്കിൽ ശാരീരികമായ വൈകല്യങ്ങൾ ഉണ്ടെങ്കിലോ അതൊരു ദൗർഭാഗ്യമാണ്. അല്ലാതെ അനീതി അല്ല, കാരണം അവിടെ ആരും അന്യായമായി പ്രവർത്തിക്കുന്നില്ല.

നീതി എന്ന വാക്കിന്റെ രണ്ടാമത്തെ ഉപയോഗം, ചില സമയങ്ങളിൽ ഇതിനെ വിതരണം ചെയ്യാവുന്ന നീതി (ഡിസ്ട്രിബ്യൂട്ടീവ് ജസ്റ്റീസ്) എന്നു വിളിക്കുന്നു. ഇത് വ്യക്തികൾ തമ്മിലുള്ള പെരുമാറ്റത്തെ കുറിച്ചല്ല, മറിച്ച് അവരുടെ ഇടയിൽ ഉള്ള വസ്തുക്കളുടെ വിതരണത്തെ കുറിച്ചാണ്. എന്നിരുന്നാലുംഒരു സ്വതന്ത്ര സമൂഹത്തിൽ ഉണ്ടായിവരുന്ന സമ്പത്തിന്റെയോ വരുമാനത്തിന്റെയോ വിതരണം എല്ലാവരും നിയമപരമായതും ധാർമ്മികപരമായതും ആയ ചട്ടങ്ങൾ അനുസരിക്കുന്ന സ്വന്തം ഇഷ്ടപ്രകാരമുള്ള സാമ്പത്തിക ഇടപാടുകളിൽ കൂടിയാണ്. ഇതൊരിക്കലും അനീതിയാവാൻ വഴിയില്ല, കാരണം ആരും തന്നെ അനീതി പ്രവർത്തിക്കുന്നില്ല. ഒരു പ്രത്യേക പ്രതിഫലം ആരുംതന്നെ ലക്ഷ്യമിടുന്നില്ല, അത് ജീവിതത്തിന്റെ ഒരു വസ്തുതയാണ്.

### *സമൂഹത്തിലുള്ള മൂല്യം*

സാമൂഹിക നീതി എന്ന പദത്തിന്റെ ഉപയോഗം, സമൂഹം ഒരു തരത്തിലുള്ള വ്യക്തിയാണെന്നും അതാണ് സ്വത്തിന്റെയും വരുമാനത്തിന്റെയും മാതൃക നിശ്ചയിക്കുന്നതെന്നും ഒരു തെറ്റായ ധാരണ പരത്തുന്നു. എന്നാൽ സമൂഹത്തിന് അതിന്റേതുമാത്രമായ ഒരു താല്പര്യങ്ങളും ഇല്ല. വ്യക്തികൾക്ക് മാത്രമേ തീരുമാനങ്ങൾ എടുക്കുവാനും അതിനനുസരിച്ച് പ്രവർത്തിക്കുവാനും കഴിയൂ. സാമൂഹികവും സാമ്പത്തികവുമായ നയപരമായ വിഷയങ്ങളിൽ വ്യക്തികൾ ശക്തമായി വിയോജിക്കുകയും ചെയ്യും. സാമൂഹിക നീതി എന്ന ആശയം വളരെപ്പേരെ ആകർഷിക്കുന്നതിന്റെ കാരണം പരിണതഫലത്തെപ്പറ്റി വളരെ അവ്യക്തമാണ്, കൂടാതെ ഈ വിയോജിപ്പുകളെ ശ്രദ്ധിക്കാതെ പോകുകയും ചെയ്യുന്നു എന്നതാണ്.

സാമൂഹികനീതിയുക്തമായി, പ്രതിഫലങ്ങളുടെ വിതരണങ്ങൾ എങ്ങനെയായിരിക്കണം എന്ന് നമ്മൾ കണ്ടുപിടിക്കുവാൻ ശ്രമിക്കുമ്പോൾ ഇതിലേക്കുള്ള പൂർണ്ണമായ അംഗീകാരത്തിൽ എത്തിപ്പെടുന്നതിന്റെ അസാദ്ധ്യത കൂടുതൽ വ്യക്തമാകുന്നു. പൂർണ്ണമായ വരുമാന സമത്വം അല്ല ശരിയായ ലക്ഷ്യം എന്ന് മിക്കവാറും ആളുകളും സമ്മതിക്കുന്നു, കാരണം അപ്പോൾ വ്യക്തികൾക്ക് അവർ അലസമായാലും നിരുത്തരവാദപരവുമായാലും മറ്റുള്ളവർക്കു കിട്ടുന്ന അതേ വേതനം ലഭിക്കുന്നു. വ്യക്തമായി പറഞ്ഞാൽ പരിശ്രമത്തിനും നേട്ടങ്ങൾ ഉണ്ടാക്കുന്നതിനും അനുസരിച്ചായിരിക്കണം വേതനം നിശ്ചയിക്കേണ്ടത്. അതുകൊ

ണ്ട് പൊതുവായ ഒരു അഭിപ്രായത്തിൽ പൂർണ്ണ സമത്വം കൊണ്ടുവരുന്നതിനേക്കാളും നല്ലത് ആളുകൾക്ക് അവരുടെ സമൂഹത്തിലുള്ള മൂല്യം അനുസരിച്ചായിരിയ്ക്കണം പ്രതിഫലങ്ങൾ നൽകപ്പെടേണ്ടത്.

പക്ഷേ അപ്പോൾ ഒരു വ്യക്തിക്ക് സമൂഹത്തിൽ ഉള്ള മൂല്യം ആരാണ് നിശ്ചയിക്കേണ്ടത്? സമൂഹം ഒരു വ്യക്തിയല്ല, അതിനു അതിന്റേതായ സ്വന്തം മൂല്യവുമില്ല. സ്വന്തം മൂല്യമില്ലാത്ത ഒന്നിന് മൂല്യം ചാർത്തിക്കൊടുക്കാൻ ജനങ്ങൾക്ക് കഴിയില്ല. വ്യക്തികൾക്കു മാത്രമേ മൂല്യങ്ങൾ ഉള്ളൂ, പക്ഷേ അവ പരക്കെ വ്യത്യസ്തമായതും, പലപ്പോഴും ഏററ്മുട്ടുന്നതും ആയിരിക്കും. ഒരു കൂട്ടം ജനങ്ങൾ ചിലപ്പോൾ ഒരു ബോക്സറുടെ പ്രകടനത്തെ ആയിരിയ്ക്കും വിലമതിക്കുന്നത്, അതേസമയം മറ്റു ചിലർ ഒരു വയലിൻ കലാകാരന്റെ പ്രകടനത്തെയായിരിക്കും വിലമതിക്കുന്നത്, വ്യത്യസ്ത ജനങ്ങളുടെ ആസ്വാദനം താരതമ്യം ചെയ്യാൻ പററാത്തതിനാൽ ഏതാണ് സമൂഹത്തിന് കൂടുതൽ മൂല്യം ഉള്ളത് എന്നു പറയുക അസാധ്യമാണ്. ഒരു നേഴ്സ്, ഇറച്ചി വില്പനക്കാരൻ, ഒരു ഖനിത്തൊഴിലാളി, ഒരു ന്യായാധിപൻ,ഒരു ആഴക്കടൽ മുങ്ങൽ വിദഗ്ധൻ, ഒരു നികുതി ഉദ്യോഗസ്ഥൻ, ഒരു ജീവ രക്ഷാ മരുന്നിന്റെ ഉപജ്ഞാതാവ്, ഒരു കണക്ക് പ്രൊഫസർ ഇവരുടെയെല്ലാം സമൂഹത്തിലുള്ള മൂല്യം നാം എങ്ങനെ നിശ്ചയിക്കും?

### *യോഗ്യതയുടെ അടിസ്ഥാനത്തിലുള്ള വിതരണം*

സമത്വവാദികളുടെ മറ്റൊരു നിർദ്ദേശം യോഗ്യതകളുടെ അടിസ്ഥാനത്തിൽ പ്രതിഫലങ്ങൾ വിതരണം ചെയ്യണമെന്നാണ്. പക്ഷേ അപ്പോഴും, വ്യത്യസ്തരായ ജനങ്ങളുടെ ആനുപാതികമായ യോഗ്യത നിശ്ചയിക്കാനും അവരെ എങ്ങനെ കൃതാർത്ഥപ്പെടുത്തണമെന്നതിനും നിഷ്പക്ഷമായ ഒരു മാർഗ്ഗവും ഇല്ല, വ്യത്യസ്ത ഗുണങ്ങൾ എത്രത്തോളം സ്തുത്യർഹമാണെന്നതിനെ പററി വ്യത്യസ്തരായ ആളുകൾക്ക് വ്യത്യ്സ്തങ്ങളായ കാഴ്ചപ്പാടുകളായിരിക്കും ഉണ്ടാവുക.

എങ്കിൽ പോലും, എത്രത്തോളം യോഗ്യതകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന് തീരുമാനിക്കുന്നതിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ട്. ഒരാൾ വർഷങ്ങളായി എന്തെങ്കിലും ഒന്നിനുവേണ്ടി അദ്ധ്വാനിക്കുകയും അതിൽ പരാജയപ്പെടുകയും ചെയ്താൽ ആ പ്രയത്നം കണക്കിലെടുത്ത് അയാൾക്ക് പ്രതിഫലം കൊടുക്കണമോ, അതേസമയം മറ്റൊരാൾ ലക്ഷക്കണക്കിന് ജനങ്ങൾക്ക് മൂല്യം നേടിത്തരുമ്പോൾ അത് ഭാഗ്യത്താൽ സംഭവിച്ചതാണെന്നു കരുതി അയാളെ ശിക്ഷാർഹനാക്കണമോ? നിഷ്ഫലമായ അദ്ധ്വാനത്തെ പ്രോത്സാഹിപ്പിയ്ക്കുവാൻ നമ്മളൊരിക്കലും ആഗ്രഹിക്കുന്നില്ല; നമ്മൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങളുടെ മൂല്യം ഉയരുമ്പോഴും അത് ഉല്പാദിപ്പിക്കുന്നതിനു വേണ്ട അദ്ധ്വാനവും മറ്റും കുറയ്ക്കുമ്പോഴുമാണ്

സാമ്പത്തിക പുരോഗതി യാഥാർത്ഥ്യമാകുന്നത്. ജനങ്ങൾക്ക് അവരുടെ വ്യക്തി പരമായ അദ്ധ്വാനങ്ങൾക്കോ ത്യാഗങ്ങൾക്കോ പ്രതിഫലം നലകുമ്പോൾ അത്, വെറും ത്യാഗങ്ങളെ പ്രോത്സാഹിപ്പിയ്ക്കുന്നു, മററുള്ളവർക്ക് ഉള്ള സേവനമല്ല. ഒരു സാമ്പത്തിക വ്യവസ്ഥയ്ക്കും ഇങ്ങനെയൊരു തത്വത്തിൽ പ്രവർത്തിക്കുവാൻ കഴിയില്ല.

വിപണിഫലങ്ങൾ ഒരു ഉല്പാദകന്റെ ധാർമ്മികമോ വ്യക്തിപരമോ ആയ യോഗ്യതയേയോ അല്ലെങ്കിൽ ഒരു ഉല്പന്നമോ സേവനമോ വിപണിയിൽ എത്തിയ്ക്കാൻ എടുത്ത സമയത്തേയോ പരിശ്രമത്തേയോ പ്രതിഫലിക്കുന്നില്ല. ഒരു ഉല്പന്നം ഉല്പാദിപ്പിക്കാൻ എടുത്ത വർഷങ്ങളോളമുള്ള പരിശ്രമമോ നിക്ഷേപമോ അല്ലെങ്കിൽ അതൊരു ഭാഗ്യപരീക്ഷണത്തിന്റെ ഫലമോ എന്നതൊന്നും ഇവിടെ പ്രശ്നമല്ല. എന്നാൽ വിപണിയിലെ പ്രതിഫലം ആളുകൾ മറ്റുള്ളവർക്കു പ്രദാനം ചെയ്യുന്ന ആസ്വാദനത്തിന്റെയും മൂല്യത്തിന്റെയും പ്രതിഫലനമാണ്. ഉല്പാദകർ വിപണിയിൽ എത്തിയ്ക്കുന്ന ഉലപന്നങ്ങൾക്കും സേവനങ്ങൾക്കും ഉപയോക്താക്കൾ മൂല്യം കല്പിക്കുന്നതുകൊണ്ടാണ് അവർ അവയ്ക്കു വില നൽകുന്നത്. അപ്പോൾ യഥാർത്ഥത്തിൽ ആളുകൾ സമൂഹത്തിലുള്ള മറ്റ് അംഗങ്ങൾക്ക് കല്പിയ്ക്കുന്ന മൂല്യത്തിനെ ആശ്രയിച്ചാണ് വിപണിയിലെ പ്രതിഫലം കണക്കാക്കപ്പെടുന്നതെന്ന് സാരം. ഉല്പാദകരുടെ ഇല്ലായ്മയും അവരുടെകഴിവും, ഒരു സേവനം ആവശ്യമായി വരുന്ന ഉപഭോക്താക്കളുടെ എണ്ണം, അതു വാങ്ങുന്നതിനുള്ള ആവശ്യകത അല്ലെങ്കിൽ പ്രാധാന്യം ഇതെല്ലാം അവ പ്രതിഫലിപ്പിക്കുന്നു.

### *ആവശ്യമനുസരിച്ചുള്ള വിതരണം*

സമത്വവാദികളുടെ മറ്റൊരു നിർദ്ദേശം ആവശ്യകത അനുസരിച്ച് വിഭവങ്ങൾ വിതരണം ചെയ്യണമെന്നതാണ്. എന്താണ് ആവശ്യമെന്ന് ആരു തീരുമാനിയ്ക്കും? ആവശ്യങ്ങൾ ഇല്ലാത്ത ആളുകളിൽ നിന്നും ആവശ്യമുള്ളവരെ വേർതിരിച്ചെടുക്കുവാൻ വ്യക്തമായ ഒരു മാർഗ്ഗവും ഇവിടെ ഇല്ല. ജനങ്ങളുടെ സാഹചര്യങ്ങൾ വളരെ വിഭിന്നങ്ങളാണ്, അവരുടെ സമ്പത്തും വരുമാനവും വ്യത്യസ്തങ്ങളാണ്, പക്ഷേ ഇത് വലുതായി വ്യതിചലിക്കും. സുഖകരമായതും അല്ലാത്തതുമായ ഗൃഹങ്ങളിൽ അവർ ജിവിയ്ക്കാം, ശാരീരികമായും മാനസികപരമായും വ്യത്യസ്തങ്ങളായ കഴിവുകൾ അവർക്കുണ്ടാവാം, വിവിധതരം ജോലികളിൽ വ്യത്യസ്തരായ ആളുകൾക്കൊപ്പം അവർ ജോലി ചെയ്യാം. ഇഷ്ടപ്പെട്ട ഒരു ജോലിയും യോജിച്ചു പ്രവർത്തിയ്ക്കുന്ന സഹപ്രവർത്തകരും ഉണ്ടായിരിക്കുന്നതു പോലുള്ള ഇത്തരം സാമ്പത്തികേതര ആനുകൂല്യങ്ങൾക്ക് അക്കങ്ങളിൽ മൂല്യ

മിടുക അസാധ്യമാണ്.

ജനങ്ങൾ ആവശ്യക്കാരാണോ അല്ലയോ എന്നത് തീരുമാനിക്കേണ്ട കാര്യമാണ്, പലരും ഇതിനെ വ്യത്യസ്തങ്ങളായ രീതിയിൽ ആയിരിക്കും തീരുമാനിക്കുന്നത്. ആവശ്യകതയുടെ അടിസ്ഥാനത്തിൽ പുനർവിതരണം ചെയ്യണമെങ്കിൽ ചില രാഷ്ട്രീയ അധികാരികൾക്ക് എന്താണ് ആവശ്യകത എന്നു തിരുമാനിക്കുന്ന തിനും അതിനനുസരിച്ച് പ്രവർത്തിക്കുന്നതിനും ഉള്ള അധികാരം നൽകിയാൽ മാത്രമേ കഴിയുകയുള്ളൂ. പക്ഷേ ഒരു സ്വതന്ത്ര സമൂഹത്തിൽ ഇത്തരം അധി കാരങ്ങൾ അവർക്കു നൽകുന്നത് സ്വീകാര്യമായിരിക്കുകയില്ല. അതവരുടെ ജീവിതത്തിനുമേലുള്ള പരമാധികാരമായി മാറും. അവർക്ക് സ്വതന്ത്ര ജനതയായി തുടരാൻ കഴിയില്ല. അവർ ആ അധികാരികളുടെ അടിമകളായി മാറും.

ആവശ്യകതയുടെ നിലനിൽപ്പ് മറ്റുള്ളവരിൽ ഒരു ബാധ്യതയോ കർത്തവ്യ ബോധമോ സൃഷ്ടിയ്ക്കുന്നില്ല. കിഡ്നി രോഗബാധിതനായ ഒരാൾക്ക് ഒരുപക്ഷേ പുതിയൊരു കിഡ്നി ആവശ്യമായി വന്നേക്കാം. പക്ഷേ അതൊരിക്കലും ഉള്ള തിലൊരു കിഡ്നി ദാനം ചെയ്യുവാനുള്ള ധാർമ്മികബാധ്യത ഏതൊരാളിലേക്കും അടിച്ചേൽപ്പിക്കുന്നില്ല. അടുത്ത ബന്ധുക്കൾ ചിലപ്പോൾ ധാർമ്മികമായതോ കുടുംബപരമായതോ ആയ കടമ എന്നു കരുതി ദാനം ചെയ്തേക്കാം, ചിലപ്പോൾ അപരിചിതർ പോലും സഹാനുഭൂതിയുടെയും കരുണയുടെയും പേരിൽ ദാനം ചെയ്തേക്കാം. പക്ഷേ അതവരുടെ സ്വന്തം ഇഷ്ടമാണ്. ഇത്തരം പ്രവർത്തി കളെ നമ്മൾ അനുമോദിച്ചെന്ന് വരാം, പക്ഷേ ഒരു സ്വതന്ത്ര സമൂഹത്തിന്, മറ്റുള്ളവരെ സഹായിക്കുവാനായി ത്യാഗം ചെയ്യാൻ വ്യക്തികളെ നിർബന്ധി യ്ക്കുവാൻ കഴിയില്ല.

ഒരു സ്വതന്ത്ര സമ്പദ്‌വ്യവസ്ഥ വസ്തുക്കൾ വിതരണം ചെയ്യുന്നത് നിർബ ന്ധത്തിന്റെ പേരിലല്ല മറിച്ച് വിപണി സമ്പദ്‌വ്യവസ്ഥ ഉല്പാദിപ്പിക്കുന്ന വസ്തുക്കൾക്കും സേവനങ്ങൾക്കും അതു വാങ്ങുന്നവർ നൽകുന്ന മൂല്യത്തി നനുസരിച്ചാണ്. ഉദാഹരണത്തിന്, ജനങ്ങൾ കൃഷിയിൽ ഉല്പാദിപ്പിക്കുന്ന മത്സ്യത്തേക്കാൾ ജൈവമായവയാണ് ഇഷ്ടപ്പെടുന്നതെങ്കിൽ അല്ലെങ്കിൽ വള്ളിചെരുപ്പിനേക്കാൾ ഷൂസുകൾ ആണിഷ്ടപ്പെടുന്നതെങ്കിൽ അപ്പോൾ അവ യായിരിക്കും കൂടുതൽ ഉല്പാദിപ്പിക്കപ്പെടുക. കൂടാതെ വിഭവങ്ങൾ വിതരണം ചെയ്യുന്നതും ജനങ്ങൾ മറ്റുള്ളവർക്ക് നൽകുന്ന ലോകോപകാരപ്രദമായ സമ്മാ നങ്ങളിലൂടെ പ്രകടിപ്പിയ്ക്കുന്ന മൂല്യങ്ങളെ അടിസ്ഥാനമാക്കിയാണ്. ഇത്തരം തീരുമാനങ്ങൾ വ്യക്തികളിലാണ് അധിഷ്ഠിതമായിരിക്കുന്നത്. സ്റ്റേറ്റിനു മാത്രമേ ഏതൊക്കെ കാര്യങ്ങൾ സഹായം അർഹിക്കുന്നു എന്ന് അറിയാൻ കഴിയൂ

എന്ന ആശയം ഒരു സ്വതന്ത്ര സമൂഹത്തിൽ നിരസിക്കപ്പെടുന്നു.

## സമത്വവാദത്തിന്റെ കൂടുതൽ അപകടങ്ങൾ

സമത്വവാദത്തിന്റെ സാമൂഹ്യ നീതിയിന്മേലുള്ള അപകടകരമായ ഫലം എന്തെന്നാൽ അത് യഥാർത്ഥമായ പരസ്പരനീതി എന്ന ആശയത്തെ മൂടിവയ്ക്കുന്നു എന്നതാണ്. ഒരു സ്വതന്ത്ര സമൂഹത്തിന്റെ നിലപിൽപ്പിന് അത്യന്താപേക്ഷിതമായ നിയമത്തിനു മുന്നിലെ സമത്വം പോലുള്ള അടിസ്ഥാന തത്വങ്ങൾക്ക് ഈ പുതിയ പ്രതിഭാസത്തിനാൽ പ്രാധാന്യമില്ലാതാകുകയും മൂല്യച്യുതി സംഭവിക്കുകയും ചെയ്യുന്നു. പുനർവിതരണത്തിലൂടെ ഒരിയ്ക്കലും സമത്വത്തിലുള്ള പരിപാലനം സാധ്യമാകുന്നില്ല, എല്ലാവരെയും ഒരേ പോലെ പരിപാലിയ്ക്കുന്നതിനു പകരം, നമ്മൾ, ഓരോ ദാതാക്കളിൽനിന്നും വ്യത്യസ്തങ്ങളായ തുകകൾ പിരിയ്ക്കുകയും ഓരോ ഗുണഭോക്താക്കൾക്കും വ്യത്യസ്തങ്ങളായ തുകകൾ നൽകുകയും ചെയ്യുന്നു.

### *ഭൗതികമായ ആഗ്രഹങ്ങൾ നിലനിൽക്കുന്നു*

യഥാർത്ഥ നീതി പ്രശ്നങ്ങൾക്കു പരിഹാരം കാണുമ്പോൾ, സാമൂഹിക നീതി അവയെ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ഒരിയ്ക്കൽ ഒരു സർക്കാർ, യോഗ്യതയുടേയോ അല്ലെങ്കിൽ ആവശ്യകതയുടെയോ അല്ലെങ്കിൽ സമൂഹത്തിലുള്ള മൂല്യത്തിന്റെയോ അടിസ്ഥാനത്തിൽ വരുമാനം പുനർവിതരണം ചെയ്യുവാൻ ശ്രമിച്ചാൽ, പല വ്യത്യസ്ത സംഘങ്ങളുടേയും അവരുടെ പ്രതിഫലങ്ങൾ കൂട്ടുന്നതിനായുള്ള സ്വാധീനം നേരിടേണ്ടിവരും. അവരുടെ ആവശ്യങ്ങളിൽ തിരുമാനം എടുക്കുവാൻ വ്യക്തമായ ഒരു മാർഗ്ഗമില്ലാത്തതിനാൽ ഏകപക്ഷീയമായ തീരുമാനങ്ങളിലേക്ക് എത്തും. ആത്യന്തികമായി ക്രൂരമായ അധികാരം കാര്യങ്ങൾ തീരുമാനിക്കും. ഇത് ഒരു സ്വതന്ത്ര സമൂഹത്തിന് യോജ്യമായതല്ല.

മാത്രമല്ല, വ്യക്തികൾ അവരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ലാഭത്തിനു േ വണ്ടി ഈ വ്യവസ്ഥയെ ദുരുപയോഗിയ്ക്കുവാനുള്ള മാർഗ്ഗങ്ങൾ തേടും. ഇതാണ് യഥാർത്ഥത്തിൽ സോവിയറ്റ് യൂണിയനിൽ സംഭവിച്ചത്. അവിടെ ജനസംഖ്യയിൽ ഭൂരിപക്ഷം പേര ുംഅവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി പല നിയമവിരുദ്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടു. നിർബന്ധമായ ഭൗതിക സമത്വം മറ്റൊരു വിധത്തിൽ നിയമാനുവർത്തികളായ ജനങ്ങളെ കുററവാളികളാക്കി മാറ്റും.

### *സമ്പന്നരുടെ പങ്ക്*

വരുമാനത്തിലും സ്വത്തിലുമുള്ള അസമത്വത്തിന് നല്ല വശങ്ങളുമുണ്ട്. കൂടുതൽ സമ്പാദിക്കുവാനും സമ്പന്നനാവാനും ഉള്ള ജനങ്ങളുടെ ആഗ്രഹം ഒരു ശക്തിയായ പ്രോത്സാഹനമാണ്. മികച്ച ജോലികൾ തേടുവാനും, മറ്റുള്ള വരുടെ ജീവിത നിലവാരം ഉയർത്തുന്നതിനുള്ള മികച്ച ഉല്പന്നങ്ങൾ കണ്ടു പിടിക്കുവാനും ഉല്പാദിപ്പിക്കുവാനും വിതരണം ചെയ്യുവാനും ഈ ആഗ്രഹ ങ്ങൾ അവരെ പ്രേരിപ്പിക്കുന്നു. ഇത്തരം പുതിയ ഉല്പന്നങ്ങൾ വിപണിയിൽ പരീക്ഷിക്കുന്നതിൽ സമ്പന്നരായ ആളുകൾക്ക് വലിയയൊരു പങ്കുണ്ട്.

മിക്കവാറും പുതിയ ഉല്പന്നങ്ങളെല്ലാം വിപണിയിൽ എത്തുന്നത് ആഡംബര വസ്തുക്കളായിട്ടായിരിയ്ക്കും – ഒരു ജനകീയ വിപണിയിൽ അംഗീകാരം അല്ലെ ങ്കിൽ വിപണി സാധ്യത ഇല്ലാത്തതിനാൽ അത്തരം ഉല്പന്നങ്ങൾ വളരെ ഉയർന്ന ചിലവിൽ വളരെ കുറച്ചു മാത്രമേ ഉല്പാദിയ്ക്കുന്നുണ്ടാവൂ. അതുകൊണ്ടു തന്നെ അത്തരം ഉല്പന്നങ്ങൾ ആദ്യം വാങ്ങുന്നതും അതിന്റെ ഗുണനിലവാരം ഉപയോ ഗിച്ചറിയുന്നതും പണക്കാരായ ആളുകളായിരിക്കും. ആ ആളുകളുടെ പ്രതി കരണമാണ്, അത്തരം ഉല്പന്നങ്ങളുടെ ആവശ്യകതയുടെ വ്യാപ്തിയും എവിടെ എങ്ങനെ ആ ഉല്പന്നങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം എന്നതും ഉല്പാദ കരെ അറിയിക്കുന്നത്. ഇത്, ഗുണനിലവാരം കുറഞ്ഞ ഉല്പന്നങ്ങളെ കൂടു തൽ ഉല്പാദിപ്പിക്കാതെ വിപണിയിൽ നിന്നും പിൻവലിക്കുന്നതിനും ജനകീയ വിണപണിയിലേക്ക് മെച്ചപ്പെട്ട ഉല്പന്നങ്ങൾ എത്തിക്കുന്നതിനും ഉല്പാദകരെ സഹായിക്കുന്നു. ഇത്തരത്തിൽ പണക്കാരുടെ അനുഭവം എല്ലാവർക്കും ഉപഭോക്തൃ ഗുണങ്ങൾ ലഭിക്കുന്നതിലേക്ക് വഴിതെളിക്കുന്നു.

സ്വത്തും ഉയർന്ന വരുമാനവുമുള്ള ആളുകൾക്ക് മറ്റു പ്രധാനപ്പെട്ട സാമൂഹിക കർത്തവ്യങ്ങളും ഉണ്ട്. വൈവിധ്യത്തെ വിപുലികരിക്കുന്നതും പുരോഗതിയി ലേക്കുള്ള നടപടിക്രമങ്ങളെ പരിപോഷിപ്പിക്കുകയും ചെയ്യാനുതകുന്ന പുതിയ ഉല്പന്നങ്ങളും സേവനങ്ങളും നൽകി പരീക്ഷണങ്ങൾ നടത്തുവാനുള്ള വിഭ വങ്ങൾ അല്ലെങ്കിൽ മാർഗ്ഗങ്ങൾ അവർക്കുണ്ട്. സർക്കാരുകൾ അവഗണിക്കുന്നു എന്ന് അവർക്കു തോന്നുന്ന കല, വിദ്യാഭ്യാസം, മറ്റു ഗവേഷണ പദ്ധതികൾ എന്നി വക്കെല്ലാം അവർക്ക് പണം മുടക്കാനാകും. അടിച്ചമർത്തി ഭരിക്കുന്ന അധി കാരവർഗ്ഗങ്ങൾക്കെതിരെ, അവർക്കു ഭീഷണിയായി മാറാവുന്ന പുതിയ രാഷ്ട്രീയ ആശയങ്ങൾക്ക് രൂപം കൊടുത്ത് അവരെ വെല്ലുവിളിക്കുവാനുള്ള സാമ്പത്തിക സ്രോതസ്സും അവർക്കുണ്ട് നമ്മൾ ഒരു സ്വതന്ത്രസമൂഹത്തെ നിലനിർത്തുക യാണെങ്കിൽ ഇതെല്ലാം വളരെ പ്രാധാന്യമുള്ള പരിഗണനകളാണ്.

### *മൂലധനത്തിന്റെ വിനാശം*

ഉല്പാദനക്ഷമതയുള്ള വിഭവങ്ങൾ കൈകാര്യം ചെയ്യുന്നതിൽ എല്ലാവരും ഒരു പോലെ കഴിവുള്ളവരല്ല. സംരംഭകരായി ജീവിതവൃത്തി ചെയ്യുന്നവർ അത്തരം കഴിവുകൾ ഉള്ളവരായിരിക്കണം. അവരുടെ സംരംഭത്തിൽ നിന്നും ലാഭം ഉണ്ടാക്കണമെങ്കിൽ, അപകടസാധ്യതകൾ അല്ലെങ്കിൽ നഷ്ടസാധ്യതകൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നും മികച്ചതും വില കുറഞ്ഞതുമായ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് ഉല്പാദനക്ഷമതയുള്ള വിഭവങ്ങൾ എങ്ങനെ ഉപയോഗപ്പെടുത്തണമെന്നും അവർ അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണ്. പക്ഷേ പുനർവിതരണം ഇത്തരം ഉല്പാദനപരമായ വിഭവങ്ങളെ കഴിവുള്ളവരുടെ കൈകളിൽ നിന്നും എടുക്കുകയും അതു ചുറ്റുമുള്ള മറ്റുള്ളവർക്കു കൂടി വിതരണം ചെയ്യുന്നു. ഇതിലൂടെ മൂലധനവും മൂലധന സൃഷ്ടിയും നഷ്ടമാവുന്നു. പക്ഷേ മൂലധനം ആണ് ഒരു സമ്പദ് വ്യവസ്ഥയെ ഉല്പാദന ക്ഷമതയുള്ളതാക്കുന്നത്. അധികം വിഭവങ്ങൾ ഉപയോഗിച്ച് വളരെക്കുറച്ച് മാത്രം ഉൽപാദിപ്പിച്ചാൽ ഒരു സമൂഹത്തിലെ ദീർഘകാലപുരോഗതി കുറയും.

അസമത്വവും സാമ്പത്തിക പുരോഗതിയിലേയ്ക്ക് നയിക്കുന്നുണ്ട്. ഉയർന്ന നേട്ടങ്ങൾ  ഒരു കാന്തിക ശക്തിപോലെയാണ് പ്രവർത്തിക്കുന്നത്. അവ, ഏറ്റവും ഉയർന്ന മൂല്യം നേടാൻ സാധ്യത ഉള്ളിടത്തേക്ക് ജനങ്ങളെയും വിഭവങ്ങളെയും ആകർഷിക്കുന്നു, കുറഞ്ഞ ഉല്പാദനശേഷിയും കൂടുതൽ മൂല്യങ്ങൾ ഉപയോഗിക്കേണ്ടി വരുന്നിടത്തു നിന്നും അകന്നു നിൽക്കുകയും ചെയ്യുന്നു. അതുകൊണ്ട് ജനങ്ങളും വിഭവങ്ങളും ഭാവിയിൽ അവർക്കു കുടുതൽ വരുമാനം ഉണ്ടാക്കുവാൻ കഴിയുന്നിടത്തേക്ക് ആകർഷിക്കപ്പെടുന്നു. ഇതൊരു തുടർച്ചയായ പരിവർത്തനാത്മകമായ വളർച്ചയുടെ പ്രക്രിയയാണ്. അധികമാളുകളും ഇഷ്ടപ്പെടാത്ത അസമത്വം ആളുകളെയും വിഭവങ്ങളെയും അവയുടെ ഏറ്റവും ഉയർന്ന ഉല്പാദന തലത്തിലേക്കും എല്ലായിടത്തും അഭിവൃദ്ധി വർദ്ധിപ്പിക്കുന്നതിനും അവരെ ആകർഷിക്കുന്നതിന് വഴി തെളിക്കുന്നു. നമ്മൾ സമത്വത്തിനു വേണ്ടി പുനർവിതരണം ചെയ്യുകയാണെങ്കിൽ, നമ്മൾ ആ ആകർഷണ ശക്തിയെ തടയുകയും അവയ്ക്ക് ഉണ്ടാക്കാമായിരുന്ന ഭാവിയിലെ മൂല്യത്തെയും ഉല്പാദനത്തെയും വളർച്ചയെയും നഷ്ടപ്പെടുത്തുകയും ആണ് ചെയ്യുന്നത്. വളർന്നു വരുന്ന ഒരു സമ്പദ്‌വ്യവസ്ഥയെ ആശ്രയിച്ചു കഴിയുന്ന പാവപ്പെട്ടവരാണ് ഇതിന്റെ ദുരിതം മുഴുവൻ അനുഭവിക്കേണ്ടി വരുന്നത്, അപ്പോൾ എങ്ങനെ ഇതിനെ സാമൂഹിക നീതി എന്നു വിളിക്കാൻ കഴിയും?

### *നികുതിയും ക്ഷേമവും*

സ്വത്തിലോ അല്ലെങ്കിൽ വരുമാനത്തിലോ പൂർണ്ണമായ സമത്വം അസാധ്യമായിരിയ്ക്കും, എന്നിരുന്നാലും സമ്പന്നരുടെ മേൽ ഉയർന്ന നിരക്കിലുള്ള പുരോഗമന നികുതികൾ ചുമത്തി ഏകദേശം അതിനടുത്തേക്ക് എത്താൻ ചില സർക്കാരുകൾ ശ്രമിയ്ക്കാറുണ്ട്. പക്ഷേ ഇത്തരം നികുതികൾ വളരെ വിനാശകരമാണ്. സംരംഭങ്ങൾക്കും പരിശ്രമങ്ങൾക്കും ഉള്ള പ്രതിഫലങ്ങൾ വെട്ടികുറക്കുന്നതിലൂടെ, ഇത്തരം ഗുണകരമായ പ്രവർത്തികളെയും തൊഴിൽ സാധ്യതകളെയും അവർ സൃഷ്ടിക്കുന്ന വികസനത്തെയും നിരുത്സാഹപ്പെടുത്തുകയാണ് ചെയ്യുന്നത്.

തികച്ചും ഗൗരവമേറിയ കാര്യം എന്തെന്നുവെച്ചാൽ, പലപ്പോഴും ഇത്തരം നികുതികൾ ചുമത്തപ്പെടുന്നത് സമ്പാദ്യത്തിലും മൂലധനങ്ങളുടെയും മേലാണ്. സമ്പാദ്യത്തലുള്ള നികുതി ചുമത്തൽ, മുഴുവൻ സമൂഹത്തിന്റെയും അഭിവൃദ്ധി ഉയർത്തുന്ന വ്യവസായ സംരംഭങ്ങളിൽ കൂടുതൽ നിക്ഷേപിക്കുന്നതിൽ നിന്നും ജനങ്ങളെ പിന്തിരിപ്പിക്കുന്നു. മൂലധനത്തിൻമേലുള്ള നികുതി ചുമത്തൽ, ഉല്പാദനക്ഷമതയുള്ള വസ്തുവകകൾ നിർമ്മിക്കുന്നതിനാവശ്യമായ വിഭവങ്ങൾ വളരെ കുറയ്ക്കുകയും അതുവഴി മുഴുവൻ സമൂഹത്തിന്റെയും ഭാവിയിലെ അഭിവൃദ്ധി കുറയ്ക്കപ്പെടുകയും ചെയ്യുന്നു.

ഒരു സ്വതന്ത്ര സമൂഹത്തിൽ വാണിജ്യവും ക്രയവിക്രയങ്ങളും തികച്ചും ആത്മപ്രചോദിതമാണ്. ഉല്പാദകർ പണമുണ്ടാക്കുന്നത്, മറ്റുള്ളവർക്ക് ആവശ്യമുള്ളതും അവർ പണം മുടക്കാൻ ആഗ്രഹിക്കുന്നതുമായ ഉല്പന്നങ്ങളും സേവനങ്ങളും സൃഷ്ടിക്കുന്നതിലൂടെ മാത്രമാണ്. സമ്പന്നരായി മാറുന്ന ആളുകൾ ആരെയും കൊള്ളയടിക്കുന്നില്ല. അവരാരും നിയമവിരുദ്ധമായ ഒരു പ്രവർത്തിയിലും ഉൾപ്പെടുന്നവരല്ല. അസമത്വം കുറയുമെന്നതിനാൽ അവരെ കൊള്ളയടിക്കുവാൻ നമ്മൾ ആരെയും അനുവദിക്കില്ല എന്നാൽ, പിന്നെ എന്തിന് നമ്മൾ സർക്കാരുകളെ അതിനനുവദിക്കണം?

# 5. സ്വതന്ത്ര സംരംഭവും വ്യാപാരവും

## സ്വതന്ത്ര വിപണി സമ്പദ്‌വ്യവസ്ഥ

ഒരു സ്വതന്ത്ര സമൂഹത്തിന്റെ സമ്പദ്‌വ്യവസ്ഥ സ്വതന്ത്ര വിപണിവ്യവസ്ഥയാണ്. ഇത് സ്വമേധയാ ഉള്ള വസ്തുക്കളുടേയും സേവനങ്ങളുടെയും വിനിമയത്തിലൂടെയാണ് പ്രവർത്തിക്കുന്നത്. ചിലപ്പോൾ നേരിട്ട് പക്ഷേ സാധാരണമായും ധനമെന്ന മാധ്യമത്തിലൂടെ വ്യക്തികൾക്ക് എങ്ങനെ, എപ്പോൾ, എവിടെ, ആർക്കൊപ്പമാണ് അവർ ജോലിചെയ്യുന്നത്, ചിലവ് നടത്തുന്നത്, നിക്ഷേപിക്കുന്നത്, സമ്പാദിക്കുന്നത്, വ്യാപാരം നടത്തുന്നത് എന്നതെല്ലാം തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട്. ആരും അത്തരം ഇടപാടുകളിലേക്ക് നിർബന്ധിതരല്ല.

### *സഹകരണം വർദ്ധിപ്പിക്കാനുള്ള നിയമങ്ങൾ*

മറ്റുള്ളവർക്ക് അതുണ്ടാക്കുന്ന ഫലങ്ങളെപ്പറ്റി ചിന്തിക്കാതെ ജനങ്ങൾക്ക് അവരുടെ ഹിതമനുസരിച്ച് എന്തും ചെയ്യാവുന്ന എല്ലാവർക്കും സ്വതന്ത്രമായ നിയമരഹിതമായ ഒന്നല്ല സ്വതന്ത്ര വിപണി സമ്പദ്ഘടന. ദോഷരഹിത തത്ത്വം അപ്പോഴും നിലനിൽക്കുന്നു. സ്വത്തിന്റെ കൈവശപ്പെടുത്തലും, ഉടമസ്ഥാവകാശവും കൈമാറ്റവും, അവരുടെ തൊഴിലിന്മേൽ ജനങ്ങൾക്കുള്ള അവകാശവും, ഉടമ്പടികളുടെ നിർവ്വഹണതയും എല്ലാം അടങ്ങുന്ന ഒരു നിയമ ചട്ടക്കൂടുണ്ട്. ഈ ചട്ടങ്ങൾ വ്യക്തികളുടെ പെരുമാറ്റം മാത്രമല്ല മറിച്ച് പങ്കുകച്ചവടം, കമ്പനികൾ, കാരുണ്യസംഘങ്ങൾ മുതലായ സംഘങ്ങൾക്കും ബാധകമാണ്. ജനങ്ങളുടെ സ്വത്തും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതും അവരുടെ കരാറുകൾ നടപ്പാക്കുന്നതുമായ നിയമങ്ങൾ പാലിക്കുക എന്നതാണ് സർക്കാരിന്റെ പങ്ക്.

ആ പങ്ക് എങ്ങനെയായാലും പരിമിതമാണ്. ഈ നിയമങ്ങൾ വാണിജ്യത്തെ നിർദ്ദേശിക്കാനുള്ളതല്ല പക്ഷേ അതിനെ സുഗമമാക്കുക എന്നതാണ് അവ ഒരു

തീയുള്ള തീക്കുടപോലെയാണ്. കൂടാതെ കമ്പോള സമ്പദ്‌വ്യവസ്ഥയുടെ ഊർജ്ജം അധികം നിയമങ്ങളും നിയന്ത്രണങ്ങളും കൊണ്ട് അതിനെ തോൽപ്പിക്കാതിരിക്കുക എന്നുള്ള കാര്യമാണ്. വിശ്വാസം, ധൈര്യം, സുരക്ഷ എന്നിവയെ അടിസ്ഥാനമാക്കി ഉഭയനേട്ടങ്ങൾക്കായി അവർ തെരഞ്ഞെടുക്കുന്ന വിധത്തിൽ സഹകരിക്കാൻ, സ്വത്ത്, വിനിമയം ഉടമ്പടി എന്നിവയുടെ അടിസ്ഥാന നിയമങ്ങൾ ജനങ്ങളെ അനുവദിക്കുന്നു. ഇത് കൂടുതൽ സാമ്പത്തിക സഹകരണം പ്രോത്സാഹിപ്പിക്കുന്നു കൂടാതെ അതിൽ നിന്നുടലെടുക്കുന്ന പല സത്ഫലങ്ങളും വർദ്ധിപ്പിക്കുന്നു.

### *സ്വമേധയാ ഉള്ള വിനിമയത്തിന്റെ നേട്ടങ്ങൾ*

വാണിജ്യത്തിലൂടെ വില്പനക്കാർ മാത്രമേ നേട്ടമുണ്ടാക്കുന്നുള്ളൂ എന്ന് ഭാവിക്കാൻ എളുപ്പമാണ്. അവസാനം അവർ കച്ചവടത്തിൽ നിന്ന് അധികം പണം നേടുകയും ഗ്രാഹകർ കുറച്ച് പണമുള്ളവരായി തീരുകയും ചെയ്യുന്നു. ഇത് ചില ആളുകളെ വില്പനക്കാർ മറ്റുള്ളവരെ പറ്റി ചിന്തിക്കാതെ അവരുടെ സ്വന്തം ലാഭത്തിൽ മാത്രം താൽപര്യമുള്ള ദുരാഗ്രഹികളായി ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു.

ഇത് തെറ്റിദ്ധാരണയാണ് എന്താണ് പണത്തിന്റെ പ്രസക്തി? പണം സ്വർണ്ണമായും വെള്ളിയുമായിരുന്ന കാലത്ത് അവയ്ക്ക് ആഭരണങ്ങളുണ്ടാക്കാവുന്ന ലോഹത്തിന്റെ ഉപയോഗമെങ്കിലും ഉണ്ടായിരുന്നു. പക്ഷെ കടലാസുകൊണ്ടുണ്ടാക്കിയതും മറ്റുലോഹങ്ങളാലുണ്ടാക്കിയതുമായ പണത്തിന് മറ്റു യോഗങ്ങളില്ല തന്നെ. അതിന്റെ ഏക ഉപയോഗം മറ്റു ദ്രവ്യങ്ങൾക്കും സേവനങ്ങൾക്കും പകരമായി ഇവയെ കൈമാറ്റം ചെയ്യാമെന്നതാണ്.

മറ്റൊർത്ഥത്തിൽ പണം വിനിമയത്തിന്റെ മാധ്യമമാണ്. ഒരു ഗ്രാഹകൻ ദ്രവ്യത്തിനോ സേവനത്തിനോ ആയി അത് കൈമാറ്റം ചെയ്യുന്നു. വില്പനക്കാരൻ അത് മറ്റു ദ്രവ്യങ്ങൾക്കും സേവനങ്ങൾക്കുമായി മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുന്നു. ഇരുകൂട്ടരും കച്ചവടത്തിനു സ്വയം ലാഭമുണ്ടാക്കിയതായി കരുതുന്നു. അവർ മറ്റൊരുതരത്തിൽ അതിനെ അംഗീകരിക്കില്ല.

### *വ്യാപാരം എപ്രകാരം മൂല്യം സൃഷ്ടിക്കുന്നു?*

ഒരാളും ഒരു സാധനം അതിനേക്കാൾ വില കുറഞ്ഞ മറ്റൊരു സാധനവുമായി കൈമാറ്റം ചെയ്യാത്തിടത്തോളം കാലം എങ്ങനെയാണ് രണ്ടുപേർക്കും ലാഭമുണ്ടാവുന്നത്? ഇതിന് കാരണം മൂല്യം ഭംഗിപോലെ കാണുന്നവന്റെ കണ്ണിലാണ്. അത് ഭാരം, വലുപ്പം എന്നിവപോലെ ഒരു ശാസ്ത്രീയ ഗുണമല്ല.

ഇത് ഓരോ വ്യക്തിയും ആ ദ്രവ്യത്തെ പറ്റി ചിന്തിക്കുന്നതാണ്. മഴ നിബിഡമായ ഒരു രാജ്യത്തെ ജനങ്ങൾ ഒരു ഗ്ലാസ് വെള്ളത്തെ വലിയ വില കല്പിക്കുമായിരിക്കില്ല എന്നാൽ ഒരു മരുഭൂമിയിൽ അത് വളരെ അമൂല്യമാണ്. ഒരു പ്രത്യേക വസ്ത്രാധാരണം കൗമാരക്കാർക്ക് ഒഴിച്ചുകൂടാനാവാത്തതും അവരുടെ മാതാപിതാക്കൾക്ക് പരിഹാസ്യമായതുമായി തോന്നാം.

ഇത് കൃത്യമായി, കൈമാറ്റത്തിലൂടെ അവർ ഓരോരുത്തർക്കും നേടാവുന്ന വസ്തുക്കൾ മൂല്യപ്പെടുത്തുന്നതിൽ മനുഷ്യർ വ്യത്യസ്തമാണ് എന്നതുകൊണ്ടാണ്. ഒരു ഉപഭോക്താവ് വിപണിയിലെ കച്ചവടക്കാരനിൽ നിന്ന് കോഴി വാങ്ങുമ്പോൾ കൈമാറുന്ന പണത്തിനേക്കാൾ കോഴിയിറച്ചിക്ക് മൂല്യം കാണുന്നു. കച്ചവടക്കാരൻ ആ പണം ഉപയോഗിച്ചു റൊട്ടി പോലുള്ള മറ്റു വസ്തുക്കൾ വാങ്ങിക്കുമ്പോൾ ഇതുതന്നെ സംഭവിക്കുന്നു. കച്ചവടക്കാരൻ റൊട്ടിക്ക് അതുണ്ടാക്കുന്നയാൾ ചോദിക്കുന്ന വിലയേക്കാൾ മൂല്യം കാണുന്നു. മൂവരും നേട്ടമുണ്ടാക്കിയിട്ടുണ്ട് എന്നതിനാലാണ് എല്ലാവരും സ്വമേധയാ അത്തരം കൈമാറ്റങ്ങൾക്ക് സമ്മതിക്കുന്നത്.

സത്യത്തിൽ കോഴിയിറച്ചി, പണം, റൊട്ടി എന്നിവ കൈമാറ്റം ചെയ്യുന്നതിലൂടെ അവർക്കു ലഭിക്കുന്ന നേട്ടങ്ങൾക്കനുസരിച്ച് അവയുടെ മൂല്യവും കൂടുന്നു. സ്വതന്ത്ര വിപണി സമ്പദ്‌വ്യവസ്ഥയുടെ ചട്ടക്കൂടായി തീരുന്ന ഉടമ്പടി, സത്യസന്ധത, സ്വത്ത്, എന്നിവയുടെ നിയമങ്ങൾ ഏതനുസരിച്ചാണോ അവർ കച്ചവടം ചെയ്യുന്നത് അതിന്മേൽ എല്ലാവരും സമ്മതിക്കുക മാത്രമാണ് വേണ്ടത്. ഇതുകൂടാതെ ഓരോ ഇടപാടിലേയും കൂട്ടാളികൾ പൂർണ്ണമായും സ്വാർത്ഥബുദ്ധിയുള്ളവരാണ്. ഓരോ കൈമാറ്റങ്ങൾ മറ്റുളളവരെ സഹായിക്കാൻ അല്ല അവർക്ക് നേട്ടമുണ്ടാക്കാനാണ് ചെയ്യുന്നത്.

എന്നാലും ഈ നിയമങ്ങൾ അനുസരിക്കുന്നതിലൂടെ ഓരോത്തരും അറിയാതെതന്നെ മറ്റുള്ളവരെ സഹായിക്കുന്നു - ആഡംസ്മിത്ത് പറയുന്നതുപോലെ "അദൃശ്യ ഹസ്തം" വഴി കാണിക്കുന്നതുപോലെ. സ്വാർത്ഥതാല്പര്യത്താൽ മാത്രം പ്രചോദിതമാണെങ്കിലും അവർ സസന്തോഷം പരസ്പരം സഹകരിക്കുന്നു.

പണത്തിന്റെ മാധ്യമത്തിലൂടെ നാം ഓരോരുത്തർക്കും ഇപ്പോൾ വ്യാപാരം നടത്താം. നമ്മുടെ തന്നെ കമ്പോളത്തിലുള്ളവരായി മാത്രമല്ല, നാം ഒരിക്കലും സന്ദർശിക്കാനിടയില്ലാത്തതും, ഭാഷ അറിയാത്തതും, സംസ്കാരവും രാഷ്ട്രീയവും നമ്മൾ അംഗീകരിക്കാത്തതുമായ രാജ്യങ്ങളിലെ ജനങ്ങളായും എണ്ണമറ്റ ഈ ദൈനംദിന ഇടപാടുകളിൽ ഇരുഭാഗവും നേട്ടമുണ്ടാക്കുന്നു. ജനങ്ങൾ സഹകരിക്കുന്നു. മൂല്യം സൃഷ്ടിക്കപ്പെടുന്നു. ജനങ്ങൾ

പുരോഗമിക്കുന്നു. മനുഷ്യത്വം അഭിവൃദ്ധിപ്പെടുന്നു.

### *ദരിദ്രർ ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കുന്നു*

എല്ലായിടത്തും പരക്കപ്പെട്ട ഈ സ്വാതന്ത്ര കൈമാറ്റസംവിധാനം വളരെ സ്വാഭാവികവും ഗുണകരവുമാണ്. സ്വതന്ത്രവിപണിയെ ഒരു തത്വശാസ്ത്രത്തിന്റെ പേരിൽ തിരസ്കരിക്കുന്ന രാഷ്ട്രങ്ങളിൽ പോലും ഇത് നിയമവിരുദ്ധമായി നിലനില്ക്കുകയോ പൊറുക്കപ്പെടുകയോ ചെയ്യുന്നു.

പല രാജ്യങ്ങളും ഏഷ്യയിലെ പലതടക്കം അവരുടെ പൗരന്മാർക്ക് വളരെകുറച്ച് സ്വാതന്ത്ര്യമേ വ്യക്തിപരമായ കാര്യങ്ങളിലും സാമൂഹികപ്രശ്നങ്ങളിലും നൽകുന്നുള്ളൂ. എന്നിരുന്നാലും അവർക്ക് ഗണ്യമായ സാമ്പത്തിക സ്വാതന്ത്ര്യം നൽകുന്നു.

പ്രാരംഭകാലത്തെ ഇസ്ലാമിക ലോകത്തിലും അതിന്റെ തുടർന്നുള്ള പരപ്പിലും തീർച്ചയായും വ്യാപാരവും വാണിജ്യവും പ്രധാനപ്പെട്ട ഘടകങ്ങളാണ്. ലോകവാണിജ്യപാതകളുടെ തുറക്കൽ അസാമാന്യ സമ്പത്ത് നവോത്ഥാന യൂറോപ്പിൽ സൃഷ്ടിച്ചു. അത് പിന്നീട് കല, സംസ്കാരം, വിദ്യാഭ്യാസം എന്നിവയിൽ ഒരു വർദ്ധന ഉണ്ടാക്കി. അമേരിക്കൻ രാജ്യങ്ങൾ അവരുടെ യൂറോപ്പുമായു ള്ളതും പിന്നീട് ചൈനയുമായുള്ളതും ആയ വ്യാപാരബന്ധങ്ങളിലൂടെ അഭിവൃദ്ധിപ്പെട്ടു.

പക്ഷെ ധനികരല്ല ഈ മനുഷ്യ അഭിവൃദ്ധിയുടെ വേലിയേറ്റത്തിനാൽ ഏറ്റവും കൂടുതൽ പ്രോൽസാഹിപ്പിക്കപ്പെട്ടത് സാമ്പത്തിക സ്വാതന്ത്ര്യം പരന്നപ്പോൾ ദരിദ്രരുടെ ജീവിതനിലവാരമാണ് ഏറ്റവും ഉയർന്നത്. അമേരിക്കൻ സാമ്പത്തിക ശാസ്ത്രജ്ഞനായ മിൽട്ടൺ ഫ്രീഡ്മാൻ (Milton Freedman) പറയുന്നപോലെ ഗാർഹികമായി ഒഴുകുന്ന ജലം ഭാവനാതീതമായ ഒരു ആഡംബരമായിരുന്നു രാജകീയ റോമിൽ; പക്ഷെ ഒരു റോമൻ സെനറ്റർക്ക് അതിന്റെ ഒരാവശ്യവും ഉണ്ടായിരുന്നില്ല. കാരണം അദ്ദേഹത്തിന് ഓടുന്ന വേലക്കാരുണ്ടായിരുന്നു പകരം രാജകീയ റോമിലെ പാവങ്ങൾ മാലിന്യത്തിൽ ജീവിച്ചു എന്നാൽ നവീന റോമിലെ പാവങ്ങൾ ചൂടും തണുപ്പുമായ ഒഴുകുന്ന ജലം എന്ന ആഡംബരത്തിന്റെ മഹിമയറിയാത്തവരാണ്.

ഈ പ്രതിഭാസം സ്പഷ്ടമായി കാണാം, ഇന്ത്യ, ചൈനയെപോലുള്ള രാജ്യങ്ങളിലെ അടുത്തുകാലത്തുണ്ടായ അന്തർദ്ദേശീയ വ്യാപാരത്തിന്റെ തുറക്കലിലും കമ്പോളതത്വങ്ങളുടെ വ്യാപനത്തിലും വെറും മൂന്നു ദശാബ്ദങ്ങളിൽ ഒരു പക്ഷെ നൂറ്കോടി ജനങ്ങളെ കടുത്ത ദാരിദ്രത്തിൽ നിന്ന് കരകയറ്റിയിട്ടുണ്ടാവാം

ഇതിന്റെ ഫലമായി ലക്ഷങ്ങൾക്ക് ഇപ്പോൾ മധ്യവർഗ്ഗമാകാനും, വാഹന ഗതാഗതം, മൊബൈൽ ഫോൺ, ടെലിവിഷൻ തുടങ്ങിയ ആഡംബരങ്ങൾ ആസ്വദിക്കാനും എല്ലാ കാലവും മണ്ണിൽ പണിയെടുക്കുന്നതിന് പകരം തണുപ്പുള്ള ഉണങ്ങിയ സൗകര്യമുള്ള ഓഫീസുകളിലും വ്യവസായശാലകളിലും തൊഴിലെടുക്കാനും ആഗ്രഹിക്കാം.

## എങ്ങനെ ധനികരാകാം?

### *ഉല്പാദകർ ഇടപാടുകാരെ സേവിയ്ക്കണം*

ഒരു സ്വതന്ത്രസമൂഹത്തിൽ ഉപഭോക്താവിന് തിരഞ്ഞെടുക്കാനുള്ള അധികാരം ഉണ്ട്. സർക്കാരിനാലോ സുഹൃത്തുക്കളാലോ നടത്തപ്പെടുന്ന കുത്തകകളെപ്പോലുള്ള ഉല്പാദകരിൽ നിന്ന് വാങ്ങിക്കണമെന്ന് ഒരു നിർബന്ധവുമില്ല. ദാതാക്കൾ വില താഴ്ത്താനായി ഒരുമിച്ചേക്കാം എന്നാൽ അത്തരത്തിലെ ഒരുമ നിലനിൽക്കാൻ പ്രയാസമാണ്. ഏതുസമയവും അതിലൊരാൾ ഉപഭോക്താക്കളെ ആകർഷിക്കാനായി വിലകുറച്ച് ചതിചെയ്യാം. അതേ സമയം മറ്റു ദാതാക്കൾക്ക് വിപണിയിൽ പ്രവേശിക്കാനും വില ഉയർത്തിപിടിക്കാൻ ശ്രമിക്കുന്നവരുമായി മൽസരിക്കുകയും ചെയ്യാം.

ഒരു യഥാർത്ഥ മൽസരബുദ്ധിയുള്ള സ്വതന്ത്ര കമ്പോള സമ്പദ്വ്യവസ്ഥയിൽ ഉല്പാദകർക്ക് ഉപഭോക്താക്കളെ ചൂഷണം ചെയ്യാനുള്ള അധികാരമില്ല. അവർ ഉപഭോക്താക്കൾക്ക് വേണ്ട വസ്തുക്കൾ വേണ്ട ഗുണത്തിലും ആകർഷകമായ വിലയിലും ഉല്പാദിപ്പിച്ചില്ലെങ്കിൽ അവർക്ക് കച്ചവടം നഷ്ടപ്പെടും. വ്യക്തികൾ ഇത്തരം സംസ്ഥാപിത സമൂഹങ്ങളുടെ തടവുകാരല്ല. മറിച്ച് ഉല്പാദകർ പൊതുജനത്തിന്റെ മാറുന്ന ആവശ്യങ്ങൾക്കനുസരിച്ച് പ്രതികരിക്കുന്നതിലൂടെയാണ് നിലനിൽക്കുന്നത്.

ഒരു കമ്പനി വലുതാകാം എങ്കിൽ അത് മത്സരത്തെ നേരിടേണ്ടതുണ്ട്. ഒരു വലിയ സ്ഥാപനം മിക്കവാറും വ്യത്യസ്ത ഉല്പന്നങ്ങൾ നിർമ്മിക്കുകയും വ്യത്യസ്ത ബിസിനസ്സുകളിൽ ഏർപ്പെടുകയും ചെയ്യുന്നു. പക്ഷെ അവ മറ്റു വലിയ കമ്പനികളിൽ നിന്ന് പ്രബലമായ മത്സരം നേരിടുക മാത്രമല്ല ചെയ്യുന്നത്. അവ ചെറുസ്ഥാപനങ്ങളിൽ നിന്ന് വിപണിയുടെ പ്രത്യേക ഭാഗങ്ങൾക്കായുള്ള മത്സരവും നേരിടുന്നു. അനാവത്ത് ചിലവുകൾ കുറഞ്ഞ ചെറിയ കമ്പനികൾക്ക് ഒരു പക്ഷേ വലിയ കമ്പനിയുടെ ചില ഉല്പന്നങ്ങൾ മെച്ചപ്പെട്ടതായും വില കുറവിലും ഉല്പാദിക്കുവാൻ സാധിക്കും. പുതിയതും നവീനവുമായ കമ്പനികൾ വലിയ കമ്പനികളുടെ ഉല്പന്നങ്ങളെ കാലാഹരണപ്പെടുത്തുന്ന വിധത്തിലുള്ള

പുതിയ ഉല്പന്നങ്ങൾ സൃഷ്ടിക്കാം.

സ്ഥാപനങ്ങൾ വലിയ സമ്പദ്‌വ്യവസ്ഥയെ പിന്തുടർന്നതിനാൽ മുതലാളിത്തം വലിയ വലിയ കമ്പനികൾക്ക് ജന്മം കൊടുക്കുകയും തൽഫലമായി ഏകാധിപത്യവും സൃഷ്ടിക്കുന്നു എന്നത് അതിനാൽ മിഥ്യയാണ്. വലുപ്പത്തിന് അതിന്റേതായ വിലകൊടുക്കണം - വലിയ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകാൻ ബുദ്ധിമുട്ടാണ്. വളരെ പതുക്കെ പ്രവർത്തിക്കുന്നവയുമാണ്. അമ്പത് കൊല്ലം മുമ്പുള്ള പടിഞ്ഞാറൻ മാഗസിനുകൾ പരിശോധിക്കുന്നത്. വിജ്ഞാനപ്രദമാണ്. അന്ന് പരസ്യപ്പെടുത്തിയിരുന്ന കമ്പനികളിൽ പലതും ഇന്നില്ല. അവയെല്ലാം ചെറുതായി തുടങ്ങിയ കൂടുതൽ നവീനവും ചിലവുകുറഞ്ഞതുമായ പ്രതിയോഗികളാൽ പിന്നിലാക്കപ്പെട്ടു.

### *സാമ്പത്തിക ശക്തിയിൽ ഒരു നിയന്ത്രണവുമില്ല*

അതിനാൽ കമ്പനികൾക്കോ അവയുടെ നടത്തിപ്പുകാർക്കോ സാമ്പത്തികശക്തിമേൽ തലമുറകൾക്കതീതമായ നിയന്ത്രണമില്ല. പൊതുജനത്തെ സേവിക്കുകയും ഉപഭോക്താക്കളെ ആകർഷിക്കുകയും ചെയ്യുന്നിടത്തോളം വ്യക്തികൾക്ക് ഒരു സ്വതന്ത്രസമ്പദ്‌വ്യവസ്ഥയിൽ സമ്പന്നരാകാം. തീർച്ചയായും കൂടുതൽ സ്വതന്ത്രമായ സമൂഹങ്ങളിൽ ''From shirt sleeves to shirt sleeves in the generation'' എന്നത് ഒരു സാധാരണ പ്രതിഭാസമാണ്. ജനങ്ങൾ അവരുടെ കുടുംബത്തിനായി ധനം സമ്പാദിക്കാൻ കമ്പനികൾ ഉണ്ടാക്കുന്നു. എന്നാൽ അവരുടെ പേരകുട്ടികൾ വ്യാപാരത്തിലേക്ക് വരുമ്പോഴേക്കും മറ്റ് കമ്പനികൾ അവരെ പിന്നിലാക്കാൻ തുടങ്ങിയിരിക്കും.

രാഷ്ട്രീയ സാമ്പത്തിക അധികാരങ്ങളിലേക്കുള്ള പ്രവേശനം പ്രമാണികൾ നിയന്ത്രിക്കുകയും അത് അവരുടെയും കുടുംബങ്ങളുടേയും കയ്യിൽ തന്നെയാണെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്ന സംവിധാനത്തേക്കാൾ എത്രയോ നീതിയുക്തമാണ് ഒരു സ്വതന്ത്ര സമ്പദ് വ്യവസ്ഥയിൽ കഴിവും നിശ്ച യദാർഢ്യവും ഉള്ള ആർക്കും അവർ മറ്റുള്ളവരെ സേവിക്കുമെന്നുണ്ടെങ്കിൽ സമ്പത്ത് കെട്ടിപ്പടുത്താൻ ആഗ്രഹിക്കാം. സമ്പന്നനാകാനുള്ള അവസരം ഒരു പ്രത്യേക ഗോത്രക്കാർക്കോ, മതക്കാർക്കോ, അധികാരികളുടെ സുഹൃത്തുക്കൾ, കുടുംബക്കാർ, പാർട്ടിക്കാർ എന്നിവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല. തീർച്ചയായും സ്വതന്ത്രസമൂഹങ്ങളിൽ, വ്യത്യസ്തമായ അനുഭവങ്ങളും ആശയങ്ങളുമായി വന്ന് ജനങ്ങൾ വാങ്ങിക്കാനാഗ്രഹിക്കുന്ന പുതിയ വസ്തുക്കളും ആശയങ്ങളും ഉണ്ടാക്കുന്ന കുടിയേറ്റക്കാരാണ് ഏറ്റവും അഭിവൃദ്ധിപ്പെട്ടത്.

**ചോദ്യം : മത്സരം, ലാഭം, പരസ്യം എന്നിവ വ്യർത്ഥമല്ലേ?**

അല്ല. ലാഭമാണ് ജനങ്ങളെ പ്രവർത്തിക്കാൻ പ്രേരിപ്പിക്കുന്നതും മറ്റുള്ള ജനങ്ങളും ഇഷ്ടത്തോടെ വാങ്ങിക്കാൻ തെരഞ്ഞെടുക്കുന്ന വസ്തുക്കളും സേവനങ്ങളും സൃഷ്ടിക്കാനും അവസരങ്ങൾ അന്വേഷിക്കാനും പ്രേരിപ്പിക്കുന്നതും അസംസ്കൃത വസ്തുവിനേക്കാൾ ജനങ്ങൾ വിലകല്പിക്കുന്ന വസ്തുക്കളും സേവനങ്ങളും നിർമ്മിക്കാൻ വിഭവങ്ങൾ ഉപയോഗിക്കുന്നു. എന്ന് ലാഭം സൂചിപ്പിക്കുന്നു.

പരസ്യം പ്രധാനമാണ്. എന്തെന്നാൽ അത് പുതിയ ഉല്പന്നങ്ങളെക്കുറിച്ചും ഉള്ള ഉല്പന്നങ്ങളുടെ പുരോഗതിയെക്കുറിച്ചും ജനങ്ങളെ അറിയിക്കുന്നു. മൽസരം ജനങ്ങൾക്ക് വിവിധ ഉല്പന്നങ്ങളിൽ നിന്നും തിരഞ്ഞെടുക്കാനുള്ള അവസരം നല്കുകയും, വിതരണക്കാരെ കൂടുതൽ ഭേദപ്പെട്ട ഉല്പന്നങ്ങൾ കുറവ് വിലയ്ക്ക് നല്കാനും കണ്ടുപിടുത്തങ്ങൾ നടത്താനും പ്രേരിപ്പിക്കുന്നു. മൽസരമില്ലെങ്കിൽ ഉപഭോക്താക്കൾ അധികാരഹീനരാവും. ഏകാധിപതിയായ വിതരണക്കാരൻ തരുന്നത് സ്വീകരിക്കാനോ അല്ലെങ്കിൽ അതില്ലാതെ ജീവിക്കാനോ നിർബന്ധിതരാകും. ഒരു ശക്തമായ സർക്കാറിന് അതിന്റെ സുഹൃത്തുക്കൾക്ക് സഹായങ്ങൾ ചെയ്യാൻ കഴിയുമെങ്കിൽ കച്ചവടക്കാർ അത് അവരുടെ നേട്ടത്തിനായി ഉപയോഗിക്കാൻ ശ്രമിക്കും. അവർ മൽസര നിരോധനമോ അല്ലെങ്കിൽ പൂർണ്ണ ഏകാധിപത്യം നൽകുന്ന ചട്ടങ്ങൾക്ക് വേണ്ടി ശ്രമിക്കും. പൊതുജനങ്ങളെ നിലവാരം കുറഞ്ഞ വസ്തുക്കളിൽ നിന്ന് ഇത് സംരക്ഷിക്കുമെന്ന് വാദിക്കുമെങ്കിലും അവരുടെ യഥാർത്ഥ ലക്ഷ്യം വിപണിയെ വരുതിയിലാക്കുക എന്നതാണ്. എന്നാൽ ഇത് അവർക്ക് സ്വതന്ത്രസമൂഹത്തിന് യോജിക്കാത്ത നിയന്ത്രണശക്തിയുള്ള അധികാരം നൽകും. സർക്കാരുകൾക്ക് വിപണികളെ വളച്ചൊടിക്കാനോ കുത്തക സൃഷ്ടിക്കാനോ ഉള്ള അധികാരം പാടില്ല മറിച്ച് അവർ സ്വാതന്ത്ര്യവും മൽസരവും വർദ്ധിപ്പിക്കുകയാണ് ചെയ്യേണ്ടത്.

***സംരംഭകത്വം***

സ്വതന്ത്രസമൂഹത്തിലെ വിജയം എപ്പോഴും കഠിനാധ്വാനം കൊണ്ടു മാത്രമല്ല അത് സഹായകമാണെങ്കിലും മറ്റുള്ളവർക്കു ആവശ്യമുള്ളതും അവർ വാങ്ങിക്കുവാൻ തയ്യാറുള്ളതുമായ വസ്തുക്കളും സേവനങ്ങളും നിങ്ങൾ പ്രദാനം ചെയ്യണം ഇതിൽ ഒരു അപകടം ഉണ്ടാകാം. ജനങ്ങൾ എന്ത് പുതിയ

ഉല്പന്നമാണോ ആവശ്യപ്പെടുക എന്ന് ഊഹിക്കുന്നതിൽ ദാതാക്കൾ, തൊഴിലാളികൾ, വിതരണക്കാർ, എന്നിവർ ഉൾപ്പെടുന്ന ഒരു ഉൽപ്പാദനശൃംഖല കെട്ടിപ്പടുക്കുന്നതിൽ താരതമ്യേന വളരെകുറച്ച് പേരെ ഇത്തരം അപകടസാദ്ധ്യതകളേയും കർത്തവ്യങ്ങളെയും ഏറ്റെടുക്കാൻ തയ്യാറാവൂ. ഇത്തരം സംരംഭകരുടെ ശരിയായ സംഭാവന ആവശ്യങ്ങളുടെ ശരിയായ അനുമാനം, ഉല്പാദന വ്യവസ്ഥ ശ്യംഖല, പരിശ്രമം എന്നിവയുടെ സ്ഥാപനം എന്നിവയാണ്. അവർ വലിയ അപകടസാധ്യതകൾ കൂടാതെ ജനം അവരുടെ ഉല്പന്നം മേടിച്ചാൽ അവർ വളരെയേറെ കൃതാർത്ഥരാകും.

ഇത് ഉല്പാദനക്ഷമതയേയും കണ്ടുപിടുത്തങ്ങളേയും പ്രോത്സാഹിപ്പിക്കുകയും പഴയ സംരംഭകർ കൈവരിച്ച പോലെ സമ്പത്ത് അവർക്കും കിട്ടുമെന്ന പ്രതീക്ഷയിൽ പുതിയ ഭേദപ്പെട്ട ഉല്പന്നങ്ങൾ പ്രക്രിയകളും സൃഷ്ടിക്കുന്നതിനായി ജനങ്ങളെ പ്രേരിപ്പിക്കുന്നു. ഈ നിരന്തരമായ പുരോഗമനവും നവീകരണവും ഉപഭോക്താക്കൾക്കും അതുവഴി മുഴുവൻ സമൂഹത്തിനും നേട്ടമുണ്ടാക്കി കൊടുക്കുന്നു. സർക്കാരിന്റെ ഏതൊരു ക്ഷേമപദ്ധതിയേക്കാളും നന്നായി സമ്പത്ത് പരത്തുകയും അഭിവൃദ്ധി വർദ്ധിപ്പിക്കുകയും ചെയ്യുന്നു ജനങ്ങളുടെ അധ്വാനം കുറയ്ക്കുകയും ജീവിതം മെച്ചപ്പെടുത്തുകയും ചെയ്യുന്ന കണ്ടുപിടുത്തങ്ങൾ.

അവർക്ക് സ്വയം ഉല്പാദിപ്പിക്കാനോ കണ്ടെത്താനോ കഴിയാത്ത വസ്തുക്കളും സേവനങ്ങളും ഉപഭോക്താക്കൾക്ക് ഉപകരിക്കും. വളരെ അധികം വൈദഗ്ദ്ധ്യവും പ്രാവീണ്യവും ആവശ്യമാണ്. ഉദാഹരണത്തിന് ഒരു ഫലപ്രദമായ മരുന്ന് ഉല്പാദിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പ്രഗല്ഭരായ മരുന്ന് കമ്പനികൾക്കുള്ളതുപോലെയുള്ള രസതന്ത്രം, ജീവശാസ്ത്രം, നിർമ്മാണം എന്നിവയിലെ പ്രാഗത്ഭ്യം വ്യക്തികൾക്കുണ്ടാവാൻ സാധ്യതയില്ല. പ്രാദേശിക ഔഷധ വിദഗ്ദ്ധർക്ക് അവരുടെ ശേഖരത്തിലുള്ള 500 – ൽപരം മരുന്നുകളുടെ ഉപയോഗം, ഫലപ്രാപ്തിസ പാർശ്വഫലങ്ങൾ എന്നിവയെക്കുറിച്ചുള്ള പ്രത്യേക പ്രാഗത്ഭ്യം നേടാം. ഉപഭോക്താക്കൾക്ക് ഇത്തരം വിശേഷപ്പെട്ട അറിവ് സമ്പാദിക്കാൻ ബുദ്ധിമുട്ടായിരിക്കും വിശേഷിച്ച് അവർക്ക് ദൈനംദിന ജീവിതത്തിലാവശ്യമുള്ള ഭക്ഷണം, പാനീയം, വസ്ത്രം, ഷൂസ് എന്നീ എല്ലാ വസ്തുക്കളെപ്പറ്റിയും വിദഗ്ദ്ധരാവണമെങ്കിൽ.

സംരംഭകർ സമ്പത്ത് സമാഹരിക്കാം. പക്ഷേ അവർ അത് മറ്റുള്ളവരുടെ ചിലവിൽ അല്ല നൽകുന്നത്. അവർ സമ്പാദിക്കുന്ന പണം ഉപഭോക്താക്കൾ സ്വമേധയാ നൽകുന്നതാണ്. അവർ ധനികരാകുന്നത് മറ്റുള്ളവരെ

സഹായിച്ചിട്ടാണ്, വിഷമിപ്പിച്ചിട്ടോ ചൂഷണം ചെയ്തിട്ടോ അല്ല അവർ പൊതുജനത്തെ സേവിക്കുന്നിടത്തോളമേ അവർ സമ്പത്ത് കൈവശം വെയ്ക്കുന്നുള്ളൂ. സമ്പാദിച്ചു കൊണ്ടിരിക്കാൻ അവർ ഉപഭോക്താക്കളെ മനസ്സിലാക്കുകയും അവരുടെ ആവശ്യങ്ങളെ മുൻകൂട്ടി അറിയുകയും വേണം. അതിനാൽ അവർ എപ്പോഴും ഒരു പൂർത്തീകരിക്കപ്പെടാത്ത ഉല്പാദനയോഗ്യമായ സാഹചര്യം നേടികൊണ്ടിരിക്കുകയും അത് സാധ്യമാക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു. ഇത് ഉപഭോക്താക്കളെ തൃപ്തിപ്പെടുത്താൻ ശ്രമിക്കുന്ന ഒരു നിരന്തരപ്രക്രിയയാണ്.

### *ലാഭവും അനുമാനവും*

ലാഭസാധ്യത വലുതും ചെറുതുമായ ഉല്പാദകരെ അപകട സാധ്യത നേരിടാനും, കണ്ടുപിടുത്തങ്ങൾ നടത്താനും, സംഘടിപ്പിക്കാനും, ജോലി ചെയ്യാനും, മറ്റുള്ളവരെ സേവിക്കാനും പ്രേരിപ്പിക്കുന്നു. സ്വതന്ത്ര സമ്പദ്‌വ്യവസ്ഥയുടെ പല വിമർശകരും ലാഭത്തെ താഴ്ത്തികെട്ടുന്നു എന്നാൽ യഥാർത്ഥത്തിൽ നാമെല്ലാവരും ലാഭേച്ഛുക്കളാണ്. നമ്മൾ കൂടുതൽ വിലമതിക്കുന്ന ഒന്ന് നേടാനായി ഒന്ന് ത്യാഗം ചെയ്യുന്നു. ഉദാഹരണത്തിന്, നാം സമയവും പരിശ്രമവും ഒരു വീട് വൃത്തിയാക്കുന്നതിനായി ചെവഴിക്കുന്നു. എന്നാൽ വൃത്തിയാക്കുന്നതിനു ചെലവാക്കിയ പരിശ്രമത്തേക്കാൾ, വൃത്തിയായ വീടിനാണ് നാം കൂടുതൽ വില കൽപിക്കുന്നത്. ഇവ തമ്മിലുള്ള മൂല്യവ്യത്യാസം നമ്മുടെ ലാഭമാണ്. ഇത് ഒരു സാമ്പത്തിക ലാഭമല്ല പക്ഷേ വേറൊരർത്ഥത്തിൽ ഇത് ഒരു സംരംഭകൻ സാമഗ്രികൾ മേടിച്ച് ചേരുവകളുടെ ചിലവിനേക്കാൾ കൂടുതൽ മൂല്യത്തിന് വിറ്റുപോകുന്ന ഉല്പന്നം സൃഷ്ടിക്കുന്നതിന് തുല്യമാണ്. നാം സാമൂഹ്യവും മാനവസേവനപരമായ പദ്ധതികളിൽ വ്യാപൃതരാവുമ്പോഴും - സ്കൂളിന്റെ ഭരണസമിതിയിൽ പ്രവർത്തിക്കുന്നതുപോലുള്ളവ - നാം നമ്മുടെ ലക്ഷ്യങ്ങൾ നേടുന്നതിനാണ് പ്രവർത്തിക്കുന്നത്. ആ ലക്ഷ്യങ്ങൾ ആ പ്രദേശത്തെ എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം കിട്ടുക എന്നതാണെങ്കിൽ പോലും അതും ഒരു സാമ്പത്തികേതര ലാഭമാണ്. എന്നാൽ സാമ്പത്തികലാഭം മാത്രമാണ് വിമർശകർ വെറുക്കുന്നതും കാണുന്നതും. ഇത് അയുക്തികരവും അനുചിതവുമാണ്.

അനുമാനങ്ങൾ വിമർശിക്കപ്പെടുമ്പോഴും ഇത് വാസ്തവമാണ്. യഥാർത്ഥത്തിൽ ഊഹകച്ചവടം സാമ്പത്തിക വിപണിയിൽ മാത്രം ഒതുങ്ങുന്നതല്ല. നാമെല്ലാം അനുമാനിക്കുന്നവരാണ്. കൃഷിക്കാർ വിത്തുവിതക്കുന്നത് വിപണനം ചെയ്യാവുന്ന ഒരു വിളയുണ്ടാക്കാനാണ്. നാം സ്കൂളിൽ പോകുന്നത് ഭാവിയിൽ നമുക്ക് ജോലി ലഭ്യമാക്കുന്ന യോഗ്യതകൾ നേടാനുള്ള പ്രതീക്ഷയിലാണ്.

ഇതെല്ലാം അനുമാനത്തിലുള്ള ഉദ്യമങ്ങൾ ആണ്.

സാമ്പത്തിക രംഗത്ത് അനുമാനങ്ങൾക്ക് വളരെ പ്രാധാന്യമുണ്ട്. അവരുടെ സുരക്ഷിതമായ യാത്രയെ പറ്റിയുള്ള അനുമാനങ്ങൾ ഇൻഷൂറൻസ് കമ്പനികളും നഷ്ടപരിഹാരചുമതലയെടുക്കുന്നവരും നടത്തുന്നില്ലയെങ്കിൽ കപ്പലുകൾ ഒരിക്കലും യാത്ര ചെയ്യില്ല. അധികം നൂതന ഉല്പാദനവും വിതരണക്കരാറുകൾ, വ്യവസായശാലകളുടെ നിർമ്മാണവും പരിപാലനവും പോലുള്ള വലുതും ദീർഘകാലത്തേക്കുള്ളതുമായ ഉടമ്പടികളെ ആശ്രയിച്ചിരിക്കുന്നു. വ്യക്തികളായ ഉല്പാദകർക്ക് ന്യായമായും മൊത്തം അപകടസാധ്യതയും നേരിടാൻ പറ്റില്ല. അതിനാൽ അവർ സ്വന്തം സംരംഭങ്ങളിൽ പങ്കാളികളാവാൻ മറ്റുള്ളവരെ ക്ഷണിക്കുന്നു. ഇത് മറ്റൊരുതരത്തിലുള്ള ഊഹകച്ചവടമാണ് ഓഹരികമ്പോളത്തിൽ ഊഹകച്ചവടക്കാർ ലാഭമുണ്ടാക്കാൻ ആയി ഷെയറുകൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നു. പക്ഷെ അപ്രകാരം ചെയ്യാൻ അവർ വ്യാപാരം ചെയ്യുന്ന കമ്പനികളെപറ്റിയും അവരുടെ ഭാവി സാധ്യതകളെക്കുറിച്ച് വ്യക്തമായ ധാരണവേണം. ആ വൈദഗ്ദ്ധ്യം ഉപകാരപ്രദമായ വിവരങ്ങൾ വിപണിയിലേക്കെത്തിക്കുകയും വിലകളെ അതിന്റെ ശരിയായ നിലയിലേക്ക് ആ വിവരങ്ങളുടെ അഭാവത്തിലുള്ളതിനേക്കാൾ വേഗത്തിൽ എത്തിക്കാൻ സഹായിക്കുകയും മുഴുവൻ വിപണിയേയും കുടൂതൽ കാര്യശേഷിയുള്ളതും പ്രതികരണാത്മകവും ആകുകയും ചെയ്യുന്നു.

ലാഭമുണ്ടാക്കാക്കുക എന്നത് ദുരാഗ്രഹമുണ്ടാവുക എന്നതിന് സമാനമല്ല. ജനങ്ങൾ ലാഭത്തിനായി ശ്രമിക്കുന്നത് സ്വന്തം താല്പര്യത്തിലാണ് ദുരാഗ്രഹത്തിലല്ല. ഒരളവുവരെ സ്വാർത്ഥ താൽപര്യങ്ങൾ ആവശ്യമാണ്. നമുക്ക് ഓരോത്തർക്കും നിലനിൽക്കാനും, മുറിവുകൾ വരാതെ നമ്മുടെ ശരീരത്തെ പരിപോഷിപ്പിക്കാനും. പക്ഷെ ദുരാഗ്രഹം ഒരു ധാർമ്മികവശമാണ് ഇതർത്ഥമാക്കുന്നത്. ഒരാൾ മറ്റുള്ളവരെ നശിപ്പിക്കുന്ന വിധത്തിൽ സ്വാർത്ഥ താൽപര്യമുള്ളവനാണെന്നാണ്. ഒരു സ്വതന്ത്രസമൂഹത്തിൽ ഉല്പാദകർക്ക് അവരുടെ സ്വാർത്ഥതാൽപര്യങ്ങൾ തൃപ്തിപ്പെടുത്താൻ മറ്റുള്ളവരെ സഹായിക്കുന്നതിലൂടെയോ പറ്റൂ.

### *കച്ചവടവും ബന്ധങ്ങളും*

കച്ചവടം വളരെ പ്രധാനപ്പെട്ടതാണെങ്കിലും അത് മാത്രമല്ല ജീവിതം. ഏറ്റവും പ്രയത്നശാലിയായ വ്യവസായിക്കുപോലും കുടുംബവും, കായികവും സമാനതൽപരരുടെ ചങ്ങാത്തം മുതലായ താൽപര്യങ്ങൾ ഉണ്ട്. കുടുംബബന്ധങ്ങൾ വളരെ ദൃഢമായ ഇറ്റലി പോലുള്ള മുതലാളിത്ത രാജ്യങ്ങളെ

നോക്കിയാൽ മതി കുടുംബവും കമ്പോള സമ്പദ്‌വ്യവസ്ഥയും എങ്ങനെ സഹവർത്തി ക്കുന്നു എന്ന് മനസ്സിലാക്കാൻ. വ്യവസായത്തിൽ വ്യാപൃതനാണ് എന്നത് ജനങ്ങളോട് ക്രൂരമായി പെരുമാറുന്നതിനും , മറ്റുള്ളവരെ ഉപദ്രവിക്കുന്നതിനുമുള്ള നീതികരണമല്ല. ഏറ്റവും പ്രയോജനകമായ ബന്ധങ്ങളിൽ മിക്കവയും യഥാർത്ഥത്തിൽ ജോലിസ്ഥലത്തെ കച്ചവട സഹപ്രവർത്തകരുമായാണ്. ഒരു സ്വതന്ത്രസമ്പദ്‌വ്യവസ്ഥ സാമൂഹിക ബന്ധങ്ങൾ മറ്റുതരത്തിലും വർദ്ധിപ്പിക്കുന്നു. മതപരമായതും സാമൂഹ്യമായതും ആയ സംഘടനകൾ, മാനവസേവ ലക്ഷ്യങ്ങൾ മുതലായ താൽപര്യങ്ങൾക്ക് വിനിയോഗിക്കാനുള്ള സമയവും സമ്പത്തും ഇത് ജനങ്ങൾക്ക് നൽകുന്നു.

## വിപണി പ്രവർത്തിക്കുന്നതെങ്ങനെ?

### *വിലയുടെ വാർത്താപ്രക്ഷേപണ ശാസ്ത്രം*

മിക്ക വിപണികളും ധനത്തിന്റെ മാധ്യമത്തിലൂടെ പ്രവർത്തിക്കുന്നു. നേരിട്ടുള്ള വിനിമയം – മാറ്റം കച്ചവടം, ഒത്ത് മാറുക എന്നിവ – പണമില്ലാതെ തന്നെ നടക്കാം. പക്ഷെ പണം സൗകര്യപ്രദമാണ്. ഒരു വില്പനക്കാരന് വസ്തുക്കളോ സേവനമോ ഇതിന് പകരമായി നൽകാം. അല്ലെങ്കിൽ മറ്റു വസ്തുക്കളോ സേവനമോ ഇതിന് പകരമായി നൽകാം. അല്ലെങ്കിൽ മറ്റു വസ്തുക്കൾക്കോ സേവനങ്ങൾക്കോ ആയി അത് കൈമാറ്റം ചെയ്യുന്നതിന് മുൻപായി ഏറ്റവും നല്ല മൂല്യത്തിനായി തിരച്ചിൽ നടത്താം. വിശക്കുന്ന ബാർബർമാർ തലമുടി വെട്ടാനാഗ്രഹിക്കുന്ന റൊട്ടി നിർമ്മാതാക്കളെ തേടിനടക്കേണ്ട ആവശ്യമില്ല കച്ചവടത്തിന് വില സാധാരണയായി പണത്തിലാണ് പ്രകടിപ്പിക്കുന്നത്. വില മൂല്യത്തിന് മാനദണ്ഡമല്ല കാരണം മൂല്യം ബന്ധപ്പെട്ട വ്യക്തികളുടെ മനസ്സിലാണ് കൂടാതെ വ്യത്യസ്ത ആൾക്കാർ ഒരേ വസ്തുവിന് വ്യത്യസ്ത മൂല്യമാണ് കൊടുക്കുക. ജനങ്ങൾക്ക് ആ ഉല്പന്നത്തിന്റെ ആവശ്യം, അതിന്റെ ക്ഷാമം എന്നിവയെ പറ്റി വില കാണിച്ചുതരുന്നു. ഇത് ജനങ്ങൾ ഒരു വസ്തു മറ്റൊന്നിനായി കൈമാറ്റം ചെയ്യാൻ തയ്യാറുള്ള വിലനിലവാരത്തെ പ്രതിഫലിക്കുന്നു.

ക്ഷാമത്തിന്റെ സൂചിക എന്ന നിലയിൽ വിലയെ തോൽപിക്കാനാവില്ല. ആവശ്യം എവിടെയാണ് അധികം എന്ന് തുറന്നുകാണിക്കുക മാത്രമല്ല ഉയർന്ന വിലകൾ ദാതാക്കളെ ആ ആവശ്യം നിറവേറ്റാൻ പ്രേരിപ്പിക്കുന്നു. ഉയർന്ന വില കാണുമ്പോൾ ഉല്പാദകർ പ്രബലമായ ലാഭം നേടാനായി വിപണിയിൽ പ്രവേശിക്കുകയും തൊഴിൽ മൂലധനം മുതലായവ വിഭവങ്ങൾ താഴ്ന്ന നിലകൾ അതേസമയം ആവശ്യം കുറവാണെന്നും വിഭവങ്ങൾ മറ്റേതെങ്കിലും സ്ഥലത്ത് ഫലപ്രദമായി ഉപയോഗിക്കാം എന്ന് മനസ്സിലാക്കുന്നു.

ഇപ്രകാരം സ്വതന്ത്രസമ്പദ് വ്യവസ്ഥയിൽ വില ഒരു പ്രധാന പങ്ക് വഹിക്കുന്നു. വിഭവങ്ങൾ ഏറ്റവും ആവശ്യമുള്ള സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിലും അവ യുടെ ആധിക്യമുള്ളിടത്ത് നിന്നും മാറ്റുന്നതിലും. അവ ദുർവ്യയം കുറയ്ക്കുകയും ചെയ്യുന്നു. ഏറ്റവും ഉയർന്ന ലാഭമുണ്ടാക്കാൻ ദാതാക്കൾ ഏറ്റവും ചിലവുകുറഞ്ഞ വിഭവങ്ങൾ കണ്ടെത്തണം. ഇത് വിഭവങ്ങൾ സംരക്ഷിക്കാനും ഏറ്റവും ഫലപ്രദമായി ഉപയോഗിക്കാനും സഹായിക്കുന്നു.

ഈ പ്രതിഭാസം ലോകമെമ്പാടുമുള്ള സമ്പദ്ഘടനകളിലെ വിപണികളിൽ നിന്ന് വിപണികളിലേക്ക് പരക്കുന്നു. ഉദാഹരണത്തിന്, ടിന്നിന് ഒരു പുതിയ ഉപയോഗം കണ്ടെത്തി എന്ന് വിചാരിക്കുക, നിർമ്മാതാക്കൾ കൂടുതൽ ടിൻ ആവശ്യപ്പെടും അവർ മുൻപത്തേതിനേക്കാളും കൂടുതൽ വില നൽകാൻ തയ്യാറുമായിരിക്കും. ഉയർന്ന വില ഉൽപാദകരെ അതു കൂടുതൽ ഉല്പാദിപ്പിക്കാനും മൊത്തകച്ചവടക്കാരെ അത് വിതരണം ചെയ്യാനും പ്രേരിപ്പിക്കുന്നു. അതോടൊപ്പം തന്നെ ടിന്നിന്റെ ഉപഭോക്താക്കൾ വലിയ വില കൊടുക്കാതിരിക്കാൻ മറ്റു പ്രതിവിധികൾ അന്വേഷിക്കുകയും ചെയ്യും. ഇത് ഈ പകരം വസ്തുക്കൾ ഉല്പാദിപ്പിക്കാൻ ഉല്പാദകരെയും ഈ ബദലിന്റെ ബദൽ കണ്ടെത്താൻ ഉപഭോക്താക്കളെയും പ്രേരിപ്പിക്കുന്നു.

ഇപ്രകാരം ക്ഷാമത്തിനെപ്പറ്റിയുള്ള വിവരം സമ്പദ്‌വ്യവസ്ഥ മുഴുവനും എത്തിക്കുന്നു. നോബേൽ സാമ്പത്തികജ്ഞനായ എഫ്.എ. ഹായെക് (F.A. Hayek) ഇതിനെ കമ്പോളത്തിന്റെ "വിസ്തൃതമായ വാർത്താപ്രക്ഷേപണ സംവിധാനം" എന്ന് വിളിച്ചു. ഇത് എവിടെയാണ് മിച്ചമുള്ളത് എന്നു എവിടെയാണ് കുറവുള്ളത് എന്നും നിരന്തരം കാണിക്കുകയും പരിശ്രമവും വിഭവങ്ങളും എവിടെയാണ് കേന്ദ്രീകരിക്കേണ്ടത് എന്ന് ജനങ്ങളോട് പറയുകയും ചെയ്യുന്നു.

### *വിപണികൾക്ക് കുറ്റമറ്റതാകാൻ കഴിയില്ല*

നിങ്ങൾ ഒരു സാമ്പത്തിക ശാസ്ത്ര പാഠപുസ്തകം വായിച്ചാൽ നിങ്ങൾക്ക് കമ്പോളങ്ങൾ സമാനമായ ഉപഭോക്താക്കൾക്ക് ഒരേ ഉൽപന്നങ്ങൾ വിൽക്കുന്ന കുറെയധികം സമാന വിതരണക്കാർ തമ്മിലുള്ള മാത്യകാമത്സരത്തെ ആശ്രയിക്കുന്നു എന്ന ധാരണ ലഭിക്കാം. അവ അങ്ങനെയല്ല ഇവ തീർത്തും സൈദ്ധാണികമായ സംഗ്രഹങ്ങളാണ്. വാസ്തവത്തിൽ മനുഷ്യരും വസ്തുക്കളും വ്യത്യസ്തമായതിനാലാണ് കമ്പോളങ്ങൾ പ്രവർത്തിക്കുന്നത്, എന്നാലെ, പ്രവർത്തിക്കാൻ സാധിക്കുകയുമുള്ളൂ.

എല്ലാവരും ഒരേ മൂല്യങ്ങൾ പങ്കിട്ടാൽ ആരും ഒരിക്കലും ഒന്നും വിപണനം ചെയ്യു

കയില്ല. ഇരു വിഭാഗവും വസ്തുക്കളെ ഒരേ പോലെ വിലയിരുത്തുന്നതിനാൽ അവ കൈ മാറ്റം ചെയ്യുന്നതിൽ കാര്യമില്ല.നാം മൂല്യത്തിൽ വിയോജിക്കുന്നതി നാലാണ് കൈമാറ്റം നടക്കുന്നത്. കൂടാതെ ഓരോ ദാതാക്കളും ഉൽപന്നങ്ങൾ ഒരേ വിലയ്ക്ക് നൽകുകയാണെങ്കിൽ ഉപഭോക്താക്കൾക്ക് തിരഞ്ഞെടുക്കാൻ വൈവിധ്യമുണ്ടാവില്ല. ഒരു ദാതാവിനും മത്സരത്തെ ജയിക്കാനും ഉയർന്ന ലാഭം നേടാനും സാധിക്കില്ല.

പക്ഷേ ഉയർന്ന ലാഭമാണ് സംരഭകരെ മത്സരം ജയിക്കാൻ പ്രേരിപ്പിക്കുന്നത്. അവർ ഇത് ചെയ്യുന്നത് ഉൽപന്നങ്ങളുടെ വില കുറച്ചും ഉൽപാദനത്തെ കഴി വുറ്റതാക്കിയും ആണ്. പക്ഷേ അതിനേക്കാൾ പ്രധാനമായി അവർ സ്വന്തം ഉൽപന്നം കൂടുതൽ മെച്ചപ്പെടുത്തിയും ഇത് ചെയ്യുന്നു. അവർ അവരുടെ ഉൽപന്നങ്ങളെ നവീകരിക്കുകയും വേർതിരിക്കുകയും ചെയ്യുന്നു. അവർ ഉപഭോക്താക്കൾക്ക് അവർക്ക് പരിചിതമായ പഴയ വസ്തുക്കളെക്കാൾ നല്ലതും പുതിയത് ആയവ നൽകുന്നു. ഗ്രാഹകർ മറ്റുള്ളവയിൽ നിന്നും അവരുടെ ഉൽപ ന്നങ്ങൾ കൂടുതൽ ഇഷ്ടപ്പെടും എന്ന പ്രതീക്ഷയിൽ അവർ ഈ മാറ്റങ്ങൾ കൂടു തൽ പ്രകടമാക്കുന്നു.

ഇത് സ്വതന്ത്രവിപണിയെ അത്ഭുതപൂർവ്വമായി ചലനാത്മകവുമാക്കുന്നു. സം ഭരണത്തിന്റെയും ആവശ്യത്തിന്റെയും പാഠപുസ്തക രേഖാചിത്രം പോലെ സ്ഥിരവും തണുത്തുറഞ്ഞതും ചലിക്കാത്തതും അല്ല ദാതാക്കൾ കൂടുതൽ ആകർഷമായ ഉൽപന്നങ്ങൾ ഉൽപ്പാദിപ്പിക്കാൻ നിരന്തരം നവീകരിച്ചു കൊണ്ടി രിക്കുകയും ഉപഭോക്താക്കൾ നിരന്തരം പുരോഗമനങ്ങളെ അന്വേഷിക്കുകയും ചെയ്യുന്നു.

### *കേന്ദ്രീകൃത ആസൂത്രണത്തിന്റെ അസംഭാവ്യത*

സമ്പദ്‌വ്യവസ്ഥയെ വഴി കാട്ടുകയും ജനങ്ങൾക്ക് വേണ്ട വസ്തുക്കൾ ഉൽപാ ദിപ്പിക്കുകയും ചെയ്യാനുള്ള സർക്കാരിന്റെ ശ്രമങ്ങൾ കമ്പോള വ്യവസ്ഥയുടെ ചലനാത്മകതയുമായി ഒത്തു പോകില്ല.

സർക്കാർ കുത്തകൾക്ക് നവീകരണത്തിനായുള്ള സമ്മർദ്ദം ഇല്ല തന്നെ. പൊതു ജനത്തിന് എന്താണ് വേണ്ടതെന്നും അവർ എന്തിനാണ് വില കൽപിക്കുന്നത് എന്നും അറിയാൻ സർക്കാർ ഉദ്യോഗസ്ഥർക്ക് ആവില്ല. അവർ വല്ലപ്പോഴും അഭിപ്രായ സർവ്വേകൾ നടത്തിയേക്കാം. എന്നാൽ അവ ഗ്രാഹകരുടെ വാങ്ങൽ താല്പര്യങ്ങൾ ഉൽപാദകർക്ക് അവരുടെ ആവശ്യങ്ങളെപ്പറ്റി നിമിഷാനുസരണം വിവരം നൽകുന്നു. ഇത് അവരെ പെട്ടെന്നുതന്നെ വിപണിക്ക് അനുസൃതമായി

കച്ചവടത്തിന്റെ ദിശയെ മാറ്റിക്കുന്നതിന് പ്രേരിപ്പിക്കുന്നു.

വിജയിക്കാനായ് സംരംഭകർ അവരുടെ ഉപഭോക്താക്കളെ മനസ്സിലാക്കണം. അവർക്ക് സർക്കാരുകൾ തിരഞ്ഞെടുപ്പിൽ ചെയ്യുന്നതു പോലെ ഉൽപന്നങ്ങളുടെ ഒരു കൂട്ടത്തെപ്പറ്റിയുള്ള അഭിപ്രായം ലഭിക്കാനായി വർഷങ്ങൾ കാത്തിരിക്കാനാവില്ല. അവർ ഉപഭോക്താക്കൾക്ക് എന്താണ് വേണ്ടതെന്നും ചിലവ്, വിഭവങ്ങളുടേയും ഘടകങ്ങളുടേയും ലഭ്യത, വില എന്നിവയെക്കുറിച്ച് ബോധവാൻമാർ ആയിരിക്കണം. ഉദാഹരണത്തിന് ഒരു വസ്തു ഏജന്റ് പ്രാദേശിക വസ്തു വിപണിയിൽ എന്തെല്ലാം നടക്കുന്നു എന്നറിയേണ്ടതുണ്ട്. പ്രബലമായ ഗ്രാഹകർ ഏതു തരത്തിലുള്ള വീടുകളിൽ തല്പരരാണ് എന്നത് മാസം തോറും അല്ല ദിവസം തോറും അല്ല മണിക്കൂറിൽ പോലും അറിയണം. ഒരു കേന്ദ്ര അധികാരിക്കും ഇത്ര വേഗത്തിൽ മാറുന്ന വിവരങ്ങൾ, അവ മാറുന്നതിനു മുൻപ് പ്രവർത്തിക്കുന്നതിനേ പോട്ടെ, ശേഖരിക്കാൻ പോലും ആവില്ല.

ചില ആളുകൾ സ്വതന്ത്ര സമ്പദ്വ്യവസ്ഥ കേന്ദ്ര ആസൂത്രിതമല്ലാത്തതിനാൽ അടുക്കും ചിട്ടയും ഇല്ലാത്തതും യുക്തിഹീനമായിരിക്കും എന്ന് വിചാരിക്കുന്നു. വാസ്തവത്തിൽ കമ്പോളങ്ങൾ വളരെ ചിട്ടയുള്ളതാണ്. സ്വത്തിന്റെയും കൈമാറ്റത്തിന്റെയും അംഗീകൃത നിയമങ്ങൾ അനുസരിക്കുന്നതിനാൽ ജനങ്ങൾക്ക് സഹരിക്കാനും കൈമാറ്റം ചെയ്യുവാനും സാധിക്കുന്നു. കൂടാതെ മറ്റുള്ളവരുടെ പ്രവർത്തികൾ വളരെ കൃത്യമായി മുൻകൂട്ടി അറിയുവാനും കഴിയുന്നു. വിപണികൾ കൂടുതൽ യുക്തി സഹവുമാണ്. സ്വന്തം രൂപരേഖ ഉണ്ടാക്കുകയും മറ്റുള്ളവരുടെ മാറ്റം വരുന്ന രൂപരേഖകളുമായി ഒത്തു പോകുന്ന ലക്ഷകണക്കിന് ജനങ്ങളുടെ പ്രാദേശിക വൈദഗ്ദ്ധ്യവും അറിവും ഇവർ ഉപയോഗിക്കുന്നു. ഒരു കേന്ദ്രീകൃത നിയന്ത്രിത സമ്പദ്ഘടനയിലേറെ ആസൂത്രണം ഒരു സ്വതന്ത്ര സമ്പദ്ഘടനയിൽ ആവശ്യമായി വരുന്നു. ഇത് സർക്കാർ നിലയ്ക്കല്ലാതെ വ്യക്തിഗത നിലയ്ക്ക് ചെയ്യാവുന്ന ഒന്നായി മാറുന്നു.

**ചോദ്യം : സ്വതന്ത്ര വിപണികൾ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടിട്ടില്ലേ?**

ഇല്ല. വിപണികൾ പരാജയപ്പെട്ടിട്ടില്ല. പല പാരിസ്ഥിതിക ഉല്പന്നങ്ങൾക്കും ഒരു വിപണി ഇല്ല. വസ്തുക്കൾ കുറവും വില നല്കാത്തവരെ ഒഴിവാക്കാൻ കഴിയുമ്പോഴും വിപണി നല്ല വണ്ണം പ്രവർത്തിക്കും, വസ്തുക്കൾ ധാരാളവും വില നല്കാത്തവരെ ഒഴിവാക്കാൻ കഴിയാത്തപ്പോഴും അല്ല.

എങ്ങനെയിരുന്നാലും പാരസ്ഥിതിക ഉല്പന്നങ്ങൾക്കും വിപണി ഉണ്ടെന്ന്

ജനങ്ങൾ മനസ്സിലാക്കി വരുന്നു. കടലിലെ മത്സ്യ സമ്പത്ത് നാശത്തോളം കൊയ്തെടുക്കാതെ ചില രാഷ്ട്രങ്ങൾ ഉദാഹരണത്തിന് നില നിർത്താവുന്ന പരിധികൾ നിശ്ചയിക്കുകയും മുഴുവനിൽ ഭാഗികമായി കൊയ്തെടുക്കാൻ പെർമിറ്റുകൾ നൽകുകയും ചെയ്യുന്നു. ഈ പെർമിറ്റുകൾ വിപണനം ചെയ്യാവുന്നതാണ് അതിന് ഒരു വിപണി പെട്ടെന്ന് ഉയർന്നുവരുന്നു. ശേഖരം ഉയർത്തി നിർത്തികൊണ്ടു തന്നെ കാര്യപ്രാപ്തി പുരോഗമിക്കുന്നു.

സ്വതന്ത്ര സമ്പദ്‌വ്യവസ്ഥയുടെ ഫലമായി ജനങ്ങൾ ധനികരാകുമ്പോൾ അവർക്ക് പരിതസ്ഥിതി കൂടുതൽ സംരക്ഷിക്കാൻ സാധിക്കുന്നു. ചൈന അവരുടെ വ്യവസായങ്ങളിൽ നിന്ന് കടുത്ത മലിനീകരണം അനുഭവിക്കുന്നു. എന്നാൽ അവിടുത്തെ ജനങ്ങൾ അടിസ്ഥാന സാമ്പത്തിക വളർച്ചയ്ക്ക് ശുദ്ധവായു എന്ന ആഡംബരത്തേക്കാൾ വില കല്പിക്കുന്നു. അവർ ധനികരാവുമ്പോൾ അവർക്കു മുമ്പേയുള്ള മറ്റേതൊരു രാജ്യത്തേയും പോലെ മാനദണ്ഡങ്ങൾ മാറുകയും അവർക്ക് കൂടുതൽ വൃത്തിയുള്ള വ്യവസായ പ്രിക്രിയകൾ മലിനീകരണം കുറവുള്ളത് താങ്ങുവാൻ സാധിക്കും.

### *സർക്കാർ ചിലവ് വഹിക്കുന്ന സംരഭങ്ങൾ*

അവരവരുടെ രാഷ്ട്രത്തിന്റെ മുഴുവൻ ഉല്പാദന പ്രക്രിയയും അവർക്ക് ഫലപ്രദമയ സ്വന്തമാക്കാനും നിലനിർത്താനും കഴിയുമെന്ന് വിശ്വസിക്കുന്ന സർക്കാരുകൾ ഇന്ന് ഇല്ല തന്നെ. ലോകത്തിലെ മിക്ക സമ്പദ് വ്യവസ്ഥകളും ഒരു മിശ്രിത സമ്പദ്‌വ്യവസ്ഥകളാണ്. അവയിൽ സർക്കാരിന്റെ ഉടമസ്ഥതയിൽ ചില വ്യവസായങ്ങൾ മാത്രമെ ഉള്ളൂ. മറ്റുള്ളവയുടെ പരിണതഫലങ്ങളെ ആസൂത്രണത്തിലൂടെയും നിയന്ത്രങ്ങളിലൂടെയും, സഹായ ധനങ്ങളിലൂടെയും നികുതിയിലൂടെയും സർക്കാർ ഓഹരികളിലൂടെയും നയിക്കാനും കൈകാര്യം ചെയ്യാനും ശ്രമിക്കുന്നു.

ഇരുപതാം നൂറ്റാണ്ട് മിക്ക രാജ്യങ്ങളും പ്രത്യേക തരത്തിൽ തന്ത്രപരമായ പല വ്യവസായങ്ങളും ദേശവൽക്കരിക്കുന്നതു കണ്ടു. പല രാജ്യങ്ങളും ഇത്തരം വ്യവസായങ്ങൾ, വാർത്താവിനിമയം, ഗതാഗതം, ബാങ്കിങ്ങ്, പൊതുപയോഗങ്ങൾ, ഖനനം, മുതലായവ ഇപ്പോഴും സ്വന്തമാക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നു.

നിർഭാഗ്യവശാൽ ഇത്തരം വ്യവസായങ്ങളുടെ സർക്കാർ ഉടമസ്ഥത പലപ്പോഴും സർക്കാരിന്റെ കുത്തകയിലേക്ക് നയിക്കുന്നു. അത്തരം കുത്തകകൾ പലപ്പോഴും ആർക്കും ഫലപ്രദമായി നിയന്ത്രിക്കാൻ പറ്റാത്തത്ര വലുതായിരിക്കും.

ഒരു കുത്തക പൊതുവാണോ സ്വകാര്യമാണോ എന്നത് കാര്യമാക്കാതെ അവ അനിവാര്യമായും ചീർത്തും മടിയുള്ളതും ആയി ഉയർന്ന ചിലവിൽ മോശമായ സേവനം നൽകും.

ഇവയുടെ തന്ത്രപ്രാധാന്യം സർക്കാർ ഉടമസ്ഥതയ്ക്കുള്ള ഒരു കാരണമല്ല. മിക്ക ധനിക രാജ്യങ്ങളിലേയും ബാങ്കുകൾ സ്വകാര്യമാണ്. തീർച്ചയായും അവയെ സർക്കാർ ഉടമസ്ഥതയിലാക്കുന്നത് ആ ബാങ്കുകളെയും അവയെ ആശ്രയിക്കുന്ന കുടുംബാംഗങ്ങളെയും കച്ചവട സ്ഥാപനങ്ങളേയും നശിപ്പിക്കും. സർക്കാരിന്റെ ദാതാക്കളായി വർത്തിക്കുന്നതോ അല്ലെങ്കിൽ നേരിട്ട് ഉപഭോക്താക്കളുമായി ഇടപെടുന്നവരോ ആയ വാണിജ്യസ്ഥാപനങ്ങൾ ഇപ്പോൾ ലോകത്തിലെ മിക്കവാറും വാർത്താവിനിമയം , ഗതാഗതം, പൊതുപയോഗങ്ങൾ എന്നിവ പ്രദാനം ചെയ്യുന്നു. സ്വകാര്യമൂലധനവും വൈദഗ്ദ്ധ്യവും കൊണ്ടുവരാൻ കഴിയുന്ന മത്സരബുദ്ധിയുള്ള സ്ഥാപനങ്ങളാൽ ഇത്തരം പ്രധാന സേവനങ്ങൾ ഭേദപ്പെട്ട നിലയിൽ കൊടുക്കാൻ പറ്റുമെന്നത് അംഗീകരിച്ചുകൊണ്ട് മിക്ക രാജ്യങ്ങളും സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനികളെ സ്വകാര്യവൽക്കരിച്ചിരിക്കുന്നു.

സർക്കാരുകൾ വ്യവസായങ്ങളുടെ ഉടമയായിരിക്കാതെ തന്നെ അവയെ നിയന്ത്രിക്കാമെന്ന് പഠിച്ചു കഴിഞ്ഞിട്ടുണ്ട്. അവരതിൽ ഓഹരിയുടമകളാകുകയും അവരുടെ അവകാശമുപയോഗിച്ച് കമ്പനികൾ എന്തു ചെയ്യുന്നു സമിതികളിൽ ആരെ നിയമിക്കുന്നു എന്നതെല്ലാം നിയന്ത്രിക്കുന്നു. ചിലപ്പോൾ അവർ അവർക്ക് തന്നെ സുവർണ്ണ ഓഹരികൾ നൽകുന്നു. ഇവ പ്രധാന വിഷയങ്ങളിൽ അവർക്ക് അവസാന വാക്ക് നൽകുന്നു.

ഇത്തരം നികൃഷ്ടമായ ഇടപെടലുകൾക്ക് സ്വതന്ത്ര്യ സമൂഹത്തിൽ തിരസ്ക്കരിക്കപ്പെടും . ഇത് സർക്കാരുടമസ്ഥതയിലേക്കും പൊതുജനോപയോഗത്തിനായി തീരുമാനങ്ങൾ എടുക്കുന്നതിലേക്കും നയിക്കുന്നു. ഇത് സ്ഥാപനങ്ങൾ മേടിക്കാതെ തന്നെ സർക്കാരിനെ തീരുമാനങ്ങളെടുക്കാൻ സമ്മതിക്കുന്നു. അവരവരുടെ സമ്പാദ്യവും പെൻഷനും ലാഭകരമായ കമ്പനികളിൽ നിക്ഷേപിച്ചിട്ടുള്ള സാധാരണ ജനങ്ങളുൾപെടെയുള്ളവരുടെ സ്വത്ത് കവർച്ച ചെയ്യപ്പെടുകയാണ്. അഴിമതിക്കുള്ള അവസരങ്ങൾ അനവധിയാണ്. ആശ്രിതർക്ക് ആദായകരമായ കമ്മിറ്റി സ്ഥാപനങ്ങൾ കൊടുക്കും. വ്യവസായ ശാലകൾ ഇഷ്ടപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കാം. കൂടാതെ ഫലങ്ങൾ പിന്താങ്ങുന്നവരുടെ നേട്ടങ്ങൾക്കായി ഉപയോഗിക്കാം.

സർക്കാരുകൾക്ക് നിയന്ത്രണത്തിലൂടെ സ്വകാര്യ കമ്പനികളുടെ നിയന്ത്രണം

ഫലപ്രദമായി എടുക്കാം. ചട്ടങ്ങൾ കമ്പനികൾ എങ്ങനെ പ്രവർത്തിക്കുന്നു. അവർ എന്തു ലാഭിക്കുന്നു. അവർക്കെത്ര വില നിശ്ചയിക്കാം അവർക്ക് എവിടെ നിക്ഷേപിക്കാം തൊഴിൽ സൃഷ്ടിക്കാം, എത്ര തൊഴിലാളികൾക്ക് എത്ര കൊടുക്കാം മുതാലായവ പരിമിതപ്പെടുത്താം. ഇത്തരത്തിലുള്ള സ്വകാര്യവിഭവങ്ങളുടെ സർക്കാർ നിയന്ത്രണം വളരെ സാധാരണമാണ് സ്വതന്ത്ര്യമെന്ന് വിശേഷിപ്പിക്കപ്പെടുന്ന രാജ്യങ്ങളിൽ പോലും എന്നാൽ ഇത് യാഥാർത്ഥ സ്വതന്ത്ര്യ സമൂഹത്തിന്റെ അത്യാവശ്യമായ അടിത്തറയായ സ്വകാര്യ സമ്പത്ത് എന്ന സ്വാതന്ത്ര്യത്തിന് ഘടക വിരുദ്ധമാണ്.

## അന്താരാഷ്ട്ര വ്യാപാരം

### *വ്യാപാരവും സംരക്ഷണ വാദവും*

ഒരേ രാജ്യത്തിലെ വ്യക്തികൾ തമ്മിലുള്ള സ്വതന്ത്ര്യ വാണിജ്യത്തിൽ നിന്നുണ്ടാവുന്ന സദ്ഫലങ്ങൾ ജനങ്ങൾ അന്താരാഷ്ട്ര അതിർത്തിക്കതീതമായി വ്യാപാരം നടത്തുമ്പോൾ സൃഷ്ടിക്കപ്പെടുന്നു. വ്യാപാരം രാഷ്ട്രങ്ങളെ അവർ ഏറ്റവും നന്നായി ചെയ്യുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും അവരുടെ ശേഷിപ്പ് മറ്റു കാര്യങ്ങൾ നന്നായി ചെയ്യുന്ന മറ്റു രാജ്യങ്ങളിലേക്കയക്കാനും അനുവദിക്കുന്നു. ലോകത്തിലെ പുഷ്പകൃഷിയുടെ സിംഹഭാഗവും ഉണ്ടാകുന്നത് കെനിയയിലാണ്. ഇവിടെ ഇത് വളർത്തുന്നതിനു യോജിച്ച മണ്ണും കാലാവസ്ഥയുമാണ് എന്നാൽ ചിലി, ആസ്ട്രേലിയ, ഫ്രാൻസ് എന്നിവ പ്രമുഖമായ വിത്തുല്പാദകരായാണ് അറിയപ്പെടുന്നത്. അവരുടെ ഭൂമിയും കാലാവസ്ഥയും അവർ കെട്ടിപ്പടുത്ത വൈദഗ്ദ്ധ്യവും കാരണം ഇന്ത്യ താരതമേന്യ വില കുറഞ്ഞതും വിദ്യാഭ്യാസമുള്ളതുമായ തൊഴിൽ സമൂഹത്താൽ സേവനങ്ങൾക്കും ഉല്പാദനത്തിനും പ്രധാന രാജ്യമായി മാറിയിട്ടുണ്ട്. ഉല്പാദനം കൂടുതൽ മെച്ചപെട്ടതും ചിലവ് കുറഞ്ഞതും ആക്കാനുള്ള ആയുധങ്ങളും ഉപകരണങ്ങളും പോലുള്ള മൂലധനം കെട്ടിപ്പടുക്കാനും വൈദഗ്ദ്ധ്യം നേടാനും ജനങ്ങളെ അന്താരാഷ്ട്ര വ്യാപാരം അനുവദിക്കുന്നു.

വ്യത്യസ്ത രാജ്യങ്ങളിലെ ജനങ്ങളുടെ മൂല്യങ്ങൾ ഒരേ രാജ്യത്തിലെ ജനങ്ങളുടെതിനേക്കാൾ ഗാഢമായി വ്യത്യസ്തമാക്കുന്നതിനാൽ പരസ്പര നേട്ടത്തിനുള്ള അവസരങ്ങൾ വളരെ അധികമാണ്. മധ്യകാലഘട്ടത്ത് ഉദാഹരണത്തിന് ഇന്ത്യയിലും ചൈനയിലും സുലഭമായി വളർന്നിരുന്ന ചായ പോലുള്ള ഉല്പന്നങ്ങൾക്ക് യൂറോപ്യൻ യാത്രികർ വലിയ വില നൽകുമായിരുന്നു. മദ്ധ്യേഷ്യൻ രാജ്യങ്ങളിൽ വില കുറഞ്ഞതും സുലഭവുമായ മസാലകൾക്കും ഇന്ന് ജനങ്ങൾ ഭൂമിക്ക് ചുറ്റും പകുതിയോളം സഞ്ചരിക്കുന്നു. വെനിസിലെ നിർമ്മാണ രീതിയും,

തായ്‌ലാന്റിലെ സംസ്ക്കാരവും സന്ദർശിക്കാനും അവയുടെ സ്വദേശത്ത് നിന്ന് എത്ര വ്യത്യാസമാണ് എന്ന് അത്ഭുതപ്പെടുത്തുന്നു.

ഒരു സ്വതന്ത്ര്യ സമൂഹം എല്ലാ രാജ്യങ്ങളിലേയും ഉല്പന്നങ്ങളെ സ്വാഗതം ചെയ്യുന്നു. ഇത് വ്യാപാരത്തിന്റെ ചലനാത്മക നേട്ടങ്ങളും വ്യാപാരം എങ്ങനെ അഭിവൃദ്ധി പരത്തുന്നു എന്നും അംഗീകരിക്കുന്നു. മറ്റു രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി നിരോധിച്ച് സ്വന്തം ദാതാക്കളെ സംരക്ഷിക്കുന്ന സംരക്ഷണത്വമാണ് ഇതരമാർഗ്ഗം ഇത് ആഭ്യന്തര ദാതാക്കൾക്ക് എളുപ്പമാക്കി നൽകുന്നു. എന്നാൽ ഇതർത്ഥമാക്കുന്നത് ആഭ്യന്തര ഉപഭോക്താക്കൾക്ക് നല്ലതും വില കുറഞ്ഞതുമായ ഉല്പന്നങ്ങൾ വിദേശത്ത് നിന്നു വരുന്നത് നിഷേധിക്കപ്പെടുന്നു എന്നതാണ്. അവർ സംരക്ഷിത ആഭ്യന്തര ഉല്പന്നങ്ങൾക്ക് വലിയ വില നൽകുന്നു. കുറഞ്ഞ തിരഞ്ഞെടുപ്പുകളേ ഉള്ളൂ, മോശം ഉല്പന്നങ്ങളുമായി സന്ധി ചെയ്യണം.

### *സംരക്ഷണ വാദം വ്യർത്ഥമാണ്*

ഒരു രാജ്യം സ്വന്തമായി ഒരു സാധനം ഉണ്ടാക്കുമ്പോൾ അത് മെച്ചപ്പെട്ട നിലയിൽ ചിലവ് കുറച്ച് വിദേശത്ത് നിർമ്മിക്കാം. ഇത് വിഭവങ്ങളെ (പാരിസ്ഥിതിക വിഭവങ്ങൾ ഉൾപ്പെടെ) വ്യർത്ഥമാക്കുന്നു. ആഡംസ്മിത്ത് ചൂണ്ടിക്കാട്ടി ഗ്രീൻ ഹൗസുകളുടെ സഹായത്തോടെ തണുത്ത മഴയുള്ള സ്കോട്ട്ലാന്റിൽ മുന്തിരി ഉല്പാദിപ്പിക്കാം, പക്ഷെ ഫ്രാൻസിലെ സ്വാഭാവിക സൂര്യ പ്രകാശത്തിനേക്കാൾ 30 മടങ്ങ് അധിക ചിലവിൽ നിങ്ങളുടെ സമയം, പണം, ശ്രമം എന്നീ വിഭവങ്ങൾ എന്തിന് വ്യർത്ഥമാക്കണം. നമ്മെക്കാൾ മെച്ചപ്പെട്ട രീതിയിൽ കുറഞ്ഞ ചിലവിൽ മറ്റൊരാൾ ചെയ്യുന്ന കാര്യം നമ്മൾ സ്വയം ചെയ്യാൻ ശ്രമിച്ചിട്ട്?

അതിശയലേശമന്യേ മിടുക്കരായ ഉല്പാദകർ രാജ്യങ്ങൾ അവരുടെ ഉല്പന്നങ്ങളെ ആനുപാതികമായി പങ്ക്, നിരോധനം , നികുതി എന്നിവയിൽ പുറത്തു നിറുത്താൻ ശ്രമിക്കുന്നതിനെ എതിർക്കുന്നു. അവർ അവരുടെ തന്നെ തടസ്സങ്ങളെ ഉയർത്തികൊണ്ട് തിരിച്ചടിക്കും. അത്തരം വ്യാപാരയുദ്ധങ്ങൾ ആർക്കും നേട്ടമുണ്ടാക്കുന്നില്ല. എല്ലാ തടസ്സങ്ങളും മാറ്റുകയും ജനങ്ങളെ അവർ തിരഞ്ഞെടുക്കുന്ന വ്യാപാരം ചെയ്യാനനുവദിക്കുകയും ചെയ്താൽ വളരെ നല്ലതാണ്. പ്രത്യേകിച്ചും ഇരുരാജ്യങ്ങളിലേയും ദരിദ്രരായ ജനങ്ങൾക്കാണ് വില കുറഞ്ഞ ഇറക്കുമതിയിൽ നിന്ന് ഏറ്റവും നേട്ടം.

ഇതുതന്നെ കുടിയേറ്റത്തിനും ബാധകമാണ്. ഒരു സ്വതന്ത്ര്യ സമൂഹത്തിൽ ജനങ്ങൾ രാജ്യങ്ങൾക്കിടയിൽ സഞ്ചരിക്കുന്നതിന് തടസ്സമുണ്ടാകില്ല. കുടിയേറ്റക്കാർ അവർ ചെന്നു കയറുന്ന രാജ്യങ്ങൾക്ക് സഹായകരമായ പുതിയ ആശ

യങ്ങളും ഊർജ്ജവും കൊണ്ടു വരുന്നു. ഉദാഹരണത്തിന് യൂറോപ്പിലേക്കും വടക്കേ അമേരിക്കയിലേക്കും ഉണ്ടായ കുടിയേറ്റ പ്രവാഹം വലിയ പുരോഗതിയുണ്ടാക്കി. ദശാബ്ദങ്ങളായി നിലനിന്നിരുന്ന നിയന്ത്രണങ്ങൾ തിരസ്ക്കരിക്കുക എളുപ്പമായിരിക്കില്ല വലിയ താല്ക്കാലിക പ്രശ്നങ്ങൾക്ക് കാരണമായേക്കാം. പക്ഷേ സ്വതന്ത്രസമൂഹത്തിന്റെ വിശ്വസ്തരുടെ ആത്യന്തികമായ ലക്ഷ്യം ഇതായിരിക്കണം.

### *സ്വതന്ത്ര്യ വ്യാപാരം പ്രവർത്തനത്തിൽ*

സ്വതന്ത്ര വ്യാപാര ഭരണ ക്രമമുള്ള രാജ്യങ്ങൾ വേഗത്തിൽ വളരുകയും ഇതില്ലാത്ത രാജ്യങ്ങളേക്കാൾ അഭിവൃദ്ധിയുള്ളവയും ആകുന്നു. ചെറിയ വ്യാപാര നഗരങ്ങളായ സിംഗപ്പൂരിനേയും ഹോങ്ക്കോങ്ങിനേയും നോക്കൂ രണ്ടിനും സ്വാഭാവിക വിഭവങ്ങളുടെ സഹായം വളരെ കുറവാണ്. 1960 – കളിൽ രണ്ടും സ്വഭാവിക വിഭവങ്ങൾ ധാരാളമുള്ള ആഫ്രിക്കൻ, കരീബിയൻ രാജ്യങ്ങളെപോലെ ദരിദ്രമായിരുന്നു. ഇന്ന് വ്യാപാരവും സാമ്പത്തിക സ്വാതന്ത്ര്യവും കാരണം അവർ പലമടങ്ങ് ധനികരാണ്.

വ്യാപാരത്തിന്റെ വ്യാപ്തി ലോക ദാരിദ്ര്യത്തെ വലിയ നിലയിൽ കുറച്ചിട്ടുണ്ട്. ചില ആളുകൾ ഇറക്കുമതിയും വിദേശ നിക്ഷേപവും അനുവദിക്കുന്നത് പ്രാദേശിക ജനതയുടെ ചൂഷണത്തിന് വഴിയൊരുക്കുമെന്ന് പേടിക്കുന്നു. സത്യം എന്തെന്നാൽ ആരും ആരെയും വ്യവസായശാലകളിൽ പണിയെടുക്കാൻ നിർബന്ധിക്കുന്നില്ല. എന്നാൽ മിക്കവരും വ്യവസായശാലകളിൽ ഒരു നിശ്ചിത കൂലിക്ക് തൊഴിലെടുക്കാനാണിഷ്ടപ്പെടുന്നത്. കുറഞ്ഞതും അനിശ്ചിതവുമായ കൂലിക്ക് വേണ്ടി ചുട്ട സൂര്യനിൽ പാടത്തെ നടു ഒടിക്കുന്ന തൊഴിലിനേക്കാൾ വിദേശ നിക്ഷേപം കടന്നു വന്നിരിക്കുന്ന വിയറ്റ്നാം പോലുള്ള രാജ്യങ്ങളിലെ ഇത്തരം വ്യവസായ ശാലകളിലെ തൊഴിലാളികൾക്ക് മുമ്പ് സ്വപ്നം കാണാൻ പോലും സാധിക്കാതിരുന്ന സ്കൂട്ടർ, ടെലിവിഷൻ, മറ്റു ആഢംബരങ്ങൾ എന്നിവ സ്വന്തമാക്കാൻ ആഗ്രഹിക്കാം.

മൊബൈൽ ഫോൺ, കയ്യിൽ പിടിക്കുന്ന കമ്പ്യൂട്ടർ മുതലായ ഏത് പരിഷ്കൃത ഉല്പന്നത്തിലും ലോകത്ത് എല്ലായിടത്തും നിന്നുമുള്ള വിഭവങ്ങളും വൈദഗ്ദ്ധ്യവും പ്രാപ്തിയും ഉൾപെടുന്നു. രൂപകല്പന ചെയ്യുന്നയാൾ കാലിഫോർണിയയിൽ ജീവിക്കാം എന്നാൽ നിർമ്മാണം നിയന്ത്രിക്കുന്ന ആൾ ഹോങ്കോങ്ങിലും നിർവഹിക്കുന്ന ആൾ ചൈനയിലും ആയിരിക്കാം. ഉല്പന്നത്തിൽ ഉപയോഗിച്ചിരിക്കുന്ന ലോഹങ്ങളും മറ്റു സാമഗ്രഹികളും ഏഷ്യയിൽ നിന്നോ ആസ്ട്രേലിയയിൽ നിന്നോ ദക്ഷിണ അമേരിക്കയിൽ നിന്നോ ഖനനം ചെയ്യു

ന്നതായിരിക്കാം. ഉല്പന്നം വഹിച്ചു കൊണ്ടു പോകുന്നത് ഗ്രീസിൽ ഉള്ള ഷിപ്പിങ്ങ് ശൃംഖലയോ നെതർലാന്റ്സിലുള്ള വ്യോമ ശൃംഖലയോ ആകാം ഉപഭോക്താക്കൾ തീർച്ചയായും ലോകത്ത് എല്ലായിടത്തു നിന്നുമുണ്ട്.

ജനങ്ങൾ മറ്റു രാജ്യങ്ങളിലെ ആൾക്കാരുമായി വ്യാപാരം ചെയ്യുമ്പോൾ അവരെ നന്നായി മനസ്സിലാക്കാനും ഏറ്റവും കുറഞ്ഞത് ബഹുമാനിക്കാനും തുടങ്ങും. വ്യാപാരികൾക്ക് അവരെ സ്വയം മറ്റു രാജ്യങ്ങളിലോ, വർഗ്ഗത്തിലോ ഉള്ളവരിൽ നിന്നും ഉയർന്നവരായി കാണാൻ പറ്റില്ല. അവർക്ക് നേട്ടമുണ്ടാകണമെങ്കിൽ അവർക്ക് മറ്റുള്ളവരുമായി ദാതാക്കളും സഹകാരികളായും ഉപഭോക്താക്കളായും സമാധാനപരമായി വ്യാപാരം ചെയ്തേ പറ്റൂ. അന്താരാഷ്ട്ര വ്യാപാരം ധാരണയും സമാധാനവും ഉണ്ടായിരുന്നു. അവയ്ക്ക് അവയുടേതായ വിശാസമായ സദ്ഫലങ്ങൾ ഉണ്ട്. ഏറ്റവും സ്വാതന്ത്ര്യവും തുറന്നതുമായ സമൂഹങ്ങൾ ഏറ്റവും സ്വാതന്ത്ര്യവും തുറന്നതുമായ വ്യാപാരം ഉള്ളവയാണെന്നതിൽ അത്ഭുതമില്ല.

# 6. സ്വത്തും നീതിയും

നീതിയുടെ ഏറ്റവും സവിശേഷമായ അർത്ഥം എങ്ങനെ ജനങ്ങളുടെ പ്രവർത്തനങ്ങളുടെ പ്രതിഫലങ്ങൾ അവർക്കിടയിൽ വിതരണം ചെയ്യണം എന്നതിലുപരി അവർ എങ്ങനെ പരസ്പരം ബഹുമാനത്തോടുകൂടി പെരുമാറണം എന്നതാണെന്ന് അധ്യായം 4 ൽ നമ്മൾ മനസ്സിലാക്കി. വ്യക്തികൾ ഓരോരുത്തരോടും പെരുമാറുന്നത് നിയന്ത്രിക്കുന്ന നിയമങ്ങൾ പക്ഷേ സങ്കീർണ്ണമാണ്. ഇത്തരം പെരുമാറ്റ ചട്ടങ്ങൾ പരിപാലിക്കുന്നതിനും നടപ്പിലാക്കുന്നതിനും, സ്വത്ത്, നിയമവാഴ്ച, മറ്റുള്ളവരുടെ അവകാശങ്ങളെ ബഹുമാനിക്കൽ എന്നിങ്ങനെ ചില മൂല്യങ്ങളും സാമൂഹിക സ്ഥാപനങ്ങളും ആവശ്യമാണ്.

## സ്വകാര്യ സ്വത്ത്

### *സ്വത്തിന്റെ അർത്ഥം*

ഒരു സ്വതന്ത്ര സമൂഹത്തിന്റെ പ്രവർത്തനത്തിന് ഏറ്റവും അടിസ്ഥാനപരമായ ഒന്നാണ് ജനങ്ങൾക്ക് സ്വത്ത് സ്വന്തമാക്കാനുള്ള കഴിവ്. സ്വത്ത് ഉടമസ്ഥാവകാശം കൊണ്ടർത്ഥമാക്കുന്നത് നിങ്ങൾക്ക് എന്തെങ്കിലും കൈവശം വയ്ക്കുവാനോ നിയന്ത്രിക്കുവാനോ കഴിയും, നിർണ്ണായകമായും ആ വസ്തുവിൽ നിന്ന് മറ്റുള്ളവരെ ഒഴിവാക്കാനും കഴിയും എന്നതാണ്. അത് നിങ്ങൾക്ക് വച്ചനുഭവിയ്ക്കാം, വാടകയ്ക്കു കൊടുക്കാം, വിൽക്കാം, ഉപേക്ഷിക്കാം അല്ലെങ്കിൽ അതിനെ നശിപ്പിക്കാം പക്ഷേ മറ്റുള്ളവർക്ക് നിങ്ങളുടെ അറിവോ സമ്മതമോ കൂടാതെ അതു ഉപയോഗിക്കുവാനോ നിങ്ങളിൽ നിന്ന് എടുക്കുവാനോ കഴിയില്ല. നിങ്ങളുടെ സ്വത്ത് ഒരിക്കലും നിയമപരമായി നിങ്ങളിൽ നിന്നും പിടിച്ചുവാങ്ങുവാനോ എടുക്കുവാനോ കഴിയില്ല.

വ്യക്തികൾക്ക് സ്വത്തുക്കൾ സ്വന്തമാക്കാൻ കഴിയും, അതുപോലെ തന്നെ വിവാഹിതരായ ദമ്പതികൾ, പങ്കുകച്ചവടക്കാർ, സംസ്ഥാപിത സംഘങ്ങൾ, സർക്കാ

രുകൾ, പൊതു സമിതികൾ തുടങ്ങിയ ഗ്രൂപ്പുകൾക്കും സ്വത്ത് സ്വന്തമാക്കുവാൻ കഴിയും.

സ്വത്ത് എന്നുപറയുന്നത്, എല്ലായ്പ്പോഴും ഒരു തുണ്ട് ഭൂമിയോ അല്ലെങ്കിൽ കെട്ടിടമോ പോലുള്ള ഭൗതികമായതോ നിശ്ചലമായതോ ആയ വസ്തുക്കൾ ആയിരിക്കില്ല. കൃഷിയിടങ്ങളിൽ പണിയെടുപ്പിക്കുന്ന മൃഗങ്ങളോ, ഒരു ട്രക്കോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള വസ്ത്രമോ പോലുള്ള ചലനാത്മകമായ വസ്തുക്കളാവാം. ഏതെങ്കിലും തരത്തിലുള്ള ഭൗതികമല്ലാത്ത വസ്തുവും ആകാം. ഒരു ട്രേഡ്മാർക്കോ അല്ലെങ്കിൽ എന്തെങ്കിലും എഴുതിയതിന്റേയോ റിക്കോർഡ് ചെയ്തതിന്റേയോ പകർപ്പവകാശമോ അല്ലെങ്കിൽ നിങ്ങൾ രൂപകല്പന കൊടുത്ത എന്തിന്റെയെങ്കിലും സ്വകാര്യാവകാശമോ (പേറ്റന്റ്) പോലുള്ള ബൗദ്ധികമായ സ്വത്തുക്കളോ ആവാം. ഒരു കമ്പനിയിലെ ഓഹരി പങ്കാളിത്തമോ, ആരെങ്കിലും നിങ്ങൾക്ക് തരാനുള്ള കടമോ അല്ലെങ്കിൽ നിങ്ങളുടെ സമ്പാദ്യമോആകാം. ആരുടെയെങ്കിലും ഭൂമി ഒരു പ്രത്യേക കാലയളവിലേയ്ക്ക് നിങ്ങൾ പാട്ടത്തിനെടുത്തതോ അല്ലെങ്കിൽ ഒരു റേഡിയോ നിലയത്തിന്റെ ചില തരംഗദൈർഘ്യം ഉപയോഗിയ്ക്കുവാനുള്ള അവകാശമോ ആവാം. അപ്പോൾ സ്വത്തെന്നു പറയുന്നത് എന്തെങ്കിലും സ്ഥിരമായതോ ഭൗതികമായതോ തന്നെ ആവണമെന്നില്ല.

സ്വത്തുക്കൾ സൃഷ്ടിയ്ക്കുവാനും കഴിയും. ഒരു ട്രക്കോ അല്ലെങ്കിൽ ഒരു വസ്ത്രമോ, വ്യത്യസ്ത ഘടകങ്ങൾ കൂട്ടിച്ചേർത്ത് നിർമ്മിയ്ക്കുന്ന ഒരു പുതിയ സ്വത്താണ്, ഒരു കാർഷിക മൃഗം നാം വളർത്തി വലുതാക്കുന്നതാണ്. ആളുകൾ പുതിയ പുസ്തകങ്ങൾ എഴുതുന്നു അല്ലെങ്കിൽ പുതിയ സമ്പാദ്യ പദ്ധതികൾ വികസിപ്പിച്ചെടുക്കുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യ വലിയ തോതിലുള്ള മൊബൈൽ ഫോൺ ഉല്പാദന മാർഗ്ഗങ്ങൾ സൃഷ്ടിയ്ക്കുന്നു, തികച്ചും പുതിയൊരു രൂപത്തിലുള്ള സ്വത്ത്.

പ്രധാനമായും, നിങ്ങളുടെ സ്വന്തം ശരീരത്തിനുമേൽ നങ്ങൾക്കുള്ള അവകാശവും നിങ്ങൾ ചെയ്യുന്ന പ്രവൃത്തിയുടെ ഗുണഫലങ്ങൾ അനുഭവിക്കുവാനുള്ള അവകാശവും എല്ലാം സ്വത്തിൽ ഉൾപ്പെടുന്നു. ഒരു സ്വതന്ത്ര സമൂഹത്തിൽ വ്യക്തമായ കാരണങ്ങൾ ഇല്ലാതെ നിങ്ങളെ ആർക്കും അറസ്റ്റു ചെയ്യുവാനോ ജയിലിലടക്കുവാനോ കഴിയില്ല. മറ്റൊരാൾക്കു വേണ്ടി ജോലി ചെയ്യുവാൻ ആർക്കും നിങ്ങളെ നിയമപരമായി നിർബന്ധിക്കുവാൻ കഴിയില്ല. നിങ്ങളുടെ കഴിവും വൈദഗ്ധ്യവും അറിവും പ്രയത്നവും ഉപയോഗിച്ച് സൃഷ്ടിച്ചെടുത്ത ഒന്നിനെയും മോഷ്ടിക്കുവാനോ കൊള്ളയടിക്കുവാനോ ആരെയും അനുവദിക്കുന്നില്ല.

### *സ്വത്തും പുരോഗതിയും*

സ്വകാര്യ സ്വത്ത് വ്യവസ്ഥ എല്ലായ്പ്പോഴും അംഗികരിക്കപ്പെടുന്നില്ലെങ്കിലും, അതിന് മനുഷ്യരാശിയോളം കാലപ്പഴക്കമുണ്ട്. പുരാതന കാലത്ത് സ്വകാര്യ സ്വത്തെന്ന ആശയത്തെ പരിഹസിച്ചിരുന്നു. ഈ അടുത്ത കാലത്തായി റഷ്യ, ചൈന തുടങ്ങിയ രാജ്യങ്ങൾ കൃഷിയിടങ്ങളുടെയും ഫാക്ടറികളുടെയും കൂട്ടായ ഉടമസ്ഥാവകാശം പരീക്ഷിച്ചു നോക്കി. എന്നാൽ സ്വകാര്യസ്വത്തിന്റെ ക്രമാഗതമായ അംഗീകാരത്തോടും സംരക്ഷണത്തോടും കൂടിയാണ് ആധുനിക വ്യാപാരം ഉയർന്നുവന്നത്. അത് വ്യാപാരത്തിൽ ഏർപ്പെടുന്ന രാജ്യങ്ങൾക്കിടയിൽ വളരെയധികം സമ്പത്ത് നേടിക്കൊടുത്തു.

ആളുകൾ എന്തെങ്കിലും ഒന്ന് സ്വന്തമാക്കുമ്പോൾ, അവർക്കതു ഇല്ലാതിരുന്ന സമയത്തേക്കാൾ വളരെ കൂടുതൽ താല്പര്യം അതി നിലനിർത്തുന്നതിനും പരിപോഷിപ്പിയ്ക്കുന്നതിനും കാണിയ്ക്കുന്നു എന്ന് പരിസ്ഥിതി വാദിയായ ഗാരെറ്റ് ഹാർഡിൻ (Garrett Hardin) അദ്ദേഹത്തിന്റെ പുസ്തകമായ ദ് ട്രാജഡി ഓഫ് ദ കോമൻസ്ൽ [1] എഴുതി. അത് എന്ത്കൊണ്ടാണെന്ന് മനസിലാക്കാൻ എളുപ്പമായിരുന്നു. സ്വകാര്യ സ്വത്തായ ഒരു ഭൂമിയിൽ കൂട്ടായ ഉടമസ്ഥാവകാശമുള്ളിടത്ത് ചെയ്യുന്നതിനേക്കാൾ മികച്ച രിതിയിൽ കൃഷി ചെയ്യപ്പെടുന്നു. ഒരു കെട്ടിടസമുച്ചയത്തിന്റെ പൊതുവായ ഏണിപ്പടികളും സ്ഥലങ്ങളും മിക്കവാറും വൃത്തി ഹീനവും ജീർണ്ണിച്ചതും ആവും. എന്നാൽ ഒരു സ്വകാര്യ വ്യക്തിയുടെ കെട്ടിടം നല്ല വൃത്തിയും വെടിപ്പും ഉള്ളതായി സൂക്ഷിച്ചിരിക്കും. അവരുടേതല്ലാത്ത എന്തിനെങ്കിലും വേണ്ടി സമയവും പരിശ്രമവും പാഴാക്കാൻ ജനങ്ങൾ തയ്യാറല്ല. കാരണം ഒരു ജോലിയും ചെയ്യാൻ തയ്യാറാകാത്ത മറ്റുള്ളവരും അതിന്റെ ഫലം അനുഭവിയ്ക്കുന്നു എന്നതു തന്നെയാണ്.

സ്വത്തിന്റെ സംരക്ഷണവും സ്വത്തവകാശത്തെ അംഗീകരിക്കുകയും ചെയ്യുന്നതിലൂടെ ഉല്പാദന ക്ഷമതയുള്ള മൂലധനം ഉണ്ടാക്കിയെടുക്കുവാൻ ജനങ്ങളെ അനുവദിക്കുന്നു. കൃഷിക്കാർക്ക് അവർ ഉല്പാദിപ്പിക്കുന്ന വിളകൾ സ്വന്തമാക്കാൻ കഴിയുന്നു എങ്കിൽ വിത്തു പാകുന്നതിനും ധാന്യങ്ങൾ വിളവെടുക്കുന്നതിനും ട്രാക്ടറുകൾ വാങ്ങുന്നതിനും അവർ കൂടുതൽ ഉത്സാഹഭരിതരായിരിക്കും. സംരംഭകർ, അവരുടെ സ്ഥാപനങ്ങൾ എങ്ങനെ പ്രവർത്തിക്കണമെന്ന് തീരുമാനങ്ങൾ അവർക്കുതന്നെ എടുക്കുവാനുള്ള അവകാശം ഉണ്ടെന്നും മറ്റുള്ളവർക്ക് അതിൽ യാതൊരു അവകാശവും ഇല്ലെന്നും മനസ്സിലാക്കുമ്പോൾ

1. ഗേരറ്റ് ഹാർഡിൻ, ദ് ട്രാജഡി ഓഫ് ദ കോമൺസ്, സയൻസ് 162(3859) 1968, പി പി, 12438

1. Garrett Hardin, The tragedy of the commons, Science, 162(3859), 1968, pp. 1243-8.

ഫാക്ടറികളിൽ നിക്ഷേപം നടത്തുവാനും പുതിയ ഉപകരണങ്ങൾ വാങ്ങുവാനും ഉല്പാദന ശൃംഖലകൾ വികസിപ്പിയ്ക്കുവാനുമുള്ള വെല്ലുവിളികൾ കൂടുതൽ ഏറ്റെടുക്കുന്നു. സ്വത്തവകാശം സംരക്ഷിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്യുകയാണെങ്കിൽ ജനങ്ങൾ ഉല്പാദനക്ഷമമായ മൂലധനം ഉണ്ടാക്കുകയും അത് ഉല്പാദന ക്ഷമത കൂട്ടുകയും അത് മുഴുവൻ സമൂഹത്തിനും സഹായകമാവുകയും ചെയ്യും. എന്നാൽ സ്വത്തുക്കൾ കൊള്ളയടിക്കപ്പെടാനോ അല്ലെങ്കിൽ നശിപ്പിക്കപ്പെടാനോ സാധ്യതയുണ്ടെങ്കിൽ അല്ലെങ്കിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ മറ്റുള്ളവർ കൊണ്ടുപോവുകയോ ചെയ്യുകയാണെങ്കിൽ ജനങ്ങൾക്ക് കഴിവും സമയവും പണവും പരിശ്രമവും നിക്ഷേപിക്കാൻ പ്രചോദനം ഉണ്ടാവില്ല. ഇത് മുഴുവൻ സമൂഹത്തെയും മോശമായി ബാധിക്കുന്നു.

### *സ്വത്തും മറ്റ് അവകാശങ്ങളും*

ഒരു സ്വതന്ത്ര സമൂഹത്തിലെ ജനങ്ങൾ അനുഭവിക്കുന്ന അവകാശങ്ങളുംസ്വാതന്ത്ര്യവും അടിസ്ഥാനമായിരിക്കുന്നത് സ്വത്തിൻമേലുള്ള നയത്തിലാണ്. സ്വകാര്യ സ്വത്തില്ലാതെ അവിടെ അവകാശങ്ങളും സ്വാതന്ത്ര്യവും ഉണ്ടാകാനിടയില്ല.

ഉദാഹരണത്തിന് ജനങ്ങളുടെ സ്വതന്ത്രമായി സംസാരിക്കുവാനും മറ്റുള്ളവരുമായി സഹകരിക്കുവാനും ഒരു രാഷ്ട്രീയ പാർട്ടിയിൽ പ്രവർത്തിയ്ക്കുവാനും ഉള്ള അവകാശം. സ്വകാര്യ സ്വത്തുക്കൾ അവിടെ ഇല്ലായെങ്കിൽ - എല്ലാ വിഭവങ്ങളും സർക്കാരുകളാണ് നിയന്ത്രിക്കുന്നതെങ്കിൽ - ഒരു സ്ഥാനാർത്ഥിക്ക് എങ്ങനെ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയും? അവരുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനായി, അവർക്കൊരു മീറ്റിംഗ് ഹാൾ വാടകയ്ക്ക് എടുക്കേണ്ടി വരും, നോട്ടീസുകൾ അച്ചടിയ്ക്കേണ്ടി വരും, അവരുടെ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും പ്രക്ഷേപണം ചെയ്യേണ്ടി വരും. എന്നാൽ എല്ലാ മീറ്റിംഗ് സ്ഥലങ്ങളുംസർക്കാരിന്റെ ഉടമസ്ഥതയിലും, അച്ചടി ഉപകരണങ്ങളും പേപ്പറും വിതരണം ചെയ്യുന്നത് സർക്കാർ നിയന്ത്രണത്തിൽ ആയിരിക്കുകയും പ്രക്ഷേപണ മാധ്യമങ്ങളുടെ നടത്തിപ്പ് സർക്കാരിന്റെ അധീനതയിൽ ആയിരിക്കുകയും ചെയ്താൽ ആരുടെയും പ്രചാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി തടയാൻ കഴിയും.[2] (ഒരു സ്ഥാനാർത്ഥി സർക്കാരിനെതിരെയും അതിന്റെ ആശയങ്ങൾക്കെതിരെയും വിമർശനങ്ങൾ ഉന്നയിക്കുന്ന വ്യക്തിയാണെങ്കിൽ തീർച്ചയായും അതിനുള്ള സാധ്യത കൂടുതലാണ്); അതിലും മോശമായ

2. എഫ് എ ഹായേക്, ദ് റോഡ് റ്റു സെർഫ്ഡം, റൂട്ട്ലെഡ്ജ്, ലൻ, 1944

2. A point made well in F. A. Hayek, The Road to Serfdom, Routledge, London, 1944.

അവസ്ഥ എന്തെന്നാൽ, ജനങ്ങൾക്ക് അവരുടെ സ്വന്തമായി സ്വത്തുക്കൾ ഇല്ലായെങ്കിൽ, വിമർശകരെ അറസ്റ്റുചെയ്ത് നിശബ്ദരാക്കാനും, എന്തിന് അവരെ കൊല്ലുവാൻ പോലും മടി കാട്ടാത്ത സർക്കാരിന്റെ പ്രവർത്തനങ്ങളെ തടയാൻ അല്ലെങ്കിൽ നിർത്തലാക്കാൻ ഒന്നിനും കഴിയില്ല (ഇത് ഞെട്ടലുളവാക്കുന്നതാണെങ്കിലും, ഇതിനുള്ള ഉദാഹരണങ്ങൾ വളരെ സാധാരണമാണ്).

സ്വത്തിന്റെ അഭാവത്തിൽ അവിടെ ഒരു നീതിയും ഉണ്ടാവില്ല. നിങ്ങൾക്ക് നിങ്ങളുടെ സ്വന്തം ശരീരത്തിൻമേലോ, തൊഴിലിലോ, ഉടമസ്ഥതയ്ക്കോ ഒന്നും അവകാശമില്ലായെങ്കിൽ ഒരു നഷ്ടപരിഹാരവും തരാതെ അതൊക്കെ കൈക്കലാക്കാൻ അവർക്കു കഴിയും. നിങ്ങൾക്ക് നിങ്ങളുടെ ശരീരത്തിൽ അവകാശമില്ലെങ്കിൽ അവർക്കു നിങ്ങളെ അനാവശ്യമായി അറസ്റ്റു ചെയ്യുവാനും ജയിലിലടയ്ക്കുവാനും കൊല്ലുവാനും കഴിയും; നിങ്ങൾക്ക് നിങ്ങളുടെ തൊഴിലിൽ അവകാശമില്ലെങ്കിൽ നിങ്ങളെ അടിമകളാക്കുവാൻ കഴിയും; നിങ്ങളുടെ സ്വത്തിൽ നിങ്ങൾക്ക് ഉടമസ്ഥാവകാശം ഇല്ലായെങ്കിൽ നിങ്ങളെ കൊള്ളയടിയ്ക്കാം. അവിടെ അനീതിയിൽ നിന്ന് ഒരു സംരക്ഷണവും ഉണ്ടാവുകയില്ല.

### *സ്വത്തിന്റെ ധാർമ്മികമായ പ്രയോജനങ്ങൾ*

സ്വത്തും സ്വത്തവകാശ സംരക്ഷണവും സർക്കാരുകളുടെ അധികാരത്തിനെതിരെയും മറ്റുള്ളവരുടെ ബലപ്രയോഗത്തിനെതിരെയും ജനങ്ങൾക്ക് ഒരു പ്രധാന കവചമാണ്. സ്വത്തുക്കൾ സ്വന്തമായിട്ടുള്ളത്, സർക്കാരിന്റെയോ മറ്റു വ്യക്തികളുടെയോ ഏകപക്ഷീയമായ നിർബന്ധമോ കൂടാതെ വ്യക്തികൾക്ക് സ്വയം സംരക്ഷിയ്ക്കുന്നതിനും, അവരുടെ ഇഷ്ടങ്ങൾ തെരഞ്ഞെടുക്കുന്നതിനും, അവരുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനും, അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുന്നതിനും ഉള്ള കഴിവ് നൽകുന്നു.

സ്വത്തും അതിലൂടെ വളർന്നു വരുന്ന വ്യാപാരത്തിന്റെയും വിനിമയത്തിന്റെയും നിയമങ്ങളും വ്യക്തികളെ പരസ്പര പ്രയോജനത്തിനുവേണ്ടി സമാധാനപരമായി സഹകരിക്കുവാൻ അനുവദിക്കുന്നു. ഇത് അവരെ അടുത്തടുത്ത് താമസിക്കുവാനും അവർ പരസ്പരം അംഗീകരിച്ച നിയമങ്ങൾ അനുസരിച്ച് തർക്കങ്ങളോ അക്രമങ്ങളോ ബലപ്രയോഗങ്ങളോ ഇല്ലാതെ പ്രകൃതി വിഭവങ്ങളും അവരുടെ ശ്രമത്തിന്റെ പ്രതിഫലങ്ങളും പങ്കു വെയ്ക്കുവാൻ വഴിയൊരുക്കുന്നു.

സ്വത്ത് സമാധാനപരമായ സഹകരണം പ്രോത്സാഹിപ്പിയ്ക്കുന്നു എന്നു മാത്രമല്ല, സ്വന്തം ജീവിതരീതി കൂടുതൽ മികച്ചതാക്കണമെന്ന് ആഗ്രഹിയ്ക്കുന്ന ഏതൊരാൾക്കും സഹകരണത്തെ ഒരു അനിവാര്യത ആക്കുകയും ചെയ്യുന്നു.

ആളുകൾക്ക് അവർക്കെന്താണോ വേണ്ടത് അത് ബലമായി കൈക്കലാക്കുവാൻ കഴിയില്ല. സ്വത്തുക്കൾ കൈമാറ്റം ചെയ്യുവാൻ കഴിയും, വിൽക്കുകയോ, വാടകയ്ക്കു നൽകുകയോ, പങ്കു വെയ്ക്കുകയോ, പാട്ടത്തിനു കൊടുക്കുകയോ അല്ലെങ്കിൽ ഉപേക്ഷിക്കുകയോ ചെയ്യാം, പക്ഷേ അത് ഉടമസ്ഥന്റെ സമ്മതപ്രകാരം മാത്രമേ സാധ്യമാകൂ. കൂടുതൽ സ്വാതന്ത്ര്യമുള്ള ഒരു സമൂഹത്തിൽ ഈ പ്രധാനപ്പെട്ട അവകാശത്തെ സംരക്ഷിക്കുന്നതിനായി ശക്തമായ വ്യവസ്ഥകൾ ഉണ്ട്, അതായത്, കടങ്ങൾ അടയ്ക്കുവാനും , ഉടമ്പടികൾ അംഗീകരിക്കുവാനും പോലുള്ള നിയമങ്ങൾ. ഇതിനെ സ്വതന്ത്രരായ ജനങ്ങൾ വിലയിരുത്തുന്നത്, ബലപ്രയോഗത്തിലൂടെ അവരുടെ വസ്തുക്കൾ എടുക്കപ്പെടുന്നതിനേക്കാൾ കൂടുതൽ ധാർമ്മികമായ വിഭവകൈമാറ്റ രീതിയായിട്ടാണ്.

### *സമൂഹത്തിൽ ഒരു പങ്ക്*

സ്വത്തിന്റെ ഉടമസ്ഥനു മാത്രമല്ല ഇവയിൽ നിന്നുള്ള ഗുണഫലങ്ങൾ കിട്ടുന്നത്. നിക്ഷേപം, മൂലധന സമാഹരണം, വ്യാപാരം എന്നിവ പ്രോത്സാഹിപ്പിയ്ക്കുക വഴി സമൂഹത്തിനു മുഴുവൻ അതിന്റെ ഗുണഫലങ്ങൾ ലഭിക്കുന്നു. ഉദാഹരണത്തിന്, സ്വന്തം ഭൂമിയില്ലാത്ത നഗരവാസികൾ, കൃഷിക്കാർ ധാന്യങ്ങൾ പരിപോഷിപ്പിച്ചെടുക്കുകയും അവയെ സ്വമേധയാ ഉപഭോക്താക്കളുമായി വ്യാപാരം നടത്തുകയും ചെയ്യുന്നതിനാൽ ഭക്ഷിക്കുന്നു. അതിന് കൃഷിക്കാർക്ക് അവരുടെ ഭൂമിയിലും ധാന്യത്തിലുമുള്ള ഉടമസ്ഥാവകാശത്തിനാണ് നന്ദി പറയേണ്ടത്. എന്നാൽ സ്വത്തവകാശങ്ങൾ സംരക്ഷിക്കപ്പെടാത്ത രാജ്യങ്ങളിൽ ഇതിനു നേർ വിപരീതമാണ് സംഭവിയ്ക്കുന്നത്. ഉദാഹരണത്തിന് റോബർട്ട് മുഗാബെ (Robert Mugabe) യുടെ സിംബാവെയിൽ, യഥാർത്ഥ കർഷകരിൽ നിന്നും അവരുടെ സ്വന്തം ഭൂമി കയ്യടക്കുവാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിച്ചിരുന്നു. അതിന്റെ ഫലമായി കർഷകരെല്ലാം (കൂടുതലും വെള്ളക്കാർ) പാലായനം ചെയ്തപ്പോൾ അതിന്റെ അനന്തരഫലം വളരെ മോശമായ അഭിവൃദ്ധിയായിരുന്നു. വ്യക്തമായ ഭൂമി ഉടമസ്ഥാവകാശത്തിന്റെ അഭാവത്തിൽ ഉല്പാദനം കുത്തനെ ഇടിയുകയും നഗരവാസികൾക്ക് രൂക്ഷമായ ഭക്ഷണക്ഷാമം ഉണ്ടാവുകയും ചെയ്തു.

അതുകൊണ്ട് ഒരു സ്വതന്ത്ര സമൂഹത്തിൽ ജനങ്ങളുടെ സ്വത്തവകാശത്തെ സംരക്ഷിക്കേണ്ടത് സർക്കാരിന്റെ മുഖ്യമായ കർത്തവ്യമാണ്. ഇത് വ്യക്തികളെ നിയമലംഘകരിൽ നിന്നും ശക്തരായ അല്ലെങ്കിൽ സമ്പന്നരായ പ്രമാണിമാരിൽ നിന്നും ബലപ്രയോഗമൊന്നും ഉണ്ടാകാതെ സംരക്ഷിക്കുന്നു. സ്വകാര്യ സ്വത്ത് വ്യവസ്ഥ എല്ലാവർക്കും സമൂഹത്തിൽ ഒരു പങ്കാളിത്തം നൽകുകയും സമാധാനപരമായ സഹവർത്തിത്വത്തിന് താല്പര്യം ജനിപ്പിക്കുകയും ചെയ്യുന്നു.

സ്വത്തവകാശത്തിൽ നിന്ന് എല്ലാവർക്കും നേട്ടങ്ങൾ ഉണ്ടാവുന്നു. അത് സ്വന്തം വിഭവങ്ങൾ നന്നായി പരിപാലിക്കാനും കാര്യക്ഷമമായി ഉപയോഗിക്കാനും അത് വഴി ഉത്പാദനക്ഷമമായ മൂലധനം കെട്ടിപ്പടുക്കാനും നിലനിർത്താനും പ്രോത്സാഹിപ്പിക്കുന്നു. ഒരു സ്വതന്ത്ര സമൂഹത്തിൽ സ്വത്തവകാശമെന്നത് ചിലർക്കു മാത്രമുള്ള ഒരു പ്രത്യേക ആനുകൂല്യമല്ല. ഇതെല്ലാവർക്കും വേണ്ടി തുറന്നിട്ടിരിക്കുന്നു അത് എല്ലാവർക്കും പ്രയോജനപ്രദവുമാണ്.

## നിയമവാഴ്ച

### *നീതിയെകണ്ടെത്തൽ*

പ്രതിഫലങ്ങളും ശിക്ഷകളും കൊടുക്കുന്നതിന് അടിസ്ഥാനമായ നിയമങ്ങളെയാണ് നീതി പരാമർശിക്കുന്നത് . ഇത് അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് ആളുകൾ അവരുടെ പ്രവർത്തികളുടെ ഫലമായി എന്താണോ അർഹിക്കുന്നത് എന്ന നമ്മുടെ മാനുഷികപരമായ പൊതു വികാരങ്ങളിലാണ്. ഉദാഹരണത്തിന്, ഒരാൾ മനപൂർവ്വമായി മറ്റുള്ളവരെ ഉപദ്രവിക്കുകയാണെങ്കിൽ, അക്രമത്തിനിരയായവർക്ക് നഷ്ടപരിഹാരം അയാൾ കൊടുക്കണമെന്നും അയാളുടെ കുറ്റകൃത്യത്തിന് അർഹമായ ശിക്ഷ അനുഭവിക്കണമെന്നുമുള്ള കാര്യത്തിൽ മിക്കവാറും ജനങ്ങൾ അനുകൂലിക്കും.

നമ്മുക്കു സ്വന്തമായി രൂപപ്പെടുത്തി എടുക്കാനാവുന്ന ഒന്നല്ല നിയമവാഴ്ച. അവ നമ്മുടെ പ്രകൃതിയുടെ ഒരു ഭാഗമാണ്. ചില ആളുകൾ വിശ്വസിയ്ക്കുന്നത് ഇത്തരം പ്രകൃതി നിയമങ്ങൾ നമ്മുടെ സൃഷ്ടികർത്താവ് തന്നതാണെന്നും അതു നമ്മുടെ മതത്തിലൂടെ വെളിപ്പെടുന്നു എന്നുമാണ് നോബേൽ ജേതാവ് സാമ്പത്തിക ശാസ്ത്രജ്ഞനും തത്വചിന്തകനുമായ എഫ്. എ. ഹായ്കിനെ (F.A. Hayek) പോലുള്ള മറ്റു ചിലർക്ക് പരിണാമപരമായ കാഴ്ചപ്പാടാണുള്ളത്. അവർ വാദിക്കുന്നത്, നിയമവാഴ്ച നമ്മോടൊപ്പം വളർന്നു വരുന്ന ഒന്നാണ് കാരണം ഒരു സാമൂഹിക ജീവിയായി സമാധാനപരമായി ഒത്തൊരുമിച്ചു ജീവിക്കാൻ അത് നമ്മെ സഹായിക്കുന്നു. രണ്ടു തരത്തിൽ പറഞ്ഞാലും, നമുക്കുള്ളിൽ സ്വാഭാവികമായ നീതിയെക്കുറിച്ചുള്ള അവബോധം സഹകരണത്തെയും നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു മനുഷ്യ സമൂഹത്തെയും പ്രചരിപ്പിക്കുവാൻ സഹായിയ്ക്കുന്നു. നമ്മുക്ക് ഇത്തരം അവബോധമോ അനീതിയെക്കുറിച്ചുള്ള അറിവോ ഇല്ലെങ്കിൽ – ആളുകൾ കൊള്ളയടിക്കപ്പെടുമ്പോഴോ കൊല്ലപ്പെടുമ്പോഴോ അതിനെതിരെ നമ്മൾ പ്രതികരിക്കാതെ ഇരിക്കുകയാണെങ്കിൽ – നമുക്ക് അധികകാലം അതിജീവിക്കുക ഇല്ല.

അതുകൊണ്ട് ഒരു സ്വതന്ത്ര സമൂഹത്തിലെ നിയമനിർമ്മാണ സഭയ്ക്കോ നീതി ന്യായവകുപ്പിനോ നീതി എങ്ങനെ ആയിരിക്കണമെന്ന് അനുശാസിക്കുവാൻ കഴിയില്ല. ഏതു തരത്തിലുള്ള നിയമങ്ങൾ അവർ നടപ്പിലാക്കിയാലും അത് പ്രകൃതിയുടെ ഭാഗമായ നിയമങ്ങൾക്കൊൾ ഫലപ്രദമോ മികച്ചതോ ആകാൻ തരമില്ല. അവർക്കു ചെയ്യാവുന്ന ഒരു കാര്യമേ ഉള്ളൂ, എന്താണ് നിയമവാഴ്ച എന്നു കണ്ടെത്തുക.[3]

പൊതുവായ നിയമത്തിന്റെയോ അല്ലെങ്കിൽ തദ്ദേശ നിയമ വ്യവസ്ഥയുടെ നടത്തിപ്പിലോ ഒരാൾക്ക് ഇത് മനസ്സിലാക്കുവാൻ കഴിയും. വ്യക്തികൾ തമ്മിലുള്ള തർക്കങ്ങൾ, ഉദാഹരണത്തിന്, അയൽക്കാർ തമ്മിലുള്ള അതിർത്തി പ്രശ്നങ്ങൾ, ഇതെല്ലാം കോടതിയിൽ എത്തുന്നു. ആ കേസിന്റെ പ്രത്യേക വസ്തുതകൾ പരിഗണിച്ചു നീതിയുക്തമായ തീർപ്പ് കോടതി കല്പിക്കണം. ചില കാര്യങ്ങളിൽ വ്യത്യസ്തവും ചില കാര്യങ്ങളിൽ സമാനവുമായ രണ്ടാമതൊരു അതിർത്തി തർക്ക കേസ് വരുമ്പോൾ അതിൽ നീതിയുക്തമായ തീർപ്പ് കല്പിക്കുവാൻ കോടതിക്ക് മറ്റൊരു പരിശ്രമം നടത്തേണ്ടി വരുന്നു. ന്യായാധിപന്മാർ സ്വേച്ഛാപരമായി തീരുമാനം എടുക്കുന്നില്ല. അവർ പുതിയ സന്ദർഭത്തിൽ ദീർഘകാലമായി അംഗീകരിച്ച തത്വങ്ങൾ അല്ലെങ്കിൽ നടപടിക്രമങ്ങൾ പ്രയോഗിക്കുന്നു. അങ്ങനെ ദീർഘകാലമുള്ള ഒരു പരീക്ഷണപരമായ നടപടിക്രമത്തിലൂടെ അയൽക്കാർ തമ്മിലുള്ള പെരുമാറ്റങ്ങളിൽ എന്താണ് നീതികരിക്കാവുന്നതെന്നും അല്ലാത്തതെന്നും ഉള്ള പൊതുവായ ഒരു ധാരണ ഉയർന്നുവരുന്നു.

### *നീതി നിയമമോ, ധാർമ്മികതയോ അല്ലെങ്കിൽ സമത്വമോ അല്ല*

ഒരു സ്വതന്ത്ര സമൂഹത്തിലെ നിയമവാഴ്ചയുടെ അടിസ്ഥാന ഘടകം എന്തെന്നാൽ അത് എല്ലാവരിലും ഒരുപോലെ പ്രയോഗിക്കണമെന്നതാണ്. ഒരേ സാഹചര്യത്തിലുള്ള വ്യത്യസ്ത ആളുകൾ ഒരേ രീതിയിൽ പരിപാലിക്കപ്പെടണം.

നിയമവും നീതിയും എല്ലായ്പ്പോഴും ഒന്നാവില്ല. ഉദാഹരണത്തിന്, നിയമം എല്ലായ്പ്പോഴും ജനങ്ങളെ തുല്യരായി പരിപാലിയ്ക്കില്ല. അവ ചിലപ്പോൾ നിർമ്മിച്ചിരിക്കുന്നത് പ്രമാണി വർഗ്ഗങ്ങളാൽ ആയിരിക്കാം, അതവരുടെ സുഹൃത്തുളെ സഹായിക്കുവാനും എതിരാളികളെ ഇല്ലായ്മ ചെയ്യുവാനും വേണ്ടിയായിരിക്കും ഉപയോഗിയ്ക്കുന്നത്. ഇതെല്ലാം അന്യായമായ നിയമങ്ങളാണ്.

3. എഫ് എ ഹേയ്ക്, ദ് മിറേജ് ഓഫ് സോഷ്യൽ ജസ്റ്റീസ്, യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോ പ്രസ്സ്, ചിക്കാഗോ 2, 1978

3. This point is made in F. A. Hayek, The Mirage of Social Justice, University of Chicago Press, Chicago, IL, 1978.

നീതിയും ധാർമ്മികതയും ഒന്നല്ല. കുറേ ആൾക്കാർ കരുതുന്നത് വിവാഹത്തിനു മുമ്പുള്ള ലൈംഗിക ബന്ധം അങ്ങേയറ്റം സദാചാരവിരുദ്ധമാണെന്നാണ്. പക്ഷേ അതിനാൽ അത് അനീതിയാവുന്നില്ല. പരസ്പര സമ്മതത്തോടെ നടക്കുന്ന ഇത്തരം പ്രവർത്തികൾ മറ്റ് ആർക്കും ഹാനികരമാവുന്നില്ല, അതുകൊണ്ട് നിരുപദ്രവ നിയമത്തിൻ കീഴിൽ ഇത് ചെയ്യുന്നവരെ ശിക്ഷയ്ക്ക് വിധേയരാക്കുന്നത് ന്യായമല്ല. കൂടാതെ, നിയമങ്ങൾ അത്തരം പ്രവർത്തികളെ ശിക്ഷിക്കുകയാണെങ്കിൽ അത് അനീതികരമായ നിയമങ്ങളാവും. അവരുടെ പെരുമാറ്റം കുറ്റകരമാണെന്ന് മറ്റുള്ളവർ പറയുന്നതു കൊണ്ടു മാത്രം അവരെ നിയമം ശിക്ഷിക്കുകയാണെങ്കിൽ അവിടെ നമ്മളിൽ ആർക്കും ഒരു സ്വാതന്ത്ര്യവും ഉണ്ടായിരിക്കുകയില്ല.

അതുപോലെ തന്നെ സമത്വവും നിതിയ്ക്കു സമാനമല്ല. സത്യം എന്തെന്നാൽ, കുറച്ചുപേർ സമ്പന്നരും കുറച്ചുപേർ ദരിദ്രരും ആണ് എന്നതുകൊണ്ട് ഒരു സമൂഹം അനീതികരമാകുന്നില്ല. സമത്വമുള്ള ഒരു സമൂഹത്തെ പോലെ ഒരു അസമത്വ സമൂഹവും നീതിപൂർവ്വകമാകാം. ജനങ്ങൾ ആരെയും കൊള്ളയടിക്കാതെ അല്ലെങ്കിൽ ബലം പ്രയോഗിക്കാതെ നിയമാനുസൃതമായി സമ്പത്ത് ഉണ്ടാക്കുന്നു എങ്കിൽ, അവരുടെ പ്രവർത്തനം നീതിയുക്തമാണ്. സ്വകാര്യ സ്വത്തിനെ വിമർശിക്കുന്ന ചിലർ വാദിക്കുന്നത്, മോഷണത്തിലൂടെ മാത്രമേ സ്വത്തുക്കൾ സമ്പാദിക്കുവാൻ കഴിയൂ എന്നാണ്. ഇത് സത്യമല്ല. ഉപയോഗശൂന്യമായുംആവശ്യമില്ലാതെയും കിടക്കുന്ന ഒരു വിജനഭൂമിയിൽ അവകാശവാദം ഉന്നയിച്ച് ആദ്യം വരുന്നയാൾ മറ്റുള്ള ആർക്കും ഒരു ദ്രോഹവും ചെയ്യുന്നില്ല. പിന്നീട് അവിടെ അവർ കൃഷി ചെയ്തോ അല്ലെങ്കിൽ അവടെ നിന്നും വിലപ്പെട്ട ലോഹങ്ങൾ കണ്ടെത്തിയോ നേട്ടങ്ങൾ ഉണ്ടാക്കുമ്പോൾ അതവരുടെ ഭാഗ്യമാണ്, അതിൽ മറ്റുള്ള ആർക്കും ഒരു നഷ്ടവും സംഭവിക്കുന്നില്ല, അതുകൊണ്ട് ഒരു അനീതിയും അവിടെ ചെയ്യപ്പെടുന്നില്ല. അതുപോലെ ഒരു സംരംഭകൻ ഏതെങ്കിലും പുതിയൊരു ഉല്പന്നമോ പ്രക്രിയയോ കണ്ടുപിടിക്കുകയും അത് വാങ്ങുവാൻ തയ്യാറാവുന്ന ഉപഭോക്താക്കൾക്ക് വിറ്റ് സമ്പത്ത് ഉണ്ടാക്കുന്നതിൽ മറ്റുള്ളവരാരും ദ്രോഹിക്കപ്പെടുന്നില്ല നേരെമറിച്ച് ആ പുതിയ കണ്ടുപിടുത്തത്തിൽ നിന്നുമുള്ള പ്രയോജനം ലോകം മുഴുവൻ ലഭിക്കുന്നു.

### *നീതി നിർവ്വഹണം (നീതി നടപ്പിലാക്കൽ)*

ഒരു സ്വതന്ത്ര സമൂഹത്തിന്റെ മുഖ്യ ലക്ഷ്യം ബലപ്രയോഗം കുറച്ചുകൊണ്ടുവരികയാണ്. പക്ഷേ നീതി എങ്ങനെയായാലും നിർവ്വഹിക്കപ്പെടണം. ആളുകൾ മറ്റുള്ളവരെ ഉപദ്രവിക്കുകയാണെങ്കിൽ പിഴ ചുമത്തിയോ അല്ലെങ്കിൽ

ജയിലിലടച്ചോ അവർ ശിക്ഷിക്കപ്പെടണമെന്ന് നമ്മൾ പ്രതീക്ഷിക്കുന്നു. അതിനർത്ഥം കുറ്റവാളികൾക്കെതിരെ ബലപ്രയോഗം ഉപയോഗിയ്ക്കുന്നു. നീതി നടപ്പാക്കണമെങ്കിൽ ചില തരത്തിലുള്ള ബലപ്രയോഗങ്ങൾ അത്യാവശ്യമാണ്.

പൊതു അധികാരസ്ഥാപനങ്ങളിൽ ഇത്തരം ബലപ്രയോഗങ്ങളുടെ കുത്തക നൽകിക്കൊണ്ട് ഒരു സ്വതന്ത്ര സമൂഹം ഈ പ്രശ്നം പരിഹരിക്കുന്നു. അവർക്കു മാത്രമേ ബലംപ്രയോഗിക്കാൻ കഴിയൂ, അപ്പോൾ പോലും നീതി നടപ്പിലാക്കുവാനും പൗരന്മാരെ രാജ്യത്തിനകത്തും പുറത്തുമുള്ള ശത്രുക്കളിൽ നിന്നും സംരക്ഷിക്കുവാനും ഒക്കെ മാത്രമേ ഈ ശക്തികൾ ഉപയോഗിക്കാവൂ. മറ്റു വ്യക്തികൾ ഇത്തരം ശക്തികളെ ഉപയോഗിയ്ക്കുന്നത് നിരോധിയ്ക്കപ്പെട്ടതാണ്.

ബലപ്രയോഗത്തിന്റെ കുത്തകാധികാരം സർക്കാരിനാണെങ്കിൽ അത് കർശനമായും നിയന്ത്രണവിധേയമായിരിക്കണം. മനുഷ്യരാലാണ് സർക്കാരുകൾ രൂപപ്പെട്ടിരിക്കുന്നത്, ഒരു മനുഷ്യനും ബലപ്രയോഗത്തിനുള്ള അധികാരം നിഷ്പക്ഷമായി ചെയ്യുമെന്ന് വിശ്വസിക്കാനാവില്ല. ഇത്തരം അധികാരങ്ങളെ സ്വന്തം താല്പര്യങ്ങൾക്ക് ഉപയോഗപ്പെടുത്തുവാനുള്ള പ്രലോഭനം വളരെ കൂടുതലാണ്.

അതിനനുസരിച്ച്, ഒരു സ്വതന്ത്ര സമൂഹത്തിലെ നീതിവ്യവസ്ഥയിൽ അധികാരസ്ഥാപനങ്ങളുടെ ഇത്തരം അധികാരങ്ങൾ നിയന്ത്രിക്കുന്നതിനു വേണ്ട കർശനമായ നിയമങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന്, അന്വേഷണത്തിലും അറസ്റ്റിലും, എങ്ങനെ കേസുകൾ വിചാരണ നടത്തണം, എങ്ങനെ ശിക്ഷ വിധിക്കണം എന്നൊക്കെയുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിൽ ബന്ധപ്പെട്ട അധികാരസ്ഥാപനങ്ങളുടെ മേൽ കർശനമായ ചട്ടങ്ങൾ ചുമത്തിയിട്ടുണ്ട് ഈ നടപടിക്രമങ്ങളുടെ നിയമങ്ങൾ എങ്ങനെ തീരുമാനങ്ങൾ എടുക്കണമെന്നതിനെ കുറിച്ചാണ്, എന്ത് തീരുമാനം എടുക്കണമെന്നതിനെ കുറിച്ചല്ല. നീതിന്യായ നടപടികൾ സത്യസന്ധമായും നീതിയുക്തമായും നടപ്പാക്കുന്നതിനു വേണ്ടി ഇത്തരം നിയമങ്ങൾ പിൻതുരരേണ്ടത് അത്യാവശ്യമാണ്.

### *നീതിയ്ക്കെതിരെയുള്ള ഭീഷണികൾ*

അധികാരികളുടെ ബലംപ്രയോഗിക്കാനുള്ള അധികാരത്താൽ വ്യക്തികൾ അന്യായമായി കുറ്റാരോപണ വിധേയരാകാതിരിക്കണമെങ്കിൽ ഈ ചട്ടക്കൂട് കൂടുതൽ ദൃഢമായിരിക്കേണ്ടത് ആവശ്യമാണ്. ഇത് നീതിക്കു വേണ്ടിയാണ് തങ്ങൾ പ്രവർത്തിക്കുന്നത് എന്ന് ചിന്തിക്കുന്ന ജനങ്ങളാൽ പോലും നിർവ്വഹിക്കപ്പെടാതിരിക്കാൻ എളുപ്പമാണ്. ഉദാഹരണത്തിന്, ന്യായാധിപന്മാർ ചിലപ്പോൾ ചിന്തിക്കും

അവരുടെ ജോലിയുടെ ലക്ഷ്യം നിയമത്തിന്റെ നടപടിക്രമങ്ങൾ പിൻതുടരുന്നതിനേക്കാൾ നീതിയുക്തമായമായ ഒരു തീർപ്പ് പുറപ്പെടുവിക്കുക എന്നതാണെന്ന്. പക്ഷേ ഇത്തരം നിയമപരമായ മുൻകൈ നീതിക്കുമേൽ ന്യായാധിപന്റെ വ്യക്തിപരമായ അഭിപ്രായം അടിച്ചേൽപ്പിക്കുകയാണ് ചെയ്യുന്നത്. ഇതും ഒരു നീതിനിർവഹണ നടപടിയുടെ അനന്തരഫലത്തെ പ്രവചനാതീതമാക്കുന്നു, ഓരോ ന്യായാധിപന്റെയും വീക്ഷണമനുസരിച്ച് ഒരേ സ്വഭാവമുള്ള കുറ്റത്തിന് വ്യത്യസ്തങ്ങളായ ശിക്ഷകൾ നൽകേണ്ടി വരുന്നു. ഇത് അധികാരത്തിൽ ഇരിക്കുന്നവർക്ക് നീതിന്യായ തീർപ്പുകളിൽ സ്വാധീനം ചെലുത്തുവാൻ ഉയർന്നതോതിലുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നു, അധികാരത്തിൽ ഇരിക്കുന്നവർക്ക് ന്യായാധിപന്മാരെ കൈക്കൂലി കൊടുത്തോ ഭീഷണിപ്പെടുത്തിയോ സ്വാധീനിക്കാൻ കഴിഞ്ഞാൽ ആളുകളുടെ ശിക്ഷകൾ അവർക്കു മാറ്റാൻ കഴിയും. എന്നാൽ ഓരോ കേസിലും ഉറപ്പായും പിൻതുടരേണ്ട ഒരു ശക്തമായ നിയമ വ്യവസ്ഥകൾ അവിടെ ഉണ്ടെങ്കിൽ ഇത്തരം സ്വാധീനങ്ങൾ നിയന്ത്രിക്കുവാൻ കഴിയും. കോടതിക്കു മുന്നിൽ വരുന്നവർക്കുള്ള മുഖ്യമായ സംരക്ഷണമാണിത്.

നീതിന്യായ നിർവ്വഹണത്തെ നശിപ്പിക്കുന്ന മറ്റൊരു സമീപനം സാമൂഹ്യ നീതിയെന്ന ആശയമാണ്. സ്വത്തിന്റെയും വരുമാനത്തിന്റെയും തുല്യ വിതരണം കരുതിക്കൂട്ടി നടപ്പിലാക്കുമ്പോൾ അത് സ്വത്തിന്റെയും നീതിയുടെയും തത്വങ്ങൾക്ക് എതിരായി നിൽക്കുന്നു. തുല്യമായി വിതരണം ചെയ്യണമെങ്കിൽ സ്വത്ത് കുറച്ചു ആളുകളിൽ നിന്നും എടുത്ത് മറ്റുള്ളവർക്ക് നൽകേണ്ടി വരുന്നു. ജനങ്ങൾക്ക് സ്വത്തുക്കൾ കൈവശം വയ്ക്കുവാനും അവരുടെ ഹിതാനുസരണം അത് വിക്രയം നടത്തുവാനും ഉള്ള ഉടമസ്ഥാവകാശത്തെ ഇല്ലാതാക്കുകയാണ് ഇത് ചെയ്യുന്നത്. നമ്മൾ ഒരിക്കൽ അധികാരികൾക്ക് അതിനുള്ള അധികാരം നൽകിയാൽ പിന്നെ ആരും സുരക്ഷിതരായിരിക്കില്ല. സംരംഭങ്ങൾ ഇല്ലാതാകും; സ്വത്തുക്കൾ അധികാരവർഗ്ഗങ്ങൾക്ക് കണ്ടുകെട്ടാൻ കഴിയുമെങ്കിൽ എന്തിനുവേണ്ടി ഒരാൾ വെല്ലുവിളികൾ ഏറ്റെടുക്കണം, എന്തിനുവേണ്ടി സ്വത്തുക്കൾ സമ്പാദിയ്ക്കുവാൻ കഠിനാദ്ധ്വാനം ചെയ്യണം?

എന്നിരുന്നാലും, ഉടമസ്ഥാവകാശത്തിനു വേണ്ടി നടപ്പിലാക്കുന്ന ഒരുപോലുള്ള നിയമങ്ങൾ എല്ലായ്പ്പോഴും പൂർണ്ണമായും വ്യക്തത ഉള്ളതായിരിക്കില്ല. ഒരു തുണ്ട് ഭൂമിയിൽ ഉള്ള എന്റെ ഉടമസ്ഥാവകാശം ആ ഭൂമിക്കടിയിലെ ധാതുപദാർത്ഥങ്ങളെ ചൂഷണം ചെയ്യുവാനുള്ള അവകാശം എനിക്കു തരുന്നുണ്ടോ? ഒരു വിമാനത്തിൽ എന്റെ ഭൂമിയ്ക്കു മുകളിലൂടെ ആളുകൾ യാത്ര

ചെയ്യുന്നതിനെ തടയുവാൻ ഉടമസ്ഥാവകാശം എന്നെ അനുവദിക്കുന്നുണ്ടോ? അടുത്തുള്ള ഫാക്ടറിയിലെ ചിമ്മിനിയിൽ നിന്നും വമിക്കുന്ന പുകയാൽ എന്റെ അന്തരീക്ഷം മലിനമാകുന്നതു തടയാൻ എനിക്കു കഴിയുമോ? ഇത്തരം വിശദാംശങ്ങളും തീരുമാനിയ്ക്കേണ്ടതുണ്ട്.[4] ഒരു സ്വതന്ത്ര സമൂഹത്തിൽ, അവയെല്ലാം തുടർച്ചയായി പരിശോധിച്ചും ശുദ്ധീകരിച്ചും യഥാർത്ഥ നീതിവ്യവസ്ഥകൾ എന്തെന്ന് ചൂണ്ടിക്കാട്ടാൻ മാത്രം ശ്രമിക്കുന്ന ന്യായാധിപന്മാരാൽ തീരുമാനിക്കപ്പെടുന്നു.

### *സ്വാഭാവിക നീതി*

ഒരു സ്വതന്ത്ര സമൂഹത്തിൽ, എല്ലാ നിയമനിർമ്മാണവും നിയമനിർവഹണവും നിതിയുടെ തത്വങ്ങളെ തീർച്ചയായും പിൻതുടരണം – മനുഷ്യത്ത്വത്തിൽ അഗാധമായി വേരൂന്നിയിട്ടുള്ളതിനാൽ– ആ തത്വങ്ങളെ സ്വാഭാവിക നീതി എന്നു വിളിക്കുന്നു.

ആദ്യമായി, ഒരു നിയമം അറിയപ്പെടുന്നതും വ്യക്തമായതും ദൃഢമായതും ആയിരിക്കണം. ഒരു നിയമം രഹസ്യമായതോ അല്ലെങ്കിൽ എപ്പോഴും മാറിക്കൊണ്ടിരിയ്ക്കുന്നതോ ആണെങ്കിൽ, വ്യക്തികൾക്കു അറിയാൻ കഴിയില്ല അവർ ആ നിയമം ലംഘിക്കയാണോ എന്ന്, അതുകൊണ്ടു തന്നെ അവർക്കു കുറ്റാരോപണങ്ങളിൽ നിന്നും സ്വയം സംരക്ഷിക്കുവാനും കഴിയില്ല.

നിയമങ്ങൾ മുൻകൂട്ടി അറിയുവാൻ കഴിയുന്നവയും കൂടി ആയിരിയ്ക്കണം. നിയമം ബാധകമാണോ അല്ലയോ എന്നും നിയമം ലംഘിച്ചാൽ അതിന്റെ ദൂഷ്യഫലങ്ങൾ എന്തൊക്കെ ആയിരിക്കും എന്നറിയാൻ വ്യക്തികൾക്ക് കഴിയണം. ഒരു സ്വതന്ത്ര സമൂഹത്തിൽ ആണെങ്കിൽ പോലും മിക്കവാറും നിയമങ്ങൾ കൊണ്ടുവരുന്നത് തീവ്രവാദത്തെ ചെറുക്കുവാനോ അല്ലെങ്കിൽ സംഘം ചേർന്നുള്ള കുറ്റകൃത്യങ്ങൾ തടയാനോ പോലുള്ള ഒരു ഉദ്ദേശത്തോടെ ആണെന്നു കരുതുക, എന്നാൽ ആ നിയമം പിന്നീട് തികച്ചും വ്യത്യസ്തമായ ലക്ഷ്യങ്ങൾക്ക് പ്രയോഗിക്കുകപ്പെടുകയാണെങ്കിൽ പൗരന്മാർ വളരെ ചെറിയ കുറ്റങ്ങൾക്കു പോലും കഠിനമായ ശിക്ഷകൾക്കു ഇരകളായി തീരും.

രണ്ടാമതായി നിയമങ്ങൾ ഒരിക്കലും മുൻകാല പ്രാബല്യത്തോടെ ഉള്ളതാവാൻ പാടില്ല. അവ ഭാവി പ്രവർത്തികൾക്കു മാത്രമേ ബാധകമാവൂ. അങ്ങനെയല്ലാ

4. ഈ ആശയം ഉന്നയിച്ചത് മിൽട്ടൺ ഫ്രീഡ്മേനും റോസ് ഫ്രീഡ്മേനും, കാപ്പിറ്റലിസം ആന്റ് ഫ്രീഡം, യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോ പ്രസ്സ്, 2, 1962

4. This point is raised by Milton Friedman and Rose Friedman, Capitalism and Freedom, University of Chicago Press, Chicago, IL, 1962.

എങ്കിൽ ജനങ്ങൾ ചെയ്യുന്ന സമയത്ത് നിയമപരമായിരുന്ന പ്രവർത്തികൾക്ക്, പിന്നീട് അവർ കുറ്റാരോപിതരാവും. വീണ്ടും, സ്വതന്ത്ര സമൂഹങ്ങൾ എന്ന് പറയപ്പെടുന്നവ ഇതിൽ പരാജയപ്പെടുന്നു. ഉദാഹരണത്തിന്, 2008 ൽ യുണൈറ്റഡ് കിങ്ഡം നിയമം, അതിനു മുമ്പത്തെ നിയമനിർമ്മാണത്തിൽ പാസ്സാക്കിയിരുന്ന ചില നികുതി- രഹിത പദ്ധതികളെ റദ്ദാക്കിയതുമൂലം ആ സമയത്ത് ഒരു നിയമലംഘനവും നടത്തിയിട്ടില്ലാത്ത 3,000 ആളുകൾക്ക് നികുതി ബാധ്യത ചുമത്തി.

മൂന്നാമത്തെ നീതിയുടെ നിയമം എന്തെന്നാൽ പ്രാവർത്തികമല്ലാത്ത കാര്യങ്ങൾ ചെയ്യാൻ നിയമത്തിന് അവകാശപ്പെടാൻ കഴിയില്ല. കാരണം ചിലപ്പോൾ അതിൽ ജനങ്ങൾക്ക് നിയമലംഘനം ഒഴിവാക്കുന്നത് അസാധ്യമായിത്തീരും. സ്വതന്ത്രം എന്ന് പറയപ്പെടുന്ന രാജ്യങ്ങളും ഇതിൽ പരാജയപ്പെടുന്നു. പ്രത്യേകിച്ചും നിയമങ്ങൾ ഏററുമുട്ടുന്നയിടങ്ങളിൽ അപ്രകാരം അഗ്നിസുരക്ഷ നിയമങ്ങൾ കെട്ടിടമുടമയോട് അഗ്നിസുരക്ഷ സംവിധാനം ഉണ്ടാക്കാൻ ആവശ്യപ്പെടും എന്നാൽ മാറ്റങ്ങൾ വരുത്താൻ ആസൂത്രണനിയമങ്ങൾ അനുവദിക്കില്ല.അതിനാൽ എങ്ങനെയായാലും കെട്ടിടമുടമയ്ക്ക് നിയമം ലംഘിക്കേണ്ടതായി വരും. ഇതിലുംഅലട്ടുന്ന പ്രശ്നം നീതിപൂർവ്വമല്ലാത്ത സർക്കാരുകൾ അവരുടെ എതിരാളികളെ കുറ്റവിധേയരാക്കി വിചാരണ ചെയ്യുന്നതിനായി മനപൂർവ്വം പ്രായോഗികമല്ലാത്ത നിയമങ്ങൾ ഉപയോഗിച്ചെന്നു വരാം.

സ്വാഭാവിക നീതിയുടെ മറ്റൊരു മുഖ്യമായ നിയമം നിരപരാധിത്വം അനുമാനിക്കലാണ്. ആരുടെയെങ്കിലും പേരിലുള്ള കുറ്റാരോപണം എത്ര സ്പഷ്ടമാണെങ്കിലും അയാൾ കുറ്റക്കാരനാണെന്ന് തെളിയിക്കപ്പെടും വരെ അവരെ കുറ്റവാളിയായി കാണുവാൻ കഴിയില്ല. നിർണ്ണായകമായും അധികാരസ്ഥാപനങ്ങളാണ് അവരുടെ കുറ്റംതെളിയിക്കേണ്ടത്, അവരല്ല അവരുടെ നിരപരാധിത്വം തെളിയിക്കേണ്ടത് എന്നാണ് അർത്ഥമാക്കുന്നത്. ഇത് അവരുടെ എതിരാളികളുടെ മേൽ വ്യാജ ആരോപണങ്ങൾ ചുമത്തി അവരെ പീഡിപ്പിക്കുന്ന സർക്കാർ പ്രവർത്തികളെ തടയുന്നു. ജനങ്ങളെ ശിക്ഷയ്ക്ക് വിധേയരാക്കും മുമ്പ് അവരുടെ മേൽ ആരോപിച്ചിരിക്കുന്ന കുറ്റങ്ങൾ കോടതിയിൽ തെളിയിക്കണം.

അവസാനത്തെ മുഖ്യ തത്വം എന്തെന്നാൽ ന്യായാധിപന്മാരും കോടതികളും രാഷ്ട്രീയ അധികാരികളിൽ നിന്നും സ്വതന്ത്രമായിരിക്കണം. നിയമനിർമ്മാണം നടത്തുന്നവർക്കും വിധി നിർണ്ണയം നടത്തുന്നവർക്കും ഇടയിൽ അധികാരങ്ങൾ വിഭജിച്ചു നൽകേണ്ടത് അത്യാവശ്യമാണ്. ന്യായാധിപന്മാർ ഒരിക്കലും

രാഷ്ട്രീയക്കാരുടെ വെറുമൊരു ഏജന്റാവാൻ പാടില്ല, അവരുടെ രാഷ്ട്രീയ കാഴ്ചപ്പാടുകൾ ഒരിക്കലും അവർ കൈകാര്യം ചെയ്യുന്ന കേസുകളുമായി ബന്ധപ്പെടുത്തുവാൻ പാടില്ല. ന്യായാധിപന്മാർ രാഷ്ട്രീയക്കാരുമായി അടുത്ത ബന്ധം പുലർത്തുന്നവരാണെങ്കിൽ അവരെ വളരെ എളുപ്പത്തിൽ സ്വാധീനിക്കുവാനോ അല്ലെങ്കിൽ ഭീഷണിപ്പെടുത്തുവാനോ കഴിയും. അപ്പോൾ ആ കോടതി നടപടികൾ സത്യസന്ധമായ നീതിനിർവഹണത്തിനല്ലാതെ രാഷ്ട്രീയക്കാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു മാത്രമായി മാറും. കൂടുതൽ സ്വതന്ത്രമായ സമൂഹങ്ങളിൽ ന്യായാധിപന്മാരെ നിയമിക്കുവാൻ സ്വതന്ത്ര സമിതികൾ ഉണ്ട്, അല്ലെങ്കിൽ അവരെ ജീവിതകാലത്തേക്ക് നിയമിക്കും. ഇത് രാഷ്ട്രീയക്കാരുടെ ഇടപെടൽ വളരെയധികം കുറയ്ക്കും.

## നിയമവാഴ്ച

### *നിയമവാഴ്ചയുടെ അർത്ഥം*

നിയമവാഴ്ചയോളം വ്യക്തമായി മറ്റൊന്നും ഒരു സ്വതന്ത്ര സമൂഹത്തെ സ്വതന്ത്രമല്ലാത്തതിൽ നിന്നും വേർതിരിയ്ക്കുന്നില്ല. ഏകാധിപതികളുടെയും രാഷ്ട്രീയക്കാരുടെയും സ്വേച്ഛാപരമായ തോന്ന്യാസങ്ങളേക്കാൾ വ്യക്തമായതും പൊതുവായതുമായ നിയമത്തിന്റെ തത്വങ്ങളാൽ പൗരന്മാർ ഭരിക്കപ്പെടണം എന്നതാണ് ഈ ആശയം. നിയമസാമാജികർക്ക് അവർക്കിഷ്ടമുള്ളതു പോലെ ചെയ്യുവാൻ കഴിയില്ല. അവരുടെ നിയമം അവരുൾപ്പെടെ എല്ലാവരിലും തുല്യമായി ബാധകമാക്കണം.

നിയമവാഴ്ചയുടെ ലക്ഷ്യം സ്വേച്ഛാധിപതികളായ അധികാരികളുടെ പ്രവർത്തികളിൽ നിന്നും പൗരന്മാരെ സംരക്ഷിയ്ക്കുക എന്നതാണ്. ശക്തികളുടെ കുത്തകാധികാരം നമ്മൾ സർക്കാരിനു നൽകുകയാണെങ്കിൽ, അതവർ ഉത്തരവാദിത്വത്തോടെ പൊതുവായി ഉദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്കും ചില പ്രമാണിവർഗ്ഗങ്ങൾക്കു മാത്രമല്ലാതെ മുഴുവൻ സമൂഹത്തിന്റെയും ഗുണത്തിനുവേണ്ടി ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.

അധികാരത്തിൽ ഇരിക്കുന്നവർ കുറ്റങ്ങൾ ചെയ്താലും മറ്റുള്ളവർക്കു നൽകുന്ന അതേ ക്രിമിനൽ ശിക്ഷ തന്നെ അവർക്കും കൊടുക്കുന്നതെന്ന് നിയമവാഴ്ച ഉറപ്പാക്കുന്നു. ആശങ്കയ്ക്കു വക നൽകുന്നത്ര രാജ്യങ്ങൾ അവരുടെ സർക്കാരിലെ മുൻ ഭരണാധികാരികളെയും നിലവിലുള്ളവരെയും നിയമപരിധിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് അതിന്റെ ഫലമെന്നോണം അത്തരം നേതാക്കൾ നീതിന്യായങ്ങളിൽ നിന്നും രക്ഷപ്പെട്ടിട്ടുമുണ്ട്. അടിസ്ഥാനരഹിതവും (രാഷ്ട്രീയ

പരമായി ആരോപിക്കപ്പെട്ടവ) ഉപദ്രവകരവുമായ വിചാരണകളിൽ നിന്നും പ്രശസ്ത വ്യക്തികളെയോ- മറ്റാരെയെങ്കിലുമോ സംരക്ഷിക്കുന്നതുപോലുള്ള പഴുതുകൾ ചിലയിടങ്ങളിൽ നിലനിൽക്കുന്നുണ്ടെങ്കിലും യഥാർത്ഥമായ നീതി നിർവഹണത്തിൽ നിന്നും ആരേയും ഒഴിച്ചു നിർത്തുന്നില്ല.

നിയമവാഴ്ച അധികാരികളുടെ എപ്പോഴും മാറിക്കൊണ്ടിരിക്കുന്നതും സ്വേച്ഛപരവുമായ തീരുമാനങ്ങളേക്കാൾ പൊതുവായതും ദീർഘകാലം നിലനിൽക്കുന്നതുമായ തത്വങ്ങളിൽ അധിഷ്ഠിതമാണ്. നിയമത്തിന് മുന്നിൽ തുല്യ നിതി, നിയമത്തിന്റെ ശരിയായ നടപടിക്രമങ്ങൾ, ഒരു സ്വതന്ത്ര നിതിന്യായ വ്യവസ്ഥ, മുഖം നോക്കാതെയുള്ള നിതിനിർവഹണം, ഹേബിയസ് കോർപ്പസ് (വിചാരണ കൂടാതെ ജയിലിൽ അടച്ചിരിക്കുന്ന ആളെ കോടതി മുമ്പാകെ ഹാനരാക്കുവാനുള്ള അനുശാസന), അധികാരികളാൽ പീഢിപ്പിക്കപ്പെടാതിരിക്കൽ (ഇരട്ട വിപത്ത്എന്നു വിളിക്കപ്പെടുന്ന, ഒരാളെ ഒരേ കുറ്റത്തിന് വീണ്ടും വീണ്ടും വിചാരണ ചെയ്ത് പീഢിപ്പിക്കുന്ന രീതി), നിരപരാധിത്വം അനുമാനിക്കൽ (കുറ്റം തെളിയിക്കപ്പെടുന്നതുവരെ നിങ്ങളെ കുറ്റവാളിയായി കാണാതിരിക്കൽ), നിയമത്തിന്റെ സ്ഥിരതയും പ്രായോഗികതയും വിശ്വസ്തതയും തുടങ്ങിയ സ്വാഭാവിക നീതിയെ ഇത് നമുക്ക് ഉറപ്പ് തരുന്നു. നിർണ്ണായകമായും, നിയമ നിർമ്മാണം നടത്തുന്നവരും മറ്റുള്ളവരെപ്പോലെ ആ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നു. എത്ര തന്നെ ഉന്നതന്മാരായിരുന്നാലും അവരുടെ പ്രവർത്തികൾ അവർ ഉത്തരവാദികളല്ല എങ്കിൽഒരു സമൂഹം ഒരിക്കലും സ്വതന്ത്രമാവുകില്ല.

### *നിയമവാഴ്ചയെ സംരക്ഷിയ്ക്കൽ*

നിയമവാഴ്ചയെ അധികാരികൾ ദുർവിനിയോഗം ചെയ്യാതിരിക്കുവാൻ രാജ്യങ്ങൾക്ക് വ്യത്യസ്ത മാർഗ്ഗങ്ങളുണ്ട്. ലിഖിത ഭരണഘടന, പൊതുവായ നിയമത്തിലും കീഴ്വഴക്കങ്ങളുടെയും അടിസ്ഥാനത്തിൽഉള്ള നിതിന്യായ നടപടികൾ, സ്വാഭാവിക നീതിയോടുള്ള അടിസ്ഥാനപരമായ പ്രതിബദ്ധത എന്നിവ ഇതിൽ ഉൾപ്പെടുന്നു.

നിയമവാഴ്ചയ്ക്ക് കൂടുതൽ ശക്തി പകരാൻ ലിഖിത ഭരണഘടനയ്ക്ക് കഴിയും. പ്രമാണിവർഗ്ഗങ്ങളും കുത്സിത താല്പര്യങ്ങളും അധികാരത്തിൽ സ്വാധീനം ചെലുത്തിയിരിക്കുന്നതും പുതുതായി എഴുതി ഉണ്ടാക്കുന്ന ഭരണഘടന വളച്ചൊടിക്കാൻ അവർക്ക് സ്വാധിനം ചെലുത്തുവാൻ കഴിയും എന്നതിനാലും ഒരു പക്വത വന്ന രാജ്യത്തേക്കാൾ ഇത്തരം ഭരണഘടനകൾ എഴുതിയുണ്ടാക്കാൻ കൂടുതൽ എളുപ്പം പൗരന്മാർ ആദ്യമായി ഒത്തുകൂടുന്ന പുതുതായി രൂപം

കൊള്ളുന്ന ഒരു രാജ്യത്താണ്.

കോടതികളിൽ വരുന്ന വ്യത്യസ്തങ്ങളായ കേസുകളിൽ, വർഷങ്ങളായുള്ള കീഴ്‌വഴക്കങ്ങളും നിയമവാഴ്ചയെ സഹായിയ്ക്കുന്നു. വ്യക്തികൾക്ക് ഭരണത്തിലിരിയ്ക്കുന്ന നിയമസാമാജികരേയും ഉദ്യോഗസ്ഥരെയും എതിർക്കുവാനും അവരുടെ നിതിയും നിയമസാധുതയും കോടതിയിൽ ചോദ്യം ചെയ്യുവാനും കഴിയും. സാവധാനം, കീഴ്‌വഴക്കങ്ങൾ പിൻതുടരുന്ന ഒരു സമിതി ഉദ്യോഗസ്ഥ അധികാരത്തിന്റെ പരിധി നിശ്ചയിക്കുന്നു.

നിയമവാഴ്ചയെ താങ്ങിനിർത്തുന്ന മൂന്നാമത്തെ മാർഗ്ഗം, നീതിനിയമങ്ങളുടെയും സാമൂഹിക യോജിപ്പ അടിസ്ഥാനമാക്കിയുള്ള തത്വങ്ങളുടെയും പ്രായോഗികതകളെ കുറിച്ച് ചരച്ചകൾ പ്രോത്സാഹിപ്പിക്കുകയാണ്. സ്വതന്ത്ര അഭിപ്രായങ്ങൾ പ്രബലമാവുകയും ഇത്തരം ആശയങ്ങൾ ആർക്കുവേണമെങ്കിലും ചർച്ച ചെയ്യുവാനുള്ള സ്വാതന്ത്ര്യം നൽകുകയും ചെയ്യുകയാണെങ്കിൽ അധികാരികൾക്ക് അവരുടെ സ്വന്തം താല്പര്യങ്ങൾക്കായി നിയമങ്ങളെ തിരിമറി നടത്തുവാനുള്ള അവസരം നന്നേ കുറവായിരിക്കും.

നിയമവാഴ്ചയിലെ ചർച്ചകളിൽ നിന്നും ഉരുത്തുരിയുന്ന ഒരു മുഖ്യ ആശയം, അവർ എന്ത് തത്വത്തിലധിഷ്ഠിതമായി ഭരിക്കപ്പെടണം എന്നത് തിരുമാനിക്കുവാനായി ജനങ്ങൾ ആദ്യമായി ഒത്തുകൂടുമ്പോൾ, മോഷണങ്ങൾക്കും അക്രമങ്ങൾക്കുമുള്ള ശിക്ഷയല്ലാതെയുള്ളതും അവരുടെ ദീർഘകാല താൽപര്യങ്ങൾക്കനുസരിച്ചുള്ളതാണെന്നവർക്ക് തോന്നുന്നതല്ലാതെയുള്ളഒരു കാര്യങ്ങളിലും ബലപ്രയോഗം ആരും സമ്മതിക്കില്ല, അതുകൊണ്ട് നമ്മൾ കാര്യകാരണത്തോടുകൂടി ഒരു നിഗമനത്തിലെത്തണം,അതായത് എല്ലാ സ്വതന്ത്ര സമൂഹങ്ങളും ബലപ്രയോഗങ്ങളെ നിയന്ത്രിക്കുകയും ഒരുപ്രത്യേക വിഭാഗം ആളുകൾ മറ്റുള്ളവരെ ചൂഷണം ചെയ്യുന്നത് തടയുന്ന പൊതുനിയമങ്ങളെ അടിസ്ഥാനമാക്കണം.

### *നീതിനിർവ്വഹണം*

നിയമവാഴ്ചയുടെ സംരക്ഷണത്തിന് എന്തെല്ലാം പൊതുവായ വഴികൾ തെരഞ്ഞെടുത്താലും അതിനെ തീർച്ചയായും സഹായിക്കുന്ന ചില എടുത്തുപറയത്തക്ക ഘടകങ്ങളും ഉണ്ട്.

ന്യായാധിപന്മാർ, വ്യക്തിപരമായും അതിനേക്കാളുപരി രാഷ്ട്രീയപരമായും സ്വതന്ത്രരായിരിക്കണം അങ്ങനെ അല്ലയെങ്കിൽ നീതിന്യായ വ്യവസ്ഥയെ ആരും അംഗീകരിക്കുകയോ ബഹുമാനിക്കുകയോ ചെയ്യില്ല, മാത്രവുമല്ല നീതിയുടെ

പേരിൽ അത്യധികമായ അന്യായ പ്രവർത്തികളും ചെയ്യപ്പെടും. മിക്ക രാജ്യങ്ങളിലും ന്യായാധിപന്മാർ അർഹമായ ശമ്പളം ലഭിക്കാത്തവരും ഉത്തരവാദികളല്ലാത്തവരും നിരീക്ഷണവിധേയർ ആകാത്തവരുമാണ്, അതുകൊണ്ട് അവർ കേസുകളുടെ തീർപ്പ് കല്പിക്കുന്നത് നിയമത്തേക്കാൾ കോഴയുടെ അടിസ്ഥാനത്തിലായിരിക്കും. പകരം, ന്യായാധിപന്മാർക്ക് അവരർഹിയ്ക്കുന്ന പ്രതിഫലങ്ങൾ കൊടുക്കുകയും തുടർച്ചയായി നിരീക്ഷണവിധേയരാക്കുകയും ചെയ്താൽ ഇത്തരം അഴിമതികൾ ആവശ്യമായി വരികയോ പ്രോത്സാഹിപ്പിക്കപ്പെടുകയോ ചെയ്യില്ല.

നീതിന്യായ വ്യവസ്ഥയ്ക്ക് നല്ലൊരു കോടതി ഭരണവും കൂടി അത്യാവശ്യമാണ്. മിക്ക രാജ്യങ്ങളിലും, വളരെ ചെറിയൊരു കേസാണെങ്കിൽ പോലും അത് കോടതികളിലെത്താൻ മാസങ്ങളോ ചിലപ്പോൾ വർഷങ്ങൾ പോലും എടുത്തേക്കാം, ഇതിനു കാരണം ഉദ്യോഗസ്ഥ മേധാവിത്വങ്ങളുടെ ഇടപെടലുകളും കേസുകൾ കൈകാര്യം ചെയ്യുന്നതിൽ ഉദ്യോഗസ്ഥർ കാണിയ്ക്കുന്ന അലംഭാവവും തന്നെയാണ്. കിഴ്വഴക്കങ്ങളിൽ അടിസ്ഥാനമായ ഒരു നിയമവ്യവസ്ഥയ്ക്ക് കഴിഞ്ഞകാലത്തെ കേസുകളുടെയും വിധികളുടെയും വേഗത്തിലുള്ള ലഭ്യതയും ആവശ്യമാണ്. അപ്പോൾ അവിടെ കഴിഞ്ഞ കീഴ് വഴക്കങ്ങളുടെ ഒരു റെക്കോർഡുകളും ഇല്ല എന്ന കാരണത്താൽ കേസുകൾ അനാവശ്യമായി കോടതികളിൽ എത്തിക്കേണ്ടി വരില്ല.

മിക്ക രാജ്യങ്ങളിലും, പോലീസും കാര്യങ്ങൾ പരിഹരിക്കുന്നതിനേക്കാൾ കൂടുതൽ പ്രശ്നങ്ങളുടെ ഭാഗമായിട്ടുണ്ട്. ആളുകളെ അറസ്റ്റു ചെയ്യുവാനും തടവിൽ വയ്ക്കുവാനും ഉള്ള അധികാരം അവർക്കുള്ളതു കൊണ്ട് അവർക്കു ജനങ്ങളുടെമേൽ കുറ്റങ്ങൾ ചുമത്തുവാനും അഴിമതിയിലൂടെ അവർക്ക് നേട്ടങ്ങൾ ഉണ്ടാക്കുവാനും കഴിയും. ഉദ്യോഗസ്ഥർ യഥാർത്ഥമായതോ അല്ലെങ്കിൽ സൃഷ്ടിച്ചതോ നിസ്സാരമായ ട്രാഫിക് കുറ്റങ്ങൾ ചുമത്തി ചെറിയ പിഴകൾ ഈടാക്കുന്നത് അതിനൊരു സൂചകമാണ്. ഇത് നിലവിലുള്ള സംസ്കാരത്തിന്റെ ഭാഗമായി മാറും – പക്ഷേ ഒരിക്കൽ നമ്മൾ അഴിമതിയുടെ തത്വത്തെ അംഗീകരിച്ചു കഴിഞ്ഞാൽ ഇവിടെ ഒരു നിയമത്തിനും കൂടുതൽ വിനാശകമായ കാര്യങ്ങളെ തടയാൻ കഴിയില്ല. പോലീസിനെ ശരിയായ രീതിയിൽ പരിശീലിപ്പിക്കേണ്ടതും നിരീക്ഷിക്കേണ്ടതും അത്യാവശ്യമാണ്. അവർക്കെതിരെയുള്ള പരാതികൾ അന്വേഷിക്കുന്നതിനും നടപടി എടുക്കുന്നതിനും ഒരു സ്വതന്ത്ര ഏജൻസിയെ നിയോഗിക്കുന്നത് ഗുണകരമായിരിക്കും.

അതുപോലെ ഉദ്യോഗസ്ഥ വൃന്ദങ്ങളുടെ നിയമനവും രാഷ്ട്രീയ സ്വാധീനമില്ലാതെ

യോഗ്യതകളുടെ അടിസ്ഥാനത്തിലായിരിക്കണം. അവർ ശരിയായ രിതിയിൽ ഉത്തരവാദിത്വം ഉള്ളവരായിരിക്കണം. രാഷ്ട്രീയപരമായോ വ്യക്തിപരമായോ ഉള്ള നേട്ടങ്ങൾക്കു വേണ്ടി തീരുമാനങ്ങൾ എടുക്കുന്നത് ശിക്ഷിക്കപ്പെടണം.

നീതിയും നിയമവാഴ്ചയും നിലനിൽക്കണമെങ്കിൽ തിരഞ്ഞെടുപ്പുകൾ സത്യസന്ധമായി നടത്തപ്പെടണം. അധികാരികൾക്കെതിരെ വിമർശനമുയർത്തുന്ന സ്ഥാനാർത്ഥികൾക്ക് അവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനുള്ള സംസാര സ്വാതന്ത്ര്യം ഉണ്ടായിരിക്കണം. രഹസ്യമായി സമ്മതിദാനം രേഖപ്പെടുത്തുവാനുള്ള സൗകര്യവും തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ സത്യസന്ധമായി നടപ്പിലാക്കുവാൻ ഒരു സ്വതന്ത്ര തിരഞ്ഞെടുപ്പ് കമ്മീഷനും അവിടെ ഉണ്ടായിരിക്കണം.

### *നീതിയും സാമ്പത്തിക പുരോഗതിയും*

നിയമവാഴ്ച സാമ്പത്തികപരമായും കൂടാതെ സാമൂഹികമായും പ്രധാനപ്പെട്ടതാണ്. എല്ലാ വർഷവും ലോക ബാങ്ക് ബിസിനസിൽ ഏർപ്പെടുന്നതിലെ എളുപ്പമനുസരിച്ച് രാജ്യങ്ങൾക്ക് ഓരോ പദവി നൽകാറുണ്ട്. മറ്റു രാജ്യങ്ങളിൽ നിന്നും ബിസിനസും നിക്ഷേപങ്ങളും ആകർഷിക്കുക, സ്വന്തം നാട്ടിൽ ജനങ്ങൾക്ക് തടസ്സങ്ങളൊന്നുമില്ലാതെ വ്യാപാരം ചെയ്യാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക, ഇതൊക്കെ സാമ്പത്തിക പുരോഗതിയുടെയും ജനങ്ങളുടെ അഭിവൃദ്ധിയുടെയും സുപ്രധാന ഘടകങ്ങളാണ്. ഈ സൂചിക ശ്രദ്ധിക്കുന്നത് നികുതികളുടെയും ചട്ടങ്ങളുടെയും സുതാര്യത, ഉദ്യോഗസ്ഥർക്കിടയിലുള്ള അഴിമതിയുടെ അളവ്, എത്രത്തോളം അനായാസമായി ജനങ്ങൾക്ക് ബിസിനസ് തുടങ്ങാൻ കഴിയും, സ്വത്തുക്കൾ രജിസ്റ്റർ ചെയ്യുന്നത്, അതിർത്തിക്കപ്പുറമുള്ള വ്യാപാരം, പാപ്പരത്ത്വത്തെ കൈകാര്യം ചെയ്യുന്നത് അങ്ങനെ പലതും ആണ്.

സാമ്പത്തിവ്യവസ്ഥയിൽ വളരെ സ്വതന്ത്രമായ സിംഗപ്പൂർ (സാമൂഹിക സ്വാതന്ത്ര്യം വളരെ കുറവാണെങ്കിലും) ഏഴു വർഷം ലോകപദവിയിൽ ഒന്നാം സ്ഥാനത്ത് തുടർന്നു. താരതമേന്യ സ്വതന്ത്ര രാജ്യങ്ങളായ ഹോങ്കോങ്, ന്യൂസിലാൻഡ്, ഡെൻമാർക്ക്,യുണൈറ്റഡ് കിങ്ഡം, യുണൈറ്റഡ് സ്റ്റേറ്റ്സ് എന്നിവ പിന്നിലുണ്ട്. അടുത്തതായി വരുന്നത്, സാമ്പത്തിക സ്വാതന്ത്ര്യം ഉണ്ടെങ്കിലും സാമൂഹികമായി വളരെ നിയന്ത്രണങ്ങൾ ഉള്ള റിപ്പബ്ലിക് ഓഫ് കൊറിയയാണ്. ഈ പദവിയിൽ ഏറ്റവും താഴേതട്ടിൽ വരുന്നത്, നിതിയും നിയമവാഴ്ചയും അങ്ങേയറ്റം ദയനീയമാണെന്ന കുപ്രസിദ്ധിയുള്ള കോംഗോ, വെനസ്വേല, സിംബാവെ, ഇറാക്ക്, കാമറൂൺ, ബൊളീവിയ, ഉസ്ബെക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങളാണ്.

### *നിയമവാഴ്ചയ്ക്കുള്ള ഭീഷണികൾ*

മിക്കവാറും രാജ്യങ്ങളിൽ, പ്രത്യേകിച്ചും വികസ്വര രാജ്യങ്ങളിൽ പല തരത്തിലുള്ള നീതിവ്യവസ്ഥകൾ നിലനിൽക്കുന്നുണ്ട്. സർക്കാർതല നിയമവും നീതിവ്യവസ്ഥകളും കൂടാതെ, അവിടെ പലപ്പോഴും പ്രാദേശികവും വർഗ്ഗപരവും അല്ലെങ്കിൽ മതപരവുമായ നിയമവ്യവസ്ഥയും അതും കൂടാതെ സ്വകാര്യമോ അല്ലെങ്കിൽ വ്യക്തികൾ തമ്മിലുള്ള ഉടമ്പടി ചട്ടങ്ങളോ ഒക്കെ നിലവിലുണ്ട്.

സർക്കാർവ്യവസ്ഥയിൽ അഴിമതി സാധാരണയായി കൂടുതലായിരിക്കും. പ്രാദേശികവും മതപരവും സ്വകാര്യവുമായ നിയമവ്യവസ്ഥകളിൽ പൊതുവായും സ്വാഭാവിക നീതിയുടെ അഗാധമായ സ്വാധീനം ഉണ്ടായിരിക്കും, അതുകൊണ്ടു തന്നെ അവ ജനങ്ങൾക്കിടയിൽ പരക്കെ സ്വീകാര്യവുമായിരിയ്ക്കും. നേരേമറിച്ച്, സർക്കാർ വ്യവസ്ഥ പലപ്പോഴും അധിനിവേശക്കാരാലോ അല്ലെങ്കിൽ കയ്യാളുന്നവരാലോ അടിച്ചേൽപ്പിക്കപ്പെട്ടവ ആയിരിയ്ക്കും. അവർക്കെരിയ്ക്കലും അത്ര സ്വീകാര്യത ലഭ്യമാകില്ല, എന്നാൽ അവരുടെ അധികാരവും രക്ഷാധികാരവും ഏതൊരു അഴിമിത നടത്തുന്ന ആൾക്കും ചൂഷണം ചെയ്യാനായി നിൽക്കുന്നു.

സർക്കാരിലോ  സർക്കാർ നീതിന്യായ വകുപ്പുകളിലേയോ ആളുകൾ സർക്കാർ അധികാരത്തെ ദുരുപയോഗം ചെയ്യുന്നത് പലപ്പോഴും തെറ്റായി കാണുന്നില്ല. മിലിട്ടറിയിൽ ഉള്ളവരും പോലിസുകാരും ഉദ്യോഗസ്ഥരും എല്ലാം കൈക്കൂലി വാങ്ങുന്നു. രാഷ്ട്രീയക്കാർ അവരുടെ സമുദായത്തിന്റെ പ്രയോജനത്തിനു വേണ്ടിയോ അവരുടെ സ്വന്തം താല്പര്യങ്ങൾക്കു വേണ്ടിയോ സർക്കാരിനെ കൊള്ളയടിക്കുമെന്ന് പ്രതീക്ഷിക്കുന്നു. എന്നാൽ വ്യക്തി ജീവിതത്തിൽ എന്താണ് തെറ്റെന്നു കരുതുന്നുവോ അതു പൊതു പദവിയിലും തെറ്റായിരിക്കണം.

യാത്രയും ആശയവിനിമയവും വളരെ പ്രയാസകരവും പ്രാദേശിക പ്രശ്നങ്ങൾ അടിയന്തിരവും നിർണ്ണായകവുമായ പ്രദേശങ്ങളിൽ ഇത്തരം പലവിധത്തിലുള്ള നിയമവ്യവസ്ഥകൾ പ്രായോഗികമായേക്കാം.

## മനുഷ്യാവകാശം

### *മനുഷ്യാവകാശത്തിന്റെ നിർവചനം*

ഇത്തരം നീതിയുടെ പ്രതിഫലനത്തിൽ നിന്നും മനുഷ്യാവകാശം എന്ന ആശയം ഉയർന്നു വരുന്നു. ജനങ്ങളുടെ മനുഷ്യത്വപരമായ അവകാശങ്ങളുടെ ബലത്തിൽ അവർ അടിസ്ഥാന സ്വാതന്ത്ര്യത്തിന് അർഹരാണ് എന്നതാണ് ഇതിന്റെ

ആശയം. അതായത് സ്വാഭാവിക നിയമംപോലെ, സമൂഹത്തിന്റെ സുതാര്യമായപ്രവർത്തനത്തെ അവകാശങ്ങൾ പ്രോത്സാഹിപ്പിയ്ക്കുന്നു, എന്നാൽ അവകാശങ്ങൾ, പ്രത്യേകമായും ആഗോളം എന്ന്സമ്മതിക്കപ്പെട്ടത് (എല്ലായിടത്തും എല്ലാവരിലും പ്രയോഗിക്കാവുന്നത്), അന്യാധീനപ്പെടുത്താൻ സാധ്യതയില്ലാത്തവ (അവ ഉപേക്ഷിക്കുവാനും കഴിയില്ല മറ്റുള്ളവരാൽ നിരാകരിയ്ക്കപ്പെടാനും കഴിയില്ല) എന്നിവയാണ്.

മനുഷ്യാവകാശത്തെ മികച്ച രിതിയിൽ മനുഷ്യ സ്വാതന്ത്ര്യം എന്നു വിളിയ്ക്കാം. സ്വത്തുക്കൾ സമ്പാദിക്കൽ, സ്വയം നിർണ്ണയം, നിങ്ങളുടെ ശരീരത്തിലും തൊഴിലിലുമുള്ള ഉടമസ്ഥാവകാശം, യാത്ര ചെയ്യുവാനും ഇഷ്ടമുള്ളിടത്ത് താമസിക്കുവാനുള്ള സ്വാതന്ത്ര്യം, നിങ്ങളുടേതായ മതവിശ്വാസം പിൻതുടരുന്നതിനുള്ള സ്വാതന്ത്ര്യം എല്ലാം ഇതിൽ ഉൾപ്പെടുന്നു. അവയുടെ ഫലമായി ജനങ്ങളെ എങ്ങനെ സർക്കാരുകൾക്ക് നിയന്ത്രിക്കാൻ കഴിയും എന്നതിൽ പരിധി നിലവിൽ വന്നു.

### *നിയന്ത്രിക്കാൻ കഴിയും എന്നതിൽ പരിധി നിലവിൽ പന്നു*

നിർഭാഗ്യവശാൽ, പലപ്പോഴും മനുഷ്യാവകാശങ്ങൾ രാഷ്ട്രീയപരമായ ഘടനയിലൂടെ പുറപ്പെടുവിയ്ക്കുന്ന നിയമപരമായ അവകാശങ്ങളുമായോ അല്ലെങ്കിൽ സാമൂഹികവും സാംസ്കാരികവുമായ മാനദണ്ഢങ്ങളുമായോ ആശയക്കുഴപ്പത്തിലാകുന്നു. ഉദാഹരണത്തിന്, ജീവനക്കാർക്ക് ശമ്പളത്തോടുകൂടിയ അവധി നൽകുന്ന നിയമം മനുഷ്യാവകാശമല്ല, കാരണം ഇത് ആഗോളാമായതല്ല. അവ ബാധകമാവുന്നത് ഒരു നിശ്ചിത തൊഴിലാളികൾക്കു മാത്രവും അത്തരം ആഢംബരങ്ങൾ രാജ്യങ്ങളിൽ മാത്രവുമായിരിക്കും. മാത്രവുമല്ല അവയെ ഉപേക്ഷിക്കുവാനോ നിരാകരിക്കുവാനോ കഴിയും, അതായത് ഒരു തൊഴിലാളിക്ക് അയാളുടെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്താതെ തന്നെ അയാൾക്ക് അർഹിയ്ക്കുന്ന അവധി പണത്തിനുവേണ്ടി ഉപേക്ഷിക്കാം. അതുപോലെ തന്നെ പുരുഷനും സ്ത്രീക്കും തുല്യ വേതനം വേണമെന്ന നിയമവും മനുഷ്യാവകാശമല്ല, കാരണം അവ മനുഷ്യ സ്വാതന്ത്ര്യത്തിനുള്ള അവകാശവാദമല്ല, മറിച്ച് തൊഴിലുടമയുടെ മേൽ നിർബന്ധം ചെലുത്തുകയാണ്.

സംഘങ്ങളുടെ അവകാശങ്ങളും മനുഷ്യാവകാശമല്ല. കാരണം അവ ആഗോളതലത്തിൽ പ്രായോഗികമല്ല.അമേരിക്കയിലെ തദ്ദേശീയരായ ജനങ്ങൾക്ക് നലകിയിരിക്കുന്ന പ്രത്യേക ആനുകൂല്യങ്ങൾവെറുമൊരു നിയമപരമായ വിശേഷാ

ധികാരമാണ്, മറ്റുള്ളവർക്ക് അവ അനുഭവിക്കാൻ കഴിയില്ല. ജനങ്ങളുടെ മനുഷ്യത്വത്തെ ഉദ്ദേശിച്ചല്ലാതെ ചില പ്രത്യേക സംഘങ്ങളിലെ അംഗങ്ങൾക്കു മാത്രം നൽകപ്പെടുന്ന പരിഗണനകൾ എന്തെങ്കിലും മനുഷ്യാവകാശമാകില്ല.

### *സ്വാതന്ത്ര്യങ്ങളും അവകാശങ്ങളും കർത്തവ്യങ്ങളും*

ഇത്തരം പ്രശ്നങ്ങളെക്കുറിച്ച് വ്യക്തതയുണ്ടാവുന്നത് പരമപ്രധാനമാണ്. മനുഷ്യാവകാശങ്ങളുമായി സോഷ്യൽ മാനദണ്ഢങ്ങളും നിയമ ആനുകൂല്യങ്ങളും ആശയക്കുഴപ്പത്തിലാവുമ്പോൾ അത് രണ്ടാമത്തേതിന് തെറ്റായ അധികാരം നൽകുകയും ആദ്യത്തേതിന്റെ മുഴുവൻ ആശയങ്ങളെയും അട്ടിമറിക്കുകയും ചെയ്യുന്നു. തുല്യ വേതനം, ശമ്പളത്തോടു കൂടിയ അവധി അല്ലെങ്കിൽ ചില ഗ്രൂപ്പുകൾക്ക് പ്രത്യേക അംഗികാരം എന്നിവയൊക്കെ അഭിലഷണീയമായിരിയ്ക്കാം എങ്കിലും സത്യത്തിൽ അഭിലഷണീയമായ എല്ലാം മനുഷ്യാവകാശമല്ല.

മനുഷ്യ അവകാശങ്ങൾ നമുക്ക് സ്വാതന്ത്ര്യം ഉറപ്പു തരുന്നു – അവ ഒരിക്കലും ആരിലും നിബന്ധിത ആവശ്യങ്ങൾ ചെലുത്തുന്നില്ല. ഉദാഹരണത്തിന്, സംസാര സ്വാതന്ത്ര്യം, നിയമസാധ്യതയോ കടപ്പാടോ ചെലുത്തുന്നില്ല അത് അംഗീകരിക്കപ്പെടണം എന്നതല്ലാതെ. നിങ്ങളുടെ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും പ്രകടിപ്പിക്കുന്നതിനോ പ്രക്ഷേപണം ചെയ്യുവാനോ ആരും ഒരു ന്യൂസ്പേപ്പർ കോളമോ, അല്ലെങ്കിൽ ഒരു റേഡിയോ ഷോയോ തരപ്പെടുത്തി തരേണ്ട ആവശ്യമില്ല. ആരും നിങ്ങൾ സംസാരിക്കുന്നത് സ്വതന്ത്രമായിട്ടാണെന്ന് ഉറപ്പാക്കേണ്ട ആവശ്യവുമില്ല, നിങ്ങൾ എന്താണ് പറയുന്നതെന്ന് ശ്രദ്ധിയ്ക്കേണ്ട ആവശ്യം പോലുമില്ല.

ഇതിനു വിപരീതമായി, സൗജന്യ വിദ്യാഭ്യാസത്തിനുള്ള അവകാശം മനുഷ്യാവകാശമാണെന്ന് യുണൈറ്റഡ് നേഷൻ പ്രഖ്യാപിച്ചു. പക്ഷേ സൗജന്യ വിദ്യാഭ്യാസം ഒരു മനുഷ്യാവകാശമല്ല കാരണം ഇത് സൂചിപ്പിക്കുന്നത് മറ്റുള്ളവർ വിദ്യാഭ്യാസത്തിനുവേണ്ടി പണമടയ്ക്കാൻ ബാധ്യസ്ഥരാണെന്നാണ്. വിദ്യാഭ്യാസ വ്യവസ്ഥയ്ക്ക് ഒരു ചിലവുണ്ട്– സമയം, പരിശ്രമം, വസ്തുക്കൾ, പണം എന്നിവയെല്ലാം അതിനുവേണ്ടി ചിലവഴിയ്ക്കുന്നു. ഒരു യഥാർത്ഥ സ്വതന്ത്ര സമൂഹത്തിൽ സൗജന്യ വിദ്യാഭ്യാസം നേടാൻ ആർക്കും അവകാശമില്ല, കാരണം ഇതിനുവേണ്ടിയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനായി മറ്റാളുകൾ പണം ചിലവഴിക്കുവാൻ ബാധ്യസ്ഥരാകുന്നു. (തീർച്ചയായും അനേകം ആൾക്കാർ അതിനു തയ്യാറായി വരുന്നുണ്ട്, പക്ഷേ ഒരു സ്വതന്ത്ര സമൂഹത്തിന് അതിനു വേണ്ടി ആരെയും നിർബന്ധിക്കുവാൻ കഴിയില്ല).

മറ്റുള്ളവരിൽ ചെലുത്താനിടയുള്ള ബാധ്യതകളും അവ നടപ്പിലാക്കാൻ ആവശ്യമായിവരുന്ന നിർബന്ധങ്ങളും അതു സൃഷ്ടിച്ചേക്കാവുന്ന നാശങ്ങളെ അംഗീകരിക്കാതെയും എടുത്തു പറയാതെയും, മിക്കപ്പോഴും ആളുകൾ അവകാശങ്ങളെ കുറിച്ച് സംസാരിക്കാറുണ്ട്. ഒരു സ്വതന്ത്ര സമൂഹത്തിൽ ക്ഷേമത്തിനു ഒരു അവകാശവും ഇല്ല. അത് മറ്റുള്ളവരെ സഹായിക്കാൻചില ആളുകൾക്ക് ബാധ്യതയുണ്ട് എന്ന് സൂചിപ്പിക്കുന്നു.യഥാർത്ഥത്തിൽ അവരെ ഉപദ്രവിക്കരുത് എന്ന് മാത്രമേയുള്ളൂ.പക്ഷേ ഒരു ക്ഷേമ സംസ്കാരത്തേക്കാൾ മോശമായിരിയ്ക്കും ഇവിടത്തെ ദരിദ്രരുടെയും അല്ലെങ്കിൽ വൈകല്യമുള്ളവരുടെയും അവസ്ഥ എന്ന് ഇതുകൊണ്ടാകണമെന്നില്ല. ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള നികുതി ചിലവുകൾ തൊഴിലിനെയും സംരംഭകങ്ങളെയും നിരുത്സാഹപ്പെടുത്തും, അതുവഴി മുഴുവൻ സമൂഹവും ദരിദ്രമാകും, മാത്രവുമല്ല ക്ഷേമ ആനുകൂല്യങ്ങൾ ആശ്രയത്വത്തെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്നു. ഒരു സമ്പന്നവും സ്വതന്ത്രവുമായ സമൂഹത്തിലെ മാനവസേവന സംഘടനകൾക്ക് സർക്കാർ ഏജൻസികളേക്കാൾ മികച്ചരീതിയിൽ ക്ഷേമപ്രവർത്തനങ്ങൾ ചെയ്യുവാൻ കഴിയും.

# 7. ആത്മപ്രചോദിതമായ സമൂഹം

## കൽപ്പനകൾ ഇല്ലാതെയുള്ള ക്രമം

ഒരു സ്വതന്ത്ര സമൂഹത്തിന് ഒരു വലിയ സർക്കാരില്ലാതെ തന്നെ സ്വയം പ്രവർത്തിയ്ക്കുവാനുള്ള കഴിവുണ്ട്. അത് ചിലപ്പോൾ അതിശയമുളവാക്കുന്നുണ്ടാവാം, എന്നാൽ മനുഷ്യജീവിതം അത്തരം ഉദാഹരണങ്ങളാൽ സമ്പന്നമാണ്. അമേരിയ്ക്കൻ സാമ്പത്തിക വിദഗ്ധൻ ഡാനിയേൽ ബി ക്ലീനിന്റെ (Daniel B Klein) പ്രസ്താവന പോലെ – നിങ്ങൾ ചിന്തിക്കുന്നുണ്ടാവാം. ഒരു റോളർ സ്കേറ്റിങ് കളരിയിൽ– ഏകദേശം നൂറിലധികം പേർ, പിച്ചവെച്ചു നടക്കുന്ന കുട്ടികൾ മുതൽ അപ്പൂപ്പനമ്മൂമ്മമാർ വരെ, അവരുടെ ഷൂസുകളിൽ വീൽ ഘടിപ്പിച്ച്, എന്നാൽ ഹെൽമെറ്റോ, മുട്ടിൽ ഇടുന്ന പാഡോ ഇല്ലാതെ അല്ലെങ്കിൽ സ്കേറ്റിങ്ങിന്റെ ബാലപാഠം പോലും അറിയാതെ, എല്ലവാരും വ്യത്യസ്ത വേഗതയിൽ ആ കളിസ്ഥലത്ത് ചുറ്റുന്നു– വളരെ മാരകമായ അപകടങ്ങൾ സംഭവിക്കാനായി കാത്തിരിക്കുന്നു എന്ന രീതിയിൽ പക്ഷേ സ്കേറ്റിങ് ചെയ്യുന്നവർ വളരെ വിദഗ്ദമായി അവിടെ ചുറ്റി കറങ്ങുന്നു, മറ്റുള്ളവരുമായി കൂട്ടിമുട്ടാതെ, ഔദ്യോഗിക വേഗത നിയന്ത്രണമോ, സിഗ്നൽ ലൈറ്റുകളോ സ്റ്റോപ്പ് ലൈറ്റുകളോ ആവശ്യമില്ലാതെ അവർ വളരെ എളുപ്പത്തിൽ ചുറ്റുന്നു.[1] അവർക്ക് ചില ആസൂത്രകരോ അല്ലെങ്കിൽ നിയന്ത്രണ ഏജൻസികളോ, എവിടെ അല്ലെങ്കിൽ എത്ര വേഗതയിൽ സ്കേറ്റ് ചെയ്യണമെന്ന് പറഞ്ഞു കൊടുക്കേണ്ട ആവശ്യം വരുന്നില്ല. മറ്റുള്ളവരെ സ്വയം വീക്ഷിച്ച്, അവർക്ക് മര്യാദ കൊടുത്ത് കൂട്ടിമുട്ടലുകൾ ഒഴിവാക്കിക്കൊണ്ട് അവർ അവരുടെ സ്കേറ്റിങ് ആസ്വാദനം എന്ന പരസ്പര നേട്ടം നേടുന്നു.

---

1. ഡാനിയേൽ ബി ക്ലീൻ, റിങ്കോനോമിക്, എ വിൻഡോ ഓൺ സ്പോണ്ടേനിയസ് ഓർഡർ, ഓൺലൈൻ ലൈബ്രറി ഓഫ് ലൈബ്രറി ( ആർട്ടിക്കിൾ) 2006

1. Daniel B. Klein, Rinkonomics: A window on spontaneous order, Online Library of Liberty (Articles), 2006.

കൂടുതൽ ശ്രദ്ധേയമായി, മനുഷ്യ ഭാഷ വളരെ ഘടനാപരവും നമുക്ക് വളരെ പ്രയോജനപ്രദവുമാണ്, ഇത് അധികാരികളാൽ ബോധപൂർവ്വം രൂപകല്പന ചെയ്തെടുത്ത ഒന്നല്ല എന്നിരുന്നാലും. നൂറ്റാണ്ടുകളായി ഭാഷയെ രൂപപ്പെടുത്തിയെടുക്കുന്ന ഗ്രാമറുകളുടെ തത്വങ്ങൾ സ്വാഭാവികമായി വളർന്നു വരികയായിരുന്നു, കാരണം അവ നമ്മെ പരസ്പരം മനസ്സിലാക്കുവാൻ കഴിവുള്ളവരാക്കുന്നു. അവ ദുർഗ്രഹവും സങ്കീർണ്ണവും എഴുതുവാൻ ബുദ്ധിമുട്ടുള്ളതും ആണെങ്കിൽ പോലും നമ്മൾ ഈ തത്വങ്ങളെ പിൻതുടരുന്നു. ഒരു സർക്കാർ സമിതികൾക്കും ഇത്തരം സങ്കീർണ്ണവും ദുർഗ്രഹവും ഫലപ്രദവുമായ തത്വങ്ങൾ ഒരിക്കലും സൃഷ്ടിക്കാൻ പറ്റില്ല. അവ നമ്മോടൊപ്പം വികസിച്ചു വന്നതാണ്.

മനുഷ്യ സമൂഹത്തിന്റെ മിക്ക ഭാഗങ്ങളും ഇങ്ങനെ പ്രവർത്തിക്കുന്നവയാണ്. നമ്മൾ എങ്ങനെ പെരുമാറണമെന്ന് ഉദ്യോഗസ്ഥരാൽ അനുശാസിക്കപ്പെടുന്നില്ല, എന്നിരുന്നാലും നമ്മൾ ചിട്ടയായും പതിവായും മുൻകൂട്ടി പറയാവുന്ന വിധത്തിലും പ്രവർത്തിക്കുന്നു. നമ്മുടെ പ്രകൃതിയുടെ ഭാഗമായ നമ്മോടൊപ്പം വളർന്നുവന്ന ചില അടിസ്ഥാന നിയമങ്ങൾക്കനുസരിച്ചും പ്രവർത്തിക്കുന്നു. അവയെ പിൻതുടരുന്നതിലൂടെ വിശാലമായതും ഉയർന്നതലത്തിലുള്ളതുമായ സാമൂഹിക ചിട്ടകളെ നമ്മൾ സൃഷ്ടിക്കുന്നു. മറ്റുള്ളവരുമായി സമാധാനപരമായി വ്യാപാരത്തിലേർപ്പെടാൻ നമ്മെ അനുവദിക്കുന്ന ലളിതമായ നിയമങ്ങൾ അന്താരാഷ്ട്ര കമ്പോള സമ്പദ് വ്യവസ്ഥ സൃഷ്ടിച്ചു. അതിലൂടെയാണ് ഈ ലോകം മുഴുവൻ സഹകരിക്കുന്നത്.

### *നിയമം നയിക്കുന്ന സമൂഹങ്ങൾ*

ഒരു സ്വതന്ത്ര സമൂഹത്തിൽ വ്യക്തികൾക്കിടയിൽ നിലനിൽക്കുന്ന നിയമങ്ങൾ ഒരു സർക്കാർ നിയന്ത്രിത സമൂഹത്തിൽ നിലനിൽക്കുന്ന നിയമത്തേക്കാൾ ജനങ്ങൾക്ക് വിശാലത നൽകുന്നു. സ്വതന്ത്ര വ്യക്തികൾക്ക്, അധികാരികൾ പ്രത്യേകമായി അനുവദിച്ചിട്ടുള്ള ചില കാര്യങ്ങളേക്കാൾ പ്രത്യേകമായി നിരോധിക്കപ്പെട്ടിട്ടില്ലാത്ത അനേകം കാര്യങ്ങളിൽ ഏതു വേണമെങ്കിലും ചെയ്യുവാൻ കഴിയും. ഇതിനർത്ഥം ഒരു സ്വതന്ത്ര സമൂഹത്തിന് കൂടുതൽ അയവുവരുത്തുവാനും മാറിക്കൊണ്ട് ഇരിക്കുന്ന സാഹചര്യങ്ങൾക്കനുസരിച്ച്, ഉത്തരവുകൾക്കു കാത്തുനിൽക്കാതെ പ്രതികരിക്കാനും രൂപപ്പെടാനും കഴിയും എന്നാണ്.

ഈ നിയമങ്ങൾ - കമ്പോളവ്യവസ്ഥയിലെ സ്വത്തിന്റേയും ഉടമസ്ഥാവകാശത്തിന്റേയും നിയമങ്ങൾ പോലുളളവ - വർഷങ്ങളായി രൂപപ്പെട്ടവ ഏത് പ്രാവർത്തി

കമാവും ഏതാവില്ല എന്ന വിവേകത്തെ പ്രതിനിധാനം ചെയ്യുന്നു. സാഹചര്യങ്ങൾ മാറുന്നതിനനുസരിച്ച് അവ യോജിക്കുകയും മാറുകയും ചെയ്യുന്നു, വർഷങ്ങളായുള്ള പരിക്ഷണങ്ങളിലൂടെയും തെറ്റുകളിലൂടെയും ലക്ഷോപലക്ഷം ജനങ്ങളുമായുള്ള പരസ്പര സഹവർത്തത്വത്തിലൂടെയും കാര്യങ്ങൾ ശരിയാംവണ്ണം അപഗ്രഥിച്ച് അവ മാറ്റങ്ങൾ ഉൾക്കൊള്ളുന്നു. എങ്ങനെ മറ്റു ആളുകളോട് പെരുമാറണമെന്നുള്ള പെരുമാറ്റ ചട്ടങ്ങളും, എഴുതപ്പെട്ടിരിക്കുന്ന സ്വാഭാവിക നിയമങ്ങളെ പ്രകടമാക്കാൻ ശ്രമിയ്ക്കുന്ന നിയമപരമായ ചട്ടങ്ങൾ, വളരെയധികമുള്ള പരീക്ഷണകേസുകളെ ഉരുവാക്കിക്കൊണ്ടുവരുന്ന പൊതുവായ നിയമങ്ങൾ എന്നിവയെല്ലാം അവയിൽ ഉൾപ്പെടുന്നു.

ഈ നിയമം നയിക്കുന്ന, ആത്മപ്രചോദിതമായ സമൂഹം വെറും സൃഷ്ടിപരവും അനുരൂപമാക്കാവുന്നതും മാത്രമല്ല, കേന്ദ്രത്താൽ നിർദ്ദേശിയ്ക്കപ്പെടുന്ന ഒന്നിനേക്കാൾ കൂടുതൽ സങ്കീർണ്ണമാകാം. ഭാഷയെപ്പോലെ, നമുക്കാർക്കും ഇതിന്റെ എല്ലാ നിയമങ്ങളും വിശദീകരിക്കുവാൻ കഴിയാത്തത്ര സങ്കീർണ്ണമാകാൻ ഇതിനും കഴിയും, എന്നിട്ടും അത് ഇപ്പോഴും നല്ല രീതിയിൽ പ്രവർത്തിക്കുന്നു. ചില അധികാരസ്ഥാപനങ്ങളുടെ ആജ്ഞകൾക്ക് അടിസ്ഥാനമായുള്ള ഒരു സമൂഹം, വലുപ്പത്തിലും സ്വഭാവത്തിലും അനിവാര്യമായും അധികാരികളുടെ മനസ്സ് എത്തുന്നത്രതലത്തിലേക്ക് പരിമിതമായിരിക്കും. എന്നാൽ ആയിരക്കണക്കിന് വർഷങ്ങളിൽ മാനുഷിക സഹവർത്തിത്വത്തിലൂടെയും രൂപപ്പെട്ട നിമയങ്ങളിൽ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു സമൂഹം കൂടുതൽ വിശാലവും അഗാധവുമായ വിവേകം പ്രതിഫലിപ്പിക്കും . കേന്ദ്രത്താൽ ഭരിക്കപ്പെടുന്ന സമൂഹം വളരെ കുറച്ചുപേരുടെ നിയന്ത്രിതമായ നിപുണതയെ ആശ്രയിച്ചിരിയ്ക്കുന്നു, എന്നാൽ നിയമം നയിക്കുന്ന സമൂഹം വളരെയധികം പേരുടെ നിപുണതയുടെ സാരാംശം പറയുന്നു.

സർക്കാർ അധികാരികൾ മിക്കപ്പോഴും കാട്ടുന്ന അബദ്ധം എന്തെന്നാൽ, സാമൂഹികമായും സാമ്പത്തികപരമായും പരസ്പരവ്യവഹാരങ്ങളുടെ ദൈനംദിന നിയമങ്ങളേക്കാൾ ഒരു സമൂഹത്തേയോ അല്ലെങ്കിൽ സമ്പദ് വ്യവസ്ഥയേയോ മികച്ച രിതിയിലും യുക്തിപൂർവ്വമായും ആസൂത്രണം ചെയ്യാൻ കഴിയും എന്നതാണ്. ഈ സങ്കീർണ്ണ നിയമവ്യവസ്ഥയിൽ അടങ്ങിയിരിക്കുന്ന വിവേകത്തേ വളച്ചൊടിച്ചും നിരാകരിച്ചും അവർ തീർച്ചയായും കാര്യങ്ങളെ കൂടുതൽ മോശമാക്കുന്നു.

### *ചിതറിയ അറിവും ശക്തിയും*

ആത്മപ്രചോദിതമായ, നിയമം നയിക്കുന്ന സമൂഹത്തിൽ കാണുന്ന സഹജമായ

വിവേകവും നിപുണതയും ഒരു കേന്ദ്രത്തിൽ അല്ല സ്ഥിതിചെയ്യുന്നത്. ഇത് താങ്ങിനിർത്തപ്പെടുന്നത് ലക്ഷോപലക്ഷം വ്യക്തികൾ അവരുടെ ദൈനംദിന ജീവിതത്തിലൂടെ കടന്നുപോകുമ്പോഴാണ്. അധികാരം എല്ല ാവരിലുമായി ചിതറിക്കിടന്നാൽ വ്യക്തികൾക്ക് ജീവിതത്തിൽ അവരുടെ സ്വന്തം ചെറുകിട പരീക്ഷണങ്ങൾക്ക് പരിശ്രമിക്കുവാൻ കഴിയും. അവർക്ക് വെല്ലുവിളികളും അവസരങ്ങളും ഏറ്റെടുക്കുവാൻ കഴിയും, അത് മറ്റുള്ളവർക്ക് ഭീഷണിയാകുന്നില്ല, എന്നാൽ ആ വെല്ലുവിളികൾ വിജയിച്ചാൽ അവ എല്ലാവർക്കും തിരഞ്ഞെടുക്കുവാനും അതിൽ നിന്നും പ്രയോജനങ്ങൾ നേടുവാനും ലഭ്യമായിരിക്കും. അത് പരീക്ഷണങ്ങളെയും മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് യോജിച്ചുപോകുവാനും പ്രോത്സാഹനം നൽകുന്നു. ഇത് മാറ്റങ്ങളുടെ ലോകത്ത് ഉയർന്ന അളവിൽ വിജയിക്കുവാനുള്ള അവസരം ആത്മപ്രചോദിതമായ സമൂഹത്തിന് നൽകുന്നു. ഇതിനു വിരുദ്ധമായി സർക്കാർ സ്ഥാപനങ്ങൾ എല്ലാവർക്കും വേണ്ടി തീരുമാനങ്ങളെടുക്കുന്നു, തന്നിമിത്തം എല്ലാവരുടെയും ജീവിതത്തിനും സമ്പത്തിനും അപകടസാധ്യത ഏറുന്നു. അതുകൊണ്ട് അവർക്ക്, സ്വതന്ത്ര വ്യക്തികൾ ചെയ്യുന്നതിനേക്കാൾ കൂടുതൽ ശ്രദ്ധയോടെ പ്രവർത്തിക്കേണ്ടിവരുന്നു, അല്ലെങ്കിൽ കൂടുതൽ വലിയ അബദ്ധങ്ങളിൽ കൊണ്ടെത്തിക്കും. ഇതിന്റെ പരിണതഫലമായി സ്വതന്ത്രമല്ലാത്ത സമൂഹങ്ങൾ സാവധാനത്തിലും കുറഞ്ഞ വിജയത്തിലുമേ രൂപപ്പെട്ടുവരൂ.

തീർച്ചയായും, ആത്മപ്രചോദിതമായ സമൂഹത്തിനും സമ്പദ് വ്യവസ്ഥയ്ക്കും ഒരിയ്ക്കലും പൂർണ്ണമായും കുറ്റമറ്റതാകാൻ കഴിയില്ല. അവ മനുഷ്യ പ്രവർത്തനങ്ങളുടെ ഉല്പന്നങ്ങളാണ് (മനുഷ്യൻ രൂപകല്പന ചെയ്യുന്നതല്ലെങ്കിലും) മാത്രവുമല്ല മനുഷ്യർ ഒരിയ്ക്കലും പൂർണ്ണരല്ല. ഉദാഹരണത്തിന്, നമ്മുക്കൊരിക്കലും ഭാവി മുൻകൂട്ടി കാണാൻ കഴിയില്ല, അതുകൊണ്ട് നമ്മൾ അവയിലേയ്ക്ക് അനുരൂപപ്പെടാൻ ശ്രമിക്കുമ്പോൾ അബദ്ധങ്ങൾ ഉണ്ടായേക്കാം. നമ്മുക്കോരുരുത്തർക്കും ഉള്ള വിവരം തീർച്ചയായും ഭാഗികവും തദ്ദേശീയവുമായിരിയ്ക്കും. എന്നാൽ സ്വതന്ത്ര മാനുഷിക സഹവർത്തിത്വം നിലനിൽക്കുന്ന ലോകത്ത്, ഈ ഭാഗികവും തദ്ദേശീയവുമായ അറിവ് അസാമാന്യമായ ബുദ്ധുയുള്ളതും അനുരൂപകവുമായ ഒരു സമൂഹത്തെയും സമ്പദ് വ്യവസ്ഥയെയും രൂപപ്പെടുത്തുന്നു.

ഒരു സ്വതന്ത്ര സമൂഹത്തിൽ എങ്ങനെ ഏറ്റവും മികച്ച രീതിയിൽ മറ്റുള്ളവരുമായി യോജിച്ചുപോകാമെന്ന് ജനങ്ങൾ സ്വയം കണ്ടെത്തുന്നു. പിന്നീട് അവർ മറ്റുള്ള എല്ലാവരുടേയും പ്രവർത്തനങ്ങളുമായി യോജിച്ച് പോകാൻ ശ്രമിക്കുന്നു. ഒരു തിരക്കുള്ള റെയിൽവേ സ്റ്റേഷനിൽ, പുറത്തേയ്ക്ക് പോകുവാൻ

അവിടെയുള്ള പല വഴികളിൽ ഒന്നിൽകൂടി കടന്നുപോകുവാൻ എല്ലാവരും ശ്രമിക്കുന്നു അല്ലെങ്കിൽ അകത്തേക്ക് കടന്നുവരുവാനുള്ള പല വഴികളിൽ ഒന്നിൽകൂടി എല്ലാവരും അവരുടെ ട്രെയിനിൽ കയറുവാനായി തിരക്കുപിടിച്ച് കടന്നുവരുന്നതുപോലെയാണ്. അവർ ഓരോരുത്തർക്കും നിശ്ചയമുണ്ട് അവർക്കെങ്ങോട്ടേക്കാണ് പോകേണ്ടതെന്ന്. അവരുടെ വഴി അത്രനേരേയുള്ളതായിരിക്കില്ല. സമാനമനസ്കരുടെ ഇടയിലൂടെ അവർക്കു വളഞ്ഞും പുളഞ്ഞും പോകേണ്ടി വരും, മറ്റുള്ളവർ അവരുടെ നേർക്ക് വരുമ്പോൾ അവർ അവരുടെ ദിശ മാറ്റുന്നു. ഒരു കലാപ ബാധിത പ്രദേശം പോലെ ഇത് കാണപ്പെടും, എന്നാൽ അവർ ഓരോരുത്തരും തമ്മിൽ യാതൊരു കൂട്ടിമുട്ടും ഇല്ലാതെ അവരവരുടെ ലക്ഷ്യസ്ഥാനത്തേക്ക് എത്തിച്ചേരുന്നു. ഏതെങ്കിലും അധികാരികൾക്ക് നൂറിലധികമോ അല്ലെങ്കിൽ ആയിരത്തിലധികമോ വരുന്ന അവർ ഓരോരുത്തരോടും എപ്പോൾ എങ്ങനെ പോകണമെന്ന് നിർദ്ദേശം കൊടുക്കേണ്ടി വരികയാണെങ്കിൽ ഒരുപക്ഷേ അവർ ഓരോരുത്തർക്കും അവരുടെ ലക്ഷ്യസ്ഥാനത്തെത്താൻ മണിക്കൂറുകളോ അല്ലെങ്കിൽ ദിവസങ്ങളോ വേണ്ടിവരും. കേന്ദ്രീകൃതമായി ഈ പ്രശ്നം പരിഹരിയ്ക്കേി വരികയാണെങ്കിൽ അതു കൂടുതൽ സങ്കീർണ്ണമായി തിരുന്നു. എന്നാൽ ഒരു ആത്മപ്രചോദിതമായ സമൂഹത്തിന് ഇത്തരം പ്രശ്നങ്ങൾ വളരെ ലളിതമായും സമയത്തിനുള്ളിലും പരിഹരിയ്ക്കുവാൻ കഴിയും.

## സഹിഷ്ണുത

### *സഹിഷ്ണുതയുടെ അർത്ഥം*

ഇപ്രകാരം, ഒരു സ്വതന്ത്ര സമൂഹത്തിലെ ജനങ്ങൾ ഓരോരുത്തർക്കും മറ്റുള്ളവരുടെ പ്രവർത്തനങ്ങളുമായി യോജിച്ചുപോകേണ്ടി വരുന്നു. അതുകൊണ്ടു തന്നെ ജനങ്ങൾ മറ്റുള്ളവരോട്, ആരുടെയെങ്കിലും പ്രവർത്തികളോ ജീവിതരീതികളോ അംഗീകരിക്കുവാൻ കഴിയാത്തതും ഒരു പക്ഷേ അവർക്ക് ഞെട്ടലുളവാക്കുന്ന തരത്തിൽ ഉള്ളതാണെങ്കിൽ പോലും അവരുൾപ്പെടെ ഉള്ളവരോട് സഹിഷ്ണുത കാണിക്കേണ്ടത് സുപ്രധാനമാണ്.

ഒരു സ്വതന്ത്ര സമൂഹത്തിൽ, നമ്മുക്കിഷ്ടമല്ലാ എന്ന കാരണത്താൽ ആരുടെയും ഏതെങ്കിലും പ്രവർത്തികളെ തടയാൻ നമുക്ക് കഴിയില്ല. അവരുടെ പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് ഹാനികരമാകുമ്പോഴോ അല്ലെങ്കിൽ ഹാനികരമാകാൻ സാധ്യത ഉണ്ടെന്ന് തോന്നുമ്പോഴോ മാത്രമേ നമ്മുക്ക് അതിൽ ഇടപെടാൻ കഴിയൂ. ജോൺ സ്റ്റുവർട്ട് മിൽ അത് വ്യക്തമായി ശാരീരികമായ ഹാനി എന്നു വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഞെട്ടൽ, ധാർമ്മിരോഷം അല്ലെങ്കിൽ ചമ്മൽ ഇവ

യൊക്കെ ഹാനികരമായ പ്രവർത്തികളിൽ ഉൾപ്പെടുമെങ്കിൽ, ഇവിടെ ഏകദേശം എല്ലാ പ്രവർത്തികളും നിരോധിക്കേണ്ടി വരികയും അവിടെ സ്വാതന്ത്ര്യം ഇല്ലാതാവുകയും ചെയ്യും. ഏത് തരത്തിലായാലും ഇത്തരം പെരുമാറ്റങ്ങളെ നിരോധിക്കാൻ ആഗ്രഹിച്ചവരുടെ ധാർമ്മിക രോഷം അത്തരം നിരോധനങ്ങൾ നടപ്പാക്കാനുള്ള സ്വാതന്ത്ര്യത്തെ ഇഷ്ടപ്പെടാത്തവരുടെ ധാർമ്മിക രോഷവുമായി തുലനം ചെയ്യാവുന്നതാണ്. എത്ര അധികവും വികാരനിർഭരവുമാണ് ഇരുഭാഗവും എങ്കിലും അവർക്കിടയിൽ പരസ്പര ധാരണയിലെത്താൻ ഒരു നിഷ്പക്ഷമാർഗ്ഗവുമില്ല. ഒരു സ്വതന്ത്ര സമൂഹം ആയതിനാൽ തർക്കങ്ങൾ പരിഹരിക്കുവാൻ സേനയേയോ പോലീസിനോ സമീപിക്കാൻ അനുവദിക്കുന്നില്ല, രണ്ട് കൂട്ടരും പരസ്പരമുള്ള അഭിപ്രായങ്ങളോടും പെരുമാറ്റത്തോടും ജീവിതരീതികളോടും സഹിഷ്ണുതാ മനോഭാവത്തോടെ പരിഹരിച്ച് മുന്നോട്ടു പോകണം. ഇത് ധാർമ്മികമായ അലംഭാവം പോലെയല്ല. ഒരു കുട്ടിയുടെ മാതാപിതാക്കൾ ആ കുട്ടിയുടെ ചീത്ത സ്വഭാവങ്ങൾ നിരുത്സാഹപ്പെടുത്താതിരിക്കുന്നത് സഹിഷ്ണുതയായി കണക്കാക്കാൻ കഴിയില്ല, എന്നാൽ അവർ ആ കുട്ടിയുടെ ധാർമ്മികമായ വിദ്യാഭ്യാസത്തെ തിരസ്കരിക്കുകയാണ് ചെയ്യുന്നത്. മുതിർന്നിവർ നമുക്ക് ഞെട്ടലുളവാക്കുന്ന രീതിയിൽ പെരുമാറിയാൽ നമുക്ക് അവരെ വ്യത്യസ്ഥമായ രീതിയിൽ പെരുമാറാൻ പ്രേരിപ്പിക്കാനുള്ള എല്ലാ അവകാശവും ഉണ്ട്. അവരെ നിർബന്ധിക്കാനാവില്ലെങ്കിലും ജനങ്ങൾ ധാർമ്മികധയിൽ വിയോജിക്കുകയും അവയിൽ നിന്ന് തിരഞ്ഞെടുക്കാൻ നിഷ്പക്ഷമായ ഒരുവഴിയും ഇല്ല എന്നത് കൊണ്ട് എല്ലാ ധാർമ്മികതയും ഒരുപോലെ പ്രസക്തമാണ് എന്ന ആശയമുള്ള സദാചാരമുള്ള ആപേക്ഷികത തന്നെയല്ല സഹിഷ്ണുത. നമ്മുടെ ധാർമ്മികമായ അല്ലെങ്കിൽ മതപരമായ തത്വങ്ങൾ മറ്റുള്ളവരുടേതിനേക്കാളും ശ്രേഷ്ഠമാണെന്ന് വിശ്വസിക്കുവാനുള്ള പൂർണ്ണമായ അവകാശം നമുക്കുണ്ട്, പക്ഷേ നമ്മുടെ ആശയങ്ങൾ നിർബന്ധപൂർവ്വം ആരിലേക്കും അടിച്ചേൽപ്പിക്കരുത്.

### *സഹിഷ്ണുതയും വൈജാത്യവും തെരഞ്ഞെടുക്കലും*

ജനപ്പെരുപ്പത്തിലെ വർദ്ധിച്ചു വരുന്ന വൈജാത്യങ്ങൾ മറ്റുള്ളവരോട് സഹിഷ്ണതു പുലർത്തുന്നതിൽ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. എളുപ്പമായ അന്തർദ്ദേശീയ യാത്രകളും കുടിയേറ്റങ്ങളുടെ നിയന്ത്രണങ്ങളുടെ അയവും, നമ്മുടെ കൂടുതൽ ആഗോളവ്യാപകമായ സമ്പദ് വ്യവസ്ഥയും ഒക്കെ, കുറച്ചു ദശകങ്ങൾക്കു മുമ്പെങ്ങും ഇല്ലാതിരുന്ന വിധം പല രാജ്യങ്ങളിലെയും ജനസമൂഹം വിഭിന്നങ്ങളായി കാണപ്പെടുന്നതിനുള്ള കാരണങ്ങളിൽ ചിലതു മാത്രമാണ്.

ചില ആളുകൾ വാദിക്കുന്നത്, വർദ്ധിച്ച വരണാത്മക ഉപാധികൾ വ്യത്യസ്ത വർഗ്ഗപരമായ, സാംസ്കാരികമായ, ദേശീയപരമായ, ഭാഷാപരമായ അല്ലെങ്കിൽ മതപരമായ സംഘങ്ങളെ കൂടുതൽ അകറ്റുകയും സമ്മർദ്ദം വർദ്ധിപ്പിക്കുകയും അത് സഹിഷ്ണുതയെ ഇല്ലാതാക്കുകയും ചെയ്യുമെന്നാണ്. ഉദാഹരണത്തിന്, കുട്ടികൾ അവരുടെ അതേ വർഗ്ഗത്തിൽപ്പെട്ട മറ്റുള്ളവരുമായി സഹകരിച്ച് വളരണമെന്ന് മാതാപിതാക്കൾ ആഗ്രഹിച്ചേക്കാം, മാത്രവുമല്ല അവർക്ക് അവരുടേതായ സ്വന്തം സ്ക്കൂളുകൾ തെരഞ്ഞെടുക്കുവാൻ കഴിയുമെങ്കിൽ സർക്കാർ സ്ഥാപനങ്ങളാൽ നിർദ്ദേശിക്കപ്പെട്ട സ്ക്കൂളുകളിൽ പഠിക്കുന്നതിനേക്കാൾ മറ്റുള്ളവരുമായി അകലുവാനുള്ള സാധ്യത വളരെ കൂടുതലായിരിക്കും.

വാസ്തവത്തിൽ കുട്ടികൾ അടുത്തുള്ള സ്ക്കൂളുകളിൽ ആണ് സ്വാഭാവികമായും അയക്കപ്പെടുക എന്നതിനാൽ, സർക്കാർ, സ്ക്കൂളുകളുടെ സ്ഥലങ്ങൾ നിർണ്ണയിക്കുമ്പോൾ സ്ക്കൂളുകളുടെ ഏകീകരണം സ്വാഭാവികമായും കുറവായിരിക്കും. ഒരേ വംശത്തിൽപ്പെട്ട ആളുകൾ അടുത്തടുത്തു താമസിക്കാൻ ഇഷ്ടപ്പെടുമ്പോൾ സ്ക്കൂളുകളിലെ കുട്ടികളുടെ എണ്ണത്തിൽ പല വിഭാഗങ്ങളുടെയും ഒന്നിച്ചുചേരലിന്റെ കുറവ് അവിടെ പ്രതിഫലിക്കുന്നു.എന്നാൽ മാതാപിതാക്കൾക്ക് സ്ക്കൂളുകൾ തെരഞ്ഞെടുക്കുവാൻ കഴിയുമെങ്കിൽ അവർ മറ്റുപ്രദേശങ്ങളിലുള്ള സ്ക്കൂളുകളും തെരഞ്ഞെടുത്തേയ്ക്കാം അല്ലെങ്കിൽ നല്ല അദ്ധ്യാപകരുള്ള, സംഗിതം, അല്ലെങ്കിൽ പല ഭാഷകൾ പഠിപ്പിയ്ക്കുന്ന എന്നിങ്ങനെ, അവർ വംശത്തെക്കാളും പ്രാധാന്യം കൊടുക്കുന്ന സവിശേഷതകൾ ഉള്ള സ്ക്കൂളുകൾ തെരഞ്ഞെടുത്തേയ്ക്കാം.

വംശീയമായ വേർതിരിക്കലുകൾ തികച്ചും സ്വാഭാവികമാണ്, ജനങ്ങൾ അവരുടെ അതേ സംഘത്തിൽ നിന്നും സുഹൃത്തുക്കളെയും സഹപ്രവർത്തകരെയും തെരഞ്ഞെടുക്കുവാൻ ശ്രമിക്കൂ. പക്ഷേ അതിനും മറ്റു സമൂദായങ്ങളോട് അസഹിഷ്തുതയോടെ പെരുമാറുന്നതിനും തമ്മിൽ വലിയ വ്യത്യാസങ്ങളുണ്ട്. എവിടെ ചില ഗ്രൂപ്പുകൾ മറ്റഉള്ളവരുടെ അവകാശത്തെയും ആനുകൂല്യങ്ങളെയും നിരാകരിക്കുന്നുവോ വിനാശകരമായ വംശീയ പ്രശ്നങ്ങൾ അവിടെ ഉടലെടുക്കുന്നു- മറ്റൊരർത്ഥത്തിൽ പറഞ്ഞാൽ എവിടെ ഒരു സ്വതന്ത്ര സമൂഹത്തിന്റെ അടിസ്ഥാന തത്വങ്ങൾ ലംഘിക്കപ്പെടുന്നുവോ അവിടെ ഇത്തരം വിനാശകരമായ പ്രശ്നങ്ങൾ ഉയർന്നുവരുന്നു.

### *സഹിഷ്ണുതയ്ക്ക് മൗലികവാദികളിൽ നിന്നുള്ള ഭീഷണി*

മറ്റുള്ളവരോടുള്ള സഹിഷ്ണുതയ്ക്ക് നേരിടേണ്ടി വരുന്ന ഏറ്റവും വലിയ ഭീഷണി

ധാർമ്മികവും, പ്രത്യയശാസ്ത്രപരമായതും അല്ലെങ്കിൽ മതപരവുമായ മൗലികവാദമാണ്. മതപരമായി കടുത്ത കാഴ്ചപ്പാടുകൾ ഉള്ള അധികം ആളുകളും ചിന്തിക്കുന്നത് സ്വവർഗ്ഗരതിയും അല്ലെങ്കിൽ വിവാഹത്തിനു മുമ്പുള്ള ലൈംഗികബന്ധങ്ങളും അറപ്പുളവാക്കുന്നതും ലജ്ജാകരവും ഞെട്ടലുളവാക്കുന്നതും അല്ലെങ്കിൽ അധാർമ്മികവും ആണെന്നാണ്. അവർ ദൈവനിന്ദ, ആരാധനാമൂർത്തികളുടെ വിഗ്രഹങ്ങൾ നിർമ്മിക്കൽ, മതഗ്രന്ഥങ്ങളെ നിഷേധിക്കൽ, മതത്തിന്റെ ധാർമ്മികമായ തത്വങ്ങളെ അവഗണിക്കൽ അല്ലെങ്കിൽ മറ്റു മതങ്ങളുടെ വിശ്വാസങ്ങളെ പിൻതുടരൽ എന്നിവ ശുദ്ധമായ തിന്മയായി കണക്കാക്കാം. ഇതൊക്കെയവർക്ക് മതിയായ കാരണങ്ങളാണ് ഇത്തരം പെരുമാറ്റങ്ങൾ നിയമലംഘനവും ശിക്ഷിക്കപ്പെടേണ്ടതാണെന്നും വരുത്തിത്തീർക്കുവാൻ.

പക്ഷേ ഒരാളുടെ പ്രവർത്തികൾ എത്രത്തോളം അറപ്പും ഞെട്ടലും മറ്റുള്ളവരിൽ ഉളവാക്കിയാലും, മതപരമായ കാഴ്ചപ്പാടിൽ അവർ എത്രത്തോളം ദുഷ്കർമ്മികളായി വിധിയ്ക്കപ്പെട്ടാലും, അവർ മറ്റുള്ളവരെ ശാരിരികമായി ഉപദ്രവിയ്ക്കുകയോ അല്ലെങ്കിൽ അങ്ങനെ ചെയ്യുമെന്ന് ഭീഷണിപ്പെടുത്തുകയോ ചെയ്തിട്ടില്ലായെങ്കിൽ അവരെ തടയാൻ ഒരു സ്വതന്ത്ര സമൂഹത്തിൽ ആർക്കും അധികാരമില്ല. ഇവയെല്ലാം ഭയപ്പെടുത്തലുകളോ യഥാർത്ഥ ഉപദ്രവമോ ഉണ്ടാക്കുന്നില്ല എന്നതിനാൽ ഒരു മതത്തിലെ അംഗങ്ങളെ ഈ പ്രവൃത്തികളെ വിമർശിക്കുകയും അവയ്ക്കെതിരെ വാദിക്കുകയും ചെയ്യുന്നതിലൂടെ അവയുടെ പ്രോക്താക്കളെ മത സമൂഹത്തിൽ നിന്ന് പുറത്താക്കുന്നതിൽ നിന്നും തടയാനാവില്ല. പക്ഷേ സർക്കാർ ഉൾപ്പെടെ ആരെയും, ഇത്തരം കാഴ്ചപ്പാടുകളുടെയും പ്രവർത്തികളുടെയും കാരണത്താൽ ഒരാളെയും നിയന്ത്രിക്കുവാനോ, നീക്കം ചെയ്യുവാനോ, അറസ്റ്റു ചെയ്യുവാനോ, ജയിലിലടക്കുവാനോ, പീഢിപ്പിക്കുവാനോ, ശരിരക്ഷതം വരുത്തുവാനോ, നാടുകടത്തുവാനോ അല്ലെങ്കിൽ വധശിക്ഷയ്ക്കു വിധേയനാക്കുവാനോ ഒരു സ്വതന്ത്ര സമൂഹം അനുവദിക്കുന്നില്ല.

ലോകത്തിലെ മിക്ക അടിസ്ഥാന മതഗ്രന്ഥങ്ങളും മറ്റുള്ളവരോടുള്ള സഹിഷ്ണുതയെ അംഗികരിയ്ക്കുന്നുണ്ട്. എങ്കിലും ചില അധികാരികൾ അവരുടെ സ്വാർത്ഥതാല്പര്യങ്ങൾക്കായി അവയെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിച്ചിട്ടുണ്ട്. വിദേശ ശക്തികൾ ഒരു രാജ്യത്തെ അവരുടെ കീഴിൽ ആക്കുമ്പോൾ അതിന്റെ മതത്തെക്കൂടി സ്വായത്തമാക്കുന്നു, അതിന്റെ ധാർമ്മികവും നിതിന്യായപരവുമായ തത്വങ്ങളെ വ്യതിചലിപ്പിച്ച് അവരുടെ സ്വന്തം ഭരണത്തിന് അനുസൃതമാക്കുന്നു. ചില സർവ്വാധിപത്യമുള്ള സർക്കാരുകൾ അവരുടെ

പ്രത്യയശാസ്ത്രത്തിനും അധികാരത്തിനും ഒരു ഭീഷണിയായി കണ്ട് മതങ്ങളെ പൂർണ്ണമായും അടിച്ചമർത്തുവാൻ പോലും ശ്രമിച്ചിട്ടുണ്ട്. ഒരു സ്വതന്ത്ര സമൂഹത്തിൽ മൗലികവാദം മതപരമായതാണോ അല്ലെങ്കിൽ പ്രത്യയശാസ്ത്രപരമാണോ എന്നത് ഒരു ഗൗരവമുള്ള വിഷയമേ അല്ല. ആരുടേയും പ്രവർത്തികളോ, സദാചാരമോ, മതമോ അല്ലെങ്കിൽ പ്രത്യയശാസ്ത്രമോ വ്യത്യസ്തമാണെന്നു കരുതി അവരുടെമേൽ ബലംപ്രയോഗിക്കുന്നതിന് ഒരു സ്വതന്ത്രസമൂഹം അധികാരം നൽകുന്നില്ല.

### *രാഷ്ട്രീയപരമായ ശരി*

സഹിഷ്ണുതയ്ക്ക് കൂടുതൽ നിഗൂഢമായ ഭീഷണിയുമുണ്ട്, രാഷ്ട്രീയപരമായ ശരി (പൊളിറ്റിക്കൽ കറക്റ്റ്നെസ്സ്). അവിടെ നടപ്പിലിരിക്കുന്ന പ്രമാണിമാരുടെ നിലപാടുകളും അഭിപ്രായങ്ങളും അംഗീകരിക്കുവാൻ സാമൂഹികമായും രാഷ്ട്രീയമായും വ്യക്തികളുടെമേൽ സമ്മർദ്ദം ചെലുത്തുന്നവിടങ്ങളിൽ ഇത് നിലനിൽക്കുന്നു. പൊതുവേ, നടപ്പിലിരിക്കുന്ന അഭിപ്രായങ്ങളോട് വിയോജിപ്പ് പ്രകടിപ്പിക്കുന്നവരെ ചിത്തഭ്രമം പിടിപെട്ടവരെന്നും അല്ലെങ്കിൽ കുബുദ്ധികളെന്നും മുദ്രകുത്തി പരിഹാസ്യരാക്കുന്നു, സത്യത്തിൽ വിയോജിപ്പ് പ്രകടിപ്പിയ്ക്കുന്നവരുടെ അഭിപ്രായങ്ങളെ ചിത്തഭ്രമത്താലുള്ളതെന്നും കുബുദ്ധിയാൽ ഉള്ളതെന്നും പറഞ്ഞ് നശിപ്പിയ്ക്കുകയാണ് ഇതിന്റെ ലക്ഷ്യം. ഇത് അത്തരം അഭിപ്രായങ്ങളെ ചർച്ചകൾക്കു പരിഗണിയ്ക്കുന്നതിനു പകരം അനായാസമായി ബഹിഷ്കരിക്കുവാൻ സഹായിക്കുന്നു. മാത്രവുമല്ല, പ്രമാണി വർഗ്ഗങ്ങളുടെ കാഴ്ചപ്പാടുകൾ യഥാർത്ഥമായതും ദൃഢവുമായതാണെന്ന് ഇത് പ്രസ്താവിയ്ക്കുന്നു, സത്യത്തിൽ അങ്ങനെയല്ലെങ്കിൽ കൂടിയും.

ഇത്തരം നടപടികൾ നിഗൂഢമായ ഒരു ബലപ്രയോഗ രീതിയെ അവലംബിയ്ക്കുന്നു. എങ്ങനെയെന്നാൽ വ്യത്യസ്ത അഭിപ്രായമുള്ളവരെ കളങ്കപ്പെടുത്തുമ്പോൾ ആ സമൂഹത്തിൽ അവരുടെ ജീവിതം ദുസ്സഹമാവുന്നു. ഉദാഹരണത്തിന്, മനുഷ്യനിർമ്മിതമായ കാലാവസ്ഥാ വ്യതിയാനത്തിന് തെളിവെന്താണ് എന്ന് ചോദ്യമുയർത്തുന്ന ഒരു സർവ്വകലാശാല അദ്ധ്യാപകന് ചിലപ്പോൾ ജോലി നിഷേധിച്ചേക്കാം അല്ലെങ്കിൽ സ്ഥാനക്കയറ്റം നിഷേധിച്ചേക്കാം. ഒരു സ്വതന്ത്ര സമൂഹത്തിൽ, തൊഴിലുടമകൾ അവരുമായി വിയോജിപ്പുള്ളവരെ ജോലിയ്ക്കെടുക്കണമെന്ന് നിർബന്ധവുമില്ല മാധ്യമങ്ങൾക്ക് വിവാദവിഷയങ്ങൾ റിപ്പോർട്ടു ചെയ്യണമെന്നുള്ള ബാധ്യതയുമില്ല. പക്ഷേ എവിടെ വിദ്യാഭ്യാസസ്ഥാപനങ്ങളോ അല്ലെങ്കിൽ മാധ്യമങ്ങളോ അല്ലെങ്കിൽ സർക്കാരിന്റെ നടത്തിപ്പിലുള്ള കുത്തകയോ ന്യൂനപക്ഷ അഭിപ്രായമുള്ളവരുടെ അഭിപ്രായങ്ങൾ ഒഴിവാക്കുന്നത് യഥാർത്ഥ

ബലപ്രയോഗമായിരിക്കും.

### *സഹിഷ്ണുതയും സത്യത്തിനു വേണ്ടിയുള്ള അന്വേഷണവും*

ഒരു സ്വതന്ത്ര സമൂഹത്തിലെ സഹിഷ്ണുത മതപരമായും അല്ലെങ്കിൽ പ്രത്യയശാസ്ത്രപരമായ വ്യത്യാസങ്ങളിലും കാട്ടുന്ന സഹിഷ്ണുതയേക്കാളും അപ്പുറം എത്തിനിൽക്കുന്നു. ഉദാഹരണത്തിന്, പ്രകടിപ്പിയ്ക്കുവാനുള്ള സ്വാതന്ത്ര്യവും സംസാരം, എഴുത്ത്, പ്രക്ഷേപണം അല്ലെങ്കിൽ മറ്റേതൊരു മാധ്യമവും സെൻസർഷിപ്പില്ലാതെ പ്രകടിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം എന്നിവ ഇതിൽ ഉൾപ്പെടുന്നു.

ചില ആളുകൾ സെൻസർഷിപ്പ് ഇല്ലാത്ത ലോകത്തെ അഗാധമായ ഉത്കണ്ഠാജനകമായി കരുതാം. ഒരു സ്വതന്ത്ര ലോകത്ത് മുന്നോട്ടുവയ്ക്കപ്പെടുന്ന വാക്കുകളോ, സങ്കൽപ്പങ്ങളോ, വാദപ്രതിവാദങ്ങളോ ആശയങ്ങളോ ധാരാളം പേരിൽ ഞെട്ടലുളവാക്കിയേക്കാം. പക്ഷേ ഒരു സ്വതന്ത്ര സമൂഹത്തിൽ ആളുകളുടെ സംസാര സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുവാനോ അവരുടെ അഭിപ്രായങ്ങളെ മറച്ചു വയ്ക്കുവാനോ നമുക്ക് അവകാശമില്ല, ഒരു പക്ഷേ അവർ പറയുന്നത് നമ്മുക്ക് എല്ലാവർക്കും യോജിക്കുവാൻ കഴിയാത്തതോ, കുറ്റകരമായി തോന്നുകയോ അല്ലെങ്കിൽ സദാചാരവിരുദ്ധമായി ഒക്കെ തോന്നുന്നുവെങ്കിൽ പോലും.

തീർച്ചയായും, ചില സംസാരങ്ങളിൽ അല്ലെങ്കിൽ പ്രസംഗങ്ങളിൽ ഉപയോഗിക്കപ്പെടുന്ന വാക്കുകൾ മറ്റുള്ളവർക്ക് അപകടമുണ്ടാക്കുന്നതിനു കാരണമാകുന്നുവെങ്കിൽ അവിടെ ചില നിയന്ത്രണങ്ങൾ സംസാര സ്വാതന്ത്ര്യത്തിൽ വേണ്ടിവരുന്നു. ഉദാഹരണത്തിന് ഒരാൾ ഒരു തീയേറ്ററിനകത്തു നിന്ന് തീ എന്നു വിളിച്ചുകൂവുന്നു. ഇങ്ങനെ നിരുത്തരവാദപരമായി മറ്റുള്ളവർക്ക് പരിക്കുകൾ പറ്റാവുന്ന രീതിയിൽ അപകടത്തിനു കാരണമാകുന്നവർക്ക് നമ്മൾ ഉചിതമായ ശിക്ഷ നൽകും. അതുപോലെ നമ്മൾ കുട്ടികള ചില വാക്കുകൾ കേൾക്കാതിരിക്കുവാനും ചില ചിത്രങ്ങൾ കാണുവാതിരിക്കുവാനും കരുതൽ എടുക്കുന്നു, കാരണം അത് അവരെ മോശമായ സ്വഭാവത്തിലേക്ക് നയിക്കുമെന്ന് നമ്മൾ വിശ്വസിക്കുന്നു. സ്ക്കൂളുകളുടെ പരിസരങ്ങളിൽ മയക്കുമരുന്നുകളുടെ വ്യക്തമായ പരസ്യങ്ങൾ ബിൽബോർഡുകളിൽ പ്രദർശിപ്പിക്കുവാൻ നമ്മളൊരിക്കലും അനുവദിക്കുകയില്ല. ആളുകൾക്ക് ശരിയായ രീതിയിൽ വിവരങ്ങൾ നൽകുക എന്നൊരു ശക്തമായ സംഗതിയും അവിടെയുണ്ട്. ഉദാഹരണത്തിന്, സിനിമകളുടെ തരംതിരിയ്ക്കൽ പോലുള്ളവ, അത് ജനങ്ങളെ അവർക്ക് അസ്വസ്ഥതയുണ്ടാക്കുന്ന കാര്യങ്ങളിൽ അബദ്ധത്തിൽ ചെന്നുചാടുന്നതിൽ നിന്നും സംരക്ഷിക്കുന്നു.പ്രത്യേക വാക്കുകൾ, ചിത്രങ്ങൾ, വാദപ്രതിവാദങ്ങൾ,

ആശയങ്ങൾ എന്നിവയുടെ പ്രക്ഷേണങ്ങളെ പൂർണ്ണമായും തടയുന്ന സെൻസർഷിപ്പിൽ നിന്ന് ഇത് വളരെ വ്യത്യസ്തമാണ്. ഒരു യഥാർത്ഥ സ്വതന്ത്ര സമൂഹത്തിൽ ഒരു സെൻസർഷിപ്പ് ഉണ്ടായിരിക്കാൻ കഴിയില്ല, കാരണം അത് സുതാര്യതയിലും തെരഞ്ഞെടുക്കലിലും അടിസ്ഥാനമാക്കിയാണ് പ്രവർത്തിയ്ക്കുന്നത്. ജനങ്ങൾക്ക് വിവേകപൂർവ്വം തെരഞ്ഞെടുക്കണമെങ്കിലോ എല്ലാവരുടെയും ഭാവിയുടെ പുരോഗതിക്കുവേണ്ടി പുതിയ ആശയങ്ങൾക്ക് ശ്രമിക്കണമെങ്കിലോ തെരഞ്ഞെടുക്കുവാനുള്ള അവസരങ്ങളുടെ ലഭ്യതയെ കുറിച്ച് അവർ തീർച്ചയായും ബോധവാൻമാരായിരിക്കണം. സെൻസർഷിപ്പ് ഇത്തരം അവസരങ്ങൾക്കും തെരഞ്ഞെടുക്കലുകൾക്കും തടയിടുമ്പോൾ അത് നമ്മുക്ക് പുരോഗതിയെ നിഷേധിക്കുന്നു.

സെൻസർമാരെ വിശ്വസിയ്ക്കുവാനും നമുക്ക് കഴിയില്ല. സത്യവും അധികാരവും (അധികാരസ്ഥാനങ്ങളും) രണ്ടും രണ്ടു കാര്യങ്ങളാണ്. ചില ആശയങ്ങൾ പ്രചരിപ്പിയ്ക്കുന്നത് നിരോധിയ്ക്കുന്നതിന് അധികാരത്തിൽ ഇരിയ്ക്കുന്നവർക്ക് അവരുടേതായ -സ്വയം പരിപാലനം പോലുള്ള - കാരണങ്ങൾ ഉണ്ടാകും. സെൻസർമാർക്ക് ജനങ്ങളുടെ മികച്ച താല്പര്യങ്ങൾ സംരക്ഷിയ്ക്കണമെന്ന് ഉദ്ദേശ്യമുണ്ടെങ്കിൽ പോലും അവരും അപ്രമാദിത്വമുള്ളവരല്ല. അവർക്ക് വിവേകത്തിന്റെ കുത്തകയോ, എന്താണ് സത്യം, എന്താണ് അസത്യം എന്നതിനെക്കുറിച്ച് പ്രത്യേക അറിവോ ഉണ്ടായിരിയ്ക്കില്ല. ചർച്ചകളും വാദപ്രതിവാദങ്ങളും അനുഭവങ്ങളും മാത്രമേ അത് നിർണ്ണയിയ്ക്കുകയുള്ളൂ. സെൻസർമാർ സത്യത്തെ അബദ്ധത്തിൽ മൂടിവെക്കുന്നു. സത്യത്തെ മൂടിവെയ്ക്കുന്നു. അവർ നിരോധിക്കുന്ന ആശയങ്ങൾ ശരിയായിരുന്നുവെന്ന് ഒടുവിൽ തെളിയുമെന്ന് അവർക്ക് ഒരിക്കലും ഉറപ്പിക്കുവാൻ പോലും കഴിയില്ല. ചില ആൾയങ്ങൾ മിക്കവാറും തെറ്റായിരിയ്ക്കാം, പക്ഷേ അതിൽ സത്യത്തിന്റെ ഒരംശമെങ്കിലും ഉണ്ടാവാം, അത് ചർച്ചകളിലൂടെ വെളിച്ചത്തുകൊണ്ടു വരാൻ കഴിയുമായിരിയ്ക്കും. മറ്റു ആശയങ്ങളുടെ സത്യങ്ങൾ വ്യക്തമായി വരുന്നതിന് ചിലപ്പോൾ കാലങ്ങൾ എടുത്തേക്കാം.

നാം സത്യവും ഉപകാരപ്രദവുമായ ആശയങ്ങൾ മൂടിവെക്കുന്നില്ല എന്ന് ഉറപ്പാക്കാൻ ഉള്ള ഒരു മാർഗ്ഗം, അതിന്റേതായ എല്ലാ ഗുണദോഷവശങ്ങളും ചർച്ചയിലൂടെ പുറത്തുവരും എന്ന പ്രതീക്ഷയോടെ എല്ലാ അശയങ്ങളേയും പ്രക്ഷേപണം ചെയ്യുക എന്നതാണ്. ഇതുകൊണ്ടർത്ഥമാക്കുന്നത്, ജനങ്ങളെ അവരുടെ കാഴ്ചപ്പാടിൽ വാദിക്കുവാൻ, ഒരുപക്ഷേ ഭൂരിഭാഗം പേരും അസന്ദിഗ്ദ്ധമായതാണെന്നു ഉറപ്പിയ്ക്കുന്ന വിഷയങ്ങളിൽ പോലും, അനുവദിക്കുന്നു എന്നാണ്. സത്യം അത്തരം ഒരു മത്സരത്തിലൂടെ ശക്തിപ്പെടുകയോ ഉള്ളൂ.

ഇക്കാരണം കൊണ്ടുതന്നെ ആയിരിക്കണം, 1587 മുതൽ 1983 വരെ റോമൻ കത്തോലിക്ക് ചർച്ച്, പുണ്യാള പദവിയിലേയ്ക്ക് ശുപാർശ ചെയ്യപ്പെടുന്ന ഒരാൾക്കെതിരെ വാദിക്കുവാൻ 'ചെകുത്താന്റെ വക്താവിനെ' നിയമിച്ചിരുന്നത്. നമ്മുടെ വിശ്വാസങ്ങളെ ചോദ്യം ചെയ്യപ്പെടുന്നതിന് വഴിയൊരുക്കുന്നത് ഉപയോഗപ്രദമാണ്. ഒരാളുടെ കാഴ്ചപ്പാടുകൾ തെറ്റാണെന്ന് നമ്മൾ വിശ്വസിക്കുന്നുവെങ്കിൽ ആ അഭിപ്രായത്തെ മാനിച്ച് അത് തെറ്റാണെന്ന് തെളിയിക്കണം, അല്ലാതെ അതിനെ നിശ്ശബ്ദമാക്കരുത്.

സോക്രട്ടീസ് (Socretes)മുതൽ ഇങ്ങോട്ട്, സ്വന്തം അഭിപ്രായപ്രകടനങ്ങളും കാഴ്ചപ്പാടുകളും കാരണം കുറ്റാരോപണവിധേയരായവരുടെ ഉദാഹരണങ്ങൾ കൊണ്ട് ചരിത്രം നിറഞ്ഞിരിക്കുന്നു. ഇത്തരം കുറ്റാരോപണങ്ങൾ അല്ലെങ്കിൽ വിചാരണകൾ പലപ്പോഴും ജനങ്ങളെ നിശ്ശബ്ദരായിരിക്കാൻ പ്രേരിപ്പിക്കുന്നു, അവരുടെ ആശയങ്ങൾ പിൽക്കാലത്ത് ശരിയാണെന്നു അംഗീകരിയ്ക്കപ്പെടും എന്നു ഉറപ്പുണ്ടെങ്കിൽ കൂടി. റോമൻ കത്തോലിക് ചർച്ചിന്റെ ഉഗ്രകോപം ഭയന്നിട്ട്, നിക്കോളസ് കോപ്പർനിക്കസ് (Nicolas Copernicus), ഉപഗ്രഹങ്ങൾ സൂര്യനെ വലംവെയ്ക്കുന്നു എന്ന അദ്ദേഹത്തിന്റെ വിപ്ലവാത്മക സിദ്ധാന്തത്തെ 1543 ൽ അദ്ദേഹത്തിന്റെ മരണത്തിനു തൊട്ടുമുമ്പു വരെ പ്രസിദ്ധീകരിച്ചില്ല. അദ്ദേഹത്തിന്റെ ശിഷ്യൻ ഗലീലിയോ ഗലീലി (Galileo Galilei) മതദ്രോഹ വിചാരണയ്ക്കു വിധേയനാവുകയും ശിഷ്ടകാലം വീട്ടുതടങ്കലിൽ കഴിയുകയും ചെയ്തു. ഇത്തരം ഭീഷണികൾ സത്യത്തെയും ചർച്ചകളെയും പുരോഗതിയെയും അടിച്ചമർത്തുന്നു, ഇത് സമൂഹത്തെയും കൂടാതെ പീഢിപ്പിക്കപ്പെടുന്ന ദൈവ നിഷേധികളേയും അപകടപ്പെടുത്തുന്നു.

വാദപ്രതിവാദങ്ങൾക്കൊന്നും അനുമതിയില്ലാതെ നമ്മൾ വെറുതെ നടപ്പിലുള്ള ആശയങ്ങളെ അംഗീകരിക്കുമ്പോൾ ആ ആശയങ്ങൾ നിലനിൽക്കുന്നത് സുരക്ഷിതമല്ലാത്ത ഒരു അടിത്തറയിലായിരിക്കും. നിരൂപണാത്മകമല്ലാത്ത അംഗീകാരമായിരിക്കും അവയുടേത്. അർത്ഥപൂർണ്ണമായ സത്യങ്ങൾക്കു പകരം അവ വെറും മണ്ടത്തരങ്ങളായി തീരും. പുതിയ ആശയങ്ങൾ ആത്യന്തികമായി ഉയർന്നു വരുമ്പോൾ അവ തീക്ഷ്ണവും ഭംഗപ്പെടുത്തുന്നതും ആയിത്തീരും.

ജനങ്ങൾ, നാം അടിസ്ഥാനപരമായി വിയോജിക്കുന്നതായ കാര്യങ്ങൾ പറയുകയും തെറ്റാണെന്ന് നാം ദൃഢമായി വിശ്വസിക്കുന്ന ആശയങ്ങൾ പ്രകടിപ്പിക്കുകയും അഗാധമായി ഞെട്ടിപ്പിക്കുന്നത് എന്ന് നാം കരുതുന്ന കാര്യങ്ങൾ ചെയ്യുകയും നമ്മുടെ ധാർമ്മികയും മതപരവുമായ വിശ്വാസങ്ങളെ പരിഹസിക്കുകയും ചെയ്താൽ അത് അസ്വസ്ഥമായിരിക്കും. എന്നാൽ ഇത്തരം കാര്യങ്ങ

ളിലുള്ള സഹിഷ്ണുത വെളിപ്പെടുത്തുന്നത് സ്വാതന്ത്ര്യത്തോടുള്ള നമ്മുടെ പ്രതിജ്ഞാബദ്ധതയും വ്യത്യസ്ത ആശയങ്ങൾ അടിച്ചമർത്തുന്നതിനു പകരം ചർച്ച ചെയ്യുവാൻ അനുവദിക്കുന്നതിലൂടെ നമ്മൾ കൂടുതൽ പുരോഗതി ഉണ്ടാക്കും എന്നും പുതിയ സത്യങ്ങൾ വേഗത്തിൽ കണ്ടെത്തും എന്നുമുളള വിശ്വാസവുമാണ്.

### *നിരോധനങ്ങൾ*

നമ്മുടെ ദൈനംദിന ജീവിതത്തിൽ നിലവിൽ ആസ്വദിച്ചു കൊണ്ടിരിക്കുന്ന പല കാര്യങ്ങളും നിരോധിക്കപ്പെട്ടാൽ നമ്മൾ കോപാകുലരാകും. നിർഭാഗ്യവശാൽ അവയിൽ പലതിനെയും ഇതിനകം തന്നെ നിരോധിച്ചു കഴിഞ്ഞിട്ടുണ്ട്. [2]

നിരുപദ്രവ നിയമം പറയുന്നത്, എന്തെങ്കിലും പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് ഹാനികരമാകുന്നില്ലെങ്കിൽ അല്ലെങ്കിൽ അപകടകരമായ ഭീഷണിയൊന്നും ഇല്ലായെങ്കിൽ അവയെ നമുക്ക് തടയാൻ യാതൊരവകാശവും ഇല്ലായെന്നാണ്. എന്നാൽ അനേകം പ്രവർത്തനങ്ങൾ, ഹാനികരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് തന്നെ ഹാനികരമാണെന്ന കാരണം പറഞ്ഞ് നിരോധിക്കപ്പെടുന്നുണ്ട്. മയക്കുമരുന്ന് ഉപയോഗം, പുകവലി, മദ്യം അങ്ങനെയുള്ള അനേകം കാര്യങ്ങൾ നിരോധിക്കുന്നതിന് പിന്നിലെ കാരണം ഇതാണ്. പക്ഷേ ഇതിലെ ഒരു പ്രധാന പ്രശ്നമെന്താണെന്നുവെച്ചാൽ ജനങ്ങളെ അവർക്കുതന്നെ ഹാനികരമാകുന്ന പ്രവർത്തികൾ ചെയ്യുന്നതിൽ നിന്നും സംരക്ഷിക്കുന്ന ന്യായീകരണം ഏത് പ്രവർത്തനങ്ങളെയും നിരോധിക്കുവാനും അവരെ അനുവദിക്കുന്നു. പഞ്ചസാര കൂടുതലടങ്ങിയ പാനീയങ്ങൾ കുടിക്കുന്നത്, കൊഴുപ്പു കൂടിയ ആഹാരങ്ങൾ കഴിക്കുന്നത്, അപകടകരമായ കായിക വിനോദങ്ങളിൽ പങ്കെടുക്കുന്നത്, വേശ്യാവൃത്തിയിൽ ഏർപ്പെടുന്നത് അല്ലെങ്കിൽ സ്വവർഗ്ഗരതി, വ്യത്യസ്തമായ മറ്റൊരു മതം സ്വീകരിയ്ക്കൽ അല്ലെങ്കിൽ അധികാരികളെ ചോദ്യം ചെയ്യൽ ഇവയൊക്കെ ജനങ്ങൾക്ക് ഹാനികരമാണെന്നും അല്ലെങ്കിൽ അപകടകരമായ അവസ്ഥയിൽ കൊണ്ടെത്തിക്കുമെന്നും വാദിക്കുവാൻ വളരെ എളുപ്പമാണ്. ഇത്തരം കാര്യങ്ങൾ തീർത്തും അങ്ങനെ തന്നെയാണെന്ന് വാദിക്കുന്ന ജനങ്ങളുടെ എണ്ണമനുസരിച്ച്, ഒരിക്കൽ ഈ തത്വം നഷ്ടപ്പെട്ടു കഴിഞ്ഞാൽ സ്വാതന്ത്ര്യത്തെ തന്നെ അടിച്ചമർത്തുന്ന കാലം വിദൂരമായിരിക്കില്ല.

2. നിരോധനത്തെക്കുറിച്ചുള്ള നല്ലൊരു ചർച്ചയ്ക്ക് കാണുക, ജോൺ മീഡോവ്ക്രോഫ്റ്റ് (എഡി.), പ്രൊഹിബിഷൻസ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് അഫയേഴ്സ്, ലൻ, 2008.

2. For an excellent discussion of prohibitions, see John Meadowcroft (ed.), Prohibitions, Institute of Economic Affairs, London, 2008.

നിരോധനങ്ങൾക്ക് പലപ്പോഴും പ്രയോഗികമായി നാശം വരുത്തുന്ന ഫലങ്ങളും ഉണ്ട്. രഹസ്യമായ ചില വസ്തുക്കളുടെ ആവശ്യകത കൂടി വരുമ്പോൾ, അവയെ നിരീക്ഷിയ്ക്കുവാനും നിയന്ത്രിയ്ക്കുവാനും പ്രയാസമാകും, മാത്രവുമല്ല ക്രിമിനലുകൾ അവയുടെ വിതരണം ഏറ്റെടുക്കുകയും ചെയ്യും. ഉദാഹരണത്തിന്, യുണൈറ്റഡ് സ്റ്റേറ്റ്സിൽ മദ്യ വില്പന ഒരു ക്രിമിനൽ കുറ്റമായിരുന്നപ്പോൾ, അതിന് നിരോധനമേർപ്പെടുത്തിയ നൂറ്റാണ്ട് മുതൽ ഇന്ന് വരെയും ക്രിമിനൽ മാഫിയയുടെ സാന്നിധ്യം അവർക്ക് നിയന്ത്രിയ്ക്കുവാൻ കഴിയാത്തവിധം വളർന്നുകൊണ്ടിരിക്കുന്നു. യുഎസ്എയിലെ മിക്ക ഭാഗങ്ങളിലും തുടരുന്ന ചൂതാട്ടത്തിനും വേശ്യാവൃത്തിക്കും എതിരായ നിയമനിരോധനം ഇത്തരം സേവനങ്ങൾ പ്രദാനം ചെയ്യാനും അവയുടെ ആവശ്യം നിറവേറ്റാനും തയ്യാറായ കുറ്റവാളികൾക്ക് പ്രചോദനമാവുകയും ചെയ്തു.

നിരോധനങ്ങൾ ജനങ്ങൾക്ക് അവരുടെ പെരുമാററങ്ങളുടെ അനന്തരഫലങ്ങൾ എന്തായിരിക്കുമെന്ന് മനസ്സിലാക്കുവാനുള്ള അവസരം നിഷേധിക്കുന്നു. ജനങ്ങൾ ഇപ്പോഴും മയക്കുമരുന്നുകൾ വാങ്ങുവാൻ താല്പര്യം കാണിക്കുന്നുണ്ട്, അതൊരു നിരോധിത വസ്തുവായതിനാൽ അത് ഉപയോഗിയ്ക്കുന്നതു കൊണ്ടുള്ള ദൂഷ്യവശങ്ങളുടെ ശരിയായ വിവരങ്ങൾ ജനങ്ങൾക്ക് ലഭിക്കുവാൻ പ്രയാസമാണ്. ഇത് വാങ്ങുന്ന ഉപഭോക്താക്കൾക്ക് അവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും പ്രയാസമായിരിക്കും. മയക്കുമരുന്നിനടിമയായ ജനങ്ങൾക്ക് ചികിൽസയും സാമൂഹിക സഹായവും ആവശ്യമായി വരുന്നവർക്ക് അത് തേടാൻ വളരെ ബുദ്ധമുട്ടുള്ള കാര്യമാണ് അത്  അവരുടെ തന്നെ കുററം സമ്മതിക്കലാണ്. മാത്രവുമല്ല ജനങ്ങൾക്ക് മറ്റു അപകടകരമായ അവസ്ഥകളെയും നേരിടേണ്ടി വരുന്നു. നിയമവിരുദ്ധമായ മരുന്നുകൾ സുരക്ഷിതമായ അവസ്ഥയിൽ ഉപയോഗിക്കുവാൻ കഴിയാത്തതിനാൽ, അണുവിമുക്തമല്ലാത്ത സൂചികൾ ഉപയോഗിക്കുന്നതൊക്കെ എയ്ഡ്സ് പോലുള്ള മാരക രോഗങ്ങൾ പകരുവാനുള്ള അപകടകരമായ സാധ്യതകൾ വളരെ കൂടുതലാണ്. സത്യത്തിൽ, മിക്കവാറും മരുന്നുകൾ കൂടുതലായും ദൂഷ്യമാകുന്നത് അവ നിയമവിരുദ്ധമാകുമ്പോഴാണ്. [3]

3. മിൽട്ടൻ ഫ്രീഡ്മേൻ ആന്റ് റോസ് ഫ്രീഡ്മേൻ, കാപ്പിറ്റലിസം ആന്റ് ഫ്രീഡം, ചിക്കാഗോ യൂണിവേഴ്സിറ്റി പ്രസ്സ്, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക് അഫയേഴ്സ്,ലൻ, 2008

3. A point made strongly in Milton Friedman and Rose Friedman, Capitalism and Freedom, Chicago University Press, Chicago, IL, 1962.

**ചോദ്യം : ജനങ്ങളെ അവരിൽനിന്നും തന്നെ നമ്മൾ സംരക്ഷിക്കേണ്ടതല്ലേ?**

വേണ്ട. നിങ്ങൾക്ക് നിങ്ങളിൽ നിന്നും തന്നെ സംരക്ഷിക്കപ്പെടണമെന്ന് ആഗ്രഹമുണ്ടോ? അല്ലെങ്കിൽ നിങ്ങളുടെ ജീവിതം എങ്ങനെ ജീവിക്കണമെന്ന് നിങ്ങൾ തന്നെയാണ് തീരുമാനം എടുക്കേണ്ടതെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? നമ്മുക്കുവേണ്ടി നല്ലതും ചീത്തയും എന്താണെന്നു തിരുമാനിക്കുന്നതിന് സർക്കാരിനെ അനുവദിച്ചാൽ അത് ഫലപ്രദമായിരിക്കില്ല, ദൂരെയുള്ള ഉദ്യോഗസ്ഥർക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നതിനേക്കാളും മികച്ച രീതിയിൽ നമ്മൾ ഏറ്റെടുക്കുന്ന വെല്ലുവിളികൾ നമുക്ക് സ്വയം അറിയുവാൻ കഴിയും. അത് അപകടകരമായ അവസ്ഥ ആണ്.സർക്കാർ എല്ലാവരും ഹാനികരമാണെന്ന് സമ്മതിക്കുന്ന വസ്തുക്കളെ നിരോധിക്കുവാൻ തുടങ്ങും, പക്ഷെ ഒരിക്കൽ ആ തത്വം അംഗീകരിച്ചുകൊടുത്താൽ, അവർക്ക് എല്ലാം നിരോധിക്കുവാൻ കഴിയും.

കൊക്കെയ്ൻ ഉപയോഗിക്കുന്നതിൽ നിന്നും, പുക വലിക്കുന്നതിൽ നിന്നും, മദ്യം കുടിക്കുന്നതിൽ നിന്നും, കൊഴുപ്പു കൂടിയ ഭക്ഷണങ്ങൾ കഴിക്കുന്നതിൽ നിന്നും അല്ലെങ്കിൽ പഞ്ചസാര കൂടിയ പാനീയങ്ങൾ കുടിക്കുന്നതിൽ നിന്നും നമ്മൾ തടയപ്പെടണമോ? വ്യായാമങ്ങൾ ചെയ്യുന്നതിനും അപകടകരമായ കായികവിനോദങ്ങൾ ഉപേക്ഷിക്കുവാനും, പള്ളിയിൽ പോകുന്നതിനും നിയമങ്ങളാൽ നമ്മളെ നിർബന്ധിക്കേണ്ടതുണ്ടോ? അപകടകരമായ പുസ്തകങ്ങൾ വായിക്കുന്നതിൽ നിന്നും അല്ലെങ്കിൽ ഭരണകർത്താക്കളെ വിമർശിക്കുന്നതിൽ നിന്നും നമ്മളെ നിരോധിക്കേണ്ടതുണ്ടോ? ഒരു സ്വതന്ത്ര സമൂഹത്തിലെ ഉത്തരം ഇല്ല എന്നായിരിക്കും. ജനങ്ങൾ നമ്മുടെ ധാർമ്മികതയെ ധിക്കരിക്കുകയോ അല്ലെങ്കിൽ അപകടകരമാം വിധത്തിൽ എന്തെങ്കിലും ചെയ്യുകയോ ചെയ്താൽ നമ്മളത് അവരോട് പറയണം. പക്ഷേ അവർ മറ്റുള്ളവർക്ക് യാതൊരുവിധ ഉപദ്രവവും ഉണ്ടാക്കാത്തിടത്തോളം അവരെ തടയുവാൻ നമുക്ക് അവകാശമില്ല.

ഉല്ലാസത്തിനോ നേരംപോക്കിനോ വേണ്ടി മയക്കുമരുന്നു ഉപയോഗിക്കുന്നതിലും അല്ലെങ്കിൽ ചൂതാട്ടത്തിൽ ഏർപ്പെടുന്നതിലും അല്ലെങ്കിൽ വീട്ടിലിരുന്ന് സുഹൃത്തുക്കളോടൊപ്പം മദ്യപിക്കുന്നതിലും ഒരു ദൂഷ്യവും കാണാത്ത അഥവാ സത്യസന്ധരായ ജനങ്ങളെ ഇത്തരം നിരോധനങ്ങൾ കുററവാളികളാക്കുന്നു, സത്യത്തിൽ ഇത്തരം പ്രവർത്തനങ്ങൾ ഒരുവിധത്തിലും മറ്റുള്ളവർക്ക് ദോഷകരമാകുന്നില്ല. മാത്രവുമല്ല, നിസ്സാരമായ കാര്യങ്ങളിൽ നിയമത്തിനെ

നിന്ദിക്കുന്നത് കൂടുതൽ അപകടപരമായ കുറ്റങ്ങളിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്യും.

അധികം നിരോധനങ്ങളും ഒരിക്കലും പ്രായോഗികമായിരിക്കില്ല. യുണൈറ്റഡ് സ്റ്റേറ്റ്സിലെ മദ്യ നിരോധനം, രഹസ്യമായ മദ്യ ഉപയോഗത്തിലേക്ക് കൊണ്ടെത്തിച്ചു, എന്നാൽ ഇത് നിയന്ത്രിക്കുവാൻ കഴിയുകയുമില്ല. കർക്കശമായ മയക്കുമരുന്നു വിരുദ്ധനിയമങ്ങൾക്കും വലിയ പിഴകൾക്കും, ലോകത്തിന്റെ പല ഭാഗത്തും നടന്നുകൊണ്ടിരിക്കുന്ന പല നൂറു കോടി ഡോളർ മൂല്യമുള്ള മരുന്നു വ്യാപാരത്തെ തടയാൻ കഴിഞ്ഞിട്ടില്ല.

പൊതുസ്ഥലങ്ങളിലെ പെരുമാറ്റ രീതികൾ അല്ലെങ്കിൽ പ്രവർത്തന രീതികൾ ഇല്ലാതാക്കുവാൻ ശ്രമിക്കുന്നത് വിനാശകരമാണ്. ഇത്തരം നിരോധനങ്ങളും നിയന്ത്രണങ്ങളും ഫലവത്താകണമെങ്കിൽ അതിന് വിപുലമായ നിരീക്ഷണങ്ങളും നിർബന്ധമായി നടപ്പിലാക്കുവാനുള്ള സംവിധാനങ്ങളും അത്യാവശ്യമായി വരുന്നു. ഇത് സ്വാതന്ത്ര്യത്തിന് ഭീഷണിയായി തീരുന്നു. മാത്രവുമല്ല ഇത് യഥാർത്ഥത്തിൽ ദോഷകരമായ കുറ്റകൃത്യങ്ങളെ അന്വേഷിക്കുന്നതിൽ നിന്നും വിചാരണ ചെയ്യുന്നതിൽ നിന്നും നിയമനടപടികൾക്കായുള്ള വിഭവങ്ങളെ വ്യതിചലിപ്പിക്കുന്നു. പോലീസിനും കോടതിക്കും അഴിമതിയുടെ അവസരങ്ങൾ ഇത് തുറന്നുകൊടുക്കുന്നു. ചൂതാട്ടവും അല്ലെങ്കിൽ മയക്കുമരുന്നു ഉപയോഗവും വളരെ കുറഞ്ഞ അളവിലോ അല്ലെങ്കിൽ ഒട്ടും തന്നെ ദോഷം മറ്റുള്ളവർക്ക് ഉണ്ടാക്കുന്നില്ലെങ്കിൽ കൂടിയും, അതിനുള്ള പിഴ ശിക്ഷ വളരെ വലുതാണ്, അതുകൊണ്ടു തന്നെ ഇത്തരം പ്രവർത്തികളിൽ ഏർപ്പെട്ടിരിയ്ക്കുന്നവരിൽ നിന്നും വലിയ തുകകൾ കൈക്കൂലി വാങ്ങുവാൻ ഉദ്യോഗസ്ഥർക്ക് കഴിയുന്നു.

### *പൊതു സ്വകാര്യ പെരുമാറ്റങ്ങൾ*

ഒരു സ്വതന്ത്ര സമൂഹത്തിലെ നിയമങ്ങൾ പൊതു പെരുമാറ്റം നിശ്ചയിക്കുന്നു – വ്യക്തികൾ എങ്ങനെ പരസ്പര ബഹുമാനത്തോടെ പെരുമാറുന്നു എന്നത്. എന്നാൽ സ്വകാര്യ പെരുമാറ്റങ്ങൾ – ആ ഒരു സ്വകാര്യ ചുറ്റുപാടിൽ ബന്ധപ്പെട്ടിരിക്കുന്ന വ്യക്തികളെ മാത്രം ബാധിക്കുന്ന ഒന്നാണ്. ഇത് മറ്റുള്ളവർക്ക് ദോഷകരമായി ബാധിക്കുവാൻ കാരണമാകുന്നെങ്കിൽ മാത്രമേ അതൊരു നിയമപരിധിയിൽ വരുന്ന വിഷയമാകുന്നുള്ളൂ.

ഒരു സ്വതന്ത്ര സമൂഹത്തിൽ, യഥാർത്ഥ ദോഷവും ദോഷമാകാവുന്ന അപകടസാധ്യതയും അവ്യാജമാണെന്ന് വളരെ ശ്രദ്ധാപൂർവ്വം മനസ്സിലാക്കേണ്ടത്

അത്യാവശ്യമാണ്. വിഷങ്ങൾ വിൽക്കുവാൻ ജനങ്ങളെ അനുവദിക്കണമോ? മനുഷ്യന് ദോഷമുണ്ടാക്കാത്ത ധാരാളം ഉപയോഗങ്ങൾ വിഷങ്ങൾക്കുണ്ട്, അവ വിൽക്കുവാൻ അനുവദിക്കുന്നതിനേക്കാൾ, ദോഷഫലങ്ങൾ ഉണ്ടാകാനുള്ള സാധ്യത അവ നിരോധിക്കപ്പെടുമ്പോഴാണ്. വിഷങ്ങൾ വിൽക്കുന്നവരുടെയും വാങ്ങുന്നവരുടെയും പേരു വിവരങ്ങൾ രേഖപ്പെടുത്തുന്നത് ഉചിതമായിരിക്കും, അപ്പോൾ അത് വിൽക്കുന്നവർക്ക് അവരെ പെട്ടെന്ന് കണ്ടുപിടിക്കുവാൻ സാധിക്കും എന്നൊരു ബോധം എപ്പോഴും ഉണ്ടാവും, പക്ഷേ അതിൽ കൂടുതൽ ഒന്നുമില്ല. [4]

പൊതു മദ്യപാനത്തിനെതിരെ ഒരു നിയമം ഉണ്ടാകേണ്ടതുണ്ടോ? ഒരു വേശ്യാലയമോ ചൂതാട്ട കേന്ദ്രമോ നടത്തുന്നതിനെതിരെ നിയമം വേണമോ? വേണം, അവർ അക്രമങ്ങൾക്ക് കാരണമാകുന്നെങ്കിൽ മാത്രം, അതകൊണ്ടു തന്നെ അനേകം രാജ്യങ്ങൾ അവയ്ക്ക് ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്, പക്ഷേ കൂടുതലായും ഇത്തരം പ്രവർത്തനങ്ങൾ ബാധിക്കുന്നത് അതിൽ ഏർപ്പെടുന്നവരെ മാത്രമാണ്. അവരെ കുറിച്ചോർക്കുമ്പോൾ മറ്റുള്ളവർക്ക് അവരോട് വെറുപ്പുണ്ടാകുന്നു, എന്നാൽ മറ്റുള്ളവർക്ക് വസ്തുനിഷ്ഠമായ ദോഷങ്ങൾക്ക് കാരണമാകുന്നു എന്നല്ലാതെ എന്തിന്റെയെങ്കിലും പേരിൽ, ഇത്തരം പ്രവർത്തനങ്ങൾ നിരോധിക്കുവാൻ നമ്മൾ അനുവദിച്ചാൽ, മനുഷ്യരുടെ ഒരു പ്രവർത്തനങ്ങളും സദാചാരവാദികളിൽ നിന്നും സുരക്ഷിതമാവില്ല.

അവധി ദിവസങ്ങളിൽ ആളുകളെ വ്യാപാരം ചെയ്യുവാൻ അനുവദിക്കണമോ? ബഹുഭാര്യത്വം അനുവദിക്കണമോ? അതവരുടെ സ്വന്തം കാര്യങ്ങളാണ്, നമ്മളുമായി ബന്ധപ്പെട്ടതല്ല, അത് ഒരാൾക്കും ദോഷകരമാകുന്നുമില്ല. ഒരു സ്വതന്ത്ര സമൂഹത്തിലെ നിയമങ്ങൾ നിലനിൽക്കുന്നത് വ്യക്തികളുടെ സ്വാതന്ത്ര്യം സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും വേണ്ടിയാണ്, അല്ലാതെ ചില ആളുകളുടെ സദാചാരങ്ങൾ മറ്റുള്ളവരിലേക്ക് അടിച്ചേൽപ്പിക്കുന്നതിനു വേണ്ടിയല്ല.

എന്നിരുന്നാലും, ഒരു സ്വതന്ത്ര സമൂഹത്തിൽ ജനങ്ങൾക്ക് നിരുപദ്രവ നിയമം ലംഘിയ്ക്കാത്ത രീതിയിൽ അവരുടെ സ്വന്തം സ്വത്തിന്മേൽ നിയമങ്ങൾ തയ്യാറാക്കുവാൻ അവരെ അനുവദിച്ചിട്ടുണ്ട്. അനേകം രാജ്യങ്ങളിൽ, പൊതു സ്ഥലങ്ങൾ (ഷോപ്പിംഗ് മാളുകൾ പോലുള്ളവ) രാഷ്ട്രീയ അധികാരികളുടെ നിയന്ത്രണത്തിൽ ആയിരിക്കുന്നതിനു പകരം അവ സ്വകാര്യ ഉടമസ്ഥതയിലാണ്

4. ജോൺ സ്റ്റുവർട്ട് മിൽ, ഓൺ ലിബർട്ടി, 1859, ഓൺ ലിബർട്ടി ആന്റ് അദർ എസ്സേയ്സ്, ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റി പ്രസ്സ്, ഓക്സ്ഫോർഡ്, 2008

4. This and the following points are made well in John Stuart Mill, On Liberty, 1859, in John Stuart Mill, On Liberty and other Essays, Oxford University Press, Oxford, 2008.

പ്രവർത്തിക്കുന്നത്. 2005ൽ തെക്കുകിഴക്കൻ ഇംഗ്ലണ്ടിലെ ബ്ലൂവാട്ടർ ഷോപ്പിംഗ് സെന്റർ അവിടെ ദൈവനിന്ദാ വചനങ്ങളും പുകവലിയും ലഘുലേഖകൾ ഇടുന്നതും മുഖം മറയ്ക്കുന്ന തരത്തിലുള്ള വസ്ത്രങ്ങൾ (ശിരോവസ്ത്രങ്ങൾ ഉള്ള വസ്ത്രങ്ങൾ പോലുള്ളവ) ധരിക്കുന്നതും നിരോധിച്ചു. മധ്യ ഇംഗ്ലണ്ടിലെ, ചോക്ലേറ്റ് നിർമ്മാതാവായ ജോർജ്ജ് കാഡ്ബെറി (George Cadbury)സ്ഥാപിച്ചതും അദ്ദേഹത്തിന്റെ തത്വങ്ങൾ അനുസരിച്ച് ഒരു സ്വകാര്യ ട്രസ്റ്റിൻ കീഴിൽ പ്രവർത്തിക്കുന്നതാമായ ഫാക്ടറി ടൗൺ ബോൺവില്ലേയിൽ പരസ്യമായ മദ്യവില്പന അനുവദിക്കുന്നില്ല. ബ്ലൂവാട്ടറും ബോൺവില്ലേയും സ്വകാര്യ സ്വത്തുക്കളായതിനാൽ അവർ പൂർണ്ണമായും അവരുടെ അവകാശങ്ങൾക്കുള്ളിൽ തന്നെയായിരുന്നു പ്രവർത്തിച്ചിരിക്കുന്നത്.

## നിസ്വാർത്ഥത സിദ്ധാന്തത്തിന്റെ പ്രശ്നങ്ങൾ

സ്വതന്ത്ര സമൂഹവും സ്വതന്ത്ര സമ്പദ് വ്യവസ്ഥയും അതിലുൾപ്പെടുന്നവരടെ സ്വയം താല്പര്യങ്ങൾ അടിസ്ഥാനമാക്കിയാണ് പ്രവർത്തിക്കുന്നതെന്ന ചിന്ത അനേകം ആൾക്കാരെ അലോസരപ്പെടുത്തുന്നുണ്ട്. അവർ ഇഷ്ടപ്പെടുന്നത് മറ്റുള്ളവരുടെ താല്പര്യങ്ങൾക്കും പുരോഗതിക്കും നിസ്വാർത്ഥമായി ആഗ്രഹിയ്ക്കുന്ന നിസ്വാർത്ഥതസിദ്ധാന്തത്തിനാൽ നയിക്കപ്പെടുന്ന ഒരു ലോകത്തെയാവും. എന്നാൽ ഇത് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനേക്കാൾ കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിലേക്കാവും നയിക്കുന്നത്. [5]

### *മറ്റുള്ളവരെ സഹായിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ ഇല്ല*

ആദ്യമായി, മറ്റുള്ള ആളുകളുടെ താല്പര്യങ്ങൾ എന്തായിരിക്കുമെന്ന് എങ്ങനെ, എപ്പോഴെങ്കിലും നമ്മുക്ക് അറിയുവാൻ കഴിയും? അവരുടെ മനസ്സുകളിലേക്കോ മൂല്യങ്ങളിലേക്കോ നേരിട്ട് കടന്നുചെല്ലുവാൻ ഒരു മാർഗ്ഗവുമില്ല. അവരുടെ താൽപര്യത്തിനനുസരിച്ച് നമ്മൾ കാര്യങ്ങൾ ചെയ്യുവാൻ ശ്രമിക്കുകയാണെങ്കിൽ നമ്മൾ തീർച്ചയായും വളരെ വലിയ അബദ്ധങ്ങൾ സൃഷ്ടിക്കുകയാവും ചെയ്യുന്നത്. ആർക്കെങ്കിലും അവരുടെ പിറന്നാൾ ദിവസം ഒട്ടും യോജിക്കാത്ത അല്ലെങ്കിൽ ഉചിതമല്ലാത്ത ഒരു സമ്മാനം എപ്പോഴെങ്കിലും സ്വീകരിക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ കുടുംബക്കാരും സുഹൃത്തുക്കളും പോലും അവരുടെ ഇഷ്ടങ്ങളെ എങ്ങനെ തെറ്റായി മനസ്സിലാക്കുന്നു എന്നവർക്ക് അറിയാൻ കഴിയുന്നു.

5. കൂടുതൽ വിശദാംശങ്ങൾക്ക്, മാവോ യുഷി, ദ് പാരഡോക്സ് ഓഫ് മൊറാലിറ്റി, ടോം ജി പാൾമർ ദ് മൊറാലിറ്റി ഓഫ് കാപ്പിറ്റലിസം, സ്റ്റുഡന്റ്സ് ഫോർ ലിബർട്ടി ആന്റ് അറ്റ്ലസ് ഫൗണ്ടേഷൻ, അർലിങ്ട്ടൺ, വി എ 2011

5. For a fuller explanation of this, see Mao Yushi, The paradox of morality, in Tom G. Palmer, The Morality of Capitalism, Students for Liberty and Atlas Foundation, Arlington, VA, 2011.

നിലവിലെ സംസ്കാരം ഒരു മുഴുവൻ സമൂഹത്തെയും പരിപാലിച്ചു കൊണ്ടു പോകുവാൻ അപര്യാപ്തമായിട്ടാണ് കാണപ്പെടുന്നത്.

മറ്റുള്ളവർ നമുക്ക് തരുന്ന വസ്തുക്കളെ വിമർശനാത്മകമായി കാണുന്നത് അല്പം ബുദ്ധിമുട്ടുള്ള കാര്യമാണ്. ഒരു പക്ഷേ നമ്മൾ അവയെ വെറുക്കുന്നു ണ്ടെങ്കിലും നന്ദിയോടെ നമ്മൾ ആ സമ്മാനം സ്വീകരിക്കുന്നു. ഇതിനർത്ഥം നിസ്വാർത്ഥപരമായ ഒരു സമൂഹം എന്താണ് മറ്റുള്ളവർ ശരിയ്ക്കും ആഗ്രഹി ക്കുന്നതെന്ന് ഒരിയ്ക്കലും കൃത്യമായി മനസ്സിലാക്കുന്നില്ല എന്നാണ്. ഒരു വിത രണക്കാരനിൽ നിന്നും ഉപഭോക്താക്കൾക്ക് വേണ്ടത് കൃത്യമായി കിട്ടിയില്ലായെ ങ്കിൽ അതവർ പറയുകയും, അവരുടെ വ്യാപാരം മറ്റെവിടേയ്ക്കെങ്കിലും മാറ്റു മെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്യുന്ന സ്വയം താല്പര്യങ്ങളിൽ അടിസ്ഥാ നമായ സമ്പദ് വ്യവസ്ഥ പൂർണ്ണമായും ഇതിൽ നിന്നും വിപരിതമാണ്. സ്വയം താല്പര്യം, ജനങ്ങൾക്ക് ആവശ്യമായ ഉല്പന്നങ്ങൾ മികച്ച ഗുണനിലവാരത്തിലും സാധിക്കുന്നിടത്തോളം കുറഞ്ഞ വിലയിലും ലഭ്യമാക്കുവാൻ വിതരണക്കാരെ പ്രേരിപ്പിക്കുന്നു.

### *നിസ്വാർത്ഥതസിദ്ധാന്തം കലഹം സൃഷ്ടിക്കുന്നു*

മനപൂർവ്വം മറ്റുള്ളവരെ സഹായിക്കുവാൻ ശ്രമിക്കുക എന്നതാണ് കച്ചവടവിനി മയങ്ങൾക്ക് പ്രചോദനമെങ്കിൽ, അവിടെയും ഇന്നത്തെ സ്വയം താല്പര്യ ലോകത്ത് നടക്കുന്നതുപോലെ അത്രയും സമ്മർദ്ദങ്ങൾ വാങ്ങുന്നവർക്കും വില്ക്കുന്ന വർക്കും ഇടയിൽ ഉണ്ടാകും. വില്പനക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്ന തിനായി വാങ്ങുന്നവർ ഉയർന്ന വിലയ്ക്ക് വാങ്ങുവാൻ തയ്യാറാകും. വാങ്ങു ന്നവർക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി വില്പനക്കാർ വില കൾ താഴേക്ക് കൊണ്ടുവരും. ഇത് ഇന്ന് സംഭവിക്കുന്നതിന്റെ ഒരു പ്രതിബിംബം മാത്രമാണ്.

ഒരു വിപണി സമ്പദ് വ്യവസ്ഥയിൽ സ്വയം താല്പര്യങ്ങൾ ഉള്ള ആളുകൾ പര സ്പരം കലഹിക്കുന്നു, എന്നാൽ വിലപേശലിലൂടെ ആ കലഹങ്ങൾ അവർക്കു തന്നെ പരിഹരിക്കുവാൻ കഴിയും. മറ്റുള്ളവരുടെ പ്രയോജനങ്ങൾ മാത്രമാണ് ഉദ്ദേശിക്കുന്നതെങ്കിൽ അവിടെ കലഹങ്ങൾ പരിഹരിക്കുവാൻ ഒരു മാർഗ്ഗവും ഉണ്ടാവില്ല. ഓരോ നിസ്വാർത്ഥവാദിയും മറ്റുള്ളവരുടെ ലാഭത്തിനാണ് അല്ലെ ങ്കിൽ മറ്റുള്ളവർക്ക് മികച്ചതു നൽകുവാനാണ് നിർബന്ധം പിടിക്കുന്നത്. അപ്പോൾ രണ്ടു കൂട്ടരും ഒരു ഇടപാടിൽ നേട്ടം ആഗ്രഹിക്കുന്നില്ലായെങ്കിൽ അവരുടെ സ്വന്തം ആവശ്യങ്ങളുടെ അടിയന്തരസ്ഥിതി ഒരു തീരുമാനത്തിലെത്താൻ അവരെ സഹായിക്കുകയില്ല.

### *സ്വയം താല്പര്യവും ലാഭം അനുമാനിക്കലും*

സ്വയം താല്പര്യം ദാതാക്കളേയും ഉപഭോക്താക്കളെയും ലക്ഷ്യമിടുന്നു, അതിലൂടെ ഒരു വിനിമയത്തിന്റെ ആനുകൂല്യം അതിന്റെ ചിലവിനേക്കാൾ കവിഞ്ഞു നിൽക്കുന്നു എന്നു ഉറപ്പു വരുത്തുന്നു. ഒരു നിസ്വാർത്ഥമതിയായ, യാതൊരു ലാഭേച്ഛയുമില്ലാതെ ജോലി ചെയ്യുന്ന വിതരണക്കാരൻ അവരുടെ സമയവും അദ്ധ്വാനത്തിനും ഒരു ചിലവുമില്ലായിരുന്നു എന്ന തെറ്റായ വിവരങ്ങളാവും എല്ലാവർക്കും നൽകുക. ഉപഭോക്താക്കൾ, ഈ തെറ്റായ അറിവ് മുഖവിലക്കെടുത്ത് അവരുടെ ആവശ്യങ്ങളുമായി വിതരണക്കാരനെ പരവശനാക്കുന്നു. വിതരണക്കാർക്ക് ആ സേവനം നൽകുന്നത് നിരസിക്കുവാൻ ഒരു മാർഗ്ഗവും ഉണ്ടാവില്ല, ഇതിന്റെ പ്രയോജനം വളരെ കുറവാണെങ്കിൽ പോലും അല്ലെങ്കിൽ ചിലവ് വളരെ കൂടുതലാണെങ്കിൽ പോലും അവർക്ക് ആ സേവനം തുടരേണ്ടി വരുന്നു.

ഉദാഹരണത്തിന്, തുകൽ തൊഴിലാളികൾക്ക് അവരുടെ മുന്നിൽ, സാധനങ്ങൾ റിപ്പയർ ചെയ്യുന്നതിനായി ആളുകളുടെ ഒരു നീണ്ട നിര തന്നെ കാണേണ്ടി വരും. സ്വന്തം താല്പര്യമുള്ള വിപണി സമ്പദ് വ്യവസ്ഥയിൽ, ഇത്തരം വ്യാപാരികൾ അവരുടെ സാധനങ്ങൾ റിപ്പയർ ചെയ്താൽ മൂല്യമില്ലായെങ്കിൽ അതു തുറന്നു പറയുകയും അല്ലെങ്കിൽ അവർ അതിനു വളരെ ഉയർന്ന വില സൂചിപ്പിയ്ക്കുകയും ചെയ്യും.അപ്പോൾ ഉപഭോക്താക്കൾ തീരുമാനിക്കും അതിനെക്കുറിച്ച് ആവലാതിപ്പെടണമോ എന്ന്. വിപണി ആവശ്യങ്ങളെ കൈകാര്യം ചെയ്യുകയും എന്തിനാണ് മൂല്യമെന്ന് മനസ്സിലാക്കി പരിശ്രമങ്ങൾ അതിലേക്ക് കേന്ദ്രീകരിക്കുകയും ചെയ്യുന്നു.

ഒരു നിഷ്പക്ഷ ലോകത്ത്, ആളുകൾ എല്ലാത്തരത്തിലും അയൽക്കാരെ സഹായിക്കുന്നതിനായി തിരക്ക് കൂട്ടും – ഉദാഹരണത്തിന് ഒരു വീട് നിർമ്മിക്കുവാൻ. എന്നാൽ പ്രായോഗികമായും ചിലവു ചുരുക്കലിന്റെ ഭാഗമായും ചിന്തിച്ചാൽ, തൊഴിൽ വിദഗ്ധരല്ലാത്ത അയാളുടെ സുഹൃത്തുക്കളുടെ സഹായത്താൽ വീടു നിർമ്മിക്കുന്നതിനേക്കാളും കൂടുതൽ മികച്ചത് വിപണിയിലുള്ള ഏതെങ്കിലും വിദഗ്ദ്ധ ഗൃഹനിർമ്മാതാവിനെ ഏൽപ്പിക്കുന്നതാവും നല്ലത്. ആ അയൽക്കാരുടെ കഴിവുകൾ മറ്റേതെങ്കിലും തരത്തിലുള്ള ജോലികളിൽ സമർത്ഥമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാൽ നഷ്ടവും ലഘൂകരിക്കുവാൻ സാധിയ്ക്കും. ഒരു വിപണി, ആളുകൾ എന്തിലാണോ കൂടുതൽ കഴിവുള്ളവരായിരിക്കുന്നത് അതിലേയ്ക്ക് അവരുടെ സമയവും പരിശ്രമവും ഫലപ്രദമായി ഉപയോഗിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു.

**ചോദ്യം : ദരിദ്രരായ ആളുകൾക്ക് താങ്ങാവുന്ന രീതിയിൽ വിലകൾ നിയന്ത്രണവിധേയമാക്കേണ്ടതുണ്ടോ?**

ഇല്ല. വിലകൾ ദൗർലഭ്യതയുടെ സൂചനയാണ്. എവിടെ കൂടുതലും എവിടെ കുറവും ഉണ്ടെന്ന് അവ നമ്മോട് പറയുന്നു. അവ ഉല്പാദകരോട് കൂടുതൽ ആവശ്യമായി വരുന്ന ഉല്പന്നങ്ങളെകുറിച്ച് പറയുന്നു, ഉപഭോക്താക്കളോട് ഒന്നു വാങ്ങുന്നതിൽ നിന്നും പിന്തിരിയുവാനും അല്ലെങ്കിൽ പകരമായുള്ളത് തേടുവാനും പറയുന്നു. ഇത് സാധാരണയായി ഒട്ടുംതന്നെ ഫലപ്രദമല്ലാത്ത ദൗർലഭ്യം ഉള്ള വസ്തുക്കളുടെ പരിമിത വിൽപനവിലയിലേക്ക് നയിക്കുന്നു.

ഒരുദാഹരണം വാടക നിയന്ത്രണം, ലക്ഷ്യം താങ്ങാനാവുന്ന വാടകയിൽ വീടുകൾ ലഭ്യമാക്കുകയാണ്. പക്ഷേ സത്യത്തിൽ അവർ ചെയ്യുന്നത് വീടു വിപണിയെ നാശത്തിലേയ്ക്ക് നയിയ്ക്കുകയും അല്ലെങ്കിൽ വീടുകൾ കിട്ടാതാക്കുകയും ആണ്. വീട്ടുടമസ്ഥർക്ക് അവരുടെ വസ്തുവിന് അർഹമായ മൂല്യം കിട്ടാതെ വരുമ്പോൾ വീടു വിപണിയിൽ നിന്നും അവർ അവരുടെ വസ്തുക്കൾ പിൻവലിക്കുന്നു. കുറച്ചാളുകൾക്ക് അത്യാവശ്യമായത് താങ്ങാനാവുന്നില്ലെങ്കിൽ, അതിനുള്ള മികച്ച പരിഹാരം വിപണി വ്യവസ്ഥയിൽ കൈകടത്തുകയല്ല, മറിച്ച് അവർക്കു വേണ്ടുന്ന പണം– സ്വകാര്യ ധർമ്മ സ്ഥാപനങ്ങൾ വഴിയോ അല്ലെങ്കിൽ നികുതി യിൽ നിന്നും കുറഞ്ഞ വരുമാന പദ്ധതിയിലൂടെയോ നൽകുകയാണ് ചെയ്യേണ്ടത്. അപ്പോൾ അവർക്ക് മറ്റെല്ലാവരെയും പോലെ അതേ കാര്യപ്രാപ്തിയോടെയും മത്സരാധിക്യമുള്ള വിപണിയിൽ നിന്നും വേണ്ടത് വാങ്ങുവാൻ കഴിയും.

### *വിപണിസ്ഥലത്തെ ധാർമ്മികത*

സത്യത്തിൽ സ്വയം താല്പര്യങ്ങൾ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഒരു സ്വതന്ത്ര വിപണി സമ്പദ് വ്യവസ്ഥ അതിനെ ഒരിക്കലും അധാർമ്മികമാക്കുന്നില്ല. വിപണിയിൽ ആളുകൾ അഭിവൃദ്ധിപ്രാപിക്കുന്നത്, മറ്റുള്ളവരുമായി അവർക്കാവശ്യമുള്ള സാധനങ്ങൾ വിതരണം ചെയ്ത് പരസ്പരം യോജിച്ചു പ്രവർത്തിക്കുമ്പോൾ മാത്രമാണ്. സാമൂഹിക വിരുദ്ധമായ പെരുമാറ്റങ്ങൾ അല്ലെങ്കിൽ പ്രവർത്തനങ്ങൾ ശിക്ഷിക്കപ്പെടും; സമ്മതരായ അനേകം ആളുകൾ കച്ചവടം ചെയ്യുവാൻ തയ്യാറായി നിൽക്കുമ്പോൾ എന്തിനു നമ്മൾ ഒരു പ്രാകൃതനായ മനുഷ്യവിദ്വേഷിയോടു വ്യാപാരത്തിൽ ഏർപ്പെടണം?

വിപണി യാതൊരു ബലപ്രയോഗ സമ്മർദ്ദവുമില്ലാതെ വളരെ അനായാസമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തുവാനായി അവിടെ നിയമങ്ങളും നിലവിലുണ്ട്. എന്നാൽ ഔപചാരികമായ നിയമങ്ങൾക്ക് എല്ലാ പ്രത്യേക കേസുകളും കൈകാര്യം ചെയ്യുവാൻ കഴിയില്ല. വിപണി അനിവാര്യമായും വിശ്വാസ്യതയിൽ ആശ്രയിക്കുകയും അവ വിശ്വാസയോഗ്യമായവർക്ക് അർഹമായ പ്രതിഫലവും നൽകുന്നു. സ്വയം താല്പര്യങ്ങൾ ആണ് വിപണിയുടെ പ്രവർത്തന ശക്തി, എങ്കിൽപോലും അന്യോന്യം പ്രയോജനങ്ങൾ നൽകുന്ന ധാർമ്മികതയെ വിപണി പ്രോത്സാഹിപ്പിക്കുന്നു.

### *കമ്പനികളുടെ സാമൂഹിക ഉത്തരവാദിത്വം*

അനേകം ആളുകൾ ആവശ്യപ്പെടുന്നത് കച്ചവടസ്ഥാപനങ്ങൾ കൂടുതൽ ധാർമ്മികമായി പ്രവർത്തിക്കണമെന്നും സംഘടിതമായ സാമൂഹിക ഉത്തരവാദിത്വങ്ങൾ പ്രോത്സാഹിപ്പിക്കണമെന്നും ആണ്. അനേകം അന്തർദ്ദേശീയ കച്ചവടസ്ഥാപനങ്ങൾ നല്ലപൗരന്മാരാകാൻ അവർ എന്താണ് ചെയ്യുന്നതെന്ന് വിശദീകരിക്കുന്ന ഇപ്പോൾ വാർഷിക റിപ്പോർട്ടുകൾ പ്രസിദ്ധീകരിയ്ക്കുന്നുണ്ട്.

എന്നാൽ വ്യക്തികൾക്കു മാത്രമേ ഉത്തരവാദിത്വമുള്ളവരോ അല്ലെങ്കിൽ നിരുത്തരവാദിത്വമായവരോ, ധാർമ്മികരോ അല്ലെങ്കിൽ അധാർമ്മികരോ ആകുവാൻ കഴിയൂ. ഗ്രൂപ്പുകൾക്ക് അവരുടേതായ പ്രത്യേക ധാർമ്മികതയൊന്നും ഇല്ല. ഒരു രാജ്യത്തിനോ, നഗരത്തിനോ, വംശത്തിനോ, വർഗ്ഗത്തിനോ, ക്ലബ്ബുകൾക്കോ അല്ലെങ്കിൽ ഒരു കമ്പനിക്കോ ധാർമ്മികമോ അല്ലെങ്കിൽ അധാർമ്മികമോ ആകുവാൻ കഴിയില്ല, അതിലെ വ്യക്തികളായ അംഗങ്ങൾക്കു മാത്രമേ അതിനു കഴിയൂ. തീർച്ചയായും, ബിസിനസ് നേതാക്കൾ അവരുടെ സ്ഥാപനങ്ങളിൽ ധാർമ്മികമായ ഒരു സംസ്കാരം വളർത്തിയെടുക്കുന്നത് നമുക്ക് ഇഷ്ടമാണ്. പക്ഷേ ധാർമ്മികതയും ഉത്തരവാദിത്വവും പ്രവർത്തനങ്ങളുടെ പ്രതിഫലനമാണ്-അത്തരം പ്രവർത്തനങ്ങൾ ഉണ്ടാകുന്നത് വ്യക്തികളിലൂടെയാണ്, ഗ്രൂപ്പുകളിലൂടെയല്ല.

സംഘടിത സാമൂഹിക ഉത്തരവാദിത്വ സംരംഭം, സത്യത്തിൽ പൗര സംബന്ധമായതും ക്ഷേമപരവുമായ പരിപാടികളുടെ ചിലവിന്റെ ഉത്തരവാദിത്വം ബിസിനസുകാരിൽ ഏൽപ്പിക്കുന്നതിന്റെ ഒരു ഉദ്യമമാണ്. ബിസിനസുകാർ, പ്രാദേശിക സ്ക്കൂളുകൾക്കും സാമുദായിക ഗ്രൂപ്പുകൾക്കും മറ്റും ധനസഹായങ്ങൾ നൽകി അവരുടെ ഉത്തരവാദിത്വം എങ്ങനെ ബോധ്യപ്പെടുത്താമെന്ന് ശ്രമിയ്ക്കുന്നു. ഇങ്ങനെ ചെയ്യുന്നത് അവരുടെ നല്ലൊരു ബിസിനസ് ആശയമാണ്; എല്ലാറ്റിനുമുപരി, പ്രാദേശികസ്ക്കൂളുകളിൽ നിന്നും അവർക്ക് ജോലിക്കാരെ തെര

ഞ്ഞെടുക്കേണ്ടി വരുന്നു, അവരുമായി ഒരു ആരോഗ്യകരമായബന്ധം നില നിർത്തിയാൽ മാത്രമേ ഇത്തരം തെരഞ്ഞെടുക്കലുകൾ കൂടുതൽ എളുപ്പമാകൂ. എന്നാൽ ഇതവർ ചെയ്യുന്നത് നീതിശാസ്ത്രത്തിന്റെ പേരിൽ നിർബന്ധിതരായല്ല, ഭാരവാഹികളും ഓഹരി ഉടമകളും ചേർന്നെടുക്കുന്ന ഒരു ബിസിനസ് തീരുമാനം മാത്രമാണ്.

ബിസിനസുകൾ അതിന്റെ ശരിയായ രീതിയിൽ മത്സരാധിക്യമുള്ളതാണെങ്കിൽ, വാണിജ്യപരമായി ബിസിനസിനെ സഹായിക്കാത്ത പ്രാദേശിക പദ്ധതികളെ സഹായിക്കുവാനായി അധിക പണം ഉണ്ടാകില്ല. സ്ഥാപനങ്ങൾക്ക് ഇത്തരം പദ്ധതികൾക്ക് മുടക്കുവാൻ പണം ഉണ്ടെങ്കിൽ അതു സൂചിപ്പിക്കുന്നത് വിപണി ശരിയായ രിതിയിൽ പ്രവർത്തിക്കുന്നില്ല എന്നുതന്നെയാണ് (ഉദാഹരണത്തിന്, സർക്കാർ ചട്ടങ്ങൾ മത്സരാധിക്യത്തിൽ നിന്നും കമ്പനികളെ സംരക്ഷിയ്ക്കുന്നു).യഥാർത്ഥമൽസരവിപണിയിൽ രാഷ്ട്രീയപരിപാടിയുടെ സമർത്ഥപ്രതിപാദനമായ പ്രാദേശികപദ്ധതികൾ തള്ളിക്കളയുകയും ലാഭമുണ്ടാക്കുകയും ചെയ്ത മററ് സ്ഥാപനങ്ങളോട് തോററ് പോവുന്നു.

സത്യത്തിൽ ഇത്തരം സാമുദായിക പദ്ധതികൾക്ക് പണം വിനിയോഗിക്കുമ്പോൾ ബിസിനസ് ചെയ്യുന്ന ആളുകൾക്ക് ആ പണം മികച്ച രീതിയിൽ ചിലവഴിച്ചു എന്നുറപ്പു വരുത്തുവാനും കഴിയുന്നില്ല. ജനങ്ങൾക്ക് ശരിക്കും ആവശ്യമായി വരുന്ന ഉല്പന്നങ്ങളും സേവനങ്ങളും നൽകി അവരുടെ മുഖ്യ ലക്ഷ്യമായ ലാഭത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുവാൻ ബിസിനസുകാരെ ഉപദേശിക്കുന്നത് നല്ലതായിരിയ്ക്കും.- ഇതിലൂടെ അവർക്ക് സ്വത്ത് കൂടുതൽ സമ്പാദിക്കുവാനും അങ്ങനെ പരോപകാര പ്രവർത്തനങ്ങൾ താങ്ങാനാവുകയും ചെയ്യും.

# 8. സ്വകാര്യവൽക്കരണവും ആഗോളവൽക്കരണവും

## കുടിയേറ്റവും സാങ്കേതികവിദ്യയും

ഭൂമിയിൽ ഒരിക്കൽ ഒറ്റപ്പെട്ടുകിടന്നിരുന്ന മൂലകളൊന്നും ഇപ്പോൾ അങ്ങനെയല്ല. ടെലിവിഷൻ, റേഡിയോ, ഇന്റർനെറ്റ്, മറ്റ് വിനിമയമാധ്യമങ്ങൾ എന്നിവ മറ്റു ജീവിതരീതികളെയും സംസ്ക്കാരങ്ങളേയും, വംശങ്ങളേയും, മനുഷ്യരേയും, രാഷ്ട്രങ്ങളേയും, സർക്കാർ ഘടനകളേയും നമ്മിലേക്ക് അടിപ്പിക്കുന്നു. വിമാനസഞ്ചാരവും, വേഗതയേറിയ ഉപരിതല ഗതാഗതവും കൂടുതൽ സ്ഥലങ്ങൾ നേരിട്ട് സന്ദർശിക്കുന്നത് സാധ്യമാക്കുന്നു.

ഇത് സർക്കാരുകൾക്ക് അവരുടെ തെറ്റുകളെ മൂടിവയ്ക്കാൻ ബുദ്ധിമുട്ടുണ്ടാക്കുന്നു. സ്വന്തം പൗരന്മാരിൽനിന്ന് അവരുടെ കുറവുകളെ മൂടിവയ്ക്കാൻ തങ്ങളുടെ പ്രദേശത്തിന് ചുറ്റും സർക്കാർ ഒരു മതിൽ കെട്ടുന്നതിൽ ഇനി ഒരു പ്രസക്തിയുമില്ല. ലോകത്തിലെ മറ്റ് ഭാഗങ്ങളുമായുള്ള സമൂഹമാധ്യമങ്ങളിലൂടെയുള്ള ദൈനംദിന സമ്പർക്കഫലമായും ഉപഗ്രഹങ്ങൾ പ്രക്ഷേപണം ചെയ്യുന്ന വിദേശ ടിവികളിലൂടെയും ആ പൗരന്മാർ മിക്കവാറും മറ്റിടങ്ങളിലുള്ള തിളങ്ങുന്ന അവസരങ്ങളെക്കുറിച്ച് നേരത്തേതന്നെ ബോധവാന്മാരായിരിക്കും.

തൽഫലമായി പല രാഷ്ട്രങ്ങളും ലോകത്തിന്റെ നേർക്ക് വാതിൽ അടയ്ക്കാനുള്ള ശ്രമങ്ങൾ നിർത്തിയിരിക്കുന്നു. അവർ ഇപ്പോൾ സഞ്ചാരികൾക്കും മറ്റ് സന്ദർശകർക്കുമായി തുറന്ന് കൊടുത്തിരിക്കുന്നു. കഴിഞ്ഞ കുറച്ച് ദശാബ്ദങ്ങളിൽ റഷ്യ, ചൈന, വിയറ്റ്നാം, ബർമ (മ്യാൻമർ) എന്നിവയും മറ്റുമുള്ള പല വലിയ രാഷ്ട്രങ്ങളും അന്താരാഷ്ട്രസമൂഹത്തിലെ കൂടുതൽ തുറന്ന അംഗങ്ങളായിട്ടുണ്ട്. ഇന്ന് അഫ്ഗാനിസ്ഥാന്റെ ജനസംഖ്യയുടെ അഞ്ചിലൊരു ഭാഗം അവരുടെ ജീവിതത്തിന്റെ ഏതെങ്കിലും ഒരു ഭാഗം വിദേശത്ത് വസിച്ച വരാണ്.

## ആശയവിനിമയം

പുതിയലോകത്ത് ജനങ്ങൾ മാത്രമല്ല യാത്ര ചെയ്യുന്നത് - ആശയങ്ങളും അവരോടൊപ്പം ഒരു യാത്ര തരമാക്കുന്നു. ജനങ്ങൾക്ക് പ്രവർത്തിക്കാനും ചിന്തിക്കാനും സംസാരിക്കാനും സ്വാതന്ത്ര്യമുള്ള വ്യത്യസ്ത ലോകങ്ങളുടെ കഥകളുമായി സഞ്ചാരികൾ വരുന്നു. സ്വദേശികൾ വിദേശത്ത് പോയി സഞ്ചാരികൾ പറഞ്ഞ കഥകൾ സത്യമാണെന്ന് അത്ഭുതത്തോടെ മനസ്സിലാക്കുന്നു. ജനങ്ങൾക്ക്, ഇന്റർനെറ്റും ഉപഗ്രഹടിവിയും ലഭ്യമാണെങ്കിൽ അവർ കേൾക്കുന്നത് കഥകൾ അവർ സ്ക്രീനിൽ കാണുന്നതുകൊണ്ട് സ്ഥിരീകരിക്കപ്പെടുന്നു.

വാണിജ്യത്തിനും ഇതേ ഫലമാണുള്ളത്. ഒരു രാജ്യം അന്താരാഷ്ട്രവിപണനത്തിന് തുറന്നുകൊടുത്താൽ അവിടുത്തെ പൗരന്മാർ മറ്റ് സംസ്ക്കാരങ്ങളിൽ നിന്നുള്ളവരുമായി കച്ചവടം ചെയ്യാനും അവരുമായി സൗഹൃദം സ്ഥാപിക്കാനും മറ്റുജീവിതരീതികളെ മനസ്സിലാക്കാനും തുടങ്ങും.

ഇത് കൂടുതൽ ഉദാരമാക്കാനുള്ള സർക്കാരിന്മേലുള്ള സമ്മർദ്ദം കൂടും. സ്വാതന്ത്ര്യത്തെ നേരിട്ട് കാണുകയും അനുഭവിക്കുകയും ചെയ്യുന്ന ജനങ്ങൾ പുരോഗതി പ്രോൽസാഹിപ്പിക്കാനും അഭിവൃദ്ധി വ്യാപിപ്പിക്കുന്നതിലും ഉള്ള അതിന്റെ വിപുലമായ ശക്തി മനസ്സിലാക്കുന്നു. അവർക്ക് ആ പുരോഗതിയുടേയും അഭിവൃദ്ധിയുടേയും ഒരു പങ്ക് അവർക്കായി വേണം. സാങ്കേതികവിദ്യ, വാണിജ്യം, കുടിയേറ്റം, വിനോദസഞ്ചാരം, ആഗോളവിപണി എന്നിവ സ്വതന്ത്രസമൂഹത്തിന്റെ വക്താക്കളാണ്.

## ഒരു സ്വതന്ത്രസമൂഹത്തിന്റെ വളർച്ച

മുതലാളിത്തത്തിന്റെ ടോപ്ഡൗൺ സമീപനം അല്ല. മുമ്പ് ഒന്നുമില്ലാതിരുന്നിടത്ത് ഒരു സ്വതന്ത്ര സമൂഹം സൃഷ്ടിക്കുകയെന്നത് എളുപ്പമുള്ള ഒരു ജോലിയല്ല. പുതിയ സർക്കാരുകളും അന്താരാഷ്ട്ര സഹായസംഘടനകളും ഓഫീസ് നിർവഹണത്തിലിരിക്കുന്ന എല്ലാ ഉദ്യോഗസ്ഥവൃന്ദങ്ങളെയും മാറ്റി സ്ഥാപിക്കുക, സർക്കാരിനുകീഴിലുള്ള വലിയ വ്യവസായങ്ങളെ സ്വകാര്യവത്ക്കരിക്കുന്നതുംപോലുള്ള വലുതും നാടകീയവുമായ മാറ്റങ്ങളിലാണ് മുഖ്യമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

പലപ്പോഴും ഇത്തരം സമീപനങ്ങൾ ഒരു ദുരന്തമാണ്. അധികാരം വ്യക്തിപരമായ താല്പര്യങ്ങൾക്കു വേണ്ടി ദുരുപയോഗപ്പെടുത്തുന്ന ഒരു സംസ്കാരം ഇപ്പോഴും നിലനിൽക്കുന്നതുകൊണ്ടും പ്രാദേശിക

വിപണിയുടെയും മത്സരങ്ങളുടെ പ്രാദേശികമായ ഒരു ധാരണ ഇല്ലാത്തതുകൊണ്ടും അനേകം സ്വകാര്യ വത്കരണശ്രമങ്ങൾ (1980 കളുടെ അവസാനത്തിൽ മെക്സിക്കോയിൽ സംഭവിച്ചതുപോലെ) അവസാനം സ്റ്റേറ്റിന്റെ കുത്തക മുതലാളിത്തത്തെ ഇഷ്ടക്കാരുടെ കൈയ്യിൽ കൊണ്ടെത്തിക്കുന്നു. പൊതുജനങ്ങൾക്ക് മുമ്പുണ്ടായിരുന്ന സ്റ്റേറ്റ് മുതലാളിതത്തിൽനിന്നും ഈ സ്വജനമുതലാളിത്തം ഒട്ടും വ്യത്യസ്തമായി കാണപ്പെടുന്നില്ല. മാത്രവുമല്ല, നീതിന്യായ വ്യവസ്ഥിതിയുടെ പരിവർത്തനനടപടികൾ ദശകങ്ങൾ എടുക്കുമെന്ന തിനാൽ, ഇത്തരം സ്വജനപക്ഷപാതം കോടതികളാൽ ചോദ്യം ചെയ്യപ്പെടാതെ മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കാം. അതുകൊണ്ടു ജനങ്ങൾ സ്റ്റേറ്റ് നിയന്ത്രിതപ്രശ്നങ്ങളെയെന്നപോലെതന്നെ സ്വകാര്യസംരംഭത്തെയും ദോഷത്തോടെ മാത്രമേ കാണുന്നുള്ളു. അനേകം പേർ വിശ്വസിക്കുന്നത് സമൂലപരിഷ്കരണവാദികൾക്കും വിപ്ലവകാരി കൾക്കും മാത്രമേ, പ്രമാണിവർഗ്ഗങ്ങളെ അവഗണിച്ച് പൊതുജനങ്ങൾക്കുവേണ്ടി പുതുതായി എന്തെങ്കിലുമൊക്കെ ചെയ്യാൻ കഴിയൂ എന്ന്.

## സ്വാതന്ത്ര്യത്തിന്റെ ബോട്ടം – അപ് സ്വാധീനശക്തികൾ

ടോപ് - ഡൗൺ മുതലാളിത്തത്തിന്റെ സമീപനം പരാജയപ്പെടാൻ കാരണം അവർ സാമൂഹിക നിയമ സംസ്ഥാപനങ്ങളുടെ അടിസ്ഥാനപരമായ നിലപാടുകളിലും പ്രവർത്തനങ്ങളിലും ആനുകൂല്യങ്ങളിലും മാറ്റങ്ങൾ വരുത്താതെ അവയുടെ ബാഹ്യരൂപത്തിൽ സഹായകമാകുന്ന തരത്തിൽ മാറ്റങ്ങൾ വരുത്തുവാൻ ശ്രമിച്ചതാണ്.

ഒരു സ്വതന്ത്രസമൂഹത്തിന്റെ സർഗ്ഗാത്മഗതയും പുരോഗതിയും വളരുന്നത്, എങ്ങനെ ജനങ്ങൾ പരസ്പരം സ്വതന്ത്രമായി സഹകരിച്ചും ഒരുമയോടെയും ജീവിക്കുന്നു എന്നതിനെ നിർണ്ണയിക്കുന്നത്, നിയമപരവും ധാർമ്മികപരവു മായ ചട്ടങ്ങളുടെ മാതൃകയിലൂടെയാണ്. നമുക്ക് അത്തരമൊരു പ്രവർത്തന നിയമങ്ങളുടെ മാതൃക കൊണ്ടുവരാൻ കഴിഞ്ഞാലും, അത്തരം നിയമങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ജനങ്ങൾക്ക് അവരുടെ സ്വന്തം ജീവിതം കെട്ടിപ്പടുക്കാൻ സ്വാതന്ത്ര്യം നൽകിയാലും, അപ്പോൾ മുഴുവൻ ജനങ്ങളുടെയും സ്വാഭാവികമായ ഊർജ്ജവും അഭിലാഷങ്ങളും വ്യവസ്ഥാനുസാരമായ മാറ്റങ്ങളിലേക്ക് നയിക്കും.

ഉദാഹരണത്തിന്, ജനങ്ങൾക്ക് ഒരു പുതിയ ബിസിനസ് തുടങ്ങുന്നതിനും ആത്മവിശ്വാസത്തോടുകൂടി അത് സ്വന്തമായി നടത്തുവാനും സ്വത്തിന്മേൽ സുരക്ഷിതമായ ഉടമസ്ഥാവകാശം നേടുവാനും ഉല്പാദനക്ഷമതയുള്ള മൂലധനം

സമാഹരിക്കുന്നതിനും സ്വതന്ത്രമായി വ്യാപാരം നടത്തുവാനും അവരെ അനുവദിക്കുന്നു എന്നു കരുതുക. ഇങ്ങനെ ചെയ്യുന്നതിലൂടെ സാമ്പത്തിക വളർച്ച കൈവരിക്കുന്ന തിനും വ്യവസ്ഥാനുസാരമായ സാമൂഹിക പരിഷ്കാരങ്ങൾ ഉത്തേജിപ്പിക്കുന്നതിനും വഴിയൊരുക്കുന്ന നിയമങ്ങളും പ്രോത്സാഹനങ്ങളും നമ്മൾ സൃഷ്ടിക്കുന്നു. ജനങ്ങൾ ചെറിയ ബിസിനസുകൾ തുടങ്ങും, എങ്ങിനെ ബിസിനസ് ചെയ്യണമെന്നും അഭിവൃദ്ധി നേടുവാനും കഴിയുമെന്ന് പഠിക്കാം - സാമ്പത്തികമായ നേട്ടങ്ങൾ മാത്രമല്ല അവർ നേടുന്നത് പക്ഷേ വർദ്ധിച്ച ആത്മവിശ്വാസവും കൂടിയാണ്. കൂടുതൽ ആത്മവിശ്വാസമുള്ള ഒരു സമൂഹത്തിന്, ഉദ്യോഗസ്ഥവൃന്ദങ്ങളേയും സർക്കാർ വ്യവസായങ്ങളെയും നവീകരി ക്കുന്നതുപോലുള്ള ബൃഹത് അധികാര നിയുക്ത പ്രശ്നങ്ങളുമായി പോരാടുവാൻ കഴിയും. അതുകൊണ്ട് നമ്മൾ മുഴുവൻ സ്റ്റേറ്റ് സംസ്ഥാപന ങ്ങളെയും പരിഷ്കരിക്കുവാൻ ശ്രമിക്കുന്നത് വലിയ നിലയിൽ തുടങ്ങരുത്. മുഴുവൻ നിയമസംസ്ഥാപനവ്യവസ്ഥകളിലും വ്യവസ്ഥാനുസാരമായ മാറ്റങ്ങൾ കൊണ്ടുവരുന്ന തിനായി ആനുകൂല്യങ്ങളെ നടപ്പിലാക്കിക്കൊണ്ട് ചെറിയ നിലയിൽ തുടങ്ങുകയാണ് വേണ്ടത്. [1]

## സ്വത്തവകാശം പ്രവൃത്തിയിൽ

### *പെറുവിലെ സ്വത്തവകാശം*

1990ന്റെ തുടക്കത്തിൽ പ്രധാനമായും, സാമ്പത്തിക വിദഗ്ദ്ധനായിരുന്ന ഹെർണാൻഡോ ഡി സോട്ടോയാൽ (Fernando De Soto) സ്വാധീനം ചെലുത്തപ്പെട്ട പെറുവിലെ സ്വത്തവകാശത്തിലെ പരിഷ്കാരങ്ങൾ അതീവ താല്പര്യമുണർത്തുന്ന ഒരു ഉദാഹരണമാണ്. ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെയും അഴിമതിയുടെയും ഫലമായി ഒരു പുതിയ ബിസിനസ് പെറുവിൽ രജിസ്റ്റർ ചെയ്യണമെങ്കിൽ ഏകദേശം ഒരു വർഷത്തോളം വേണ്ടിവരുമെന്ന് ഡി സോട്ടോ ആവലാതിപ്പെട്ടു. സ്വത്ത് സ്വന്തമാക്കുന്നതിനും സമാനസവിശേഷതകൾ ഉണ്ടായിരുന്നു. ഇതുകാരണം ലക്ഷോപലക്ഷം ചെറുസംരംഭകർക്ക് അവരുടെ കൃഷിത്തോട്ടങ്ങളോ, ചെറു ബിസിനസുകളോ അല്ലെങ്കിൽ വീടുകളോ നിയമപരമായി സ്വന്തമാക്കാൻ കഴിഞ്ഞില്ല. അത് അവരുടെ സംരംഭങ്ങൾ വിപുലീകരിക്കുന്നതിനായി നിക്ഷേപങ്ങളോ അല്ലെങ്കിൽ വായ്പകളോ ലഭ്യമാകുന്നതിന് ബുദ്ധിമുട്ടാക്കി. അവർക്ക് അവരുടെ വീടുകളോ അല്ലെങ്കിൽ

1. ഞാൻ ആദം സ്മിത്ത് ഇന്റർനാഷണൽ, പീറ്റർ യങ്, സ്റ്റീഫൻ ജെ. മാസ്റ്റിയോടും അവരുടെവിദഗ്ദ്ധ അറിവിന് കടപ്പെട്ടിരിക്കുന്നു

1. I am grateful to Peter Young and Stephen J. Masty of Adam Smith International for their expert insights on this.

ബിസിനസ്സോ വിൽക്കുവാൻ കഴിഞ്ഞില്ല. മാത്രവുമല്ല അവരുടെ സ്വത്തിൻമേലോ അല്ലെങ്കിൽ ബിസിനസ്സിലോ ഉണ്ടാകുന്ന തർക്കങ്ങൾ പരിഹരിക്കുവാൻ കോടതിയുടെ സഹായം തേടുവാൻപോലും കഴിഞ്ഞില്ല.

പെറുവിൽ രണ്ടുതരത്തിലുള്ള സാമ്പത്തികവ്യവസ്ഥ നിലവിലുണ്ടായിരുന്നു. ഒന്ന് നിയമപരിധിക്കുള്ളിലും നിയമസാധുതയിലൂടെ എല്ലാ സാമ്പത്തിക ആനുകൂല്യങ്ങളും നിയമപരമായ സംരക്ഷണവും അനുഭവിക്കുന്നവരും മറ്റൊന്ന് അവരുടെ വീടുകളും ബിസിനസ്സുകളും നിയമപരമായി നിലനിൽക്കാത്ത തിനാൽ ദാരിദ്രത്തിലേക്ക് തള്ളിവിടപ്പെട്ട ലക്ഷോപലക്ഷം ചെറുകിട സംരംഭകർ. നിയമപരമല്ലാത്ത ചെറുകിട ബിസിനസ്സുകളിൽനിന്നും നികുതി പിരിക്കാൻ കഴിയാത്തതുകാരണം സർക്കാരിന്റെ വരുമാനവും കുറഞ്ഞു. മാത്രവുമല്ല അവർക്ക് യാതൊരു നിയമപരമായ സംരക്ഷണവും ലഭിക്കാത്തതിനാൽ ഈ സംരംഭകരെ ക്രിമിനലുകളും കമ്മ്യൂണിസ്റ്റ് വാദികളായ ഗറില്ലകളും (Shining Path Guerillas) അനായാസം ചൂഷണം ചെയ്തു.

ഒരു പുതിയ ബിസിനസ്സ് രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ നിയന്ത്രണങ്ങൾ എടുത്തുകളയുകയും ബിസിനസ്സ് നടത്തുന്നതിനു കൈവശമുണ്ടായിരിക്കേണ്ട ഒട്ടുമിക്ക ലൈസൻസുകളും പെർമിറ്റുകളും ഉപേക്ഷിക്കുക, ഇതായിരുന്നു ഡി സോട്ടോയും മറ്റുള്ളവരും മുന്നോട്ടു വെച്ച നിർദ്ദേശങ്ങൾ അല്ലെങ്കിൽ പരിഹാരമാർഗ്ഗങ്ങൾ. ആദ്യമായി ദശലക്ഷത്തിൽ കൂടുതൽ പെറൂവിയൻ കുടുംബങ്ങൾക്ക് അംഗീകൃത ഭൂ അവകാശം നേടിക്കൊടുത്ത ഭൂ പരിഷ്കാരങ്ങളും അതിൽ ഉണ്ടായിരുന്നു. അതിന്റെ ഫലമായി, ഉടമസ്ഥർക്ക് അവരുടെ ബിസിനസ്സ് വിപുലീകരിക്കുവാൻ വായ്പ എടുക്കുവാനും വസ്തുവകകൾ വാങ്ങുവാനും വിൽക്കുവാനും സ്വാതന്ത്ര്യം കിട്ടിയതോടെ ചെറുകിട ബിസിനസുകൾ അഭിവൃദ്ധി നേടി. ജനങ്ങൾക്ക് മൂലധനം ഉണ്ടാക്കാനും സമ്പാദിക്കുവാനും കഴിഞ്ഞതോടെ പാർപ്പിടസൗകര്യങ്ങൾ പുരോഗമിക്കുകയും രക്ഷകർത്താക്കൾ അവരുടെ മക്കൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി കൂടുതൽ പണം ചിലവഴിക്കുവാനും തുടങ്ങി.

പരിഷ്കാരങ്ങൾ വിമർശനരഹിതമായിരുന്നില്ല. ചില ആളുകൾ വാദിക്കുന്നത്, ഭൂപ്രമാണങ്ങൾ നീതി യുക്തമല്ലായിരുന്നു എന്നാണ്. അതിനവർ പറയുന്ന കാരണം ആര് എന്ത് അനൗപചാരികമായി കൈവശം വെച്ചിരുന്നു എന്ന് സ്ഥാപിക്കുവാൻ ബുദ്ധിമുട്ടായിരുന്നു എന്നതാണ്. മറ്റുചിലർ വാദിക്കുന്നത്, ഭൂപ്രമാണം ദരിദ്രർക്കും ചെറുകിട സംരംഭകർക്കും മേലെ വൻകിട

കുടിയേറ്റക്കാർക്ക് കൂടുതൽ മേൽക്കോയ്മകൾ നൽകിയെന്നതും, ഇതിലൂടെ ദരിദ്രരായ കർഷകർ ആശ്രയിച്ചിരിക്കുന്ന പൊതുഭൂമികൾ അവർക്കു നഷ്ടപ്പെട്ടു എന്നും ഈ ഉടമസ്ഥത അനൗദ്യോഗികമെങ്കിലും നന്നായി പ്രവർത്തിച്ചിരുന്ന പാട്ടവ്യവസ്ഥയെ അട്ടിമറിച്ചു എന്നുമാണ്. മറ്റുചിലർ വാദിക്കുന്നത്, ഈ ഭൂപരിഷ്കാരങ്ങൾ അത്രക്ക് മേന്മയുള്ളതായിരുന്നില്ല, മാത്രവുമല്ല സാമ്പത്തിക പുരോഗതിക്ക് വലിയൊരു തടസ്സം ജനങ്ങളുടെ സംസ്ക്കാരം അവരുടെ അഭിലാഷ ങ്ങളിന്മേൽ അടിച്ചേല്പിച്ച പരിമിതികളാണ്. മുമ്പ് ഒന്നും നിലവിലില്ലാതിരുന്നിടത്ത് നല്ല രീതിയിൽ പ്രവർത്തി ക്കുന്ന ഒരു വിപണി സ്ഥാപിച്ചെടുക്കുന്നത് വളരെ കഠിനമാണ്. ഒരു അക്വേറിയത്തിൽ നിന്നും മീൻ സൂപ്പ് ഉണ്ടാക്കുവാൻ വളരെ എളുപ്പമാണ്, പക്ഷേ മീൻ സൂപ്പിൽനിന്നും ഒരു അക്വേറിയം ഉണ്ടാക്കുക എളുപ്പമല്ല. എന്തായിരുന്നാലും മറ്റു രാജ്യങ്ങൽ പെറുവിലെ പരിഷ്കാരങ്ങൾ പകർത്തുവാൻ ശ്രമിച്ചു. ലാറ്റിൻ അമേരിക്കയിലെയും ആഫ്രിക്കയിലെയും പല രാജ്യങ്ങൾക്കും ഡി സോട്ടോ നേരിട്ട് ഉപദേശങ്ങൾ കൊടുത്തു.

## പിന്തുണയ്ക്കുന്ന പരിഷ്കാരങ്ങൾ

പക്ഷേ നല്ലരീതിയിൽ പ്രവർത്തിക്കുന്ന സ്വത്തവകാശങ്ങൾ മുഖ്യമാകുമ്പോഴും, മറ്റു പിന്തുണയേകുന്ന പരിഷ്കാരങ്ങളും അനിവാര്യമാണ്. ഉദാഹരണത്തിന്, അവിടെ നല്ലരീതിയിൽ പ്രവർത്തിക്കുന്ന വായ്പ, ചെറുകിട വായ്പാ വിപണികൾ അനിവാര്യമായും ഉണ്ടായിരിക്കേണ്ടതാണ്, ഇത് ദുർഘടമായ ചട്ടങ്ങൾക്കും ഉദ്യോഗസ്ഥ മേധാവിത്വത്തിനും എളുപ്പത്തിൽ അമർച്ച ചെയ്യാനാവില്ല. (താല്പര്യമുണർത്തുന്ന ഏറ്റവും നല്ലൊരു ഉദാഹരണം, ബംഗ്ലാദേശിൽ ചെറുകിട വായ്പകൾ നൽകുന്ന ഗ്രാമീൺ ബാങ്ക്. ഗ്രാമീണ വ്യവസായങ്ങൾക്ക് ഇത് ചെറുവായ്പകൾ നൽകുന്നു. സ്വന്തമായി ഭൂമിയില്ലാത്ത വനിതാ സംരംഭകർക്ക് വയർലെസ്സ് ടെലഫോൺ ഉപയോഗിച്ച് പേഫോൺ സേവനത്തിലൂടെ വായ്പകൾ ലഭ്യമാക്കുന്നതും ഇതിലുൾപ്പെടുന്നു.)

അവിടെ വിശ്വാസയോഗ്യമായതും കാര്യക്ഷമവുമായ ഒരു നിയമവ്യവസ്ഥയും അത്യാവശ്യമാണ്, എങ്കിൽ മാത്രമേ ജനങ്ങൾക്ക് അവരുടെ തർക്കങ്ങളും മറ്റും വേഗത്തിലും വിശ്വാസത്തോടെയും പരിഹരിക്കുവാൻ കഴിയൂ. നിയമ വ്യവസ്ഥയിലേക്ക് ഒരു പ്രത്യേക പരിഷ്കാരം പാസ്സാക്കുവാനും എടുക്കുന്നതു വരെ നമുക്ക് കാത്തിരിക്കേണ്ടതില്ല. വ്യക്തിഗതകേസ്സുകളിൽ നിന്ന് സൃഷ്ടിക്കപ്പെട്ട സാമാന്യനിയമം വളരെ വേഗത്തിലുള്ളതാണ്. പ്രാദേശികജനതയുടെ നീതിബോധത്തിനനുസരിച്ച്, സ്ഥാപിതമായ കീഴ്വഴക്കങ്ങളുടെ ഘടനയിൽ

ഒരു പ്രാദേശിക നിയമവ്യവസ്ഥയും അവിടെ ആദ്യമേ നിലനിൽക്കേണ്ടതാണ്. എന്നാൽ ഉടമസ്ഥാവകാശ ഘടന, വ്യക്തിപരമായ ബാധ്യത, ഓഹരി പങ്കാളിത്തമുള്ളവരുടെ അവകാശങ്ങൾ, പാപ്പരത്വം തുടങ്ങിയ ബിസിനസ്സ് പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള അടിസ്ഥാനനിയമങ്ങൾ നമ്മൾ രൂപീകരിക്കേണ്ടതും അത്യാവശ്യമാണ്.

ഒരു വിപണിയിലേക്ക് പ്രവേശിക്കുവാൻ തടസ്സങ്ങൾ സൃഷ്ടിക്കുന്ന നിയമങ്ങളെ നമ്മൾ ലഘൂകരിക്കേണ്ടതും അനിവാര്യമാണ് എന്നാൽ മാത്രമേ പുതിയ ആശയങ്ങൾ ഉടലെടുക്കൂ. ഉദാഹരണത്തിന്, നേപ്പാളിലെ ഭരണാധികാരികൾ - 1950കൾക്ക് മുമ്പ് പുറംലോകവുമായി യാതൊരു ബന്ധവും പുലർത്തിയിരുന്നില്ലാത്ത രാജ്യം - സ്വകാര്യ കമ്പനികൾ അവിടത്തെ ടെലഫോൺ സംവിധാനം നടത്തിക്കുന്നത് ജനങ്ങളിൽ ഭീതിയുളവാക്കും എന്ന കാരണത്താൽ അവർ അതിന്റെ സമ്പൂർണ്ണമായ വില്പന തിരസ്കരിച്ചു.

എന്നാൽ പുതിയ ആളുകൾക്ക് പ്രവേശനാനുമതി നൽകുന്ന പുതിയ ലൈസൻസുകൾ നൽകാൻ സമ്മതിച്ചു. ഈ പുതിയ കമ്പനികളുടെ പ്രവേശനം നേപ്പാളിലെ ടെലഫോൺ സംവിധാനത്തെ വൻ വിജയമാക്കി തീർത്തു.

ഇനിയും കൂടുതൽ ഉദാഹരണങ്ങൾ ഇവിടെയുണ്ട്. ചെറിയ ബിസിനസ്സുകളും പുതിയ വിപണികളുടെ പ്രവേശനവും വളർന്നു, കൂടുതൽ ജോലി സാധ്യതകൾ സൃഷ്ടിക്കപ്പെട്ടു, പുരോഗതി വർദ്ധിച്ചു, ഉപഭോക്തൃ സേവനങ്ങൾ കൂടുതൽ മെച്ചപ്പെട്ടു, പ്രധാനമായും വരുമാനവും സമ്പത്തും ഉണ്ടാക്കുന്നതിൽ സ്വാതന്ത്ര്യത്തിനുള്ള അതിപ്രധാനമായ പങ്ക് ജനങ്ങൾക്ക് മനസ്സിലാക്കുവാൻ സാധിച്ചു. ഇത് എത്രത്തോളം പിന്തുണ സമാഹരിക്കുന്നു അത്രത്തോളം കുറവേ ജനങ്ങൾ മൗലികമായതും എന്നാൽ ആത്യന്തികമായി നിയന്ത്രണ ശക്തിയുള്ള ഉപാധികൾ ആഗ്രഹിക്കൂ.

## കാർഷിക പരിഷ്കാരങ്ങൾ

സ്വത്തവകാശങ്ങൾ പ്രാബല്യത്തിൽ ഉള്ളതിന്റെ നേട്ടങ്ങൾക്ക് ഉദാഹരണമാണ് റഷ്യയിലെയും ചൈന യിലെയും വിയറ്റ്നാമിലെയും കാർഷിക പരിഷ്കാരങ്ങൾ. അവിടത്തെ കമ്മ്യൂണിസ്റ്റ് സർക്കാരുകൾ ഭൂമിയിലും കാർഷികസംരംഭങ്ങളിലും കൂട്ടമായുള്ള ഉടമസ്ഥാവകാശത്തിൽ എല്ലായിടത്തും കൃഷി ആരംഭിച്ചു. ആ സമുദായങ്ങൾ ഭൂമി ഉപയോഗിക്കുന്നതിനും പണിയെടുക്കുന്നതിനുമുള്ള അവകാശങ്ങൾ നിയന്ത്രിക്കുകയും സമത്വാധിഷ്ഠിതമായ ഒരു വിതരണ സമ്പ്രദായം അടിച്ചേല്പിക്കുകയും ചെയ്തു. എന്നാൽ ഇതൊരു ദുരന്തമായി

രുന്നു. ആ സമുദായങ്ങൾ വളരെ വലുതും, നിയന്ത്രണ വിധേയമല്ലാത്തതും മേധാവിത്വമുള്ളതും ആയിരുന്നു. വ്യക്തികൾക്ക് അവരുടെ അദ്ധ്വാനത്തിന്റെ ഫലം മറ്റുള്ളവർക്കുകൂടി പങ്കുവെയ്ക്കേണ്ടിവരുന്നതിനാൽ അവർക്ക് കഠിനാദ്ധ്വാനം ചെയ്യുവാനും അല്ലെങ്കിൽ ഉലാപാദനക്ഷമത കൂട്ടുവാനും താല്പര്യം തീരെ കുറവായിരുന്നു.

ഈ പൊതു ഉടമസ്ഥാവകാശതത്വം ഉപേക്ഷിക്കുവാൻ വൈമനസ്യം ഉണ്ടായിരുന്നു എങ്കിലും 1970 ന്റെ അവസാനത്തോടെ വിനാശകരമായ ഈ സോവിയറ്റ് മാതൃകയിൽ ചൈന വിട്ടുപോയി. ഒരു കുടുംബ ഉത്തര വാദിത്വ വ്യവസ്ഥ നിലവിൽ വന്നു, കുടുംബങ്ങൾക്ക് അവരുടെ സ്വന്തം ഭൂമിയിൽ പണിയെടുക്കാം. ഇത് അദ്ധ്വാനവും ഫലവും തമ്മിലുള്ള ബന്ധത്തെ പുനരുജ്ജീവിപ്പിച്ചു. ചൈനയിലെ കാർഷികമേഖല അഭിവൃദ്ധി പ്രാപിച്ചു. ധാന്യം, പരുത്തി, എണ്ണക്കുരുക്കൾ തുടങ്ങിയ വിളകളിൽ യഥാക്രമം 5, 8, 14 ശതമാന ത്തോളം വാർഷിക വർദ്ധനയോടെ 1980 ന്റെ തുടക്കത്തിൽ ചൈനയിലെ കാർഷിക സമ്പത്ത് വേഗത്തിൽ വളർന്നു. [2]

പക്ഷേ ഈ തുടക്കത്തിലെ വളർച്ച അധികകാലം നീണ്ടുനിന്നില്ല. ഈ വ്യവസ്ഥ അപ്പോഴും അപര്യാപ്തമായിരുന്നു. മണ്ണിന്റെ വ്യത്യസ്തങ്ങളായ ഗുണങ്ങൾ തുല്യമാക്കാം എന്ന പ്രതീക്ഷയിൽ ഒരു വിസ്തൃതമായ സ്ഥലം നൽകുന്നതിനു പകരം തുണ്ടുകളായിട്ടായിരുന്നു കുടുംബങ്ങൾക്ക് ഭൂമി അധികാരികൾ നൽകി യിരുന്നത്. ഓരോ കുടുംബത്തിന്റെയും അദ്ധ്വാനം പല തുണ്ടു സ്ഥലങ്ങളിലായി ചിതറി കിടക്കുന്നതിനാൽ മികച്ചരീതിയിലുള്ള സമ്പ്രദായങ്ങൾ നടപ്പിലാക്കുക അപ്രയോഗികമായിരുന്നു. തുണ്ടുകൾക്കിടയിലുള്ള വഴികൾ കൃഷിയിടത്തിന്റെ നല്ലൊരു പങ്ക് എടുത്തു. മാത്രവുമല്ല വിതരണ സംവിധാനം ഓരോ കുടുംബങ്ങ ളുടെയും പ്രത്യേകമായ അദ്ധ്വാനത്തേയും ഉല്പാദനക്ഷമതയേയും കണക്കി ലെടുത്തിരുന്നില്ല.

അതുകൊണ്ട്, സാങ്കേതികമായി ഭൂമിയുടെ ഉടമസ്ഥാവകാശത്തിൽ മാറ്റങ്ങൾ വരുത്തേണ്ടെന്ന് തീരുമാനിക്കുകയും എന്നാൽ ഒരു ഭൂമി ഉപയോഗ അവകാശവ്യവസ്ഥ അവതരിപ്പിക്കുകയും ചെയ്തു. ഇത് കുടുംബങ്ങൾക്ക് ഒരു ഭൂമിയിൽ ദീർഘകാലം പണിയെടുക്കുന്നതിന് അവകാശം നൽകുകയും,

2. കൂടുതൽ വിവരങ്ങൾക്ക് കാണുക, വോൾഫ്ഗാങ് കാസ്പർ, ദ സിച്ചുൻ എക്സ്പെരിമെന്റ്, ഓസ്ട്രേലിയൻ ജേർണൽ ഫോർ ചൈനീസ് അഫേയേഴ്സ്, 7, ഫെബ്രുവരി 1981, പിപി 163 – 72

2. For details, see Wolfgang Kasper, The Sichuan experiment, Australian Journal of Chinese Affairs, 7, February 1981, pp. 163 72.

അതിൽ നിന്നും വിളവെടുക്കുവാനും വരുമാനം നേടുവാനും അത്തരം അവകാശങ്ങൾ മറ്റുള്ളവരിലേക്ക് പകരുവാനും അവരെ അനുവദിക്കുകയും ചെയ്യുന്നു.

വീണ്ടും, ഒരു സ്വതന്ത്ര വിപണിയുടെ അല്ലെങ്കിൽ സ്വത്തവകാശങ്ങളുടെ കാഴ്ചപ്പാടിൽ നിന്നും ഈ വ്യവസ്ഥയും പൂർണ്ണമായും ഫലപ്രദമായിരുന്നില്ല. സർക്കാരിന്റെ സമാഹരണവും വില നിർണ്ണയ സംവിധാ നവും കർഷകർക്ക് അവരുടേതായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള കഴിവിനെയും അവരുടെ സ്വന്തം അദ്ധ്വാനത്തിന്റെ മുഴുവൻ ഫലങ്ങളെയും അനുഭവിക്കുന്നതിനുള്ള അവകാശത്തേയും അട്ടിമറിക്കുന്നു. ഭൂമിയുടെ ഒരു യഥാർത്ഥ വിപണിയില്ലാതെ, തുണ്ടുസ്ഥലങ്ങളുടെ ഏകീകരണത്തിനോ സംയോജനത്തിനോ വളരെ ചുരുങ്ങിയ സാധ്യതകളേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ക്രമേണ ഒരു ഭൂ ഉപഭോഗവിപണി തുറന്നു വന്നു.

ഉദാഹരണത്തിന്, വടക്കൻ ഗിഷ്വവിലെ മേയ്ട്ടൺ കൗണ്ടിയിൽ ഗ്രാമവാസികളും ഉദ്യോഗസ്ഥരും ഭൂമി പാട്ടത്തിനെടുക്കുന്ന കാലയളവ് 20 വർഷത്തേക്ക് സ്ഥിരീകരിച്ചിരുന്നു, ഇത് കുടുംബങ്ങൾക്ക് ദീർഘകാല പദ്ധതികൾ ആവിഷ്കരിക്കുവാൻ സഹായകമായി. ഒസ്യത്തായി കൊടുക്കുവാനും അവരുടെ പാട്ടം കൈമാറ്റം ചെയ്യുവാനും തുണ്ടുഭൂമികൾ സംയോജിപ്പിക്കുവാനും ഉള്ള അധികാരം കർഷകർക്ക് നൽകിയിരുന്നു. കൃഷി ചെയ്യാതെ കിടക്കുന്ന ഭൂമികളും പരമാവധി ഉപയോഗപ്പെടുത്തുവാനുള്ള പ്രചോദനങ്ങളും ഉണ്ടായിരുന്നു. അതിന്റെ ഫലമായി കൂടുതൽ സ്ഥലങ്ങൾ കൃഷിക്കായി ഉപയോഗപ്പെടുത്തി, കുടുംബങ്ങൾ മണ്ണിനെ സംരക്ഷിക്കുവാൻ തുടങ്ങിയതിനാൽ അതിന്റെ ഫലപുഷ്ടി വർദ്ധിക്കുകയും ചെയ്തു. ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുതുടങ്ങി. 1995-ൽ മേയ്ട്ടൺ മാതൃക പിൻതുടരുവാൻ മറ്റു ഗ്രാമങ്ങളെയും ദേശീയ സർക്കാർ പ്രോത്സാഹിപ്പിച്ചു. അങ്ങനെ സ്വത്തവകാശ വ്യവസ്ഥക്ക് സമാനമായ ഒന്ന് എല്ലായിടത്തും പ്രചരിക്കാൻ തുടങ്ങി.

## വെള്ളത്തിനുള്ള അവകാശം

സർക്കാരിനേക്കാളും മികച്ച രീതിയിൽ വിനിയോഗിക്കുവാൻ സ്വത്തവകാശത്തിന് കഴിയുന്ന മറ്റൊരു അപൂർവ്വമായ വിഭവമാണ് വെള്ളം. യുണൈറ്റഡ് സ്റ്റേറ്റ്സിലെ വരണ്ട പടിഞ്ഞാറൻ പ്രദേശങ്ങളിൽ കൊടുംവരൾച്ചയുടെ ഭീഷണി ഒരിക്കൽ സർവ്വസാധാരണമായിരുന്നു. വെള്ളത്തിന്റെ ദൗർലഭ്യം കൊണ്ടല്ല മറിച്ച് ഇത് വിനിയോഗിക്കുന്നതിനുള്ള കഠിനമായ നിയമവ്യവസ്ഥകൾ കൊണ്ടായി

രുന്നു ഇത് സംഭവിച്ചിരുന്നത്. ഉദാഹരണത്തിന്, ഒരു അരുവിയിൽനിന്നും ആരാണോ ആദ്യം വെള്ളം എടുക്കുന്നത്, പിന്നീട് വരുന്നവരിൽനിന്നും മുൻഗണന അയാൾക്കായിരിക്കും. എന്നാൽ ഈ ആവശ്യം നിലനിർത്തികൊണ്ടു പോകുന്നതിന്, അവരുടെ വെള്ളത്തിനുള്ള ആവശ്യം കുറവാണെങ്കിലും അവർക്ക് അത് കഴിയുന്നത്ര ചൂഷണം ചെയ്യേണ്ടിയിരുന്നു.

1990 ന്റെ തുടക്കത്തിൽ മോണ്ടാനയും അരിസോണയും പോലുള്ള സംസ്ഥാനങ്ങൾ വെള്ളത്തിനുള്ള ആളുകളുടെ അവകാശങ്ങൾ വിപണനം ചെയ്യുവാൻ അനുവദിക്കാൻ തുടങ്ങി. ഇപ്പോഴും അവിടെ അനേകം ചട്ടങ്ങൾ ഈ വിപണിയെ തളർത്താൻ നിലവിൽ ഉണ്ടെങ്കിലും, വെള്ളത്തിന്റെ ഉപയോഗം അമൂല്യമായ രീതിയിൽ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ അത് സഹായിക്കുന്നു. വെള്ളം ഉപയോഗിക്കാനുള്ള അവകാശം ആവശ്യാനുസരണം വാങ്ങുവാനും വിൽക്കുവാനും കഴിയുന്നതുകൊണ്ട്, മിതമായ ഉപയോഗ മുള്ളവർ (ആർക്കാണോ വെള്ളം കുറച്ചുപയോഗിക്കുവാൻ കഴിയുന്നവർ അല്ലെങ്കിൽ പുതുക്കി ഉപയോഗിക്കുന്നവർ) ശുദ്ധമായ വെള്ളം ഉപയോഗി ക്കാനുള്ള അവരുടെ അവകാശം അതു കൂടുതൽ ആവശ്യമുള്ളവർക്ക് കൊടുക്കുന്നു. ഇതൊക്കെയാണ് വെള്ളത്തിലുള്ള അവകാശങ്ങളുടെ വിപണി കൊണ്ടുള്ള ഗുണങ്ങൾ, ഇത് പടിഞ്ഞാറൻ യുണൈറ്റഡ് സ്റ്റേറ്റ്സിൽ ആകമാനം പ്രചരിക്കുകയും ചെയ്യുന്നു.

## സ്വകാര്യവത്കരണത്തിന്റെ നിർമ്മാണതന്ത്രം

സർക്കാർ നിയന്ത്രണത്തിലുള്ള വ്യവസായങ്ങൾ മിക്കവാറും ജനങ്ങൾക്ക് തെരഞ്ഞെടുക്കുവാനുള്ള അവസരങ്ങൾ നൽകാത്ത കുത്തകകൾ ആയിരിക്കും. അതുകൊണ്ടുതന്നെ അവർക്ക് ഗുണമേന്മ കുറഞ്ഞ വസ്തുക്കൾ ക്കുപോലും ഉയർന്ന വിലകൾ ഈടാക്കുവാൻ കഴിയുകയും ഈടാക്കുകയും ചെയ്യുന്നു. അധികാരികളുടെ കൈയ്യെത്തുംദൂരത്ത് ഏതെങ്കിലും ഏജൻസികളുടെ ചുമതലയിലാണെങ്കിൽപോലും അവ സാധാരണയായി അധികാരിപ്രമാണികളുടേയോ അവരുടെ സുഹൃത്തുക്കളുടേയോ നിയന്ത്രണ ത്തിലായിരിക്കും. മാത്രവുമല്ല ഇതൊക്കെ മിക്കവാറും നിയന്ത്രിക്കുന്നത് ഭരണരംഗത്തെ പ്രമാണിമാരോ അല്ലെങ്കിൽ അവർക്ക് വേണ്ടപ്പെട്ടവരോ ആയിരിക്കും.

ഉദാഹരണത്തിന്, ഇറാനിലെ ഒരു കാരുണ്യപ്രവർത്തന ട്രസ്റ്റെന്നു കരുതപ്പെടുന്ന ബോൻയാഡ്സ് ആണ് അവിടത്തെ സ്വത്ത് വികസനത്തിന്റെയും കാർഷികമേഖലയുടെയും നിർമ്മാണമേഖലയുടെയും ഷിപ്പിങ്ങി ന്റെയും

അടക്കം അഞ്ചിലൊന്ന് സാമ്പത്തിക സ്രോതസ്സുകളെയും നിയന്ത്രിക്കുന്നത്. തുടക്കത്തിൽ ഷാ തുടങ്ങിയ ഇത് ഒരു കാരുണ്യപ്രവർത്തനട്രസ്റ്റ് അല്ലെന്നും മറിച്ച് ഭരണകൂടത്തിന്റെ രക്ഷാധികാരത്തിനും ലാഭത്തിനും വേണ്ടിയുള്ള ഉപാധിയാണ് എന്ന് പരക്കെ വിമർശനം ഉണ്ടായിരുന്നു. എന്നിട്ടും, 1979 ലെ വിപ്ലവത്തിനുശേഷം അധികാരത്തിൽ വന്ന പുതിയ സർക്കാരും അതിനെ ആദായകരമായി കണ്ടതിനാൽ ഉപേക്ഷിക്കുവാൻ തയ്യാറായില്ല. അതുകൊണ്ടവർ നിലനിൽക്കുകയും നികുതിയിളവും മറ്റാനുകൂല്യങ്ങളും സ്വന്തമാക്കുകയും സർക്കാരിലേക്ക് കണ്ടുകെട്ടുന്ന സ്വകാര്യ വസ്തുവകകൾ അവരിലേക്ക് എത്തുകയും ചെയ്തു. അവർ നിലനിൽക്കുന്നത് ദരിദ്രരുടെ ഉന്നമനത്തിനു വേണ്ടിയാണ് എന്നു പറയുന്നുണ്ടെങ്കിലും അക്ഷരാർത്ഥത്തിൽ അവരുടെ പ്രയോജനങ്ങൾ എത്തുന്നത് അധികാരത്തിൽ ഇരിക്കുന്നവരിലേക്കാണ്.

സർക്കാർ നിയന്ത്രിത ബിസിനസുകൾ സ്വകാര്യവത്കരിക്കുമ്പോൾ, സ്വകാര്യ ഉടമസ്ഥാവകാശത്തിന്റെ ഊർജ്ജസ്വലമായ ഫലങ്ങൾ ഉണ്ടാവുകയും ഉദ്യോഗസ്ഥ മേധാവിത്വ കുത്തകകൾക്കിടയിലെ വഴിയൊരുക്കു കയും സുതാര്യമായ വാണിജ്യ ഇടപാടുകളിലൂടെ അഴിമതി ഇല്ലാതാവുകയും ചെയ്യണം. ഇത് ഈ വ്യവസായ ങ്ങളുടെ മൂലധനം തിരികെ പൊതുജനങ്ങളുടെ കൈകളി ലെത്തിക്കുന്നതിന് സഹായിക്കുകയും ചെയ്യാം. പക്ഷേ ഈ നേട്ടങ്ങൾ കൈ വരിക്കണമെങ്കിൽ അതിനുള്ള വീക്ഷണം, പ്രാപ്തി, ശ്രദ്ധാപൂർവ്വമായ നയ രൂപീ കരണവും എല്ലാം ആവശ്യമാണ്.

അവിടെ ഒരു ഏക നിർമ്മാണതന്ത്രമില്ല. സർക്കാർ നിയന്ത്രിത വ്യവസായ ങ്ങളുടെ സ്വകാര്യവത്കരണം രാഷ്ട്രീയവും കൂടാതെ സാമ്പത്തികശാസ്ത്രപര വും ആയ കാര്യമാണ്.

ഓരോ വ്യവസായങ്ങളും വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ വ്യത്യസ്തങ്ങളായ സമീപനങ്ങളും ആവശ്യമാണ്. വ്യവസായങ്ങൾ പല തരത്തിലും വലിപ്പത്തി ലുമുള്ളവയാണ്, അവയുടെ പരിഷ്കാരങ്ങൾ തടസ്സപ്പെടുത്തുന്ന വ്യത്യസ്ത താല്പര്യങ്ങളുള്ള സംഘങ്ങളും ഉണ്ട്. അതുകൊണ്ടുതന്നെ മുഴുവൻ ജനതയും ആശ്രയിക്കുന്ന വെള്ളം, വൈദ്യുതി പോലുള്ള അവശ്യസേവനങ്ങൾക്ക് താരത മ്യേന കുറച്ചാളുകളെ ബാധിക്കുന്ന നിർമ്മാണമേഖലയിലെ കമ്പനികളിൽ നിന്നും തികച്ചും വ്യത്യസ്തമായ സമീപനമാണ് ആവശ്യം.

ചെറിയ സംരംഭങ്ങളുടെ കാര്യത്തിൽ അവരെ വാണിജ്യനടത്തിപ്പുകാർക്ക് വിൽക്കുന്നത് പ്രായോഗിക മാണ്, പ്രത്യേകിച്ചും പുതിയ ആശയങ്ങളും കൂടുതൽ മൂലധനവുമുള്ള വിദേശത്തുള്ള ആർക്കെങ്കിലും. എന്നാൽ സർക്കാർ

കമ്പനികൾ വിദേശികൾക്ക് വില്ക്കുന്നത് വിവാദപരമായേക്കാവുന്നതാണ്.

വൻകിടസംരംഭകർക്ക്, ഓഹരി വില്പനയിലൂടെ പൊതുജനങ്ങളെകൂടി കമ്പനിയുടെ ഉടമസ്ഥാവകാശത്തിലേക്ക് ഉൾപ്പെടുത്തുന്നത് വളരെ പ്രയോജനകരമാണ്. അവിടെ പുരാതനമായ ഒരേ ഒരു ഓഹരിവിപണി മാത്രമേ ഉണ്ടായിരിക്കൂ എന്നുള്ളതുകൊണ്ടും അധികം ജനങ്ങൾക്കും ഓഹരി എന്താണെന്ന് അറിയാത്തതു കൊണ്ടും അതിനെ കുറിച്ചൊരു അവബോധക്ലാസ്സ് ആവശ്യമായവരും. സോവിയറ്റ്വാഴ്ച തകർന്നതിനുശേഷം, റഷ്യ ഒരു പ്രമാണപത്ര സ്വകാര്യവത്കരണം (വൗച്ചർ പ്രൈവറ്റൈസേഷൻ) ആരംഭിച്ചു. ഇത് സർക്കാർ സംരംഭ ങ്ങളിൽ പൊതുജനങ്ങൾക്ക് തുല്യപങ്കാളിത്തം ഫലപ്രദമായി നൽകി. പക്ഷേ പിന്നീട് മിക്കവാറും ജനങ്ങളും അവരുടെ ഓഹരികൾ വളരെ കുറഞ്ഞ വിലക്ക് വിൽക്കുകയും അവസാനം അവ പുതിയ പ്രമാണി വർഗ്ഗങ്ങളിലുള്ള ബിസിനസ് പ്രഭുക്കന്മാരുടെ നിയന്ത്രണത്തിൽ ആവുകയും ചെയ്തു.

## വിപണി തത്വങ്ങളുടെ അവതരണം

സ്വകാര്യവത്കരണത്തിന്റെ ഭാഗമായി കുത്തകകൾ തകർക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സർക്കാരുകൾ ചിലപ്പോൾ ചിന്തിച്ചേക്കാം അവരുടെ കുത്തകാവകാശം നിലനിർത്തികൊണ്ട് കച്ചവടങ്ങൾ വിൽക്കുന്ന തിലൂടെ കൂടുതൽ വരുമാനം നേടാമെന്ന്, പക്ഷേ അങ്ങനെ കുത്തകാവകാശം തുടർന്നും നിലനിന്നാൽ അത് പൊതുജനങ്ങൾക്ക് അങ്ങേയറ്റം ദോഷകരമായിരിക്കും. സർക്കാരിന്റെ കുത്തകാവകാശം മത്സരമുള്ള ഘടകങ്ങളിലൂടെ ഇല്ലാതാക്കിയാൽ അത് ദീർഘകാലത്തേക്ക് സർക്കാരിനും പൊതുജനങ്ങൾക്കും നേട്ടമുണ്ടാക്കും. അവരുടെ കുത്തകാധിപത്യമുണ്ടായിരുന്ന മുൻഗാമികളേക്കാൾ പുതിയ സംരംഭങ്ങൾ കൂടുതൽ തഴച്ചു വളരുകയും കൂടുതൽ ഊർജ്ജസ്വലവും നവീനവുമായിരിക്കും.

1996ലെ ഗോട്ടിമാലയിലെ ടെലഫോൺ സംവിധാനങ്ങളുടെ സ്വകാര്യവത്കരണം ഇത്തരം മേഖലകളിൽ മത്സരത്തിനുള്ള പ്രാധാന്യം തെളിയിക്കുന്നു. അവിടെ ടെലികോം മേഖലയിലെ കുത്തകാവകാശം സ്വകാര്യ വത്കരിക്കുന്നതിനുമുമ്പ്, ടെലികോം വിപണി മത്സരത്തിനുള്ള വാതിലുകൾ തുറന്നുകൊടുത്തു. വായുതരംഗങ്ങളും (എയർ വേവ്സ്) സ്വകാര്യവത്കരിച്ചത് വൈദ്യുതകാന്തിക സ്പെക്ട്രങ്ങളിൽ സ്വത്തവകാശങ്ങൾ നിലവിൽ വരുത്തുകയും അത് വിനിമയരംഗത്തെ പുതിയ കമ്പനികൾക്ക് വളരെ അനായാസം വാങ്ങുവാനും ഉപയോഗിക്കുവാനും കഴിഞ്ഞു. ഇതിന്റെ ഫലം മത്സരത്തിന്റെ വളരെ വലിയ വിപുലീ കരണവും, ഉയർന്ന തലത്തിലുള്ള വരണാധികാരവും വിപുലമായ

വ്യാപ്തി ആയിരുന്നു. നിരക്കുകൾ, ലാറ്റിൻ അമേരിക്കയിലെ ഏറ്റവും കുറഞ്ഞതാവുകയും മൊബൈൽ ടെലഫോൺ ഉപഭോക്താക്കളുടെ എണ്ണം ഒരു ദശാബ്ദത്തിനും കുറച്ച് മേലെയുള്ള കാലയളവിനുള്ളിൽ നൂറുകണക്കിന് മടങ്ങ് അധികരിക്കുകയും ചെയ്തു. [3]

## ശരിയായ രീതി സ്വായത്തമാക്കൽ

സ്വകാര്യവൽക്കരണത്തിന്റെ രാഷ്ട്രീയവും നിർമ്മാണതന്ത്രവും ശരിയായി നടപ്പിലാക്കാൻ പരിഷ്കർത്താക്കളെ സഹായിക്കുന്ന ധാരാളം അന്താരാഷ്ട്ര അനുഭവങ്ങളും പ്രാവീണ്യവും ഉണ്ട്.

ഇതിന് മുഖ്യമായും വേണ്ടത് പ്രക്രിയ പൂർണ്ണമായും സുതാര്യവും പൊതുജനങ്ങൾക്ക് അതിൽ പങ്കെടു ക്കുവാൻ കഴിയുന്നതും ആയിരിക്കണം. അങ്ങനെയല്ലാ എങ്കിൽ ആ പരിഷ്കാരങ്ങൾ പൊതുവെ അംഗീകരിക്കപ്പെടില്ല. ഉദാഹരണത്തിന്, ആഫ്രിക്കയിലെ ചില സർക്കാരുകൾ അവശ്യസേവനങ്ങളായ വെള്ളം, ബാങ്കിങ് തുടങ്ങിയ മേഖലകളിലെ വ്യവസായങ്ങൾ ചില വിദേശ നിക്ഷേപകരുമായി സഹകരിച്ച് സ്വകാര്യവത്കരിച്ചു. പക്ഷേ തദ്ദേശിയരായ ജനങ്ങൾക്ക് അതിൽ ഉടമസ്ഥാവകാശം നേടുന്നതിനുള്ള യാതൊരു അവസര വും തുറന്നുകൊടുത്തില്ല. ഇത് വെറുമൊരു രാഷ്ട്രീയപരമായ നിഷ്കളങ്കത മാത്രമല്ല, മറിച്ച് സമത്വ പരിപാലനത്തിനായുള്ള ഒരു സ്വതന്ത്രസമൂഹത്തിലെ തത്വങ്ങൾക്കും വിപരീതവുമാണ്.

കൂടുതലായി, ഉടമസ്ഥാവകാശം കൂടുതൽ വിപുലമാക്കുന്നതിനേക്കാൾ കുറച്ചാളുകളുടെ ആ സ്വകാര്യ വത്കരിച്ച വ്യവസായങ്ങളുടെ നിയന്ത്രണം സർക്കാരിലുള്ള അധികാരികളുടെ സുഹൃത്തുക്കളുടെ കൈകളിലേക്ക് തിരിച്ച് ആവും. ഇത് കൂടുതൽ സ്വകാര്യവത്കരണം എന്ന ആശയത്തെ ദുഷിപ്പിക്കു കയും മറ്റു സർക്കാർ അധീനതയിലുള്ള വ്യവസായങ്ങളെ വിപണി തത്വങ്ങൾ അവതരിപ്പിക്കുന്ന ഉദ്യമത്തിൽ നിന്നും പിൻമാറാൻ പ്രേരിപ്പിക്കുകയും ചെയ്യും. ഏതു പുതിയ ഉദ്യമവും അഴിമതിക്കാരായ പ്രമാണിവർഗ്ഗങ്ങൾക്കല്ലാതെ പൊതുജനങ്ങൾക്ക് ഉപകാരപ്രദമായിരിക്കുമെന്ന് ജനങ്ങളെ വീണ്ടും പറഞ്ഞു വിശ്വസിപ്പിക്കേണ്ടതുണ്ട്. കഴിയുന്നിടത്തോളം കൂടുതൽ വിപണിയിലെ മത്സരങ്ങൾ കഴിയുന്നത്ര വേഗത്തിൽ അവതരിപ്പിക്കുന്നതാവും ഇത്

3. കാണുക, വെയ്ൺ എ ലെയ്ട്ടൺ, ഗെറ്റിംഗ് പ്രൈവറ്റൈസേഷൻ റൈറ്റ്: എ കേസ് സ്റ്റഡി, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇക്കണോമിക്സ് അഫയേഴ്സ് ബ്ലോഗ്, ലണ്ടൻ 2013.

3. See, Wayne A. Leighton, Getting privatisation right: a case study, Institute of Economic Affairs blog, London, 2013.

ഉറപ്പാക്കാനുള്ള നല്ല മാർഗ്ഗം.

## സർക്കാർ ഇല്ലാതെ മനുഷ്യസേവനങ്ങൾ

ചില പൊതുസേവനങ്ങൾ സർക്കാരിനാൽ മാത്രമേ നൽകാൻ കഴിയൂ എന്നൊരു മുൻധാരണ ഉണ്ട്, പ്രത്യേകിച്ചും മനുഷ്യസേവനങ്ങളായ ആരോഗ്യം, വിദ്യാഭ്യാസം, ക്ഷേമപ്രവർത്തനങ്ങൾ മുതലായവ.

ചിലരുടെ അഭിപ്രായപ്രകാരം ഇത്തരം അവശ്യസേവനങ്ങളുടെ പ്രാധാന്യം അവ വിപണിയിൽ ഇറക്കാൻ പറ്റാത്തത്ര പ്രധാനമാണ്. മൽസരബുദ്ധിയുള്ള സ്വകാര്യസേവനദാതാക്കളെപോലെ ഉപഭോക്താക്കളെ തൃപ്തിപ്പെടുത്തി ജീവിതോപാധി സമ്പാദിക്കേണ്ട അവസ്ഥ നികുതിപ്പണംകൊണ്ട് പ്രവർത്തിക്കുന്ന സേവനദാതാക്കൾക്ക് ഇല്ല. രാഷ്ട്രീയക്കാരെ സ്വാധീനിച്ചും അവരുടെ ആവശ്യങ്ങൾ അംഗീകരിച്ചില്ലെങ്കിൽ സേവനസ്തംഭനം എന്ന ഭീഷണി മുഴക്കിയുമാണ് അവർ ബജറ്റ് വർദ്ധിപ്പിക്കുന്നത്. അവരുടെ ശ്രദ്ധ സർക്കാരിലാണ് ജനങ്ങളിലല്ല.

സാധാരണ സർക്കാർ നിയന്ത്രിത സേവനദാതാക്കൾ നേരിടുന്നതിനേക്കാളും മത്സരം സ്വകാര്യ സ്ഥാപന ങ്ങൾക്ക് നേരിടേണ്ടി വരുന്നു. പലപ്പോഴും സർക്കാർ സേവനദാതാക്കളുമായി മത്സരിക്കുന്നത് നിയമവിരുദ്ധമായിരിക്കും. അതുകൊണ്ട് സർക്കാർ മേഖലയിലുള്ള സേവനദാതാക്കൾ അവർ നല്കുന്ന സേവനങ്ങൾ നവീകരിക്കുകയോ സമകാലിക പ്രസക്തിയോടെ സേവനങ്ങൾ നൽകുകയോ ചെയ്യുന്നില്ല. കാരണം അവരുടെ ഉപഭോക്താക്കൾക്ക് അത്തരം സേവനങ്ങൾ ലഭ്യമാക്കുന്നതിനായി മറ്റെങ്ങും പോകാനില്ല.

പക്ഷേ എങ്ങനെയൊക്കെ ആയാലും മിക്ക സർക്കാരുകളും പൊതുസേവനങ്ങളുടെ നടത്തിപ്പ് അവരിൽ തന്നെ കേന്ദ്രീകരിക്കുവാനാണ് ഇഷ്ടപ്പെടുന്നത്, ജനങ്ങൾ എല്ലായ്പ്പോഴും അവരുടെ കുത്തക മേധാവിത്വത്തിനുചുറ്റും മറ്റു മാർഗ്ഗങ്ങൾ അന്വേഷിച്ചു കണ്ടെത്തുന്നു. സർക്കാരിതര ദാതാക്കളും അനൗപ ചാരിക ദാതാക്കളും ഇത്തരം സേവനങ്ങൾ വളരെ മികച്ച രീതിയിൽ നൽകുന്നതിന് ലോകം മുഴുവനും ധാരാളം ഉദാഹരണങ്ങളുണ്ട്.

## സർക്കാർ ഇല്ലാതെയുള്ള വിദ്യാഭ്യാസം

വിദ്യാഭ്യാസത്തിന്റെ കാര്യം ഉദാഹരണമായി എടുക്കാം. അധികം ആളുകളും സങ്കൽപ്പിക്കുന്നത് സ്വകാര്യ വിദ്യാഭ്യസം സമ്പന്നർക്ക് മാത്രം ഉള്ള കാര്യമെന്നാണ്. എന്നാൽ വിദ്യാഭ്യാസ വിദഗ്ധനായ പ്രൊഫസർ ജെയിംസ് ടൂലി (Prof. James Tooley) ഇന്ത്യയിലും, ഘാന, നൈജീരിയ, കെനിയ തുടങ്ങിയ രാജ്യങ്ങളിലും

രണ്ടു വർഷമായി നടത്തിയ പഠനങ്ങളിൽ കണ്ടെത്തിയത് അതിനു വിപരീതമാണ്. ഈ രാജ്യങ്ങളിലെ ഏറ്റവും ദരിദ്ര മേഖല കളിലുള്ള കൂടുതൽ സ്ക്കൂൾകുട്ടികളും സർക്കാരിതര സ്ക്കൂളുകളിലായിരുന്നു പോയിരുന്നത്. വളരെ അധികം ദരിദ്രമേഖലകളായ ഹൈദരാബാദ്, അക്രാ, ലാഗോസ് എന്നിവിടങ്ങളിൽ മൂന്നിൽ ഒന്ന് അല്ലെങ്കിൽ അതിനേക്കാൾ കുറച്ചു സർക്കാർ സ്ക്കൂളുകളേ ഉണ്ടായിരുന്നുള്ളൂ. മൂന്നിൽ രണ്ട് അല്ലെങ്കിൽ അതിനേക്കാൾ കൂടുതൽ സ്ക്കൂൾകുട്ടികളും സ്വകാര്യസ്ക്കൂളുകളിലായിരുന്നു പൊയ്ക്കൊണ്ടിരുന്നത്, അവയിൽ പല സ്ക്കൂളുകൾക്കും സർക്കാർ അംഗീകാരം പോലുമില്ലാത്തവ ആയിരുന്നു. മിക്കവാറും ഈ സർക്കാരിതര സ്ക്കൂളുകളും നടത്തിയിരുന്നത് സ്വകാര്യ ഉടമസ്ഥരായിരുന്നു. വളരെ കുറച്ചുപേർക്ക് ധർമ്മ സേവന സ്ഥാപനങ്ങളുടെ സഹായങ്ങൾ ലഭിച്ചിരുന്നു, എന്നാൽ ആർക്കും സർക്കാർ സഹായം കിട്ടിയിരുന്നില്ല. രക്ഷാകർത്താക്കളിൽ നിന്നും വാങ്ങുന്ന തുച്ഛമായ ഫീസാണ് അവരുടെ ഏക വരുമാനം. [4]

അങ്ങനെയൊക്കെ ആണെങ്കിൽ പോലും, സ്വകാര്യ സ്ക്കൂളുകളിലെ നേട്ടങ്ങൾ വളരെയധികം ഉയർന്നതാണെന്ന് ടൂലി കണ്ടെത്തി. ഹൈദരാബാദിൽ, കണക്കിലെ ശരാശരി മാർക്ക് സർക്കാർ സ്ക്കൂളുകളി ലേതിനേക്കാൾ ഏകദേശം അഞ്ചിൽ ഒരു മടങ്ങ് ഉയർന്നതായിരുന്നു, അതും സർക്കാർ മേഖലയെ അപേക്ഷിച്ച് വളരെ കുറച്ച് (3/4) ശമ്പളം വാങ്ങിച്ച് അദ്ധ്യാപകർ പഠിപ്പിക്കുന്ന സ്വകാര്യ സ്ക്കൂളുകളിൽ. മറ്റു നിലവാരങ്ങളും അതേപോലെ ഉയർന്നതുതന്നെയായിരുന്നു. സർക്കാർ സ്ക്കൂളുകളിലെ അദ്ധ്യാപകർ അവരുടെ ഡെസ്കുകളിൽ തലചായ്ച് ഉറങ്ങുന്നത് ടൂലി കണ്ടെത്തി. മാത്രവുമല്ല അദ്ധ്യാപകർ മിക്ക ദിവസങ്ങളിലും വരാതിരിക്കുന്നതും സർക്കാർ സ്ക്കൂളുകളിലെ ഒരു വലിയ പ്രശ്നമാണ്. സ്വകാര്യ സ്ക്കൂളുകളിൽ ബ്ലാക്ബോർഡ്, കളിസ്ഥലങ്ങൾ, ഡെസ്കുകൾ, കുടിവെള്ളം, ടോയ്‌ലറ്റ് തുടങ്ങിയ എല്ലാ സൗകര്യങ്ങളും ഭേദപ്പെട്ട രീതിയിൽ ഒരുക്കിയിട്ടുണ്ട്. (സ്വകാര്യ സ്ക്കൂളുകളിൽ 96 ശതമാനത്തിൽ കൂടുതലും ടോയ്‌ലറ്റ് സൗകര്യം പ്രദാനംചെയ്യുമ്പോൾ പകുതി സർക്കാർ സ്ക്കൂളുകളിലേ അത് ലഭ്യമായുള്ളൂ.) അത്തരം സ്ക്കൂളുകളിൽ വിദ്യാർത്ഥി - അദ്ധ്യാപക അനുപാതം ഏകദേശം സർക്കാർ സ്ക്കൂളുകളിലേതിന്റെ പകുതിയിലടുത്തു മാത്രമേ ഉള്ളൂ.

ദരിദ്രമേഖലകളിൽ സ്വകാര്യവിദ്യാഭ്യാസത്തിനുള്ള പ്രാധാന്യത്തെക്കുറിച്ച് സർക്കാരുകൾ ബോധവാന്മാരല്ല. ചൈനീസ് സർക്കാരിന്റെ കണക്കിൽ പർവ്വതപ്രദേശമായ ഗാൻസുവിൽ വെറും 44 സ്വകാര്യ സ്ക്കൂളുകളേ ഉള്ളൂ, എങ്കിലും ടൂലിയുടെ ഗവേഷകർ 696 എണ്ണം കണ്ടെത്തി, അതിൽ 593 സ്ക്കൂളു

കളിലായി ഏറ്റവും വിദൂരമായ ഉൾനാടൻ ഗ്രാമങ്ങളിലെ 61,000 കുട്ടികൾ പഠിക്കുന്നുണ്ട്. ഭൂരിഭാഗവും നടത്തിയിരുന്നത് കർത്താക്കളും ഗ്രാമീണരുമായി രുന്നു. ഗാൻസുവിലെ ശരാശരി വാർഷിക വരുമാനം 150 ഡോളറായിരുന്നു എങ്കിലും അവർ കൂടുതൽ അഭിവൃദ്ധി നേടി. സബ്സഹറാൻ ആഫ്രിക്കയിലെ ഏറ്റവും വലിയ ചേരിപ്രദേശങ്ങളായ കിബേറ, (കെനിയ) 750,000 ഓളം ജനസംഖ്യയുള്ള അവിടെപോലും 12,000 വിദ്യാർത്ഥികൾ പഠിക്കുന്ന 76 സ്വകാര്യ സ്ക്കൂളുകൾ ടൂലി കണ്ടെത്തി.

കൃത്യമായി പറഞ്ഞാൽ, ലോകത്തിലെ ചില ഏറ്റവും ദരിദ്രമായ സ്ഥലങ്ങളിൽ പോലും സ്വകാര്യ സ്ഥാപന ങ്ങൾക്ക് സർക്കാർ സ്ഥാപനങ്ങളേക്കാളും മികച്ച രീതിയിലുള്ള വിദ്യാഭ്യാസം നൽകുവാൻ കഴിയുകയും നൽകുകയും ചെയ്യുന്നു. മാത്രവുമല്ല ഇതിന്റെ ചിലവ് പാവപ്പെട്ട കുടുംബങ്ങൾക്ക് അത് താങ്ങാവുന്നത്ര കുറവാണ്. വിദ്യാഭ്യാസരംഗത്ത് സർക്കാർ ഒരു ആവശ്യമായി കാണുന്നില്ല.

സർക്കാർ നടത്തുന്ന സ്ക്കൂൾ പദ്ധതികൾ വളരെ വിപുലമായ സമ്പന്നരാജ്യങ്ങളിൽ ഇതുപോലുള്ള മത്സരങ്ങൾ കൊണ്ടുവരുവാനും വിദ്യാഭ്യാസത്തിൽ രക്ഷകർത്താക്കൾക്ക് കൂടുതൽ വരണസ്വാതന്ത്ര്യം നൽകുവാനും അവർ വളരെയധികം ആഗ്രഹിക്കുന്നതിൽ അതിശയപ്പെടാനൊന്നുമില്ല. 1991ൽ സ്വീഡൻ ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചു. അതിൻപ്രകാരം സ്ക്കൂളുകളുടെ അടിസ്ഥാന ചിലവുകൾക്കുള്ള പണം സർക്കാർ തുടർച്ചയായി നൽകുന്നതോടൊപ്പം ലാഭേച്ഛ ഇല്ലാത്തതും ഉള്ളതും ആയ ഗ്രൂപ്പുകൾ അവരുടെ സ്വന്തം സ്ക്കൂളുകൾ ആരംഭിക്കുകയും, അവരുടെ സ്ക്കൂളിലേക്കെത്തുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഫണ്ടുകൾ നേടുവാനും സാധിക്കും. അദ്ധ്യാപക യൂണിയൻ പോലുള്ള വിമർശകർ ആദ്യം ഇതിനെ എതിർത്തിരുന്നു എങ്കിലും ഇപ്പോൾ അവർ അതിനെ പിന്തുണയ്ക്കുന്നു. പുതുതായി തുടങ്ങിയ ആയിരത്തിലേറെ സ്ക്കൂളുകളുടെ - പ്രത്യേകിച്ചു ബുദ്ധിമുട്ടേറിയ ദരിദ്രമേഖലകളിൽ ഉള്ള - കാര്യപ്രാപ്തിയിലും നവോത്ഥാനത്തിലും ഗുണനിലവാരത്തിലും ഉണ്ടായ പ്രഭാവം അത്തരത്തിലുള്ളതാണ്. ഇപ്പോൾ മറ്റു രാജ്യങ്ങളും അതേ മാതൃക പിൻതുടരുന്നുണ്ട്.

## സർക്കാരിന്റെ പിന്തുണയില്ലാതെ ആരോഗ്യപരിപാലനം

മിക്കവാറും രാജ്യങ്ങളും സർക്കാരിന്റെ അധികാരപരിധിയിൽ നിലനിർത്തിയിരിക്കുന്ന മറ്റൊരു സുപ്രധാന മേഖലയാണ് ആരോഗ്യപരിപാലനം. പലപ്പോഴും നിയമപരിരക്ഷക്കും നികുതിപ്പണംകൊണ്ടുള്ള ധനസഹായത്താലും മറ്റു നിയന്ത്രണങ്ങൾകൊണ്ടും മൽസരത്തിൽനിന്ന് അവ സംരക്ഷിക്കപ്പെടുന്നു.

വീണ്ടും, ഇത് ശ്രദ്ധകേന്ദ്രീകരിക്കുന്നത് രോഗികൾക്ക് മികച്ച സേവനങ്ങൾ നല്കുന്നതിലല്ല, മറിച്ച് സർക്കാരിൽനിന്നും കിട്ടുന്ന കൂടുതൽ പണത്തിലേക്കും ഉയർന്ന കുത്തകാധികാരങ്ങളിലുമാണ്.

യുണൈറ്റഡ് സ്റ്റേറ്റ്സ് പലപ്പോഴും അവരുടെ സ്വതന്ത്രവിപണി എന്നുകരുതപ്പെടുന്ന ആരോഗ്യപരി പാലന വ്യവസ്ഥയുടെ ഉയർന്ന ചിലവിനെക്കുറിച്ച് വിമർശനവിധേയമാകാറുണ്ട്. തീർച്ചയായും ഇത് ചിലവ് കൂടിയതാണ്; പക്ഷേ സത്യത്തിൽ ഇത് ലോകത്തിലെ ഏറ്റവും ക്രമീകരിക്കപ്പെട്ട ഒരു വ്യവസ്ഥയാണ്, മാത്രവുമല്ല ഇതിന്റെ ആരോഗ്യപരിപാലനത്തിനുള്ള സർക്കാരിന്റെ പ്രതിശീർഷ ചിലവ് ലോകത്തിൽ മൂന്നാമതായി ഇടം പിടിച്ചിരിക്കുന്നു (നോർവേക്കും ലക്സംബർഗിനും പിന്നിൽ). നികുതിയും നിയന്ത്രണ നിയമങ്ങളും ആരോഗ്യ ഇൻഷുറൻസിനു ജോലിയുമായി ബന്ധിപ്പിക്കുന്നു, ഇത് ജനങ്ങൾ ജോലിയില്ലാതിരിക്കുമ്പോൾ ഇൻഷുറൻസ് പരിരക്ഷയില്ലാത്ത അവസ്ഥയിൽ ആക്കുന്നു. അതേസമയം തൊഴിലാളികൾ മെഡിക്കൽ ചെക്കപ്പിനും ശുശ്രൂഷക്കും, അവർക്കതിന്റെ ആവശ്യം ഇല്ലെങ്കിൽപോലും ആവശ്യപ്പെടുന്നു (ഡോക്ടർമാർ അത് പ്രോത്സാഹിപ്പിക്കുന്നു) കാരണം അതിന്റെ ചിലവുകൾ വഹിക്കുന്നത് തൊഴിലുടമകൾ ആണെന്നുള്ളതാണ്. ഒരു മെഡിക്കൽ ഇൻഷുറൻസ് ഉടമ്പടിയിൽ എന്തെല്ലാം ഉൾപ്പെടുത്തണമെന്നും അവ എങ്ങനെ വിൽക്കണമെന്നും ചട്ടങ്ങൾ നിർദ്ദേശിക്കുന്നു (ഉദാഹരണത്തിന്, അവരുടെ സ്വന്തം നാട്ടിൽ മാത്രമേ ഇൻഷുറൻസ് കമ്പനികൾ പ്രവർത്തിക്കുവാൻ പാടുള്ളൂ, അതവരെ സാമ്പത്തികമായും ദോഷകരമായി ബാധിക്കുന്നു). അതുപോലെതന്നെ, ഡോക്ടർമാർക്ക് രോഗികളെ പരിശോധിക്കണമെങ്കിൽ ലൈസൻസ് വേണം, ഇത് തീരുമാനിക്കുന്നതും നടപ്പിലാക്കുന്നതും ഡോക്ടർമാർ തന്നെയാണ്. അവർ കൂടുതൽ ഡോക്ടർമാർ ആ രംഗത്തേക്ക് വരുന്നതിന് തടസ്സം നിൽക്കുകയും അവരുടെ വേതനം കൂട്ടുവാൻ നിർബന്ധിതരാക്കുകയും ചെയ്യുന്നു. അങ്ങനെ ഇത്തരം എല്ലാ നിയമങ്ങളും യുഎസിലെ ആരോഗ്യപരി പാലനം കൂടുതൽ ചിലവുള്ളതാക്കി മാറ്റുന്നു.

നേരെമറിച്ച്, യഥാർത്ഥത്തിൽ യുഎസിനേക്കാളും സമ്പന്നമായ ഒരു ചെറിയ രാജ്യമായ സിംഗപ്പൂർ, അമേരിക്കയുടെ സർക്കാർ കീഴിലുള്ള ആരോഗ്യ പദ്ധതികൾക്ക് വരുന്ന പ്രതിശീർഷ ചിലവിന്റെ ഏകദേശം ആറിൽ ഒന്നു ചിലവാക്കുന്നു. കുടുംബങ്ങൾ വരുമാനത്തിന്റെ അഞ്ചിൽ ഒരു ഭാഗം അവരുടെ ഭാവി ആരോഗ്യപരിപാലനത്തിനും റിട്ടയർമെന്റിനുശേഷമുള്ള ജീവിതത്തിനും, പാർപ്പിട ചിലവുകൾക്കും മറ്റുമായി മിച്ചം പിടിക്കേണ്ട ആവശ്യമേ ഇതിനു വരുന്നുള്ളൂ (ദുരന്തങ്ങൾ മൂലമാകുന്ന മെഡിക്കൽ ചിലവുകൾക്ക് സർക്കാർ

ഫണ്ടിന്റെ പദ്ധതികൾ ഉണ്ടെങ്കിലും). സത്യമെന്തെന്നുവെച്ചാൽ, ജനങ്ങൾ അവരുടെ സ്വന്തം പണം അവരുടെ സ്വന്തം ആരോഗ്യപരിപാലന പദ്ധതികളിൽ നിക്ഷേപിക്കുകയും ചെയ്യുന്നതുകൊണ്ട് അവർക്ക് കൂടുതൽ മൂല്യം കിട്ടുവാൻ താൽപര്യം ഉണ്ടാവുകയും അതുകൊണ്ടുതന്നെ സ്വകാര്യ ഡോക്ടർമാരും ക്ലിനിക്കുകളും ജനങ്ങൾക്ക് മികച്ച പരിചരണങ്ങൾ നൽകുവാൻ മത്സരിക്കുകയും ചെയ്യുന്നു.

സ്വിറ്റ്സർലാൻഡിൽ, സർക്കാർ നടത്തുന്ന ഒരു ഇൻഷുറൻസും ഇല്ല; ജനങ്ങൾ ഇൻഷുറൻസും മെഡിക്കൽ സേവനങ്ങളും സ്വകാര്യ ദാതാക്കളിൽ നിന്നും ലഭ്യമാക്കുന്നു. സർക്കാരിന്റെ കർത്തവ്യം സബ്സിഡികൾ കൊടുക്കുക എന്നത് മാത്രമാണ്, സേവനദാതാക്കൾക്കല്ല, പക്ഷേ അടിസ്ഥാന ആരോഗ്യപരിപാലനംപോലും താങ്ങാൻ കഴിയാത്ത രോഗികൾക്ക്. അതികൊണ്ടു വീണ്ടും, അമേരിക്കക്കാരിൽ നിന്നും വ്യത്യസ്തമായി, സ്വിസ് പൗരന്മാർ ആരോഗ്യപരിപാലനത്തിന് അവർ ചിലവഴിക്കുന്ന പണത്തിനു കൂടുതൽ മൂല്യം ആഗ്രഹിക്കുന്നവരാണ്. മിക്ക യൂറോപ്യൻമാരും കരുതുന്നത് സ്വിറ്റ്സർലാൻഡിലെ വിപുലമായ സ്വതന്ത്ര വിപണി വ്യവസ്ഥയെ ലോകത്തിലെ ഏറ്റവും മികച്ച ആരോഗ്യപരിപാലന വ്യവസ്ഥയായിട്ടാണ്.

## സർക്കാരില്ലാതെയുള്ള ക്ഷേമപ്രവർത്തനങ്ങൾ

ദരിദ്രനായ ഒരു വ്യക്തിക്കുവേണ്ടി ചെയ്യേണ്ട ഏറ്റവും വലിയൊരു ക്ഷേമപ്രവർത്തനം അയാൾക്ക് ശമ്പളമുള്ള ഒരു ജോലി തരപ്പെടുത്തി കൊടുക്കുക എന്നുള്ളതാണ്. എന്നാൽ സർക്കാരിന്റെ കീഴിൽ നടത്തുന്ന ക്ഷേമപ്രവർത്തനങ്ങൾ ജോലി ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. യൂറോപ്പിൽ മിക്കയിടത്തും സാമൂഹിക ഇൻഷുറൻസിനുവേണ്ടി തുക കണ്ടെത്തുന്നത് ജോലി ചെയ്യുന്നവരിൽനിന്നും നിശ്ചിത നികുതി ഈടാക്കിയിട്ടാണ്, ഇത് തൊഴിലുടമകളുടെ ചിലവ് വർദ്ധിപ്പിക്കുകയും, പുതിയ ജോലിക്കാരെ നിയമിക്കുന്നതിന് അവർ വൈമനസ്യം കാണിക്കുകയും ചെയ്യുന്നു. അതിനർത്ഥം കൂടുതൽ ആളുകൾ തൊഴിലില്ലായ്മ ആനുകൂല്യങ്ങൾക്ക് അർഹരാണെന്നാണ്, അപ്പോൾ അതിനു തുക കണ്ടെത്തുവാനും കൂടുതൽ നികുതികൾ ചുമത്തേണ്ടി വരുന്നു. ഇത് തകർച്ചയിലേക്കുള്ള ഒരു ചുഴിയാണ്.

ഇരുപതാം നൂറ്റാണ്ടിന്റെ പകുതിവരെ സ്വീഡൻ സ്വതന്ത്രവും, നികുതി കുറഞ്ഞതും അഭിവൃദ്ധിയുടെയുമായ ഒരു രാജ്യമായിരുന്നു. പിന്നെ 1970 മുതൽ ഇങ്ങോട്ട് രണ്ട് ദശകങ്ങളായി, അവരുടെ വ്യാപകമായ ക്ഷേമ പ്രവർത്തന പദ്ധതികൾക്ക് തുക കണ്ടെത്തുന്നതിന്റെ ഭാഗമായി ഉയർന്ന നികുതികൾ ചുമത്തുവാൻ

തുടങ്ങി. (സത്യത്തിൽ 1976ൽ ഒരു സ്വീഡിഷ് എഴുത്തുകാരി അവിടത്തെ നികുതി നിരക്ക് 102 ശതമാനം വരെ എത്തി യെന്ന് പരാതിപ്പെടുകയുണ്ടായി ). ഇത്തരം ഉയർന്ന നികുതികൾ അവിടത്തെ ജോലിയെയും സംരംഭ ങ്ങളെയും പ്രതികൂലമായി ബാധിച്ച മുഖ്യ തടസ്സങ്ങളായിരുന്നു. 1990ൽ ഈ പദ്ധതി പിൻവലിക്കുന്നതുവരെ സ്വീഡന്റെ വളർച്ച വളരെ താഴ്ന്ന നിലയിലായിരുന്നു.

സ്വതന്ത്ര രാജ്യങ്ങൾ സമ്പന്നരാകാൻ ശ്രമിക്കുന്നു, സമ്പന്ന രാജ്യങ്ങൾ ആവശ്യമുള്ളവർക്ക് കാരുണ്യ സേവനസഹായങ്ങൾ ലഭ്യമാക്കുവാനായി കൂടുതൽ ചിലവിടുന്നു. സർക്കാർ സ്വന്തമായി ആവിഷ്കരിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾക്ക് ജനങ്ങളിൽനിന്നും നികുതി ഈടാക്കി തുക കണ്ടെത്താതെ ചെയ്യുന്ന ഇത്തരം പ്രവർത്തനങ്ങൾ ധാർമ്മികമായും ആരോഗ്യപ്രദമാണ്. ക്ഷേമപ്രവർത്തനങ്ങളിലെ ആനുകൂല്യങ്ങൾ സർക്കാർ അധികാരികളുടെ സുഹൃത്തുക്കൾക്ക് നൽകുകയോ എതിരാളികളിൽ അധിക നികുതികൾ ചുമത്തുകയോ ചെയ്യുന്നതുകൊണ്ട് മാത്രമല്ല. യഥാർത്ഥ കാരുണ്യപ്രവർത്തനം എന്നുപറയുന്നത് സ്വമേധയാ ഒരാൾ മറ്റൊരാൾക്ക് കൊടുക്കുന്നതാണ്, അല്ലാതെ ബലം പ്രയോഗിച്ച് ചെയ്യിക്കുന്നതല്ല.

സർക്കാർ ക്ഷേമപ്രവർത്തനങ്ങളുടെ മറ്റൊരു പ്രശ്നമെന്നു പറയുന്നത് അവർ ആശ്രിതത്വത്തിന്റെ ഒരു സംസ്കാരം സൃഷ്ടിക്കുന്നു എന്നതാണ്. വലുതും പൊതുസേവകരാൽ പ്രവർത്തിപ്പിക്കുന്നതുമായതിനാൽ ഒരു യഥാർത്ഥ ധർമ്മസ്ഥാപനം ചെയ്യുന്നതുപോലെ ആവശ്യങ്ങളും കഴിവും വ്യക്തിപരമായി വിലയിരു ത്തിയും അർഹരായവരെ കണ്ടെത്തുകയും ചെയ്യുന്നതിനുപകരം നിയമങ്ങളുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുവാനേ കഴിയുന്നുള്ളൂ. ഇത് ജനങ്ങളെ അവർ അർഹരാണെന്ന് തെളിയിക്കാൻ നിയമങ്ങളെ വളച്ചൊടി ക്കുവാൻ പ്രേരിപ്പിക്കുന്നു. ചിലപ്പോഴൊക്കെ, പാവപ്പെട്ട കുടുംബങ്ങൾ, കൂടുതൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി അവരുടെ സാഹചര്യങ്ങൾ മനപ്പൂർവ്വം വളരെ മോശമായി ചിത്രീകരിക്കുന്നു, ഇത് യഥാർത്ഥത്തിൽ നമ്മൾ നേടാനാഗ്രഹിക്കുന്ന ലക്ഷ്യങ്ങൾക്ക് നേരെ വിപരീതമായിരിക്കും. യുണൈറ്റഡ് കിങ്ഡം പോലുള്ള ഏറ്റവും പഴയതും വലുതുമായ ക്ഷേമരാഷ്ട്ര രാജ്യങ്ങളിൽ ഉദ്യോഗസ്ഥർ ഇപ്പോൾ കണക്കാക്കുന്നത് മൂന്നാം തലമുറയിലെ ആശ്രിതത്വ ത്തെയാണ്, അതായത് ആരുടെ മാതാപിതാക്കളും അപ്പൂപ്പനമ്മൂമ്മമാരും ഈ ആനുകൂല്യങ്ങളെ ആശ്രയിച്ച് ജീവിച്ചിരുന്നുവോ ആ കുടുംബത്തിലെ മൂന്നാം തലമുറക്കാരും അങ്ങനെതന്നെ ജീവിക്കുന്നു.

സ്വകാര്യ ആതുരസേവന സ്ഥാപനങ്ങൾ പ്രോൽസാഹിപ്പിക്കുന്ന സ്വയംരക്ഷ

കൂടുതൽ മാനുഷികവും, ഉത്തേജിപ്പിക്കുന്നതും ഫലപ്രദമായ മാർഗ്ഗം ആണ് 1940കളുടെ മുമ്പ് യുകെ യിൽ തൊഴിലാളി വർഗ്ഗങ്ങളുടെ ക്ഷേമത്തിനായി ഒരു വിശിഷ്ടമായ വ്യവസ്ഥയുണ്ടായിരുന്നു. ക്ഷേമരാഷ്ട്രം അത് തൂത്ത് കളയുന്ന വരെ. തൊഴിലില്ലായ്മ വേതനം, മെഡിക്കൽ ഇൻഷുറൻസ്, മരണാനന്തര ചടങ്ങുകൾ പോലുള്ളവയുടെ നടത്തിപ്പിനായി അംഗങ്ങൾ എല്ലാ ആഴ്ചയിലും അവരുടേതായ സംഭാവനകൾ നൽകുമായിരുന്ന സൗഹൃദസംഘ ങ്ങൾ ആയിരുന്നു അവ. അവർ സാധാരണയായി ഒരു പ്രത്യേക ജോലിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നു, അതുകൊണ്ടവർക്ക് ആ തൊഴിലാളികളുടെ പ്രത്യേക ആവശ്യങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനും കഴിയും. ലക്ഷോപലക്ഷം കുടുംബങ്ങൾ, പ്രത്യേകിച്ചും പാവപ്പെട്ട കുടുംബങ്ങൾ ഇതിൽ ഏതെങ്കിലും ഒരു സമിതിയിൽ അംഗങ്ങളാകാൻ താൽപര്യപ്പെട്ടു. സർക്കാരിന്റെ ഇടപെടൽ ഇല്ലാതെ എല്ലാവർക്കും ക്ഷേമം തീർച്ചയായും സാധ്യമാണ്.

## മനുഷ്യസ്നേഹപരമായ മേഖലയെ പുനരുജ്ജീവിപ്പിക്കൽ

ഉയർന്ന സ്റ്റേറ്റ്സ് ക്ഷേമപ്രവർത്തനസംവിധാനങ്ങളുള്ള രാജ്യങ്ങളിൽ താമസി ക്കുന്ന അനേകം ജനങ്ങൾ വാദിക്കുന്നത്, നികുതി പണത്തിലൂടെയുള്ള സാമൂഹിക ആനുകൂല്യങ്ങൾക്കും പെൻഷനുകൾക്കും ഉള്ള ഉദാരത സ്വകാര്യ ആതുരസേവനത്തിനും മനുഷ്യസ്നേഹപ്രവർത്തനങ്ങൾക്കും ഉണ്ടാകില്ല എന്നാണ്. തീർച്ചയായും സർക്കാരുകൾക്ക് മറ്റു ജനങ്ങളുടെ പണം കൊണ്ട് കൂടുതൽ വിശാലമനസ്കതയോടെ പ്രവർത്തിക്കുവാൻ എളുപ്പമാണ്, മാത്രവുമല്ല അടുത്ത ജനിച്ചുവീഴാൻ പോകുന്ന തലമുറയും അവർക്കു വേണ്ടി കടബാധ്യതയൊക്കെ അടച്ചുതീർക്കും എന്നറിയാവുന്നതുകൊണ്ട് അതിരുകവിഞ്ഞ ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്യുവാനും രാഷ്ട്രീയക്കാർക്ക് അതീവ താല്പര്യമാണ്. ഇതുതന്നെ സാമൂഹികക്ഷേമപ്രവർത്തനങ്ങളിൽ നിന്നും രാഷ്ട്രീയക്കാരെ ഒഴിച്ചുനിർത്തണമെന്നതിന്റെ പ്രധാന കാരണമായതും. അതുകൂടാതെ രാഷ്ട്രത്തിന്റെ ആനുകൂല്യങ്ങൾ വളരെ ഉയർന്നതാണെങ്കിൽ അത് കുടുംബങ്ങൾക്ക് അവർക്കുവേണ്ടി സമ്പാദിക്കുവാനുള്ള ഉത്സാഹം നഷ്ടപ്പെടുകയും വ്യക്തികൾക്ക് ആനുകൂല്യങ്ങളെ ആശ്രയിച്ച് ജീവിക്കുന്ന തിനേക്കാൾ പണിയെടുത്ത് ജീവിക്കുന്നതിനുള്ള പ്രേരണയും നഷ്ടപ്പെടും. അതിനേക്കാൾ കൂടുതൽ, ഇത്തരം ക്ഷേമപ്രവർത്തനങ്ങൾ നല്ല രീതിയിൽ നടപ്പിലാവണമെങ്കിൽ അതിനുവേണ്ടി പണം കണ്ടെത്തുവാൻ, ജോലി ചെയ്യുന്നവരുടെ നികുതി നിരക്കുകൾ കുത്തനെ കൂട്ടേണ്ടതായി വരും. എന്നതു കൊണ്ട് ഇതെല്ലാം ഉദ്ദേശ്യശുദ്ധിയോടെ ഉള്ളതാണെങ്കിലും, ഇതിന്റെ

അവസാനഫലം ജനങ്ങളുടെ പ്രതീക്ഷ കളെയും ആഗ്രഹങ്ങളെയും നശിപ്പിക്കുകയും അവരെ ഒരു ആശ്രിതത്വ ജീവിതത്തിലേക്ക് തള്ളിയിടുകയും ആയിരിക്കും.

സ്വാതന്ത്ര്യത്തിന്റെ പാതയിലൂടെ സഞ്ചരിക്കണമെന്ന് ആഗ്രഹിക്കുന്ന രാജ്യങ്ങൾ അവരുടെ വിപുലമായ ക്ഷേമപ്രവർത്തന വ്യവസ്ഥയെ വളരെ ചെറുതാക്കിയും കൂടുതൽ പ്രാദേശികമാക്കിയും കൊണ്ടുവരികയാണ് ആദ്യം ചെയ്യേണ്ടത്. ചില രീതികളിലുള്ള വ്യക്തിഗതരൂപത്തിലേക്ക് ഇതിനെ വേർതിരിക്കുവാൻ കഴിയും. ഇത് കുടുംബങ്ങളെ അവരുടെ ഉത്തരവാദിത്വത്തെക്കുറിച്ച് ബോധവാന്മാരാക്കുവാനും അവർ യഥാർത്ഥ നികുതിദായകരാൽ സഹായിക്കപ്പെടുകയാണെന്നും മറിച്ച് വിസ്തൃതമായ ഒരു സംവിധാനത്താലല്ലെന്നും മനസ്സിലാക്കുവാനും സഹായിക്കും. ഈ വ്യവസ്ഥയെ ഇങ്ങനെ വിഘടിപ്പിച്ചുകൊണ്ടുവരുന്നത് സ്വകാര്യ മേഖലയിലെ ദാതാക്കളാൽ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് അനുവദിക്കുന്നു.

ചിലിയിലെ പെൻഷൻ സംവിധാനം ഒരുദാഹരണം ആണ്. 1981ൽ ആ രാജ്യം അവിടത്തെ പരാജയപ്പെട്ടതും നീതിയുക്തവുമല്ലാത്ത പെൻഷൻ സംവിധാനത്തെ വ്യക്തിഗത അക്കൗണ്ടുകളിലേക്ക് മാറ്റി. തൊഴിലാളികൾ അവരുടെ പെൻഷനുവേണ്ടി മിച്ചം പിടിക്കുവാൻ ബാദ്ധ്യസ്ഥരായി, പക്ഷേ അവർക്ക് പല സ്വകാര്യ ദാതാക്കളിൻനിന്നും അവരുടെ തുക നന്നായി കൈകാര്യം ചെയ്യുന്നവരെ തെരഞ്ഞെടുക്കുവാൻ കഴിഞ്ഞിരുന്നു. ഈ സംവിധാനം സമ്പാദ്യത്തിനായുള്ള വ്യക്തിപരമായ ഉത്തരവാദിത്വം പ്രോത്സാഹിപ്പി ക്കുകയും തൊഴിലാളികൾക്ക് മികച്ച ആദായം നൽകുകയും ചെയ്തു. പല ഭൂഖണ്ഢങ്ങളിൽ നിന്നുള്ള അനേകം രാജ്യങ്ങൾ ഈ സംവിധാനം പിന്തുടരുന്നുണ്ട്.

സിംഗപ്പൂരിലെ ഹെൽത്ത് സേവിങ് അക്കൗണ്ട് സംവിധാനം മറ്റൊരുദാഹരണം ആണ്. ഇത് വ്യക്തി കളിലും കുടുംബങ്ങളിലും വളരെയധികം ഉത്തരവാദിത്വം ഏൽപ്പിക്കുകയും അവരുടെ സ്വന്തം ആരോഗ്യ പരിപാലനത്തിനും മറ്റാവശ്യങ്ങൾക്കും മിച്ചം പിടിക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. യുണൈറ്റഡ് കിങ്ഡത്തിലെ സുഹൃദ്സമൂഹങ്ങൾ, പൊതു ആനുകൂല്യങ്ങൾ വ്യക്തിപരവും സ്വകാര്യവുമായ അക്കൗണ്ടുകളായി വിഘടിപ്പിക്കുന്നതുവഴി എളുപ്പം പുനഃ സൃഷ്ടിക്കാവുന്ന ഒരു മാതൃകയാണ്.

പരാജയമായ സ്റ്റേറ്റ് സഹായങ്ങൾ ഇത്തരം മാർഗ്ഗങ്ങലിലൂടെ പരിഷ്കരിക്കുമ്പോൾ, വ്യക്തികൾക്ക് തൊഴിൽ തേടുവാനും സർക്കാരിനെ ആശ്രയിക്കുന്ന

തിനുപകരം അവരുടെ സ്വന്തം പരിശ്രമത്തിലും കുടുംബക്കാരുടെ സഹായങ്ങളെയും ആശ്രയിച്ചു ജീവിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നു. അവിടെ ഇപ്പോഴും സ്വകാര്യ കാരുണ്യപ്രവർത്തനത്തിന്റെയും മനുഷ്യ സ്നേഹത്തിന്റെയും ആവശ്യകത ഉണ്ട്. പക്ഷേ അത് കൂടുതൽ കൈകാര്യം ചെയ്യാവുന്ന അനുപാതത്തിലായിരിക്കും. നമ്മൾ കണ്ടതുപോലെ, സ്വാതന്ത്ര്യവും താഴ്ന്ന നികുതി നിരക്കുകളും ജനങ്ങൾക്ക് ഉദാരമതികളാവാനുള്ള ആഗ്രഹങ്ങളും സമ്പത്തും നല്കുന്നതി നുള്ള നല്ലൊരു മാർഗ്ഗമാണ്, വലിയ രാജ്യവും ഉയർന്ന നികുതിയും ഇല്ലാതാക്കുന്ന ഒരു പ്രചോദനം.

## ആഗോളവത്കരണവും വാണിജ്യവും

### *ആഗോളവത്കരണത്തിന്റെ സദ്ഫലങ്ങൾ*

നേപ്പാളിനെപോലെ പല രാജ്യങ്ങളും എങ്ങനെ കൂടുതൽ ആഗോളീകരിക്കപ്പെട്ട വിപണികൾ അവരെ ബാധിക്കും എന്നതിൽ ഉത്കണ്ഠാകുലരാണ്. പക്ഷേ ഇത്തരം ഉത്കണ്ഠകളിൽ ഭൂരിഭാഗവും അസ്ഥാനത്താണ്, മാത്രവുമല്ല ആഗോളീകരണത്തിന്റെയും വാണിജ്യത്തിന്റെയും സാധകമായ നേട്ടങ്ങൾ ഗണ്യമാണ്. വിപണിവിലകളുടെ ഘടനക്ക് നന്ദി, നമുക്കിപ്പോൾ ലോകത്തെവിടെയുമുള്ള ആളുകളുമായി നേരിട്ടോ അല്ലാതെയോ വ്യാപാരം നടത്താം. നമ്മൾ ധരിക്കുന്ന വസ്ത്രങ്ങൾ, നമ്മൾ കഴിക്കുന്ന ഭക്ഷണങ്ങൾ, നമ്മുടെ വീടുകളിലും ഓഫീസുകളിലും വ്യവസായശാലകളിലുമുള്ള ഉപകരണങ്ങൾ എന്നിവയെല്ലാം അതിശയകരമാം വിധം വിവിധങ്ങളും വിദൂരങ്ങളുമായ ഉല്പന്നങ്ങളാണ്.

പക്ഷേ വിപണികളുടെ ആഗോളീകരണം രണ്ട് രീതിയിൽ പ്രവർത്തിക്കുന്നു. ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും സാധനങ്ങൾ വാങ്ങുന്നതിന് സമ്പന്നരാഷ്ട്രങ്ങളെ സഹായിക്കുക മാത്രമല്ല. ഇത് വിദൂര രാജ്യങ്ങളിലെ ജനങ്ങൾക്ക് അവരുടെ ഉല്പന്നങ്ങൾ അന്താരാഷ്ട്ര വിപണികളിൽ എത്തിച്ച് അവരുടെ സ്വന്തം അഭിവൃദ്ധി ഉയർത്തുവാൻ അവസരം നൽകുകയും ചെയ്യുന്നു. ഉദാഹരണത്തിന്, ഏത് ധാന്യം ഒരു പ്രാദേശിക കൃഷിക്കാരൻ വിളയിക്കണം? മുൻകാലങ്ങളിൽ ധാന്യങ്ങളുടെ വിലനിലവാരം അറിയുവാനുള്ള ഏക മാർഗ്ഗം പ്രാദേശിക കച്ചവടക്കാരോ അല്ലെങ്കിൽ സ്റ്റേറ്റ് ഏജൻസികളോ ആയിരുന്നു. തീർച്ചയായും അവർക്ക് അവരുടേതായസ്വന്തം താല്പര്യങ്ങൾ ഉണ്ടായിരിക്കും. കാലാവസ്ഥ പോലുള്ള ഘടകങ്ങളെ ആശ്രയിച്ച് പ്രാദേശിക വിലനിലവാരം പലപ്പോഴും വ്യതിചലിക്കാം. മാത്രവുമല്ല പ്രാദേശിക വിപണികൾ നല്ല പോലെ ക്രമീകരണങ്ങൾ ഒന്നും ഇല്ലാത്തവയും ആയിരുന്നു. ഇന്ന് ഒരു കർഷകന് ഒരു മൊബൈൽ ഫോണെടുത്ത് വിപണിവിലകളുടെ പട്ടിക

ലഭ്യമാകുന്ന അനവധി വെബ്സൈറ്റുകൾ പരിശോധിക്കാം ഭാവിയിലെ വിലയുൾപ്പെടെ, ഏകദേശം എല്ലാ വിളകളുടെയും ലോകത്തിലെ എണ്ണമറ്റ എല്ലാ വിപണികളി ലെയും വിലകൾ അറിയുവാൻ കഴിയും. ഇപ്പോൾ കർഷകർക്ക് അവരുടെ വിളകൾ സംഘടിത അന്താരാഷ്ട്ര വിപണികളിൽ മുൻകൂട്ടി അറിയാവുന്ന വിലകളിൽ വിൽക്കുവാൻ സാധിക്കും.

## ന്യൂസ്‌ലാന്റ് വഴി തുറക്കുന്നു

വാണിജ്യത്തിലും വ്യാപാരത്തിലുമുള്ള നിയന്ത്രണങ്ങൾ ഉപേക്ഷിച്ചുകൊണ്ട് വികസനത്തിന്റെ പാതയി ലേക്ക് തിരിച്ചുവന്ന ന്യൂസിലാന്റ് ഒരു ഉത്തമ ഉദാഹ രണമാണ്. 1980കളുടെ തുടക്കത്തിൽ ഇത്തരം നിയന്ത്രണങ്ങളെ വലിയ അളവിൽ ആശ്രയിച്ചിരുന്നതിനാൽ ആ രാജ്യം അങ്ങേയറ്റം അടിച്ചമർത്ത പ്പെട്ടതും സാമ്പത്തിക പ്രതിസന്ധി വളരെ രൂക്ഷവുമായിരുന്നു. എന്നാൽ 1984 ആരംഭത്തോടെ അത് സംരക്ഷണവാദങ്ങളെ ഉപേക്ഷിക്കുകയും അതിന്റെ അന്താരാഷ്ട്ര വ്യാപാരം കൂടുതൽ വിശാലമാക്കുകയും ലോക വിപണി മത്സര ത്തിലേക്ക് അതിന്റെ വിപണി തുറന്നുകൊടുക്കുകയും ചെയ്തു. വ്യവസായ മേഖലക്കും കാർഷിക മേഖലക്കും നൽകിയിരുന്ന സബ്സിഡികൾ നിർത്ത ലാക്കി. വളരെ നിയന്ത്രിതമായിരുന്ന തൊഴിൽ വിപണി ഉൾപ്പെടെ തദ്ദേശീയ വിപണികളെല്ലാം പുനക്രമീകരിച്ചു. ട്രേഡ് യൂണിയൻ അംഗത്വങ്ങൾ സ്വമേധയാ ഉള്ളതാക്കുകയും ഉടമ്പടികൾ തൊഴിലാളികളും തൊഴിലുടമകളും തമ്മിൽ കൂടിയാലോചിച്ചുള്ള തീരുമാനങ്ങൾക്ക് വിട്ടുകൊടുക്കുകയും ചെയ്തു.

സ്വാധീനശക്തികളും, സർവ്വകലാശാല അദ്ധ്യാപകരും, മതനേതാക്കന്മാരും യൂണിയൻ തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഉദ്യോഗസ്ഥരും ഉൾപ്പെടെ യുള്ള എല്ലാ വിമർശകരുടെയും, ഈ പുനക്രമീകരണം ഒരു (സ്വീറ്റ്ഷോപ്പ്) സാമ്പത്തിക സ്ഥിതി സൃഷ്ടിക്കുമെന്ന ആപൽസൂചകമായ പ്രവചനങ്ങൽ തെറ്റാണെന്ന് ഇത് തെളിയിച്ചു. ശരാശരി വേതനം ഉയർന്നു. വേതന ഉടമ്പടികൾ വളരെ വേഗത്തിൽ പരിഹരിക്കപ്പെട്ടു. സമരമുറകൾ പൂജ്യത്തിന് അരികിൽ എത്തി. തൊഴിലില്ലായ്മ കുറഞ്ഞു, പ്രത്യേകിച്ചും മാവോരി, കുടിയേറ്റക്കാർ, മറ്റു ദരിദ്രർ അല്ലെങ്കിൽ താഴേക്കിടയിലുള്ള ജനങ്ങൾ എന്നിവരുടെ ഇടയിൽ തൊഴിലില്ലായ്മയുടെ അളവ് ത്വരിതഗതിയിൽ കുറഞ്ഞു. ലോകത്തിലെ ഏറ്റവും സ്വാതന്ത്ര്യവും മത്സര ബുദ്ധിയുള്ള രാജ്യങ്ങളിൽ ഒന്നായി ന്യൂസിസാൻ മാറി. [5]

## സാംസ്കാരിക സ്വത്വം

വിപണികളുടെ ആഗോളവത്കരണം അവരുടെ രാജ്യങ്ങളുടെ തനതായ

സ്വത്വത്തെയും സംസ്കാരത്തെയും നശിപ്പിക്കുമെന്ന് ചില ആളുകൾ വ്യാകുലപ്പെടുന്നു. പ്രത്യേകിച്ചും, അമേരിക്കൻ ബ്രാൻഡുകളുടെ പ്രചാരണം ഒരിക്കൽ സവിശേഷമായിരുന്ന രാജ്യങ്ങൾ നിരാശാജനകമായ സമാനതയിലേക്ക് തിരിയാൻ തുടങ്ങുമെന്ന ഉത്കണ്ഠ ഉയർത്തുന്നതും പടിഞ്ഞാറൻ സാധനങ്ങളും പെരുമാറ്റങ്ങളും മറ്റു രാജ്യങ്ങളിലുള്ളവയെ നശിപ്പിക്കുമെന്നതും ആണ് ഇവിടത്തെ പ്രശ്നം. മാത്രവുമല്ല ലോകത്തിലെ മഹത്തായ സംസ്കാരങ്ങൾ അവയേക്കാൾ തുച്ഛമായവയാൽ കീഴ്പ്പെടുത്തപ്പെടുമെന്ന് അവർ ഭയപ്പെടുന്നു.

തീർച്ചയായും സാമ്പത്തികവും സാമൂഹികവുമായ സംസ്കാരങ്ങൾ മാറിക്കൊണ്ടിരിക്കയാണ്. ഒരു പ്രത്യേക രാജ്യത്തിലെ വിശേഷപ്പെട്ട ഒരു ഉല്പന്നം ഇന്ന് മറ്റു രാജ്യങ്ങളുടെ വലിയ തെരുവുകളിലും നമുക്ക് കാണാം. വൈവിധ്യവും നാനാത്വവും അപ്രത്യക്ഷമാകുകയാണെന്ന് ഇതുകൊണ്ടർത്ഥമില്ല. നേരെമറിച്ച്, എല്ലാ രാജ്യങ്ങളിലുമുള്ള ജനങ്ങൾക്ക് അവർ മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ വൈവിധ്യം ഇപ്പോൾ ലഭ്യമാകുന്നു. ഉദാഹരണത്തിന്, യുണൈറ്റഡ് കിങ്ഡത്തിലെ പൗരന്മാർക്ക് ഒരുകാലത്ത് അവരുടെ രാജ്യത്ത് പ്രസിദ്ധമായിരുന്ന സൗമ്യവും അധികം വേവിച്ചതുമായ ഭക്ഷണങ്ങൾ കൂടുതൽ കഴിക്കേണ്ടിവരില്ല. അവർക്കി പ്പോൾ ഇന്ത്യൻ, വിയറ്റ്നാമീസ്, ലാറ്റിൻ അമേരിക്കൻ, ഇറാനിയൻ, മംഗോളിയൻ, പോളിഷ്, എണ്ണമറ്റ മറ്റനേകം ഭക്ഷണങ്ങളും വിൽക്കുന്ന റസ്റ്റോറന്റുകളും ടേക് എവേ ഷോപ്പുകളും സൂപ്പർ മാർക്കറ്റുകളും കണ്ടെത്താം. മറ്റു രാജ്യങ്ങളിലെ ജനങ്ങൾക്കും ഇതേ വൈവിധ്യമാർന്ന അവസരം ലഭിക്കുന്നു. ഒരു കാലത്ത് ഇത്തരം വൈവിധ്യം ആസ്വദിക്കുവാൻ ഭാഗ്യം ലഭിച്ചവർ എല്ലായിടത്തും യാത്ര ചെയ്യുവാൻ മതിയാവോളം സമ്പന്നരായ കുറച്ചു പേർ മാത്രമായിരുന്നു. ഇത് ഓരോ രാജ്യങ്ങളിലെയും സംസ്കാരങ്ങൾ നഷ്ടപ്പെടുത്തുന്നില്ല, മറിച്ച് എല്ലാ സംസ്കാരങ്ങളും എല്ലാവർക്കും ആസ്വദിക്കുവാനായി അവസരങ്ങൾ ലഭിക്കുകയാണ് ചെയ്യുന്നത്.

ആഗോളീകരണത്തിൽനിന്ന് അവരെ സംരക്ഷിക്കണമെന്നവർ പറയുന്ന പോലെ സംസ്കാരങ്ങൾ ഒരിക്കലും നിശ്ചലവും മാറ്റങ്ങൾക്കു വിധേയമാകാത്തതുമല്ല. ഒരു രാജ്യത്തിന്റെ സംസ്കാരം എല്ലായ്പ്പോഴും മാറിക്കൊണ്ടിരിക്കുന്നു. ഒരു സംസ്കാരം കൂടുതൽ സജീവവും സചേതനമായതും ആയിരുന്നാൽ കൂടുതൽ

5. ഈ പരിഷ്കാരങ്ങളുടെ ശില്പിയിൽനിന്നുള്ള കൂടുതൽ വിവരണങ്ങൾക്കായി കാണുക, റോജർ ഡഗ്ലസ്, റ്റുവാർഡ് പ്രോസ്പരിറ്റി, ഡേവിഡ് ബേറ്റ്മേൻ, ഓക്ലാൻഡ്, ന്യൂസിലാൻഡ്, 1987.

5. For an outline by the architect of these reforms, see Roger Douglas, Toward Prosperity, David Bateman, Auckland, NZ, 1987.

പുതിയ സാംസ്കാരിക ആശയങ്ങൾക്ക് അത് കാരണമാകുകയും അപ്പോൾ സംസ്കാരങ്ങൾ കൂടുതൽ മാറുകയും ചെയ്യുന്നു. ഇന്ന് മിക്കവാറും ഊർജ്ജസ്വലമായ രാജ്യങ്ങളിലെ കല, സംഗീതം, സാഹിത്യം, ജീവിത രീതികൾ, ഫാഷൻ തരംഗങ്ങളും ഒരു നൂറ്റാണ്ടിനുമുമ്പ് അവിടെ താമസിച്ചിരുന്നവർക്ക് തികച്ചും അപരിചിതമാണ്.

ഒരു സംസ്കാരം മറ്റു സംസ്കാരങ്ങൾക്കു മുന്നിൽ തുറന്നു കാട്ടപ്പെടുമ്പോൾ അവ പരസ്പരം പുതിയ പുതിയ ആശയങ്ങൾ ആർജ്ജിക്കുകയാണ്. അത് ജനങ്ങൾക്ക് അവരുടെ ജീവിതരീതിക്കും സമയത്തിനും യോജിച്ച ഘടകങ്ങൾ തെരഞ്ഞെടുക്കുവാൻ അവസരം നൽകുന്നു. അന്താരാഷ്ട്ര വ്യാപാരങ്ങളി ലൂടെ നമുക്ക് മറ്റു വിദേശരാജ്യങ്ങളിലെ സംസ്കാര തത്വങ്ങൾ കാണുവാനും മനസ്സിലാക്കുവാനും അതിൽനിന്നും ഉപയോഗപ്രദമായത് നമ്മുടെ സംസ്കാ രവുമായി സംയോജിപ്പിക്കുവാനും കഴിയുന്നു. എന്നാൽ ഇത്തരം മാറ്റങ്ങൾ ആഗോളവത്കരണമെന്ന ആശയം ഉടലെടുക്കുന്നതിന് വളരെക്കാലം മുൻപ് തന്നെ നടക്കുന്നുണ്ടായിരുന്നു.

നമ്മുടെ സംസ്കാരത്തിൽ വന്ന മാറ്റങ്ങളിൽ നമ്മൾ കൂടുതലും പശ്ചാത്തപി ക്കുന്നത്, നമ്മുടെ സംസ്കാരത്തിന് നഷ്ടപ്പെട്ട ഏറ്റവും വർണ്ണാഭമായ അല്ലെങ്കിൽ മഹത്തായഭാഗങ്ങൾ, വിദേശ സംസ്കാര ങ്ങളുടെ മേൽക്കോയ്മ കൊണ്ടല്ല സംഭവിച്ചിരിക്കുന്നത്, അത് തികച്ചും ആധുനികവത്കരണത്തിന്റെ അനന്തര ഫലങ്ങളാണ്. പുരാതനമായ അനുഷ്ഠാനങ്ങൾ, സമ്പ്രദായങ്ങൾ, ദേശീയ വസ്ത്രധാരണരീതികൾ ഇവയെല്ലാം അപ്രത്യക്ഷമായത് ആഗോളവത്കരണ ത്തിന്റെ ഫലമായല്ല, മറിച്ച് നമ്മുടെ ജീവിതരീതികൾ തന്നെ മാറിയതുകൊണ്ടാണ്. ഒരുകാലത്ത് കർഷകസമൂഹത്തിന് സുപ്രധാനമായിരുന്ന പ്രത്യേകകാലങ്ങളെ പ്രതിനിധാനം ചെയിതിരുന്ന ആഘോഷങ്ങൾ, ഇന്ന് നമ്മളിൽ പകുതിയോളംപേർ നഗരങ്ങളിൽ വസിക്കുന്ന ലോകത്ത് ഒരു അനുരണനവും അല്ലാതെയായി മാറിയിരിക്കുന്നു. [6]

ഒരുപക്ഷേ ഇതൊക്കെ സംസ്കാരം തന്നെ മാറുന്നതും ആയിരിക്കാം. ലോക ത്തിൽ നിലനിൽക്കുന്ന പല സംസ്കാരങ്ങളും അധികാരത്തിലിരുന്നവർ ജനങ്ങളിലേക്ക് നിർബന്ധപൂർവ്വം അടിച്ചേൽപ്പിച്ചവ ആയിരുന്നു. മിക്കവാറും

6. മരിയോ വർഗാസ് ലിയോസാ, ദ് കൾച്ചർ ഓഫ് ലിബർട്ടി, ഇൻ ടോം ജി പാർമർ, ദ് മൊറാലിറ്റി ഓഫ് കാപ്പിറ്റലിസം, സ്റ്റുഡന്റ്സ് ഫോർ ലിബെർട്ടി ആന്റ് അറ്റ്ലെസ് ഫൗണ്ടേഷൻ, അർലിങ്ട്ടൺ, വി എ 2011.

6. For these points, see Mario Vargas Llosa, The culture of liberty, in Tom G. Palmer, The Morality of Capitalism, Students for Liberty and Atlas Foundation, Arlington, VA, 2011.

സ്വാതന്ത്ര്യം കുറഞ്ഞ രാജ്യങ്ങളിലെ സംസ്കാരങ്ങൾ സത്യത്തിൽ ദോഷകരങ്ങളുമായിരുന്നു. പുരോഗമിച്ച യാത്രാസൗകര്യങ്ങളും വിപുലമായ ചോദ്യം ചെയ്യലുകളും ചില രാജ്യങ്ങൾക്ക് ചില കൂട്ടങ്ങളെ ദൈനംദിനമായി നിന്ദിക്കുകയും അടിച്ചമർത്തുകയും അല്ലെങ്കിൽ വിവേചനങ്ങൾക്കു വിധേയമാക്കുകയും ചെയ്യുന്ന, അവരുടെ സംസ്കാരം നിലനിർത്തികൊണ്ടുപോകുന്ന കാര്യം അതീവ ദുർഘടം പിടിച്ചതായി മാറ്റി.

**ചോദ്യം : സമ്പന്നരാജ്യങ്ങൾ ലോകത്തിലെ കൂടുതൽ സമ്പത്തും കൈക്കലാക്കുന്നുണ്ടോ?**

ഇല്ല. സമ്പത്ത് കഴിവിലൂടെയും സംരംഭങ്ങളിലൂടെയും ഊർജ്ജം, പരിശ്രമം, സംഘടന, നിക്ഷേപങ്ങൾ എന്നിവയിലൂടെയും നിങ്ങൾ ഉണ്ടാക്കിയെടുക്കുന്ന ഒന്നാണ്. സമ്പന്നരാജ്യങ്ങൾ തീർച്ചയായും സമ്പത്ത് നേടുന്നുണ്ട്, പക്ഷേ അതുപോലെ അവർ അത് സൃഷ്ടിക്കുന്നുമുണ്ട്. അവർക്കുവേണ്ടി മാത്രമല്ല, അവർ കണ്ടുപിടുത്തങ്ങൾ നടത്തുന്നതും പ്രധാനപ്പെട്ട ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതും എല്ലാവരുടെയും ജീവിതങ്ങൾ മെച്ചപ്പെടുത്തുന്നതിനും കൂടിയാണ്, പ്രത്യേകിച്ചും ഈ ഭൂമുഖത്തെ പാവപ്പെട്ട ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടി.

ഉദാഹരണത്തിന്, വൈദ്യരംഗത്തെ മുന്നേറ്റം ക്ഷയം, മലേറിയ പോലുള്ള മാരകരോഗങ്ങളെ ഈ ലോകത്ത് നിന്നും തുടച്ചുനീക്കുന്നതിന് സഹായകമായി. ജനിതക സാങ്കേതികവിദ്യ നെല്ലിന്റെയും അതുപോലുള്ള മറ്റു ധാന്യങ്ങളുടെയും വിളവ് വർദ്ധിപ്പിക്കുന്നതിനും വിളകൾ നശിപ്പിക്കുന്ന കൃമി കീടങ്ങളിൽ നിന്നും അവയെ സംരക്ഷിക്കുവാനും സഹായിക്കുന്നു. പുതിയ സാമഗ്രികൾ കെട്ടിട നിർമ്മാണം ചിലവ് കുറഞ്ഞതും സുരക്ഷിതവുമാക്കുന്നു.

സമ്പന്നരാജ്യങ്ങൾക്ക് നീതിയുക്തമല്ലാതെ അപഹരിച്ചെടുക്കാനായി അവിടെയൊരു സ്ഥിരമായ സമ്പത്ത് വിതരണമില്ല. നേരെമറിച്ച്, സമ്പന്നരാജ്യങ്ങളിലെ വൈദഗ്ധ്യം മറ്റുള്ളവർക്ക് പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നു.

## സമാധാനത്തിന്റെ പ്രാധാന്യം

ആദം സ്മിത്ത് (Adam Smith)ഒരിക്കൽ എഴുതി: (ഒരു രാജ്യത്തിനെ ഏറ്റവും മോശമായ മൃഗീയതത്വത്തിൽനിന്ന് ഏറ്റവും ഉയർന്ന സമൃദ്ധിയിലേക്ക് ഉയർത്താൻ സമാധാനം, താഴ്ന്ന നികുതികൾ, സഹിഷ്ണുതയുള്ള നീതി നിർവ്വഹണം

എന്നതിൽ കൂടുതലൊന്നും ആവശ്യമില്ല. [7]

സമൃദ്ധമായ ഒരു സ്വതന്ത്ര സമ്പദ്‌വ്യവസ്ഥക്ക് അനിവാര്യമായി വേണ്ടത് സ്വദേശത്തും വിദേശത്തുമുള്ള സമാധാനമാണ്. യുദ്ധംചെയ്യുന്ന പൗരസേനകളാലോ അല്ലെങ്കിൽ അതിക്രമിച്ചുകടക്കുന്ന സൈന്യത്തിനാലോ അവരുടെ സമ്പത്ത് കൊള്ളയടിക്കപ്പെടുമെന്ന് അവർ വിശ്വസിക്കുന്നു എങ്കിൽ ജനങ്ങൾ സംരംഭങ്ങളിലോ ഉല്പാദനക്ഷമതയുള്ള മൂലധനങ്ങൾ സമാഹരിക്കുന്നതിനോ നിക്ഷേപിക്കാൻ തയ്യാറാവില്ല. രാജ്യങ്ങൾ അവിടത്തെ ജനങ്ങൾ വ്യാപാരം നടത്തുന്ന മറ്റു രാജ്യങ്ങളുമായി സംഘർഷത്തിൽ ഏർപ്പെടുന്നതും വളരെ വിരളമാണ്. സാധനങ്ങൾ അതിർത്തി കടന്നില്ലായെങ്കിൽ സൈന്യം കടക്കും.[8] 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഫ്രഞ്ച് സാമ്പത്തിക ശാസ്ത്രജ്ഞനും രാഷ്ട്രീയക്കാരനുമായ ഫ്രെഡറിക് ബാസ്റ്റ്യാറ്റിന്റെ (Frederic Bastiet) വാക്കുകൾ ഇത് വെളിവാക്കുന്നു.

സമാധാനംകൊണ്ട് സാമ്പത്തികപരമായും സാംസ്കാരികപരമായും ഗുണങ്ങളുണ്ട്. പരിശ്രമങ്ങളും വിഭവങ്ങളും വിനാശപ്രവർത്തനങ്ങളിൽ നിന്ന് ഉല്പാദനക്ഷമതയുള്ള പ്രവർത്തനങ്ങളിലേക്ക് തിരിച്ചുവിടാൻ സമാധാനം അവസരമൊരുക്കുന്നു. ഇത് മൂലധന സമാഹരണത്തിനും സമ്പന്നമായ സ്വതന്ത്ര സമ്പദ് വ്യവസ്ഥയെ സൃഷ്ടിക്കുവാനുള്ള സാഹചര്യമൊരുക്കുന്നു. ജനങ്ങളെ അവരുടെ കുടുംബങ്ങളുടെയും അവരുടെതന്നെയും ഭാവി തീരുമാനിക്കാൻ ഇത് അനുവദിക്കുന്നു. സാംസ്കാരികവും വിദ്യാഭ്യാസപരവുമായ പ്രവൃത്തികളിലേർപ്പെടാൻ ആവശ്യമായ സമയവും സമ്പത്തും വിശ്വാസവും ഇത് നൽകുന്നു. ആളുകളു ടെയും സാധനങ്ങളുടെയും ആശയങ്ങളുടെയും സ്വതന്ത്രസഞ്ചാരം സമാധാനം സാധ്യമാക്കുന്നു. പരസ്പര ധാരണകളും സമ്പൽസമൃദ്ധിയും പുതുമകളും ഇത് പ്രചരിപ്പിക്കുന്നു.

ആദം സ്മിത്തിന്റെ (Adam Smith) മറ്റൊരു വീക്ഷണമായിരുന്നു, നമുക്ക് സമ്പന്നരാവാൻ മറ്റേതെങ്കിലും ഒരു രാജ്യത്തെ ദരിദ്രമാക്കേണ്ട ആവശ്യമില്ല.

7. 1755ലെ പ്രഭാഷണം, ഡുഗൾഡ്സ്റ്ററുവർട്ട്, അക്കൗണ്ട് ഓഫ് ലൈഫ് ആന്റ് റൈറ്റിങ്ങ്സ് ഓഫ് ആദം സ്മിത്ത്, എൽ എൽ ഡി, സെക്ഷൻ4,25.
8. ബാസ്ററിറ്റാറ്റ് ഇപ്രകാരം പറഞ്ഞതിന്തെളിവില്ല പക്ഷെ അവർ അപ്രകാരം അദ്ദേഹത്തിന്റെ അഭിപ്രായത്തെ അനുമാനിക്കുന്നു.

7. Lecture in 1755, quoted in Duguld Stewart, Account of the Life and Writings of Adam Smith LLD, Section IV, 25.
8. There is no evidence that Bastiat actually said these words, but they sum up his point of view. See Frederic Bastiat, Bastiats. The Law, Institute of Economic Affairs, London, 2001 [1850].

എന്നത് നമ്മുടെ ഉപഭോക്താക്കൾ സമ്പന്നരായിരിക്കുന്നതാണ് നമുക്ക് നേട്ടം.[9] അതുപോലെ തന്നെ നമ്മൾ ശക്തരാവുന്നതിനുവേണ്ടി മറ്റുള്ളവരെ തളർത്തേണ്ട ആവശ്യമില്ല. രണ്ടു കൂട്ടർക്കും സമാധാനത്തിന്റെ ഗുണങ്ങൾ നേടാൻ കഴിയും.

സമാധാനത്തിനായി തീർച്ചയായും പലപ്പോഴും പോരാടണം. സമ്പത്തും ജനങ്ങളും സംരക്ഷിക്കപ്പെടണം. അത്യാവശ്യവിഭവങ്ങൾ ക്രമപ്പെടുത്തികൊണ്ടു പോകുന്നതിന് സർക്കാരിന്റെ നിയന്ത്രിതമായ ഇടപെടൽ ആവശ്യമാണ്. പക്ഷേ സർക്കാരുകൾ വലുതാകുമ്പോൾ പലപ്പോഴും സൈനികമേധാവിത്വ ത്തിലേക്ക് മാറാറുണ്ട്. രാജ്യത്തിന്റെ സുരക്ഷിതത്വത്തിന് ത്യാഗവും ഐക്യവും സൈനികശക്തിയും അത്യാവശ്യമാണെന്ന് അവകാശപ്പെട്ടുകൊണ്ട് അവർ ദാരിദ്രത്തെയും സ്വാതന്ത്രമില്ലായ്മയെയും മൂടിവെയ്ക്കുവാൻ ശ്രമിക്കും. സ്വതന്ത്രസമൂഹങ്ങളിലെ ജനങ്ങൾ അവരുടെ രാജ്യത്തോട് കൂറു കുറഞ്ഞവർ അല്ല, എന്നാൽ തുറന്നതും സ്വതന്ത്രവുമായ ഒരു സമൂഹത്തോടും അവരുടെ കുടുംബത്തോടും, സുഹൃത്തുക്കളോടും ഉപഭോക്താക്കളോടും സന്നദ്ധ സംഘടനകളോടും ആണ് ജനങ്ങൾക്ക് പ്രതിബദ്ധത. അല്ലാതെ ഒരു ഏകാധി പതിയോടോ, ഒരു പതാകയോടോ അല്ലെങ്കിൽ ഒരു ദേശീയ വികാരത്തോടോ അല്ല.

ചില ആളുകൾ ചിന്തിക്കുന്നത് സമാധാനം സൃഷ്ടിക്കുന്നതിന് മാർഗ്ഗം ഒരു രാഷ്ട്രാതീത ലോക സർക്കാർ രൂപീകരിക്കുന്നത് ആണെന്നാണ്. അന്താരാഷ്ട്ര സമിതികൾ അഭിപ്രായ വ്യത്യാസങ്ങൾ പറഞ്ഞു തീർക്കുന്നതിനും സംഘർഷ സാധ്യതകൾ കുറക്കുന്നതിനും ഉപകാരപ്രദമാണെങ്കിലും നമ്മുടെ നിലവിലുള്ള ദേശീയ സർക്കാരിനേക്കാൾ ഏതെങ്കിലും തരത്തിൽ അവ മിച്ചതാണെന്ന് സങ്കൽപ്പിക്കാനാവില്ല. ഇതിന്റെ അപാരമായ വ്യാപ്തിയും, ജനങ്ങളിൽ നിന്നുള്ള കൂടിയ അകൽച്ചയും കണക്കിലെടുത്താൽ അധികാരം വിപുലീകരിക്കാനും ദുരുപയോഗം ചെയ്യാനും ഉള്ള ഇതിന്റെ പ്രവണത വളരെ അധികമായിരിക്കും. ലോകത്തിന്റെ മറ്റേതെങ്കിലും ഭാഗത്ത് പോയാലും അതിൽനിന്നും രക്ഷനേടാൻ ആർക്കും കഴിയില്ല. ഇല്ല, സമാധാനം വളർത്താനുള്ള ഏറ്റവും മികച്ച മാർഗ്ഗം സർക്കാരുകളെ വലുതാക്കുകയല്ല മറിച്ച് ചെറുതായി രൂപീകരിക്കുകയും, മനുഷ്യജീവി എന്ന നിലയിൽ ജനങ്ങൾക്ക് പരസ്പരം സഹകരിക്കുവാനും അവരുടെ അന്യോനമായ സാഹചര്യങ്ങളെ മെച്ചപ്പെടുത്തുവാനും ഉള്ള സ്വാഭാവിക പ്രവണതയെ ആശ്രയിക്കുകയും ആണ്.

9. ആദം സ്മിത്ത് , ദ് വെൽത്ത് ഓഫ് നേഷൻ,1776, ബുക്ക്4, അദ്ധ്യായം 3, ഭാഗം 2.

9. Adam Smith, The Wealth of Nations, 1776, Book IV, ch. III, Part II.

# 9. വാദം ചുരുക്കത്തിൽ

## സ്വാതന്ത്ര്യത്തിനായുള്ള വാദം

സ്വാതന്ത്ര്യം അഭിവൃദ്ധിയെ സൃഷ്ടിക്കുന്നു. സ്വാതന്ത്ര്യത്തെ സ്വീകരിച്ച സമൂഹങ്ങൾ സമ്പന്നരായിട്ടുണ്ട്. സ്വീകരിക്കാതിരുന്നവർ ദരിദ്രരായി തുടർന്നു.

പക്ഷെ ഒരു സ്വതന്ത്രസമൂഹം അഭൗതികതലത്തിലും ഉയർന്നതാണ്. ഇത് വ്യക്തികൾ തമ്മിലുള്ള പരസ്പര വിശ്വാസത്തിന്റെയും സഹകരണത്തിന്റെയും അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്, അധികാരത്തിന്റെയും ബലപ്രയോഗത്തിന്റെയും അല്ല. അതിലെ പൗരന്മാർ ഗാഢമായ സാംസ്കാരിക, സദാചാര, വ്യക്തിബന്ധങ്ങൾ പാലിക്കുന്നു. അവർ പൊതുവായ നന്മക്ക് വേണ്ടി വ്യക്തികൾ തമ്മിലുള്ള സ്വഭാവസവിശേഷത സ്വമേധയാ അംഗീകരിക്കുന്നു ഈ നിയമങ്ങൾ അവരുടെ മേൽ അടിച്ചേല്പിക്കുന്നതു കൊണ്ടല്ലാതെ അവരുടെ സർക്കാരുകൾക്ക് ഭരിക്കപ്പെടുന്നവരുടെ അംഗീകാരം ഉണ്ട് കൂടാതെ അവർ അധികാരദുർവിനിയോഗം ചെയ്യാതിരിക്കാൻ നിയമങ്ങളാൽ സ്വയം നിയന്ത്രിക്കപ്പെടുന്നു.

ഒരു സ്വതന്ത്രസമൂഹം മാനുഷിക കഴിവുകളേയും കണ്ടുപിടുത്തങ്ങളേയും നവീകരണത്തേയും സ്വതന്ത്രമാക്കുന്നു. ഇത് മുമ്പില്ലാതിരുന്ന സമ്പത്ത് സൃഷ്ടിക്കാൻ പര്യാപ്തമാക്കുന്നു. അത്രതന്നെ സ്വതന്ത്ര മല്ലാത്ത രാജ്യങ്ങളിലെ പ്രമാണികളെപ്പോലെ മറ്റുള്ളവരെ ചൂഷണം ചെയ്തല്ല സ്വതന്ത്രസമൂഹത്തിലെ ജനങ്ങൾ സമ്പന്നരാകുന്നത്. മറ്റുള്ളവരെ കൂടുതൽ ദരിദ്രമാക്കി അവർക്ക് കൂടുതൽ സമ്പന്നരാകാൻ കഴിയില്ല. മറ്റുള്ളവർക്ക് വേണ്ടതെല്ലാം നല്കിയും അവരുടെ ജീവിതം മെച്ചപ്പെടുത്തിയും മാത്രമേ അവർക്ക് സമ്പന്നരാകാൻ പറ്റുകയുള്ളു.

## നിയന്ത്രിത സർക്കാർ

മിക്കവാറും ജനങ്ങൾ, നീതി നടപ്പിലാക്കാനും, വ്യക്തികൾക്ക് തനിയെ എടുക്കാനാവാത്ത തീരുമാനങ്ങൾ എടുക്കുവാനും സർക്കാർ ആവശ്യമാണെന്ന് വാദിക്കുന്നു. എന്നാൽ ഒരുവിധം ജനങ്ങളും സർക്കാരിന്റെ അധികാരം നിയന്ത്രിതമാകണമെന്ന് സമ്മതിക്കുന്നു. പൗരന്മാർക്ക് അപകടം വരുന്നത് തടയാനാണ് സ്വതന്ത്രസമൂഹത്തിലെ സർക്കാർ നിലകൊള്ളുന്നത്. ഇത്, മനുഷ്യരെ സമാധാനപരമായ് ഒന്നിച്ച് സഹകരിക്കാൻ പ്രാപ്തരാക്കുന്ന സ്വാഭാവിക നിയമങ്ങൾ - നീതി നിലനിർത്തുകയും നടപ്പിലാക്കുകയും ചെയ്യുന്നു.

ഒരു സ്വതന്ത്രസമൂഹത്തിലെ സർക്കാർ നിയമവ്യവസ്ഥയാൽ പരിമിതപ്പെട്ടിരിക്കുന്നു. ഇതിലെ നിയമങ്ങൾ എല്ലാവർക്കും ഒരുപോലെ ബാധകമാണ്. ഇതിലെ നേതാക്കൾക്ക് സ്വന്തം നേട്ടങ്ങൾക്കായി ജനങ്ങളെ പറ്റിക്കാനോ, സുഹൃത്തുക്കൾക്ക് വഴിവിട്ട സഹായങ്ങൾ ചെയ്യുവാനോ, ശത്രുക്കൾക്കെതിരെ അധികാരം ഉപയോഗിക്കാനോ സാധിക്കില്ല.  അധികാരത്തോടൊപ്പം വരുന്ന അഴിമതി കുറയ്ക്കുന്നതിനായി അവരുടെ അധികാരങ്ങളും പദവിയിലെ കാലാവധിയും പരിമിതമാണ്. ജനാധിപത്യസ്ഥാപനങ്ങളായ സ്വതന്ത്രവും സുതാര്യവും ആയ തെരഞ്ഞെടുപ്പുകൾ, സ്വതന്ത്രസംഭാഷണത്തിനുള്ള അവകാശം, പ്രതിനിധികളുടെ പദവിയിലെ കാലാവധി, ഭരണഘടനാചട്ടങ്ങൾ എന്നിവയെല്ലാം രാഷ്ട്രീയനേതാക്കളുടെ അധികാരത്തിന് പരിധി നിശ്ചയിക്കുന്നു.

## അസാമാന്യ സമത്വം

സ്വതന്ത്രസമൂഹത്തിന്റെ സാമ്പത്തിക ശക്തി സിദ്ധാന്തത്തിന്റെ പ്രധാന ഗുണഭോക്താക്കൾ സാമ്പത്തിക സ്വാതന്ത്ര്യം ഉള്ളവരാണ്. പരതന്ത്രസമൂഹത്തിലെ പ്രമാണികൾക്ക് മാത്രം ലഭിച്ചുവന്നിരുന്നതും കുറച്ച് കൊല്ലം മുമ്പ് വരെ സ്വപ്നം കാണാൻപോലും സാധിക്കാത്തതുമായ സൗകര്യങ്ങൾ സ്വതന്ത്രസമൂഹത്തിലെ പാവപ്പെട്ട ജനങ്ങൾ ആസ്വദിക്കുന്നു.

ഭൗതികസമത്വം അടിച്ചേല്പിക്കാൻ ഒരു സ്വതന്ത്രസമൂഹം ശ്രമിക്കുന്നില്ല. സമ്പത്തും വരുമാനവും സമത്വീകരിക്കാനുള്ള ശ്രമം വിപരീതഫലമുളവാക്കുന്നതാണെന്ന് അത് അംഗീകരിക്കുന്നു. ഇത് സ്വയം മെച്ചപ്പെടുന്നതിനും, കഠിനാദ്ധ്വാനത്തിനും, സംരംഭങ്ങൾക്കുമുള്ള പ്രചോദനം നഷ്ടപ്പെടുത്തുന്നു. മുഴുവൻ സമൂഹത്തിന്റെയും ഉല്പാദനക്ഷമത വർദ്ധിക്കുന്ന മൂലധനസൃഷ്ടി

യിൽനിന്ന് ജനങ്ങളെ നിരുത്സാഹി പ്പിക്കുന്നു. ഇത് പുതിയ സമ്പത്തും പുതിയ മൂല്യവും സൃഷ്ടിക്കുന്നതിൽ നിന്ന് ജനങ്ങളെ തടയുന്നു.

സ്വാതന്ത്രമില്ലാത്ത സമൂഹത്തിലില്ലാത്ത പല പ്രധാന സമത്വങ്ങളും സ്വതന്ത്ര സമൂഹം അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഓരോ മനുഷ്യജീവനും വിലപ്പെട്ടതും സംരക്ഷിക്കപ്പെടേണ്ടതും ആയി കണക്കാക്കപ്പെടുന്നു. നിയമത്തിന് മുമ്പിൽ സമത്വമുണ്ട്. വിധി തീർപ്പുകൾ നിങ്ങളാരാണന്നാശ്രയിച്ചല്ല മറിച്ച് വസ്തുത കളുടെ അടിസ്ഥാനത്തിലാണ്. പൗരന്മാർക്ക് രാഷ്ട്രീയ സമത്വം ഉണ്ട്. അവർക്ക് തെരഞ്ഞെടുപ്പിൽ മത്സരിക്കാനും വോട്ട് ചെയ്യാനും അധികാരികൾക്ക് എത്രതന്നെ അസന്തുഷ്ടകരമാണെങ്കിലും സ്വന്തം രാഷ്ട്രീയ അഭിപ്രായം പ്രകടിപ്പിക്കാനും സ്വാതന്ത്ര്യം ഉണ്ട്. കൂടാതെ അവർക്ക് അവസരസമത്വമുണ്ട്. ജനങ്ങൾ തൊഴിലിലും വിദ്യാഭ്യാസത്തിലും അവരുടെ വർഗ്ഗം, മതം, വംശം അല്ലെങ്കിൽ മറ്റേതെങ്കിലും പ്രത്യേകതകളുടെ പേരിലുള്ള വിവേചനം അനുഭവിക്കുന്നില്ല.

## ഒരു സ്വതന്ത്ര സമ്പദ് വ്യവസ്ഥ

ഒരു സ്വതന്ത്രസമൂഹം അതിന്റെ ജനങ്ങൾക്ക് അവരുടെ സാമൂഹികവും വ്യക്തിപരവുമായ തെരഞ്ഞെടുക്കലുകൾ പോലെ സാമ്പത്തികപരമായുള്ള തെരഞ്ഞെടുക്കലിനും സ്വാതന്ത്ര്യം നൽകുന്നു. ഒരു സ്വതന്ത്രസമൂഹത്തിലെ ജനങ്ങൾ സ്വമേധയാ ഉള്ള വിനിമയങ്ങളിലൂടെ മൂല്യം സൃഷ്ടിക്കുന്നു. സ്വതന്ത്ര വിനിമയങ്ങൾ രണ്ടുകൂട്ടർക്കും മികച്ചതു നല്കുന്നു, അങ്ങനെയല്ലാ എങ്കിൽ അവരതു ചെയ്യില്ല.

മറ്റുള്ളവരുമായി സഹകരിച്ചും അവർക്കുവേണ്ട ഉല്പന്നങ്ങൾ നൽകിയും, ഇങ്ങോട്ടു ആവശ്യമുള്ളത് അവരിൽനിന്നും വാങ്ങിയും വ്യക്തികൾ അഭിവൃദ്ധിപ്പെടുന്നു. നേട്ടങ്ങളുടെ പ്രതീക്ഷ മറ്റുള്ളവർക്ക് എന്താണ് ആവശ്യമെന്ന് കണ്ടെത്തുവാനും അതു വിതരണം ചെയ്യുവാനും സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നു. കുറവിനെയും അധീക ലഭ്യതയെയും കുറിച്ചും, എന്ത് ഉല്പാദിപ്പിക്കണമെന്നും എന്ത് സൂക്ഷിക്കണമെന്നും വിലകൾ ആശയവിനിമയം നടത്തുന്നു. ഇതിലൂടെ സമയം, കഴിവ്, പരിശ്രമം, മൂലധനം മറ്റു വിഭവങ്ങൾ എന്നിവ അടിയന്തിര ആവശ്യം ഉള്ളിടത്തേയ്ക്ക് സ്വയമേവ ആകർഷിക്കപ്പെടുകയും പ്രാധാന്യം കുറഞ്ഞ ഉപയോഗങ്ങളിൽനിന്ന് ദൂരെ പോവുകയും ചെയ്യുന്നു. ജനങ്ങൾ എന്ത് ചെയ്യണമെന്ന് സർക്കാർ പറയേണ്ട ആവശ്യം അവിടെയില്ല.

ഒരു സ്വതന്ത്രസമൂഹം നല്ല രീതിയിൽ പ്രവർത്തിയ്ക്കുവാൻ എങ്ങനെ ജനങ്ങൾ പരസ്പരം സഹകരി യ്ക്കണം എന്നതിനെക്കുറിച്ച് സ്വീകാര്യമായ ഒരു നിയമ ചട്ടക്കൂട് മാത്രമേ ആവശ്യമുള്ളൂ. ഉടമസ്ഥാവകാശത്തിനും വസ്തുക്കൾ കൈമാറ്റം ചെയ്യുന്നതിനുമുള്ള നിയമങ്ങളും ഉടമ്പടികളിലെ വ്യവസ്ഥകൾ പാലിക്കുന്നതിനുള്ള കരാർ നിയമങ്ങളും ഇവയിൽ ഉൾപ്പെടുന്നു. ജനങ്ങൾക്ക് ബിസിനസുകൾ കെട്ടിപ്പടുക്കണമെങ്കിലും സാധനങ്ങൾ വിനിമയം ചെയ്യണമെങ്കിലും സ്വകാര്യസ്വത്ത് അത്യാവശ്യമാണ്. പക്ഷേ മറ്റു സ്വാതന്ത്ര്യങ്ങൾ നിയന്ത്രിയ്ക്കുകയാണെങ്കിൽ രാഷ്ട്രീയ പ്രവർത്തനങ്ങളും തുറന്ന വാദപ്രതിവാദങ്ങളും അസാദ്ധ്യമായിത്തീരുന്നു.

## നീതിയും നിയമവാഴ്ചയും

നിയമസഭാംഗങ്ങളാൽ അനുശാസിക്കേണ്ട ഒന്നല്ല നീതി. നിയമവാഴ്ച മനുഷ്യസ്വഭാവത്തിന്റെ ഒരു ഭാഗമാണ്, വ്യക്തികൾക്കിടയിൽ സമാധാനപരമായ സഹകരണത്തിന് പ്രേരണ നൽകുന്നതാണ് നമ്മുടെ ഒരു കാതലായ ഭാഗം.

ഒരു സ്വതന്ത്രസമൂഹത്തിലെ ജനങ്ങൾക്ക് ഈ സ്വാഭാവിക നീതിയ്ക്ക് അവരുടെ മനുഷ്യത്വത്തിനാൽ അവകാശമുണ്ട്. സ്വാഭാവിക നീതിപ്രകാരം നിയമങ്ങൾ, വ്യക്തവും നിശ്ചിതവും ആയിരിക്കണം, അവ ജനങ്ങളെ സമന്മാരായി കാണണം, അവ അസാധ്യമായത് ആഗ്രഹിക്കുന്നില്ല, അവ മുൻകാല പ്രാബല്യ മുള്ളതല്ല കൂടാതെ ശിക്ഷകൾ മുൻകൂട്ടി കാണാവുന്നതും കുറ്റത്തിനോട് പൊരുത്തമുള്ള തും ആയിരിക്കണം. നീതിയുക്തമായ വിചാരണയോടുകൂടിയതും വിചാരണ യില്ലാതെ ദീർഘകാല തടവില്ലാതെയും ഉള്ള യുക്തമായ നിയമനടപടികൾ എല്ലാ കാര്യങ്ങളിലും ഉണ്ടായിരിക്കണം. കുറ്റാരോപണവിധേയരാകുന്ന ജനങ്ങളെ അവർ കുറ്റക്കാരാണെന്നു തെളിയുന്നതുവരെ നിരപരാധികളായി കാണണം, ഒരു കുറ്റത്തിന്റെ പേരിൽ പലതവണ വിചാരണ ചെയ്ത് പീഡിപ്പിക്കുവാൻ പാടുള്ളതല്ല. അവരുടെ രാജ്യം, സംസ്കാരം, വർഗ്ഗം അല്ലെങ്കിൽ മതം ഇതെല്ലാത്തിനും ഉപരിയായി മിക്കവാറും എല്ലാവരും ഇത്തരം നിയമങ്ങൾ അംഗീകരിക്കുന്നു.

ഈ സ്വാഭാവിക നീതിയും നിയമവാഴ്ചയും ഉറപ്പുവരുത്തുന്നതിന് രാഷ്ട്രീയ നേതാക്കളുടെ സ്വാധീനത്തിൽനിന്നും മുക്തമായ ഒരു സ്വതന്ത്ര നീതിന്യായ വ്യവസ്ഥ ആവശ്യമാണ്. അതുപോലെ പോലീസും സ്വതന്ത്രമായിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. സ്വാതന്ത്ര്യം നിലനിൽക്കണമെങ്കിൽ പോലീസിലും നീതിന്യായ വ്യവസ്ഥയിലും കൈക്കൂലിയും അഴിമതിയും പൊറുക്കാവുന്നതല്ല.

## ആത്മപ്രചോദിതമായ സമൂഹം

ഒരു സ്വതന്ത്രസമൂഹം ആത്മപ്രചോദിതമായ സമൂഹമാണ്. സമാധാനപരമായ സഹകരണത്തെ പ്രോത്സാഹിപ്പിക്കുന്ന നിയമങ്ങൾ പിൻതുടരുന്ന വ്യക്തികളുടെ പ്രവർത്തനങ്ങളിലൂടെയാണ് ഇത് രൂപം കൊള്ളുന്നത്. ഇത് മേലെയുള്ള രാഷ്ട്രീയ രാഷ്ട്രീയ അധികാരികളാൽ അടിച്ചേല്പിക്കപ്പെടുന്നതല്ല.

പരസ്പരനേട്ടത്തിനായി സഹകരിക്കുവാൻ ജനങ്ങൾ എല്ലാ കാര്യങ്ങളിലും യോജിക്കേണ്ടതില്ല. ചരക്ക് കൈമാറ്റം ചെയ്യുന്നവർ വിലയിൽ മാത്രം യോജിച്ചാൽ മതി. എന്നാൽ ആ സഹകരണം ഫലവത്താകാൻ വ്യക്തികൾ മറ്റുള്ളവരുടെ ആശയങ്ങളേയും നടപടികളേയും സഹിഷ്ണുതയോടെ കാണണം. ഒരു സ്വതന്ത്ര സമൂഹം വ്യക്തികളേയോ സർക്കാരിനേയോ മറ്റുള്ളവരുടെ പ്രവർത്തികളിൽ ഇടപെടാൻ അനുവദിക്കുന്നത് യഥാർത്ഥ ദോഷം വരുന്നതുതടയാൻ മാത്രമാണ്. സ്വയം ഉയർന്ന ധാർമ്മികനിലവാരമുള്ളവരെന്നു ചിന്തിക്കുന്നവരാൽ എല്ലാവരുടേയും സ്വാതന്ത്ര്യം വെട്ടികുറയ്ക്കപ്പെടുന്നതിനെതിരെയുള്ള എല്ലാ തടസ്സങ്ങളും, അവരുടെ പെരുമാറ്റം അംഗീകരിക്കാൻ പറ്റാത്തതോ കുറ്റകരമായതോ ആയതിനാൽ ജനങ്ങളുടെ സ്വാതന്ത്ര്യം പരിമിതപ്പെടുത്തുന്നതിലൂടെ നീക്കപ്പെടുന്നു.

മറ്റാളുകളുടെ ആശയങ്ങളും ജീവിതരീതികളും മാനിക്കുന്നത് സമൂഹത്തിന് ഗുണം ചെയ്യും. സത്യം എല്ലായ്പ്പോഴും പ്രകടമായിരിക്കില്ല, അത് ആശയങ്ങളുടെ സംവാദങ്ങളിലൂടെയാണ് ഉയർന്നുവരുന്നത്. സെൻസർമാർ തെറ്റായ ആശയങ്ങളെ മാത്രമേ അടിച്ചമർത്തൂ എന്ന് നമുക്ക് വിശ്വസിക്കുവാൻ കഴിയില്ല. ഭാവിയിൽ സമൂഹത്തിന് വളരെ പ്രയോജനപ്പെടുന്ന ആശയങ്ങളും പ്രവർത്തനരീതികളും അവർ അബദ്ധത്തിൽ അടിച്ചമർത്തിയേക്കാം.

## സ്വാതന്ത്ര്യത്തിന്റെ ലോകം

അധികാരമോഹികളായ സർക്കാരുകൾക്ക് അവരുടെ കഴിവുകേടുകൾ ലോകത്തിന്റെ മറ്റുഭാഗങ്ങളിൽ നിന്നും മറച്ചുപിടിക്കുവാൻ കൂടുതൽ ബുദ്ധിമുട്ടുള്ള അവസ്ഥയാണ് ഇന്ന് സംജാതമായി കൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി, കൂടുതൽ കൂടുതൽ രാജ്യങ്ങൾ വ്യാപാരത്തിനായും ടൂറിസത്തിനായും തുറന്നു കൊടുക്കുകയും അങ്ങനെ പുതിയ ആശയങ്ങൾ പ്രചരിക്കുകയും ചെയ്യുന്നു. സാമ്പത്തികവും സാമൂഹികവുമായ സ്വാതന്ത്ര്യത്തിന്റെ നേട്ടങ്ങൾ കൂടുതൽ ജനങ്ങൾ മനസ്സിലാക്കുകയും അവർ അത് ആവശ്യപ്പെടുകയും ചെയ്യുന്നു.

സ്വാതന്ത്ര്യം നിലവിലില്ലാത്ത ഒരിടത്ത് ധാർമ്മികതയും ഒരു സ്വതന്ത്രസമൂഹത്തിന്റെ സംവിധാനവും സൃഷ്ടിക്കുന്നത് വളരെ ശ്രമകരമായ ഒന്നാണ്. അവയെ ഒന്നായി അടിച്ചേൽപ്പിക്കുന്നതിനു പകരം ചെറിയ തോതിൽ ആരംഭിച്ച് ജനങ്ങളെ സ്വതന്ത്രമായി പ്രവർത്തിക്കാൻ അനുവദിക്കുകയും അവരുടെ പ്രവർത്തനങ്ങളിലൂടെ ഒരു സ്വതന്ത്രസമൂഹം സൃഷ്ടിക്കുകയുമാണ് നല്ലത്. ഇതിന്റെ ഒരു മുഖ്യമായ ഭാഗമെന്ന് പറയുന്നത് സ്വത്തവകാശങ്ങൾ സ്ഥാപിക്കുകയാണ്. അപ്പോൾ ജനങ്ങൾക്ക് ബിസിനസുകൾ ആരംഭിക്കുവാനും അവരുടെ സ്വത്തുക്കൾ ആരും കണ്ടുകെട്ടില്ല എന്ന ആത്മവിശ്വാസത്തോടെ വ്യാപാരം നടത്തുവാനും കഴിയും.

പരിഷ്കാരങ്ങൾ യഥാർത്ഥ സാമ്പത്തിക സ്വാതന്ത്ര്യം നൽകണം. അല്ലാതെ മൈത്രീ മുതലാളിത്തത്തെ അല്ല. അനേകം സർക്കാരുകൾ സർക്കാർ സ്ഥാപനങ്ങൾ സ്വകാര്യവത്കരിക്കുന്നു എന്നവകാശപ്പെട്ടുകൊണ്ട് അവരുടെ സുഹൃത്തുക്കൾക്കും ബന്ധുക്കൾക്കും അവയുടെ ഉടമസ്ഥാവകാശം കൈമാറുകയാണ് യഥാർത്ഥത്തിൽ ചെയ്തത്. യഥാർത്ഥ മാറ്റങ്ങൾ ഉണ്ടാകണമെങ്കിൽ സാമ്പത്തിക പരിഷ്കാരങ്ങളിൽ മുഴുവൻ ജനങ്ങളും പങ്കാളികളാവണം.

അന്താരാഷ്ട്ര വ്യാപാരത്തിലൂടെ രാജ്യങ്ങൾക്ക് നഷ്ടം സംഭവിക്കുന്നില്ല. മത്സര വിപണിയിൽ നിന്നും പ്രാദേശിക ഉല്പാദകരെ സംരക്ഷിക്കുന്നത് വിലകൾ ഉയരുന്നതിനും പ്രാദേശിക ഉപഭോക്താക്കൾക്ക് നിലവാരമില്ലാത്തവ വാങ്ങേണ്ടി വരുന്നതിനും കാരണമാകുന്നു. അന്താരാഷ്ട്ര വ്യാപാര സമൂഹത്തിൽ ഭാഗമാവുക വഴി പ്രാദേശിക സംരംഭകർക്ക് പുതിയൊരു വിപണിയും അവസരങ്ങളും ലഭിക്കുന്നു. മൂന്നു ദശകങ്ങളിൽ ആയി ഈ വ്യാപാരത്തിലെ തുറന്നു കൊടുക്കൽ നൂറു കോടിയിലധികം ജനങ്ങളെ കടുത്ത ദാരിദ്രത്തിൽ നിന്നും കരകയറ്റിയിട്ടുണ്ട്. സ്വാതന്ത്ര്യം സത്യത്തിൽ മനുഷ്യചരിത്രത്തിലെ ഏറ്റവും അപകടകര മല്ലാത്തതും ഉല്പാദനക്ഷമതയുള്ളതുമായ ശക്തികളിൽ ഒന്നാണ്.